ട്രാൻസിസ്റ്റ് —

— സേവിയർ

മുണ്ടശ്ശേരി എ. ജോൺ, ബി. എ.

VJ

ാക്കൽ—No. 4.

FRANCIS XAVIER

A LIFE

A. JOHN, B. A., MAYYANAD.

ഫ്റാൻസിസ്സ് സേവ്യർ

ഒരു ജീവചരിത്രം

മയ്യനാട്ട് എ. ജോൺ, ബി. എ.

Copy Right Reserved by
THE ASSISI BOOK DEPOT
QUILON

Printed and published by the Assisi Press,
QUILON
1941

as. 6. രൂ. 1. ണ. 6.

CANCELLED
DEFINITORIUM T. O. C. D. No. 4156 LIBRARY.
DHARMARAM COLLEGE LIBRARY 1354 BANGALORE

Nihil obstat

Very Rev. Fr. G. Alexis,

Tangassery,
10 Feb. 1941.

Censor Deputa

Imprimatur

✠ JEROME,

Quilon
11 Feb. 1941

Bishop of Quil

മുഖവുര

'ഫ്രാൻസിസ്സ് സേവിയർ' 'മഹാത്മാക്കൾ' എന്ന ജീവചരിത്ര പരമ്പരയിലെ നാലാമത്തെ പുസ്തകമാണ്. ഇതിന്റെ മുഖവുര യായി എനിക്കു പറയാനുള്ളതു മിക്കവാറും അവതാരികകളിൽ ഉള്ള തുകൊണ്ടു് ഈ മുഖവുര ദീർഘിപ്പിക്കണമെന്നു വിചാരിക്കുന്നില്ല.

എന്റെ വിനീതമായ ഈ കൃതിക്കു സമഞ്ജസങ്ങളായ അവ താരികകൾ എഴുതി എന്നെ അനുഗ്രഹിച്ചിട്ടുള്ള പണ്ഡിതവരേ ണ്യൻ, റെവ. ഫാദർ ഫ്രാസിഡ് ററി. ഒ. സി. ഡി., പി.എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ., അവർകളോടും, സാഹിത്യനിപുണൻ ശ്രീമാൻ ജോസഫ് മുണ്ടശ്ശേരി, എം. എ. അവർകളോടും വിലയേ റിയ ഒരു 'അഭിപ്രായ'ത്താൽ അതിനെ അലങ്കരിച്ചിട്ടുള്ള മഹാമ ഹിമശ്രീ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിനോടും ഞാൻ ഏററം കൃതജ്ഞനാണ്. കേരളീയ ക്രിസ്തുമതചരിത്രവിദഗ്ദ്ധനാ യ ഫ്രാസിഡച്ചനവർകൾ ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രാ യവ്യത്യാസമുണ്ടാക്കാവുന്നതായി ഈ പുസ്തകത്തിൽ കണ്ട ചില സം ഗതികളെ ചൂണ്ടിക്കാണിക്കുകയും പാശ്ചാത്യചരിത്രകാരന്മാരെ അ നുഗമിക്കുകയാൽ എനിക്കു പററിയ ചില പ്രമാദങ്ങളെ തിരുത്തുക യും ചെയ്തിരിക്കുന്നതിൽ ഞാൻ അദ്ദേഹത്തോടു സവിശേഷം കട പ്പെട്ടിരിക്കുന്നു.

മണ്ണാട്ട്,
July 17, 1941.

ഏ. ജോൺ.

ഈ പുസ്തകത്തിന്റെ രചനയ്ക്ക് ഉപയോഗിച്ചിട്ടുള്ള

ആകരഗ്രന്ഥങ്ങൾ

1) Life & Letters of St. Francis Xavier by Coleridge S. J.
2) St. Francis Xavier — Schurhamer, S. J.
3) St. Francis Xavier — Margaret Yeo
4) Life of St. Francis Xavier, from the Italian of Bartoli & Maffei (Indian Edition)
5) Jesuits in Malabar Vol. 1 — D. Ferroli S. J.
6) Christianity in Travancore — Mackenzie.

etc. etc.

ഒരു് അഭിപ്രായം

ശ്രീ.

'ക്രിസ്തുദേവാനുകരണം,' 'ഫ്രാൻസിസു് അസീസി' മുതലായ അനേകം ആദ്ധ്യാത്മികഗ്രന്ഥങ്ങളുടെയും ക്രൈസ്തവദിവ്യപുരുഷജീവചരിത്രങ്ങളുടെയും കർത്തൃതേന സുപ്രസിദ്ധനായ മി. മയ്യനാട്ടു് ഏ. ജോൺ ബി. ഏ. യുടെ നവീനകൃതിയായ 'ഫ്രാൻസിസു് സേവിയർ' എന്ന ജീവചരിത്രഗ്രന്ഥം ക്രൈസ്തവസമുദായത്തിനുമാത്രം ഉപയോഗിക്കാവുന്ന കേവലമൊരു കൃതിയായിട്ടല്ല ഞാൻ ഗണിക്കുന്നതു്. ഭാഷാസാമാന്യസാഹിത്യത്തിൽ ഒരു നിലയും വിലയും, പൊതുജനങ്ങൾക്കു പൊതുവെ പ്രയോജനകരമായിത്തീരത്തക്ക അർഹതയും അതിനുണ്ടു്.

വിഷയം വിപുലവും വിജ്ഞാനപ്രദവുമാകുന്നു. അതിന്റെ ക്രമീകരണം അവധാനപൂർവ്വം ചെയ്തിട്ടുള്ളതാകയാൽ സരസവും സമ്മാന്യവും ആയിട്ടുണ്ടു്. വാചകങ്ങൾ നിഷ്കൃഷ്ടമായി രചിച്ചിട്ടുള്ളതാകയാൽ രസവിച്ഛിത്തിയും അസ്പാരസ്യവും ക്രൂടാതെ നിരന്തരഭംഗിയോടെ വിഷയപ്രവാഹം പ്രസരിക്കുന്നുണ്ടു്. വാക്കുകളും വികാസവും അർത്ഥവൈപുല്യവും സംസ്കാരവിശുദ്ധിയും ചേർന്നവയാകുന്നു.

ഈ ഗ്രന്ഥം ഭാഷാസാഹിത്യമണ്ഡലത്തിൽ പ്രകാശമാനമായ ഒരു താരമായിത്തീരുമെന്നു ഞാൻ ആശിക്കുകയും ആയതിനുള്ള അർഹത അതിനുണ്ടെന്നു് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

എന്നു് കൈരളീവിധേയൻ,
അപ്പൻ തമ്പുരാൻ (ഒപ്പു്)

തൃശ്ശിവപേരൂർ,
ജൂൺ 16, 1941.

അവതാരിക

I

മയ്യനാട്ടും മലയാളഭാഷയും തമ്മിൽ എന്തോ ബന്ധമുണ്ടെന്നു പറഞ്ഞാൽ വിജ്ഞന്മാർ അതു വിശ്വസിക്കുകയില്ല. മണ്ണും മലയാളവും പരീക്ഷണശാലയിൽ വെച്ചുപോലുരിച്ചു് ആ ബന്ധം തെളിയിക്കുവാൻ ഏതായാലും തരമില്ലല്ലോ. എന്നാൽ ഏതനുവാചകനും വായിച്ചു നിറയെ നൂതനൊഴുക്കുംവണ്ണം നലം തികഞ്ഞ ശൈലിയിൽ നല്ല നല്ല വിഷയങ്ങൾ എഴുതിപ്പിടിപ്പിക്കുന്ന ശ്രീ. സി. വി. കുഞ്ഞുരാമനും അദ്ദേഹത്തിന്റെ പിന്നാലെ മറനേകം ലേഖകന്മാരും ഉദയംകൊണ്ട നാടാണു് മയ്യനാടെങ്കിൽ അവിടത്തെ മണ്ണിൻ മഹിമയ്ക്കു് അസ്മാദ്ദശന്മാർ വേറെ തെളിവൊന്നും അന്വേഷിക്കുന്നില്ല. മേല്പ്പുമേൽ മധുരോദാരങ്ങളായ കൃതികൾ അവതരിപ്പിച്ചു്, അനതിക്രാന്തയൌവനനായിരിക്കെത്തന്നെ ആർജ്ജിതയശോവിഭവനായിക്കഴിഞ്ഞ ശ്രീ. ഏ ജോൺ അവർകളുടെ ജീവിതം ആ നാടിന്റെ സുകുമാരകലാജാതകത്തെ ഒന്നുകൂടി അനവദ്യമാക്കിയിരിക്കുന്നു. അങ്ങനെ സാഹിത്യത്തിൽ കൃതജന്മാവായ ശ്രീ. ജോണിനു സഹൃദയസമക്ഷം കയറിച്ചെല്ലുവാൻ ഒരു 'കാര്യക്കാരുടെ' കരാവലംബം വേണമെന്നില്ല. ഞാനിവിടെ പറയുന്നതെല്ലാം ഉത്താനമതിയായൊരു സമാനവിദ്യന്റെ വിശ്രബ്ധഭാഷണമായിമാത്രം അദ്ദേഹം കണക്കാക്കിയാൽ മതി.

മലയാളത്തിൽ കൊള്ളാവുന്നൊരു ഗദ്യകാരനു് എന്തൊക്കെ ഉണ്ടായിരിക്കണമോ അതെല്ലാം എന്റെ മാന്യ മിത്രത്തിനു ദൈവായത്തവും കർമ്മായത്തവുമായി കൈവന്നിട്ടുണ്ടു്. വാസനയും വാഗ്ജാലവും വേണ്ടുവോളമുണ്ടായിട്ടും വകതിരിവും വിജ്ഞാനവും പോരയ്മയാൽ നാന്മടങ്ങു വളരാതെ നിലകൊള്ളുന്ന ഗദ്യകാരന്മാർ വളരെക്കാണും. അവരുടെ കാലക്കേടു ശ്രീ. ജോണിനു പ

റിയിട്ടില്ല. അദ്ദേഹം പദേ പദേ പുരോഗമിക്കുന്നൊരു സാഹിത്യകാരനാണ്. പുരോഗമിക്കാൻ അദ്ദേഹത്തിനു പടിഞ്ഞുങ്ങളായ പദങ്ങളുണ്ട്; വിശിഷ്ടങ്ങളായ വിഷയങ്ങളുണ്ട്.

ശ്രീ. ജോണിന്റെ കൃതികളിലധികവും മഹാത്മാക്കളുടെ ചരിത്രങ്ങളാണ്. ശ്രീയേശുക്രിസ്തു, അന്തോനി പാദുവാ, കന്യകാമറിയം, അസ്സീസിയിലെ ഫ്രാൻസിസ് ഇത്യാദി. വി. ഫ്രാൻസിസ് സേവ്യർ ആ ചരിത്രാവലിയിൽ സുചിതനായ മറെറാരു സുമനസ്സാണ്. ഏതാദ്ദശ മഹാത്മാക്കളുടെ ജീവചരിത്രങ്ങളും ജീവത്തായഭാഷയിൽ എഴുതിയിരിക്കുന്നതിൽ എന്റെ സുഹൃത്തിനു രണ്ടു മാതിരി വശക്കേടുകളും വരാനുണ്ട്. ഒന്നു കഥാനായകന്മാർ വഴിക്കും മറെറാന്നു ഭാഷാരീതിവഴിക്കും. ഭാഷാഭക്തർക്കു നായകന്മാരും നായകഭക്തർക്കു ഭാഷാഗതിയും അത്ര പിടിച്ചില്ലെന്നുവരാം—വന്നതിനുദാഹരണങ്ങളുണ്ട്. അപ്പോഴും മി. ജോണിനെപ്പോലെയുള്ള സാഹിത്യകാരന്മാർ ഇല്ലുത്തുമല്ല അമ്മാത്തുമല്ല എന്നമട്ടിലായിപ്പോകും. കാലഭേദംകൊണ്ടോ കമ്മവിശേഷംകൊണ്ടോ ശ്രീമാൻ ജോൺ അങ്ങനെയൊരു വൈഷമ്യത്തിൽ കുടുങ്ങിയിട്ടില്ലെന്നറിയുന്നതു വലിയൊരാശ്വാസമാണ്. അദ്ദേഹം ഉഭയപക്ഷക്കാരേയും ഇണക്കി മഹാത്മാക്കളേയും മലയാള ഭാഷയേയും ഒന്നിച്ചു ഭജിക്കുവാൻ അവരിലോരോരുത്തനേയും ഒരുക്കിയിട്ടുണ്ടെങ്കിൽ തീർച്ചയായും അതൊരു വിലയേറിയ വിജയമാണ്. അദ്ദേഹത്തിന്റെ നേട്ടം കേരളത്തിലെ ക്രിസ്തീയ സാഹിത്യകാരന്മാർക്ക് ഉൽബോധകമായിത്തീരട്ടെ.

മലയാളത്തിൽ വേണ്ടത്ര വളർന്നു പൂവിട്ടിട്ടില്ലാത്തൊരു ശാഖയാണു ജീവചരിത്രം. ഈയിടെ ഏതാനും സാഹിത്യനായകന്മാരുടെ ചരിത്രങ്ങളും പ്രസിദ്ധീകൃ

തമായിട്ടുണ്ടെന്നിരുന്നാലും പൊതുവേ മാനവസംസ്കാര സംവർദ്ധകങ്ങളായ കൃതികൾ വേറെ പുറപ്പെടേണ്ടിയിരിക്കുന്നു. (Human portraits, faithfully drawn, are of all pictures the welcomest on human walls.) എല്ലാ ചിത്രങ്ങളിലുംവെച്ച് മാനുഷചിത്രങ്ങളാണു മനോഭിത്തികളിൽ ഏറ്റവും ശോഭിക്കുകയെന്നു കാർലൈൻ പറഞ്ഞതിനെ സാധീകരിക്കുന്ന ജീവചരിത്രങ്ങൾ വളരെ കുറച്ചേ നമ്മുടെ ഭാഷയിലുള്ളൂ. ശ്രീമാൻ ജോണിന്റെ ചരിത്രനായകന്മാർ തങ്ങളെ സംബലനം ചെയ്ത തമസ്സിനെ കീറിയെറിഞ്ഞ തേജഃശ്ശലാകകളാണെന്ന് അവരുടെ നാമധേയങ്ങളിൽ നിന്നനുമേയമായിരിക്കേ അദ്ദേഹത്തിന്റെ ജീവചരിത്രനിർമ്മാണശ്രമം എത്ര ഉചിതമാണെന്നു പറയേണ്ടതില്ലല്ലൊ.

ജീവചരിത്രങ്ങൾ പ്രധാനമായി രണ്ടുമാതിരിയുണ്ട്. ഒന്ന്, ചരിത്രാംശങ്ങളിൽ തള്ളേണ്ടതു തള്ളിക്കൊള്ളേണ്ടതു കൊണ്ട് ലേഖകൻ സ്വന്തം ഭാഷയും ഭാവനാശക്തിയും യഥോചിതം ഉപയോഗപ്പെടുത്തി നായകനെ അവതരിപ്പിക്കുന്ന സമ്പ്രദായം. മറെറാന്നു ലേഖകൻ സ്വമനോധർമ്മം അധികമൊന്നും വിളമ്പാതെ മിക്കവാറും അണിയറയിൽനിന്നു നായകനെക്കൊണ്ടുതന്നെ കഥ പറയിക്കുന്ന സമ്പ്രദായം. രണ്ടാമത്തേതിൽ കഥാനായകന്റെ ഡയറികളും എഴുത്തുകുത്തുകളും സംഭാഷണങ്ങളുംമറും കുറെ ഉദ്ധരിക്കേണ്ടിവരും. ചരിത്രവില അത്തരം കൃതികൾക്കായിരിക്കും അധികം. ഫ്രാൻസിസ് സേവിയർ മിക്കവാറും ദ്വിതീയഗണത്തിൽ ഉൾപ്പെട്ടുന്നൊരു പ്രസിദ്ധീകരണമാണ്. നായകൻ തനിക്കു തരണംചെയ്യേണ്ടിവന്ന ദശാവിശേഷങ്ങളോരോന്നും അപ്പപ്പോൾ പ്രിയപ്പെട്ടവർക്കയച്ചുകൊണ്ടിരുന്ന കത്തുകളിലുംമറുമായി കുറിച്ചിട്ടുവാൻ മതിയാകുമാറു വിശ്വാസ

ന്നനായിരുന്നതിനാൽ, അദ്ദേഹത്തിന്റെ ജീവിതകഥ തികച്ചും ചരിത്രസമ്മതമാംവണ്ണം എഴുതിത്തീർക്കുവാൻ ശ്രീമാൻ ജോണിനു സൌകര്യപ്പെട്ടിട്ടുണ്ട്. ഫ്രാൻസിസ് സേവിയറെപ്പറ്റി കിട്ടാവുന്ന 'റിക്കാർട്ട'കളെല്ലാം അദ്ദേഹം പരിശോധിച്ചിട്ടുള്ളതായറിയുന്നു. എഴുത്തുകുത്തുകൾ ഉപയോഗപ്പെടുത്തുമ്പോൾ, പ്രധാനാപ്രധാനഭേദംവിനാ സകലവും വാരിവലിച്ചിട്ട് പുസ്തകം നിറയ്ക്കുവാൻ പല ചരിത്രകാരന്മാർക്കും ഉള്ള ബദ്ധപ്പാട് എന്റെ സ്നേഹിതനില്ല. പതിരും മണിയും തിരിച്ചറിയാനുള്ള തന്റേടം അദ്ദേഹത്തിനുണ്ട്.

ശ്രീമാൻ ജോണിന്റെ ചരിത്രകൃതികളിൽവച്ച് 'ഫ്രാൻസിസ്സ് സേവിയർ' കേരളീയർക്ക് വിശേഷിച്ചാദരണീയമായിരിക്കണം. എന്തുകൊണ്ടെന്നാൽ അദ്ദേഹം പഴമയും പരപ്പുംകൊണ്ടു കേരളത്തിലെ കേളിപ്പെട്ട സമുദായങ്ങളിൽ ഒന്നെന്നു ചരിത്രത്തിന്മേൽ ചവുട്ടിനിന്നഭിമാനിക്കാവുന്ന ക്രൈസ്തവരോടും അത്യന്തതന്നെ കേരളത്തോടും ബന്ധപ്പെട്ടൊരു മഹാസിദ്ധനാണ്. ഇന്നാട്ടിൽ ക്രൈസ്തവധർമ്മശ്രീ പരത്തിയ രണ്ടു മഹാദീപസ്തംഭങ്ങളാണല്ലോ സെന്തോമസ്സും സെയിന്റ് സേവിയറും. കേരളസംസ്കാരത്തിന്റെ രൂപവൽക്കരണത്തിൽ സെന്തോമസ്സ് എത്രത്തോളമോ അത്രത്തോളംതന്നെ സെൻറ് സേവിയർ ആ സംസ്കാരത്തിന്റെയും കേരളത്തിന്റെതന്നെയും സംരക്ഷണത്തിലും ഭാഗഭാക്കായിട്ടുണ്ട്. വേണാടിനെ വിഴുങ്ങാനെത്തിയ വടുകപ്പടയെ വടശ്ശേരിമേട്ടിൽവച്ച് വിസ്മാപകമാംവണ്ണം വിദ്രാവണംചെയ്തതിന് ഉദയമാർത്താണ്ഡവർമ്മമഹാരാജാവ്, സേവിയറെ 'വലിയ പിതാവാ'യി വാഴിച്ച കഥ കേൾക്കാത്തവരില്ല. ചരിത്രകാരന്മാരെല്ലാം ആ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. 'വലിയ പിതാവി'ന്റെ സ്നേഹവും സഹകരണ

റും മഹാരാജാവിനു ഗജവിക്രമന്മാരായ നാടുവാഴിത്തല വന്മാരെ അമർത്തി രാജ്യഭരണം സുകരമാക്കിത്തീർക്കുവാൻ ബഹുധാ ഉപകരിച്ചിട്ടുള്ളതായും അറിയുന്നു. തിരുവിതാംകൂറിലുംമറ്റും ആദ്ധ്യാത്മികമായി അദ്ദേഹം ചെയ്ത സേവനത്തിന് അതിരില്ലതാനും. ആകെക്കൂടി ആലോചിച്ചാൽ ആ പുണ്യശ്ലോകൻ തിരുവിതാംകൂറിന്റെ 'സേവിയർ' (ഉദ്ധർത്താവ്) എന്നുവേണം എണ്ണുവാൻ. ഭാരതവർഷത്തെ സുഘടിതമായ ഒരേ ഒരു രാഷ്ട്രമാക്കി ജനഹിത ഭരണത്തിന്റെ തൊട്ടുകുറിയാക്കിത്തീർക്കാൻ നേതാക്കന്മാർ നേന്നിരിക്കുന്ന ഇക്കാലത്തു സമുദായസ്വർഗ്ഗയുടെ കെട്ടഴുമമേറ്റു കാഴ്ചക്കേട്ട പറഞ്ഞിയ കുറെ ഗവേഷകമന്മന്യന്മാർ അതെല്ലാം കെട്ടുകഥകൾ മാത്രമാണെന്നു ജല്പിക്കുന്നുണ്ടെങ്കിൽ അവരെക്കുറിച്ചു് ആത്മാർത്ഥമായി അനുശോചിക്കേണ്ടിയിരിക്കുന്നു. ഏതായാലും കേരളചരിത്രത്തിന്റെ മാറാക്കുത്തുകൾ അവർക്കില്ലല്ലോ എന്നാണൊരു സമാധാനം. തിരുവിതാംകൂറും സെയിൻറ് സേവിയറും തമ്മിലുള്ള ബന്ധത്തെ ശ്രീമാൻ ജോൺ സപ്രമാണവും സഹൃദയസമ്മാന്യവുമായ രീതിയിൽ ഒതുക്കിപ്രതിപാദിച്ചിട്ടുണ്ട് അസംയതവികാരസമീരിതങ്ങളായ അത്യുക്തികൾ അദ്ദേഹത്തിൽനിന്നു വന്നിട്ടില്ല.

ശ്രീമാൻ ജോണിന്റെ ഭാഷാരീതിയെക്കുറിച്ചു ഞാനെന്തുപറയാനാണു്? ഒരു ഡസനോളം ഒന്നാന്തരം കൃതികളെഴുതിപ്പുകഴിയ പേനയ്ക്കുണ്ടോ പദവിന്യാസക്ലേശം! അദ്ദേഹത്തിന്റെ ഭാഷയ്ക്കു് എവിടെയും നല്ല ഓജസ്സുണ്ടു്; ഒഴുക്കുമുണ്ടു്. അസ്പഷ്ടാർത്ഥങ്ങളായ ഭാഗങ്ങൾ ഇല്ലതന്നെ. സംസ്കൃതശബ്ദങ്ങൾ വേണ്ടിടത്തേ അദ്ദേഹം ഉപയോഗിച്ചിട്ടുള്ളൂ. നവനവങ്ങളായ ശബ്ദങ്ങളും സമാസങ്ങളും ശൈലികളും അദ്ദേഹം ഒരുറച്ച സാഹിത്യകാരന്റെ സ്വതന്ത്രതയവലംബിച്ചു് ഇറക്കുമതി ചെയ്യു

ന്നുണ്ടെങ്കിൽ അവകൊണ്ട് ഒരു ജീവൽഭാഷയായ മല
യാളത്തിനും, ആ മലയാളവുമായി പൂർവ്വാധികം വേഴ്ചയ്ക്കാ
ശിക്കുന്ന സഹജനങ്ങൾക്കും നന്മയേ അഭ്യേഹം ചെയ്യുന്ന
ള്ളൂ. വൈയാകരണന്മാർ തീരെ ഗളഹസ്തം ചെയ്യുന്ന
ക്ക യാതൊരു പ്രയോഗവും ഈ കൃതിയിൽ കണ്ടതാ
യോക്കുന്നില്ല.

സാഹിത്യത്തിനുവേണ്ടി സഹജീവിതം സർവ്വാത്മനാ
സമർപ്പിച്ചിട്ടുള്ള ശ്രീമാൻ ജോണിന്റെ ഈ നവീനകൃതി
ക്കു മേല്ക്കുമേൽ പ്രചാരവും പ്രശസ്തിയും ഉണ്ടാകുമാറാക
ട്ടെ. സുരഭിലങ്ങളും സുന്ദരങ്ങളുമായ ജീവചരിത്രകുസുമ
ങ്ങൾ ഇനിയും ഭാഷാദേവിയുടെ പൊൽച്ചേവടികളിൽ
വികിരണംചെയ്യണമെന്ന് അഭ്യേഹത്തോട് അർത്ഥിക്കുന്ന
തോടൊന്നിച്ച് എനിക്കു കേരളത്തിലെ കത്തോലിക്കസ
മുദായത്തിന്റെ വകയായുള്ള പ്രസിദ്ധീകരണകേന്ദ്രങ്ങ
ളോട് ഒന്നപേക്ഷിക്കുവാനുണ്ട്. അടിക്കടി പ്രാർത്ഥനാ
പുസ്തകങ്ങളും മറ്റും അച്ചടിച്ചിറക്കി സമുദായത്തിൽനി
ന്നീടാക്കുന്ന ധനത്തിൽ കുറഞ്ഞൊരുശതമാനം ഇത്തരം
ഉൽകൃഷ്ടകൃതികൾ എഴുതിച്ച് സഹൃദയലോകത്തിൽ
പ്രചരിപ്പിക്കുവാൻ പ്രസ്തുത സ്ഥാപനങ്ങൾ വിനിയോ
ഗിക്കേണ്ടതാണ്. പത്രങ്ങളും മാസികകളും വിദ്യാലയ
ങ്ങളും നടത്തുന്നതോടപ്പമോ ചിലപ്പോൾ അതിലുമധി
കമായോ ആ സേവനം ഫലാവഹമായിരിക്കുമെന്നുള്ള
പരമാർത്ഥം ആ സ്ഥാപനങ്ങളുടെ അധികൃതന്മാർ ഓ
ർത്തിരുന്നാൽ നന്ന്.

സാഹിത്യനിപുണൻ,
വി. കെ. ജോസഫ് മുണ്ടശ്ശേരി, എം. ഏ.,
Superintendent of Indian Languages,
St. Thomas College,
Trichur.

Trichur,
17-7-'41.

അവതാരിക

II

മലയാളസാഹിത്യത്തിൽ ചിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള പല വിശിഷ്ടഗ്രന്ഥങ്ങളുടെയും കർത്താവായ ശ്രീമാൻ ജോൺ മയ്യനാട്ട് അവർകളെ കേരളീയർക്ക് ആരും പരിചയപ്പെടുത്തിക്കൊടുക്കേണ്ട ആവശ്യമില്ല. മലയാളികളുടെ ഏവരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ച "ശ്രീയേശുക്രിസ്തു"വിനെ തുടർന്ന് അദ്ദേഹം രചിച്ചിട്ടുള്ള വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിൽ ഏറ്റവും ഒടുവിലത്തേതാണ് "ഫ്രാൻസിസ് സേവിയർ."

ക്രിസ്തീയസാഹിത്യത്തിൽ വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനമായ ഒന്നാണ്. "വാക്കുകൾ ശബ്ദം പുറപ്പെടുവിക്കുന്നു: മാതൃക ആകർഷിക്കുന്നു" എന്നാണല്ലോ ആപ്തവാക്യം. ഈ സംഗതി നല്ലവണ്ണം മനസ്സിലാക്കിയിട്ടുള്ളവരും ക്രിസ്തീയസാഹിത്യത്തിന്റെ ഉൽക്കർഷത്തെ ഹൃദയപൂർവ്വം ആഗ്രഹിക്കുന്നവരും ആയ ഭാഷാഭിമാനികൾ പണ്ഡിതന്മാരുടെ നല്ല ജീവചരിത്രങ്ങൾ ഭാഷയിൽ ഉത്ഭവിച്ചു കാണാത്തതിനെക്കുറിച്ചു പരിദേവനംചെയ്യുന്നതു പല പ്പോഴും കേൾക്കാവുന്നതാണ്. എന്നാൽ ശ്രീമാൻ ജോണിന്റെ "അന്തോനി പാദുവാ" "കന്യകാമറിയം" "ഫ്രാൻസിസ് അസ്സീസി" എന്നീ ഗ്രന്ഥങ്ങൾ ഈ സംഗതിയിൽ വലുതായ ആശ്വാസത്തെയും സംതൃപ്തിയെയും പ്രദാനംചെയ്തിട്ടുണ്ട്. വിശിഷ്യ, ആരെയും ആകർഷിക്കുന്ന അസ്സീസിയിലെ ആ മഹായോഗിയുടെ സമാധാനസംഭായകമായ ജീവിതത്തെ സാഹിത്യഗുണം നിറഞ്ഞ ഭാഷയിൽ പ്രതിഫലിപ്പിക്കുന്നതിൽ ശ്രീമാൻ ജോൺ ചെയ്ത പ്രയത്നം പരിപൂർണ്ണ വിജയത്തിലാണു പര്യവസാനിച്ചതു്. ഈ വിജയത്തിൽ കുതൂഹലചിത്തരായ ജനങ്ങൾ മറ്റു വിശുദ്ധന്മാരുടെ ചരിത്രങ്ങളും

അതേ രീതിയിൽ അദ്ദേഹം എഴുതണമെന്നാഗ്രഹിച്ചതിൽ ഒട്ടും വിസ്മയിപ്പാനില്ല. ഈ ആഗ്രഹത്തിന്റെ പ്രേരണാഫലമാണ് "ഫ്രാൻസിസ്സ് സേവിയർ" എന്ന ഈ നവീന ജീവചരിത്രം.

ഈ കൃതിയുടെ മേന്മയെക്കുറിച്ചു വിസ്തരിച്ചു പറയുവാൻ ഉദ്ദേശിക്കുന്നില്ല. "ഫ്രാൻസിസ്സ് അസ്സീസി"ക്കു കിട്ടിയതുപോലെയുള്ള—ഒരുപക്ഷേ അതിലും കൂടുതൽ ഹാർദ്ദമായ—ഒരു സ്വീകരണം "ഫ്രാൻസിസ്സ് സേവിയറി"നും കേരളീയരുടെയിടയിൽ കിട്ടുമെന്ന് ന്യായപൂർവ്വം പ്രതീക്ഷിക്കാം. അസ്സീസിയിലെ സിദ്ധൻ മഹാപുണ്യവാനെന്ന നിലയിലും മനുഷ്യസ്നേഹിയെന്ന നിലയിലും യൂറോപ്പിൽ പ്രാപിച്ചിട്ടുള്ള സ്ഥാനം ഭാരതത്തിൽ നേടിയിട്ടുള്ളതു് വിശുദ്ധ ഫ്രാൻസിസ്സ് സേവിയറാണ്. "ഭാരതത്തിന്റെ രണ്ടാം ഗ്ലീഹാ" എന്ന അപരാഭിധാനം സിദ്ധിച്ചിട്ടുള്ള ഈ വിശുദ്ധനെ എത്ര വലിയ ഭക്തിയോടെയാണ് ഭാരതീയർ സ്മരിച്ചുപോരുന്നതു് എന്നുള്ളതിന് അദ്ദേഹത്തിന്റെ തിരുശരീരം സ്ഥിതിചെയ്യുന്ന ഗോവായിലേക്കു തീർത്ഥയാത്ര ചെയ്യുന്നതിൽ അവർ പ്രദർശിപ്പിക്കുന്ന ഉത്സാഹം മാത്രം മതിയായതെളിവാകുന്നു. ഇങ്ങനെ ഓരോ ഭാരതീയന്റെയും ഹൃദയപീഠത്തിൽ സാഘോഷം പ്രതിഷ്ഠിതനായിരിക്കുന്ന ആ മഹാവിശുദ്ധന്റെ സമഗ്രമായ ഒരു ജീവചരിത്രം എല്ലാവർക്കും ഹൃദ്യമായിരിക്കുമെന്നതിൽ പക്ഷാന്തരമില്ലതന്നെ. കർമ്മധീരതയാലും പരിത്യാഗപാരമ്യത്താലും പരിശോഭിതമായ ഈ പരിശുദ്ധന്റെ വ്യക്തിവിലാസം ഈ കൃതിയിൽ സവിശേഷം തെളിഞ്ഞുകാണുന്നുമുണ്ട്.

ജാതിമതഭേദമെന്യെ സകലരുടെയും അഭിനന്ദനത്തിനു പാത്രീഭവിച്ചിട്ടുള്ളതാണല്ലോ ശ്രീമാൻ ജോണിന്റെ ഭാഷാരീതി. പ്രൌഢകോമളവും ആകർഷകവും ഏ

ന്ന് എല്ലാവരും സമ്മതിച്ചിട്ടുള്ള ആ ഭാഷാരീതിതന്നെ യാണ് ഈ കൃതിയിലും ആദ്യന്തം അദ്ദേഹം സ്വീകരിച്ചിട്ടുള്ളതു്. "ക്രിസ്തുദേവൻ," "ശബ്ദബ്രഹ്മം," "വിശ്വരൂപൻ" ആദിയായി പതുപാംക്തികളിൽ ഇപ്പോൾ വാദവിഷയമായിത്തീർന്നിരിക്കുന്ന ചില പ്രയോഗങ്ങൾക്കും അദ്ദേഹം ഇതിൽ സ്ഥാനംകൊടുത്തിട്ടുണ്ട്.

യാത്രാവിവരണങ്ങളെയും സഭാചരിത്രസംഭവങ്ങളെയും വിശുദ്ധന്റെ ജീവചരിത്രത്തോടു യോജിപ്പിച്ചു് എഴുതിയിരിക്കുന്നതിനു ശ്രീമാൻ ജോണിനെ പ്രത്യേകം അഭിനന്ദിക്കേണ്ടതാണ്. "ക്രൈസ്തവതിരുസഭാശരീരത്തിന്റെ ശിരസ്സുമുതൽ പാദങ്ങൾവരെ അഴിമതിയാകുന്ന രോഗം ബാധിച്ചിരുന്നു" (ഠ. 21) എന്നുംമറ്റുമുള്ള പ്രസ്താവനകളിൽ അതിശയോക്തിക്കു സ്ഥാനമുണ്ടെന്നു മനസ്സിലാക്കേണ്ടതായിട്ടുണ്ട്. കഥാനായകൻ വന്നപ്പോൾ ഇൻഡ്യയിലെ ക്രിസ്തുമതത്തിന്റെ സ്ഥിതിയെ വിവരിക്കുന്ന അദ്ധ്യായത്തിലെ ചില ഭാഗങ്ങളെപ്പറ്റി (ch. 7) ചരിത്രകാരന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടാകാവുന്നതാണ്. പൌരസ്ത്യരീത്തിലെ നടപടികളും സംബന്ധിച്ചു് യാതൊരു ജ്ഞാനവുമില്ലാതിരുന്ന പോർട്ടുഗീസുകാർ സുറിയാനിക്കാരുടെ അജ്ഞതയെക്കുറിച്ചു് എഴുതിപ്പിടിപ്പിച്ചിരിക്കുന്ന സംഗതികളും മുഴുവനും കണ്ണുമടച്ചു സ്വീകരിക്കാവുന്നതല്ലല്ലോ. There were "also religious who did not understand anything at all that was not of the Latin Rite and declared everything else at once as heresy and superstition" എന്നിങ്ങനെയാണ് 1604-ൽ ബിഷപ്പു് റോസു് എസു്. ജെ. ഇതു സംബന്ധമായി പ്രസ്താവിച്ചിട്ടുള്ളതു്. അപ്രകാരംതന്നെ പോർട്ടുഗീസുകാരുടെ ഉദ്ദേശ്യശുദ്ധിയെ സ്പർശിക്കുന്ന പ്രസ്താവനകളിലും അതിശയോക്തി കടന്നുകൂടിയിട്ടുണ്ടെന്നു

തോന്നുന്നു. പതിനാറാം ശതാബ്ദത്തിലെ കേരളീയസഭയുടെ ചരിത്രം സൂക്ഷ്മമായി പരിശോധിക്കുന്നതായാൽ ഗോവാ മെത്രാന്റെ നിയമനത്തിൽ മാപ്പ്വാപ്പാ സുറിയാനിക്കാരുടെ കായ്യം അവഗണിച്ചില്ലെന്നു കാണാവുന്നതാണ് (p. 83). മാർ ജേക്കബിനെക്കുറിച്ച് വിശുദ്ധ ഫ്രാൻസിസ് എഴുതിയ ഒരു കത്തിന്റെ തർജ്ജിമയിൽ "ഇപ്പോഴും തന്റെ വാദ്ധ്യകാലത്തു് അദ്ദേഹം റോമൻകത്തോലിക്കു തിരുസഭയോടു് വളരെ അനുസരണമുള്ളവനാണ് എന്നു കാണുന്നു (p. 87). ".....വിശുദ്ധമാതാവായ റോമൻസഭയുടെ നടപടികളോടു് (customs) വളരെ അനുസരണമുള്ളവനാണു്" എന്നതേ മൂലത്തിൽ കാണുന്നതു്. റോമൻസഭയുടെ നടപടികളും കത്തോലിക്കവിശ്വാസത്തെയോ റോമൻ (ലത്തീൻ) രീത്തിനെയോ സ്പർശിക്കാത്ത ചില ആചാരവിശേഷങ്ങളാവാം. അവയോടു് "വളരെ അനുസരണമുള്ളവനോ" ഒട്ടും "അനുസരണമില്ലാത്തവനോ" ആയിരുന്നുകൊണ്ടു് മാർ ജേക്കബിനെപ്പോലെയുള്ള ഒരു സുറിയാനിക്കാരനു് "റോമൻ കത്തോലിക്കു തിരുസഭയോടു് വളരെ അനുസരണമുള്ളവനാ"യി വ്യാപരിക്കാവുന്നതേ. എന്നാൽ ഇങ്ങനെ ചില സംഗതികളിൽ അഭിപ്രായവ്യത്യാസത്തിനു വകയുണ്ടെങ്കിലും അവയൊന്നും കഥാനായകന്റെ ചരിത്രത്തെയോ ഗ്രന്ഥകർത്താവിന്റെ പ്രതിപാദനസാമർത്ഥ്യത്തെയോ യാതൊരുവിധത്തിലും സ്പർശിക്കുന്നവയല്ലെന്നു് പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളട്ടെ.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും കഥാനായകനും തമ്മിലുണ്ടായിരുന്ന സ്നേഹബന്ധത്തെ കഥാനായകന്റെ വാക്കുകളിൽതന്നെ ഗ്രന്ഥകാരൻ വിശദീകരിച്ചു കാണിച്ചിട്ടുള്ള ഭാഗങ്ങളും എല്ലാവരുടേയും ശ്രദ്ധയെ ആകർഷിക്കുന്നവയാണു്. അതിൽ ശ്രീ

മാൻ ജോൺ പ്രദർശിപ്പിച്ചിരിക്കുന്ന സാമർത്ഥ്യം അന്യാദൃശംതന്നെ. അപ്രകാരംതന്നെ നമ്മുടെ ചരിത്രനവീകരണോദ്യതരായ ചില എഴുത്തുകാർ അവഗണിച്ചുതുടങ്ങിയിരിക്കുന്ന വടുകപ്പുടയുടെ ചരിത്രം സമുചിതമായി ഇതിൽ പ്രതിപാദിച്ചതിൽ അദ്ദേഹത്തെ ചരിത്രപ്രിയന്മാർ അഭിനന്ദിക്കുകതന്നെ ചെയ്യും. സംഭവങ്ങൾ നടന്ന സ്ഥലങ്ങളും അവയുടെ സ്മാരകലക്ഷ്യങ്ങളും നേരിട്ടു പരിശോധിച്ചശേഷമാണ ശ്രീമാൻ ജോൺ ഈദൃശ സംഗതികളെ രേഖപ്പെടുത്തിയിരിക്കുന്നതെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതായിട്ടുണ്ട്.

കഥാനായകന്റെ ചരിത്രം സശ്രദ്ധം പഠിച്ചശേഷമാണ ഗ്രന്ഥകാരൻ ഇതെഴുതിയിട്ടുള്ളതെന്നു ഇതിലെ ഓരോ ഖണ്ഡികയും സാക്ഷ്യം വഹിക്കുന്നുണ്ട്. സംഭവബഹുലമായ ആ ചരിത്രം മുഴുവനും 310 പുറങ്ങൾ മാത്രമുള്ള ഈ ഗ്രന്ഥത്തിൽ ഒതുക്കി കൊള്ളിക്കുകയും അതേ സമയംതന്നെ പ്രതിപാദനരീതി ആകർഷകവും അനുദ്വിഗ്നവും ആക്കിത്തീർക്കുകയും ചെയ്തതിൽ ഗ്രന്ഥകാരൻ നാനാമുഖമായ തന്റെ സാമർത്ഥ്യത്തെയും പാണ്ഡിത്യത്തെയും സവിശേഷം പ്രകടിപ്പിച്ചിരിക്കുന്നു.

"ഫ്രാൻസിസ്സ് സേവിയറിനു" അർഹിക്കുന്ന പ്രചുരമായ പ്രചാരം സിദ്ധിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് അതിനെ സജ്ജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു. ഗ്രന്ഥകാരൻ തന്റെ സാഹിത്യപരിശ്രമങ്ങൾ തുടർന്നുകൊണ്ടുപോകണമെന്ന് ഈ അവസരത്തിൽ വിനയപൂർവ്വം അദ്ദേഹത്തോട് അപേക്ഷിച്ചുകൊള്ളുന്നു.

ചങ്ങനാശ്ശേരി,
11-6-1941.

Placid, T. O. C. D.

അനുക്രമണിക.

അദ്ധ്യായം			പുറം.
1.	ജനനവും ബാല്യവും	....	1
2.	പാരീസ് സുവ്കലാശാലയിൽ		
	I ഉൽകർഷേച്ഛ	....	9
	II ഇഗ്നേഷ്യസിന്റെ ശിഷ്യൻ	....	19
3.	I വെനീസിലേക്കുള്ള യാത്ര	....	32
	II പട്ടാഭിഷേകം	....	36
4.	ഈശോസഭ	....	39
5.	ഇൻഡ്യയിലേക്കുള്ള സംയാത്രക്കു മുമ്പ്	....	49
6.	ഇൻഡ്യയിലേക്കുള്ള സംയാത്ര	....	64
7.	ഫ്രാൻസിസ് സേവിയർ വന്നപ്പോൾ ഇൻഡ്യയിൽ പോർട്ടുഗീസുകാരുടേയും ക്രിസ്തുമതത്തിന്റെയും സ്ഥിതി	....	75
8.	ഗോവായിൽ	....	94
9.	കന്യാകുമാരിമുതൽ തൃത്തുക്കുടിവരെ	....	106
10.	തിരുവിതാംകൂറിൽ	....	120
11.	മൈലാപ്പൂർ	....	169
12.	മലാക്കായിൽ	....	175
13.	മൊള്ളുക്കാ ദ്വീപുകളിൽ	....	189
14.	മലാക്കാ; കൊച്ചി; ഗോവാ		
	I മലാക്കാ	....	209
	II മണപ്പാട്ട്	....	220
	III ഗോവാ	....	225
15.	ജപ്പാനിൽ	....	237
16.	മലാക്കാ, കൊച്ചി, ഗോവാ വീണ്ടും	....	264
17.	ചൈനായിലേക്കുള്ള യാത്രയും മരണവും	....	286



ST. FRANCIS XAVIER

ഫ്രാൻസിസ് സേവിയർ.

അദ്ധ്യായം ൧.

ജനനവും ബാല്യവും.

സ്പെയിൻരാജ്യത്തിന്റെ വടക്കുകിഴക്കേഭാഗത്തുള്ള നവാറെ സംസ്ഥാനത്തിന്റെ പൂർവപ്രാന്തത്തിൽ, ആ രഗൺഗിരിയുടെ പ്രകൃതിരമണീയമായ ഉപത്യകയിൽ സേവിയർ എന്ന ചരിത്രപ്രസിദ്ധമായ പ്രാസാദത്തിൽ 1506 ഏപ്രിൽ 7-നു-, വിശുദ്ധവാരത്തിലെ ചൊവ്വാഴ്ച, ക്രൈസ്തവധർമ്മദൃതന്മാരിൽ അദ്വിതീയനായ ഫ്രാൻസിസു സേവിയർ ഭൂജനനംചെയ്തു. അദ്ദേഹം പിതാവായ ഡോൺ ജുവാന്റെയും മാതാവായ ഡോണാ മറിയയുടെയും ആറാമത്തെയും ഒടുവിലത്തെയും സന്തതിയായിരുന്നു. ഡോൺ ജുവാൻ അന്ന് ഒരു സ്വതന്ത്രരാഷ്ട്രമായിരുന്ന നവാറായിലെ രാജാവിന്റെ വിശ്വസ്തസേവകനും ഭരണസമിതിയദ്ധ്യക്ഷനും ഡോണാ മറിയ രാജകുലത്തോടു ബന്ധമുള്ള ഒരു പുരാതന പ്രഭുകുടുംബത്തിലെ ഏകാവകാശിനിയുമായിരുന്നു. സേവിയർ എന്ന മാതൃകുടുംബനാമമാണ് നമ്മുടെ കഥാനായകൻ വഹിക്കുന്നതു്.

സേവിയർ മന്ദിരത്തോടു് അനുബന്ധിച്ചുള്ള ദേവാലയത്തിൽവച്ചു് ശിശുവിന് അവിളംബം ജ്ഞാനസ്നാനവും ഫ്രാൻസിസ്സ് എന്ന പേരും നല്കപ്പെട്ടു. ഭഗവൽപീഡാനുഭവവാരത്തിൽ ജാതനായ ഈ ശിശുവിന് പീഡാനുഭവഭക്തോദ്ഭവതംസമായ അസീസിയിലെ ആ മഹാസിദ്ധന്റെ മനോഹരനാമധേയം സമുചിതം തന്നെയാണ്.

ഫ്രാൻസിസിന് മൂന്നു സഹോദരിമാരും രണ്ടു സഹോദരന്മാരുമുണ്ടായിരുന്നു. സഹോദരിമാരിൽ മേരിയും മഗ്ദലേനായും കന്യാമഠങ്ങളിൽ ചേർന്നു സന്ന്യാസജീവിതം അവലംബിക്കുകയും അന്നാ ഡോൺഡീഗോ എന്ന പ്രഭുകുമാരനെ വിവാഹംചെയ്യുകയും ചെയ്തു. സഹോദരന്മാരായ മിഗുവെലും ജുവാനും സൈനികസേവനം അനുഷ്ഠിച്ചു. എല്ലാവരിലും ഇളയവനും സൌമ്യസ്വഭാവനും സുകുമാരകളേബരനുമായ ഫ്രാൻസിസ്സ് എല്ലാവരുടെയും വാത്സല്യഭാജനമായിരുന്നു.

ഫ്രാൻസിസ്സിന്റെ പ്രാഥമികവിദ്യാഭ്യാസം നിർവഹിച്ചതു സേവിയർ കൊട്ടാരംവക ദേവാലയത്തിന്റെ വൈദികാധികാരിയായ ഡോൺമിഗുവലായിരുന്നു. സ്വമാതാവിന്റെ ഒരു സംബന്ധിയായ ഈ പുരോഹിതനിൽനിന്നു ഫ്രാൻസിസ്സ് മാതൃഭാഷയിലും ലത്തീനിലും എഴുതാനും വായിക്കാനും പഠിച്ചു. ഫലിതസമ്മിശ്രങ്ങളെങ്കിലും ഭക്തിസംവർദ്ധകങ്ങളും വിജ്ഞാനപ്രദങ്ങളുമായ പഴങ്കഥകളും ഭൃത്യജനങ്ങളും കൃഷീവലന്മാരും പറയുന്നതു അദ്ദേഹം സകൌതുകം കേൾക്കുമായിരുന്നു. വീരയോധന്മാരുടെയും പുണ്യാത്മാക്കളുടെയും വിസ്മയാവഹങ്ങളായ അപദാനങ്ങളെ കീർത്തിക്കുന്ന ഗദ്യപദ്യസങ്കീർണ്ണങ്ങളായ ഈ ആഖ്യാനങ്ങളും അദ്ദേഹത്തിന്റെ ബാലഹൃദയത്തിൽ അവഗാഢമായി പതിഞ്ഞിരിക്കണം.

ഫ്രാൻസിസ്സിന്റെ ആറാമത്തെ വയസ്സുവരെ കുടുംബത്തിലും രാഷ്ട്രത്തിലും സമാധാനവും ശാന്തതയും വ്യാപിച്ചിരുന്നു. ഇരുപത്തിയഞ്ചുമൈൽ അകലെയുള്ള രാജധാനിയായ പാമ്പ്ലോണായിൽ ഉദ്യോഗം സംബന്ധിച്ചു താമസിച്ചിരുന്ന ഡോൺജുവാൻ വല്ലപ്പോഴും മാത്രമേ വീട്ടിൽ വന്ന ഭാര്യയേയും മക്കളേയും കണ്ടിരുന്നുള്ളു. പിതാവിന്റെ സ്ഥാനത്തു കുടുംബകാര്യങ്ങളെ അന്വേഷി

ച്ചതു മാതുലനായ മാർട്ടിൻ ആയിരുന്നു. അതുകൊണ്ട് ഇദ്ദേഹം സേവിയർ മന്ദിരത്തിലെ "സെയിൻറ്ജോസഫ്" എന്നു വിളിക്കപ്പെട്ടിരുന്നു. ബാല്യത്തിൽ ഫ്രാൻസിസിൻെറ സ്വഭാവരൂപവൽക്കരണത്തിൽ പ്രധാനമായ പങ്കുവഹിച്ചതു് മാതാവും, ഈ മാതുലനും, ഫാദർ മിഗുവലുമായിരുന്നു.

അപ്പോഴേക്കും സ്പെയിനും ഫ്രാൻസും തമ്മിൽ യുദ്ധം ആരംഭിച്ചിരുന്നു. നിഷ്പക്ഷമായിരുന്ന നവാറാരാജ്യത്തിൽക്കൂടെ ഫ്രാൻസിനെ ആക്രമിക്കാനുള്ള സൈന്യത്തെക്കടത്തിക്കൊണ്ടുപോകുന്നതിന് സ്പെയിൻരാജാവു് അനുവാദം ആവശ്യപ്പെട്ടു. നവാറാരാജാവു് അനുവാദം നല്കിയില്ല. സ്പാനിഷ് സൈന്യം നിയമവിരുദ്ധമായി സ്വരാജ്യത്തിൽ പ്രവേശിക്കുമെന്നു കണ്ടപ്പോൾ അദ്ദേഹം ഫ്രഞ്ചുകാരുടെ സഹായം അപേക്ഷിച്ചു. അതിനെത്തുടർന്നു സ്പെയിൻകാർ 1512-ൽ നവാറയെ ആക്രമിച്ചു കീഴടക്കി. അങ്ങനെ, കഴിഞ്ഞ ഏഴുനൂറ്റാണ്ടുകാലം ഒരു സ്വതന്ത്രരാഷ്ട്രമായി വർത്തിച്ചിരുന്ന നവാറാ സ്പെയിനിൻെറ ഒരു വിഭാഗമായിത്തീർന്നു.രാജാവും രാജ്ഞിയും ഫ്രാൻസിലേക്കു പലായനംചെയ്തു. ഉദ്യോഗഭ്രഷ്ടനായ ഡോൺജുവാൻ സ്വസ്വാമിയെ അനുഗമിച്ചു. അദ്ദേഹത്തിൻെറ വസ്തുവകകൾ സ്പാനിഷ്ഗവർമ്മെണ്ടു് കണ്ടുകെട്ടി. ഈ അത്യാഹിതത്തിനുശേഷം അദ്ദേഹം അധികകാലം ജീവിച്ചിരുന്നില്ല. മൂന്നുകൊല്ലം കഴിഞ്ഞു് അദ്ദേഹം സ്വദേശത്തേക്കു മടങ്ങുകയും തൻെറ രാജ്യത്തിനും കുടുംബത്തിനും നേരിട്ട ഈ ഭാഗ്യവിപര്യയത്താൽ ഭഗ്നാശനായി 1515 ഒക്ടോബർ 15-ാം- മരിക്കുകയും ചെയ്തു.

മൂന്നുമാസം കഴിഞ്ഞു സ്പെയിനിലെ രാജാവു മരിച്ചപ്പോൾ, നവാറായിലെ വീരന്മാരായ ദേശഭക്തന്മാർ സ്വാതന്ത്ര്യസമ്പാദനത്തിനു് വിജയകരമായി ശ്രമിക്കു

ന്നതിന് അതൊരു നല്ല സന്ദർഭമാണെന്നു വിചാരിക്കുക യും അതിനായി ഉദ്യമിക്കുകയും ചെയ്തു. ഗ്രന്ഥാലോചന കർക്കായുള്ള അവരുടെ സമ്മേളനസ്ഥലം സേവിയർ പ്രാസാദമായിരുന്നു. എന്നാൽ അവരുടെ ഉദ്യമം വിഫ ലീഭവിച്ചു. അവർ പരാജിതരാവുകയും കഠിനമായി ശി ക്ഷിക്കപ്പെടുകയും ചെയ്തു. സേവിയർ പ്രാസാദം നശിപ്പി ക്കപ്പെട്ടു. അതിന്റെ പ്രാകാരങ്ങളും, ഗോപുരങ്ങളും മുത ലായവ ഇടിച്ചു നിരത്തപ്പെട്ടു. ആളുകൾ പാർക്കുന്ന ഭാ ഗം മാത്രം ഈ നാശനത്തിനു വിധേയമായില്ല.

മറ്റു പല പ്രകാരത്തിലും സേവിയർകുടുംബത്തി ന്റെ ദുരവസ്ഥ മൂർദ്ധന്യത്തെ പ്രാപിച്ചിരുന്നു. മുമ്പില ത്തെ രാജാവിനു് അതു കടംകൊടുത്തിരുന്ന തുകകൾ നി ഷ്ക്ലേഷം നഷ്ടീഭവിച്ചു. കുടിയാന്മാരിൽനിന്നു വരേണ്ട ഭോ ഗങ്ങളും നിഷേധിക്കപ്പെട്ടു. കുടുംബംവക മേച്ചിൽസ്ഥല ങ്ങളെ കന്നുകാലികളെയും ആട്ടിൻപറ്റങ്ങളെയും തീറു ന്നതിനായി ഉപയോഗിച്ച ഇടയന്മാരിൽനിന്നു കിട്ടി ക്കൊണ്ടിരുന്ന ആദായവും കിട്ടാതായി.

1520-ൽ സ്പെയിനിൽ ഒരു ആഭ്യന്തരകലഹമുണ്ടാ യി. അതിനെ നശിപ്പിക്കാനായി നവാറായിൽനിന്നു സ്വാ നിഷ് പട്ടാളം മിക്കവാറും മുഴുവനും പിൻവലിക്കപ്പെട്ടു. ഈ ഘട്ടം സ്വരാജ്യത്തെ പാരതന്ത്ര്യത്തിൽനിന്നു മോ ചിപ്പിക്കുന്നതിനു സൗകര്യപ്രദമാണെന്നു കരുതി, രാജ്യഭ്ര ഷ്ടനായി ഇതിനുള്ളിൽ മരിച്ചുപോയിരുന്ന രാജാവി ന്റെ പുത്രനായ ഡോൺ ഹെന്റിയുടെ നേതൃത്വത്തിൽ നവാറീസു ദേശാഭിമാനികളും, ഫ്രെഞ്ചുകാരുടെ സഹായ ത്തോട്ടുകൂടി, സമരോദ്യതന്മാരായി. ഫ്രെഞ്ചുസൈന്യം 1521 മേയ് 17-നു പാമ്പ്ലോണാ പിടിക്കുന്നതിനായി പിറനീസ്സു മലയിടുക്കുകളും കടന്നു. ലഹള നവാറാ ഒട്ടുക്കു സത്വരം വ്യാപിച്ചു. ആരഗൺഗിരിയുടെ ഉപത്യക

യിലും താഴ്വരയിലുമുള്ള ജനങ്ങളും സ്വാതന്ത്ര്യസമര ത്തിനു ബദ്ധപരികരരായി. അവരുടെ മുന്നണിയിലാ യിരുന്ന ഫ്രാൻസിസിന്റെ ജ്യേഷ്ഠന്മാരായ മിഗുവലും ജൂ വാനും. അചിരേണ, പാമ്പ്ലോണാ ലഹളക്കാർ പി ടിച്ചുവെന്നുള്ള സുവാർത്ത സേവിയർപ്രാസാദത്തിൽ എ ത്തി. ആ നഗരത്തിന്റെ പ്രാകാരത്തിനുള്ളിൽ അതി നെ സംരക്ഷിക്കാനുദ്യമിച്ച സ്പാനിഷ് സൈന്യത്തിന്റെ നേതൃത്വം വഹിച്ചതു് ഡോൺ ഇഗ്നേഷ്യസ്സ് ലയോളാ എന്ന സേനാനി ആയിരുന്നു. ആറുമണിക്കൂർ നീണ്ടുനി ന്ന ഘോരമായ ഒരു പീരങ്കിയുദ്ധത്തിൽ ഒരു വെടിയേ റ്റ് ആ വീരസേനാനിയുടെ കാലൊടിഞ്ഞശേഷംമാത്ര മായിരുന്ന പാമ്പ്ലോണാ ലഹളക്കാക്കു കീഴടങ്ങിയ തു്. ഇ സംഭവം നടന്നതു് 1521 മേയ് 20-നു- ആ യിരുന്നു.

നാലു ദിവസം കഴിഞ്ഞു നോവെയിൽ വച്ചുണ്ടായ ഘോരമായ യുദ്ധത്തിൽ ലഹളക്കാരുടെയും ഫ്രെഞ്ചുകാരു ടെയും സൈന്യങ്ങൾ നിശ്ശേഷം തോല്പിക്കപ്പെട്ടു; ആറാ യിരം ഭടന്മാർ വധിക്കപ്പെട്ടു; ഫ്രെഞ്ചുസേനാനായകൻ ത ടവുകാരനായി പിടിക്കപ്പെട്ടു; ബാക്കിയുള്ളവർ ഫ്രാൻ സിലേക്ക് ഓടി രക്ഷപ്പെട്ടു. അവരുടെ കൂട്ടത്തിൽ മിഗു വെലും ജൂവാനുമുണ്ടായിരുന്നു. നവാറാ വീണ്ടും സ്പെയി നിന്റെ ഭരണത്തിനു വിധേയമായി. എങ്കിലും മിഗുവെ ലും ജൂവാനും മറ്റു ദേശഭക്തന്മാരും സ്വാതന്ത്ര്യസമരം നിറുത്തിവച്ചില്ല. അടുത്ത രണ്ടുവർഷംകൂടി അവർ നിര ന്തരം യുദ്ധംചെയ്തു. ഫ്രാൻസിസ്സിന്റെ സഹോദരന്മാരു ടെ അജയ്യമായ ഈ സമരസന്നദ്ധതമൂലം സേവിയർകുടും ബം പുതിയ ഗവണ്മെൻറിന്റെ കോപത്തിനു പൂർവാ ധികം പാത്രീഭവിച്ചു. അവർ രാജ്യദ്രോഹികളെന്നു പ്ര ഖ്യാപനംചെയ്യപ്പെടുകയും അവരുടെ വസ്തുവകകൾ ക

ണ്ടുകെട്ടപ്പെട്ടുകയും അവരുടെമേൽ മരണവിധി പ്രസ്താവിക്കപ്പെടുകയും ചെയ്തു. ഡോണാ മരിയയുടെ സ്വീധനസ്വത്തുക്കൾം മാത്രം അസ്പൃഷ്ടമായിരുന്നു. എങ്കിലും അവയുടെ ഗവണ്മെൻറിന്റെ സംരക്ഷണം നിഷേധിക്കപ്പെട്ടു. 1523 ഡിസംബർമാസത്തിൽ ചാറൽസുചക്രവർത്തി എല്ലാവർക്കും പൊതുവായ ഒരു മാപ്പ് പ്രഖ്യാപനംചെയ്തപ്പോഴും ഫ്രാൻസിസ്സിന്റെ സഹോദരന്മാരെ അതിൽ ഉൾപ്പെടുത്തിയില്ല.

അവസാനമായി 1524-ൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു. നവാറീസ്സ് ദേശഭക്തന്മാരുടെ അഭിപ്രായഗതിക്ക് ഒരു പരിവർത്തനമുണ്ടായി. ഫ്രെഞ്ചുകാരുമായുണ്ടായിരുന്ന അവരുടെ സഖ്യം സ്വരാജ്യത്തിന അത്യന്തം അപകടകരമായിരുന്നുവെന്നും അപ്പോഴത്തെ സ്ഥിതിക്കു പുതിയ ഗവണ്മെൻറിനു കീഴടങ്ങുന്നതാണ് രാജ്യക്ഷേമത്തിന് ഏറ്റവും നല്ലതെന്നും അവർ വിശ്വസിച്ചു. ഈ അഭിപ്രായപരിവർത്തനത്തെ നയിച്ചവരിൽ ഒരു പ്രധാനൻ ഫ്രാൻസിസ്സിന്റെ മാതുലനായ ഡോൺ മാർട്ടിൻ ആയിരുന്നു. മിഗ്വെലിനെയും ജുവാനിനെയും സഹചാരികളെയും ഇതിനോടു യോജിപ്പിക്കാൻ അദ്ദേഹത്തിനു വലിയ പ്രയാസമുണ്ടായിരുന്നില്ല. രണ്ടുമാസത്തിനുള്ളിൽ അവരവരുടെ ഭവനങ്ങളിൽ മടങ്ങിയെത്തി പുതിയ ഗവണ്മെൻറിനോടു് അനുസരണപ്രതിജ്ഞ ചെയ്യുമെന്നുള്ള സകലർക്കും മാപ്പുനല്കുന്നതാണെന്നുള്ള സ്പാനിഷ് ചക്രവർത്തിയുടെ പ്രതിശ്രുതത്തിന് വശംവദരായി അവർ ആയോധനത്തിൽനിന്നും വിരമിച്ചു. മിഗ്വെലും ജുവാനും സ്വഭവനത്തിൽ മടങ്ങിവന്നു.

ഫ്രാൻസിസ്സിനു പതിനെട്ടു വയസ്സായി; ശരീരം പൂർണ്ണമായ വളർച്ചയെ പ്രാപിച്ചു. യൗവനോചിതമായ ആരോഗ്യവും പ്രസരിപ്പുംതികഞ്ഞ ഒരു കോമളവിഗ്ര

ഹമായിരുന്നു അത്. മുടി കൊഴുത്തു കറുത്തിരുണ്ടതും, കണ്ണുകൾ ഉജ്ജ്വലവും പ്രസന്നവും,മുഖം സൗമ്യവും എപ്പോഴും ചന്ദ്രികാസങ്കാശമായ മന്ദസ്മിതത്താൽ പ്രകാശിതവുമായിരുന്നു. അദ്ദേഹം കായികാഭ്യാസത്തിൽ വിദഗ്ദ്ധനായിരുന്നു. ഓട്ടത്തിലും ചാട്ടത്തിലും മറ്റു കായികവിനോദങ്ങളിലും സമീപവർത്തികളായ സകല യുവാക്കന്മാരെയും അദ്ദേഹം അതിശയിച്ചിരുന്നു. കളികളിലും കായികാഭ്യാസങ്ങളിലുംമാത്രമല്ല വിദ്യാസമ്പാദനത്തിലും അദ്ദേഹം അനതിശയനീയമായ താല്പര്യവും ചാതുര്യവും പ്രദർശിപ്പിച്ചു. പ്രാഥമികവിദ്യാഭ്യാസം സ്വഭവനത്തിൽവച്ചു നിർവഹിച്ചശേഷം അദ്ദേഹം അടുത്തുള്ള സാംഗേസാ എന്ന പട്ടണത്തിലെയും പാമ്പ്ലോണായിലെയും വിദ്യാലയങ്ങളിൽ ചേർന്ന് ഉപരിവിദ്യാഭ്യാസം ചെയ്തതായി വിശ്വസിക്കപ്പെടുന്നു. വിദ്യാഭ്യാസം മതിയാക്കിയിട്ട് അദ്ദേഹവും തങ്ങളെപ്പോലെ യോധജീവിതം നയിച്ചു കീർത്തി സമ്പാദിക്കണമെന്നു സഹോദരന്മാർ ഇപ്പോൾ അദ്ദേഹത്തോട് ഉപദേശിച്ചു. എന്നാൽ പ്രതിഭാശാലിയും ജ്ഞാനാഭിലാഷിയുമായ അദ്ദേഹം വളരെമുമ്പേതന്നെ തന്റെ ജീവിതസരണി നിശ്ചയിച്ചുകഴിഞ്ഞിരുന്നു. സഹോദരന്മാരെപ്പോലെ മഹോദ്യമനായിരുന്ന അദ്ദേഹം വിശാലതരവും മഹത്തരവുമായ ഒരു ജീവിതരംഗമായിരുന്നു അഭിലഷിച്ചത്. അദ്ദേഹത്തിന്റെ നിശ്ചയത്തെ ഇളക്കുന്നതിനു അവർക്കു സാധിച്ചില്ലെന്നുള്ളതിൽ അത്ഭുതത്തിനു വകയില്ല. അവരുടെ അതുവരെയുള്ള സൈനികസേവനത്തിന്റെ ഫലം സ്വകുടുംബത്തിനു പരാഭവവും ദാരിദ്ര്യവും കഷ്ടപ്പാടും മാത്രമായിരുന്നുവല്ലോ. ഫ്രാൻസിസ്സ് ബൊളോഞ്ഞാ സർവ്വകലാശാലയിലെ ഡോക്ടർബിരുദധാരിയായ സ്വപിതാവിനെ അനുകരിച്ച്, വിദ്യാദേവിയെ ഉപാസിച്ചു തന്റെ കുടുംബത്തിന്റെ കീർ

ത്തിയെ അനശ്വരമായി പുലർത്തും. യാതൊരു സ്പാനിഷ് യൂനിവേഴ്സിറ്റിയിലെയും ബിരുദങ്ങൾകൊണ്ടു് അദ്ദേഹം തൃപ്തനാവുകയില്ല. വിശ്വവിശ്രുതമായ പാരിസ് സർവകലാശാലയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അദ്ദേഹത്തിന്റെ മനഃശക്തിയും നിശ്ചയദാർഢ്യവും അനിരോധ്യമായിരുന്നു. പ്രകൃതിദത്തമായ ഒരു ആകർഷണശക്തി അദ്ദേഹത്തിന്റെ വ്യക്തിവിലാസത്തിനു സകലരേയും പ്രഥമവീക്ഷണത്തിൽതന്നെ വശീഭവിപ്പിച്ചിരുന്നു. അനന്യസുലഭമായ ഈ ശക്തി ആജീവനാന്തം അന്യൂനമായി അദ്ദേഹത്തിൽ നിലനിന്നിരുന്നു.

ഫ്രാൻസിസ്സിന്റെ ദുർഗ്ഗമമായ ഈ അഭിനിവേശത്തോടു മാതാവും സഹോദരന്മാരും ഒടുവിൽ അനുകൂലിച്ചു. അപ്പോൾ അവരെ ബാധിച്ചിരുന്ന ധനസംബന്ധമായ വൈഷമ്യങ്ങളെ അവഗണിച്ചു്, അദ്ദേഹം പാരീസ് യൂനിവേഴ്സിറ്റിയിൽ ചേർന്നു പഠിച്ചു വിദ്യാഭ്യാസം പൂർത്തിയാക്കി ഉൽകൃഷ്ടബിരുദങ്ങൾ സമ്പാദിക്കണമെന്നതന്നെ അവർ തീരുമാനിച്ചു. കുടുംബംവക ഒരു യന്ത്രശാലയുടെ ആദായം അതിനായി നീക്കിവയ്ക്കപ്പെട്ടു. 1525 സെപ്തംബർ മാസാരംഭത്തിൽ ഫ്രാൻസിസ്സ് മാതാവിനോടും സഹോദരന്മാരോടും യാത്രപറഞ്ഞു പാരീസിലേക്കു് പുറപ്പെട്ടു.

അദ്ധ്യായം 2.

പാരിസ് സർവ്വകലാശാലയിൽ

I

ഉൽകർഷേച്ഛ.

സെയിൻനദിയുടെ തെക്കേക്കര സ്ഥിതിചെയ്യുന്ന ലാററിൻ കപാർട്ടർ എന്ന പാരിസ് നഗരത്തിന്റെ ഭാഗത്താണ് സർവ്വകലാശാല സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. രണ്ടു പാലങ്ങൾ അതിനെ മറുകരയിലുള്ള പട്ടണവിഭാഗവുമായി സംബന്ധിപ്പിച്ചിരുന്നു. ലാററിൻകപാർട്ടർ കോളേജുകൾ, ദേവാലയങ്ങൾ, കപ്പേളങ്ങൾ, മറു സർവ്വകലാശാലവകകെട്ടിടങ്ങൾ, സന്ന്യാസാശ്രമങ്ങൾ, ഹാങ്ങൾ, പീടികകൾ, സത്രങ്ങൾ, തെരുവീഥികൾ, ഇടവഴികൾ ഇവയാൽ നിബിഡീകൃതമായിരുന്നു. അക്കാലത്തെ ഏററവും വിഖ്യാതവും വിപുലവുമായ വിദ്യാഭ്യാസകേന്ദ്രമായിരുന്ന ഈ സർവകലാശാലയിൽ നാലായിരത്തോളം വിദ്യാർത്ഥികൾ ലോകത്തിന്റെ നാനാഭാഗങ്ങളിലും നിന്നു വന്നുതാമസിച്ചു പഠിച്ചിരുന്നു.

സർവകലാശാലവക സെയിൻറ് ബാർബറാസ്സ് കോളേജിലായിരുന്ന ഫ്രാൻസിസ്സ് പ്രവേശിച്ചതു്. ഈ വിദ്യാലയം താരതമ്യേന നവീനവും പരിഷ്കൃതാശയസമ്പന്നവും പോർട്ടുഗൽ രാജാവിനാൽ സംരക്ഷിതവുമായിരുന്നു. സ്പെയിൻകാരും പോർട്ടുഗീസുകാരുമായ വിദ്യാർത്ഥികൾ മിക്കവാറും അതിലായിരുന്നു പഠിച്ചുവന്നതു്. അതിലെ വിദഗ്ദ്ധന്മാരും വിശ്രുതന്മാരുമായ അദ്ധ്യാപകന്മാരുടെ സന്നിധിയിൽ അദ്ധ്യയനം ചെയ്യുന്നതിനായി വിദ്യാർത്ഥികൾ ധാരാളമായി വന്നിരുന്നു. വിദ്യാർത്ഥികൾക്കു താമസിക്കുന്നതിനുള്ള സദനങ്ങളും അതിനോടനു

ബന്ധിച്ചുണ്ടായിരുന്നു. അദ്ധ്യാപകന്മാരും വിദ്യാർത്ഥികളോടൊരുമിച്ചു താമസിച്ചിരുന്നു. ഫ്രാൻസിസ്സ് ഒരു അദ്ധ്യാപകനോടും രണ്ടു സതീർത്ഥ്യരോടും കൂടി ഒരു മുറിയിൽതാമസിച്ചു. സർവ്വകലാശാലയിലെ അദ്ധ്യയനപദ്ധതിക്കു ഏകദേശം പന്ത്രണ്ടുവർഷത്തെ ദൈർഘ്യമുണ്ടായിരുന്നു.പ്രാരംഭപരീക്ഷയ്ക്കു ഒരുകൊല്ലം, ബി.എ. പരീക്ഷയ്ക്കു മൂന്നുകൊല്ലം, എം.എ. ക്കു ഒരുകൊല്ലം, പിന്നീടു മൂന്നുകൊല്ലം അദ്ധ്യയനത്തോടുകൂടി അദ്ധ്യാപനവും; അവസാനമായി വേദശാസ്ത്രം, നിയമശാസ്ത്രം, വൈദ്യശാസ്ത്രം, ഇവയിൽ ഏതിലെങ്കിലും ഒന്നിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചു ഡി. ഡി. ബിരുദം പ്രാപിക്കുന്നതിനു നാലുകൊല്ലം. അന്നത്തെ വിദ്യാലയദിനചര്യ ഇപ്രകാരമായിരുന്നു: രാവിലെ നാലുമണിക്കു മണിയടിക്കുമ്പോൾ വിദ്യാർത്ഥികൾ ഉണർന്നെഴുന്നേല്ക്കണം. ഒരുമണിക്കൂർ കഴിഞ്ഞിട്ടു പ്രാരംഭപ്രസംഗം കേൾക്കുന്നതിനായി അവർ പ്രസംഗശാലയിൽ സമ്മേളിക്കുന്നു. അതിനുശേഷമുള്ള ദിവ്യപൂജയെത്തുടർന്ന് അവർ പ്രാതൽ കഴിക്കുന്നു. അനന്തരം എട്ടുമണിക്കും പത്തിനും മദ്ധ്യേ പ്രധാനപ്രസംഗം നടക്കുന്നു. പിന്നീടു് ഒരു മണിക്കൂർ നേരം വ്യായാമം. പതിനൊന്നുമണിക്കു് അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും ഒരുമിച്ചു ഭോജനശാലയിൽ വച്ചുള്ള ഉച്ചഭക്ഷണം. ഭക്ഷണസമയത്തു് വേദപുസ്തകമോ പുണ്യവാന്മാരുടെ ജീവചരിത്രമോ വായിക്കപ്പെടുന്നു. ഉച്ചഭക്ഷണത്തിനു ശേഷം വിവിധവിനോദങ്ങളും അവയെത്തുടർന്നു കാലത്തുനടന്ന പ്രസംഗങ്ങളെപ്പറ്റിയുള്ള ചോദ്യോത്തരങ്ങളും. ഉച്ചതിരിഞ്ഞു മൂന്നുമണിമുതൽ അഞ്ചുവരെ അദ്ധ്യയനം. ആറുമണിക്കു അത്താഴം. അതിനുശേഷം അന്നത്തെ പാഠങ്ങളുടെ സമാഹരണവും, രാത്രികാലജപങ്ങളും ആശീർവ്വാദകർമ്മവും. രാത്രി ഒമ്പതുമണിക്കു മണിയടിക്കുമ്പോൾ എല്ലാവരും

വിളക്കുകൾ അണച്ചു ഉറങ്ങാൻ കിടന്നുകൊള്ളണം. ക്രൂത്തൽ പഠിക്കണമെന്നുള്ളവർക്കു പതിനൊന്നുമണിവരെ ഉണർന്നിരിക്കുന്നതിനു പ്രത്യേകമായ അനുവാദം വാങ്ങാവുന്നതാണു്.

പാരിസുനഗരത്തിലെ ജീവിതം അക്കാലത്തും വിദ്യാർത്ഥികൾക്കു പല വിധത്തിൽ ആപൽക്കരമായിരുന്നു. സർവ്വകലാശാലാനിയമങ്ങൾ എത്രയും നിഷ്കർഷാവഹങ്ങളായിരുന്നുവെങ്കിലും വിദ്യാർത്ഥികളും അദ്ധ്യാപകന്മാരും അവയെ നിഷ്പ്രയാസം ലംഘിച്ചിരുന്നു. പട്ടണത്തിൽ ധാരാളമായി ഉണ്ടായിരുന്ന വേശ്യാലയങ്ങളെപ്പോലും അവർ രാത്രികാലങ്ങളിൽ സന്ദർശിക്കുമായിരുന്നു. ആത്മാഭിമാനവും അപവാദഭീതിയും ഈശ്വരകാരുണ്യവും ഫ്രാൻസിസ്സിനെ ഇത്തരം പ്രലോഭനങ്ങളിലും ആപത്തുകളിലും നിന്നു സംരക്ഷിച്ചു. ഉമ്മാശ്ശീവിതത്തിന്റെ ഫലമായി അതിജുഗുപ്സാവഹമായ ഒരു രോഗം ബാധിച്ച ഒരു അദ്ധ്യാപകന്റെ ഭയാനകമായ മരണവും, തന്റെ ഗുരുഭ്രതനായ ജുവാൻപീനായുടെ ആദർശപരമായ ജീവിതവും ഫ്രാൻസിസിനു് ഈ ആപദ്ഘട്ടത്തെ നിർബാധം തരണംചെയ്യുന്നതിനു വളരെ ഉപകരിച്ചു.

ഇക്കാലത്തു ഫ്രാൻസിസ്സിന്റെ ജീവിതം ഒരു പ്രേതകുമാരനു് അനുരൂപമാംവണ്ണം ആഡംബരപൂർണ്ണമായിരുന്നു. കുലീനതയെ പാലിക്കുന്നതിനായി സ്വന്തമായി ഒരു കുതിരയും ഒരു ഭൃത്യനും അദ്ദേഹത്തിനു് ആവശ്യമായിത്തീർന്നു. തന്നെപ്പോലെ ആഭിജാത്യമുള്ള സതീർത്ഥ്യരുടെ മൈത്രിക്കുവേണ്ടി വളരെ പണച്ചെലവുള്ള വിരുന്നുകളും വിനോദയാത്രകളും അദ്ദേഹം നടത്തുമായിരുന്നു. സർവ്വകലാശാലയിൽനിന്നു് ഉൽകൃഷ്ടബിരുദങ്ങൾ സമ്പാദിച്ചു വിദ്യാസമ്പന്നനായി ലോകത്തു പ്രതാപമഹിമകളോടു ജീവിക്കണമെന്നായിരുന്ന അദ്ദേഹത്തിന്റെ അപ്പോഴത്തെ

ആദർശം. ഈ ആദർശത്തോട് യോജിക്കുമാറു ആഡംബരപ്രിയത്വം അദ്ദേഹം പ്രകടിപ്പിച്ചതിൽ അത്ഭുതത്തിനവകയില്ല. എന്നാൽ ഈ ആഭിജാത്യഭ്രമക്കാരനായ യുവപ്രഭുവിന്റെ ആപ്തമിത്രങ്ങളിൽ ഒരുവൻ ഒരു കൃഷീവലന്റെ മകനായിരുന്നുവെന്നുള്ളതു് അത്ഭുതകരമായിരിക്കുന്നു. ഫ്രാൻസിസിന്റെ സമവയസ്സനും സാവോയി ദേശീയനുമായ പീറർ ഫേബർ പന്ത്രണ്ടാമത്തെ വയസ്സിൽ നിത്യബ്രഹ്മചര്യം സ്വയംവരിച്ച ഒരു പരിപാവനചരിതനായിരുന്നു. അവർ രണ്ടുപേരും ഒരേസമയത്തായിരുന്നു സെയിന്റ് ബാർബറാസു കോളേജിൽ പ്രവേശിച്ചതു്. ആദ്യം മുതൽ അവർ താമസിച്ചുവന്നതും ഒരു മുറിയിലായിരുന്നു. വിഭിന്നപ്രകൃതികളായിരുന്നുവെങ്കിലും അവർക്കു തമ്മിൽ സുദൃഢമായ ഒരു മൈത്രി ആരംഭംമുതൽ അങ്കുരിച്ചു വികസിച്ചിരുന്നു. സ്വഭാവസിദ്ധമായ വശീകരണശക്തിയിലും ജ്ഞാനാഭിലാഷത്തിലും അവർ തുല്യരായിരുന്നു. എങ്കിലും ഫേബറിന്റെ ശാലീനതയും അനാർഭാടതയും ഫ്രാൻസിസ്സിന് അത്ര ഹൃദ്യമായിരുന്നില്ല.

കുടുംബത്തിനു നേരിട്ടിരുന്ന ധനസംബന്ധമായ വൈഷമ്യങ്ങളും പക്ഷേ ആഡംബരപ്രിയനായ ഫ്രാൻസിസിന്റെ ജീവിതത്തെപ്പറ്റി കേട്ടിരുന്നിരിക്കാവുന്ന അപവാദങ്ങളുംമൂലം അദ്ദേഹം പരീക്ഷയിൽ ജയിച്ച ബിരുദം സമ്പാദിക്കുന്നതിനുമുമ്പായി പഠിത്തംമതിയാക്കി വീട്ടിൽ മടങ്ങിച്ചെല്ലുന്നതിനു ഏർപ്പാടുചെയ്യാൻ അദ്ദേഹത്തിന്റെ സഹോദരന്മാർ തീരുമാനിച്ചു. എന്നാൽ അപ്പോഴും ഗാർഡ്യായിലെ ക്ലാരാമഠത്തിന്റെ അധിപയായിരുന്ന അദ്ദേഹത്തിന്റെ സഹോദരി മഗ്ദലേന ഈ തീരുമാനത്തിനുവിരുദ്ധമായി അദ്ദേഹത്തെ തുടർന്നു പഠിപ്പിക്കണമെന്നു നിർബന്ധപൂർവ്വം ഉപദേശിച്ചുകൊണ്ടു് ഒരു എഴുത്തു ജ്യേഷ്ഠസ

ഹോദരനായ മിത്രവെലിന് അയച്ചു. "എന്റെ സഹോദരൻ ഫ്രാൻസിസ്സിന്റെ വിദ്യാഭ്യാസം തുടരുന്നതിനു നിങ്ങൾക്കു കഴിവുള്ളതൊക്കെ ചെയ്യുക; എന്തുകൊണ്ടെന്നാൽ, അവൻ ഒരു മഹാനായ ഈശ്വരോപാസകനും തിരുസഭയുടെ അവലംബവുമായിത്തീരുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു" എന്നായിരുന്ന ആ പുണ്യവതിയായ സന്ന്യാസിനിയുടെ സന്ദേശം. അതനുസരിച്ച് സഹോദരന്മാർ അവരുടെ തീരുമാനത്തെ ഭേദപ്പെടുത്തി ഫ്രാൻസിസ്സിന്റെ വിദ്യാഭ്യാസം തുടരുന്നതിന് അനുവദിച്ചു.

ഫ്രാൻസിസ്സും ഫേബറും 1529-ൽ ബി. എ. പരീക്ഷയും അടുത്തവർഷം എം. എ. യും ജയിച്ചു. അതോടുകൂടി, ഡോക്ടർബിരുദത്തിനായുള്ള വേദശാസ്ത്രാദ്ധ്യയനവും ജൂനിയർക്ലാസ്സുകളിൽ അദ്ധ്യാപനവും ഒരേസമയത്തു നിർവഹിക്കുന്നതിനുള്ള യോഗ്യത അവർക്കു സിദ്ധിച്ചു. ഇങ്ങനെ ഫ്രാൻസിസ് സർവകലാശാലാവിദ്യാഭ്യാസപദ്ധതിയുടെ പ്രഥമഘട്ടം തരണംചെയ്തു. 1530 ഒക്ടോബർ മാസത്തിൽ അദ്ദേഹം അദ്ധ്യാപകവൃത്തി ആരംഭിച്ചു. ഡോർമാൻസുബോവെകോളേജിൽ അരിസ്റ്റോട്ടിലിനെപ്പറ്റി അദ്ദേഹം ചെയ്ത പ്രസംഗപരമ്പര ഒട്ടുവളരെ വിദ്യാർത്ഥികളെ ആകർഷിക്കുകയും,താൻ ഒരു പണ്ഡിതനാണെന്നുള്ള പ്രസിദ്ധി പരത്തുകയും സുഗമമായ ഒരു ധനാഗമമാർഗ്ഗത്തെ തെളിക്കുകയുംചെയ്തു.

ഇതിനകം 1529 ജൂലൈമാസത്തിൽ ഫ്രാൻസിസ്സിന്റെ അമ്മ മരിച്ചുപോയിരുന്നു. സഹോദരന്മാർ രണ്ടുപേരും വിവാഹം ചെയ്തുകഴിഞ്ഞിരുന്നു. തന്നെ ഗ്രസിച്ചിരുന്ന വൻമോഹങ്ങളെ നിർബാധം അനുഗമിക്കുന്നതിനുള്ള സംപൂർണ്ണസ്വാതന്ത്ര്യത്തെ അദ്ദേഹം ഇപ്പോൾ പ്രാപിച്ചു. "ഈ ലോകത്തിലെ സാമ്രാജ്യങ്ങളെയും അവയുടെ പ്രതാപത്തെയും" അദ്ദേഹത്തിന്റെ അന്തർനേത്ര

ങ്ങം ദർശിച്ചു: സ്പെയിൻരാജ്യത്തെ ഭരിച്ചിരുന്ന കാർഡിനൽ സിമേൻസും ഇംഗ്ലണ്ടിൽ ഹെന്റി അഷ്ടമന്റെ പ്രധാന മന്ത്രിയായിരുന്ന കാർഡിനൽ വൂൾസിയുമായിരുന്ന തന്റെ അനുകരണത്തിന യോഗ്യന്മാരായ മാതൃകാപുരുഷന്മാരായി അദ്ദേഹം പരിഗണിച്ചത്. ഒരു കാർഡിനലോ അതിനുമപ്പുറം, സാധിക്കുമെങ്കിൽ, മാർപ്പാപ്പായോ ആവുകയെന്നതായിരുന്ന അദ്ദേഹത്തിന്റെ അപ്പോഴത്തെ പരമമായ ജീവിതലക്ഷ്യം. "എന്റെ മുമ്പാകെ സാഷ്ടാംഗംവീണ് നീ എന്നെ അരാധിക്കുകയാണെങ്കിൽ, ഇവയെല്ലാം നിനക്കു ഞാൻ തരുന്നുണ്ട," എന്ന സാത്താന്റെ പ്രതിശ്രുവം അദൃശ്യമായ ഏതോ അധരങ്ങളാൽ മന്ത്രിക്കപ്പെട്ടുന്നതായി അദ്ദേഹം അപ്പോൾ കേൾക്കുന്നുണ്ടായിരുന്നിരിക്കണം.

എം എ. പരീക്ഷയ്ക്കു പഠിക്കുന്ന കാലത്ത് ഫ്രാൻസിസ്സിനു ഒരു പുതിയ സതീർത്ഥ്യന്റെ സഹവാസം ലഭിക്കുന്നതിനിടയായി. ഇഗ്നേഷ്യസ്സ് ലയോളാക്കുടി അദ്ദേഹത്തിന്റെ മുറിയിൽ താമസിച്ചുതുടങ്ങി. 1528 ആരംഭത്തിൽ ഇഗ്നേഷ്യസ്സ് വിദ്യാഭ്യാസസമ്പാദനത്തിനായി പാരിസിൽ വന്നുചേർന്നിരുന്നു. മുപ്പത്തിയെട്ടു വയസ്സുള്ള മുടന്തനായ ഈ മനുഷ്യൻ മോണ്ടേഗ്യു കോളേജിൽ ലത്തീനും വ്യാകരണവും പഠിക്കുന്നതിനായി സെയിൻറ് ബാർബറാകോളേജ് കടന്നുപോകുന്നതു ദിവസംപ്രതിയുള്ള ഒരു കാഴ്ചയായിരുന്നു. അദ്ദേഹം മെലിഞ്ഞും ക്ഷീണിച്ചും കണ്ണുനട്ടമിരുന്നുവെങ്കിലും അസാധാരണമായ ഒരു വ്യക്തിവിലാസം അദ്ദേഹത്തിൽ കാണപ്പെട്ടു. അദ്ദേഹം ഒരു സ്പാനിഷ് പ്രഭുവും സൈനികോദ്യോഗസ്ഥനുമായിരുന്നു. ഫ്രാൻസിസ്സിന്റെ സഹോദരന്മാരും ഫ്രെഞ്ചുസൈന്യവും പാമ്പ്ലോണാപ്രാകാരത്തെ അവരോധിച്ചപ്പോൾ ഇഗ്നേഷ്യസ്സായിരുന്നു അതിനെ സം

രക്ഷിക്കാനുദ്ദ്യമിച്ച സ്പാനിഷ് സൈന്യത്തിന്റെ നേതാവ്. ആ യുദ്ധത്തിൽ ഒരു പീരങ്കിവെടിയേറ്റു അദ്ദേഹത്തിന്റെ കാലൊടിഞ്ഞുപോയതായി നാം കണ്ടുവല്ലോ. ചികിത്സയ്ക്കായി ആശുപത്രിയിൽ താമസിച്ചിരുന്നപ്പോഠം അദ്ദേഹത്തിന ലോകസുഖങ്ങളിൽ വിരക്തിതോന്നുകയും അവയെ ഉപേക്ഷിച്ച് ദാരിദ്ര്യവ്രതം സ്വീകരിച്ച പാപപരിഹാരം ചെയ്യുന്നതിനും സന്യസിക്കുന്നതിനും അദ്ദേഹം കൃതനിശ്ചയനാവുകയുംചെയ്തു. അനന്തരം ഏഴുവർഷം അദ്ദേഹം മോണ്ട് സെററിലെ സന്യാസാശ്രമത്തിലും മൻറേസായിലെ ഒരു ഗുഹയിലും തപസ്സുചെയ്തും പുണ്യഭൂവായ പലസ്തീനായിലേക്കു തീർത്ഥാടനംചെയ്തും സാലമങ്കായിലും അല്ക്കാലായിലും വിദ്യാഭ്യാസംചെയ്തും കഴിച്ചുകൂട്ടി. ഉപരിവിദ്യാഭ്യാസത്തിനായി അദ്ദേഹം പാരിസിൽ വന്ന മോണ്ടേഗ് കോളേജിൽ ചേർന്ന ഒരുവർഷം ലത്തീൻഭാഷയും വ്യാകരണവും പഠിച്ചശേഷം 1529 സെപ്തംബർമാസത്തിൽ തത്വശാസ്ത്രം പഠിക്കുന്നതിനായി സെയിൻറ് ബാർബറാകോളേജിൽ പ്രവേശിച്ചു. അവധികാലത്തു ഫ്ളാണ്ടേഴ്സിലും ഇംഗ്ലണ്ടിലും ഭിക്ഷാടനംചെയ്തു കിട്ടിയിരുന്ന പണംകൊണ്ടായിരുന്നു അദ്ദേഹം പാരിസിലെ താമസത്തിനും വിദ്യാഭ്യാസത്തിനും വേണ്ടിയ ചെലവുകൾ വഹിച്ചതു്. അദ്ധ്യാപകനായ ജുവാൻ പീനായും ഫ്രാൻസിസ് സേവിയറും പീറർ ഫേബറും താമസിച്ച മുറിയിൽക്കൂടെ ഇഗ്നേഷ്യസ്സും താമസമാക്കി. പഠിത്തത്തിൽ പിന്നോക്കമായിരുന്ന ഈ പ്രായംകൂടിയ വിദ്യാർത്ഥിയെ സഹായിക്കുന്നതിന് അദ്ധ്യാപകൻ ഫ്രാൻസിസ്സിനെ ചുമതലപ്പെടുത്തി. ഈ കൃത്യം തനിക്ക് അത്ര ഹിതകരമല്ലാതിരുന്നതിനാൽ ഫ്രാൻസിസ് അതു ഫേബറിനെ ഏല്പിച്ചു. ഫ്രാൻസിസ്സിന് ആരംഭത്തിൽതന്നെ ഫേബറിനോടുണ്ടായപോലെ ഈ

ഹാർട്ടവും സഹാനുഭൂതിയും ഇഗ്നേഷ്യസ്സിനോടുണ്ടായില്ല. ഫ്രാൻസിസ് ഇഗ്നേഷ്യസ്സിനോടു അക്ഷന്തവ്യമായ അവജ്ഞ പ്രകടിപ്പിച്ചുവെങ്കിലും, അരിസ്റ്റോട്ടലിനെപ്പറ്റി ഫ്രാൻസിസ് ചെയ്ത പ്രസംഗങ്ങൾ ഇഗ്നേഷ്യസ് സകൌതുകം കേൾക്കുകയും അവയെ കേൾക്കുന്നതിനു മറ്റുള്ളവരെ പ്രേരിപ്പിച്ച് പ്രസംഗകന്റെ ആദായംവർദ്ധിപ്പിക്കുകയുംചെയ്തു. ഇഗ്നേഷ്യസ്സിന്റെ പ്രധാനമായ ഉദ്യമം വിദ്യാർത്ഥികളെ ദുർമാർഗ്ഗജീവിതത്തിൽനിന്ന് ഉദ്ധരിക്കുകയും അവരിൽ ആദ്ധ്യാത്മികമായ പ്രബുദ്ധത ഉളവാക്കുകയും ചെയ്യുന്നതിനായിരുന്നു. അവരിൽ പലരും അദ്ദേഹത്തിന്റെ ഉപദേശത്തിനും പ്രേരണയ്ക്കും വശംവദരായി അടുത്തുള്ള കർത്തൃസ്വന്മാരുടെയും ഫ്രാൻസിസ്കന്മാരുടെയും സന്ന്യാസാശ്രമങ്ങളിൽ പോയി ആഴ്ചതോറും കുമ്പസാരിച്ച് ദിവ്യകാരുണ്യം സ്വീകരിക്കുമായിരുന്നു. ഇതു് അക്കാലത്തു് പാരിസുസർവ്വകലാശാലയിൽ ഒട്ടും നടപ്പില്ലാത്ത ഒരു കാര്യമായിരുന്നു. ആണ്ടിലൊരിക്കൽ നോമ്പുകാലത്തല്ലാതെ കൂടുതൽ പ്രാവശ്യം കുമ്പസാരിക്കുകയും ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്കയെന്നതു കപടഭക്തിയുടെയും ദാംഭികതയുടെയും പ്രകടനമായി അവഹേളിക്കപ്പെട്ടിരുന്നു. ഫ്രാൻസിസ്സ് ഇഗ്നേഷ്യസിന്റെ ഉപദേശത്തോടും ദൃഷ്ടാന്തത്തോടും അനഭിമുഖരായിരുന്നവരുടെ കൂട്ടത്തിലായിരുന്നു.

എങ്കിലും ഫ്രാൻസിസ്സ് വിദ്യാഭ്യാസത്തിനുശേഷം വൈദികവൃത്തിയെ അവലംബിക്കണമെന്നു നിശ്ചയിച്ചിരുന്നു. അതിനായി അദ്ദേഹം പാമ്പ്ലോണാരൂപതയിലെ ഒരു ശമ്മാശനായി പട്ടം സ്വീകരിച്ചു. അവിടത്തെ ഭദ്രാസനദേവാലയത്തിലെ വൈദികന്മാരിൽ ചിലർ അദ്ദേഹത്തിന്റെ ബന്ധുക്കളായിരുന്നു. അവരുടെ സുപാർശമൂലം തനിക്ക് ഒരു വേദാദ്ധ്യാപകന്റെ ഉദ്യോഗംലഭിക്കാൻ സാ

ധിക്കുമെങ്കിൽ അതിൽനിന്നുള്ള തടിച്ച ശമ്പളം തന്റെ ജീവിതസുഖങ്ങളെ വളരെ വർദ്ധിപ്പിക്കുമെന്ന് അദ്ദേഹം മോഹിച്ചു. പാരിസുസർവ്വകലാശാലയിലെ ഡോക്ടർബിരുദം സമ്പാദിച്ചുകൊണ്ടു സ്വദേശത്തേക്കു മടങ്ങിച്ചെല്ലുമെങ്കിൽ മഹത്പദവിയേറിയ ഒരു ഭാവി അദ്ദേഹത്തിനുണ്ടായിരിക്കുമെന്നുള്ളതു് അസന്ദിഗ്ദ്ധമായിരുന്നു. പ്രസ്തുതോദ്യോഗത്തിന് ആവശ്യമായിരുന്ന സാക്ഷിപത്രം വാങ്ങി അദ്ദേഹം സഹോദരന്മാർക്ക് അയച്ചുകൊടുക്കുകയും അവരുടെ ശ്രമംമൂലം ഒരു സ്ഥാനം അദ്ദേഹത്തിനായി സംവരണംചെയ്യപ്പെടുകയുംചെയ്തു. വൈദികവൃത്തിയിലും ലൌകികമഹിമയും കീർത്തിയുമായിരുന്നു അദ്ദേഹം അഭിലഷിച്ചതെന്നു സ്പഷ്ടമായിരുന്നു.

അക്കാലത്തു റോമായിലെയും ഗ്രീസിലെയും പുരാതനഭാഷകളെയും ശാസ്ത്രങ്ങളെയും പഠിക്കുന്നതിൽ അത്യധികമായ ഔത്സുക്യം പാരിസിലെ വിദ്യാർത്ഥികളെ ബാധിച്ചിരുന്നു. ഈ ഭാഷകളും ശാസ്ത്രങ്ങളും പഠിപ്പിക്കുന്ന പ്രസിദ്ധന്മാരായ പ്രൊഫസറന്മാരുടെ പ്രസംഗങ്ങൾ കേൾക്കുന്നതിനു നാനാഭാഗങ്ങളിലുംനിന്നു വിദ്യാർത്ഥികൾ അവിടെ തിങ്ങിക്കൂടിയിരുന്നു. അവരുടെ കൂട്ടത്തിൽ പിന്നീട് ഒരു പ്രോട്ടസ്റ്റൻറുമതഭേദസ്ഥാപകനായിത്തീർന്ന ജോൺ കാല്വിനുമുണ്ടായിരുന്നു. ഫ്രാൻസിസ്സും അക്കൈസ്തവമായ ഈ പുരാതനവിജ്ഞാനീയത്തിൽ അതിതല്പരനായിരുന്നു. അതിനു വിരുദ്ധമായുള്ള ഇഗ്നേഷ്യസ്സിന്റെ ഉപദേശങ്ങളെ അദ്ദേഹം സാവജ്ഞം തിരസ്കരിച്ചു. ഫ്രാൻസിസ്സ് തന്റെ ഭാവിമഹത്പദത്തെപ്പറ്റിയുള്ള ദിവാസ്വപ്നങ്ങൾ കൂട്ടുകാരെ പലപ്പോഴും വർണ്ണിച്ചുകേൾപ്പിക്കുമായിരുന്നു. അപ്പോഴൊക്കെ "ശ്രീമാൻ ഫ്രാൻസിസ്സ്, ഒരു മനുഷ്യൻ ലോകം മുഴുവൻ നേടുകയും അതേസമയം അവന്റെ ആത്മാവിനെ നഷ്ടപ്പെടുത്തുകയും

ചെയ്താൽ അതുകൊണ്ട് അവന് എന്തുപ്രയോജനമുണ്ട്?" എന്ന് ഇഗ്നേഷ്യസ്സ് ചോദിക്കുമായിരുന്നു. ക്രൂശ്ശിക്കപ്പെട്ട ഈ ചോദ്യം ഫ്രാൻസിസിനു കണ്ണുശൂലമായിത്തീർന്നു. പരിഹാസദ്യോതകമായ ഒരു ചിരിമാത്രമായിരുന്നു അതിന് അദ്ദേഹം നൽകുമായിരുന്ന മറുപടി. ലൌകികമഹിമയിലും പ്രതാപത്തിലും നിർല്ലീനമായിരുന്ന ഫ്രാൻസിസിന്റെ ഹൃദയത്തിനു പരിവർത്തനമുണ്ടാക്കുക അത്ര സുസാധമായിരുന്നില്ല. എങ്കിലും അതിനായി ഇഗ്നേഷ്യസ്സ് സ്ഥൈര്യത്തോടും ക്ഷമയോടുംകൂടി നിരന്തരം പരിശ്രമിച്ചു. അദ്വിതീയനായ ഒരു പുണ്യവാന്റെ അങ്കുരം ഫ്രാൻസിസിൽ അദ്ദേഹം ആദ്യമേ ദർശിച്ചിരുന്നു. "താൻ ശ്രുപവൽക്കരിക്കേണ്ടിവന്നിട്ടുള്ള ഏറ്റവും കർക്കശമായ ശിലാഖണ്ഡം യുവാവായ ഫ്രാൻസിസ് സേവിയറായിരുന്നുവെന്നു നമ്മുടെ മഹാമനഷ്യശില്പിയായ ഇഗ്നേഷ്യസ്സ് പറയുന്നതു ഞാൻ കേട്ടിട്ടുണ്ട്." (Polanco) അവസാനമായി ഇഗ്നേഷ്യസിന്റെ ശ്രമം സഫലീഭവിച്ചു. അക്രൈസ്തവമായ പുരാതനവിജ്ഞാനീയപ്രസ്ഥാനത്തിന്റെ സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ ദോഷദ്രുയിഷ്ടതയെയും, ലൂഥറിന്റെയും അനുയായികളുടെയും പാഷണ്ഡതയുടെ ബീജാവാപം ചെയ്തതു് ആ പ്രസ്ഥാനമാണെന്നുള്ളതിനെയും പററി ഫ്രാൻസിസിനു ബോദ്ധ്യം വരുത്തുന്നതിന് അദ്ദേഹത്തിനു സാധിച്ചു. അപ്പോൾ മുതൽ ആ പ്രസ്ഥാനത്തോടുള്ള ആഭിമുഖ്യം സേവിയർ ഉപേക്ഷിച്ചു. കർത്തൃസ്വൻ ദേവാലയത്തിൽപോയി ആഴ്ചതോറും ക്രമാശകർമം സ്വീകരിക്കുന്നതിനും ഇഗ്നേഷ്യസ്സ് ഫ്രാൻസിസിനെ സമ്മതിപ്പിച്ചു. എങ്കിലും ഈ പ്രഭുകുമാരൻ തന്റെ ഉന്നതങ്ങളായ ലൌകികമോഹങ്ങളെ ഇനിയും ത്യജിച്ചിട്ടില്ലായിരുന്നു.

II

ഇഗ്നേഷ്യസിന്റെ ശിഷ്യൻ.

1533-ൽ ഫ്രാൻസിസ്സീന്റെ പുണ്യവതിയായ സഹോദരി, മഗ്ദലേനാ, ചരമഗതിയെ പ്രാപിച്ചു. ഇസബല്ലാരാജ്ഞിയുടെ സഖിയെന്നനിലയിൽ രാജകൊട്ടാരത്തിൽ ആഡംബരപൂർവ്വകമായ ജീവിതമാരംഭിച്ച ഈ മഹിളാരത്നം പ്രപഞ്ചികസുഖങ്ങളെ ത്യജിച്ചു സന്ന്യാസജീവിതം സ്വയം വരിക്കുകയാണ് ചെയ്തത്. ഈ സഹോദരിയുടെ ജീവിതദൃഷ്ടാന്തവും പ്രാർത്ഥനകളും ഫ്രാൻസിസ്സിന്റെ ആദ്ധ്യാത്മിക പരിവർത്തനത്തെയും പുരോഗതിയെയും വളരെ സഹായിച്ചിരിക്കണം.

ഇതിനുമുമ്പേതന്നെ പീറർ ഫേബർ സർവവും ത്യജിച്ചു ക്രിസ്തുവിനെ അനുഗമിക്കുന്നതിനും ഇഗ്നേഷ്യസിന്റെ ശിഷ്യനാകുന്നതിനും സമ്മതിച്ചു കഴിഞ്ഞിരുന്നു. 1533-ലെ വേനൽക്കാലാവധിയിലെത്തിൽ അതിനു മാതാപിതാക്കന്മാരുടെ അനുവാദം വാങ്ങുന്നതിനായി അദ്ദേഹം വീട്ടിൽ പോയി. ഏഴുമാസത്തിനുശേഷമേ അദ്ദേഹം മടങ്ങി വന്നുള്ളൂ. ഈ സന്ദർഭത്തിൽ ഇഗ്നേഷ്യസും ഫ്രാൻസിസും തമ്മിൽ ക്ലൃപ്തതലായി അടുക്കുന്നതിന് ഇടയായി. ക്രിസ്തു സെയിൻറ്റജോണിനെ എപ്രകാരം സ്നേഹിച്ചുവോ അപ്രകാരം താനും സ്നേഹിച്ച ഈ യുവാവിനുവേണ്ടി ഇഗ്നേഷ്യസ്സ് അനുദിനം, രാത്രിയും പകലും, നിരന്തരം പ്രാർത്ഥിച്ചു. "ആത്മാവു് നഷ്ടപ്പെട്ടിട്ട് ലോകം മുഴുവൻ സമ്പാദിച്ചാലും, ഒരു മനുഷ്യന് അതുകൊണ്ട് എന്തു പ്രയോജനമുണ്ട്?" എന്ന ചോദ്യം ഇപ്പോൾ ഫ്രാൻസിസ്സിന്റെ ഹൃദയത്തെ സ്പർശിച്ചുതുടങ്ങി. ക്രമേക്കാലമായി അദ്ദേഹത്തെ സർവത്ര അനുധാവനംചെയ്തുകൊണ്ടിരുന്ന ആ ദിവ്യാകൃതി അദ്ദേഹത്തെ ഒടുവിൽ പിടി

ക്രൂടി ബന്ധനസ്ഥനാക്കി. അദ്ദേഹം സ്വാതന്ത്ര്യപ്രകാശത്തിനും ശക്തിക്കുമായി പ്രാർത്ഥിച്ചു. ദീർഘീകൃതമായിരുന്ന ഈ സമരം ഫേബർ വീട്ടിൽനിന്നു മടങ്ങിവരുന്നതിനുമുമ്പായി അവസാനിക്കുകയും ഇഗ്നേഷ്യസ് സംപൂർണ്ണവിജയം പ്രാപിക്കുകയുംചെയ്തു. 1534-ന്റെ ആരംഭത്തിൽ ഫേബറിനെപ്പോലെ ഫ്രാൻസിസ്സും ഇഗ്നേഷ്യസ്സിന്റെ വിനീതശിഷ്യനായിത്തീർന്നു. ഫ്രാൻസിസ്സിന്റെ ഹൃദയപരിവർത്തനം സംപൂർണ്ണമായിരുന്നു. നവ്യമായ ഒരു ജീവിതസരണി അദ്ദേഹത്തിന്റെമുമ്പാകെ ഉദ്ഘാടനംചെയ്യപ്പെട്ടു. സർവസംഗപരിത്യാഗിയായി ക്രിസ്തുഭഗവാനെ അനുഗമിക്കുന്നതിൽള്ള ഉത്സാഹപ്രകർഷത്തിൽ സർവ്വകലാശാലയിലെ അദ്ധ്യയനവും അദ്ധ്യാപനവും ഉടനടി നിറുത്തുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. ഇഗ്നേഷ്യസ്സിന്റെയും ഫേബറിന്റെയും നിർബന്ധപൂർവകമായ ഉപദേശമനുസരിച്ചുമാത്രമായിരുന്ന അദ്ദേഹം അവയെ തുടർന്നു.

1534 മേയ്മാസം അവസാനം ഫേബർ വൈദികനായി പട്ടാഭിഷേകംചെയ്യപ്പെട്ടു; ജൂൺ 22-നു- അദ്ദേഹം പ്രഥമപൂജചെയ്തു. ഇതിനുള്ളിൽ നാലു പുതിയ ശിഷ്യന്മാരെ ഇഗ്നേഷ്യസ്സിനു ലഭിച്ചു. അവർ ഒരു പോർട്ടുഗീസു പ്രഭുകുമാരനും ബാർബറാകോളേജിലെ വിദ്യാർത്ഥിയുമായ സൈമൺ റൊഡ്രിഗ്സും, കൃശഗാത്രനെങ്കിലും മഹാധീമാനായ ലെയിനസ്സും, അദ്ദേഹത്തിന്റെ സ്നേഹിതനായ സാൽമെറനും, ഉജ്ജ്വലപ്രകൃതിയായ ബോബഡിലായും—ഇവരിൽ ഒടുവിലത്തെ മൂന്നുപേർ സ്പെയിൻകാർ—ആയിരുന്നു. ഫേബർ വീട്ടിൽനിന്നു മടങ്ങിവന്ന് അധികം താമസിക്കുന്നതിനുമുമ്പായി, നാല്പതുദിവസത്തെ ഏകാന്തമായ ധ്യാനത്തോടുകൂടി ഇഗ്നേഷ്യസ്സിന്റെ "ആദ്ധ്യാത്മികാഭ്യാസങ്ങൾ" എന്ന തപഃചര്യ അ

നഷ്ടിച്ചു. ഈ 'അഭ്യാസങ്ങൾ' സനാതനസത്യങ്ങളെയും ക്രിസ്തുഭഗവാന്റെ ജീവിതത്തെയും അധികരിച്ച് ഇഗ്നേഷ്യസ് മൻറേസായിലെ ഗുഹയിൽവച്ച് രചിച്ച ഒരു ആദ്ധ്യാത്മിക ധ്യാനപരമ്പരയാണ്. ഇത് കഴിഞ്ഞ നാല് നൂറ്റാണ്ടുകാലം മനുഷ്യജാതിയെ ആദ്ധ്യാത്മികമായും മാനസികമായും സംസ്കരിക്കുന്നതിന് ഉപകരിച്ചിട്ടുള്ള അമോഘശക്തികളിൽ ഒന്നാണ്. ഇഗ്നേഷ്യസ്സിനെ അനുഗമിച്ച് ഇദംപ്രഥമമായി ഈ തപശ്ചര്യ അനുഷ്ഠിച്ചത് പീറ്റർ ഫേബർ ആയിരുന്നു. 1534 ആഗസ്റ്റ് മാസത്തിൽ ഫ്രാൻസിസ്സിനെ ഒഴിച്ചുള്ള മറ്റുശിഷ്യന്മാരും 'ആദ്ധ്യാത്മികാഭ്യാസങ്ങൾ' നിർവഹിച്ചു. ഫ്രാൻസിസ്സിന് അദ്ധ്യാപനവൃത്തിക്രമേ ഉണ്ടായിരുന്നതിനാൽ അടുത്ത അവധികാലംവരെ ഈ അനുഷ്ഠാനം മാറ്റിവച്ചു.

ഗുരുനാഥനായ ഇഗ്നേഷ്യസ്സും ആറു ശിഷ്യന്മാരും ക്രമേണ്ട് ആത്മസാക്ഷാൽക്കാരം നിർവഹിക്കുന്നതിനും ദുർമാർഗ്ഗത്തിലും പാഷണ്ഡതയിലും നിമഗ്നമായിരുന്ന മനുഷ്യവർഗ്ഗത്തെ സമുദ്ധരിച്ചു ധർമ്മസംസ്ഥാപനംചെയ്യുന്നതിനുമായി ഒരു പ്രസ്ഥാനം ആരംഭിക്കണമെന്നു നിശ്ചയിച്ചു. മതസ്ഥാപനങ്ങളിലും രാഷ്ട്രത്തിലും സമുദായത്തിലും സർവത്ര ധർമ്മം ക്ഷയിച്ചിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. ക്രൈസ്തവതിരുസഭാശരീരത്തിന്റെ ശിരസ്സുമുതൽ പാദങ്ങൾവരെ അഴിമതിയാകുന്ന രോഗം ബാധിച്ചിരുന്നു. അതിനു സമഗ്രമായ ഒരു ചികിത്സയും പരിഷ്കരണവും അത്യന്താപേക്ഷിതമാണെന്ന മുറവിളി നാനാഭാഗങ്ങളിലുംനിന്നു കേൾക്കപ്പെട്ടുണ്ടായിരുന്നു. ഇക്കാര്യത്തിൽ കാലോചിതമായ ഒരു പ്രവർത്തനപദ്ധതി രൂപവൽക്കരിക്കുന്നതിൽ ഇഗ്നേഷ്യസും ശിഷ്യന്മാരും ദത്തശ്രദ്ധരായി. അതിനായി അപ്പോസ്തലന്മാരുടെ ദൃഷ്ടാന്തത്തെ അനുകരിച്ചു നിത്യമായ ദാരിദ്ര്യ

വ്രതത്തോടും ബ്രഹ്മചര്യവ്രതത്തോടും കൂടി ക്രിസ്തുവിനെ അനുഗമിക്കാമെന്നും പുണ്യഭൂവിലേക്കു തീർത്ഥാടനം ചെയ്യാമെന്നും അവർ ഈശ്വരസന്നിധിയിൽ പ്രതിജ്ഞചെയ്യും. വൈദികപട്ടത്തിനുള്ള വേദശാസ്ത്രാദ്ധ്യയനം പൂർത്തിയാക്കുന്നതിനായി അവർ 1537 ജനുവരിവരെ പാരിസിൽതന്നെ വിദ്യാഭ്യാസം തുടരണം. അനന്തരം വെനീസുവഴി അവർ യറുശലമിലേക്കു പോകണം. അവിടെനിന്നു മടങ്ങി വന്നശേഷം അവർ ധർമ്മപ്രചരണകൃത്യത്തിൽ ഏകതാനമായി ഏർപ്പെടണം. അപ്പോൾ മുതൽ മാത്രമേ അവരുടെ ദാരിദ്ര്യവ്രതം പ്രായോഗികമാവുകയുള്ളൂ. പ്രൊട്ടസ്റ്റൻറുനവീകരണക്കാരുടെ ആക്ഷേപങ്ങൾ നിഷ്ലേഷം അടിസ്ഥാനരഹിതങ്ങളാക്കുന്നതിനായി, കർബാനയ്ക്കായോ ക്ലേശകർമ്മക്കായോ പ്രസംഗത്തിനായോ യാതൊരു പ്രതിഫലവും അവർ സ്വീകരിക്കുകയില്ല. ക്രൈസ്തവേതരുടെ ഇടയിൽ ക്രിസ്തുധർമ്മം പ്രചരിപ്പിക്കുകയെന്നതും അവരുടെ കൃത്യമായിരിക്കും. ഈശ്വരമഹത്വത്തിനായുള്ള ഏതു കൃത്യവും അവർ നിസ്സ്വാർത്ഥമായി നിർവഹിക്കും. അവരുടെ പ്രവർത്തനപദ്ധതിയെപ്പറ്റിയുള്ള അവസാനതീരുമാനം അവർ യെറുശലേമിൽവെച്ചു ചെയ്യുന്നതായിരിക്കും. പുണ്യഭൂവിൽതന്നെ സ്ഥിരമായി ജീവിക്കുന്നതിന് അവരിൽ ഭൂരിപക്ഷം തീരുമാനിക്കുന്നവെങ്കിൽ ഉടനടി അവർ അവിടെ ക്രിസ്തുധർമ്മപ്രചാരണം ആരംഭിക്കും. അവിടെ അതു പ്രയോഗക്ഷമമാക്കാതിരിക്കുകയൊ, അവർ വെനീസുതുറമുഖത്തിൽ എത്തിയശേഷം ഒരു വർഷത്തിനുള്ളിൽ പുണ്യഭൂവിലേക്കുള്ള യാത്രയ്ക്കു സൌകര്യപ്പെടാതിരിക്കുകയൊ ചെയ്യുന്നവെങ്കിൽ, അവർ മാർപ്പാപ്പായെ സമീപിച്ച് അവരുടെ ധർമ്മസേവനം സാർവലൌകികമാക്കുന്നതിന് അദ്ദേഹത്തിന്റെ അനുവാദം അപേക്ഷിക്കും.

1534 ആഗസ്റ്റ് 15-ന്, ദേവമാതാവിന്റെ സ്വർഗ്ഗാരോപണദിനം, ആയിരുന്ന വ്രതപ്രതിജ്ഞയ്ക്കുള്ള ദിവസമായി അവർ നിശ്ചയിച്ചതു്. അവർ ഉപവാസം, തപസ്സ്, പ്രാർത്ഥന, കുമ്പസ്സാരം എന്നീ അനുഷ്ഠാനങ്ങളോടുകൂടി ഈ മഹാകാര്യത്തിനായി ഒരുങ്ങി. നിശ്ചിതദിവസം പ്രഭാതത്തിൽ നഗരപ്രാന്തത്തിൽ മോണ്ട്മാർത്രെ എന്ന കുന്നിൽ സ്ഥിതിചെയ്യുന്ന സെയിന്റ് ഡെന്നിസ്സ് ദേവാലയത്തിൽ ഈ ഏഴു സഖാക്കളും സമ്മേളിച്ചു. അവരിൽ ഫേബർ മാത്രമേ വൈദികനായിരുന്നുള്ളൂ. അദ്ദേഹം ദിവ്യപൂജയർപ്പിച്ചു. 'ദിവ്യകാരുണ്യം' വിതരണം ചെയ്യുന്നതിനുമുമ്പായി അദ്ദേഹം വിശുദ്ധാപൂപം കരങ്ങളിലെടുത്തു് ഉയർത്തിപ്പിടിച്ചു. സ്വർഗ്ഗീയ രാജാധിരാജന്റെ മുമ്പാകെ അവരിൽ ഓരോരുത്തനും മുട്ടുകുത്തി നമസ്കരിച്ചു്. എല്ലാവർക്കും സുശ്രുവമാംവണ്ണം വ്രതപ്രതിജ്ഞചെയ്തു. ഈശ്വരസന്നിധിയിൽവച്ചുള്ള ഈ സത്യവാചകത്തിനുശേഷം അവർ നിർഭരമായ ഭക്തിയോടുകൂടി 'ദിവ്യകാരുണ്യം' സ്വീകരിച്ചു. അനന്തരം ആ കുന്നിന്റെ അടിവാരത്തിൽ രക്തസാക്ഷിയായ സെയിന്റ് ഡന്നിസ്സിന്റെ രക്തം കലർന്നതെന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരു ഉറവിന്റെ അരികിലിരുന്ന റൊട്ടിയും ശുദ്ധജലവുംകൊണ്ടു ഉപവാസം ഭഞ്ജിച്ചുശേഷം അവർ പകൽമുഴുവനും സ്നേഹമസൃണമായ സംഭാഷണത്തിൽ കഴിച്ചുകൂട്ടി. സൂര്യാസ്തമയത്തിനുശേഷം അവർ ലാററിൻകപാർട്ടറിലുള്ള അവരുടെ വസതിയിലേക്കു പോയി.

ആഗസ്റ്റുമാസാന്ത്യത്തിൽ അവധികാലമായപ്പോൾ ഫ്രാൻസിസ്സിനു് ഇഗ്നേഷ്യസിന്റെ നേതൃത്വത്തിൽ 'ആദ്ധ്യാത്മികാഭ്യാസങ്ങൾ' അനുഷ്ഠിക്കുന്നതിനുള്ള സൗകര്യം ലഭിച്ചു. അദ്ദേഹം ഏകാന്തമായ ഒരു ഭവനത്തെ അഭയം പ്രാപിച്ചു നാല്പതുദിവസം ഈശ്വരധ്യാനൈകനിര

തനായി തപോനിഷ്ഠനായി ജീവിച്ചു. ഇഗ്നേഷ്യസ്സ് ക്രമ ക്രമത്തെ അദ്ദേഹത്തെ സന്ദർശിച്ചു് ധ്യാനവിഷയങ്ങളെ നിർദ്ദേശിക്കുകയും, വിവിധങ്ങളായ പ്രാർത്ഥനകളും, പ്രായശ്ചിത്തങ്ങളും തുടങ്ങി ആദ്ധ്യാത്മികാഭിവൃദ്ധിക്കു് ഉപയുക്തങ്ങളായ കാര്യങ്ങളെയും, ആത്മാവിന്റെ ദുഷ്ടവും ശിഷ്ടവുമായ അവസ്ഥാന്തരങ്ങളെയും, തിരുസഭയുടെ അന്തസ്സത്തയെയും, സന്ദർഭോചിതങ്ങളായ മറ്റു സംഗതികളെയുംപറ്റി ഉപദേശിക്കുകയും ചെയ്തു.

'ആദ്ധ്യാത്മികാഭ്യാസങ്ങളം' ഒരു ഘട്ടത്തിനു് ഒരു് ആഴ്ച ആവശ്യമുള്ള നാലുഘട്ടങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. ഓരോ ദിവസവും അഞ്ചുപ്രാവശ്യം, ഓരോ പ്രാവശ്യവുംഒരുമണിക്കൂർ ഏകാന്തധ്യാനം നിർദ്ദേശിക്കപ്പെട്ടിരുന്നു മനുഷ്യജന്മത്തിന്റെ പരമോദ്ദേശ്യത്തെ പൂർണ്ണമായുള്ള ധ്യാനംകൊണ്ടാണു് പ്രഥമവാരത്തിലുള്ള അഭ്യാസങ്ങളം ഉദ്ഘാടനം ചെയ്യപ്പെട്ടതു്. അതിന്റെ സാരമിതായിരുന്നു: "മനുഷ്യൻ ഈശ്വരനെ സേവിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടു; മറ്റെല്ലാ വസ്തുക്കളും ഈ സേവനത്തിൽ അവനെ സഹായിക്കുന്നതിനായി സൃഷ്ടിക്കപ്പെട്ടു; അതുകൊണ്ടു ധനവത്വത്തെയും നൈർദ്ധന്യത്തെയും, ബഹുമതിയെയും അവമതിയെയും, മറ്റെല്ലാസൃഷ്ടവസ്തുക്കളെയും പറ്റി മനുഷ്യൻ ഉദാസീനനായിരിക്കണം; അവന്റെ ശാശ്വതമായ ലക്ഷ്യത്തെ പ്രാപിക്കുന്നതിനു് അവനുപകരിക്കുമെന്നുള്ളവയെ മാത്രം അവൻ ആഗ്രഹിക്കുകയും ആവശ്യപ്പെടുകയുംചെയ്യണം." പ്രഥമവാരത്തിലെ അഭ്യാസങ്ങളുടെ വിഷയം പാപം, അതിന്റെ ഹീനത, നിത്യശിക്ഷ എന്നിങ്ങനെ മനുഷ്യനെ ഈശ്വരനിൽ നിന്നു് അകറ്റുന്ന സംഗതികളെപ്പറ്റിയുള്ള വിചിന്തനമായിരുന്നു. ധ്യാനനിഷ്ഠനെ നിഷ്കളങ്കമായ പശ്ചാത്താപവും കുമ്പസാരവും വഴി ഈശ്വരങ്കലേക്കു പ്ര

ത്യാനയിക്കുകയും സ്രഷ്ടാവിനോട് രമ്യപ്പെടുത്തുകയും അവന്റെ പാപപൂർണ്ണമായ ഭൂതകാലത്തോട് അനഭിമുഖനാക്കുകയും ഭാവിയിൽ പരിശുദ്ധമായ ഒരു ജീവിതം നയിക്കാമെന്ന കൃതപ്രതിജ്ഞനാക്കുകയും ചെയ്യുക എന്നതായിരുന്നു അവയുടെ ഉദ്ദേശ്യം. അനന്തരം ലോകോദ്ധാരണത്തിനായി അവതീർണ്ണനായ ആ ധർമ്മരാജാവിനെപ്പറ്റിയുള്ള ധ്യാനമായിരുന്നു. നാനാദിഗന്തങ്ങളിലും ധർമ്മം പ്രചരിപ്പിച്ച ദിഗ്വിജയം ചെയ്യുന്നതിനായുള്ള ക്രിസ്തുഭഗവാന്റെ സമരാഹ്വാനത്തിലേക്ക് ഇഗ്നേഷ്യസ്സ് ഫ്രാൻസിസിന്റെ ശ്രദ്ധയെ ആകർഷിച്ചു. ആ രാജരാജേശ്വരനോടൊപ്പം ഒടുവിൽ വിജയശ്രീമകുടം ധരിക്കുന്നതിനായി ഫ്രാൻസിസ്സ് സകല കഷ്ടപ്പാടുകളെയും സഹിച്ചും ആപത്തുകളോട് അഭിമുഖീഭവിച്ചും സമരനിരതനായി അദ്ദേഹത്തെ അനുഗമിക്കണം; സർവ്വസംഗപരിത്യാഗിയായി ക്രിസ്തുവിന്റെ യഥാർത്ഥശിഷ്യനായിത്തീരണം. അവതീർണ്ണമായ ശബ്ദബ്രഹ്മത്തിന്റെ ഗർഭോത്ഭവം, മേരിയും എലിസബത്തും തമ്മിലുള്ള സമാഗമം, കാലിത്തൊഴുത്തിലെ ജനനം, ആട്ടിടയന്മാരുടെ ആരാധനം, പൗരസ്ത്യരാജാക്കളുടെ സന്ദർശനം, ദേവാലയത്തിലെ സമർപ്പണം, ഈജിപ്തിലേയ്ക്കുള്ള പലായനം, നസ്രത്തിലെ അജ്ഞാതജീവിതം, ദേവാലയത്തിൽവച്ചുണ്ടായ സംവാദം, ഇത്യാദി ക്രിസ്തുവിന്റെ ജീവിതത്തിലെ പ്രാരംഭസംഭവങ്ങളെപ്പറ്റി ഫ്രാൻസിസ് ധ്യാനിച്ചു. ഇതിനായി ദിവസത്തിലും അഞ്ചുപ്രാവശ്യം ഓരോമണിക്കൂർ വീതം അദ്ദേഹം വിനിയോഗിച്ചു. ഓരോപ്രാവശ്യവും ക്രിസ്തുവിനെപ്പറ്റിയുള്ള ജ്ഞാനവും സ്നേഹവും ഭഗവാനെ അനുഗമിക്കുന്നതിലുള്ള സ്ഥൈര്യവും പൂർവ്വാധികം വർദ്ധിക്കുമാറു ഈശ്വരാനുഗ്രഹം സിദ്ധിക്കുന്നതിന് അദ്ദേഹം പ്രാർത്ഥിച്ചു. പെട്ടെന്നു രംഗം മാറി. മനുഷ്യാത്മാവിനെ

സ്വാധീനപ്പെടുത്തുന്നതിനു നിരന്തരം മത്സരിച്ചുകൊണ്ടിരിക്കുന്ന പരസ്പരവിരുദ്ധങ്ങളായ രണ്ടുപാളയങ്ങളെ—ബാബിലോണിനെയും യെരൂശലെമിനെയും, ലൂസിഫെറിനെയും ക്രിസ്തുവിനെയും, അന്ധകാരത്തിന്റെയും അരാജകത്വത്തിന്റെയും മൃത്തിയെയും പ്രകാശത്തിന്റെയും സമാധാനത്തിന്റെയും യഥാർത്ഥരാജാവായ സത്യസ്വരൂപനെയും—ഇഗ്നേഷ്യസ്സ് ഫ്രാൻസിസിന്റെ മനോമുകുരത്തിൽ പ്രതിബിംബിപ്പിച്ചു. കാപട്യപൂർണ്ണമായ ധനസമൃദ്ധിയെയും ലോകബഹുമതികളെയും, അഹങ്കാരപൂർണ്ണമായ ഈശ്വരവിദ്വേഷത്തെയും, സകല ദുർഗുണങ്ങളെയും പടിപടിയായി മനുഷ്യവർഗ്ഗശത്രുവായ ലൂസിഫെർ പ്രതിശ്രുവം ചെയ്യുന്നു. പ്രത്യുത, ക്രിസ്തുദേവനാകട്ടെ തന്റെ അനുയായികളോട് സംപൂജ്യയായ ദാരിദ്ര്യാംബികയെ ആശ്ലേഷിക്കുന്നതിനും, അവഹേളനത്തെയും പീഡകളെയും സ്നേഹിക്കുന്നതിനും, ഈശ്വരഹിതത്തിനു വിനയപൂർവ്വം വശംവദരാകുന്നതിനും, സകല സദ്ഗുണങ്ങളെയും പരിശീലിക്കുന്നതിനും അനുശാസിക്കുന്നു. വേറൊരു ചിത്രം ഇപ്പോൾ ഫ്രാൻസിസിന്റെ മനോവീക്ഷണത്തിനു വിഷയീഭവിച്ചു. അതു ലൌകികവസ്തുക്കളിലും സുഖഭോഗങ്ങളിലുമുള്ള അത്യാസക്തിമൂലം സംസാരബദ്ധരായി, സമാധാനരഹിതരായിക്കഴിഞ്ഞുകൂടിയ മൂന്നുജോടി ദമ്പതിമാരുടേതായിരുന്നു. അവർ എല്ലാവരും ഈശ്വരനോടുനിരന്ന സമാധാനം അനുഭവിക്കുന്നതിന് ആഗ്രഹിച്ചിരുന്നു. പക്ഷെ അവർ അതിനായി അവലംബിച്ച മാർഗ്ഗങ്ങൾ ഭിന്നങ്ങളായിരുന്നു. ഒന്നാമത്തെ ദമ്പതിമാർ സത്പ്രവിചികിത്സയും ദീർഘവൃത്തനയവും പ്രകടിപ്പിക്കുകയാൽ മുക്തിക്ക് അർഹരാകാതെ മരിച്ചുപോയി. രണ്ടാമത്തെ ക്രൂരർ പല മാർഗ്ഗങ്ങളും പരീക്ഷിച്ചു നോക്കിയെങ്കിലും ശരിയേതു, തെറ്റേതു് എന്നറിയാൻ പാടില്ലാതെ കുഴങ്ങി. മൂന്നാമത്തെ ദമ്പ

തികൾക്ക് അവശ്യമാവശ്യമായത് എന്തെന്ന് അറിയാമായിരുന്നു; ലക്ഷ്യപ്രാപ്തിക്കുപകരിക്കുമെന്ന തീർച്ചയുള്ളതു മാത്രം അവർ അവലംബിക്കുകയും അവക്ക് നിത്യസമാധാനം ലഭിക്കുകയും ചെയ്തു. ദാരിദ്ര്യത്തിലും എളിമയിലും ക്രിസ്തുവിനെ സേവിക്കുന്നതിനാവശ്യമായ ഈശ്വരാനുഗ്രഹത്തിനായി ഫ്രാൻസിസ്സ് നിരന്തരം പ്രാർത്ഥിച്ചു. അതോടുകൂടി അദ്ദേഹം ക്രിസ്തുവിന്റെ പരസ്യജീവിതത്തിലെ പ്രധാനസംഭവങ്ങളെ—തന്റെ അവതാരകൃത്യം നിർവഹിക്കുന്നതിനായി അദ്ദേഹം അമ്മയോടു യാത്രപറഞ്ഞു നസറത്തിൽനിന്നു പുറപ്പെട്ടുന്നതു, മരുഭൂമിയിൽവച്ചുള്ള അദ്ദേഹത്തിന്റെ ഉപവാസം, അദ്ദേഹം അപ്പോസ്തലന്മാരെ സ്വീകരിക്കുന്നതു,ഗിരിഗീത പ്രദാനംചെയ്യുന്നതു, വെള്ളത്തിന്റെ മീതെ നടക്കുന്നതു, ദേവാലയത്തിൽ വച്ചുള്ള പ്രസംഗം, ലാസറസ്സിന്റെ പുനരുത്ഥാപനം, വിശുദ്ധ നഗരത്തിലേക്കുള്ള അദ്ദേഹത്തിന്റെ ജൈത്രയാത്ര, ഇവയെ—പ്പറ്റി ധ്യാനിച്ചു. അഭ്യാസങ്ങളുടെ ഈ ഘട്ടത്തിൽ എളിമ എന്ന ആദർശത്തെ സാക്ഷാൽക്കരിക്കുന്നതിന് അദ്ദേഹംശ്രമിച്ചു. ഈശ്വരന്റെ അപരിച്ഛേദ്യമായ മഹത്വത്തിന്റെ മുമ്പാകെ തന്റെ അല്പത്വവും അസാരതയും അദ്ദേഹം ഗ്രഹിച്ചു. ഏതാദൃശമായ ധ്യാനപരമ്പരയാൽ തന്റെ ഭാവിജീവിതസരണി അവസാനമായി നിർണ്ണയിക്കുന്നതിനു ഫ്രാൻസിസ്സ് സജ്ജീകൃതനായി. ദിവ്യമായ പ്രകാശത്തിനും ശക്തിക്കുംവേണ്ടി അദ്ദേഹം ഭക്തിതീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ലോകസുഖങ്ങളെ നിർദ്ദ്വേഷം ത്യജിച്ചു് ദാരിദ്ര്യത്തിലും എളിമയിലും ക്രിസ്തുവിനെ അനുഗമിക്കുന്നതിന് അദ്ദേഹം സുദൃഢമായി നിശ്ചയിച്ചു. അനന്തരം അദ്ദേഹം ഭഗവാന്റെ പീഡാനുഭവത്തെയും, മരണത്തെയും, പുനരുത്ഥാനത്തെയും, സ്വർഗ്ഗാരോഹണത്തെയും, തനിക്കു പ്രാപ്യമായ അനന്ത

സൗഭാഗ്യത്തെയും ശാന്തിയെയുംപററി ധ്യാനിച്ച് ആ നി ശ്ചയത്തെ അചാല്യമായി സ്ഥിരീകരിച്ചു.ഈശ്വരസ്നേഹ മായിരുന്ന അവസാനമായ ധ്യാനവിഷയം. ഈശ്വരൻ സച്ചിന്തയ്യാമിയും സകല അനുഗ്രഹങ്ങളുടെയും ദാതാവു മാണ്. അദ്ദേഹത്തിന്റെ അനന്തമായ സൌന്ദര്യവും ന ന്മയും അഖണ്ഡശക്തിതത്വവും സകല വസ്തുക്കളിലും പ്ര തിബിംബിതമായിരിക്കുന്നു. നാം എപ്പോഴും അദ്ദേഹത്തി ന്റെ സന്നിധിയിൽ ചരിക്കുന്നു.

ഈ നാല്പതുദിവസവും കണ്ടതും അനുഭവിച്ചതും അദ്ദേഹം ഒരിക്കലും വിസ്മരിക്കുകയില്ല. സ്നേഹിതന്മാർ അദ്ദേഹത്തെ ഇപ്പോഴും പ്രസന്നനായും സൌമ്യനായും ത ന്നെ കണ്ടുവെങ്കിലും അദൃഷ്ടപൂർവ്വമായ ഒരു ഭക്തിതീക്ഷ്ണ തയാലും വൈരാഗ്യജന്യമായ തേജസ്സിനാലും അദ്ദേഹത്തി ന്റെ മുഖം പ്രശോഭിച്ചു. "ഈ ധ്യാനപരമ്പരയുടെ ശേഷം ഫ്രാൻസിസ്സ് ഒരു പുതിയ മനുഷ്യനായി പ്രത്യക്ഷപ്പെട്ടു. ഇപ്പോൾ മുതൽ ഒരു പുണ്യവാന്റെ ജീവചരിത്രമാണ് നാം എഴുതുന്നത്." എന്ന് ഒരു ജീവചരിത്രകാരൻ പറയു ന്നു. സമൂലമായ ഈ ഹൃദയപരിവർത്തനത്തിനു ഹേതുഭൂ തനായ ഇഗ്നേഷ്യസ്സിനെ അപ്പോൾമുതൽ തന്റെ 'ആ ത്മീയപിതാവാ'യി ഫ്രാൻസിസ്സ് സ്നേഹിക്കുകയും പൂജി ക്കുകയും ചെയ്തു.

ധ്യാനത്തിനുശേഷം ഏതാനും ദിവസങ്ങൾ കഴി ഞ്ഞപ്പോൾ, ഇഗ്നേഷ്യസ്സിനാൽ സമുദ്ധരിക്കപ്പെടുന്നതി നുമുമ്പ് താൻ വീണുപോയിരുന്ന ഗർത്തത്തിന്റെ അഗാ ധതയെ മനസ്സിലാക്കുന്നതിന് ഫ്രാൻസിസിന് ഒരു സ ന്ദർഭമുണ്ടായി. ഉന്നതസ്ഥാനത്തുള്ള ചിലരുടെ സഹായ ത്തോടുകൂടി കാൽവിൻ എന്ന മതനവീകരണനേതാവ് തന്റെ പ്രസ്ഥാനത്തെ പ്രചരിപ്പിക്കുന്നതിനു രഹസ്യമാ യി പാരിസിൽ വന്നു. ഒക്ടോബർ 18-നു പ്രഭാതത്തി

ൽ പാരിസിലെ പൗരജനങ്ങൾ ഉണർന്നെഴുന്നേറ്റപ്പോൾ 'ദിവ്യകാരുണ്യ'ത്തിനു (കുർബാനയ്ക്കു) വിരുദ്ധമായി ബീഭത്സങ്ങളായ ദൈവദൂഷണങ്ങളും തിരുസഭയെ തൃജിക്കുന്നതിനും മതപരമായ ഒരു വിപ്ലവം സമാരംഭിക്കുന്നതിനുമുള്ള ഉദ്ബോധനങ്ങളുമടങ്ങിയ വിജ്ഞാപനങ്ങൾ കൊണ്ടു തങ്ങളുടെ ഭവനഭിത്തികൾ നിറഞ്ഞിരിക്കുന്നതായിക്കണ്ടു് അവർ പ്രക്ഷുബ്ധരായി. മതഭേദികൾക്കെതിരായ നടപടികൾ ഗവണ്മെൻറു് ആരംഭിച്ചു. അടുത്ത ജനുവരി 21-നു- അസംഖ്യേയമായ ഒരു ജനസഞ്ചയം നഗരവീഥികളിൽക്കൂടി നോത്രദാംദേവാലയത്തിലേക്കു പാപപരിഹാരപരമായ ഒരു ഘോഷയാത്ര നടത്തി. അതു് അവസാനിച്ചപ്പോൾ രാജാവു് മതനവീകരണവ്യവസായികൾക്കെതിരായുള്ള ധർമ്മസമരത്തിൽ എല്ലാവരും ഭാഗഭാക്കുകളാകണമെന്നു ക്ഷോഭജനകമാംവണ്ണം പ്രസംഗിച്ചു. നാലുദിവസംകഴിഞ്ഞു് ഒരു രാജകീയദൂതൻ ലാറോൻകപാർട്ടറിൽ വന്നു് എഴുപത്തിമൂന്നു മതഭേദികൾക്കു കോടതിയുടെ സമൻസു കൊടുത്തു; അവരിൽ അഞ്ചുപേർ വൈദികരായിരുന്നു. പക്ഷെ, കാൽവിൻ അന്യായികളോടുക്രൂരനഗരത്തിൽനിന്നു് ഒളിച്ചോടി രക്ഷപ്പെട്ടു.

1537 ജനുവരി 25-നു- (സെയിൻറു് പോളിൻെറ പരിവർത്തനദിനം) ആയിരുന്നുവല്ലോ ഇഗ്നേഷ്യസ്സും ശിഷ്യന്മാരും പുണ്യഭൂവിലേക്കു പുറപ്പെടുന്നതിനു നിശ്ചയിച്ചിരുന്ന ദിവസം. എന്നാൽ ഇപ്പോൾ അപ്രതീക്ഷിതമായ ഒരു ദുരിഷ്ടം അവർക്കു നേരിട്ടു. ഇഗ്നേഷ്യസ്സിൻെറ ആരോഗ്യം ക്ഷയിക്കുകയാൽ ആരോഗ്യസംരക്ഷണത്തിനായി അദ്ദേഹം സ്വദേശത്തുപോയി കുറേനാൾ താമസിക്കണമെന്നു ഡോക്ടറന്മാർ ഉപദേശിച്ചതനുസരിച്ചു അദ്ദേഹം തൽക്കാലത്തേയ്ക്കു് അവരെ വിട്ടുപിരിയേണ്ടിവന്നു. ഗുരുശിഷ്യന്മാർക്കു പരസ്പരം വിട്ടുപിരിയുന്നതിനു്

ഏററവും വിഷമമായ ഒരു ഘട്ടമായിരുന്നു അത്. അവരുടെ ജീവിതരീതിക്കുള്ള അസാധാരണത്വം അവരെ ചിലരുടെ ശത്രുതയ്ക്കു പാത്രീഭവിപ്പിക്കുകയും അവർ പാഷണ്ഡന്മാരാണെന്ന ശങ്ക പലരിലും ജനിപ്പിക്കുകയുംചെയ്തു. ദുർബുദ്ധികൾ അവരെപ്പററി ഒട്ടവളരെ അപവാദങ്ങൾ പരത്തിയിരുന്നു. അവരുടെ സ്വദേശങ്ങളിലും അവിടുലം അവരെപ്പററി പല തെററിദ്ധാരണകളും വ്യാപിച്ചിരുന്നു. ഇഗ്നേഷ്യസ് സ്വെയിനിലേക്കു പോയപ്പോൾ അദ്ദേഹത്തിന്റെ കൈവശം ഫ്രാൻസിസ് സ്വസഹോദരനായ ജുവാന കൊടുത്തയച്ചകത്ത് ഈ വസ്തുതയ്ക്കു സാക്ഷ്യംവഹിക്കുന്നു. 1667-ൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയപ്പോൾ ഏഴ വാല്യങ്ങളുണ്ടായിരുന്ന സെയിൻറ് ഫ്രാൻസിസ് സേവിയറിന്റെ ആ വിസ്മയജനകവും അനശ്വരവുമായ ലേഖനപരമ്പരയിലെ ഒന്നാമത്തെ ലേഖനമാണ് ഇത്. 1535 മാർച്ച് 25-ാം- പാരിസിൽനിന്നു അദ്ദേഹം എഴുതിയ ഈ എഴുത്തിന്റെ ഉദ്ദേശ്യം ഇഗ്നേഷ്യസ്സിനെയും തന്നെയുംപററിയുള്ള അപവാദങ്ങളുടെ അയാഥാർത്ഥ്യത്തെ പ്രകാശിപ്പിക്കുക എന്നതായിരുന്നു. അതിന്റെ അവസാനഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—"ശ്രീമാൻ ഇഗ്നേഷ്യസ്സിന്റെ പരിചയം സമ്പാദിക്കുന്നതിന് ഇടയാക്കിയതിൽ ഈശപരൻ എന്നോടു പ്രദർശിപ്പിച്ചിരിക്കുന്ന മഹാകാരുണ്യത്തെപ്പററി അങ്ങേക്കു ബോദ്ധ്യംവരുത്തുന്നതിനായി, എനിക്കു അദ്ദേഹത്തോടുള്ള വലുതായ ഋണബാദ്ധ്യതയെ വീട്ടുന്നതിന് ജീവിതകാലം മുഴവനും വിചാരിച്ചാലും സാധിക്കുകയില്ലെന്നു ഞാൻ അങ്ങയോടു സത്യംചെയ്തു പറഞ്ഞുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ, ധനവും സ്നേഹിതന്മാരുംവഴി അദ്ദേഹം എന്റെ ആവശ്യങ്ങളിൽ പലപ്പോഴും സഹായിച്ചിട്ടുണ്ടെന്നുമാത്രമല്ല, അസത്തുകളായ കൂട്ട

കാരുടെ സഹവാസത്തെ വർജ്ജിക്കുന്നതിന് അദ്ദേഹം എന്നെ പ്രേരിപ്പിക്കുകകൂടി ചെയ്തിട്ടുണ്ട്—അവർ അസത്തുകളാണെന്ന് എന്റെ ലോകപരിചയക്കുറവുകൊണ്ടു ഞാൻ മനസ്സിലാക്കിയിരുന്നില്ല—. പാഷണ്ഡപ്രസ്ഥാനങ്ങൾ ഇപ്പോൾ പാരിസിൽ തലപൊക്കിയുമിരിക്കുന്നു; ലോകംമുഴുവനും പ്രതിഫലമായി ലഭിച്ചാലും ഞാൻ അവയോടു സഹകരിക്കുന്നതിന് ആഗ്രഹിക്കുകയില്ല. പ്രത്യക്ഷത്തിൽ സത്തുകളെന്ന് എനിക്കു തോന്നിയെങ്കിലും പാഷണ്ഡവൃദയരെന്ന സംഭവഗതി തെളിയിച്ചിരിക്കുന്ന സ്നേഹിതന്മാരിൽനിന്ന് എന്നെ സംരക്ഷിച്ചതിനു ശ്രീമാൻ ഇഗ്നേഷ്യസ്സിനോടു ഞാൻ എങ്ങിനെ പ്രത്യുപകാരംചെയ്യുമെന്ന് എനിക്ക് അറിയാൻപാടില്ല. ഈ വസ്തുതയിൽനിന്നുമാത്രം ശ്രീമാൻ ഇഗ്നേഷ്യസ്സിനെപ്പറ്റിയുള്ള കിംവദന്തികളുടെ അയാഥാർത്ഥ്യം അങ്ങേക്കു ഗ്രഹിക്കാൻ കഴിയും. .....ശ്രീമാൻ ഇഗ്നേഷ്യസ്സിനെ സൌഹാർദ്ദപൂർവ്വം സ്വീകരിക്കുകയും, അദ്ദേഹത്തോടു സംഭാഷണംചെയ്യുകയും അദ്ദേഹത്തിന്റെ വാക്കിനെ വിശ്വസിക്കുകയുംചെയ്യണമെന്നു ഞാൻ അങ്ങയോടു ഹൃദയപൂർവ്വം അപേക്ഷിച്ചുകൊള്ളുന്നു; എന്തുകൊണ്ടെന്നാൽ അദ്ദേഹം സവിശേഷം പ്രബുദ്ധനായ ഒരു മനുഷ്യനാകയാൽ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ അങ്ങേക്ക് ഏറ്റവും പ്രയോജനകരമായിരിക്കുമെന്നുള്ളതു തീർച്ചയാണ്. ഞാൻ പറഞ്ഞയച്ചിട്ടുള്ളതായി അദ്ദേഹം അങ്ങയോടു പറയുന്നതെല്ലാം, ഞാൻതന്നെ നേരിട്ട് അങ്ങയോടു പറഞ്ഞാലെന്നപോലെ, വിശ്വസിക്കുക.....എന്ന് അങ്ങയുടെ ആജ്ഞാനുസാരിയും അനുജനുമായ ഫ്രാൻസിസ് സേവിയർ."

അദ്ധ്യായം ൧.

I

വെനീസിലേക്കുള്ള യാത്ര.

ഇഗ്നേഷ്യസ്സിന്റെ അസാന്നിദ്ധ്യത്തിൽ പീറർ ഫേബർ ശിഷ്യസംഘത്തിന്റെ നേതാവായി. അദ്ദേഹം ക്ലാഡിയസ്സ് ജയസ്സ്, പസ്ക്കേഷ്യസ്സ് ബ്രൊയറൂ, ജോൺ കോഡ്യൂർ എന്നീ മൂന്നു പുതിയ അംഗങ്ങൾക്കു സംഘത്തിൽ പ്രവേശനം നല്കി. ഇവരിൽ ജയസ്സും ബ്രൊയെറും വൈദികരായിരുന്നു. ഈ ഒമ്പതു ശിഷ്യന്മാരുടെയും ഭക്തിയും വൈരാഗ്യവും ഉത്തരോത്തരം വർദ്ധിക്കുകയും അവർ പ്രതിദിനമുള്ള ഡോമിനിക്കന്മാരുടെയും ഫ്രാൻസിസ്ക്കന്മാരുടെയും വേദശാസ്ത്രപരമായ പ്രസംഗങ്ങളം കേൾക്കുകയും ആഴ്ചതോറും കുമ്പസാരിക്കുകയും എല്ലാ ഞായറാഴ്ചകളിലും കർത്തൃസ്വൻ ദേവാലയത്തിൽപോയി ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. ദേവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിൽ മോണ്ട്മാർത്രയിലെ ദേവാലയത്തിൽവച്ച് അവർ വ്രതപ്രതിജ്ഞയെ ആവർത്തനം ചെയ്തു.

ഇഗ്നേഷ്യസ്സ് സ്പെയിനിലേക്കു പുറപ്പെട്ടപ്പോൾ ശിഷ്യന്മാരോടുകൂടി യെരുശലേമിലേക്കുള്ള തീർത്ഥയാത്രയ്ക്കു വെനീസു പട്ടണത്തിൽവച്ചു സമാഗമിക്കാമെന്നു പറഞ്ഞൊത്തിരുന്നു. അതിനായി അവർ പാരിസിൽനിന്നു യാത്രതിരിക്കുന്നതിനുള്ള കാലം സമീപിച്ചപ്പോൾ ഫ്രാൻസും സ്പെയിനും തമ്മിൽ യുദ്ധമാരംഭിച്ചു. ഭ്രരിപക്ഷം സ്പെയിൻകാരായ അവർ അപ്പോൾ ശത്രുരാജ്യമായിത്തീർന്ന ഫ്രാൻസിൽ തങ്ങളുടെ താമസം ദീർഘിപ്പിക്കുന്നതു ബുദ്ധിപൂർവ്വകമായിരുന്നില്ല. അതുകൊണ്ട്, അദ്ധ്യയനകാലഘട്ടം അവസാനിക്കുന്നതിനുമുമ്പായി പെട്ടെന്ന് പഠി

ത്തം മതിയാക്കിയിട്ട്, 1536 നവംബർ 15-ന- യാത്രപു
റപ്പെടുന്നതിന് അവർ ഒരുങ്ങി. അവർ പാരിസുപട്ടണം
വിടാറായപ്പോൾ നവാറായിൽനിന്ന് ഒരു ദൂതൻ ഫ്രാൻ
സിസ്സ് സേവിയറിനു കൊടുക്കാൻ ഒരെഴുത്തുമായി വന്നു.
പാമ്പ് ലോണായിലെ ഭദ്രാസനദേവാലയത്തിൽ ഒരു വൈ
ദികോദ്യോഗസ്ഥനായി ഫ്രാൻസിസ്സ് നിയമിക്കപ്പെട്ട
വെന്ന് അറിയിക്കുന്നതായിരുന്നു അതു്. അനുജൻ സമ്പ
ത്തും ത്യജിച്ചു് സന്ന്യാസജീവിതം അവലംബിക്കാൻ നിശ്ച
യിച്ചിരിക്കുന്നുവെന്ന് അറിഞ്ഞു് അസ്വസ്ഥനായ ജ്യേഷ്ഠ
ൻ അനുജനെ ലോകത്തേക്കു് ആകർഷിക്കുന്നതിനായി
ബദ്ധപ്പെട്ടു് ഈ ഉദ്യോഗനിയമനസന്ദേശം വാങ്ങി അ
യച്ചതായിരുന്നു. വളരെ പ്രാധാന്യവും ആദായവുമുള്ളതും
ഭാവിമഹത്പദത്തിനു മാർഗ്ഗദർശകവുമായ ആ ഉദ്യോഗം
ഫ്രാൻസിസ്സ് വളരെ മോഹിച്ച ഒന്നായിരുന്നു. അതു്
ഇതാ അദ്ദേഹത്തിനു സസ്പൃഹമായിരിക്കുന്നു! പക്ഷേ
ഇപ്പോൾ അദ്ദേഹത്തിന് അതു് ആവശ്യമില്ല! അദ്ദേഹ
ത്തിന്റെ ദൃഷ്ടിയിൽ അതു് ഏറ്റവും ഗർഹണീയമായ
ഒരു പ്രലോഭനം ആയിരിക്കുന്നു. അദ്ദേഹം അതിനെ സാ
വജ്ഞം തിരസ്കരിക്കുന്നു. ".....ഒരു മനുഷ്യന് അതു
കൊണ്ടു് എന്തു പ്രയോജനമുണ്ടു്?" എന്ന ഇഗ്നേഷ്യസ്സി
ന്റെ വാക്കുകൾ അദ്ദേഹത്തിന്റെ സ്മൃതിപഥത്തിൽ
ശുദ്ധമൂലമായി പതിഞ്ഞിരുന്നു. ഫ്രാൻസിസ്സ് അസീസ്സി
'ഈശപരന്റെ ഭിക്ഷുവായ ഗായകൻ' എന്നു വിളിക്കപ്പെ
ട്ടതുപോലെ, ഫ്രാൻസിസുസേവിയർ'ഈശപരന്റെ ഭിക്ഷു
വായ ദൂത'നാണ്, സംശയമില്ല. ലോകദൃഷ്ടിയിൽ പരാജ
യത്തെയും ഏകാന്തമായ മരണത്തെയും വരിക്കുന്നതിനാ
യി തന്റെ ജീവിതത്തിൽ ഇനിയുള്ള പതിനാറുവത്സര
വും ക്രൈസ്തവധർമ്മസന്ദേശഹരനായ അദ്ദേഹം ഉല്ലാസ
ത്തോടും ധൈര്യത്തോടുംകൂടി വിവിധങ്ങളായ അരിഷ്ടത

കളോടും ആപത്തുകളോടും അഭിമുഖീഭവിച്ചുകൊണ്ട് ബഹുദൂരം സഞ്ചരിക്കും.

നമ്മുടെ അദ്ധ്വനീനന്മാരുടെ ആദ്യത്തെ താവളം മോ (Meaux) ആയിരുന്നു. യുദ്ധശല്യം നിമിത്തം ഭക്ഷിണഫ്രാൻസുവഴി അവർക്ക് യാത്രചെയ്യാൻ സാധിച്ചില്ല. മതവിരോധികളാൽ അധ്യുഷിതമായ ദേശങ്ങളിൽക്കൂടെ സഞ്ചരിക്കുന്നതിന് അവർ നിർബ്ബന്ധരായി. അതു വർഷകാലമായിരുന്നു. മഴ തോരാതെ പെയ്തുകൊണ്ടിരുന്നു. പെരുവഴികളിൽക്കൂടെ സഞ്ചാരശാലാവിദ്യാർത്ഥികളുടെ നീണ്ട ഉടുപ്പും വിസ്തൃതമായ തൊപ്പിയും ധരിച്ചും, ജപമാല കഴുത്തിൽ ചുറ്റിയിട്ടും, വലതുകൈയിൽ തീർത്ഥസാധാരണമായ വടി വഹിച്ചും, ഇടതുതോളിൽ ബൈബിളും പ്രാർത്ഥനപുസ്തകവും വച്ചിരുന്ന തോൽസഞ്ചി തൂക്കിയിട്ടും അവർ യാത്രചെയ്തു. അവർ പ്രാർത്ഥിച്ചും ധ്യാനിച്ചും സങ്കീർത്തനങ്ങൾ പാടിയും ഭക്തിപരമായ സംഭാഷണങ്ങളിലേർപ്പെട്ടും നടന്നതിനാൽ യാത്രയുടെ ക്ലേശവും ക്ഷീണവും അറിഞ്ഞില്ല. വിശ്രമിക്കുന്നതിനായി സത്രത്തിൽ പ്രവേശിക്കുമ്പോൾ അവർ പരസ്യമായി മുട്ടുകുത്തി പ്രാർത്ഥിക്കുമായിരുന്നു; അവിടെനിന്നു പോകുമ്പോഴും അവർ അപ്രകാരം ചെയ്യും; പാഷണ്ഡന്മാരുടെ മുമ്പാകെ അവരുടെ മതവിശ്വാസദാർഢ്യത്തെ പ്രകടിപ്പിക്കുക എന്നതായിരുന്നു ഈ അനുഷ്ഠാനത്തിന്റെ ഉദ്ദേശ്യം. സൗകര്യമുള്ള സ്ഥാനങ്ങളിൽ അവരുടെ കൂട്ടത്തിലുള്ള മൂന്നു വൈദികന്മാർ ദിവ്യപൂജ ചെയ്യുകയും മറ്റുള്ളവർ 'ദിവ്യകാരുണ്യം' സ്വീകരിക്കുകയും ചെയ്യും.

അവർ മോ വിട്ടു രണ്ടോ മൂന്നോ ദിവസം കഴിഞ്ഞപ്പോൾ, രണ്ടുപേർ അവരെ അനുധാവനം ചെയ്യുന്നതായിക്കണ്ടു. അവരിൽ ഒരാൾ സെബാസ്റ്റ്യൻ റൊഡ്രിഗ്സ്സായിരുന്നു. തന്റെ സഹോദരൻ സൈമൺ പാരിസിൽ

നിന്നും പുറപ്പെട്ടുപോയി എന്ന് അറിഞ്ഞു് അദ്ദേഹം ആ തലതിരിഞ്ഞുപോയ സഹോദരനെ പിടിക്കുടി തിരിയെക്കൊണ്ടുപോകുന്നതിനായിരുന്ന ഇതു ബദ്ധപ്പെട്ടു് ഓടിവന്നതു്. പക്ഷെ സൈമന്റെ നിശ്ചയം അചാല്യമെന്നു കണ്ടു് അദ്ദേഹം ഭഗ്നാശനായി മടങ്ങിപ്പോകേണ്ടിവന്നു.

ഫ്രാൻസിസ്സും സഹചാരികളും ഫ്രാൻസിന്റെ അതിത്തി കടന്നു ലൊറെയിൻവഴി മെറ്റ്സിൽ എത്തി. അവിടെ മൂന്നുദിവസം താമസിച്ചശേഷം നാൻസിയിലേക്കു നടന്നു സെയിന്റ് നീക്കൊളാസിന്റെ ദേവാലയം സന്ദർശിച്ചു. അനന്തരം അവർ പാറ്റ്തപംക്തികൾ കടന്നു് അൾസേസ്വഴി സ്വിറ്റ്സർലണ്ടിൽ പ്രവേശിച്ചു. അവരുടെ യാത്രയുടെ ഏറ്റവും വൈഷമ്യമുള്ള ഭാഗം ഇപ്പോൾ ആരംഭിച്ചു. തണുപ്പു ഭയങ്കരമായിരുന്നു. മുട്ടുവരെ പുതയുന്ന മഞ്ഞിൽക്കൂടെ നടന്നു് അവർ വളരെ കഷ്ടപ്പെട്ടു. വഴിയും ഭാഷയും അറിയാൻപാടില്ലാതെ അവർക്കു പലപ്പോഴും മാർഗ്ഭ്രംശമുണ്ടായി. വിശപ്പും ക്ഷീണവുംകൊണ്ടു പരവശരായും മഴ നനഞ്ഞും വിറച്ചും രാത്രി വിശ്രമിക്കുന്നതിനായി ഏതെങ്കിലും സത്രത്തെ അഭയംപ്രാപിച്ചാൽ അവിടെയും അവർക്കു സ്വസ്ഥത ലഭ്യമായിരുന്നില്ല. ജപമാലയും മറുംകണ്ടു് അവർ കത്തോലിക്കരാണെന്നു് ഉടൻ മനസ്സിലാക്കിയ മതവിരോധികൾ (സ്വിറ്റ്സർലണ്ടിലെ ജനങ്ങൾ പൊതുവെ നവീകരണപ്രസ്ഥാനം അവലംബിച്ചുകഴിഞ്ഞിരുന്നു) പുറത്തു പോയി സമീപത്തു കിട്ടാവുന്ന ലത്തീൻപണ്ഡിതന്മാരെ ഈ അതിഥികളോടു തർക്കിക്കുന്നതിനായി വിളിച്ചുകൊണ്ടുവരും. ചിലപ്പോൾ രാത്രിമുഴുവനും അവർക്കു് ഈ താർക്കികന്മാരോടു വാദപ്രതിവാദംചെയ്തു കഴിച്ചുകൂട്ടേണ്ടിവരും. മൂന്നുദിവസം അവർ ബേസിലിൽ താമസിച്ചു. അവിടെനി

ന്ന് അവർ കോൺസ്റ്റൻസുവഴി ഫീൽഡികിർച്ചിൽ ചെന്നുചേർന്നു. അവർ വീണ്ടും കത്തോലിക്കരുള്ള ദേശത്തായി. അവർ ബോസനും ട്രെന്റുംവഴി യാത്ര തുടരുകയും പർവ്വതപംക്തികളും കടന്ന് ഇറലിയിൽ പ്രവേശിക്കുകയുംചെയ്തു. 1537 ജനുവരി 8-ാനു- അവർ വെനിസിൽ എത്തി ഇഗ്നേഷ്യസ്സിനെക്കണ്ടു. രണ്ടു വർഷത്തെ വിയോഗത്തിനുശേഷം ഗുരുശിഷ്യന്മാരുടെ ഈ പുനഃസമാഗമം പരസ്പരം ആനന്ദപ്രദമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ.

II

പട്ടാഭിഷേകം.

ജൂൺമാസത്തിൽ മാത്രമെ വെനീസിൽനിന്നു തീർത്ഥയാത്രക്കപ്പലുകൾ പുറപ്പെടുമായിരുന്നുള്ളു. അതുവരെ ഇഗ്നേഷ്യസ്സും ശിഷ്യന്മാരും വിശ്രമം അനുഭവിക്കണമെന്നു വിചാരിച്ചില്ല. ആശുപത്രികളിലെ രോഗികളെ ശുശ്രൂഷിക്കുക എന്ന ഏറ്റവും ക്ലേശാവഹവും ശ്രമക്ഷമവുമായ കൃത്യത്തിൽ അവർ ഏർപ്പെട്ടു. ഇഗ്നേഷ്യസ്സും നാല ശിഷ്യന്മാരും 'ജോണൻപോലം' ആശുപത്രിയിലും, ഫ്രാൻസിസും മറ്റുള്ളവരും തീരാവ്യാധിക്കാരുടെ ആശുപത്രിയിലും താമസിച്ചു ധർമ്മസേവനം അനുഷ്ഠിച്ചു. അവിടെ അപകൃഷ്ടമെന്നു ഗണിക്കപ്പെട്ട കൃത്യങ്ങളായിരുന്നു അവർ നിർവഹിച്ചതു്. ആശുപത്രികളുടെ അകവും പുറവും അടിച്ചുവാരി വൃത്തിയാക്കുക, അസഹായരായ രോഗികളെ കുളിപ്പിക്കുക, അവരുടെ അഴുക്കുതുണികൾ കഴുകുക, ആസന്നമരണരെ നല്ലമരണത്തിനായി ഒരുക്കുക, ശവക്കുഴി കുഴിച്ചു ശവസംസ്കാരം ചെയ്യുക, എന്നീ ജോലികളും അവർ ഉത്സാഹപൂർവ്വം ചെയ്തു. പരമാർത്ഥമായ സേവനത്തിലും ജീവിതത്തിലുമാണു് മനുഷ്യൻ ലോക

ത്തു് ഏററവും വലുതായ ആനന്ദം കണ്ടെത്തുന്നതെന്നുള്ള മഹാതത്വത്തെ ഈ ത്യാഗമൂർത്തികൾ സചേഷ്ടാന്തം കൊണ്ടു തെളിയിച്ചു. രോഗാതുരന്റെ ശരീരത്തിൽ പാപത്തിന്റെ ബീഭത്സഫലവും ശിക്ഷയുമല്ല അവർ കണ്ടതു്. പ്രത്യുത, "എന്റെ ഈ സഹോദരന്മാരിൽ ഏററവും ചെറിയവനു നീ ചെയ്യുന്ന ഉപകാരം നീ എനിക്കു ചെയ്യുന്നതായിരിക്കും." എന്നു പറഞ്ഞ ഭഗവാന്റെ പ്രതിബിംബമത്രെ അവർ അതിൽ ദർശിച്ചതു്.

യെരുശലേമിലേക്കു് തീർത്ഥാടനം ചെയ്യാൻ ഉദ്ദേശിക്കുന്നവർ, പുറപ്പെട്ടുന്നതിനുമുമ്പു്, മാർപ്പാപ്പായുടെ ആശീർവ്വാദം അപേക്ഷിക്കുക പതിവായിരുന്നു. അതനുസരിച്ചു നമ്മുടെ തീർത്ഥയാത്രക്കാർ വെനീസിൽനിന്നും റോമായിലേക്കു പുറപ്പെട്ടു. അവരുടെ സംഘത്തിൽ ഇപ്പോൾ പുതിയതായി മൂന്നുപേർ കൂടി ചേർന്നിരുന്നു. ഇവർ ഹോസ്പ്പിറ്റലർമാരായും മേസ്തിരിയാസുമായിരുന്നു. ഇവരിൽ ഹോസ്പ്പിറ്റലർ ആരിയാനുവൈദികരായിരുന്നുവത്രെ. ഇഗ്നേഷ്യസിനു ചില വിരോധികൾ റോമായിലുണ്ടെന്നു ശങ്കയുണ്ടായിരുന്നതിനാൽ അദ്ദേഹം ശിഷ്യന്മാരോടുകൂടി പോയില്ല. ഈ യാത്രയിൽ അവർ ആഹാരസാധനങ്ങളൊ പണമൊ കരുതിയിരുന്നില്ല. ഇത്തവണയും മഴ അതികലശലായിരുന്നു. ജലപ്രളയംകൊണ്ടു നദികളും പുഴകളും കരകവിഞ്ഞു് ഒഴുകി. നഗ്നപാദരായി അവർ ദിവസംപ്രതി മുപ്പതുമൈൽവീതം നടന്നു. ചില സ്ഥലങ്ങളിൽ കഴുത്തുവരെയുള്ള വെള്ളത്തിൽ ഇറങ്ങിക്കയറി. യാചിച്ചുകിട്ടുന്ന ആഹാരംകൊണ്ടായിരുന്നു അവർ യാത്രയിൽ ജീവസന്ധാരണം ചെയ്തതു്. പീഡാനുഭവങ്ങളായറാഴ്ച വൈയിട്ടു് അവർ റാവന്നായിൽ എത്തി. അവിടെനിന്നു് ഒരു ബോട്ടിൽ കയറി അങ്കോണായിലേക്കു കടന്നു. സമീപസ്ഥമായ ലൊറേ


റോമാവിലെ വിശുദ്ധഭവനം സന്ദർശിച്ചശേഷം അവർ വിശുദ്ധവാരത്തിൽ റോമായിലെത്തി.

ജർമ്മൻ ചക്രവർത്തിയുടെ പ്രതിനിധിയായ ഓർട്ടീസിന്റെ സഹായംകൊണ്ട് നമ്മുടെ തീർത്ഥയാത്രക്കാർക്ക് മാർപ്പാപ്പായായ പോൾ തൃതീയൻ ഈസ്റ്റർ കഴിഞ്ഞയുടനെ സന്ദർശനം അനുവദിച്ചു. പാരിസുസർവ്വകലാശാലയിൽനിന്നു വന്ന ഈ വിദ്വാന്മാർക്ക് അവരുടെ വിഭവത്തപം പ്രദർശിപ്പിക്കുന്നതിന് അദ്ദേഹം ഒരു സന്ദർഭം നൽകി. വേദാന്തസംബന്ധമായ ഒരു വിവാദത്തിനായി അദ്ദേഹം അവരെ ക്ഷണിച്ചു. ഒട്ടുവളരെ കർദ്ദിനാളന്മാരുടെയും മെത്രാന്മാരുടെയും ഇതരവൈദികരുടെയും സദസ്സിൽവെച്ചു തത്വശാസ്ത്രത്തെയും വേദശാസ്ത്രത്തെയും അധികരിച്ച് അവർചെയ്ത വാദപ്രതിവാദങ്ങളം പണ്ഡിതാഗ്രേസരനായ മാർപ്പാപ്പായെ വളരെ സന്തുഷ്ടനാക്കി. അക്കാലത്തു ഇറ്റലിയിലെ വൈദികർ മിക്കവാറും വിദ്യാവിഹീനരും കഷ്ടിച്ചു കുർബാനചൊല്ലുന്നതിനുമാത്രം ലത്തീൻഭാഷ വശമുള്ളവരുമായിരുന്ന സ്ഥിതിക്ക്, ഇഗ്നേഷ്യസ്സിന്റെ ശിഷ്യന്മാരുടെ പാണ്ഡിത്യവും പ്രാഗത്ഭ്യവും മാർപ്പാപ്പായിൽ അസാമാന്യമായ സംതൃപ്തി ഉളവാക്കിയതിൽ അത്ഭുതത്തിനു വകയില്ല. അദ്ദേഹം അവർക്ക് ആശീർവ്വാദം കൊടുത്തതിനുപുറമേ അവർക്ക് ഇഷ്ടമുള്ള ഏതു മെത്രാനിൽനിന്നും പത്രമേനി [പിതൃസ്ഥൻ] ക്രൂടാതെ വൈദികപദം സ്വീകരിക്കുന്നതിനുള്ള അനുവാദവും, തീർത്ഥയാത്രയുടെ ചെലവിനായിഒരു സംഭാവനയും പ്രദാനം ചെയ്തു: പത്രമേനിക്കു പകരമായി അവരുടെ പാണ്ഡിത്യം അംഗീകരിക്കപ്പെട്ടു.

അവർ ഉല്ലാസഭരിതരായി വെനീസിൽ മേയ്മാസമദ്ധ്യത്തിൽ മടങ്ങിയെത്തി. അപ്പോൾ തുർക്കിയും വെനീസും തമ്മിൽ യുദ്ധം ആരംഭിച്ചു കഴിഞ്ഞിരുന്നു. അ

തുകൊണ്ടു യാതൊരു തീർത്ഥയാത്രക്കപ്പലും വെനീസുതുറ മുഖത്തിൽനിന്നു ആ വർഷം പുറപ്പെടുകയില്ലെന്നു തീർച്ചയായി.

1537-ജൂൺ 24-ാംനു- ഇഗ്നേഷ്യസ്സും, ഫ്രാൻസിസ്സും, ബൊബാഡില്ലായും, ലെയിനസും, സാൽമറണും, കോഡ്യൂറയും, റൊഡ്രീഗ്സും ആർബായിലെ മെത്രാനാൽ പട്ടാഭിഷേകംചെയ്യപ്പെട്ട. മിഗ്വൽനവാറെയും അരിയാസും റോമയിൽനിന്നുള്ള പ്രതിയാനത്തിൽ സംഘം വിട്ട് ഒളിച്ചോടിപ്പോയിരുന്നു.



അദ്ധ്യായം ൪

ഈശോസഭ (The Society of Jesus.)

ജൂലൈ അവസാനംവരെ ഇഗ്നേഷ്യസ്സും ശിഷ്യന്മാരും മുമ്പിലത്തെപ്പോലെ വെനീസിലെ രോഗികളുടെ പരിചരണത്തിൽ വ്യാപൃതരായിക്കഴിഞ്ഞുകൂടി. അതിനുശേഷം അവർ നാല്പതു ദിവസത്തെ തപസ്സിനും ധ്യാനത്തിനുമായി ഏകാന്തസ്ഥാനങ്ങളെ അഭയം പ്രാപിച്ചു. സേവിയരും സാൽമറണും പാദുവായ്ക്കു സമീപം മോൺസെലീസ് എന്ന ഗ്രാമത്തിൽ പൊളിഞ്ഞുകിടന്ന ഒരു കുടിൽ നന്നാക്കി മേഞ്ഞു അതിൽ താമസിച്ചു. ധ്യാനത്തിനുശേഷം സെപ്തംബർ അവസാനത്തിൽ ഗുരുവും ശിഷ്യന്മാരും വിസേൻസായിൽ വിജനമായിരുന്ന ഒരു ആശ്രമത്തിൽ സമ്മേളിച്ചു. ഇവിടെവച്ചു സേവിയരും പൂതിയതായി അഭിഷേകംചെയ്യപ്പെട്ട മറ്റു വൈദികരും അവരുടെ ഇടംപ്രഥമമായ ദിവ്യപൂജ സമർപ്പിച്ചു.

വിസെൻസായിൽ അവർ ഭിക്ഷുക്കളായ ധർമ്മിഷ്ഠന്മാരുടെ ജീവിതചര്യ തുടർന്നു. തങ്ങളുടെ ഭാവിജീവിതപദ്ധതി നിശ്ചയിക്കുന്നതിനെപ്പറ്റി അവർ ക്രിയാത്മകമായ ആലോചനകൾ നടത്തി. 1538-ലെ വേനൽക്കാലംവരെ ഒരു തീർത്ഥയാത്രക്കപ്പൽ പ്രതീക്ഷിച്ചിരിക്കുകതന്നെയെന്നും അതിനിടയ്ക്കു ഇറാലിയിലെ യൂനിവേഴ്സിറ്റികളിൽ ആസ്തിക്യവും യഥാർത്ഥക്രിസ്തുധർമ്മവും പ്രചരിപ്പിക്കുന്നതിനും പുതിയ സഹചാരികളെ സമ്പാദിക്കുന്നതിനും ഉദ്യമിക്കണമെന്നും അവർ തീരുമാനിച്ചു. അടുത്ത വർഷം ഈസ്റ്ററിന് അവർ റോമയിൽവെച്ച് ഇഗ്നേഷ്യസ്സുമായി സമാഗമിക്കും. അവർ ഏതു ധർമ്മസംഘത്തിലെ അംഗങ്ങളാണെന്നു ചോദ്യമുണ്ടാകുന്നുവെങ്കിൽ അവരുടെ മറുപടി യേശുവിന്റെ സംഘം എന്നായിരിക്കണം.

ഒക്ടോബർമാസത്തിൽ ഇവർ പതിനൊന്നുപേരും വിസെൻസാ വിട്ടു. സേവിയറും ബൊബാഡില്ലായും ബൊളോഞ്ഞായിലേയ്ക്കും മറ്റുള്ളവർ ഫെറാറാ, പാദുവാ, സീന്ന, റോമാ മുതലായി യൂനിവേഴ്സിറ്റികളുള്ള മറ്റു നഗരങ്ങളിലേക്കും പോയി. ബൊളോഞ്ഞായിൽ എത്തിയശേഷം ഫ്രാൻസിസ് സെയിന്റ് ഡോമിനിക്കിന്റെ ശവകുടീരത്തിൽ ദിവ്യപൂജചെയ്തു. അദ്ദേഹവും സഹചരന്മാരും സെയിന്റ് ലൂസ്യാദേവാലയത്തിലെ റെക്ടറായ ജറോം കലാസിനിയോടുകൂടിത്താമസിച്ചു. തങ്ങളുടെ അന്നദിനഭോജനം ചുറ്റുമുള്ള വീടുകളിൽനിന്നു യാചിച്ചു കഴിക്കുന്നതിന് അദ്ദേഹം അനുവദിക്കണമെന്നുള്ള വ്യവസ്ഥയിന്മേലായിരുന്നു അവർ അദ്ദേഹത്തിന്റെ വസതിയിൽക്കൂടിത്താമസിച്ചതു്. അവർ പട്ടണത്തിൽ ധർമ്മസേവനം ഊർജ്ജസ്വലതയോടെ ആരംഭിച്ചു. അവർ ജനങ്ങളെ കുമ്പസാരിപ്പിക്കുകയും, രോഗികളെയും കാരാഗൃഹവാസികളെയും സന്ദർശിച്ചു ശുശ്രൂഷിക്കുകയും, ക്രിസ്തു

മതതത്ത്വങ്ങളെ ഉപദേശിക്കുകയും, കുട്ടികളെയും അനക്ഷരന്മാരെയും പ്രാത്ഥിക്കുന്നതിനു പഠിപ്പിക്കുകയും ചെയ്തു. രണ്ടുപേരിൽ ഒരാൾ ഒന്നിടവിട്ടുള്ള ആഴ്ചകളിൽ മറിയാളിന്റെ മേലാവായിരിക്കുകയും തെരുവീഥികളിൽ പ്രസംഗിക്കുകയും ചെയ്തു. അപ്പോൾ മറിയാളുടെ കൃത്യം നഗരവാസികളെ പ്രസംഗം കേൾക്കുന്നതിനു വിളിച്ചുകൂട്ടുന്നതായിരിക്കും. പ്രസംഗകൻ അടുത്ത വീട്ടിൽനിന്നു കടംവാങ്ങിയ ഒരു ബെഞ്ചിന്മേൽ കയറിനിന്നുകൊണ്ടു, "വരുവിൻ, ഈശ്വരവചനം കേൾക്കുവിൻ," എന്നു കടന്നുപോകുന്നവരോടു വിളിച്ചുപറയും. പ്രസംഗകനും സംഘകാരിയും എവിടെയോനിന്നു വന്ന ഏതൊരു ജാലികന്മാരാണെന്നു വിചാരിച്ചു് അവർ സകൗതുകം അടുത്തുവരും. ഈ പരദേശികളുടെ പ്രാകൃതവേഷവും ഇറാലിയനും ഫ്രെഞ്ചും സ്പാനിഷും കൂടിക്കലർന്ന സങ്കരഭാഷയും ശ്രോതാക്കളെ വളരെ രസിപ്പിക്കുകയും ചിരിപ്പിക്കുകയുംചെയ്യും. എന്നാൽ പ്രസംഗം കുറെനേരം കേട്ടുകഴിയുമ്പോൾ പരിഹസിക്കാൻ വന്നുകൂടിയ അവരുടെ ചിരിയും പരിഹാസവും ക്രമേണ അവസാനിക്കുകയും അവർ അപഹൃതചിത്തവൃത്തികളായി, മൂകീഭൂതരായിനിന്നു് അതു ശ്രദ്ധിച്ചു കേൾക്കുകയുംചെയ്യും. നിസ്സാത്മവും സാംക്രമികവുമായ സ്നേഹത്തെ പ്രകാശിപ്പിക്കുന്ന ഭാഷ സാർവജനീനവും, ദ്വിഭാഷിയുടെ സാഹായ്യംകൂടാതെ, സകലർക്കും സുഗ്രഹവുമാണല്ലോ.

സേവിയറും കൂട്ടുകാരും അക്കാലത്തു നടപ്പിലിരുന്ന പാഷണ്ഡപ്രസ്ഥാനങ്ങളെയും, ദൃഷ്ടാങ്ങളെയും, സ്വർഗ്ഗത്തെയും നരകത്തെയും, വ്യക്തിപരമായ ജീവിതപരിഷ്ക്കരണത്തെയുംമറ്റുംപറ്റി പ്രസംഗിച്ചു. അവരുടെ ദൃഷ്ടാന്തവും പ്രസംഗവും ശ്രോതാക്കളുടെ ഹൃദയപരിവർത്തനം നിർവ്വഹിക്കുന്നതിനു പര്യാപ്തമായിരുന്നു. അജ്ഞത

യും അഹങ്കാരവുംനിമിത്തം കുമ്പസാരത്തെയും കുർബാന യെയും ഭക്തിഹീനമായി തിരസ്കരിച്ചിരുന്ന ഒട്ടവളരെ ആളുകൾ ആ ക്രമാശകളെ ഭക്തിപൂർവ്വം സ്വീകരിച്ചുതു ടങ്ങി.

ഫ്രാൻസിസ് ദിവ്യപൂജചെയ്യുമ്പോൾ പ്രകടമായി രുന്ന ഭക്തിപാരവശ്യം അന്യാദൃശമായിരുന്നു. ചിലപ്പോ ൾ പൂജസമയത്തു് ഒരുമണിക്കൂറുനേരം അദ്ദേഹം ഭക്തി യിൽ നിർല്ലീനനായി പരിസ്ഥിതികൾക്കു് അജാഗ്രു കനായി നിന്നുപോയിരുന്നു. അദ്ദേഹം കുർബാന യിൽ ക്രിസ്തുവിന്റെ സാന്നിദ്ധ്യമുണ്ടെന്നു വിശ്വസിക്കുക യല്ല, സ്വന്തം ദൃഷ്ടികളാൽ ക്രിസ്തുവിനെ ദർശിക്കുകയാണു ചെയ്തതെന്നു കാണികൾക്കു തോന്നിപ്പോകുമായിരുന്നു. ഈ ഭക്തിപാരവശ്യത്താൽ സ്പുഷ്ടഹൃദയനായി ആതി ഥേയനായ ജറോം അദ്ദേഹം ഒരു പുണ്യവാൻതന്നെയാ ണെന്നു വിശ്വസിച്ചു. ഇക്കാലത്തു ഫ്രാൻസിസ് പല പ്പോഴും പൗരസ്ത്യദേശങ്ങളിലെ അക്രൈസ്തവമനുഷ്യജാ തികളെയും അവരുടെ ഇടയിൽ ക്രിസ്തുധർമ്മം പ്രചരിപ്പി ക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ഔൽസുക്യാതിരേകു ത്തെയുംപററി സംസാരിക്കുമായിരുന്നു.

1538 ഫെബ്രുവരിമാസത്തിൽ ഹോസസ് പാടുവാ യിൽവച്ചു മരിച്ചു. ഇഗ്നേഷ്യസ്സിന്റെ ശിഷ്യന്മാരിൽ ആദ്യമായി മരിച്ചതു് അദ്ദേഹമായിരുന്നു. ബൊബാഡി ല്ലാ ബൊളോഞ്ഞാ വിട്ടു ഫറാറായിലേക്കു പോയി. സേ വിയർ ഇപ്പോൾ ഏകനായി. കഠിനമായ തപസ്സും അ വിശ്രമമായ അദ്ധ്വാനവും അദ്ദേഹത്തിന്റെ ആരോഗ്യ ത്തെ നശിപ്പിച്ചിരുന്നു. അത്യുഗ്രമായ ഒരു ജ്വരബാധ യാൽ അദ്ദേഹം ശയ്യയെ അവലംബിച്ചു. അദ്ദേഹം മ രിച്ചുപോകുമെന്നു ഭയപ്പെടത്തക്കവണ്ണം രോഗം വർദ്ധി ച്ചു. മാർച്ചുമാസത്തിൽ ജയസ്സും ബൊബാഡില്ലാ

യും ഫ്ലോറായിൽനിന്ന ബൊളോഞ്ഞായിൽ വന്നപ്പോ ഴം അദ്ദേഹം രോഗവിവശനായിരുന്ന. അദ്ദേഹം അവ രോട്ടക്രൂടി റോമയിലേക്കു പോയി. ബൊളോഞ്ഞാന ഗരവാസികൾം ആ ത്യാഗമുത്തിയായ ധർമ്മവീരന്റെ വി യോഗത്താൽ സന്തപ്തഹൃദയരായി.

ഫ്രാൻസിസ്സും ക്രൂട്ടുകാരും റോമയിൽ ചെന്നുചേന്ന ഉടൻ ഇഗ്നേഷ്യസ്സിനെ സന്ദർശിച്ചു. അദ്ദേഹത്തിന് അ പ്പോൾ ഗാൻസിയാ എന്നും സ്ട്രാഡാ എന്നും രണ്ടു പു തിയ ശിഷ്യന്മാരെക്കൂടി ലഭിച്ചിരുന്ന. ഗുരുവും ശിഷ്യ ന്മാരും അവരുടെ അതുവരെയുള്ള ധർമ്മപ്രചാരണപരി ശ്രമങ്ങളിൽ അവർക്കുണ്ടായ അനുഭവങ്ങളെ പരസ്പരം പ റഞ്ഞുകേൾപ്പിച്ചു. ഫെറാറായിലെ പ്രഭുവിന് അവരു ടെ ധർമ്മസംഘത്തോട് വലുതായ ബഹുമാനം തോന്നിയി ട്ടുണ്ടെന്നും അതിന്റെ ഫലമായി യെരുശലമിലേക്കുള്ള അവരുടെ തീർത്ഥയാത്രയുടെ ചെലവുമുഴുവനും അദ്ദേഹം വഹിക്കാൻ സന്നദ്ധനാണെന്നും ബൊബാഡില്ലാ പറ ഞ്ഞു. പക്ഷെ തുർക്കിയും വെനീസും തമ്മിലുള്ള യുദ്ധം മൂലം ആ വർഷവും തീർത്ഥയാത്ര സാദ്ധ്യമായിരുന്നില്ല. അ ടുത്ത ഈസ്റ്ററിനു പന്ത്രണ്ടുപേരും വീണ്ടും സമ്മേളിക്കുക യും റോമയിൽ ധർമ്മപ്രചാരണം ആരംഭിക്കുകയുംചെയ്യു. അവരുടെ പ്രസംഗം കേൾക്കുന്നതിനു ദിവസംപ്രതി ആ ളുകൾ കൂടിക്കൂടിവന്ന. അവർ പ്രസംഗിച്ച ദേവാലയ ങ്ങൾം ജനസമൂഹത്താൽ നിബിഡീകൃതമായിരുന്ന. അ വരുടെ ധർമ്മോപദേശങ്ങൾം നഗരവാസികളിൽ പാപ ങ്ങളെപ്പറ്റി പശ്ചാത്താപവും പരിഹാരേച്ഛയും ജനി പ്പിക്കുകയും അവർ കൂട്ടംകൂട്ടമായി കുമ്പസാരിച്ചു ദിവ്യ കാരുണ്യം സ്വീകരിക്കുകയുംചെയ്യു.

ഈ ഘട്ടത്തിൽ പ്രചണ്ഡമായ ഒരു ആക്രമണത്തി ന 'യേശുവിന്റെ സംഘം' വിധേയമായി. മാത്യു മയി

നാർദി എന്ന ഒരു വാഗ്മിയായ അഗസ്റ്റിനിയൻ സന്യാസി കഴിഞ്ഞ നോമ്പുകാലത്തു സെയിൻറ് അഗസ്റ്റിൻ ദേവാലയത്തിൽവച്ചു ചെയ്ത ഉജ്ജ്വലമായ ഒരു പ്രസംഗപരമ്പരയാൽ അസംഖ്യം ശ്രോതാക്കളെ ആകർഷിച്ചിരുന്നു. ആ പ്രസംഗങ്ങൾ കേൾക്കുന്നതിനായി ഫ്രേബറും ലെയ്നസ്സും പോയിരുന്നു. വേദശാസ്ത്രവിശാരദന്മാരായ ഇവർ പ്രസംഗകൻെറ വാഗ്ധോരണിയിൽ കലർന്നിരുന്ന ലൂഥറൻ പാഷണ്ഡതയെ കണ്ടുപിടിക്കുകയും അവരുടെ പ്രസംഗങ്ങളിൽ അതിനെ ശക്തിമത്തായി പ്രത്യാഖ്യാനിക്കുകയുംചെയ്തു. ഇതിനാൽ പ്രക്ഷുബ്ധരായ അഗസ്റ്റിനിയൻപ്രസംഗകൻെറ അനുയായികൾ പ്രതികാരത്തിനു ബദ്ധപരികരരായി. ഇവരുടെ ക്രുദ്ധത്തിൽ പ്രാമാണികന്മാരായി മാപ്പ്പ്പായുടെ അരമനയിലെ മൂന്ന് ഉദ്യോഗസ്ഥന്മാർക്കുടി ഉണ്ടായിരുന്നു. അവർ ഇഗ്നേഷ്യസ്സും ശിഷ്യന്മാരും പാഷണ്ഡന്മാരാണെന്നും വേഷപ്രച്ഛന്നന്മാരായ ലൂഥറന്മാരാണെന്നും ആ സാത്വികന്മാരുടെ മേൽ ദോഷാരോപണംചെയ്തു. അതിനു സാക്ഷിയായി മിഗ്വെൽനവാറോ പ്രത്യക്ഷപ്പെട്ടു. ഇയാൾ ഇടയ്ക്കു ഇഗ്നേഷ്യസ്സിൻെറ ശിഷ്യസംഘത്തിൽ ചേർന്നശേഷം ഒളിച്ചോടിപ്പോയ വസ്തുത നമുക്ക് അറിയാമല്ലോ. പാരിസിൽവച്ചു് ഈ ഖലൻ ഫ്രാൻസിസ്സിൻെറ ഭൃത്യനായിരുന്നിട്ടുണ്ട്. അങ്ങനെ അവൻ ഇഗ്നേഷ്യസ്സിനെയും ഫ്രാൻസിസ്സിനെയും മറ്റു സംഘാംഗങ്ങളെയും അവരുടെ പദ്ധതികളെയുംപറ്റി നല്ല പരിചയവും അറിവുമുള്ളവനെന്നനിലയിലായിരുന്നു അവൻെറ സാക്ഷ്യം ഉദ്ധരിക്കപ്പെട്ടതു്. സംഘംവിട്ട് ഓടിപ്പോയശേഷം അതിൽ വീണ്ടും പ്രവേശനം സിദ്ധിക്കുന്നതിനായി അവൻ രണ്ടുപ്രാവശ്യം അപേക്ഷിച്ചിട്ടുണ്ടായിരുന്നു. ഇഗ്നേഷ്യസ് അവൻെറ അപേക്ഷ നിരസിച്ചുവെന്നുള്ള വൈരം

കൊണ്ടായിരുന്ന അവനിപ്പോൾ പ്രതിക്രൂലസാക്ഷിയായി വന്നതു്. ഇഗ്നേഷ്യസ്സും ശിഷ്യന്മാരും പാഷണ്ഡതയ്ക്കായി സ്പെയിനിലും ഫ്രാൻസിലും വെനീസിലുംവച്ചു ശിക്ഷിക്കപ്പെട്ടിരുന്നവെന്നും കഴുവിൽനിന്നു് അവർ ഓടി രക്ഷപ്പെടുകയാണുചെയ്തതെന്നും അവൻ സാക്ഷിപറഞ്ഞു. ശത്രുപക്ഷത്തിന്റെ പ്രാബല്യത്തെ ഇഗ്നേഷ്യസ് ഭയന്നു. മിസ്സവെലിന്റെ കാപട്യത്തെ തെളിയിക്കുന്നതിനായി സംഘപ്രവേശനത്തിനുള്ള അവന്റെ അപേക്ഷക്കത്തു് അദ്ദേഹം ന്യായാധിപന്റെ മുമ്പാകെ ഹാജരാക്കി. അതു് അവന്റെ സാക്ഷ്യത്തെ നിർദ്ദോഷം ഖണ്ഡിക്കുന്നതിനു പര്യാപ്തമായിരുന്നു. അവൻ റോമയിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടകയും എന്നേക്കുമായി തിരോധാനം ചെയ്കയും ചെയ്തു. ഇഗ്നേഷ്യസ് ഇതുകൊണ്ടു തൃപ്തനായില്ല. തന്റെ ശിഷ്യസംഘത്തിനു ശത്രുബാധയിൽനിന്നു പരിപൂർണ്ണസംരക്ഷണം ലഭിക്കുന്നതിനായി അദ്ദേഹം മാപ്പാപ്പായെ സമീപിച്ചു യാഥാർത്ഥ്യം ഗ്രഹിപ്പിക്കുകയും തന്റെയും ശിഷ്യന്മാരുടെയും ജീവിതവിശുദ്ധിയെയും ഉപദേശങ്ങളുടെ നിർദ്ദോഷതയെയുംപറ്റി രേഖാമൂലമായ ഒരു വിധി കല്പിക്കുന്നതിനു് അപേക്ഷിക്കുകയുംചെയ്തു. മാപ്പാപ്പാ ഇഗ്നേഷ്യസ്സിനും സംഘത്തിനും സംരക്ഷണം പ്രതിജ്ഞചെയ്കയും 1538 നവംബർ 18-നു- അവർക്കു് അനുകൂലമായി, ശത്രുക്കളുടെ ആക്ഷേപങ്ങളെ നിർദ്ദോഷം ഖണ്ഡിക്കുന്നതായ ഒരു വിധി പ്രസ്താവിക്കുകയും ചെയ്തു. അതോടുകൂടി അപവാദവ്യവസായികൾ മൂകരായി.

വിധി പ്രസ്താവിക്കുന്നതിനുമുമ്പു് ഈ ധർമ്മസംഘത്തിന്റെ യോഗ്യത നേരിട്ടു മനസ്സിലാക്കുന്നതിനായി മാപ്പാപ്പാ അതിന്റെ അംഗങ്ങളെ ഈരണ്ടുപേരായി തന്റെ സന്നിധിയിൽ വരുത്തി അവരോടു വാദപ്രതിവാ

ദംചെയ്തിരുന്നു. ഏതാട്ടശമായ ഒരു സന്ദർഭത്തിൽ അ ദ്ദേഹം പെട്ടെന്ന് അവരോട് ഇപ്രകാരം ചോദിച്ചു: "യരൂശലേമിലേക്കു പോകുന്നതിന് എന്തുകൊണ്ടു നിങ്ങ ളും ഇത്രത്തോളം ആഗ്രഹിക്കുന്നു? ക്രിസ്തുധർമ്മസംസ്ഥാ പനത്തിനായി ഫലപ്രദമായി പ്രവർത്തിക്കുന്നതിനു നി ങ്ങളും ആഗ്രഹിക്കുന്നുവെങ്കിൽ, ഇറവലിതന്നെ യഥാർത്ഥ മായ ഒരു നല്ല യരൂശലേമാണല്ലോ." മാപ്പ്വാപ്പായുടെ ഈ അഭിപ്രായം സംഘാംഗങ്ങളെല്ലാവരും അറിഞ്ഞു. അതിനെ ആദരിച്ചു് അവർ, കൂടിത്തോടുക്കുടിയാ ണെങ്കിലും, തീർത്ഥയാത്രയെപ്പറ്റിയുള്ള വിചാരം അവ സാനമായി നിർദ്ദേശം ഉപേക്ഷിച്ചു. മോണ്ടേമാർത്രയിൽ വച്ചുള്ള അവരുടെ പ്രതിജ്ഞയുടെ ഉത്തരഭാഗമനുസരി ച്ചു് അവർ മാപ്പ്വാപ്പായെ സന്ദർശിച്ചു് തങ്ങളുടെ സേവ നത്തെ ക്രിസ്തുവിന്റെ പ്രതിപുരുഷനായ അദ്ദേഹത്തി ന്റെ നിർദ്ദേശത്തിനു സംപൂർണ്ണവിധേയമാക്കുകയും അ ദ്ദേഹത്തിന്റെ ആജ്ഞപ്രകാരം ലോകത്തിന്റെ ഏതു ഭാഗത്തും പോകുന്നതിന് അവർക്കുള്ള സന്നദ്ധതയെ പ്ര കടിപ്പിക്കുകയുംചെയ്തു. തിരുസ്സഭയുടെ ആവശ്യങ്ങളും അവയെ നിർവഹിക്കുന്നതിനു് അവരെക്കൊണ്ടുള്ള പ്ര യോജനവും അദ്ദേഹത്തിനാണല്ലോ ഏറ്റവും നല്ലവണ്ണം അറിയാവുന്നതു്. അവരുടെ ഈ വിനയാന്വിതമായ പ്രതിജ്ഞാപനത്തെ അദ്ദേഹം സന്തോഷപൂർവ്വം സ്വീക രിച്ചു.

ഇതിനശേഷം അധികം താമസിക്കുന്നതിനുമുമ്പു് ചക്രവർത്തിയുടെ പ്രതിനിധി തെക്കേഅമേരിക്കയിലെ സ്പാനിഷ് സംസ്ഥാനങ്ങളിൽ ഇഗ്നേഷ്യസ്സിന്റെ ശിഷ്യന്മാ രുടെ സേവനം ആവശ്യപ്പെട്ടു. റോമയിൽ തൽക്കാലം അവരുടെ സാന്നിദ്ധ്യം അനുപേക്ഷണീയമായിരുന്നതു കൊണ്ടു മാപ്പ്വാപ്പാ ആ അപേക്ഷയെ നിരസിച്ചു. പോ

ർട്ടുഗീസുമിഷനറിമാരുടെ പരിശ്രമഫലമായി അയ്യിടെ ഇൻഡ്യയിൽ മലബാർതീരത്തു് അരുപതിനായിരം ആളുകൾ ക്രിസ്തുമതം അവലംബിച്ചിരുന്നു. അവിടത്തേക്കു് ഈ പുതിയ സംഘക്കാരുടെ സേവനം പോർട്ടുഗൽരാജാവും അഭ്യർത്ഥിച്ചു. മാറ്റിപ്പാപ്പാ അനുവദിക്കുന്നുവെങ്കിൽ ഇൻഡ്യയിൽ പോകുന്നതിനു് അവർ സന്നദ്ധരായി. ഈ അപേക്ഷയും മാറ്റിപ്പാപ്പാ തൽക്കാലം അനുവദിച്ചില്ല.

ഇഗ്നേഷ്യസും ശിഷ്യന്മാരും റോമിലെ വിദ്യാലയങ്ങളിൽ ക്രിസ്തുമതസിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നതിനു നിശ്ചയിക്കപ്പെട്ടു. തെരുവീഥികളിലും പള്ളികളിലും അവർ ചെയ്തുവന്ന പ്രസംഗങ്ങൾ തുടർന്നു. ഫ്രാൻസിസ്സിനു ഫ്രെഞ്ചുഭാഷ വശമായിരുന്നതിനാൽ അദ്ദേഹം റോമിലെ ഫ്രെഞ്ചുകാരുടെ പള്ളിയായ സെയിൻറ് ലൂയിസു ദേവായത്തിലായിരുന്നു അധികമായി സേവനം അനുഷ്ഠിച്ചതു്. 1539-ലെ വർഷകാലം മേയ്മാസം അവസാനംവരെ നീണ്ടുനിന്നു. അതിന്റെ ദൈർഘ്യവും കാഠിന്യവും നിമിത്തം റോമാനഗരത്തെ ഒരു മഹാക്ഷാമം ബാധിച്ചു. പട്ടണവീഥികളിൽ പട്ടിണിയാൽ പരവശരായ ജനങ്ങൾ അസഹായരായി അർദ്ധപ്രാണരായിക്കിടക്കുന്ന കാഴ്ച അതിഭയനീയമായിരുന്നു. ഇഗ്നേഷ്യസ്സും ശിഷ്യന്മാരും ക്ഷാമപീഡിതരെ ശുശ്രൂഷിക്കുന്നതിൽ നിസ്സ്വാർത്ഥമായും അക്ഷീണമായും അദ്ധ്വാനിച്ചു. ദിവസംപ്രതി മുന്നൂറു നാന്നൂറു അനാഥരായ ആതുരർക്കു് അവർ സ്വവസതിയിൽ അഭയം നല്കുകയും അന്നദാനംചെയ്തു അവരെ രക്ഷിക്കുകയും ചെയ്തു.

വിശിഷ്ടരായ ഈ ധർമ്മദൂതന്മാരുടെ ത്യാഗപൂർണ്ണമായ പ്രവർത്തനരീതികൾ കണ്ടു വൈദികാധികാരികൾ തങ്ങളുടെ സംസ്ഥാനങ്ങൾക്കു് അവരുടെ സേവനം ലഭിക്കുന്നതിനു വളരെ ആഗ്രഹിച്ചു. അതിനായുള്ള അപേക്ഷ

കടം മാറ്റിപ്പായ്ക്ക് മുറയ്ക്ക് കിട്ടിക്കൊണ്ടിരുന്നു. പോർത്തുഗീസുകാർ അവയ്ക്ക് അനുകൂലിക്കുകയും ഇഗ്നേഷ്യസിന്റെ ശിഷ്യന്മാരെ ഇറാലിയുടെ നാനാഭാഗങ്ങളിലേക്കും ധർമ്മപ്രചാരണത്തിനായി നിയോഗിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു. ആയ്ത്തുമായി അദ്ദേഹം 1539 മാർച്ചുമാസത്തിൽ സീയന്നായിലെ ഒരു കന്യകാശ്രമത്തിലെ സന്ന്യാസിനികളുടെ ആദ്ധ്യാത്മികജീവിതത്തെ പരിഷ്കരിക്കുന്നതിനായി ബ്രോയററിനെയും റൊഡ്രിഗ്സിനെയും നിയമിച്ചു. ഈ ഘട്ടത്തിൽ സംഘത്തിന്റെ ഭാവിയെപ്പറ്റി വിഷമമായ ഒരു പ്രശ്നം അവരോട് അഭിമുഖീഭവിച്ചു. മോണ്ട്മാർത്രയിൽ വച്ച് അവർ ശുപവൽക്കരിച്ച സ്വയം ആസന്നമായിരിക്കുന്ന അവരുടെ പരസ്പരവിയോജനത്താൽ ശിഥിലീഭവിക്കണമോ? അതോ അവരുടെ കാലശേഷവും നിലനിൽക്കുന്ന ഒരു സുസ്ഥിരമായ സംഘം സ്ഥാപിക്കപ്പെടണമോ? ഈ പ്രശ്നത്തെപ്പറ്റി ഗാഢമായി വിചിന്തനം ചെയ്തശേഷം സ്ഥിരമായ ഒരു സംഘം സ്ഥാപിക്കണമെന്നതന്നെ അവർ ഐകകണ്ഠ്യേന തീരുമാനിച്ചു. പിന്നീട്, മാർപ്പാപ്പായോടുള്ള അനുസരണപ്രതിജ്ഞയ്ക്കുപുറമെ അവരിൽനിന്നു തെരിഞ്ഞെടുക്കപ്പെടുന്ന സംഘാധിപനോടും അവർ അനുസരണപ്രതിജ്ഞ ചെയ്യണമോ എന്ന പ്രശ്നം വാദവിഷയമായി. ഒരു മാസം അവയെപ്പറ്റി പര്യാലോചിച്ചശേഷം അവർ അതു് ആവശ്യമാണെന്ന ഏകകണ്ഠമായി തീർച്ചപ്പെടുത്തി. ഏപ്രിൽ 15-ന- ദിവ്യപൂജാസമയത്തു് അവർ ഈശ്വരസന്നിധിയിൽവച്ചു് അവരുടെ നിശ്ചയത്തെ പുരസ്കരിച്ചു സത്യപ്രതിജ്ഞചെയ്തു. അടുത്ത മൂന്നു മാസക്കാലത്തെ സംഘത്തിന്റെ ഘടനയെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതിനായി അവർ വിനിയോഗിച്ചു. ഇഗ്നേഷ്യസ്സിന്റെ അഭിമതമനുസരിച്ചു് "ഈശോസഭ" എന്ന

സമഞ്ജസമായ അഭിധാനം അതിനു നിശ്ചയിക്കപ്പെട്ടു; ക്രിസ്തുവാണല്ലൊ അവരുടെ നാഥനും നേതാവും മാതൃകയും. തെരിഞ്ഞെടുക്കപ്പെട്ടുന്ന സംഘാധിപന്റെ ഉദ്യോഗകാലം ആമരണമായിരിക്കണമെന്നും അവർ തീർച്ചചെയ്തു. സംഘടനയെപ്പറ്റിയുള്ള നിശ്ചയങ്ങളെ അഞ്ചു് അദ്ധ്യായങ്ങളായി ഇഗ്നേഷ്യസ് ക്രോഡീകരിക്കുകയും, അംഗീകാരത്തിനായി മാപ്പാപ്പായുടെ സമക്ഷം സമർപ്പിക്കുകയുംചെയ്തു. ക്രിസ്തുവിന്റെ പ്രതിപുരുഷനായ മാപ്പാപ്പായോടുള്ള അനതിശയിതമായ ഭക്ത്യതിരേകവും അനുസരണവും ഈശോസഭയുടെ സംഘടനയിൽ സവിശേഷം നിഷ്കർഷിക്കപ്പെട്ടിരുന്ന മഹനീയമായ ഒരു് ആദർശമായിരുന്നു.

1539 സെപ്തംബർ 3-നു- സംഘനിയമത്തിനു മാപ്പാപ്പാ വാങ്മൂലമായ അംഗീകാരം നല്കി. ഒരുവർഷം കഴിഞ്ഞു. 1540 സെപ്തംബർ 27-നു- ഈ അഭിനവ ധർമ്മസംഘത്തിന്റെ സ്ഥാപനത്തെ രേഖാമൂലം അംഗീകരിക്കുന്ന സുപ്രസിദ്ധമായ 'ബുൾ' ക്രൈസ്തവ തിരുസഭയുടെ ആ പരമാധികാരി പുറപ്പെടുവിച്ചു. അപ്പോഴേക്കു ഫ്രാൻസിസ് 1100 മൈൽ അകലെ ലിസ്ബൺ പട്ടണത്തിൽ ഇൻഡ്യയിലേക്കുള്ള യാത്രയ്ക്കൊരുങ്ങുകയായിരുന്നു.

അദ്ധ്യായം 6.

ഇൻഡ്യയിലേക്കുള്ള സംയാത്രയ്ക്കുമുമ്പു്.

മാപ്പാപ്പാ സംഘത്തെ വാങ്മൂലം അംഗീകരിച്ചശേഷം സംഘാംഗങ്ങളെ ധർമ്മസേവനത്തിനായി ഇറാലിയുടെ വിവിധഭാഗങ്ങളിലേക്കു് അയച്ചു. 1539 മേയ്

ആരംഭംമുതൽ റൊഡ്രിഗ്സിന്റെയും ബ്രൊയറിന്റെയും പ്രവൃത്തിരംഗം സീയന്ന ആയിരുന്നു. ജൂലൈമാസം ഒടുവിൽ ഫേബറും ലെയിനസ്സും മാപ്പ്പ്പായുടെ പ്രതിനിധിയായ കർട്ടിനാലിനോടു സഹകരിച്ചു പാമ്മായിലെ വൈദികഭരണരീതിയെ പരിഷ്ക്കരിക്കുന്നതിനായി നിയോഗിക്കപ്പെട്ടു. സെപ്തംബർ ഒടുവിൽ ബൊബാഡില്ലാ നേപ്പിൾസിലേക്കു പ്രേഷിതനായി. 1540 ആരംഭത്തിൽ കോഡ്യൂരും സാൽമറണും അയർലണ്ടിലും സ്കോട്ട്ലണ്ടിലും പീഡിതരായിരുന്ന കത്തോലിക്കരെ സഹായിക്കുന്നതിന് അയക്കപ്പെടണമെന്നായിരുന്നു മാപ്പ്പ്പായുടെ നിശ്ചയം.

ഈ രണ്ടുവർഷക്കാലം ഫ്രാൻസസ്സിനെപ്പറ്റി നമുക്ക് അധികമായി ഒന്നും അറിയാൻപാടില്ല. ഈ ഘട്ടത്തിൽ അദ്ദേഹം ഇഗ്നേഷ്യസ്സിന്റെ സെക്രട്ടറിയായി റോമയിൽ താമസിക്കുകയായിരുന്നു. ഫ്രാൻസിസ്സിനെപ്പറ്റി ഒരു രസകരമായ സംഭവം ഇപ്പോൾ നടന്നതായി റൊഡ്രിഗ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. ജ്വരബാധിതനായിരുന്ന റൊഡ്രിഗ്സ് ഒരു രാത്രിയിൽ രോഗശയ്യയിൽ ഉണർന്നുകിടന്നപ്പോൾ തന്നെ ശുശ്രൂഷിക്കുന്നതിൽ ഏർപ്പെട്ടിരുന്ന ഫ്രാൻസിസ് അക്രമത്തിനായി വന്ന ആരെയോ അടിച്ചോടിക്കാനെന്നപോലെ ശക്തിയായി കൈകൾ ആഞ്ഞോങ്ങിക്കൊണ്ടു ഭയങ്കരമായ ഒരട്ടഹാസത്തോടുകൂടി കിടക്കയിൽനിന്നു ചാടി എഴുന്നേല്ക്കുന്നതു കണ്ടു പരിഭ്രമിച്ചു. ഫ്രാൻസിസ്സിന്റെ വായിലും മൂക്കിലുംകൂടെ രക്തം വമിക്കുന്നുണ്ടായിരുന്നു. "അതു് എന്തു്?" എന്ന ചോദ്യവും "ഒന്നുമില്ല" എന്ന ഉത്തരവും ഉടനടി കഴിഞ്ഞു. "എന്തു്, നിങ്ങൾ ചോര ഒലിപ്പിച്ചുകൊണ്ടു് ഒന്നുമില്ലെന്നു പറയുന്നുവോ?" എന്നു രോഗി ആശ്ചര്യപരവശനായി വീണ്ടും ചോദിച്ചു. ഫ്രാൻസിസ് അപ്പോൾ

അഭേദ്യമായ മൗനം ഭീക്ഷിച്ചു. മാസങ്ങൾ പലതുകഴിഞ്ഞു് അദ്ദേഹം ലിസ്ബൺതുറമുഖത്തുവച്ചു കപ്പൽകയറുന്നതിനുമുമ്പു റൊഡ്രിഗ്സിനെ പ്രത്യേകം വിളിച്ചു്, അന്നു താൻ ഒരു സ്വപ്നം കണ്ടതായിരുന്നുവെന്നും, ഒരു യാത്രയിൽ ഒരു സത്രത്തിൽ താൻ വിശ്രമിച്ചിരുന്ന മുറിയിൽ തന്നെ പ്രലോഭിപ്പിക്കുന്നതിനായി ഒരു സ്ത്രീ അക്രമമായി കയറിവന്നുവെന്നായിരുന്നു അതെന്നും, അവളുടെ ആക്രമണത്തെ നിരോധിക്കുന്നതിനുള്ള ബലപ്രയോഗത്താൽ തന്റെ ശങ്കിലെ ഒരു രക്തനാഡി പൊട്ടിപ്പോവുകയാലായിരുന്ന രക്തപ്രവാഹം ഉണ്ടായതെന്നും പറഞ്ഞു.

1539 ആഗസ്റ്റിൽ മാപ്പ്വാപ്പായുടെ അരമനയിലെ പോർട്ടുഗീസു രാജപ്രതിനിധിയായ ഡോൺ പേദ്രോ മസ്കരേനാസ്സിനു പൗരസ്ത്യദേശങ്ങളിലേക്കു് ഈശോസഭക്കാരായ മിഷ്യനറിമാരെ അയക്കുന്നതിനു മാപ്പ്വാപ്പായോടു് അപേക്ഷിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു രാജാവിന്റെ ഒരു കത്തു കിട്ടി. മാപ്പ്വാപ്പാ ഇക്കാര്യം സംഘത്തിന്റെ തീരുമാനത്തിനു വിട്ടുകൊടുത്തു. സംഘം സന്തോഷപൂർവ്വം അതിനെ അനുകൂലിച്ചു. റൊഡ്രിഗ്സും ബൊബാഡില്ലായും അതിനായി നിർദ്ദേശിക്കപ്പെട്ടു. അവരെ 1540 ആരംഭത്തിൽ ഇഗ്നേഷ്യസ് റോമയിൽ വരുത്തി. റൊഡ്രിഗ്സ് പനിപിടിച്ചു ക്ഷീണിച്ചിരുന്നുവെങ്കിലും തന്റെ രാജാവിന്റെ ഹിതത്തെ അനുസരിക്കുന്നതിൽ വളരെ സന്തോഷമുള്ളവനായിരുന്നു. പേദ്രോ റൊഡ്രിഗ്സിനെ കടൽവഴിക്കു ലിസ്ബണിലേക്കു് അയച്ചു. അദ്ദേഹത്തിന്റെകൂടെ പോകാം എന്ന ഒരു് ഇറ്റാലിയൻ വൈദികനുണ്ടായിരുന്നു. അയ്യിടെമാത്രം സംഘത്തിൽ ചേർന്ന ഭക്തനും വിനീതനുമായ ഈ മനുഷ്യൻ റൊഡ്രിഗ്സിന്റെ സഹചാരിയായി ഇൻഡ്യയിലേക്കു പോകാമെന്നു് സമ്മതിച്ചിരുന്നു.

ബൊബാഡില്ല റോമയിലെത്തിയപ്പോൾ ദീർഘകാലത്തെ ജ്വരബാധയാൽ വളരെ അവശനായിരുന്നു. അനാരോഗ്യംനിമിത്തം അദ്ദേഹം ദൂരയാത്രചെയ്യാൻ പാടില്ലെന്നു ഡോക്ടറന്മാർ വിധിച്ചു. അദ്ദേഹത്തിന്റെ സ്ഥാനത്തു വേറൊരാളെ തെരിഞ്ഞെടുക്കാൻ ഇഗ്നേഷ്യസ് നിർബ്ബന്ധനായി. ജയസ്സും ഫ്രാൻസിസ് സേവിയറും മാത്രമേ അപ്പോൾ റോമയിലുണ്ടായിരുന്നുള്ളൂ. അവരിൽ ജയസ്സിന് ഏതാനും ദിവസങ്ങൾക്കുള്ളിൽ ബഞ്ഞാറായിൽ ഒരുദ്യോഗം വഹിക്കേണ്ടിയുണ്ടായിരുന്നു. അതുകൊണ്ടു ഫ്രാൻസിസ് അപ്പോൾ ആരോഗ്യവാനായിരുന്നില്ലെങ്കിലും ഇഗ്നേഷ്യസ് അദ്ദേഹത്തെ വിളിച്ചു് അപ്പോഴത്തെ ആവശ്യം പറഞ്ഞു: "ഫ്രാൻസിസ്, നമ്മളിൽ രണ്ടുപേർ ഇൻഡ്യയിലേക്കു പോകണമെന്നു മാപ്പ്പ്പാ ആജ്ഞാപിച്ചിരിക്കുന്നുവെന്നും റൊഡ്രിഗ്സിനെയും ബൊബാഡില്ലായെയുമായിരുന്നു അതിന് ആദ്യം നിശ്ചയിച്ചതു് എന്നും നിങ്ങൾക്കു് അറിയാമല്ലോ. ബൊബാഡില്ലാ രോഗശയ്യയിലായതുകൊണ്ടു് അദ്ദേഹത്തെ ഇപ്പോൾ അയക്കാൻ നിവൃത്തിയില്ല. അദ്ദേഹത്തിനു സുഖമാകുന്നതുവരെ രാജപ്രതിനിധിക്കു താമസിക്കുന്നതിനു സൗകര്യവുമില്ല. ഈ ഉദ്യോഗം നിങ്ങൾക്കു സ്വീകാര്യമായിരിക്കുമല്ലോ." "അതെ, ഞാൻ സന്നദ്ധനാണു്," എന്നായിരുന്നു ഫ്രാൻസിസ്സിന്റെ ആനന്ദഭരിതമായ മറുപടി.

യാത്രയ്ക്കൊരുങ്ങുന്നതിന് അധികം സമയമുണ്ടായിരുന്നില്ല. ഫ്രാൻസിസ് തന്റെ കീറിയിരുന്ന ഉടുപ്പു തുന്നി ശരിപ്പെടുത്തി; ഒരു മരക്കുരിശും ഒരു പ്രാർത്ഥനപ്പുസ്തകവും സന്ന്യാസജീവിതംസംബന്ധിച്ച വേറൊരു പുസ്തകവും മാത്രമേ അദ്ദേഹത്തിന്റെവകയായി കൂടെക്കൊണ്ടുപോകാനുണ്ടായിരുന്നുള്ളൂ. (ഇവ മൂന്നും ഇപ്പോഴും

സൂക്ഷിക്കപ്പെട്ടിട്ടുണ്ട് ---പ്രാത്ഥനപ്പുസ്തകം നാന്തിസിലും കുരിശും മറേറപുസ്തകവും മാത്രിഡിലും.) അദ്ദേഹം പുറപ്പെടുന്നതിനുമുമ്പു മൂന്നു പ്രമാണങ്ങൾ എഴുതിവച്ചു: ഒന്നാമത്തേതിൽ സംഘത്തിന്റെ ഘടനസംബന്ധിച്ചു് റോമയിലുള്ള അതിന്റെ അംഗങ്ങളായ വൈദികർ നിബന്ധിക്കുന്ന സകല നിയമങ്ങളേയും അദ്ദേഹം അനുസരിക്കുന്നുവെന്നു് അദ്ദേഹം പ്രതിജ്ഞചെയ്തു; രണ്ടാമത്തേതിൽ സംഘസ്ഥാപനത്തിനുശേഷം തെരിഞ്ഞെടുക്കപ്പെടുന്ന അതിന്റെ അധിപനു് സമർപ്പിക്കുവാനായി ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീവ്രതത്രയത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ പ്രതിജ്ഞ രേഖപ്പെടുത്തി. മൂന്നാമത്തേതിൽ ആസന്നമായിരുന്ന സംഘാധിപത്തെരിഞ്ഞെടുപ്പു സംബന്ധിച്ചു് അദ്ദേഹത്തിന്റെ സമ്മതിദാനം ഇങ്ങനെ രേഖപ്പെടുത്തി: "ഞാൻ, ഫ്രാൻസിസു്, ഇപ്രകാരം അഭിപ്രായപ്പെടുന്നു: നമ്മുടെ സംഘത്തിന്റെ അധിപൻ.....നമ്മുടെ യഥാത്ഥ പിതാവായ ഡോൺ ഇഗ്നേഷ്യസ്സായിരിക്കണം.....അദ്ദേഹത്തിന്റെ മരണശേഷം.....നമ്മുടെ അധിപൻ ഫാദർ മാസ്റ്റർ പീററർ ഫേബർ ആയിരിക്കണം." അനന്തരം അദ്ദേഹം മാപ്പുപ്പായുടെ ആശീർവാദം വാങ്ങിയിട്ടു് സ്നേഹിതന്മാരോടു സത്വരം യാത്രപറഞ്ഞു. അടുത്തദിവസം—1540 മാർച്ചു് 16-നു—രാവിലെ പോർട്ടുഗീസു രാജപ്രതിനിധിയോടുകൂടി അദ്ദേഹം റോമയിൽനിന്നു ലിസ്ബണിലേക്കു യത്രപുറപ്പെട്ടു.

റൈറബർ നദിയുടെ തീരത്തുകൂടിയുള്ള പുരാതനമായ രാജപാതയിൽകൂടി അവർ അശ്വാരൂഢരായി യാത്രചെയ്തു പവ്വതപംക്തികൾകടന്നു ഒരാഴ്ചകൊണ്ടു ലൊറേറാവിൽ എത്തി. അന്നു് [മാർച്ചു 21-നു കുരുത്തോലഞായറാഴ്ച] അവിടത്തെ ചെറിയ കപ്പേളയിൽ ഫ്രാ

ൻസിസ്സു ദിവ്യപൂജ ചെയ്യുകയും യാത്രയിൽ അദ്ദേഹത്തോടുള്ള സംസർഗ്ഗംകൊണ്ടു് ആദ്ധ്യാത്മികമായ പ്രബുദ്ധതയുണ്ടായ ഡോൺപേദ്രോയും സഹചരന്മാരും ഭക്തിപൂർവ്വം 'ദിവ്യകാരുണ്യം' സ്വീകരിക്കുകയും ചെയ്തു. അവിടെനിന്നും അവർ അഡ്രിയാറ്റിക്കു സമുദ്രതീരത്തുക്കൂടി ബൊളോഞ്ഞായിൽ ചെന്നു ചേർന്നു; ഇസ്റ്റർകഴിയുന്നതുവരെ അവിടെ വിശ്രമിച്ചു. ബൊളോഞ്ഞായിലെ ജനങ്ങൾ ഫ്രാൻസിസിനെ രാജോചിതമായ ആഘോഷത്തോടുകൂടി സ്വീകരിച്ചു. അദ്ദേഹം താമസിച്ച ഭവനം സന്ദർശകരാൽ നിബിഡീകൃതമായിരുന്നു. അദ്ദേഹം പൂജചെയ്ത സെയിൻറ് ലൂസ്യാദേവാലയത്തിൽ പൂജയ്ക്കു വളരെ മുമ്പേക്കൂട്ടി ആളുകൾ തിങ്ങിക്കൂടി. തെരുവീഥികളിൽ പുരുഷാരം അദ്ദേഹത്തെ പൊതിഞ്ഞു. അദ്ദേഹത്തിന്റെ കൂമ്പസ്സാരമണ്ഡപം പാപനിവേദനോത്സുകരാൽ ഉപരോധിക്കപ്പെട്ടു.

ഈസ്റ്റർദിവസം റോമയിൽനിന്നു വന്ന ഒരു സഹോദരൻവഴി ഇഗ്നേഷ്യസിന്റെ രണ്ടു് എഴുത്തു ഫ്രാൻസിസിനുകിട്ടി. അവയിൽ ഒന്നിൽ ഭാവിയിൽ അവർത്തമ്മിൽ ഉണ്ടായിരിക്കേണ്ട എഴുത്തുകുത്തുകളേപ്പറ്റി ചില നിർദ്ദേശങ്ങൾ അടങ്ങിയിരുന്നു. മറേറതു ഫ്രാൻസിസ്സിനെയും പോർട്ടുഗീസു രാജപ്രതിനിധിയേയും ഇഗ്നേഷ്യസിന്റെ സഹോദരനായ ലയോളാ പ്രഭുവിനു പരിചയപ്പെടുത്തികൊടുക്കുന്ന ഒന്നായിരുന്നു. അവയ്ക്കു ഫ്രാൻസിസ്സു് അത്യന്തം ഹൃദയസ്പർശകമായ ഒരു മറുപടി എഴുതി. അതിന്റെ ഉപക്രമം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു: ".....ആ എഴുത്തുകൾ എനിക്കു പ്രദാനംചെയ്ത അനന്ദവും ആശ്വാസവും അനിർവ്വാച്യമാണു്—അതു് ഈശ്വരനമാത്രമേ അറിഞ്ഞുകൂടൂ. ഈ ലോകത്തു് ഇനി നാം എഴുത്തുകൾമൂലമേ പരസ്പരം കാണുകയുള്ളു എന്നു

ഞാൻ വിശ്വസിക്കുന്നു; എന്നാൽ പരലോകത്തു നാം അന്യോന്യം അഭിമുഖമായിക്കാണും; അപ്പോഴത്തെ നമ്മുടെ ആശ്ലേഷം അനന്തമായിരിക്കും! നാം ജീവിച്ചിരിക്കുന്നിടത്തോളം കാലം എഴുത്തുമൂലം നമുക്കു പരസ്പരം സന്ദർശിക്കാം. അങ്ങു് ആജ്ഞാപിച്ചിട്ടുള്ളതുപോലെ ഞാൻ മുറയ്ക്കു എഴുതിക്കൊള്ളാം; തങ്ങളുടെ അമ്മമാക്കു ക്രൂടെക്രൂടെ എഴുത്തുകൾ എഴുതിക്കൊണ്ടിരിക്കണമെന്നുള്ളതിനെ ഒരു നിയമമായി പെൺകുട്ടികൾ പാലിക്കുന്നതുപോലെ ഞാനും ചെയ്തുകൊള്ളാം." (മാർച്ചു് 31, 1540.)

ബൊളോഞ്ഞായിൽനിന്നുള്ള ഫ്രാൻസിസ്സിന്റെ വേർപാടു് ഏറ്റവും മർമ്മഭേദകമായ ഒരു രംഗത്തിനുള്ള ഒരു സന്ദർഭമായിരുന്നു. വിയോഗാവസരത്തിൽ ഭക്തജനങ്ങളോടു് അദ്ദേഹം അവരെ ഈ ലോകത്തുവച്ചു് വീണ്ടും കണാനിടയാവുകയില്ലെന്നു വികാരഭരിതനായി പറഞ്ഞപ്പോൾ അവർ വ്യസനാക്രാന്തരായി പരിദേവനം ചെയ്തു. പുരുഷന്മാർ അദ്ദേഹത്തെ പരിരംഭണം ചെയ്തു; സ്ത്രീകൾ അദ്ദേഹത്തിന്റെ കരങ്ങളെ ചുംബിച്ചു; പുരുഷാരംവരെ എല്ലാവരും സന്താപനിമഗ്നരായി അദ്ദേഹത്തെ അനുയായനംചെയ്തു.

ഫ്രാൻസിസും ഡോൺ പേദ്രോയും പരിവാരവും ലോംബാർഡിയിൽക്കൂടെ പടിഞ്ഞാറോട്ടു യാത്ര തുടർന്നു, പാർമായിൽ എത്തി. ഫേബറും ലെയിനസും 1539 ജൂൺമാസംമുതൽ അവിടെ ധർമ്മസേവനം അനുഷ്ഠിക്കുകയായിരുന്നു. ഫേബറിനെ കാണുന്നതിനു് ഉൽക്കണ്ഠിതനായിരുന്ന ഫ്രാൻസിസിനു് ആ പ്രേഷ്ഠസ്നേഹിതൻ രോഗിയായ ഒരു നവസന്ന്യാസിയെ കാണുന്നതിനായി അമ്പതുമൈൽ ദൂരെ ബ്രെസ്സായിലേക്കു് അന്നു കാലത്തുപോയി എന്നറിഞ്ഞപ്പോൾ ഉണ്ടായ നൈരാശ്യത്തിനു് അതിരില്ലായിരുന്നു. ഉടൻ ബ്രെസ്സായിൽ പോയി അദ്ദേ

ഹം ഫേബറിനെ കാണണമെന്ന് ആലോചിച്ചു. എ
ന്നാൽ ലെയ്നസ്സും പേട്രോയും ആ ആലോചനയെ നി
രോധിച്ചു. അവരുടെ ഉപദേശത്തിനു വശംവദനായി
അദ്ദേഹം പേട്രോയുമായി യാത്രതുടർന്നു. ലൊംബാർഡി
യിൽനിന്നു അവർ ആല്പ്സ് പർവ്വതം കടന്നു ലയണിൽ
എത്തി. അവിടെനിന്നു ദക്ഷിണഫ്രാൻസിൽക്കൂടി സ
ഞ്ചരിച്ച് അവർ സ്പെയിനിന്റെ അതിർത്തികടന്ന് ഉന്ന
തതടങ്ങളെയും താഴ്വരകളെയും സമതലപ്രദേശങ്ങളെ
യും പട്ടണങ്ങളെയും ഗ്രാമങ്ങളെയും സതുരം തരണംചെയ്ത്
അസ്പെയിഷ്യാ എന്ന ജനപദത്തിലെത്തി. അതിന്റെ
വാമഭാഗത്തു ഫലപൂർണ്ണങ്ങളായ വൃക്ഷനിരകളാൽ സംവൃ
തമായി ഇഗ്നേഷ്യസ് ഭ്രജനനംചെയ്ത ലയോളാപ്രാസാദം
സ്ഥിതിചെയ്തു.

ഇഗ്നേഷ്യസ്സിന്റെ സഹോദരനായ ഡോൺ ബെ
ൽട്രാം അദ്ധ്വനീനന്മാരെ സൗഹാർദ്ദപൂർവം സ്വീകരിച്ചു.
ഫ്രാൻസിസ് സ്വഗുരുനാഥന്റെ കത്തു് അദ്ദേഹത്തിനു
കൊടുത്തു. ലയോളാപ്രാസാദത്തിലും പരിസരങ്ങളിലു
മുള്ള സകലരും—ഒരുകാലത്തു് ഇഗ്നേഷ്യസ്സിന്റെ രണാ
ശത്തിന്റെ ഹേഷാരവത്താൽ മുഖരിതമായ ആ വാ
ജിശാല, പാമ്പ്ലോണയിൽവച്ചു പീരങ്കിവെടിയേറു
പരിക്ഷതചരണനായ ആ യോധവീരനെ വഹിച്ചുകൊ
ണ്ടു പല്യങ്കവാഹകന്മാർ ആരോഹണംചെയ്ത ആ വിസ്താ
രമേറിയ കല്പടകൾ, അദ്ദേഹം കിടന്ന ആ മുറി, ദീർഘ
കാലം അദ്ദേഹത്തിനു അവലംബമായിരുന്ന ദേവമാതാ
വു് അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടതും അദ്ദേഹത്തിനു് ആ
ദ്ധ്യാത്മികപ്രബുദ്ധതയും ഹൃദയപരിവർത്തനവുമുണ്ടാക്കി
യതുമായ ആ രോഗശയ്യ, അദ്ദേഹം മേണ്ട്സെററിലേ
ക്കു പോകുന്നതിനുമുമ്പായി ദീർഘനേരം പ്രാർത്ഥിച്ചുകൊ
ണ്ടിരുന്ന ആ ചെറിയ പ്രാർത്ഥനാലയം, അദ്ദേഹം അഞ്ചു

വർഷങ്ങൾക്കുമുമ്പു പാരിസിൽനിന്നു രോഗാതുരനായി മടങ്ങിവന്നപ്പോൾ വിശ്രമിച്ച ആ മഠത്തേനാശ്രമത്തിൽ, അദ്ദേഹം ധർമ്മോപദേശംചെയ്ത ആ ദേവാലയം, ഇവയെല്ലാം—ഗുരുവിനെപ്പറ്റി വിവിധങ്ങളും ഹൃദയംഗമങ്ങളുമായ അനുസ്മരണകളെ ശിഷ്യനിൽ ഉളവാക്കി. ഫ്രാൻസിസ്സിനു ലയോളാപ്രാസാദത്തിലെ ഈ താമസം ഒരു പുണ്യസ്ഥലസന്ദർശനംതന്നെയായിരുന്നു.

ഈ പുണ്യഭ്രദർശനത്താൽ സംതൃപ്തഹൃദയരായി അവർ യാത്രതുടർന്നു. ബർഗോസു, സലമാങ്കാ മുതലായ പട്ടണങ്ങളും സ്പെയിനിന്റെ അതിർത്തിയിലുള്ള കയിദാദ് റൊഡ്രിഗോയും കടന്നു പോർട്ടുഗൽരാജ്യത്തു പ്രവേശിച്ചു്, ദക്ഷിണാഭിമുഖമായി പുരോഗമനംചെയ്തു് അവർ റൊഗ്രസു നദീമുഖത്തിൽ സ്ഥിതിചെയ്യുന്ന പോർട്ടുഗലിന്റെ തലസ്ഥാനമായ ലിസ്ബൺനഗരത്തിൽ എത്തി. അപ്പോൾ ജൂൺമാസം മദ്ധ്യമായിരുന്നു. ആദ്യമായി അവർ, രണ്ടുമാസത്തിനുമുമ്പു് അവിടെ വന്നുചേർന്നിരുന്ന, സൈമൺറൊഡ്രിഗ്സിനെയും പോൾകുറീനോയെയും സന്ദർശിച്ചു.

ലിസ്ബണിൽ വന്നു മൂന്നുനാലു ദിവസം കഴിഞ്ഞപ്പോൾ അവർക്കു രാജാവായ ജോൺ തൃതീയൻ സന്ദർശനം അനുവദിച്ചു. ആഗന്തുകർ സന്ദർശനശാലയിൽ പ്രവേശിച്ചപ്പോൾ അതിൽ രാജാവും രാജ്ഞിയും മാത്രമേ ഉണ്ടായിരുന്നുള്ളു. ഈ ധർമ്മഭൂതന്മാരെപ്പറ്റി പ്രശംസാപരമായ പല പ്രസ്താവനകളും രാജാവു കേട്ടിട്ടുണ്ടായിരുന്നു. ഒരു മണിക്കൂർനേരം ദീർഘിച്ച ഈ സന്ദർശനത്തിനിടയ്ക്കു് ഈശോസഭയുടെ ഘടനയെയും സ്ഥാപനത്തെയുംപറ്റി വിശദമായ പല വിവരങ്ങളും അദ്ദേഹം അവരോടു ചോദിച്ചു മനസ്സിലാക്കി. സംഘത്തിന്റെ ആദർശങ്ങളാൽ അത്യാകൃഷ്ടനായി അദ്ദേഹം അതിനു മാപ്പു

പ്പായുടെ ഔദ്യോഗികമായ അംഗീകാരം ലഭിക്കുന്നതിനു തനിക്കു കഴിവുള്ളതെല്ലാം ചെയ്യുമെന്ന് ഉത്സാഹപൂർവ്വം പ്രതിജ്ഞചെയ്തു. "എത്രതന്നെ ചെലവുണ്ടായിരുന്നാലും ഈ സംഘത്തിന്റെ അംഗങ്ങളെ എല്ലാവരെയും ഏന്റെ രാജ്യത്തു താമസിപ്പിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു" എന്ന് അദ്ദേഹം, ക്രൂരിക്കാഴ്ച അവസാനിച്ചപ്പോൾ, ഡോൺ പേദ്രോവിനോടു പറഞ്ഞു. അതിഥികളായ വൈദികരുടെ സുഖസൗകര്യങ്ങൾക്ക് ആവശ്യമുള്ളതെല്ലാം അദ്ദേഹം സ്നേഹപൂർവ്വം ഏർപ്പാടുചെയ്തു. തന്റെ അരമനയ്ക്കടുത്തുള്ള ഒരു ഹർമ്മ്യം അവർക്കായി അദ്ദേഹം ഒഴിച്ചിടുകയും രാജകീയ പാചകശാലയിൽനിന്ന് അവർക്ക് ആഹാരം നല്കുന്നതിന് ആജ്ഞാപിക്കുകയുംചെയ്തു. എന്നാൽ സേവിയറും റൊഡ്രിഗ്സും തങ്ങളുടെ ആഹാരം യാചിച്ചു സമ്പാദിക്കുന്നതിനും 'സകല പുണ്യവാന്മാരുടെ' ആശുപത്രിയിൽ താമസിക്കുന്നതിനും അനുവദിക്കണമെന്നു രാജാവിനോടു് അപേക്ഷിക്കുകയും രാജാവു് അപ്രകാരം അനുവദിക്കുകയുംചെയ്തു.

ഇൻഡ്യയിലേക്കു കപ്പലുകൾ പുറപ്പെടുന്നതു വസന്തകാലത്തു് (മാർച്ചു്, ഏപ്രിൽ, മേയ്മാസങ്ങളിൽ) ആയിരുന്നു. അതുവരെ സേവിയറും സഹചരന്മാരും അലസന്മാരായിരുന്നില്ല. ലിസ്ബൺ വീരപരാക്രമികളായ സജ്ജനങ്ങളുടെ നിസ്തുലങ്ങളായ അപദാനങ്ങളുടെ ഫലമായി ഭൂഗോളത്തിന്റെ അർദ്ധഭാഗത്തിൽ പരക്കെ വ്യാപിച്ചിരുന്ന പോർട്ടുഗീസു മഹാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു. പടിഞ്ഞാറു ബ്രസീൽമുതൽ ആഫ്രിക്കായുടെ കിഴക്കേത്തീരംവരെയും കിഴക്കു പെർഷ്യയും ഇൻഡ്യയും തുടങ്ങി ചൈനായും മൊളൂക്കായുംവരെയും പോർട്ടുഗീസുപതാക പറന്നിരുന്നു. ഈ രാജ്യങ്ങളിലെ ധനവും ഉൽപന്നങ്ങളും ലിസ്ബൺ നഗരത്തിലേ

ക്ക് അനസ്യൂതമായ ഒരു വാരിപ്രവാഹംപോലെ അപ്രതിഹതമായി ഒഴുകിവന്നുകൊണ്ടിരുന്നു. ഇൻഡ്യയിൽ നിന്നു ഭീമമായ സമ്പാദ്യങ്ങളോടുകൂടി കുബേരതുല്യന്മാരായി മടങ്ങിവന്ന വണിഗ്വരന്മാരും ഉദ്യോഗസ്ഥന്മാരും അമിതമായ സുഖാനുഭോഗങ്ങളിൽ ആമഗ്നരായി ജീവിതോദ്ദേശ്യം വിസ്മരിച്ചു ജീവിച്ചിരുന്നു. അവരുടെ ആഡംബരപ്രിയത്വവും ആഭ്രടങ്ങളും ഭവനനിർമ്മാണത്തിന്റെയും വസ്ത്രധാരണത്തിന്റെയും വിചിത്രരീതികളിൽ പ്രകടിപ്പിക്കപ്പെട്ടു. ഈ സമ്പൽസമൃദ്ധിയുടെയും മഹിമപ്രതാപങ്ങളുടെയും പിന്നിലായി ഏറ്റവും ഭയനീയമായ ദാരിദ്ര്യവും ആതുരതയും സ്ഥിതിചെയ്തിരുന്നുവെന്നു ഫ്രാൻസിസ് അനായാസേന ഗ്രഹിച്ചു. ഹിന്ദു, ചീനൻ, സിംഗാളി. നീഗ്രോ, മലായിക്കാരൻ തുടങ്ങി ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള ജനങ്ങളെ നഗരവീഥികളിൽ അദ്ദേഹത്തിനു കാണാൻകഴിഞ്ഞു. രാജാവിന്റെ കൊട്ടാരവും, പ്രഭുമന്ദിരങ്ങളും, ദരിദ്രജനങ്ങളുടെ കുടിലുകളും, കാരാഗൃഹങ്ങളും, ആശുപത്രികളും ഒന്നുപോലെ അദ്ദേഹത്തിന്റെയും സഹചാരികളുടെയും ശ്രദ്ധയെയും സേവനത്തെയും അർഹിക്കുകയും ആകർഷിക്കുകയും ചെയ്തു.

രാജാവിന്റെ അരമനയിലും ഈ ധർമ്മഭൃത്തന്മാരുടെ സേവനം ഏറ്റവും ഫലപ്രദമായിരുന്നു. രാജാവ് അതിനാൽ സംപ്രീതനായി. അരമനയിലെ ആത്മീയകാര്യഭാരവാഹികളായ വൈദികരും ഉദ്യോഗസ്ഥന്മാരായ പ്രഭുക്കന്മാരും അവരോടു വളരെ സ്നേഹാദരങ്ങൾ പ്രകടിപ്പിച്ചു. ഈ പ്രഭുക്കന്മാരിലും ഉദ്യോഗസ്ഥന്മാരിലും അധികംപേരും അവരുടെ നേതൃത്വത്തിൽ 'ആദ്ധ്യാത്മികാഭ്യാസങ്ങൾ' എന്ന ധ്യാനപരമ്പര അനുഷ്ഠിച്ചു. അരമനസംബന്ധിച്ച് പ്രഭുക്കൾതുടങ്ങി ഭൃത്യർവരെയുള്ള ആ

ളുകൾ സ്ത്രീപുരുഷഭേദമെന്യെ ഈശോസഭക്കാരായ ഈ വൈദികരെ ആത്മീയോപദേഷ്ടാക്കളായി വരിച്ചു. കിം ബഹുനാ, രാജാവിന്റെ അരമന ഒരു ആശ്രമമാണെന്നു തോന്നുമാറ് ആദ്ധ്യാത്മികമായ ഒരു ഉണർവും പരിവർത്തനവും അവിടെ ഉണ്ടായി. ഫ്രാൻസിസ്സിന്റെയും സഹപ്രവർത്തകന്മാരുടെയും ധർമ്മസേവനത്തിന്റെ ആശ്ചര്യകരമായ വിജയം കണ്ടിട്ട്, അവരെ ഇൻഡ്യയിൽ അയക്കണമെന്ന വിചാരം രാജാവ് ഉപേക്ഷിച്ചു. ദൂരദേശങ്ങളിൽ അവർക്കു ചെയ്യാൻകഴിയുന്നതിൽ ക്രൂടതലായ കാര്യങ്ങൾ അവർക്ക് ഈശ്വരമഹത്വത്തിനായി പോർട്ടുഗലിൽ ചെയ്യാവുന്നതാണല്ലോ എന്ന് അദ്ദേഹം വിചാരിച്ചു.

അവരുടെ പദ്ധതിയോട് അഭിമുഖീഭവിച്ച ഈ പ്രതിബന്ധത്തെ റൊഡ്രിഗ്സ് കണ്ടു. അദ്ദേഹം ഒക്ടോബർ ആരംഭത്തിൽ, ഫ്രാൻസിസ് ഡോൺ പേദ്രോയുടെ ഗ്രാമീണവസതിയിൽ അല്പവിശ്രമത്തിനായി പോയപ്പോൾ, ഈ ദുഃസ്ഥിതിയെ ഒരു എഴുത്തുമൂലം ഇഗ്നേഷ്യസ്സിനെ അറിയിച്ചു. ഒരുമാസം കഴിഞ്ഞു രാജാവ് അൽമെയിറിമിലുള്ള തന്റെ ശിശിരകാലവസതിയിലേക്കു താമസം മാറ്റി. റൊഡ്രിഗ്സും സഹകാരികളും അദ്ദേഹത്തെ അനുഗമിച്ചു. അവിടെവച്ചായിരുന്നു ഈ ശോസഭയെ മാപ്പാപ്പാ 1540 സെപ്തംബർ 7-നു- ഔദ്യോഗികമായി അംഗീകരിച്ചുവെന്നുള്ള സന്തോഷപ്രദമായ വാർത്ത അവർക്കു ലഭിച്ചതു്. ഈ സന്ദർഭത്തിൽ ഇൻഡ്യയിലേക്കുള്ള ധർമ്മദൗത്യത്തെ സംബന്ധിക്കുന്ന പ്രശ്നവും തീരുമാനിക്കപ്പെട്ടു. റൊഡ്രിഗ്സ്സിന്റെ എഴുത്തു കിട്ടിയപ്പോൾ ഇഗ്നേഷ്യസ് അക്കാര്യം മാപ്പാപ്പായുടെ ശ്രദ്ധയ്ക്കു വിഷയീഭവിപ്പിച്ചു. മാപ്പാപ്പാ അതിനെ രാജാവിന്റെ തീരുമാനത്തിനായി വിട്ടു. അതനുസരി

ച്ചു്, എല്ലാക്കാര്യങ്ങളിലും രാജാവിനെ അനുസരിക്കുന്നതിനു് ഉപദേശിച്ചുകൊണ്ടു് ഇഗ്നേഷ്യസു് പോർട്ടുഗലിലുള്ള സഭശിഷ്യന്മാക്കു മറുപടികൊടുത്തു. എങ്കിലും, രാജാവു് തന്റെ അഭിപ്രായം അറിയണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ, അതു് ഇൻഡ്യയിലേക്കു റൊഡ്രിഗ്സു് പോകാതെ, ഫ്രാൻസിസ്സും പോളും പോകണം എന്നാണെന്നും അദ്ദേഹം എഴുതിയിരുന്നു. രാജാവു് ഇഗ്നേഷ്യസ്സിന്റെ നിർദ്ദേശത്തെ സ്വീകരിച്ചു. അങ്ങനെ സേവിയറിന്റെ ഭാവിജീവിതോദ്യോഗം നിശ്ചയിക്കപ്പെട്ടു. ഫ്രാൻസിസ്സു് മൻസില്ലാസ്സു് എന്നൊരു യുവാവിനെക്കൂടി ഇൻഡ്യയിൽ ധർമ്മപ്രചാരണത്തിൽ സഹകാരിയായി ലിസ്ബണിൽനിന്നു് അദ്ദേഹത്തിനു ലഭിച്ചു. മൻസില്ലാസ്സു് വിനീതനും ഭക്തനുമായിരുന്നുവെങ്കിലും വൈദികപട്ടത്തിനു വേണ്ട വിദ്വത്പാവും ലത്തീൻഭാഷാപരിജ്ഞാനവും അയാൾക്കുണ്ടായിരുന്നില്ല. എങ്കിലും ഇൻഡ്യയിൽ വൈദികരുടെ ദൗർല്ലഭ്യംനിമിത്തം വേണ്ടിവന്നാൽ അവിടെവച്ചു് അദ്ദേഹത്തിനു പട്ടാഭിഷേകം നല്കാവുന്നതാണെന്നു ഫ്രാൻസിസ്സു് പ്രത്യാശിച്ചു.

ഇൻഡ്യയിലേക്കു പുറപ്പെടുന്ന രാജകീയനൗകകളെയാത്രയ്ക്കു സജ്ജീകരിക്കുന്ന കൃത്യം കാസ്റ്റനെയിറാപ്രഭുവിന്റേതായിരുന്നു. ആവശ്യമുള്ള സാമാനങ്ങളുടെ ഒരു പട്ടിക കൊടുക്കുന്നതിനു സേവിയറിനോടു് അദ്ദേഹം ആവശ്യപ്പെട്ടു. ഏതാനും പുസ്തകങ്ങളും ശൈത്യനിവാരണത്തിനുപറ്റിയ പുതപ്പുകളുമല്ലാതെ മറ്റു യാതൊന്നും താൻ ആഗ്രഹിക്കുന്നില്ലെന്നു ഫ്രാൻസിസ്സു് പറഞ്ഞു. കപ്പലിൽ ക്രൂലിക്കാരോടൊപ്പം തന്നത്താൻ ഉടുപ്പുകൾ കഴുകുന്നതും ആഹാരം പാകംചെയ്യുന്നതും അദ്ദേഹത്തിന്റെ മാന്യതയ്ക്കു പോരാത്തതാണെന്നുള്ളതുകൊണ്ടു് അദ്ദേഹത്തിനു് ഒരു ഭൃത്യനെങ്കിലും ക്രൂടിയേതീരുവെന്നു പ്ര

ള നിർബ്ബന്ധിച്ചപ്പോൾ അദ്ദേഹത്തിന്റെ മറുപടി ഇതായിരുന്നു: "ശ്രീമാനായ പ്രഭോ, ഈവിധത്തിൽ അനുസ്സൂം അധികാരവും പുലർത്തുന്നതിനുള്ള അതിമോഹമാണ് ക്രൈസ്തവതിരുസഭയെയും അതിലെ വൈദികരെയും ഇപ്പോഴത്തെ പരിതാപകരമായ സ്ഥിതിയിൽ എത്തിച്ചിട്ടുള്ളതു്. മാന്യതയും അധികാരവും പുനഃപ്രാപിക്കുന്നതിനുള്ള ഏകമാർഗ്ഗം മറവുള്ളവരുടെ സേവനത്തെ അവലംബിക്കാതെ ഒരുവൻ അവന്റെ ഉടുപ്പുകളെ തന്നാത്താൻ കഴുകുകയും അവന്റെ ആഹാരം തന്നാത്താൻ പാകംചെയ്യുകയും, അതേസമയം മറവുള്ളവരുടെ ആത്മീയരക്ഷയ്ക്കായി ഏകാഗ്രമായി പ്രയത്നിക്കുകയും ചെയ്യുക എന്നതാണ്."

ഇതിനിടയ്ക്കു മാപ്പാപ്പായുടെ അധികാരപത്രങ്ങൾ വന്നുചേർന്നു. ഒന്നു മാപ്പാപ്പാ ഫ്രാൻസിസിനെ പൌരസ്ത്യദേശങ്ങളിൽ തന്റെ പ്രതിനിധിയായി നിയമിക്കുന്ന ഉത്തരവായിരുന്നു. അതിനോടു് "ചെങ്കടലിലും പേർഷ്യൻകടലിലും ഇൻഡ്യൻ മഹാസമുദ്രത്തിലുമുള്ള എല്ലാ ദ്വീപുകളുടെയും, ഗംഗാനദിക്ക് ഇപ്പുറവും അപ്പുറവുമുള്ള എല്ലാരാജ്യങ്ങളുടെയും രാജാക്കന്മാരോടും ഭരണാധികാരികളോടും" ഉള്ള ഒരു അഭ്യർത്ഥനയും അനുബന്ധിച്ചിരുന്നു. രണ്ടാമത്തെ ലേഖനം എത്യോപ്യായുടെ രാജാവായ ഡേവിഡ് എന്ന മേൽവിലാസത്തിലായിരുന്നു. രാജാവ് ഈ എഴുത്തുകൾ ഫ്രാൻസിസ്സിനെ ഏല്പിച്ചു. അവർ തമ്മിലുണ്ടായ സ്വകാര്യസമാഗമത്തിൽ എല്ലാ പോർട്ടുഗീസ് കോളണികളേയും സന്ദർശിക്കണമെന്നും പൌരസ്ത്യദേശങ്ങളിൽ ക്രൈസ്തവധർമ്മപ്രചാരണത്തിനുള്ള സൌകര്യങ്ങളെയും അതിന്റെ ഫലങ്ങളെയും മിഷനറിമാരുടെ സ്ഥിതിഗതികളെയും പററി അപ്പോഴപ്പോൾ വിശദമായി എഴുതണമെന്നും രാജാവ് ആ ധർമ്മദൂതാഗ്രേസരനോടു നിഷ്കർഷിച്ചു പറഞ്ഞു. സ്വദേശത്തും വി

ദേശങ്ങളിലും പ്രേഷിതരാകേണ്ട ധർമ്മമൃതന്മാരെ പരിശീലിപ്പിക്കുന്നതിനായി ഈശോസഭയുടെ ഒരു ആശ്രമം ഏവോറായിലൊ കൊയിംബ്രായിലോ സ്ഥാപിക്കുന്നതിന് അദ്ദേഹം ഉദ്ദേശിക്കുന്നതായും പ്രസ്താവിച്ചു.

1541 മാർച്ചു 18-ന- ഫ്രാൻസിസ്സ് ഇഗ്നേഷ്യസിനും മറവു സംഘാംഗങ്ങൾക്കും രണ്ടു കത്തെഴുതി. അപ്പോൾ റോമായിൽ സംഘാധിപന്റെ തിരഞ്ഞെടുപ്പ് നടക്കുകയായിരുന്നു.അംഗങ്ങൾ ഏകകണ്ഠമായി ഇഗ്നേഷ്യസ്സിനെ അധിപനായി തിരഞ്ഞെടുത്തു.

യാത്രയ്ക്കു സകലവും ഒരുങ്ങിക്കഴിഞ്ഞു. എങ്കിലും കാറ്റു പ്രതികൂലമായിരുന്നതിനാൽ അനേകദിവസങ്ങളായിട്ടും കപ്പലുകൾക്കു തുറമുഖംവിട്ടുപോകാൻ നിവൃത്തിയുണ്ടായിരുന്നില്ല.മൂന്നാഴ്ചകഴിഞ്ഞപ്പോൾ കാറ്റിന്റെ ഗതി മാറുകയും യാത്രക്കാർ കപ്പലുകളിൽ കയറുന്നതിന് ആജ്ഞാപിക്കപ്പെടുകയും ചെയ്തു. 1541 ഏപ്രിൽ 7-ാം തീയതി രാവിലെ തുറമുഖത്തുള്ള ഒരു ആശ്രമദേവാലയത്തിൽ ഫ്രാൻസിസ് ദിവ്യപൂജചെയ്തു. ആശ്രമവാസികൾ ഒരു പ്രസംഗപീഠം പള്ളിയുടെ മുൻവശത്തു തയാറാക്കി. അതിൽ നിന്നുകൊണ്ടു സമുദ്രതീരത്തുകൂടിയിരുന്ന ജനസഞ്ചയത്തോടു ഫ്രാൻസിസ്സ് സ്വസ്തൃയനപ്രസംഗം ചെയ്തു. അതിനുശേഷം, ഒരു ഭണ്ഡയുദ്ധത്തിൽ മരണകരമായ മുറിവേറ്റ ഒരു പ്രൊട്ടസ്റ്റാന്റുകാരന്റെ മരണശയ്യയിലേക്ക് അദ്ദേഹം ആനീതനായി എന്നും, ആ ആസന്നമരണൻ കുമ്പസാരത്തിൽ ശത്രുവിനോടു ക്ഷമിക്കാൻ സന്നദ്ധനല്ലെന്നു കണ്ടപ്പോൾ, ദൈവം അവനെ അപ്പോൾ മരിക്കാനിടയാക്കാതെ ജീവിപ്പിക്കുകയാണെങ്കിൽ അവൻ ശത്രുവിനു മാപ്പുകൊടുക്കുമോഎന്നു ചോദിച്ചുവെന്നും, അവൻ സമ്മതിച്ചുവെന്നും, അപ്പോൾ അവൻ സുഖം പ്രാപിക്കുമെന്നു പറഞ്ഞുകൊണ്ട് അവന് അദ്ദേഹം പാപ

വിമോചനം നല്കിയെന്നും, അദ്ദേഹത്തിന്റെ പ്രതിശ്രുവം അത്ഭുതകരമായി നിർവഹിക്കപ്പെട്ടുവെന്നും പറയപ്പെട്ടു. അവസാനമായി അദ്ദേഹം റൊഡ്രിഗ്സിനോട് യാത്രപറഞ്ഞുകൊണ്ടു കപ്പലിൽ കയറി. നങ്കൂരമിളക്കി, കപ്പൽ ഓടിത്തുടങ്ങി. കടപ്പുറം സാംയാത്രികന്മാരുടെ ബന്ധുമിത്രാദികളുടെ അശ്രുപ്രവാഹത്താൽ സേചനം ചെയ്യപ്പെട്ടു; സ്ത്രീകളുടെയും ശിശുക്കളുടെയും പരിദേവനത്താലും ആക്രന്ദനത്താലും അന്തരീക്ഷം മുഖരീഭവിച്ചു. ഫ്രാൻസിസ്സിനു റൊഡ്രിഗ്സിനെ മുഖംതിരിച്ചറിയാൻ സാധിക്കാത്തവണ്ണം കപ്പൽ കരയിൽനിന്ന് അകന്നകന്നുപോയി. ലിസ്ബൺനഗരത്തിലെ ധവളങ്ങളായ ഹർമ്മ്യങ്ങളും ദേവാലയഗോപുരങ്ങളും ദിഗ്വിചക്രവാളത്തിൽനിന്നു മറഞ്ഞു. കപ്പൽ ട്രഫേറിയാക്കോടികടന്നു. അപാരമായ പാരാവാരം മാത്രം നാലുപാടുംപരന്നുകിടന്നു. അന്നു ഫ്രാൻസിസ്സിന്റെ ജന്മദിനമായിരുന്നു; അദ്ദേഹത്തിനു മുപ്പത്തുവയസ്സു പൂർത്തിയായി; നവ്യമായ ഒരു ജീവിതസരണിയിൽ അദ്ദേഹം പ്രവേശിച്ചു; ഒരു മരുഭൂമിശാകുന്ന അജ്ഞബലത്തോട്ടുക്രൂടി ദിഗ്വിജയത്തിനായുള്ള തന്റെ അഭിനിര്യാണം ആ ധർമ്മവീരൻ ആരംഭിച്ചു.

അദ്ധ്യായം ൧൨

ഇൻഡ്യയിലേക്കുള്ള സംയാത്ര.

ഇൻഡ്യയിലേക്കു പുറപ്പെട്ട നൌകാഗണത്തിൽ അഞ്ചു കപ്പലുകളുണ്ടായിരുന്നു. ഫ്രാൻസിസ്സ് സേവിയറും പോൾ കമറീനോയും ഫ്രാൻസിസ്സ് മൻസില്ലാസ്സും കയറിയതു് 'സന്ത്യാഗോ' എന്ന നായകക്കപ്പലിലായിരുന്നു.

അതിലായിരുന്ന പോട്ടുഗീസ് ഇൻഡ്യയുടെ പുതിയ വൈസ്‌റോയിആയ ഡോൺ മാർട്ടിൻ ഡിസോസായും സഞ്ചരിച്ചതു്. അമരഭാഗത്തു് ഉയർന്തരം ഉദ്യോഗസ്ഥന്മാക്കായുള്ള സാമാന്യം വിസ്താരവും വായുസഞ്ചാരവുമുള്ള മുറികളിലൊന്നു ഫ്രാൻസിസ്സിനും സഹചരന്മാക്കും അനുവദിക്കപ്പെട്ടിരുന്നു. വൈസ്രോയിയുടെകൂടെ അവർക്കു ഭക്ഷണവും ഏർപ്പാടുചെയ്യപ്പെട്ടിരുന്നു. എന്നാൽ ദാരിദ്ര്യവ്രതനിഷ്ഠനായ ഫ്രാൻസിസ്സു് ഈ സുഖസൗകര്യങ്ങളൊന്നും അനുഭവിച്ചില്ല. അദ്ദേഹത്തിനുള്ള വിഭവസമൃദ്ധമായ ആഹാരം ദരിദ്രർക്കും രോഗികൾക്കുമായി അദ്ദേഹം വീതിച്ചുകൊടുത്തു. അദ്ദേഹത്തിന്റെ മുറിയും കിടക്കയും അശരണരായ രോഗികൾക്കായി അദ്ദേഹം ഒഴിഞ്ഞുകൊടുത്തു.

ഈ സംയാത്ര വളരെ ദീർഘവും മന്ദവും അസുഖകരവും ആപത്സങ്കുലവുമായിരുന്നു. അഞ്ചു കപ്പലുകളിൽ ഓരോന്നിലും അഞ്ഞൂറുമുതൽ അറുന്നൂറുവരെ യാത്രക്കാരുണ്ടായിരുന്നു. അവരിൽ ബഹുഭ്രൂരിപക്ഷമായതാണ്ടരക്കാരെക്കൊണ്ടു് വെളിച്ചവും വായുവുമില്ലാത്ത അടിത്തട്ടു നിറഞ്ഞിരുന്നു. സാഹസികന്മാർ, തൊഴിലില്ലാത്ത തൊഴിലാളികൾ, ചെറുകച്ചവടക്കാർ, ക്രൂരവേലക്കാർ, ക്രൂരിപ്പടയാളികൾ, നീഗ്രോജാതിക്കാർ, ഇരുജാതിക്കാർ, നിസ്സന്മാർ, ക്രിമിനൽപുള്ളികൾ എന്നിങ്ങനെ ധർമ്മാധർമ്മവിവേകമില്ലാത്ത നാനാതരക്കാരായ ഒരു ഭ്ലേച്ഛജനസഞ്ചയത്തെ ആ ഇരുട്ടടഞ്ഞ ചരക്കറയിൽ ചരക്കെന്നവണ്ണം തിക്കിത്തെരുക്കിക്കയറ്റിയിരുന്നു. പൗരസ്ത്യദേശങ്ങളിലെ സങ്കല്പാതീതമായ സമ്പൽസമൃദ്ധിയിൽ ഒരു പങ്കു തങ്ങൾക്കും നിഷ്പ്രയാസം കരസ്ഥമാക്കി സമ്പന്നരായിക്കൊള്ളാം എന്ന പ്രത്യാശമാത്രമാണു് അവക്കെല്ലാവർക്കുമുണ്ടായിരുന്ന ഒരു സാധാരണഘടകം. അ

വരിൽ അധികംപേക്കും കപ്പൽകയറിയപ്പോൾ സ്വന്ത മായി ഓരോ ഉടുപ്പും ഈരണ്ടു റൊട്ടിയും ഏതാനും ഉണ ങ്ങിയ പഴങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

കപ്പൽ അറ്റ്ലാന്റിക്ക് മഹാസമുദ്രത്തിന്റെ ഉ ള്ളിലായപ്പോൾമുതൽ യാത്രയുടെ ഭയങ്കരത ആരംഭിച്ചു. ഊക്കൻ തിരമാലകളുടെ പ്രഹരമേറ്റ് അതു ഡോളായ മാനമായി ഉരുളുകയും കറങ്ങുകയുംചെയ്തു. തലച്ചുറ്റ്, ശർദ്ദി, അജീർണ്ണം, ജ്വരം തുടങ്ങിയ സുഖക്കേടുകൾ പി ടിപെട്ട യാത്രക്കാർ വിവശരായി. രോഗമുള്ളവരും മ രിക്കാൻപോകുന്നവരും രോഗമില്ലാത്തവരും ഒരുമിച്ചു ക്ര ടിക്കലന്ന് ഒരു കന്നുകാലിപ്പറ്റംപോലെ, ശുചീകരണ മോ വായുസഞ്ചാരം കടക്കാനുള്ള സൗകര്യമോ ഇല്ലാതെ, അടിത്തട്ടിൽ കിടന്നുഴന്നു. അവിടത്തെ നരകോചിതമായ ദുർഗ്ഗന്ധവും അവ്യവസ്ഥയും ബഹളവും വർണ്ണനാതീതമായി രുന്നു. ഗിനീതീരത്തിനു സമീപംവച്ചു കാറ്റ് അശേഷം നിലച്ചുപോകയാൽ കപ്പൽ ഓടാൻ നിവൃത്തിയില്ലാതെ നാല്പതുദിവസം ഒരേകിടപ്പു കിടന്നുപോയി. സൂര്യാതപം സകലത്തെയും ദഹിപ്പിക്കുമാറ് ഉഗ്രമായിരുന്നു. ഉജ്ജ ലിതമായ അന്തരീക്ഷത്തിൽനിന്ന് "അഗ്നിജ്വാലകൾ നാസികാരന്ധ്രങ്ങളിൽക്കൂടി മസ്തിഷ്ക്കത്തിൽ കടന്ന് അ തിനെ തിളപ്പിച്ചു" എന്ന് ഒരു സാംയാത്രികൻ പ്രസ്താ വിച്ചിരിക്കുന്നതിൽനിന്ന് അതിന്റെ നാരകീയമായ പ്ര ചണ്ഡത ഊഹ്യമാണ്. പ്രകൃതിയുടെ ഈ ശ്വാസംമുട്ടിക്ക ന്ന, ദുസ്സഹമായ, ദുരവസ്ഥയിൽ മനുഷ്യവികാരങ്ങളുടെ മ്ലേച്ഛത അവിടെ മൃഗീയത്തെ പ്രാപിച്ചു പ്രകൃതിവിരു ദ്ധമായിപ്പരിണമിച്ചതിൽ അത്ഭുതപ്പെടാനില്ല. ഒരു വ ളിച്ചു അപ്പക്ഷണത്തിനായി, ഒരുകവിൾ കൊള്ളുതാ ത്ത വെള്ളത്തിനായി, ഒരു ചതുരശ്രയടി തണലിനായി ഈ ദീനരായ യാത്രക്കാർ ഉഗ്രസമരംചെയ്തു. അവർക്ക്

ബാക്കി ഉണ്ടായിരുന്ന റൊട്ടിത്തുണ്ടും പഴയ ഉടുപ്പുംപോലും അവർ ചൂതുകളിച്ചു കളഞ്ഞു. സേവദസ്സിക്കരായി, നഗ്നരായി, സംഭ്രാന്തരായി അവർ കരങ്ങൾകൊണ്ടും കത്തികൾകൊണ്ടും പരസ്പരം ആക്രമിച്ചു. ദൈവദൂഷണങ്ങളാലും ആക്രന്ദനങ്ങളാലും മറിവേറ്റവരുടെ ദീനവിലാപങ്ങളാലും ആസന്നമരണരുടെ പരിദേവനങ്ങളാലും കപ്പലിൻെറ അടിത്തട്ട് മുഖരിതമായി. ഇങ്ങനെ മനുഷ്യർ മൃഗതുല്യരായി, സുബോധരഹിതരായി, സകലവിധ ക്ലേശങ്ങളിലും ആമഗ്നരായി ഉഴലുന്ന കാഴ്ച അന്യത്ര അസുലഭമാണ്.

ഈ അധോലോകത്തു്, സോദോമിലും ഗോമോറായിലും ദൈവദൂതന്മാരെന്നവണ്ണം, ഫ്രാൻസിസ്സും സഹകാരികളും പ്രത്യക്ഷപ്പെട്ടു. ആരംഭംമുതൽ അദ്ദേഹവും തൊഴുറോൽ, ഛർദ്ദി, ജ്വരം എന്നീ രോഗങ്ങളാൽ നിരന്തരം പീഡിതനായിരുന്നു. അദ്ദേഹത്തിൻെറ ശരീരം ഇങ്ങനെ അസ്വസ്ഥവും ക്ഷീണവിവശവുമായിരുന്നുവെങ്കിലും മനസ്സു് അക്ഷീണവും ഉജ്ജ്വലവുമായി വർത്തിച്ചു. അദ്ദേഹം അഹോരാത്രം അടിത്തട്ടിലെ അസഹായരായ രോഗികളെയുംമറ്റും പരിചരിക്കുന്നതിൽ വ്യാപൃതനായിരുന്നു. യാത്രക്കാരുടെ ആത്മീയവും ശാരീരവുമായ ആവശ്യങ്ങളിൽ അദ്ദേഹം ഒന്നുപോലെ ദത്തശ്രദ്ധനായിരുന്നു. രാത്രിയിൽ കുറച്ചുസമയംമാത്രം തൻെറ മുറിയിൽ ഏകാഗ്രമായ പ്രാർത്ഥനയിലും ധ്യാനത്തിലും അദ്ദേഹം കഴിച്ചുകൂട്ടി. ഓട്ടപായ്ക്കയർ ചുരുളിൻെറ പുറത്തു നംക്രം തലയണയായി ഉപയോഗിച്ചായിരുന്നു അദ്ദേഹം അല്പനേരം ഉറങ്ങിയതു്. ഞായറാഴ്ചതോറും അദ്ദേഹം യാത്രക്കാരോടു് ധർമ്മപരമായ പ്രസംഗംചെയ്യുകയും അവരെ ക്രിസ്തുമതതത്ത്വങ്ങൾ പഠിപ്പിക്കുകയുംചെയ്തു. ത്യാഗപൂർണ്ണമായ ഈ സേവനത്താൽ സ്പൃഷ്ടഹൃദയരായി

സകലരും അദ്ദേഹത്തെ "പരിശുദ്ധനായ പിതാവു്" എന്നു് ആദരപൂർവ്വം അഭിസംബോധനംചെയ്തു.

കപ്പൽ ആഫ്രിക്കായുടെ പടിഞ്ഞാറുവശത്തെക്കടലിൽക്കൂടി തെക്കോട്ടു് ഓടി ഗുഡ്ഹോപ്പ്കോടി കടന്നു, നേറ്റലിന്റെ തീരത്തുകൂടി വടക്കോട്ടു സഞ്ചരിച്ചു്; അതു് ആഫ്രിക്കായുടെ കിഴക്കേത്തീരത്തിനും മഡഗാസ്കർ ദ്വീപിനും മദ്ധ്യേക്കൂടി പുരോഗമനംചെയ്തു, മൊസാംബിക്ക്ദ്വീപിൽ അടുത്തു. ഈ ദ്വീപിന്റെ ദക്ഷിണതീരത്തായിരുന്ന പോർട്ടുഗീസുകാരുടെ ഉപനിവേശസ്ഥാനം. അവിടെ ഒരു കോട്ടയും, പള്ളിയും, ആശുപത്രിയും, അവരുടെ വസതികളുമുണ്ടായിരുന്നു. ഏതദ്ദേശീയരുടെ ഉപദ്രവം വടക്കോട്ടുമാറി സ്ഥിതിചെയ്തു.

ലിസ്ബൺവിട്ടു് അഞ്ചുമാസംകഴിഞ്ഞു സെപ്തംബർമാസത്തിലായിരുന്നു സന്യാഗോ മൊസാമ്പിക്കിൽ എത്തിയതു്.വഴിയിൽ താമസമില്ലായിരുന്നുവെങ്കിൽ കപ്പൽ ഇപ്പോഴേയ്ക്കു ഇൻഡ്യയുടെ തീരംസമീപിക്കേണ്ടതായിരുന്നു. ഇപ്പോഴാകട്ടെ, മൺസൂൺകാലം ആസന്നമായിപ്പോയതുകൊണ്ടു് മൊസാമ്പിക്കിൽനിന്നു് ഇൻഡ്യയിലേക്കു കപ്പൽവിടേണ്ട ഘട്ടം കഴിഞ്ഞുപോയിരുന്നു. അതുകൊണ്ടു് അനേകമാസക്കാലം സന്യാഗോവും കൂട്ടുകപ്പലുകളും ആ ദ്വീപിലെ തുറമുഖത്തുതന്നെ അലസമായിക്കിടക്കേണ്ടിവന്നു. യാത്രക്കാരെല്ലാം കരയ്ക്കിറങ്ങി അവരുടെ സൗകര്യംപോലെ താമസിച്ചു.വൈസ്രോയിയും ഉദ്യോഗസ്ഥന്മാരും കോട്ടയ്ക്കുള്ളിൽ താമസമാക്കി. രോഗികളെ ആശുപത്രിയിലേക്കു കൊണ്ടുപോകപ്പെട്ടു; അവരെക്കൊണ്ടു് അതു നിറഞ്ഞു. കോട്ടയ്ക്കുള്ളിൽ സുഖമായിത്താമസിക്കുന്നതിനുള്ള വൈസ്രോയിയുടെയുംമറ്റും ക്ഷണം ഫ്രാൻസിസ് സ്വീകരിച്ചില്ല; അദ്ദേഹം പതിവനുസരിച്ചു രോഗികളോടുകൂടി ആശുപത്രിയിൽ താമസിച്ചു.

പോർട്ടുഗീസു വൈസ്രോയിയുടെ, ഗ്രഡ്ഹോപ്പു കോടിമുതൽ മൊളുക്കാസുവരെ ബഹുദൂരം വ്യാപകമായിരുന്ന, അധികാരസീമയിൽപ്പെട്ട ആദ്യത്തെ ദേശമായിരുന്ന മൊസാംബിക്കു്. ഇവിടെ പോർട്ടുഗീസുകാർ പൗരസ്ത്യദേശങ്ങളിൽ അവലംബിച്ച ജീവിതരീതികളെയും പ്രവർത്തനപദ്ധതികളെയും ഫ്രാൻസിസ് ഇദംപ്രഥമമായി നേരിട്ടു കണ്ടു. ഈ ദേശത്തു മേൽക്കോയ്മ ഉള്ളവരാണെന്നുള്ള ബോധവും തജ്ജന്യമായ ഔദ്ധത്യവും അവർ പ്രകടിപ്പിച്ചു. അവർ പുറത്തോട്ടുപോകുമ്പോൾ ഒരു നീഗ്രോട്ടർയ്യൻ അവരെ എപ്പോഴും അനുഗമിക്കുകയും അവക്കു വെയിൽകൊള്ളാതെ മുത്തുക്കുട നിവർത്തുപിടിച്ചുകൊടുക്കുകയും ചെയ്തു. അവിടെനിന്നു് അവർ ഇൻഡ്യയിൽ കൊണ്ടുപോയി വില്ക്കുന്നതിനായി നീഗ്രോജാതിക്കാരായ അടിമകളെ വിലയ്ക്കുവാങ്ങിച്ചു. അവിടത്തെ കമ്പോളത്തിൽ സാരസനന്മാൽ ബന്ധിക്കപ്പെട്ട നെട്ടംകുപ്പായവും ഒഴുക്കൻ കാലുറകളും ധരിച്ച താടിമീശക്കാരായ അറബികളും ശ്വേതാംബരവും അരുണവർണ്ണമായ പാദുകകളും ധരിച്ചു് നെറ്റിയിൽ വിഭൂതിയോടുകൂടിയ ഹിന്തുക്കളും കാണപ്പെട്ടു.

ഫ്രാൻസിസ്സിനു് ഈ ദ്വീപിന്റെ ഉള്ളിലോട്ടു കടന്നു് അവിടത്തെ ജനങ്ങളുടെ സ്ഥിതിയെപ്പറ്റി അന്വേഷിക്കുന്നതിനു സമയമുണ്ടായിരുന്നില്ല. ആശുപത്രിയെ അഭയം പ്രാപിച്ച ഒട്ടുവളരെ രോഗികളായയാത്രക്കാരെ ശുശ്രൂഷിക്കുന്നതിൽ അദ്ദേഹത്തിന്റെ സമയം മുഴുവനും വിനിയോഗിച്ചു. പോളും മൻസില്ലാസും അവരുടെ ശാരീരാവശ്യങ്ങളും ഫ്രാൻസിസ് അവരുടെ ആത്മീയാവശ്യങ്ങളും നിർവഹിക്കുന്നതിൽ പ്രത്യേകം ശ്രദ്ധപതിച്ചു. അദ്ദേഹം അവരുടെ കുമ്പസാരം കേൾക്കുകയും അവക്കു ദിവ്യകാരുണ്യം വിതരണം

ചെയ്യുകയും ചെയ്തു. അവിടെ താമസിച്ച ആറുമാസത്തിനുള്ളിൽ ആശുപത്രിയിൽ കിടന്നു മരിച്ച എൺപതുപേരിൽ മിക്കവാറും എല്ലാവരെയും അദ്ദേഹം ഈശ്വരസന്നിധിയെ പ്രാപിക്കുന്നതിനു നല്ലവണ്ണം ഒരുക്കിയിരുന്നു. ആശുപത്രിയിലെ ഡോക്ടർ ഒരുദിവസം രോഗികളെ സന്ദർശിച്ചപ്പോൾ ഫ്രാൻസിസ്സിനു കലശലായ ജ്വരമുണ്ടായിരുന്നുവെങ്കിലും അദ്ദേഹം പതിവുപോലെ മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതായി കണ്ടു; സ്വന്തം ആരോഗ്യത്തെ അങ്ങനെ അവഗണിക്കരുതെന്നും മുറിയിൽ പോയി വിശ്രമിക്കണമെന്നും അദ്ദേഹത്തോടു ഡോക്ടർ നിഷ്കർഷിച്ചു. അപ്പോൾ, തനിക്കു അടുത്ത രാത്രി മുഴുവനും ഒരു സഹോദരനെ പരിചരിക്കാനുണ്ടെന്നും അതിനുശേഷമേ വിശ്രമിക്കുവാൻ നിവൃത്തിയുള്ളുവെന്നും അദ്ദേഹം മറുപടി പറഞ്ഞു. ഈ സഹോദരൻ ആസന്നമരണനായിക്കിടന്ന യുവാവായ ഒരു കപ്പൽജോലിക്കാരനായിരുന്നു. അടുത്ത ദിവസം രാവിലെ ഡോക്ടർ ഫ്രാൻസിസ്സിന്റെ കുടിലിൽ ചെന്നു. അതിൽ കയറുകൊണ്ടുവരിഞ്ഞ ഒരു തടിക്കട്ടിലിൽ ഒരു പഴന്തുണി വിരിച്ചതായിരുന്ന അദ്ദേഹത്തിന്റെ കിടക്ക. പ്രസ്തുതസഹോദരൻ ഈ ശയ്യയിൽ കിടക്കുകയായിരുന്നു. അതിനടുത്തു ഒരു പീഠികവണ്ടിയിൽ ഉപവിഷ്ടനായി ഫ്രാൻസിസ്സ് അവനോടു സംസാരിച്ചുകൊണ്ടിരുന്നു. ബോധരഹിതനായിരുന്ന രോഗിക്ക്, ആ ത്യാഗിവര്യന്റെ ശയ്യയിൽ കിടത്തപ്പെട്ടപ്പോൾ ബോധം വീണിരുന്നു. അദ്ദേഹം അവന്റെ കുടുംബസാരം കേൾക്കുകയും അന്നുവൈകുന്നേരം അവൻ മരിക്കുന്നതിനുമുമ്പായി അവനു ദിവ്യകാരുണ്യംകൊടുക്കുകയുംചെയ്തു. അപ്പോഴേക്കു ഫ്രാൻസിസ്സ് ക്ഷീണപരവശനായി. ഡോക്ടർ അദ്ദേഹത്തെ നിർബ്ബന്ധപൂർവ്വം തന്റെ വസതിയിലേക്കുമാറ്റി. ജ്വരം വളരെ വർദ്ധിച്ചു.

മൂന്നുദിവസം അദ്ദേഹം ബോധരഹിതനായിക്കിടന്നു. എല്ലാവരും അദ്ദേഹം അപ്പോൾ മരിച്ചുപോകുമെന്നു ഭയപ്പെട്ടു. എങ്കിലും ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം സുഖം പ്രാപിച്ചു.

1542 ജനുവരി ആരംഭത്തിൽ ഡിമെല്ലോ എന്ന ഒരു പോർട്ടുഗീസുനാവികൻ ഇൻഡ്യയിൽനിന്നു മൊസാമ്പിക്കിൽ വന്നുചേർന്നു. അയാൾ മാർട്ടിൻ ഡിസോസായുടെ മുൻഗാമിയായ ഗോവാഗവണ്ണർ ഡിഗാമായാൽ കടൽക്കള്ളത്തിനു വധശിക്ഷയ്ക്കു വിധിക്കപ്പെട്ടശേഷം ഒളിച്ചോടിവന്ന ഒരുവനായിരുന്നു. ഡിഗാമായുടെ മേൽ ദോഷങ്ങൾ ആരോപിച്ചു ഡിസോസായുടെ പ്രീതിസമ്പാദിക്കണമെന്നുദ്ദേശിച്ചായിരുന്നു അയാൾ വന്നതു്. അയാൾ പറഞ്ഞ അപവാദങ്ങളെ പുതിയ വൈസ്റോയി സന്തോഷപൂർവ്വം ശ്രദ്ധിച്ചുകേട്ടു. അതിനിടയ്ക്കു ഗോവായിൽനിന്നു ഡിഗാമാ അയച്ച 'കൊല്ലം' എന്ന ഒരു കപ്പൽ വന്നുചേർന്നു. അതിന്റെ കപ്പിത്താനെ ബന്ധനസ്ഥനാക്കിയശേഷം, ഡിസോസാ ഗോവായിൽ അപ്രതീക്ഷിതമായി ചെന്നുചേരണമെന്ന ഉദ്ദേശ്യത്തോടുകൂടി, അതിൽതന്നെ ഫെബ്രുവരി മാസത്തിൽ പുറപ്പെടണമെന്നു നിശ്ചയിച്ചു. ആ മാസം ഒടുവിൽ വൈസ്റോയിയെ കയറ്റിക്കൊണ്ടു 'കൊല്ലം' പുറപ്പെട്ടു. പോളിനെയും മൻസില്ലാസിനെയും, അവർ അതുവരെ വന്ന കപ്പൽ പുറപ്പെടുന്നതുവരെ, രോഗികളുടെ ശുശ്രൂഷയ്ക്കായി മൊസാംബിക്കിൽതന്നെ താമസിപ്പിച്ചുകൊണ്ടു ഫ്രാൻസിസ് ഡിസോസായെ അനുഗമിച്ചു.

'കൊല്ലം' ആഫ്രിക്കായുടെ പൂർവ്വതീരത്തുകൂടെ വടക്കോട്ടു് ഓടി മെലിന്ദാ എന്ന തുറമുഖത്തു് അടുത്തു. അതു മുഹമ്മദീയരുടെ ആധിപത്യത്തിലുള്ള ഒരു സ്ഥലമായിരുന്നു. പരന്നുനിരന്നുകിടന്ന സമുദ്രതീരത്തു കല്ലുകൊണ്ടു

ബലവത്തായി നിർമ്മിക്കപ്പെട്ട ഗൃഹങ്ങളും, മുഹമ്മദീയദേവാലയങ്ങളും, ഗോപുരങ്ങളും, രാജകീയപ്രാസാദവും വിശാലങ്ങളായ ഉപവനങ്ങളും, കേരവൃക്ഷനികരങ്ങളും, അത്യന്തമനോഹരങ്ങളായി സ്ഥിതിചെയ്യുന്നു. ജനങ്ങളിൽ ഉയർന്ന നിലയിലുള്ളവർ അറബിരീതിയിൽ വസ്ത്രധാരണംചെയ്തിരുന്നു. സ്യൂകം മൂടുപടം ധരിച്ചിരുന്നു. പോർട്ടുഗൽരാജാവിന്റെ ഒരു സാമന്തനായ അവിടത്തെ സുൽത്താൻ ആഡംബരപൂർവ്വമായ ഒരു ഘോഷയാത്രയായി വൈസ്രോയിയെ കപ്പലിൽ വന്നു എതിരേല്ക്കുകയും ബഹുമൂല്യങ്ങളായ ഉപഹാരങ്ങൾ അദ്ദേഹത്തിനു കാഴ്ചവയ്ക്കുകയും ചെയ്തു. കേവലം നഗ്നരായ കിരാതന്മാരെയല്ല, മിക്കവാറും ഉൽകൃഷ്ടമായ നാഗരികതയും സംസ്കാരവുമുള്ള ജനങ്ങളേയാണ് താൻ മതപരിവർത്തനം ചെയ്യുന്നതിനായി പുറപ്പെട്ടിരിക്കുന്നതെന്ന ഒരു പ്രതീതി മെലിന്ദായിലെ പൗരന്മാരുടെ സ്ഥിതി കണ്ടപ്പോൾ, ഇടംപ്രഥമമായി, ഫ്രാൻസിസ്സിൽ അങ്കുരിച്ചിരിക്കണം. കപ്പലിൽവച്ചു മരിച്ച ഒരു യാത്രക്കാരന്റെ പ്രേതംസംസ്കരിക്കുന്നതിനായി അദ്ദേഹം കരയ്ക്കിറങ്ങി. നഗരത്തിന്റെ ദക്ഷിണഭാഗത്തു സ്ഥിതിചെയ്യുന്ന പോർട്ടുഗീസുകാരുടെ ശവകോട്ടയിൽ അവർ സ്ഥാപിച്ചിരുന്ന ഗംഭീരവും മനോഹരവും സ്വർണ്ണചിത്രവുമായ കുരിശു കണ്ടു് അദ്ദേഹം ആനന്ദഭരിതനായി. "മുഹമ്മദീയ പരിസരങ്ങളുടെ നടുവിൽ ഒറ്റതിരിഞ്ഞു വിജയശ്രീയോടു പരിലസിക്കുന്ന അതിനെക്കണ്ടപ്പോൾ ഞങ്ങൾക്കു എത്രമാത്രം ആശ്വാസമുളവായി എന്നു് ഈശ്വരനറിയാം." എന്നു് അദ്ദേഹം ഈ യാത്രയെ വിവരിച്ചെഴുതിയ ഒരു കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

'കൊല്ലം' മെലിന്ദായിൽനിന്നു വടക്കോട്ടു യാത്രതുടർന്നു, സൊക്കോടാ എന്ന ദ്വീപിൽ അടുത്തു. ഫ്രാൻസിസ്സ് അവിടെ രണ്ടു പ്രാവശ്യം കരയ്ക്കിറങ്ങി. അവിടത്തെ

ഭരണാധികാരികളും മുഹമ്മദീയരായിരുന്നുവെങ്കിലും ജനങ്ങളും മഹാഭൂരിപക്ഷവും ക്രിസ്ത്യാനികളായിരുന്നു. അപ്പോസ്തലനായ സെയിൻറ് തോമസ് ഇൻഡ്യയിലേക്കു പോയവഴിക്ക് ഈ ദ്വീപിൽ ഇറങ്ങിയെന്നും അവരുടെ പൂർവ്വപിതാക്കന്മാരെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തുവെന്നുമാണ് അവരുടെ പാരമ്പര്യവിശ്വാസം. നാലാംനൂറ്റാണ്ടിൽ അവിടെ ക്രിസ്ത്യാനികളും ക്രൈസ്തവദേവാലയങ്ങളുമുണ്ടായിരുന്നുവെന്നതിനു സംശയമില്ല. മദ്ധ്യയുഗങ്ങളിൽ അവിടെ നെസ്റ്റോറിയൻക്രിസ്ത്യാനികളുണ്ടായിരുന്നുവെന്നു ദേശസഞ്ചാരികളും പ്രസ്താവിച്ചിട്ടുണ്ട്. പോർട്ടുഗീസുകാർ ഈ ദ്വീപു കൈവശപ്പെടുത്തിയശേഷം 1507-ൽ ഫ്രാൻസിസ്കൻ മിഷനറിമാർ അവിടെ ധർമ്മപ്രചാരണം തുടങ്ങിയെങ്കിലും, നാലുവർഷംകഴിഞ്ഞു് അവർ അവിടംവിട്ടു പോകേണ്ടിവന്നു. ജനങ്ങളും പൊതുവെ ദരിദ്രരും അജ്ഞരുമായിരുന്നുവെങ്കിലും മതാഭിമാനികളായിരുന്നു. ജ്ഞാനസ്നാനം എന്നു ക്രൂശായപ്പെറ്റി അവർക്കു് യാതൊരു അറിവുമുണ്ടായിരുന്നില്ല. എല്ലാ ക്രൈസ്തവസ്ത്രീകളുടെയും പേരു മേരിഎന്നായിരുന്നു. പുരുഷന്മാർ അപ്പോസ്തലന്മാരുടെ പേരുകളും ധരിച്ചു. അവർ കുരിശിനോടു വലുതായ ഭക്തി പ്രകടിപ്പിക്കുകയും എല്ലായ്പ്പോഴും കുരിശു കഴുത്തിൽ വഹിക്കുകയും ചെയ്തു. കുരിശുരൂപങ്ങളും തൂക്കുവിളക്കുകളും മാത്രമായിരുന്നു അവരുടെ പള്ളികളുടെ അകത്തെ അലങ്കാരങ്ങളും. ദിവസം നാലുപ്രാവശ്യം വൈദികർ ദേവാലയത്തിൽ ആരാധനം നടത്തി; അവർ സുദീർഘമായ ഉപവാസം അനുഷ്ഠിച്ചു. അവർ വിവാഹിതരായിരുന്നു. ഒരുദിവസം ഒരു പള്ളിയിൽ ആരാധന നടന്നുകൊണ്ടിരുന്നപ്പോൾ ഫ്രാൻസിസ് അതിൽ പ്രവേശിക്കുകയും അവരുടെ പ്രാർത്ഥനകളെ ശുദ്ധീകരിക്കുകയുംചെയ്തു. അവ അ

വൈദികക്കുതന്നെയും അത്ഥം അറിയാൻപാടില്ലാതിരുന്ന കൽദേയഭാഷയിലായിരുന്നു. മൂന്നാലു പ്രാത്ഥനകൾ ഉച്ചാരണമനുസരിച്ച് അദ്ദേഹം എഴുതിയെടുത്തു. "അല്ലേലൂയാ" എന്ന പദം പലവുരു ആവത്തിക്കപ്പെട്ട. ഒരു ദ്വിഭാഷിയുടെ സഹായത്തോടു 'ജ്ഞാനസ്നാന'ത്തെപ്പറ്റി അദ്ദേഹം അവക്കു പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. അവർ ക്രമംക്രമമായി കുഞ്ഞുങ്ങളോടുകൂടി അദ്ദേഹത്തെ സമീപിച്ച് ആ ക്രിയാശ നല്കുന്നതിനും അവരോടുകൂടി താമസിക്കുന്നതിനും അദ്ദേഹത്തോടു് അപേക്ഷിച്ചു. അവരുടെ പ്രധാന ആഹാരമായ ഈന്തപ്പഴം അവർ അദ്ദേഹത്തിനു കൊടുത്തു. അദ്ദേഹം വീടുകൾതോറും നടന്ന് അവരെ ജ്ഞാനസ്നാപനംചെയ്തു. അദ്ദേഹം "കൊല്ല"മിൽ മടങ്ങിവന്നപ്പോൾ ക്ഷീണാവിവശനായിരുന്നുവെങ്കിലും, ആ ക്രിസ്ത്യാനികളുടെ ദയനീയസ്ഥിതിയിൽ അനുകമ്പാകുലനായി അവിടെ കുറച്ചുകാലം താമസിച്ചു ധർമ്മപ്രചാരണംചെയ്യണമെന്ന്—സെയിൻറ് തോമസ്സിനെപ്പോലെ, അദ്ദേഹവും ഇൻഡ്യയിലേക്കുള്ള യാത്രയിൽ അവിടെ അല്പം താറി തൻെറ ധർമ്മദൗത്യം നിറ്വഹിക്കണമെന്ന്—ആഗ്രഹിച്ചു. എന്നാൽ വൈസ്റോയി അതിന് അനുവദിച്ചില്ല "കൊല്ല"മിൽതന്നെ ഇൻഡ്യയിലേക്കു യാത്രതുടരുന്നതിന് അദ്ദേഹം ഫ്രാൻസിസ്സിനെ നിർബ്ബന്ധിച്ചു.

ഫ്രാൻസിസ് ഈ ദ്വീപിനെ ഒരിക്കലും വിസ്മരിച്ചില്ല. ഇതിനുശേഷം രണ്ടുപ്രാവശ്യം (1546-ലും 1549-ലും) അവിടത്തേക്കു മിഷനറിമാരെ അയക്കുന്നതിന് അദ്ദേഹം ശ്രമിച്ചു. പരിസ്ഥിതികളുടെ പ്രാതികൂല്യത്താൽ ആ ശ്രമങ്ങളും സഫലീഭവിച്ചില്ല. അദ്ദേഹത്തിൻെറ മരണശേഷം രണ്ടു് ഇശോസഭക്കാർ ചെയ്ത ശ്രമവും നിഷ്ഫലമായിപ്പരിണമിച്ചു. ക്രിസ്തുമതത്തിൻെറ

യാതൊരു ലക്ഷണവും ഇപ്പോഠം സൊക്കോടായിൽ അവശേഷിച്ചിട്ടില്ല.

"കൊല്ലം" സൊക്കോടാ വിട്ടു യാത്ര തുടന്നു. മൺസൂൺകാറ്റ് അനുകൂലമായിരുന്നു. 1542 മേയ് 6-നു പാതിരാത്രി കപ്പൽ ഗോവാതുറമുഖത്തിന്റെ പ്രവേശനദ്വാരത്തിൽ എത്തി. അപ്പോഠം ഫ്രാൻസിസ്കു് ലിസ്ബണിൽനിന്നു പുറപ്പെട്ടിട്ടു പതിമൂന്നു മാസം പൂർത്തിയായിരുന്നു.

അദ്ധ്യായം 8

ഫ്രാൻസിസ്കു് സേവിയർ വന്നപ്പോഠം ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെയും ക്രിസ്തുമതത്തിന്റെയും സ്ഥിതി.

1497-ൽ വാസ്കോഡിഗാമാ ഇൻഡ്യയിലേക്കു് ഒരു സമുദ്രമാർഗ്ഗം കണ്ടുപിടിക്കുന്നതിനു ലിസ്ബൺതുറമുഖത്തിൽനിന്നു പുറപ്പെട്ടു, ആഫ്രിക്കായുടെ തെക്കേ അറ്റത്തുള്ള ഗുഡ്ഹോപ്പുകോടി ചുറ്റി 1498-ൽ മലബാർതീരത്തെത്തി. വളരെക്കാലമായി യൂറോപ്യന്മാർ കണ്ടുപിടിക്കുന്നതിനു തീവ്രയത്നം ചെയ്തുകൊണ്ടിരുന്ന ആ വാണിജ്യസരണി അങ്ങനെ ഉദ്ഘാടനം ചെയ്യപ്പെട്ടു. അതോടുകൂടി പെട്ടെന്നു പോർട്ടുഗൽ അർദ്ധഗോളവ്യാപകമായ ഒരു വാണിജ്യസാമ്രാജ്യമായി രൂപാന്തരീഭവിച്ചു. അപ്പോഠംമുതൽ വർഷംതോറും ഈസ്റ്റിൻഡ്യാ നൗകാഗണം ലിസ്ബണിൽനിന്നു പുറപ്പെട്ടു പൗരസ്ത്യദേശങ്ങളിൽ വന്നു ബഹുമൂല്യങ്ങളായ സുഗന്ധദ്രവ്യങ്ങഠം, പട്ടുവസ്ത്രങ്ങഠം മുതലായവ ശേഖരിച്ചു മടങ്ങി. പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ആഫ്രിക്കാ, അറേബ്യാ,

പെർഷ്യാ, ഇൻഡ്യാ, മലാക്കാ, ചൈനാ മുതലായ പൗരസ്ത്യരാജ്യങ്ങളും തമ്മിലുള്ള കടൽക്കച്ചവടം മുഹമ്മദീയരുടെ അധീനതയിലായിരുന്നു. സമുദ്രമാർഗ്ഗങ്ങളിൽ തങ്ങളുടെ പ്രാബല്യം സ്ഥാപിച്ച് ഈ കച്ചവടം സ്വാധീനപ്പെടുത്തുന്നതിനു പോർട്ടുഗീസുകാർ മുഹമ്മദീയരോടു നിരന്തരം യുദ്ധംചെയ്യേണ്ടിവന്നു. വാസ്കോഡിഗാമായുടെ അനന്തരഗാമിയായ ആൽബുകെർക്ക് പ്രതിദ്വന്ദ്വികളെ നിഷ്പ്രയാസം തോല്പിച്ച് പൗരസ്ത്യ സാംയാത്രികവാണിജ്യത്തിൽ പോർട്ടുഗീസുകാരുടെ ഏകച്ഛത്രാധിപത്യം സ്ഥാപിച്ചു. അദ്ദേഹം കൊച്ചിയിലും കണ്ണൂരിലും കോട്ടകെട്ടി അവരുടെ വാണിജ്യതാല്പര്യങ്ങളെ സംരക്ഷിച്ചു. 1510-ൽ അദ്ദേഹം മുഹമ്മദീയരിൽനിന്നു ഗോവാ പിടിച്ചെടുത്ത് അതിനെ പോർട്ടുഗീസ് ഈസ്റ്റിൻഡ്യയുടെ തലസ്ഥാനമാക്കി. അതിനു അല്പംമുൻപ് അദ്ദേഹം പെർഷ്യൻകടലിന്റെ പ്രവേശനദ്വാരത്തിൽ സ്ഥിതിചെയ്യുന്ന ഓർമസ് പിടിച്ചതുപോലെ 1511-ൽ മലയാദ്വീപസമൂഹത്തിലേക്കു വഴിതെളിക്കുന്ന മലാക്കായും കീഴടക്കി. മൊസാമ്പിക്കും സൊഫാലായും സ്വാധീനപ്പെടുത്തിയതോടുകൂടി അദ്ദേഹം ആഫ്രിക്കയിലും പോർട്ടുഗീസുകാരുടെ വ്യാപാരം സുരക്ഷിതമാക്കി. 1515-ൽ അൽബുകെർക്ക് മരിച്ചപ്പോൾ ഇൻഡ്യൻ കടലുകളിൽ പോർട്ടുഗലിന്റെ ആധിപത്യം സംസ്ഥാപിതമായി; പോർട്ടുഗീസു ഗവമ്മെൻറിന്റെ 'പാസ്സ്' കൂടാതെ യാതൊരു സാംയാത്രികനും അവയിൽക്കൂടെ ഗതാഗതംചെയ്യുന്നതിനു സാധിക്കുമായിരുന്നില്ല.

അൽബുകെർക്കിന്റെ അനന്തരഗാമികൾ അദ്ദേഹത്തിന്റെ പദ്ധതിയെ തുടർന്നു. അവർ നവനവങ്ങളായ വാണിജ്യബന്ധങ്ങൾ സ്ഥാപിക്കുകയും ഏതദ്ദേശീയരാജാക്കന്മാരുടെ സഖ്യവും സാമന്തതയും കൂടുതലായി സ

ന്വാദിക്കുകയും ചെയ്തു. 1518 ൽ സിലോൺ രാജാവും അവരുടെ മേൽകോയ്മയെ സമ്മതിച്ചു. വാണിജ്യസംരക്ഷണത്തിനും ആധിപത്യസ്ഥാപനത്തിനുമായി ഡ്യു, ബസീൻ, ചാൾ, ചാലെ, കൊട്ടങ്ങല്യൂർ, കൊല്ലം, റെർണേറു (മോസ്സ്ക്കായിൽ) എന്നീസ്ഥലങ്ങളിൽ അവർ കോട്ടകൾ നിർമ്മിച്ചു. പക്ഷെ, ഗോവായിലും ബസീനിലും ഒഴിച്ചു മറ്റുസ്ഥലങ്ങളിലെങ്ങും പോർട്ടുഗീസുകാരുടെ ഭരണം അവരുടെ പീരങ്കിയുടെ പരിധിക്കപ്പുറം വ്യാപിച്ചില്ല. അവരുടെ ശക്തിക്കു ദൃഷ്പ്രാപങ്ങളായി അതിവിപുലങ്ങളും ജനബഹുലങ്ങളുമായ ഒട്ടുവളരെ മഹമ്മദീയസാമ്രാജ്യങ്ങളും ഹൈന്ദവരാഷ്ട്രങ്ങളും അവരുടെ കോട്ടകളിൽനിന്ന് അനതിദൂരത്തായി സ്ഥിതിചെയ്തു. ഈ പ്രദേശങ്ങളുടെ ഉള്ളിലോട്ട പോർട്ടുഗീസുകാരായ യുദ്ധവീരന്മാരോ ധർമ്മവീരന്മാരാ അധികമായി കടന്നില്ല. അവരുടെ ഇൻഡ്യൻസാമ്രാജ്യം ആരംഭംമുതൽ ദുർബ്ബലമായിരുന്നു. അനേകശതം മൈൽ ദൂരെദൂരെയായി സ്ഥിതിചെയ്ത അവരുടെ വാണിജ്യകേന്ദ്രങ്ങളെ പ്രബലന്മാരായ ശത്രുക്കളിൽനിന്നു സംരക്ഷിക്കുന്നതിനു മാതൃരാജ്യത്തിന്റെ നാവികശക്തിമാത്രമേ അവക്ക് അവലംബമായിരുന്നുള്ളു.

ഇൻഡ്യായിൽ വന്ന പോർട്ടുഗീസുകാർ കച്ചവടക്കാർ അല്ലെങ്കിൽ ഭടന്മാർ, അല്ലെങ്കിൽ രണ്ടുമായിരുന്നു. മറ്റുയാതൊരു തൊഴിലും അവക്കു വശമായിരുന്നില്ല. പോർട്ടുഗീസുകാരായ സ്ത്രീകൾ ഇൻഡ്യയിൽ അപൂർവമായിട്ടേ വന്നിരുന്നുള്ളു. ലിസ്ബണിൽനിന്ന് ഇൻഡ്യയിലേക്കു പുറപ്പെടുന്ന കപ്പലുകളിൽ സ്ത്രീകൾ യാത്രചെയ്യാൻ പാടില്ലെന്ന നിഷ്കർഷ ഉണ്ടായിരുന്നു. കപ്പലിൽ ഒളിച്ചു കയറി ആദ്യമായി ഗോവയിൽ വന്നിറങ്ങിയ മൂന്നു പോർട്ടുഗീസുസ്ത്രീകളെ വാസ്കോഡിഗാമ പരസ്യമായി മുക്കാലിയിൽക്കെട്ടിയടിപ്പിച്ചു.ഈ നിയമംമൂലം

ഇൻഡ്യയിൽ പോർട്ടുഗീസുകാരുടെ ഇടയിൽ വ്യഭിചാരം സർവസാധാരണമായിത്തീന്നു. ഒന്നോ ഒന്നിലധികമോ വെപ്പാട്ടികൾ ഇല്ലാതിരുന്ന പോർട്ടുഗീസുകാരൻ പൌരസ്ത്യദേശങ്ങളിൽ അപൂർവമായിരുന്നു. ഈ ഏർപ്പാടിന്റെ അവശ്യഫലമായി ഒരു സങ്കരജാതി അവർ അധിവസിച്ച സ്ഥലങ്ങളിൽ ആവിർഭവിച്ചു. ഈ 'ഇരുജാതി' പ്രകൃത്യാ രണ്ടു ജാതിക്കാരുടേയും മ്ലേച്ഛാംശങ്ങളുടെ മൂർത്തീകരണമായിരുന്നു. ഇൻഡ്യാ, സിലോൺ, മലയാ മുതലായ രാജ്യങ്ങളുടെ പലഭാഗങ്ങളിലും പോർട്ടുഗീസു ചരിത്രത്തിലെ ഏറ്റവും വിഖ്യാതങ്ങളായ നാമധേയങ്ങൾ ധരിക്കുന്ന ഈ *സങ്കരജാതിക്കാർ കാണപ്പെടുന്നു. ഇൻഡ്യയിൽ വന്ന പോർട്ടുഗീസുകാരിൽ ഭ്രഷ്ടപക്ഷവും സ്വദേശത്ത് ഏറ്റവും താണ നിലയിലുള്ളവരായിരുന്നു. ദാരിദ്ര്യദുഃഖവും, വിദേശഗമനംകൊണ്ട് അതിനെ എളുപ്പം പരിഹരിക്കാമെന്നുള്ള പ്രത്യാശയും, ഇൻഡ്യയുടെ ധനസമൃദ്ധിയെയും സുഭിക്ഷതയെയുംപറ്റിയുള്ള കേൾവിയുമാണ് അവരെ ഇങ്ങോട്ടേക്ക് ആകർഷിച്ചത്. ആഭിജാത്യവും സംസ്ക്കാരവുമുള്ളവർ ഗവൺമെൻറുദ്യോഗസ്ഥന്മാരായിമാത്രമേ വന്നിരുന്നുള്ളൂ. അവർക്കു മുന്നുകൊല്ലത്തെ സേവനംകൊണ്ടു വേണ്ടുവോളം ധനം സമ്പാദിച്ചുകൊണ്ടു മടങ്ങിപ്പോകാമായിരുന്നു. താണനിലയിലുള്ളവരായാലും ഉയന്നനിലയിലുള്ളവരായിരുന്നാലും ഇൻഡ്യയിൽ വന്ന പോർട്ടുഗീസുകാർ മിക്കവാറും അവരുടെ ആത്മാവിനേയും മതവിശ്വാസത്തേയും സ്വദേശത്തുതന്നെ വിട്ടേച്ചു പോന്നിരുന്നുവെന്നു തോന്നിപ്പോകും എന്നു അവരുടെ ഇവിടത്തെ ജീവിതരീതിയെപ്പറ്റി പ്രതിപാദിച്ചിട്ടുള്ള ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളതിൽ അതിശയോക്തിയില്ല.

*സങ്കരജാതിയിൽ പെടാത്ത ഏതദ്ദേശീയ ക്രിസ്ത്യാനികളിലും ഈ പോർട്ടുഗീസുനാമങ്ങൾ വഹിക്കുന്നവരായി ഒട്ടധികംപേരുണ്ട്.

ഇൻഡ്യയിൽ ആദ്യമായി വന്ന പോർട്ടുഗീസുകാരോട് അവരെ ഇങ്ങോട്ട് ആകർഷിപ്പിച്ചതെന്താണെന്ന് ആരെങ്കിലും ചോദിച്ചാൽ 'കുരുമുളകും ആത്മാക്കളും', അതായത്, വാണിജ്യസംരംഭവും മതപ്രചാരണവും ആണെന്ന് അവർ മറുപടി പറയുമായിരുന്നു. പക്ഷെ കുരുമുളകുച്ചവടത്താൽ പണം സമ്പാദിക്കുന്നതിനുള്ള സംരംഭത്തിൽ പലപ്പോഴും ആത്മാക്കളുടെ കാര്യം അവർ അവഗണിച്ചിരുന്നു. എങ്കിലും ധനസമ്പാദനത്തിനായുള്ള ദേശാടനങ്ങൾക്കിടയിൽ ക്രിസ്തുധർമ്മം പ്രചരിപ്പിക്കുക എന്നുള്ള ഉദ്യോഗംക്രൂടി—പലപ്പോഴും അതു ക്രൈസ്തവാദർശത്തിന് അനുരൂപമല്ലാത്ത മാർഗ്ഗങ്ങളിൽക്രൂടി ആയിപ്പോയിട്ടുണ്ടെങ്കിലും—അവർ വഹിച്ചിരുന്നു എന്നതു് അനിഷേദ്ധ്യമായ ഒരു വസ്തുതയാണ്. വാസ്കോഡിഗാമാപ്രഭൃതികളുടെ സ്വഭാവത്തിൽ സഹജമായി ഉണ്ടായിരുന്ന കിരാതോചിതമായ ക്രൌര്യം പലപ്പോഴും ക്രൈസ്തവചൈതന്യത്തിന്റെ നിയന്ത്രണശക്തിക്കു് അതീതമായിരുന്നിട്ടുണ്ടെങ്കിലും, അവർ മതാഭിമാനവും മതപ്രചാരണാസക്തിയുമുള്ളവരായിരുന്നുവെന്നുള്ളതിനു സംശയമില്ല. അവരുടെ കപ്പൽപ്പായ്കളിലെ കുരിശടയാളങ്ങളും അവർ അടുത്ത കരകളിലെല്ലാം സ്ഥാപിച്ച കുരിശുകളും അവരുടെ മതഭക്തിയെ ദ്യോതിപ്പിച്ചു. ഗാമാ ഇൻഡ്യയിലേക്കു പുറപ്പെട്ട സന്ദർഭത്തിൽ ലിസ്ബൺതുറമുഖത്തുവച്ചു് അദ്ദേഹത്തിന്റെ കൈയ്യങ്ങളിൽ പോർട്ടുഗൽരാജാവു് സ്വസ്ഥ്യയനസൂചകമായി അയച്ചിച്ചതു് ഒരു കുരിശുകൊടിയായിരുന്നു. അതു വളരെ അർത്ഥവത്താണ്. മതഭക്തനായ രാജാവു് ആ നാവികവീരനെ ഭരമേല്പിച്ച ഉദ്യോഗത്തിന്റെ വ്യാപ്തിയെ അതു പ്രകടമാക്കി. "ധർമ്മപ്രചാരണത്തിനായി കിഴക്കും പടിഞ്ഞാറുമുള്ള ദേശങ്ങളിൽ പോയിത്താമസിക്കുകയോ, മടങ്ങിവരികയോ,

സമരംചെയ്യ മരിക്കുകയോ ചെയ്യുന്ന" സകലരെയും മൊത്തമായി മാപ്പ്കൊടുക്കുകയും അവർക്ക് നിരവധി ആത്മീയാനുഗ്രഹങ്ങളെ പ്രദാനംചെയ്യുകയും ചെയ്തു. പാരിസ് സർവ്വകലാശാലയിൽ മിഷനറിമാരുടെ വിദ്യാഭ്യാസത്തിനായി പോർട്ടുഗൽ രാജാവു സ്ക്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും ഇൻഡ്യയിൽ ധർമ്മദൂതന്മാരായിപ്പോകാൻ സമ്മതമുള്ള വിദ്യാർത്ഥികളെ പ്രത്യേകം ധനസഹായംചെയ്തു പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

രണ്ടു ട്രിനിറേറിയൻസന്യാസിവൈദികർ വാസ്കോഡിഗാമായെ അനുഗമിച്ചു. അവരിൽ ഒരാൾ, റൊഡ്രിഗോ ആനീസു, യാത്രയിൽ മൊസാമ്പിക്കിൽവച്ചു മരിച്ചുപോയി; അപരൻ, പെഡ്രോഡികോവില്ലും,ഗാമയോടുകൂടി ഇൻഡ്യയിൽ വന്നുചേർന്നു. ഗാമാ സാമൂതിരിയെ സമീപിച്ചു മലബാറും പോർട്ടുഗലുംതമ്മിൽ വാണിജ്യബന്ധം സ്ഥാപിക്കുന്നതിനു ശ്രമിച്ചപ്പോൾ, ഈ പാദ്രി ഹിന്ദുക്കളുടെയും മുഹമ്മദീയരുടെയും ഇടയിൽ ധർമ്മപ്രചാരണത്തിനായി ഉദ്യമിച്ചു. അതിന്റെ ഫലമായി അദ്ദേഹം മുഹമ്മദീയരാൽ വധിക്കപ്പെട്ടു.ഈ രക്തസാക്ഷിയുടെ അധരങ്ങളിൽനിന്നു മരണസമയത്തു നമ്മുടെ കഥാനായകനെപ്പറ്റി ഒരു രസകരമായ പ്രവചനം പുറപ്പെട്ടുവെന്നു പറയപ്പെടുന്നു:"അധികം വർഷങ്ങൾകഴിയുന്നതിനുമുൻപു തിരുസഭയിൽ യേശുവിന്റെനാമത്തിൽ ഒരുധർമ്മസംഘം സ്ഥാപിക്കപ്പെടും; അതിലെ ആദിമവൈദികരിലൊരാൾ പരിശുദ്ധാത്മാവിനാൽ നീതനായി ഈസ്റ്റിൻഡീസിന്റെ ബഹുദൂരസ്ഥങ്ങളായ ഭാഗങ്ങളിലും പ്രവേശിച്ചു ധർമ്മം പ്രചരിപ്പിക്കും; തദ്ദേശീയരിൽ ഒരു വലിയഭാഗം അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ ഫലമായി കത്തോലിക്കു ക്രിസ്തുമതം സ്വീകരിക്കും." ഈ ദീർഘദർശനം നടന്നതു ഫ്രാൻസിസ് സേവിയർ ജനിക്കുന്നതിനു അല്പം മുൻപായിരുന്നു.

വാസ്ക്കോഡിഗാമാ മടങ്ങിപ്പോയശേഷം, 1500 സെപ്തംബർമാസത്തിൽ, കബ്രാലിന്റെ നേതൃത്വത്തിൽ ഒരു പോർട്ടുഗീസു നൗകാഗണം ഇൻഡ്യയിൽ വന്നു. അതിൽ ഒമ്പതു കാമ്മികവൈദികരും എട്ടു ഫ്രാൻസിസ്ക്കൻസന്ന്യാസിമാരുമുണ്ടായിരുന്നു. സാമൂതിരിയുടെ അനുവാദത്തോടുകൂടി അവർ അദ്ദേഹത്തിന്റെ രാജ്യത്തു ക്രിസ്തുമതം പ്രസംഗിക്കുകയും ഒരു ചെറിയ ദേവാലയം നിർമ്മിക്കുകയും ചെയ്തു (ഇതായിരുന്നു പോർട്ടുഗീസുകാർ ഇൻഡ്യയിൽ സ്ഥാപിച്ച ഒന്നാമത്തെ ദേവാലയം). അവർ ഒരു ബ്രാഹ്മണനെയും ഏതാനും നായന്മാരെയും ക്രിസ്തുമതത്തിൽ ചേർത്തതായി പറയപ്പെടുന്നു. ഫ്രാൻസിസ്ക്കന്മാരിൽ മൂന്നുപേർ മുഹമ്മദീയരാൽ വധിക്കപ്പെട്ടു. കബ്രാൽ കോഴിക്കോട്ടുനിന്നു കൊച്ചിയിലേക്കു പോയപ്പോൾ ശേഷിച്ച ഫ്രാൻസിസ്ക്കന്മാർ അദ്ദേഹത്തെ അനുഗമിച്ചു. അവർ ആ പട്ടണത്തിലും വൈപ്പിനിലും ക്രിസ്തുമതം പ്രസംഗിച്ചു. അവർ പരിസരങ്ങളിലുണ്ടായിരുന്ന സുറിയാനിക്രിസ്ത്യാനികളുടെ ഇടയിലും ധർമ്മസേവനം ചെയ്തു. അവരിൽ ഒരാൾ ഉദയംപേരൂർ രാജാവിന്റെ അരമനയിൽ കുറെനാൾ താമസിച്ചശേഷം സെയിന്റ്തോമസ്സിന്റെ ശവകുടീരം സന്ദർശിക്കുന്നതിനായി മൈലാപ്പൂരിലേക്കു തീർത്ഥാടനംചെയ്തു. 1501-ലും 1502-ലും ക്രമത്തിൽ ഫ്രാൻസിസ്ക്കന്മാർ ഇൻഡ്യയിൽ വന്നു. അവരുടെ സേവനരംഗങ്ങൾ കണ്ണൂരും കൊച്ചിയുമായിരുന്നു. 1503-ൽ അഞ്ചു ഡോമിനിക്കൻവൈദികർ ഇൻഡ്യയിൽ വന്നുവെങ്കിലും അവരുടെ പ്രവർത്തനങ്ങളെപ്പറ്റി നമുക്കു യാതൊരു അറിവും ലഭിച്ചിട്ടില്ല. 1505-ൽ ഈസ്റ്റിൻഡ്യയുടെ ഒന്നാമത്തെ പോർട്ടുഗിസ് വൈസ്റോയി ആയ അൽമേയിഡായോടുകൂടി പുതുതായി ഏതാനും ഫ്രാൻസിസ്ക്കന്മാർ കണ്ണൂരിൽ വന്നിറ

ങ്ങി. അവിടെ അവർ ഒരു സന്ന്യാസാശ്രമവും ദേവാല യവും സ്ഥാപിച്ചു. കണ്ണൂരിൽനിന്ന് ഈ ധർമ്മഭൃതന്മാർ പല സ്ഥലങ്ങളിലും ക്രിസ്തുമതം പ്രസംഗിക്കുന്നതിനായി പ്പോയി. ഇവരിൽ അഞ്ചുപേർ—മാർട്ടിൻ ഗാർഡാ, ജോൺഎൽവസ്, സിസ്റ്റസ്, ഫ്രാൻസിസ്ഗലീയോ, ഫ്രാൻസിസ്ക്കോ എസ്റ്റിവൻ—രക്തസാക്ഷികളായി മ രിച്ചു.

ഇങ്ങനെ ആണ്ടുതോറും പോർട്ടുഗലിൽനിന്ന വന്ന കപ്പലുകളിൽ മിഷനറിമാർ ഇൻഡ്യയിൽ മുറയ്ക്കു വന്ന കൊണ്ടിരുന്ന. എങ്കിലും ക്രൈസ്തവധർമ്മസന്ദേശം പോ ർട്ടുഗീസുകാരുടെ പീരങ്കിയുടെ പരിധിക്കപ്പുറം എത്തി യിരുന്നില്ല. ആ വൈദികരുടെ പ്രാഥമികമായ കൃത്യം പോർട്ടുഗീസു പട്ടാളക്കാരുടെയും കച്ചവടക്കാരുടെയും അവരുടെ അധികാരസീമയ്ക്കുള്ളിൽ അവരെ ആശ്രയി ച്ചുപജീവിച്ച ഏതദ്ദേശീയരുടെയും ആത്മീയശുശ്രൂഷ നിർവ്വഹിക്കുക എന്നതായിരുന്ന. 1510-ൽ ആൽഫൺ സോ അൽബുകർക്ക് ഗോവാ പിടിച്ച് അവിടെ ഒരു കോട്ടയും ദേവാലയവും നിർമ്മിച്ചു. 1513-ൽ കോഴി ക്കോട്ടം അദ്ദേഹം ഒരു കോട്ടയും ദേവാലയവും സ്ഥാപി ച്ചു. 1522-ൽ അന്ത്രയാസ് റേറാർകപമേദാ എന്ന ഫ്രാൻസിസ്കൻമെത്രാൻ ഇൻഡ്യയിൽ വന്ന മംഗലാപുര ത്ത് ഒരു ക്രിസ്തുധർമ്മപ്രചാരണകേന്ദ്രവും മൂന്ന ദേവാല യങ്ങളും സ്ഥാപിച്ചു. 1532-ൽ ഫെർണാൻഡോവകപ യിരോ എന്ന വേറൊരു ഫ്രാൻസിസ്കൻമെത്രാൻ ഇൻ ഡ്യയിൽ വന്ന. അദ്ദേഹം വൈദികവിദ്യാർത്ഥികൾക്കു പട്ടവും പുതിയ ക്രിസ്ത്യാനികൾക്കും കുട്ടികൾക്കും 'സ്ഥൈ ര്യലേപനം' എന്ന ക്രമാശയും നല്കുകയും പോർട്ടുഗീസു കാരുടെ സന്മാർഗ്ഗസ്ഥിതിയെ ഉയർത്തുകയുംചെയ്തു. 1534-ൽ അദ്ദേഹം മടങ്ങിപ്പോയി. 1534 നവംബർ 3-ന- മാ

പ്പാപ്പായായ പോൾ തൃതീയൻ ഗോവായെ ഒരു മെത്രാ
സനമാക്കി; അതിന്റെ അധികാരസീമ ഗ്രഡ്ഹോപ്പുമു
നമ്പുമുതൽ ചൈനാവരെ വ്യാപിച്ചു. ഈ വൈദിക
സംസ്ഥാനത്തിലെ മെത്രാൻ തുടങ്ങിയുള്ള സകലോദ്യോ
ഗങ്ങളിലേക്കും സ്ഥാനാത്ഥികളെ നിർദ്ദേശിക്കുന്നതിനുള്ള
അവകാശം പോർട്ടുഗൽ രാജാവിനു നല്കപ്പെട്ടു. അ
തിനു പകരമായി രാജാവു് അതിലെ ദേവാലയങ്ങളെയും
ആശ്രമങ്ങളെയും സംരക്ഷിക്കുകയും, പുതിയ ദേവാലയ
ങ്ങളും നിർമ്മിക്കുകയും, വൈദികർക്കു് ഉചിതമായ വേതനം
നല്കുകയും ചെയ്യണമെന്നു വ്യവസ്ഥ ഉണ്ടായിരുന്നു.
1537 ഏപ്രിൽ 22-നു- ജോ അൽബുകർക്ക് എന്ന
ഫ്രാൻസിസ്കൻ വൈദികൻ ഇങ്ങനെപ്രഥമമായി ഗോവാ
മെത്രാനായി നിയമിക്കപ്പെട്ടു. അദ്ദേഹം വിസെന്തി ലാ
ഗാസു് എന്ന വേറൊരു ഫ്രാൻസിസ്കനോടുകൂടി
1538-ൽ ഇൻഡ്യയിൽ വന്നു.

ഈ ഗോവാമെത്രാന്റെ അധികാരം അനിശ്ചിത
വും അസ്പഷ്ടവുമായിരുന്നു. പ്രസ്തുത നിയമനത്തിൽ കേ
രളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ കാര്യം മാ
പ്പാപ്പാ അവഗണിച്ചു. പോർട്ടുഗീസുകാർ ഇൻഡ്യയിൽ
വന്നപ്പോൾ വളരെ പുരാതനത്വമുള്ള ഒരു ക്രൈസ്തവസ
മുദായം കേരളത്തിലുണ്ടായിരുന്നു. അവരുടെ ക്രൈസ്ത
വത്വത്തിനു ക്രിസ്തുമതത്തോളംതന്നെ പഴക്കമുണ്ടെന്നും
അവർ അപ്പോസ്തലനായ സെയിന്റു തോമസിന്റെ
ആത്മീയ സന്താനങ്ങളാണെന്നും വിശ്വസിക്കപ്പെട്ടുന്നു.
സെയിന്റു തോമസ് കേരളത്തിൽ വന്നുവെന്ന ശ്രുതമൂ
ലമായ പാരംപര്യവിശ്വാസത്തെ, അതിനെ തെളിയിക്കു
ന്ന ചരിത്രീയമായ രേഖകളില്ലെന്നുപറഞ്ഞു പാശ്ചാത്യ
ചരിത്രകാരന്മാർ, അടുത്ത കാലംവരെ, സാവജ്ഞം
തിരസ്കരിച്ചിരുന്നുവെങ്കിലും, ഇപ്പോൾ അതി

നെ സംബന്ധിച്ചുള്ള അവരുടെ അഭിപ്രായത്തിനു വലുതായ ഒരു പരിവർത്തനമുണ്ടായിട്ടുണ്ട്. ഇപ്പോഴും അതു നിശ്ശേഷം അവിതർക്കിതമല്ലെങ്കിലും ചരിത്രപണ്ഡിതന്മാർ അതിന്റെ സാംഗത്യത്തെ ആദരപൂർവം അംഗീകരിക്കുന്നു. പോർട്ടുഗീസുകാരുടെ കാലത്തിനുമുൻപുള്ള സുറിയാനിക്രിസ്ത്യാനികളെ സംബന്ധിച്ച നമ്മുടെ അറിവ് വളരെ വിരളമാണ്. ക്രിസ്തുമതത്തിന്റെ തലസ്ഥാനത്തുനിന്നു അനേകായിരംമൈൽ ദൂരെ അതുമായി അനന്യസാധാരണമായ സംസർഗ്ഗത്തിനു സൗകര്യമില്ലാതെ, ഇതരമതസ്ഥരുടെ ഇടയിലായിരുന്നു അനേകനൂറ്റാണ്ടുകാലം അവർ ജീവിച്ചതെങ്കിലും ക്രിസ്തുവിനോടും സെയിൻറ്തോമസ്സിനോടുമുള്ള ബന്ധം അഭേദ്യമായി അവർ പരിപാലിച്ചിരുന്നുവെന്നുള്ളതു് അവർക്ക് ഏറ്റവും ബഹുമാനകരമാണ്. പക്ഷെ, അവരുടെ മതസംബന്ധമായി വിശ്വാസയോഗ്യമായ രേഖകാലം അവർ സൂക്ഷിച്ചില്ലെന്നുള്ളതു ശോചനീയമായിരിക്കുന്നു. തത്വശാസ്ത്രപരമായോ, വേദശാസ്ത്രപരമായോ, സാഹിത്യപരമായോ ഉള്ള പ്രസ്ഥാനങ്ങൾക്കും മതപരമായകലകൾക്കും ഗണ്യമായ അഭിവൃദ്ധി അവരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. പോർട്ടുഗീസുകാരുടെ വരവിനുമുൻപ് അവരുടെ മതസംബന്ധമായ അറിവു വളരെത്തുച്ഛമായിരുന്നു. അവരുടെ വൈദികർ അവരെ പഠിപ്പിക്കുന്ന മതം സെയിൻറ്തോമസ് അവരുടെ പൂർവ്വന്മാരെ പഠിപ്പിച്ചതുതന്നെയാണെന്നുള്ള വിശ്വാസത്താൽ അവർ സംതൃപ്തരായിരുന്നു. അവർ ചൊല്ലിവന്ന ഏതാനും പ്രാർത്ഥനകളും തന്നെയും (ആകാശ...വും നന്മ. മറിയവുംപോലും) അവർക്ക് അർത്ഥം അറിഞ്ഞുകൂടായിരുന്ന സുറിയാനിഭാഷയിലായിരുന്നു.(ഈ പ്രാർത്ഥനകളും 17-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ഫ്രാൻസിസ്സ്കോസ് എന്ന യൂറോപ്യൻ ജസ്യൂട്ടു മെത്രാനായിരുന്ന കാലത്തു മലയാളത്തിൽ തർജ്ജിമചെ

യുന്നു.) മതസംബന്ധമായ ധാരാളം അഴിമതികളും മൂഢവിശ്വാസങ്ങളും അജ്ഞതയും ഈ ക്രിസ്ത്യാനികളുടെ ഇടയിലുണ്ടായിരുന്നു. അവരുടെ വൈദികരുടെ സ്ഥിതിയും ഒട്ടും ഭേദമായിരുന്നില്ല. കുത്തനാരന്മാർ അധികംപേരും വിവാഹിതരും സന്മാർഗ്ഗത്തിൽ വലുതായ നിഷ്ഠയില്ലാത്തവരുമായിരുന്നു. ഈ വൈദികർ കച്ചവടം കൃഷിമുതലായ തൊഴിലുകളിൽ ധാരാളമായി ഏർപ്പെട്ടിരുന്നു. അവരുടെ ദേവാലയങ്ങളും ഭരിച്ചോചിതവും വൃത്തിഹീനവുമായിരുന്നു. പക്ഷെ, അക്കാലത്തു യൂറോപ്പിലെ ക്രിസ്തുമതത്തിന്റെ സ്ഥിതിയും ഇതിൽനിന്നു വളരെ ഭിന്നമായിരുന്നില്ല. കർബാനയും കുമ്പസാരത്തിൽ പാപവിമോചനവാചകം ഉച്ചരിക്കുന്നതിനുപോലും ആവശ്യമുള്ള ലത്തീൻഭാഷ വശമില്ലാത്ത അജ്ഞരായ, ഉമ്മാർഗ്ഗികളായ വൈദികർ യൂറോപ്യൻ രാജ്യങ്ങളിലും തദാനീന്തനകാലത്തുണ്ടായിരുന്നു. ഇങ്ങനെ മതസംബന്ധമായ ചില പോരായ്മകൾ ഈ ആദിമക്രിസ്ത്യാനികൾക്കുണ്ടായിരുന്നുവെങ്കിലും അവരുടെ സാമൂഹ്യസ്ഥിതി വളരെ ഉയർന്നതായിരുന്നു. കൃഷി, വാണിജ്യം മുതലായ തൊഴിലുകളിൽ കേരളത്തിലെ ഇതരസമുദായങ്ങളെ അപേക്ഷിച്ചു് അവർ മുന്നണിയിൽനിന്നിരുന്നു. ആ സ്ഥിതിക്കു് അവരോടായിരിക്കണം പോർട്ടുഗീസുകാർ വാണിജ്യപരമായ കാര്യങ്ങളിൽ ഏറ്റവും കൂടുതലായി ഏർപ്പെട്ടതു. അവരുടെ പ്രതിനിധികൾ കച്ചവടസംബന്ധമായി ഇടപെടുന്നതിനു കൊല്ലത്തും കൊച്ചിയിലും കൊടുങ്ങല്ലൂരും പോർട്ടുഗീസ് അധികൃതന്മാരെ പലപ്പോഴും ചെന്നു കണ്ടിരുന്നതായി നാം ചരിത്രത്തിൽ വായിക്കുന്നു. അന്നത്തെ ഏറ്റവും പ്രധാനമായ കയറ്റുമതിച്ചരക്കു കുരുമുളകായിരുന്നുവല്ലൊ. കുരുമുളകുകൃഷിക്കാരിൽ മഹാഭ്രൂരിപക്ഷവും ഈ ക്രിസ്ത്യാനികളായിരുന്നു സ്ഥിതിക്കു് അവരോടുള്ള സഖ്യം പോർട്ടുഗീസുകാർക്കു്

അവശ്യമാവശ്യമായിരുന്നു. അവർ തമ്മിലുള്ള മതപര മായ സാമ്യം ഈ സഖ്യത്തെ ദൃഢീകരിച്ചു, സൈനികസേ വനതൽപരരായിരുന്ന . ഇവർ പലപ്പോഴും യുദ്ധത്തിലും പോർട്ടുഗീസുകാരെ സഹായിച്ചിട്ടുണ്ട്. 25000 ആയുധ പാണികളായ യോധന്മാരെ പടക്കളത്തിലയക്കുന്നതിന് അവക്ക് കഴിയുമായിരുന്നു. അവരുടെ മൂപ്പതിനായിരം കു ടുംബങ്ങളും മന്നാറിൽപരം പള്ളികളും അന്നു കേരള ത്തിലുണ്ടായിരുന്നു. ഫ്രാൻസിസ്സേവ്യർ ഇൻഡ്യയിൽ വന്നകാലത്തു് അവരുടെ മെത്രാൻ മാർ ജേക്കബ്ബ് എന്ന ഒരു അമ്മീനിയൻ വൈദികനായിരുന്നു. ഫ്രാൻസിസ്കൻ മിഷനറിമാർ ഈ മെത്രാനോട് വളരെ മൈത്രിയിൽ വർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ അനുവാദത്തോടും സ ഹകരണത്തോടുംകൂടി അവർ ഈ ക്രിസ്ത്യാനികളുടെ ഇടയിൽ ക്രിസ്തുമതബോധം വളർത്തുന്നതിനു പരിശ്രമിച്ചു. വിസേന്തിലാഗസ് എന്ന ഫ്രാൻസിസ്കൻ വൈദികൻ സുറിയാനി വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതി നായി ഒരു സെമിനാരി കൊട്ടങ്ങലൂർ സ്ഥാപിച്ചു. ഈ സെമിനാരിയെ സംബന്ധിച്ചു ഫ്രാൻസിസ്സേവിയർ സൈമൺ റൊഡ്രിഗ്സിനു് അയച്ച ഒരു എഴുത്തിൽ ഇ പ്രകാരം പ്രസ്താവിക്കുന്നു:-"ഇതിൽ ഒരു നൂറോളം വിദ്യാ ർത്ഥികൾ ഉണ്ടു; അവർ സെൻറ് തോമസ്സ് മതപരിവർത്ത നംചെയ്ത ക്രിസ്ത്യാനികളുടെ സന്താനങ്ങളാണ്. ആ ക്രിസ്ത്യാനികൾ അധിവസിക്കുന്ന അനവധി ജനപദങ്ങൾ ഈ കോളേജിനു ചുറുമുണ്ട്." ആരംഭത്തിൽ പോർട്ടുഗീ സുകാരും സുറിയാനി ക്രിസ്ത്യാനികളും വളരെ മൈത്രിയി ലായിരുന്നു കഴിഞ്ഞുകൂടിയതെങ്കിലും അവർ ഏർപ്പെട്ട ത്താൻ ശ്രമിച്ച മതസംബന്ധമായ പരിഷ്കാരങ്ങൾ ഇ വക്ക് അത്ര ഹൃദ്യമായിരുന്നില്ല. കത്തനാരന്മാരുടെ മത വിശ്വാസത്തിന്റെ പരിശുദ്ധിയിൽ പോർട്ടുഗീസുകാർ

സംശയാലുക്കളായിരുന്നു. തങ്ങളുടെ അധികാരത്തെ അവർ കവരുന്നതിനുദ്യമിക്കുന്നുവെന്നു കുടിയാന്മാരും സംശയിച്ചു. അവരെയും അവരുടെ മെത്രാനെയും പോർട്ടുഗീസുദ്യോഗസ്ഥന്മാർ അവഹേളിച്ചു. ഇതിനു ഫ്രാൻസിസ്സ് സേവിയർ പോർട്ടുഗൽ രാജാവിനു് എഴുതിയ ഒരു എഴുത്തു സാക്ഷ്യം വഹിക്കുന്നു: "മാർജേക്കബ് കഴിഞ്ഞ 45 കൊല്ലമായി ദൈവത്തെയും അങ്ങയെയും സേവിച്ചവരുന്നു. അദ്ദേഹം വൃദ്ധനും സൽഗുണസമ്പന്നനുമാണു്. എങ്കിലും അങ്ങും ഇവിടെയുള്ള അങ്ങയുടെ ഉദ്യോഗസ്ഥന്മാരും അദ്ദേഹത്തെ അവഗണിക്കുന്നു. ഇവിടെ സെയിൻറ് ഫ്രാൻസിസിൻെറ അനുയായികളായ വൈദികർമാത്രമേ അദ്ദേഹത്തെ ആദരിക്കുന്നുള്ളൂ. മറ്റാർക്കുംസാധിക്കാത്തവിധം അവർ അദ്ദേഹത്തെ സഹായിക്കുന്നുമുണ്ടു്.....അങ്ങു സ്നേഹംനിറഞ്ഞ ഒരു എഴുത്തു് അദ്ദേഹത്തിനു് എഴുതണം. അതിൽ ഗവണ്ണർ തുടങ്ങിയ കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരോടു് അദ്ദേഹം അവരെ എന്തെങ്കിലുംകായ്ത്തിനായി അഭിഗമിക്കുമ്പോൾ അദ്ദേഹം അർഹിക്കുന്ന ബഹുമതിയും സ്വാഗതവും അദ്ദേഹത്തിനു് അവർ നല്കണമെന്നു അങ്ങു പ്രത്യേകം ശുപാർശചെയ്യുമാറാകണം..... തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ അദ്ദേഹം വലുതായ സേവനം ചെയ്തിട്ടുണ്ടു്. ഇപ്പോൾ തൻെറ വാർദ്ധക്യകാലത്തു് അദ്ദേഹം റോമൻകത്തോലിക്കതിരുസഭയോടു് വളരെ അനുസരണമുള്ളവനാണു്." ഈ മെത്രാൻെറ അധികാരസീമയെ പരിഗണിക്കാതെ ആയിരുന്ന ഗോവാമെത്രാനായ ജോഅൽബുകർക്കിൻെറ നിയമനമുണ്ടായതു്. തോമ്മാക്രിസ്ത്യാനികളോടു പോർട്ടുഗീസുദ്യോഗസ്ഥന്മാരും മിഷനറിമാരും സ്നേഹത്തോടും വിവേകത്തോടും പെരുമാറിയിരുന്നുവെങ്കിൽ അവർക്കു റോമായോടുള്ള ബന്ധം ദൃഢതരമായിത്തീരുമായിരുന്നുവെന്നുള്ളതു് തീർച്ചയായിരുന്നു.

പോർട്ടുഗീസുകാരുടെ കപ്പലുകൾ വരുന്നതിനുമുൻപും യൂറോപ്യൻ (ലത്തീൻ) മിഷനറിമാർ ഇൻഡ്യയിൽ വന്നിരുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ സെയിൻറ് ഫ്രാൻസിസ് അസീസ്സിയുടെയും സെയിൻറ് ഡോമിനിക്കിൻെറയും ധർമ്മസംഘങ്ങളിലെ അംഗങ്ങളായ സന്യാസികൾ പൗരസ്ത്യദേശങ്ങളിൽ ക്രിസ്തുമതപ്രചാരണത്തിനായുള്ള പ്രസ്ഥാനം ആരംഭിച്ചു. 1305-ൽ ജോൺ മോണ്ടികോർവിനോ എന്ന ഫ്രാൻസിസ്ക്കൻവൈദികൻ ചൈനായിൽ പെക്കിംഗിൽനിന്ന് ഇപ്രകാരം എഴുതിയിരിക്കുന്നു:— "അപ്പോസ്തലനായ സെയിൻറ്തോമസ്സിൻെറ പള്ളി സ്ഥിതിചെയ്യുന്ന ഇൻഡ്യാരാജ്യത്ത് ഞാൻ പതിമൂന്നു മാസം താമസിച്ചു: അതിനിടയ്ക്കു പല സ്ഥലങ്ങളിലായി നൂറുപേരെ ഞാൻ ജ്ഞാനസ്നാപനം ചെയ്തു." 1302-ൽ നാലു ഫ്രാൻസിസ്ക്കൻസന്യാസിമാരും—തോമസ്സ് റേറാളൻറീനോ, ജേംസുപാദുവാ, പീറേറർസീനാ, ഡെമെട്രിയസ്സ്—ജോർഡൻ എന്നു ഡോമിനിക്കൻസന്യാസിയും ഇൻഡ്യയിൽ ക്രിസ്തുധർമ്മം പ്രചരിപ്പിക്കുന്നതിനായി വന്നു. അവർ കൊല്ലത്ത് ഏതാനും വർഷം താമസിച്ചു ധർമ്മസേവനം അനുഷ്ഠിച്ചു. അവിടെ ലത്തീൻ രീത്തിൽ ചേർന്ന ക്രിസ്ത്യാനികൾക്കായി സെയിൻറ് ജോർജ്ജിൻെറ നാമധേയത്തിൽ ഒരു ദേവാലയം അവർ സ്ഥാപിച്ചു. "അവിടെ, ഇൻഡ്യയിൽ, ഞാൻ പതിനായിരം ആളുകളെ ജ്ഞാനസ്നാപനംചെയ്തു ക്രിസ്തുമതത്തിൽ ചേർത്തു" എന്നു ജോർഡൻ തൻെറ സഞ്ചാരചരിത്രത്തിൽ പറഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ കൂടെവന്ന ഫ്രാൻസിസ്ക്കന്മാർ താനായിൽവച്ചു 1320-ൽ മുഹമ്മദീയകരങ്ങളാൽ രക്തസാക്ഷികളായി മരിച്ചു. 1323-ൽ അദ്ദേഹം കൂടുതൽ മിഷനറിമാരെ ആവശ്യപ്പെട്ടുകൊണ്ടു യൂറോപ്പിലേക്ക് എഴുത്തയച്ചു. ഇൻഡ്യ

യിൽ വന്ന ഒരു യൂറോപ്യൻമിഷനറി അയച്ച ഏറ്റവും പുരാതനമായ ഈ എഴുത്ത് ഇപ്പോഴും സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം യൂറോപ്പിലേക്കു മടങ്ങിയശേഷം 1330-ൽ മാപ്പ്പ്പാ ആയ ജോൺ XXII അദ്ദേഹത്തെ കൊല്ലം മെത്രാനായി നിയമിച്ചു വീണ്ടും ഇൻഡ്യയിലേക്ക് അയച്ചു. കൊല്ലം ഇൻഡ്യയിലെ ഏറ്റവും പുരാതനമായ ലത്തീൻ രൂപതയും ജോർഡൻ അതിന്റെ ഒന്നാമത്തെ മെത്രാനുമാണ്. ഒടുവിൽ അദ്ദേഹവും താനായിൽവച്ചു രക്തസാക്ഷിയായി മരിച്ചു. അനുഗ്രഹീതനായ ഓഡറിക്കു എന്ന ഫ്രാൻസിസ്ക്കൻമിഷനറി 1321-ൽ ഇൻഡ്യയിൽ വന്നു. അദ്ദേഹം കൊല്ലത്തു കുറെനാൾ താമസിച്ചശേഷം ചൈനായിലേക്കു പോയി. അപ്പോൾ കൊല്ലത്ത് ഒരു വിപുലമായ ക്രൈസ്തവസമുദായമുണ്ടായിരുന്നു. ഓഡറിക്കു മലബാർ വിട്ടശേഷം മൈലാപ്പൂർ, സിലോൺ, സുമാത്രാ, ജാവാ, ബോർണ്ണിയോ, കാൻറൺ, പെക്കിംഗ്, ലാസാ (റിബെറു) മുതലായ ദേശങ്ങൾ സന്ദർശിച്ചു. 1348-ൽ മറിഞ്ഞോലി എന്ന മിഷനറി ചൈനായിൽനിന്നു യൂറോപ്പിലേക്കുള്ള പ്രതിയാനത്തിൽ ഇൻഡ്യയിൽ വന്നു. "1348-ൽ ഓശാന ഞായറാഴ്ച കൊല്ലം എന്നു പേരുള്ള ഇൻഡ്യയിലെ അതിശ്രേഷ്ഠമായ ഒരു പട്ടണത്തിൽ ഞങ്ങൾ വന്നുചേർന്നു. അവിടെ ലോകംമുഴുക്കെ ആവശ്യമുള്ള കുരുമുളകുകൃഷി ചെയ്യപ്പെടുന്നു.....മുഹമ്മദീയരല്ല, സെൻറ് തോമസ്സ് ക്രിസ്ത്യാനികളാണ് അതിന്റെ ഉടമസ്ഥർ. മാപ്പ്പ്പായുടെ പ്രതിനിധിയെന്ന നിലയിൽ എനിക്കു വേതനമായി പ്രതിമാസം നൂറു സ്വർണ്ണപ്പണവും ഞാൻ അവിടംവിട്ടു പോന്നപ്പോൾ ആയിരം പണവും അവർ തന്നു. അവിടെ ലത്തീൻക്രിസ്ത്യൻ സമുദായംവക ഒരു സെയിൻറ് ജോർജ്ജ് ദേവാലയമുണ്ട്, അതിലായിരുന്നു ഞാൻ താമസി

ച്ചതു്; അതിനെ ഞാൻ സുന്ദരങ്ങളായ ചിത്രങ്ങളെക്കൊണ്ടു് അലങ്കരിക്കുകയും അവിടെ ക്രിസ്തുധർമ്മം പഠിപ്പിക്കുകയുംചെയ്തു.....ഒരു വർഷവും നാലു മാസവും താമസിച്ചശേഷം ഞാൻ അവിടം വിട്ടു" എന്നു് അദ്ദേഹം എഴുതിയിരിക്കുന്നു.

അക്കാലത്തു യൂറോപ്പും ഇൻഡ്യയുംതമ്മിൽ ഗതാഗതം കരവഴിക്കേ സാധിക്കുമായിരുന്നുള്ളു. എന്നാൽ ആ മാർഗ്ഗം യൂറോപ്യൻ ക്രിസ്ത്യാനികളുടെ ബദ്ധവൈരികളായി വർത്തിച്ച മുഹമ്മദീയർക്കു് അധീനമായിരുന്നതിനാൽ മിഷനറിമാർക്കു വളരെ ആപൽക്കരമായിരുന്നു. അതുകൊണ്ടു സമുദ്രമാർഗ്ഗം ഉദ്ഘാടനം ചെയ്യപ്പെടുന്നതിനു മുൻപു് അവർക്കു, അതിനുശേഷമുണ്ടായതുപോലെയുള്ള സൗകര്യം ഗതാഗതത്തിനുണ്ടായിരുന്നില്ല. ഈ സുഗമമായ മാർഗ്ഗം തെളിഞ്ഞു നാലുവർഷം കഴിഞ്ഞതിനുശേഷമാണല്ലോ ജോൺ അൽബുകർക്കു് ഗോവാ മെത്രാനായി വന്നതു്. ഇഡ്ഹോപ്പുകോടിമുതൽ മൊളക്കാദ്വീപുകൾവരെ വ്യാപിച്ചിരുന്ന അദ്ദേഹത്തിന്റെ ശുപതലോകത്തേക്കു് ഏറെറം വിസ്താരംകൂടിയതായിരുന്നു. എങ്കിലും, ആഫ്രിക്കായിൽ മൊസാമ്പിക്കു്, സൊഫാലാ, അറേബ്യായിൽ മസ്ക്കറെറ്, പെർഷ്യൻ ഉൾക്കടലിൽ ഓർമസ്, ഇൻഡ്യയുടെ പശ്ചിമതീരത്തു ഡ്യൂ, ബസീൻ, താനാ, ചാൾ, ഗോവാ, കണ്ണൂർ, ചാലെ, കൊടുങ്ങല്ലൂർ, കൊച്ചി, കൊല്ലം, പൂവ്വ്തീരത്തു നാഗപട്ടണം, സന്തോം, സിലോണിൽ കൊളമ്പു, മലയായിൽ മലാക്കാ, മൊളക്കാദ്വീപുകളിൽ റെർണേറെ, അബോയിനാ, എന്നീ ഇരുപതു സ്ഥാനങ്ങളിൽ മാത്രമേ, ഈ അനേകായിരം മൈലുകൾക്കുള്ളിൽ,ക്രൈസ്തവജനപദങ്ങളുണ്ടായിരുന്നുള്ളു. ഇവയിൽതന്നെയും ഗോവായും കൊച്ചിയും ഒഴിച്ചുള്ള സ്ഥലങ്ങളിൽ ക്രിസ്ത്യാനികൾ വളരെ കുറച്ചുമാത്രമേ ഉണ്ടാ

യിരുന്നുള്ളൂ; പട്ടാളക്കാർ, എങ്ങും സ്ഥിരതാമസമില്ലാത്ത കച്ചവടക്കാർ, സ്ഥിരതാമസക്കാരായഏതാനുംപോർട്ടുഗീസുകാർ, അവരുടെ നാട്ടുകാരായ ഭാര്യമാർ, അവരുടെ സങ്കരസന്താനങ്ങൾ, അടിമകൾ, ക്രിസ്തുമതാവലംബികളായി കോട്ടയ്ക്കുചുറ്റും താമസിച്ചുവന്ന ഏതദ്ദേശീയർ, ഇവർ മാത്രമായിരുന്ന അവിടങ്ങളിൽ ഈ മെത്രാനെ വിധേയരായി ഉണ്ടായിരുന്ന ജനങ്ങൾ. ഈ തുറമുഖങ്ങളിൽ ജനങ്ങളുടെ മതപരവും സാന്മാർഗ്ഗികവുമായ സ്ഥിതി വളരെ പരിതാപകരമായിരുന്നു. പോർട്ടുഗീസ് കാമ്മികവൈദികർ മിക്കവാറും അജ്ഞരും അലസരുമായിരുന്നു. ഏതദ്ദേശീയഭാഷ പഠിക്കുന്നതിന് അവർ യാതൊരു ശ്രമവും ചെയ്തില്ല. ലൗകികമായ നന്മയെ പുരസ്കരിച്ച് ക്രിസ്തുമതം അവലംബിക്കാൻ ആഗ്രഹിച്ച ഇതരമതസ്ഥരെ യാതൊരു മതബോധനവുംകൂടാതെ അവർ ജ്ഞാനസ്നാപനംചെയ്തു. വിദ്യാലയങ്ങളും ക്രിസ്തീയ വേദോപദേശവും ഈ സ്ഥലങ്ങളിൽ ഒട്ടുംതന്നെ ഉണ്ടായിരുന്നില്ല. പട്ടാളക്കാരുടെയും ഉദ്യോഗസ്ഥന്മാരുടെയും കച്ചവടക്കാരുടെയും ദുർമ്മാർഗ്ഗസക്തി സീമാതീതമായിരുന്നു. പല സ്ഥലങ്ങളിലും വ്യഭിചാരം ഗൗരവാവഹമായ ഒരു പാപമായി അവർ പരിഗണിച്ചില്ലെന്നു തോന്നിപ്പോകും. ക്രൂദാശകളെ അവർ മിക്കവാറും പരിത്യജിച്ചിരുന്നു. പോർട്ടുഗീസു ക്രിസ്ത്യാനികളുടെ ദുർമ്മാർഗ്ഗികജീവിതവും ദുർമ്മാതൃകയും ക്രിസ്തുമതത്തിന്റെ പ്രചാരത്തിനു വലുതായൊരു പ്രതിബന്ധമായിരുന്നു. അതിനു ശ്രേയസ്കരമായി മൂന്നു സ്ഥാപനങ്ങൾമാത്രമേ അന്നു നിലവിലിരുന്നുള്ളൂ. ഏതദ്ദേശീയ വൈദികവിദ്യാർത്ഥികളെയും ഉപദേശികളെയും പഠിപ്പിക്കുന്നതിനായി ഒരു ഫ്രാൻസിസ്കൻസന്ന്യാസിയായ ബോർബാ ഡീ ഗോയുടെ നേതൃത്വത്തിൽ 1541-ൽ സ്ഥാപിക്കപ്പെട്ട

ഗോവായിലെ സന്തഫീസെമിനാരിയും, വേറൊരു ഫ്രാൻസിസ്ക്കനായ വിസെന്തി ലാഗാസിനാൽ സ്ഥാപിക്കപ്പെട്ട കൊട്ടങ്ങളൂരെ സെമിനാരിയും, എല്ലാ പോർട്ടുഗീസു വാണിജ്യകേന്ദ്രങ്ങളിലും ആതുരശുശ്രൂഷയ്ക്കായി സ്ഥാപിതമായിരുന്ന കാരുണ്യസഹോദരസംഘങ്ങളും ആയിരുന്നു അവ.

പോർട്ടുഗീസുകാർ, ലൗകികമായ ഗുണത്തെമാത്രം ഉദ്ദേശിച്ചു തങ്ങളെ സമീപിക്കുന്നവരെ മതബോധനത്തിൽ അശേഷം നിഷ്ക്കർഷയില്ലാതെ ജ്ഞാനസ്നാപനം ചെയ്യുക പതിവായിരുന്നുവെന്നുള്ളതിന് ശരിയായ ഒരു ദൃഷ്ടാന്തമാണ് പരവരുടെ അഥവാ 'ഭരത'രുടെ മതപരിവർത്തനം. ഈ സംഭവത്തിന്റെ ഹേതുഭൂതൻ ജോഡിക്കൂസ് എന്ന ഒരു കോഴിക്കോട്ടുകാരനാണ്. ഇയ്യാൾ കോഴിക്കോട്ട ജനിച്ച ഒരു ചെട്ടി ആയിരുന്നു. 1513-ൽ പതിനഞ്ചു വയസ്സുള്ള ഒരു ബാലനായിരുന്നപ്പോൾ അയാളെ സാമൂതിരി ലിസ്ബണിലേക്ക് അയച്ചു. മാനുവെൽ രാജാവ് അയാളെ സ്നേഹപൂർവ്വം സ്വീകരിച്ചു പ്രസ്തുത നാമത്തിൽ ജ്ഞാനസ്നാപനംചെയ്തു. 1515-ൽ അയാൾ കോഴിക്കോട്ട മടങ്ങിവന്നു. ക്രിസ്തുമതത്തിൽ ചേർന്നതുകൊണ്ട് സാമൂതിരിയുടെ അരമനയിൽനിന്നു നിഷ്ക്കാസിതനാവുകയാൽ അയാൾ കച്ചവടം തൊഴിലായി സ്വീകരിച്ചു. അതിൽ വലുതായ നഷ്ടം നേരിട്ടതുനിമിത്തം അയാൾ കോഴിക്കോട്ടുവിട്ടു തെക്കോട്ടുപോയി, കുതിരകളെ ഇറക്കുമതിചെയ്യുന്ന വ്യാപാരത്തിലേർപ്പെട്ടു. ഒരു ഡസൻ കുതിരകളോടുകൂടി അയാൾ 1535-ൽ കന്യാകുമാരിയിലേക്കു പോയി. അവിടെ അപ്പോൾ പരവന്മാരും മുഹമ്മദീയരുംതമ്മിൽ ഒരു ശണ്ഠ നടക്കുകയായിരുന്നു. അതിൽ പരവർ നിഗ്രഹം തോറും നശിക്കുന്ന പതനത്തിലെത്തി. ഈ വി

ഷമഘട്ടത്തിൽ ജോ ഡിക്രൂസ് പരവരെ സമീപിച്ച് അവർക്കു മുഹമ്മദീയരിൽനിന്നു മോചനം പ്രാപിക്കുന്നതിനു സുഗമമായ ഒരു മാർഗ്ഗം ഉപദേശിച്ചു. പോർട്ടുഗീസുകാരുടെ പ്രാബല്യത്തെയും പ്രതാപത്തെയുംപറ്റി അയാൾ അവരോട് ഉപന്യസിക്കുകയും, ക്രിസ്തുമതം അവലംബിക്കുകയാണെങ്കിൽ അവർക്ക് അ പ്രതാപവാന്മാരുടെ സഹായം ലഭിക്കാൻ കഴിയുമെന്ന് ഉറപ്പുപറയുകയും ചെയ്തു. അതനുസരിച്ച് എൺപത്തിയഞ്ചു പരവപ്രധാനികൾ ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനായി കൊച്ചിയിലേക്കു പോയി. അവരെ വൈക്കർജനറലായ മിഗ്വെൽവാസ് ജ്ഞാനസ്നാപനം ചെയ്തു. ഒരു നൂകാഗണം അവരെയും മിഗ്വെൽവാസിനെയും മറ്റു നാലു വൈദികരെയും പട്ടാളക്കാരെയും കയറ്റിക്കൊണ്ടു കന്യാകുമാരിയിലേക്കു പോയി. അവിടുംബഗ മുഹമ്മദീയർ തോൽപ്പിക്കപ്പെടുകയും പരവരും അവരുടെ മുത്തുവ്യവസായവും ശത്രുബാധയിൽനിന്നു രക്ഷപ്പെടുകയും ചെയ്തു. 1536-ൽ മുപ്പതു ഗ്രാമങ്ങിലായി 20000 പരവർ ആറുമാസത്തിനുള്ളിൽ ജ്ഞാനസ്നാപനം ചെയ്യപ്പെട്ടു. പ്രസ്തുത വൈദികർ കൃതകൃത്യരായി പട്ടാളക്കാരോടുകൂടി ഉടനെതന്നെ കൊച്ചിയിലേക്കു മടങ്ങിപ്പോയി എന്നതിൽനിന്നു മതപരിവർത്തനത്തിനുമുൻപും പിൻപും ഈപുതുക്രിസ്ത്യാനികൾക്കു വേദോപദേശം നല്കുന്നതിന് യാതൊരു ശ്രമവും അവർ ചെയ്തില്ലെന്നു സ്പഷ്ടമാണെല്ലോ. രണ്ടു വർഷം കഴിഞ്ഞു മുഹമ്മദീയർ വീണ്ടും പരവരെ കീഴടക്കി ആദായകരമായ മുത്തുവ്യവസായത്തെ കൈവശപ്പെടുത്തുന്നതിനു ശ്രമിച്ചു. ഡോൺ മാർട്ടിൻ ആൾഫൺസോ അവരെ വെടലയിൽവച്ചു നിഗ്രഹിഷം തോല്പിച്ചു. അതിൽ പിന്നീട് ഒരിക്കലും മുഹമ്മദീയരുടെ ശല്യം പരവർക്കുണ്ടായിട്ടില്ല. ഈ പരവരുടെ ഇടയിൽ ഫലപ്രദമായി ക്രിസ്തുധർമ്മം പ്ര

ചരിപ്പിക്കുന്നതിനായിരുന്ന ഈശോസഭക്കാരായ ക്രൈസ്തവധർമ്മദൂതന്മാർ ഇൻഡ്യയിലേക്കു ക്ഷണിക്കപ്പെട്ടതു്. 1536 ഡിസംബർമാസത്തിൽ ലാറൻസ് ഡി ജോസ് എന്ന ഫ്രാൻസിസ്കൻവൈദികൻ ഭരതരുടെ മതപരിവർത്തനത്തെപ്പററിയും അവരുടെ ഇടയിൽ ധർമ്മസേവനം ചെയ്യുന്നതിനു കൂടുതൽ വൈദികരെ ആവശ്യപ്പെട്ടുകൊണ്ടും പോർട്ടുഗൽരാജാവിനു് ഒരു എഴുത്തയച്ചു. ഈ വിവരം ഈശോസഭാംഗങ്ങളായ സേവിയർപ്രഭൃതികൾ പഠിച്ചു സെയിൻറ് ബാർബറാകോളേജിൻെറ പ്രിൻസിപ്പാൾ ഡീക്കോ ഗോവാ അറിഞ്ഞപ്പോൾ അതിനു പ്രസ്തുത ജസ്യൂട്ട്വൈദികരാണ് ഏററവും യോഗ്യന്മാരായ മിഷനറിമാരെന്നു രാജാവിനെ അദ്ദേഹം അറിയിച്ചു. അങ്ങനെയാണു് ജോൺ തൃതീയൻ മാപ്പ്പ്പായോടു് ഈ ശോസഭക്കാരെ ഇൻഡ്യയിലേക്കു് അയച്ചുകൊടുക്കുന്നതിനു് ആവശ്യപ്പെട്ടതും ഫ്രാൻസിസ്സു് സേവിയർ രണ്ടു സഹകാരികളോടുകൂടി പുറപ്പെട്ട ഗോവായിൽ വന്നുചേർന്നതും. വൈസ്രോയി ആയ മാർട്ടിൻ (വെടലയിലെ ജേതാവു്) ഭരതരോടുണ്ടായിരുന്ന വാത്സല്യംനിമിത്തം അവരുടെ ഉദ്ധാരണത്തെ ഉദ്ദേശിച്ചായിരുന്ന സേവിയറിനെ സൊക്കോടായിൽ താമസിക്കാൻ അനുവദിക്കാതെ നേരെ ഇൻഡ്യയിൽതന്നെ കൊണ്ടുവന്നതു്.

അദ്ധ്യായം വ.

ഗോവായിൽ.

1542 മേയ് 6-നു- അർദ്ധരാത്രി ഗോവാ തുറമുഖത്തിൻെറ പ്രവേശനദ്വാരത്തിലെത്തിയ 'കൊല്ലം' പ്രഭാതത്തിൽ കരയ്ക്കടുത്തു. ഫ്രാൻസിസ്സു് സേവിയർ കപ്പ

ലിൽനിന്ന് ഇറങ്ങി നേരെ മെത്രാന്റെ അരമനയിലേക്കു പോയി, ആ വന്ദ്യവയോധികനായ വൈദികാധികാരിയുടെ മുമ്പാകെ സാഷ്ടാംഗപ്രണാമംചെയ്തിട്ട് തന്നെ പൗരസ്ത്യദേശങ്ങളിൽ മാപ്പ്പ്പായുടെ പ്രതിനിധിയായി നിയമിക്കുന്ന പ്രമാണം അദ്ദേഹത്തെ ഏല്പിച്ചു. "ഇതുമൂലം എനിക്കു ലഭിച്ചിരിക്കുന്ന അധികാരത്തെ അങ്ങേയുടെ ഹിതവും നിർദ്ദേശവും അനുസരിച്ചുമാത്രമേ ഞാൻ വിനിയോഗിക്കുകയുള്ളൂ" എന്ന് ഫ്രാൻസിസ്കു പറഞ്ഞു. "മാപ്പ്പ്പാ തന്നിരിക്കുന്ന സകലാധികാരങ്ങളും നിങ്ങൾ ഉപയോഗിച്ചുകൊള്ളുക" എന്ന് ഈ വിനയപ്രകടനത്താൽ സന്തുഷ്ടനും അപഹതഹൃദയനുമായ ആ ഫ്രാൻസിസ്കൻസന്യാസിവര്യൻ പ്രതിവചിച്ചു. പുണ്യവാൻ പുണ്യവാനെ പ്രഥമദർശനത്തിൽതന്നെ തിരിച്ചറിയുന്നു. അവർതമ്മിൽ അപ്പോൾ ഉദ്ഭൂതമായ സൗഹൃദം ആമരണം നിലനിന്നു. സേവിയർ അടുത്തു സന്ദർശിച്ചതു് സമീപസ്ഥമായ ഫ്രാൻസിസ്കൻ ആശ്രമമായിരുന്നു. സെയിൻറ് ഫ്രാൻസിസ്കു അസ്സീസിയുടെ അനുയായികൾ എപ്പോഴും അദ്ദേഹത്തിന്റെ മിത്രങ്ങളായിരുന്നിട്ടുണ്ട്. ഈ ആശ്രമത്തിൽ മുപ്പതു സന്യാസികൾ ഉണ്ടായിരുന്നു.

മെത്രാനും വൈസ്രോയിയും അവരുടെ അരമനകളിൽ താമസിക്കുന്നതിനു ഫ്രാൻസിസ്സിനോടു് അഭ്യർത്ഥിച്ചുവെങ്കിലും അദ്ദേഹം പതിവനുസരിച്ചു തുറമുഖത്തിലെ ആശുപത്രിയിൽ താമസമാക്കി. പതിമൂന്നുമാസത്തിനുമുൻപു് അദ്ദേഹം ലിസ്ബണിൽനിന്നു പുറപ്പെട്ടപ്പോൾ ധരിച്ചിരുന്ന ഉടുപ്പു് ഇപ്പോഴും മാറിയിട്ടില്ലായിരുന്നു. ആ പഴന്തുണി മാറിക്കുന്നതിനായി ആശുപത്രിയുടെ അധികാരി നിർദ്ധനരായ വൈദികർക്കായി ഉദ്ദേശിക്കപ്പെട്ടിരുന്ന ഒരു കറുത്ത മേലങ്കി അദ്ദേഹത്തിന്റെ അടുക്കൽ കൊണ്ടുവന്നു. ഒരുതരം പരുക്കൻപട്ടുകൊണ്ടുണ്ടാക്ക

പ്പെട്ട അതു് അദ്ദേഹത്തിനു സ്വീകായ്മയിരുന്നില്ല. പട്ടു വസ്ത്രം ധരിക്കുകയെന്നുള്ളതു് തന്റെ സ്ഥിതിക്കു് ഒട്ടും യോജിച്ചതായി അദ്ദേഹം വിചാരിച്ചില്ല. അതുകൊണ്ടു, പഞ്ഞികൊണ്ടുള്ള ഒരു കറുത്ത മേവ പിന്നീടു കൊണ്ടുവരപ്പെട്ടു. അതു വാങ്ങി അദ്ദേഹം ധരിച്ചു. പഴകിത്തേഞ്ഞുപോയിരുന്ന തന്റെ പാദുകങ്ങൾ മാറുന്നതിനു് അദ്ദേഹം സമ്മതിച്ചില്ല; അവയ്ക്കു് അപ്പോൾ വലിയ തരക്കേടൊന്നുമില്ലെന്നും അവ കുറേക്കാലംകൂടി നിലനില്ക്കുമെന്നും സുസ്മേരവദനനായി അദ്ദേഹം പ്രതിവദിച്ചു. അദ്ദേഹത്തിന്റെ കിടക്ക ആശുപത്രിത്തറയിൽ വിരിച്ച ഒരു പായ് മാത്രമായിരുന്നു. ഏതുസമയത്തും രോഗവിവശരുടെ ആവശ്യമറിഞ്ഞു് ഉണർന്നു ശുശ്രൂഷിക്കുന്നതിനു് അതാണല്ലോ ഏറ്റവും സൗകര്യപ്രദം. അദ്ദേഹം രാവിലേ എഴുന്നേറ്റ രോഗികളുടെയും മറ്റുള്ളവരുടെയും കുമ്പസാരം കേൾക്കുകയും അവർക്കു 'ഭിക്ഷാകാരുണ്യം' വിതരണം ചെയ്കയും ചെയ്തശേഷം ദിവ്യപൂജയർപ്പിക്കും. വൈകുന്നേരം അദ്ദേഹം കാരാഗൃഹങ്ങൾ സന്ദർശിച്ചു ബന്ധികളുടെ ആത്മീയശുശ്രൂഷ നിർവ്വഹിക്കും. ഞായറാഴ്ചതോറും കാലത്തേ അദ്ദേഹം കുഷ്ഠരോഗാശുപത്രിയിൽ പോയി കുഷ്ഠരോഗികളുടെ കുമ്പസാരം കേൾക്കുകയും പൂജചെയ്കയും അവർക്കു 'ഭിക്ഷാകാരുണ്യം' കൊടുക്കുകയും ചെയ്യും. അദ്ദേഹം ദിവസവും കുഷ്ഠരോഗികൾക്കും ഇതരരോഗികൾക്കും കാരാഗൃഹവാസികൾക്കും മറ്റു് അഗതികൾക്കുംവേണ്ടി വീടുതോറും നടന്നു ഭിക്ഷ യാചിക്കും. പൊടിയും ചെളിയും പുരണ്ട കറുത്ത മേവയും പഴയ പന്നാടൻ ചെരുപ്പും ധരിച്ചു് പട്ടണത്തിന്റെ നാനാഭാഗങ്ങളിലും പ്രതിദിനം ഈവിധം തെണ്ടിത്തിരിയുന്ന ഈ വെള്ളക്കാരൻ പാതിരിയുടെ ശോഷിച്ച രൂപം നഗരവാസികൾക്കു സുപരിചിതമായിത്തീർന്നു.

ഗോവായിലെ ഏററവും പ്രധാനമായ ആവശ്യം വേദോപദേശമായിരുന്നു. വൈദികരുടെയും ഉപദേശികളുടെയും കുറവും അലസതയും മൂലം സർവ്വപ്രധാനമായ ആ കൃത്യം തീരെ അവഗണിക്കപ്പെട്ടിരുന്നു. ക്രിസ്തുമത തത്ത്വങ്ങളുടെ പ്രാഥമിക പാഠങ്ങളിൽപോലും ജനങ്ങൾ അനഭ്യസ്തരായിരുന്നു. ഒരു ഭ്രാസനദേവാലയം, മറെറാ പള്ളികളും, ഞായറാഴ്ചകളിലും പെരുനാളുകളിലും ആളുകൾ പള്ളിയിൽ പോകുന്ന മോടിയും ബഹളവും, സന്ന്യാസാശ്രമങ്ങൾ, സെമിനരികൾ, കാമ്മികവൈദികർ, സന്ന്യാസിവൈദികർ, കാരുണ്യസഹോദരസംഘം മുതലായ കത്തോലിക്കപ്രവർത്തനസംഘങ്ങൾ, ഭക്തസഖ്യങ്ങൾ,ഇവയെല്ലാം കണ്ടാൽ പ്രത്യക്ഷത്തിൽ ഗോവാ കത്തോലിക്കൈതന്യസമൃദ്ധമായ ഒരു ക്രിസ്തീയനഗരമാണെന്നു തോന്നുമെങ്കിലും, യഥാർത്ഥമായ ക്രിസ്തീയ ജീവിതം അവിടെ വളരെ വിരളമായിരുന്നു. കുമ്പസാരം, കുർബാന മുതലായ ക്രമാശകൾമൂലം ഉണ്ടാകേണ്ട ആദ്ധ്യാത്മികസംസ്കാരം ജനങ്ങൾക്കു പൊതുവെ സിദ്ധിച്ചിരുന്നില്ല. പള്ളിയിൽ പോകുന്നതു കേവലം സാമൂഹ്യമായ ഒരു ചടങ്ങായിപ്പരിണമിച്ചിരുന്നു. ക്രൈസ്തവസന്മാർഗ്ഗവിധികൾ അനുസരിക്കപ്പെടുന്നതിനല്ല ലംഘിക്കപ്പെടുന്നതിനാണ് ഉദ്ദിഷ്ടമായിരിക്കുന്നതു് എന്നു ഗോവായിലെ ക്രിസ്ത്യാനികളുടെ ജീവിതരീതി സൂചിപ്പിച്ചു. ഹിന്ദുക്കളും മുഹമ്മദീയരുമായി നാപ്പതിനായിരത്തിൽപരം ഇതരമതസ്ഥർ അന്നു്, ആ പട്ടണത്തിൽ ഉണ്ടായിരുന്നു. സന്മാർഗ്ഗപരമായി ക്രിസ്ത്യാനികൾ അവരെക്കാൾ ഒട്ടും ഭേദമായിരുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും ദുർമ്മാർഗ്ഗപ്രസക്തിയിൽ അവരെ അധഃകരിച്ചിരുന്നു. ഈ ദയനീയമായസ്ഥിതിക്കു കാരണം മതബോധനത്തിൻെറ അഭാവമാണെന്നു ഫ്രാൻസിസ് ഗ്രഹിച്ചു. അതുകൊണ്ടു് അദ്ദേഹം ദിവസംപ്രതി

കുറെ സമയം അതിനായി വിനിയോഗിച്ചു. ആളുക ളുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം കറുത്ത ളോവ യുടെ മുകളിൽ ഒരു വെള്ള മേലങ്കി ധരിച്ചു്, ഒരു മണി കിലുക്കിക്കൊണ്ടു് അദ്ദേഹം പട്ടണവീഥികളിൽ ചുറ്റി നടന്നിട്ടു് ആളുകളെ വേദതത്ത്വങ്ങൾ പഠിക്കുന്നതി നായി ഇങ്ങനെ ക്ഷണിച്ചു:- "വിശ്വാസികളായ ക്രി സ്ത്യാനികളെ, യേശുക്രിസ്തുവിന്റെ മിത്രങ്ങളെ, നിങ്ങ ളുടെ പുത്രന്മാരെയും പുത്രിമാരെയും അടിമകളെയും— പുരുഷന്മാരെയും സ്ത്രീകളെയും—ക്രിസ്തീയതത്ത്വങ്ങൾ പ ഠിക്കുന്നതിനായി അയക്കുവിൻ! ദൈവത്തോടുള്ള സ്നേ ഹത്തെ ഓർത്തു് അവരെ അയക്കുവിൻ!" സ്ത്രീകളും പുരു ഷന്മാരും, ആൺകുട്ടികളും പെൺകുട്ടികളും, ധനികരും ദരിദ്രരും, ഈ മണിയടിയും ഒച്ചപ്പാടും കേട്ടു തെരുവീഥി യിൽ ഓടിക്കൂടി, മുന്നൂറും നാന്നൂറും ആളുകൾ ഒരു ഘോഷയാത്രയായി ആശുപത്രിക്കു സമീപമുള്ള ദേവാ ലയത്തിലേക്കു് അദ്ദേഹത്തെ അനുഗമിച്ചു. അവിടെ വച്ചു് അദ്ദേഹം അവരെ പ്രാർത്ഥനകൾ, വിശ്വാസസത്യ ങ്ങൾ, വേദപ്രമാണങ്ങൾ തുടങ്ങി ക്രിസ്ത്യാനികൾ അവ ശ്യം അറിഞ്ഞിരിക്കേണ്ടതെല്ലാം ഏറ്റവും ഹൃദയംഗമ മായ രീതിയിൽ പഠിപ്പിച്ചു. ഈ പ്രസ്ഥാനത്തിന്റെ വിജയം കണ്ടിട്ടു മെത്രാൻ ഗോവായിലെ എല്ലാ പള്ളിക ളിലും വേദതത്ത്വങ്ങൾ പഠിപ്പിക്കുന്നതിനു നിഷ്കൃഷ്ട മായി ഏർപ്പാടു ചെയ്തു.

ഫ്രാൻസിസ്, ക്രിസ്തുവിനെപ്പോലെ, 'ചുങ്കക്കാരുടെ യും പാപികളുടെയും' സ്നേഹിതനായിരുന്നു. അദ്ദേഹം അവരോടു സംസർഗ്ഗംചെയ്ത രീതിയുടെ സാമഞ്ജസ്യത്തെ പ്പറ്റി സംശയിച്ച കർക്കശധർമ്മശാസ്ത്രവാദികളുണ്ടായി ട്ടുണ്ടു്. "അദ്ദേഹം മനുഷ്യരെ ഈശ്വരങ്കലേക്കു് ആകർ ഷിച്ച രീതി എന്നെ ആശ്ചര്യഭരിതനാക്കി. യഥാർത്ഥ

മായി, സെയിൻറ് പോളിനേപ്പോലെ, അദ്ദേഹം സകല ക്കും സകലവുമായിത്തീർന്നു. അദ്ദേഹം പട്ടാളക്കാരോടു പട്ടാളക്കാരനും മറവുള്ളവരോടു് അവർ ആരെല്ലാമായി രുന്നോ അവരൊക്കെയും ആയിത്തീർന്നു; എന്നാൽ അദ്ദേ ഹം വിവേകത്തോടു പെരുമാറിയതുകൊണ്ടു് അദ്ദേഹത്തി ൻെറ സൽകീർത്തിക്കു് അതു യാതൊരുവിധത്തിലും ഹാ നികരമായിരുന്നില്ല.'' എന്നു് ഏതാട്ടശനായ ഒരു സമ കാലികൻ എഴുതിയിട്ടുണ്ടു്. പക്ഷെ ലോകദൃഷ്ട്യാ വിവേ കം ഒരിക്കലും ഫ്രാൻസിസ്സിനുള്ള ഒരു ഗുണമായിരുന്നി ല്ല. അദ്ദേഹത്തിനു ലോകം മതിക്കുന്ന ആ ഗുണം ഉണ്ടാ യിരുന്നു എങ്കിൽ,പക്ഷെ,പാമ്പ്ലോണാ ഭട്രാസനദേവാ ലയത്തിൻെറ ഒരു മൂലയിൽ പരേതനായ ഒരു വൈദിക ശ്രേഷ്ഠൻെറ അപദാനങ്ങളെ ലേഖനം ചെയ്തിട്ടുള്ള ഒരുമാ ർബിൾശില മാത്രമേ അദ്ദേഹത്തിൻെറ സ്മാരകമായി അവശേഷിക്കുമായിരുന്നുള്ളൂ. അദ്ദേഹത്തിനു വൈസ്റാ യിമുതൽ ആശുപത്രിയിലെ കുഷ്ഠരോഗിവരെ ഒട്ടുവളരെ സ്നേഹിതന്മാർ ഗോവായിലുണ്ടായിരുന്നു. അവരിൽ വെ പ്പാട്ടികളോടും അവരിൽനിന്നുള്ള സന്താനങ്ങളോടുംക്രൂടി സ്ഥിരമായി ഉമ്മാഠത്തിൽ ജീവിക്കുന്ന ആളുകൾപോ ലും ഉണ്ടായിരുന്നു. താൻ ഗോവാ വിട്ടുപോകുന്നതിനുൻ പായി അവരെ നേർവഴിയിൽ കൊണ്ടുവരുന്നതിനു കഴി വുള്ളതൊക്കെ ചെയ്യണമെന്നു് അദ്ദേഹം വിചാരിച്ചു. അതിനു് അദ്ദേഹം അവലംബിച്ച രീതിക്കു--ഉമ്മാഠചാ രികളുടെ ഹൃദയപരിവർത്തനത്തിനു സുസമർത്ഥമായ ആ മാഠത്തിനു്—ഒന്നുരണ്ടു് ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊ ള്ളുന്നു. അദ്ദേഹം പട്ടണത്തിലെ ഒരു പ്രധാന വീഥി യിൽക്രൂടി താനനായി നടക്കുന്നു; തൻെറ പരിചിതന്മാ രിൽ പരസ്യമായി വ്യഭിചാരജീവിതം നയിക്കുന്ന ഒരുവ നെ കണ്ടുമുട്ടുന്നു. വിശ്വമോഹനമായ ആ പുഞ്ചിരിയോ

ട്ടക്രൂടി അന്ന് അത്താഴമൂണിനു തന്നെക്രൂടി അയാളുടെ വീട്ടിലേക്കു ക്ഷണിക്കണമെന്ന് അദ്ദേഹം അയാളോട് അഭ്യർഥിക്കുന്നു. ഈ അപേക്ഷയെ നിരസിക്കുകയെന്നുള്ളതു് എത്ര ദുഷ്ടനായവനും സാദ്ധ്യമല്ല. സായാഹ്നത്തിൽ വളരെ പരുങ്ങലോടുക്രൂടി അയാൾ സ്വവസതിയിൽ അദ്ദേഹത്തെ അഭിവാദ്യംചെയ്തു സ്വീകരിക്കുന്നു. പിന്നീടുള്ള രംഗം എത്ര വിചിത്രം! എത്ര ആലോചനാമൃതം! ആതിഥേയൻ ബഹുമൂല്യവസ്ത്രാഭരണവിഭ്രഷിതനായ നാഗരീകൻ; അതിഥിയോ മേചകവർണ്ണമെങ്കിലും വെയിൽകൊണ്ടു വിളറിപ്പഴകിയ ഉടുപ്പും തന്നാത്താൻ കൂത്തിത്തച്ചു ജീർണ്ണോദ്ധാരണം ചെയ്തിരിക്കുന്ന പാദുകകളും ധരിച്ചിരിക്കുന്ന ദരിദ്രനായ ഒരു പാതിരി; അനേകം സ്ത്രീകൾ നിശ്ശബ്ദരായി, ത്വരിതഗതികളായി അതിഥിയുടെ മുൻപിൽ ഭോജ്യപേയങ്ങളെ കൊണ്ടുവന്നു നിരത്തുന്നു; മസ്ലീൻസാരികളും മിനുങ്ങുന്ന മൂടുപടങ്ങളും ധരിച്ചിട്ടുള്ള പിംഗലവർണ്ണകളായ ഹൈന്ദവപ്രമദകളും, വിവിധവർണ്ണങ്ങളായ ദുകൂലാംബരങ്ങൾ ധരിച്ചു ചിത്രശലഭങ്ങളെപ്പോലെ ജാജ്വല്യമാനകളായ ബമ്മീസ് മഹിളകളും, സുന്ദരങ്ങളായ ആഭ്രപഭീനങ്ങളാൽ പരിവേഷ്ടിതരായി ബലിഷ്ഠകളേബരരായ ജപ്പാനീസുവനിതകളും, അയഞ്ഞ കാലുറകളും ഒതുങ്ങിയ ജാക്കറുകളും ധരിച്ചു പാണ്ഡുരവർണ്ണകളായ ചൈനീസു കൃശാംഗികളും അവരുടെ ക്രുത്തിലുണ്ട്. സായാഹ്നം അവസാനിക്കുന്നു. ഊണുകഴിഞ്ഞശേഷവും ഫ്രാൻസിസ് അല്പനേരംക്രൂടി നമ്മസല്ലാപത്തിൽ കഴിച്ചുക്രൂട്ടുന്നു; വളരെ ഉപചാരപൂർവ്വം അദ്ദേഹം യാത്രപറയുന്നു; ശാസനയായി ഒറവാക്കുപോലും അദ്ദേഹത്തിൽനിന്നു പുറപ്പെട്ടുനില്ല; എങ്കിലും അസ്പഷ്ടദൃശ്യമായ ഒരു മാറ്റം എങ്ങനെയോ ആ വീട്ടിലെ അന്തരീക്ഷത്തിൽ സംഭവിച്ചിരിക്കുന്നു. വിനീതനായ

അതിഥി പോകുന്നു; പ്രതാപശാലിയായ ആതിഥേയൻ തൽക്കാലം രക്ഷപ്പെട്ടപോലെ ദീർഘശ്വാസം വിടുന്നു. ദിവസങ്ങൾ പലതു കഴിഞ്ഞു. അവർതമ്മിൽ വീണ്ടും കണ്ടുമുട്ടുന്നു; ഫ്രാൻസിസ്സ് വീണ്ടും ഊണിനു ക്ഷണിക്കപ്പെടുന്നു. "നിങ്ങളുടെ സഹോദരികൾ എങ്ങനെ ഇരിക്കുന്നു? അവക്കെല്ലാവർക്കും സുഖംതന്നെയോ?" എന്ന് അദ്ദേഹം സരളഹൃദയനായി ചോദിക്കുന്നു. ഈ ചോദ്യത്തിനു ഉത്തരമില്ല. അദ്ദേഹം പ്രസ്തുതഭവനസന്ദർശനം പലപ്രാവശ്യം ആവർത്തിക്കുന്നു. അതിഥിയുടെ മര്യാദയും വശീകരണശക്തിയും അനിരോധ്യമായിരിക്കുന്നു. ക്രൂരതലായ സംഭാഷണങ്ങളൊന്നുമുണ്ടാകുന്നില്ലെങ്കിലും, ആ മനുഷ്യൻ കുറെദിവസങ്ങൾ കഴിയുമ്പോൾ ഫ്രാൻസിസ്സിന്റെ കുടുംബാരമണ്ഡപത്തെ സമീപിക്കുകയും അതോടുകൂടി ഒരു പുതിയ ജീവിതം ആരംഭിക്കുകയുംചെയ്യുന്നു. ഇതിനുശേഷം ഫ്രാൻസിസ്സ് ഇതുപോലെയുള്ള വേറൊരു വീട്ട സന്ദർശിക്കുന്നു. ആദ്യമായി അദ്ദേഹം ആതിഥേയന്റെ കുഞ്ഞുങ്ങളെ കാണാനുള്ള ആഗ്രഹം പ്രദർശിപ്പിക്കുന്നു. അവർ ആനന്ദഭരിതരായി അദ്ദേഹത്തിന്റെ ചുറ്റും കൂടുന്നു. അവരെ അദ്ദേഹം വാത്സല്യപൂർവ്വം താലോലിക്കുന്നു; കരങ്ങളിലെടുത്തു ചുംബിക്കുന്നു; ആശീർവദിക്കുന്നു; അവരോടു സ്നേഹമസൃണങ്ങളായ പല ചോദ്യങ്ങളും ചോദിക്കുന്നു. അനന്തരം അപ്രതീക്ഷിതമായി, അവരുടെ അമ്മയെ കാണണമെന്ന് അദ്ദേഹം പറയുന്നു. പാവനചരിതനെന്നു സർവ്വവിദിതനായ തന്റെ അതിഥിയുടെ ആ അഭിലാഷവും നിറവേറുന്നതിനു വീട്ടുകാരൻ മടിക്കുന്നില്ല. കോമളാംഗിയായ ഒരു സ്ത്രീ ഫ്രാൻസിസ്സിന്റെ മുമ്പാകെ ഹാജരാക്കപ്പെടുന്നു. അവളുടെ സ്വദേശത്തെയും ജീവിതരീതിയെയും മതത്തെയുംപറ്റി ചോദിച്ചറിഞ്ഞശേഷം അദ്ദേഹം അവളുടെ

അഴകിനെയും സുഭഗതയെയും അഭിനന്ദിക്കുകയും ആതിഥേയനെ അനുമോദിക്കുകയും ചെയ്യുന്നു. "അവർ ഒരു പോർട്ടുഗീസ് മഹിളയല്ലെന്ന് ആരുപറയും? അവളുടെ മക്കൾ നിങ്ങൾക്ക് അനുരൂപരായിരിക്കും, സംശയമില്ല." അനന്തരം പൊട്ടുന്നനവെ, കഠാരികൊണ്ടുള്ള ഒരു കുത്തു പോലെ, ഈ ചോദ്യം പുറപ്പെടുന്നു: "നിങ്ങൾതമ്മിൽ വിവാഹംചെയ്യുന്നതിന് എന്തു തടസ്സമുണ്ട്? നിങ്ങൾക്ക് ഈ സ്ത്രീരത്നത്തേക്കാൾ അനുരൂപയായ ഒരു ഭാര്യ എവിടെയെങ്കിലും ലഭ്യമാണോ?" പലപ്പോഴും അദ്ദേഹത്തിന്റെ ഈ സാഹസികമായ ഉദ്യമം വിജയകരമായിട്ടുണ്ട്. ഏതാട്ടശരായ ഒട്ടവളരെ സ്ത്രീപുരുഷന്മാരെ തമ്മിൽ വിവാഹംചെയ്യിക്കുന്നതിനും അവരുടെ കുട്ടികളെ ജ്ഞാനസ്നാപനംചെയ്യുന്നതിനും അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. സൂക്ഷ്മഗ്രാഹിയായ അദ്ദേഹത്തിനു ദുഃഖപര്യവസായി ആയിരിക്കുമെന്നു തോന്നിയ സങ്കരബന്ധങ്ങളെ അദ്ദേഹം ഇരുക്കൂട്ടർക്കും സൗഭാഗ്യകരമാംവണ്ണം വിയോജിപ്പിച്ചിട്ടുമുണ്ട്.

ഫ്രാൻസിസ്സ് ഗോവായിൽ വന്നിട്ട് ഏകദേശം അഞ്ചുമാസം കഴിഞ്ഞു. മൊസാമ്പിക്കിൽനിന്നു പോളും മൻസിലാസ്സും ഇനിയും വന്നുചേർന്നില്ല. ഫ്രാൻസിസ്സ് അക്ഷമനായി. ഗോവായിൽ തന്റെ ധർമ്മസേവനത്തിന്റെ ആവശ്യം ധാരാളമായി ഉണ്ടായിരുന്നുവെങ്കിലും, ദിവ്യമായ ഒരു പ്രചോദനത്തിനു വശീഭവിച്ചു സർവ്വവും ഉപേക്ഷിച്ച് അദ്ദേഹം ഇത്രദൂരം വന്നത് ഗോവായിലും മറുമുള്ള പോർട്ടുഗീസുകാരെ ഉദ്ധരിക്കുന്നതിനായിരുന്നില്ലല്ലൊ. കോടിക്കണക്കിനു ക്രൈസ്തവേതരരുള്ള പൗരസ്ത്യദേശങ്ങളിൽ ക്രിസ്തുധർമ്മത്തിന്റെ ബീജാവാപം ചെയ്യുകയെന്ന തന്റെ ദിവ്യോദ്യോഗം നിർവ്വഹിക്കുന്നതിന് അദ്ദേഹം ഉൽക്കണ്ഠിതനായിരുന്നു. വിശേഷിച്ചു ഏതാനും

കൊല്ലങ്ങൾക്കുമുൻപ് ക്രിസ്തുമതം സ്വീകരിച്ചുവെങ്കിലും മതബോധനത്തിന്റെ കുറവുനിമിത്തം വെറും നാമമാത്ര ക്രിസ്ത്യാനികളായി കഴിഞ്ഞുകൂടിയ കന്യാകുമാരിയിലെ പരവരുടെ ഇടയിൽ ധർമ്മസേവനം അനുഷ്ഠിക്കുന്നതിനു സമർത്ഥന്മാരായ ജെസ്യൂട്ട് വൈദികർ ക്ഷണിക്കപ്പെട്ടതിന്റെ ഫലമായിട്ടാണല്ലൊ അദ്ദേഹം ഇൻഡ്യയിൽ പ്രേഷിതനായിട്ടുള്ളതു്. കന്യാകുമാരിയിലേക്കു യാത്രചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകുന്നതിന് വർഷകാലമവസാനിക്കുന്നതു് അദ്ദേഹം കാത്തുകൊണ്ടിരിക്കുകയായിരുന്നു. സെപ്റ്റംബർ ഒടുവിൽ അവിടത്തേക്കു കപ്പൽ കയറുന്നതിന് അദ്ദേഹം തീർച്ചപ്പെടുത്തി. യാത്രപുറപ്പെടുന്നതിനുമുൻപായി അദ്ദേഹം റോമയിലേക്കു – ഇഗ്നേഷ്യസ്സിനും തന്റെ സതീർത്ഥ്യർക്കുമായി – മൂന്നു കത്തുകൾ എഴുതി. അവയിൽ അദ്ദേഹം ലിസ്ബണിൽനിന്ന് ഇൻഡ്യയിലേക്കുള്ള തന്റെ യാത്രയേയും ഗോവായിലെ അനുഭവങ്ങളെയും വിവരിക്കുകയും സെന്റ് പോൾസ് കോളേജിൽ പഠിപ്പിക്കുന്നതിനും ഗോവായിലും മറ്റും ക്രിസ്തുധർമ്മം പ്രചരിപ്പിക്കുന്നതിനും ഏതാനും വൈദികരെ അയക്കുന്നതിന് അപേക്ഷിക്കുകയുംചെയ്തു. സെപ്റ്റംബർ 18-നു് എഴുതിയ എഴുത്തിൽ കന്യാകുമാരിയിലേക്കുള്ള തന്റെ യാത്രയെപ്പറ്റി അദ്ദേഹം ഇപ്രകാരം പ്രസ്താവിക്കുന്നു: "ഒട്ടധികംപേർ ക്രിസ്തുമതം സ്വീകരിക്കുമെന്നപ്രത്യാശയുള്ള ഒരു ദേശത്തേക്കു ഞാൻ ഇപ്പോൾ പുറപ്പെടാൻ പോകുന്നു. തദ്ദേശിയരായ മൂന്നു വൈദികവിദ്യാർത്ഥികൾ എന്നെ അനുഗമിക്കുന്നു. അവർക്കു പോർട്ടുഗീസുഭാഷയിൽ സാമാന്യമായ ജ്ഞാനമുണ്ടു്. നമ്മുടെ പരിപാവനമായ മതത്തെ സംബന്ധിച്ചിടത്തോളം എന്റെ പ്രയത്നങ്ങൾ അവിടെ അമൂല്യങ്ങളായ ഫലങ്ങളെ ഉല്പാദിപ്പിക്കുമെന്നു ഞാൻ പ്രത്യാശിക്കുന്നു. ഫാദർ പാ

ളും മാൻസിലാസ്സും മെസാമ്പിക്കിൽനിന്നു വന്നുചേർന്നാൽ ഉടനെ അവരെ അങ്ങോട്ടേക്ക് അയച്ചുതരാമെന്നു ഗവർണ്ണർ പറഞ്ഞിട്ടുണ്ട്. പ്രസ്തുത ദേശത്തിന്റെ പേരു കന്യാകുമാരിയെന്നാണു്. അതിനു ഗോവായിൽനിന്നു 600 മൈൽ ദൂരമുണ്ടു.''

1542 സെപ്റ്റംബർമാസം അവസാനത്തിൽ ഫ്രാൻസിസ്സ് മെത്രാനോടും വൈസ്രോയിയോടും മറ്റു സ്നേഹിതന്മാരോടും യാത്രപറഞ്ഞു കന്യാകുമാരിയിലേക്കു കപ്പൽകയറി. ഉദ്യോഗസ്ഥന്മാരുടെ സുഖാനുഭോഗങ്ങളേയും ധനത്തെയും പോഷിപ്പിക്കുന്നതിന് ഒട്ടും ഉപകരിക്കാത്ത ഒരു ധർമ്മദൂതന്റെ സാന്നിധ്യത്തിൽനിന്നു തൽക്കാലത്തേക്കെങ്കിലും വിമുക്തരാകുമെന്നുള്ളതുകൊണ്ടു വൈസ്രോയി തുടങ്ങിയ ഉയർന്ന ഉദ്യോഗസ്ഥന്മാർ ഫ്രാൻസിസ്സിന്റെ വേർപാടിൽ മെത്രാനെപ്പോലെ ഖേദിച്ചിരിക്കുകയില്ല. യാത്രയിലും പുതിയ പ്രവർത്തനരംഗത്തിലും അദ്ദേഹത്തിന്റെ സുഖസൗകര്യങ്ങൾക്ക് ആവശ്യമുള്ളതെല്ലാം കൊടുക്കുന്നതിനു സ്നേഹിതന്മാർ സന്നദ്ധരായെങ്കിലും അദ്ദേഹം സകലവും കൃതജ്ഞതാപൂർവ്വം തിരസ്ക്കരിച്ചു. അദ്ദേഹം ധരിച്ചിരുന്ന കറുത്ത ഉടുപ്പും, പ്രാർത്ഥനപ്പുസ്തകവും, ജപമാലയും, കുടയും, പാദരക്ഷനന്നാക്കുന്നതിനായി കുറെ തോലും മാത്രമായിരുന്നു അദ്ദേഹത്തിന്റെ വകയായി ഉണ്ടായിരുന്നതു്.

ഫ്രാൻസിസ്സും അനുയായികളായ പരവയുവാക്കളും കയറിയ കപ്പൽ മംഗലപുരം, കണ്ണൂർ, കോഴിക്കോട്ട്, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങൾകടന്നു കൊച്ചിയിൽ എത്തി. ഗോവാകഴിഞ്ഞാൽ കൊച്ചിയായിരുന്നു പോർട്ടുഗീസുകാരുടെ ഏറ്റവും പ്രധാനവും വിപുലവുമായ വാണിജ്യകേന്ദ്രം. കൊച്ചിയിലെ പ്രാൻസിസ്കൻ സന്ന്യാസികൾ ഫ്രാൻസിസ്സിനെ ഏറ്റവും സൗഹാർദ്ദപൂർവ്വം

സ്വീകരിച്ചു. അധികതാമസംക്രൂടാതെ കപ്പൽ കൊച്ചി വിട്ട്, കൊല്ലം തുറമുഖം കടന്നു, കന്യകുമാരിയിൽ ചെന്നു ചേർന്നു.

കപ്പൽയാത്രയിലും അദ്ദേഹം ഒരിക്കലും അലസനായിരുന്നില്ല. അദ്ദേഹം എല്ലാത്തരത്തിലുമുള്ള യാത്രക്കാരുടെയും സ്നേഹിതനായിരുന്നു. "ഗൌരവവും സൌഹാർദ്ദവും അദ്ദേഹത്തിൽ ആശ്ചര്യകരമാംവണ്ണം സമ്മേളിച്ചിരുന്നു. അദ്ദേഹത്തിന്റെ മുഖത്തിന്റെയും ചേഷ്ടകളുടെയും സംഭാഷണത്തിന്റെയും ചേതോഹാരിതപം അവാച്യമായിരുന്നു. ദിവ്യപ്രസാദത്താൽ പരിപൂർണ്ണമായിരുന്ന അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങൾ ഹൃദയഹരങ്ങളായിരുന്നു. എപ്പോഴും സുസ്മേരവദനൻ, അഭിഗമ്യൻ, അനുകമ്പാർദ്രൻ-അദ്ദേഹത്തെ കണ്ടാൽമതി രോഗാതുരനായ ഒരുവന് ഉല്ലാഘനാകുന്നതിന്, ആരോഗ്യവാനായ ഒരുവന് ആനന്ദഭരികനാകുന്നതിന് - അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ദുഃഖവും ക്ഷീണവും തിരോധാനം ചെയ്യും. വിഷയങ്ങളുടെ വിവിധതപംകൊണ്ട് അദ്ദേഹത്തിന്റെ സംഭാഷണം എത്ര രസകരം!. ജ്യോതിശ്ശാസ്ത്രവിശാരദനായ അദ്ദേഹം നക്ഷത്രങ്ങളുടെ ഗതിവിഗതികളെപ്പറ്റി ഉപന്യസിക്കുന്നതു കേട്ടാൽ യാത്രയുടെ ദൈർഘ്യം അറിയുകയില്ല"

അദ്ധ്യായം ൻ

കന്യാകുമാരിമുതൽ തൂത്തുക്കുടിവരെ.

ഫ്രാൻസിസ്സും അനുചരന്മാരും കന്യാകുമാരിയിൽ ഇറങ്ങി. കന്യാകുമാരിമുതൽ മാന്നാർവരെ കടലോരത്തു് അൻപതോളം മൈൽ നീളത്തിൽ ഒരു തരിശായ മണൽ പ്രദേശം സ്ഥിതിചെയ്യുന്നു. അതു സികതാമയമായ ഒരു മരുഭ്രമിതന്നെയാണു്. ഉഷ്ണം ദുസ്സഹമായിരിക്കുന്ന ആ പ്രദേശത്തിന്റെ നഗ്നതയെ മറയ്ക്കുന്നതിനായി അങ്ങുമിങ്ങും ചില മുൾച്ചെടികളും പനകളും മാത്രമേ കാണപ്പെടുന്നുള്ളൂ. കടലിൽനിന്നു മുത്തെടുക്കുന്നവരും മീൻ പിടിക്കുന്നവരുമായി ഉദ്ദേശം മുപ്പതിനായിരം ജനങ്ങൾ അധിവസിക്കുന്ന മുപ്പതോളം ഗ്രാമങ്ങൾ അവിടെ അകലെയകലെയായി സ്ഥിതിചെയ്യുന്നു. ഈ ഗ്രാമങ്ങളിൽ ഏറ്റവും പ്രധാനമായവ തൂത്തുക്കുടിയും മണപ്പാടുമാണു്.

തദ്ദേശീയരായ മുന്നു വിദ്യാർത്ഥികളാൽ അനുഗതനായി ഫ്രാൻസിസ്സു് കടൽത്തീരത്തുക്രൂടി നടന്നു് ഈ ദാശഗ്രാമങ്ങളെല്ലാം സന്ദർശിച്ചു. ജനങ്ങൾക്കു ക്രസ്തുമതത്തെപ്പറ്റി യാതൊരറിവും ഉണ്ടായിരുന്നില്ല. അവർ ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ടിരുന്നുവെന്നുള്ള വസ്തുതയും ജ്ഞാനസ്നാനത്തിൽ അവർക്കു നല്കപ്പെട്ടിരുന്ന പോർട്ടുഗീസു് നാമങ്ങളും മാത്രമേ അവർക്കു് അറിയാമായിരുന്നുള്ളൂ. ഒക്ടോബർ അവസാനത്തിൽ അദ്ദേഹം ഈ ഗ്രാമങ്ങളിൽ ഏറ്റവും പ്രധാനമായ തൂത്തുക്കുടിയിൽ എത്തി. അതു തന്റെ സഹചാരികളായ യുവാക്കന്മാരുടെ സ്വദേശമായിരുന്നു. അവിടെ അദ്ദേഹം നാലുമാസം താമസിച്ചു. അദ്ദേഹം അവിടെനിന്നു് 1543 മേയ്

23-ന-യും കൊച്ചിയിൽനിന്ന് 1543 ഡിസംബർ 31-ന-യും റോമിലേക്ക് അയച്ച എഴുത്തുകളിൽ ചിലഭാഗങ്ങൾ ഉദ്ധരിച്ച് അദ്ദേഹം ആദ്യത്തെ ഒരു വർഷം പരവന്മാരുടെ ഇടയിൽ അനുഷ്ഠിച്ച ധർമ്മസേവനത്തെ അദ്ദേഹത്തിന്റെ വാക്കുകളിൽതന്നെ ഇവിടെ വിവരിച്ചുകൊള്ളുന്നു.

"ഗോവാ സെമിനാരിയിലെ ഏതദ്ദേശീയരായ ഏതാനും വിദ്യാർത്ഥികളോടുകൂടി ഞാൻ യാത്ര ആരംഭിച്ചു. ഏതാനും വർഷങ്ങൾക്കു മുൻപു ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ട ആ ജനങ്ങളുടെ എല്ലാ ഗ്രാമങ്ങളെയും ഞങ്ങൾ സന്ദർശിച്ചു. ഈ പ്രദേശം അശേഷം ഫലപുഷ്ടിയില്ലാത്തതും പോർട്ടുഗീസുകാർക്കു ജീവിക്കാൻ പ്രയാസമായിരിക്കത്തക്കവണ്ണം ദരിദ്രവുമാണ്. ഇവിടത്തെ ക്രിസ്ത്യാനികളെ ശുശ്രൂഷിക്കുന്നതിനു വൈദികരില്ല. തങ്ങൾ ക്രിസ്ത്യാനികളാണെന്നമാത്രം അവർക്കറിയാം. അവർക്കായി കുർബാന ചൊല്ലുന്നതിനും അവരെ ക്രിസ്തുമതതത്ത്വങ്ങൾ പഠിപ്പിക്കുന്നതിനും ആരുമില്ല. അതുകൊണ്ടു, ഞാൻ ഇവിടെ വന്ന സമയംമുതൽ നിരന്തരമായി പ്രയത്നിക്കുന്നുണ്ട്. ഒന്നിനു പുറകെ ഒന്നായി സകല ഗ്രാമങ്ങളെയും ഞാൻ ഉത്സാഹപൂർവ്വം സന്ദർശിക്കുകയും, ജ്ഞാനസ്നാനം ചെയ്യിട്ടില്ലാത്ത കുട്ടികളെയെല്ലാം ജ്ഞാനസ്നാപനംചെയ്യുകയുംചെയ്തു. ഈ വിധം അസംഖ്യം കുട്ടികളെ ഞാൻ മാമോദീസാമുക്കിയിട്ടുണ്ട്. ഈ ബാലന്മാർ ഞാൻ അവരെ ഏതെങ്കിലും പ്രാർത്ഥന പഠിപ്പിച്ചല്ലാതെ എന്നെ പ്രാർത്ഥിക്കുന്നതിനെ ഉണ്ണുന്നതിനെ ഉറങ്ങുന്നതിനെ സമ്മതിക്കുകയില്ല. "സ്വർഗ്ഗരാജ്യം ഏതാദൃശന്മാർക്കുള്ളതാണ്" എന്ന വസ്തുത ഇതിൽനിന്നു ഞാൻ ഇദംപ്രഥമമായി മനസ്സിലാക്കി. ഭക്തിപൂർണ്ണമായ അവരുടെ ഈ അപേക്ഷയെ ഞാൻ ഒരിക്കലും നിരസിച്ചിട്ടില്ല. അവരെ ഞാൻ ആദ്യമായി കുരിശട

യാളം വരയ്ക്കാനും, പിന്നീട്ട വിശ്വാസപ്രമാണവും, 'സ്വ ർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ,' 'നന്മനിറഞ്ഞ മറിയ മെ' എന്നീപ്രാർത്ഥനകളും പഠിപ്പിച്ചു. അവരിൽ വളരെ വലുതായ ബുദ്ധിശക്തി എനിക്കു കാണാൻ കഴിഞ്ഞിട്ടു ണ്ട്. അവർക്കു ധർമ്മോപദേശം നല്കുന്നതിന് ആരെങ്കി ലുമുണ്ടെങ്കിൽ അവർ ഉത്തമരായ ക്രിസ്ത്യാനികളായി ത്തീരുമെന്നുള്ളതു് നിസ്സംശയമാണ്.

"ഒരുദിവസം ഞാൻ ഒരു ഹൈന്ദവഗ്രാമത്തിൽ ചെ ന്നു. ചുറ്റുമുള്ള ഗ്രാമങ്ങളെല്ലാം ക്രിസ്തുമതത്തിൽ ചേർന്നു കഴിഞ്ഞുവെങ്കിലും, അവിടെയുള്ള ജനങ്ങളിലാർക്കും ക്രി സ്ത്യാനിയാകാൻ സമ്മതമുണ്ടായിരുന്നില്ല. അവരുടെ തലവൻ അവരെ ക്രിസ്തുമതം സ്വീകരിക്കുന്നതിന് അനു വദിക്കുമായിരുന്നില്ല. അവിടെ ഒരു വീട്ടിൽ ഒരു സ്ത്രീ പ്രസവവേദന തുടങ്ങി മൂന്നുദിവസമായിട്ടും പ്രസവിക്കാ തെ ആസന്നമരണയായിക്കിടക്കുന്നുണ്ടായിരുന്നു. അ വൾക്കു വേണ്ടിയുള്ള ബന്ധുജനങ്ങളുടെ പ്രാർത്ഥനകളും മന്ത്രവാദങ്ങളും ദൈവപരീക്ഷകളും വിഫലീഭവിക്കു കയാൽ അവരെല്ലാവരും ഭഗ്നാശരായി. എന്റെ സഹചാ രികളിൽ ഒരുവനോടുകൂടി ഞാൻ അവളുടെ വീട്ടിൽ ചെ ന്നു. ഒരു അപരിചിതമായ ദേശത്താണെന്നുള്ള വസ്തുത വിസ്മരിച്ചുകൊണ്ടു, ഞാൻ വിശ്വാസപൂർവ്വം ഭഗവന്നാമ ത്തെ ഉച്ചരിച്ചു തുടങ്ങി ..... ഒരു ദ്വിഭാഷിയുടെ സഹാ യത്തോടുകൂടി ഞാൻ നമ്മുടെ മതത്തിന്റെ മൗലികത ത്വങ്ങളെ അവർക്കായി വിശദീകരിച്ചു. ഈശ്വരകൃപ യാൽ ഈ സ്ത്രീ എന്റെ ഉപദേശത്തെ വിശ്വസിച്ചു. അവസാനമായി, ഒരു ക്രിസ്ത്യാനിയാകുന്നതിന് അവർ ആഗ്രഹിക്കുന്നോയെന്നു ഞാൻ അവളോടു ചോദിച്ചു; സന്തോഷപൂർവ്വം ആഗ്രഹിക്കുന്നുയെന്ന് അവർ മറുപടി പറഞ്ഞു. അനന്തരം ഒരു സുവിശേഷഭാഗം ഞാൻ അ

വളുടെ മുൻപാകെ വായിച്ചു.....ഞാൻ മുറപ്രകാരം അവളെ ജ്ഞാനസ്നാപനം ചെയ്തു. .....മുങ്ങിപ്പുറ ഞ്ഞാൽ, ജ്ഞാനസ്നാനംകഴിഞ്ഞ ഉടനെ,ക്രിസ്തുവിനെ വിശ്വാസപൂർവ്വം ശരണീകരിച്ച ഈ സാധുസ്ത്രീ പ്രസവിച്ചു. അനന്തരം അവളുടെ ഭർത്താവിനെയും നവജാതമായ ശിശുവിനെയും മറ്റു മക്കളെയും ആ കുടുംബത്തിലുള്ള മറ്റു സകലരെയും ഞാൻ ജ്ഞാനസ്നാപനംചെയ്തു.ആ വീട്ടിൽ ദൈവം പ്രവർത്തിച്ച അത്ഭുതത്തെപ്പറ്റിയുള്ള വർത്തമാനം ഉടൻ ഗ്രാമമൊട്ടുക്കു പരന്നു. ഞാൻ അവിടത്തെ പ്രമാണികളെയെല്ലാവരെയും സമീപിച്ചു, ക്രിസ്തുമതം സ്വീകരിക്കുന്നതിന് ഈശ്വരനാമത്തിൽ അവരോടു് അഭ്യർത്ഥിച്ചു. അവരുടെ തലവന്റെ അനുവാദംക്രൂടാതെ അതിന് അവർക്കു നിവൃത്തിയില്ലെന്ന് അവർ പറഞ്ഞു. അനന്തരം ഞാൻ ഈ തലവനെക്കണ്ടു. അവരുടെ ഇഷ്ടമനുസരിച്ചു ക്രിസ്തുമതം അവലംബിച്ചുകൊള്ളുന്നതിന് അയാൾ എല്ലാവർക്കും അനുവാദം നല്കി..... അങ്ങനെ ആദ്യമായി അവിടത്തെ പ്രധാനന്മാരായ സകലരും കുടുംബസഹിതം ക്രിസ്തുമതം സ്വീകരിച്ചു. മറ്റുള്ളവർ അവരുടെ മാതൃകയെ അനുകരിച്ചു. സകലരും ആബാലവൃദ്ധം ജ്ഞാനസ്നാപനംചെയ്യപ്പെട്ടു. ഇതിനു ശേഷം ഞങ്ങൾ നേരെ തൂത്തുക്കുടിയിലേക്കു പോയി. അവിടെ ജനങ്ങൾ സ്നേഹപൂർവ്വം ഞങ്ങളെ സ്വീകരിച്ചു. ഈ ഭാഗങ്ങളിൽ ആത്മാക്കളുടെ സമൃദ്ധമായ ഒരു വിളവു കൊയ്തെടുക്കുന്നതിനു കഴിയുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.....ജനങ്ങളിൽ മഹാഭ്രൂരിപക്ഷവും കടൽത്തീരത്തു താമസിക്കുന്ന ദാശന്മാരാണ്; കടലിൽനിന്നു മുത്തെടുക്കുന്നതാണ് അവരുടെ മുഖ്യമായ തൊഴിൽ.....”
(തൂത്തുക്കുടി, 1543 മേയ് 23).

“.....ഞാനും ഫാദർ മാൻസില്ലാസ്സും കന്യാകു

മാരിയിലെ ക്രിസ്ത്യാനികളുടെ ഇടയിൽ താമസിക്കുന്നു. അവർ വളരെയധികമുണ്ടു, ദിവസംപ്രതി വളരെ വർദ്ധിക്കുകയുംചെയ്യുന്നു. ഞാൻ ആദ്യമായി അവരെക്കണ്ടു് അവർക്കു ക്രിസ്തുവിനെയും ക്രിസ്തുമതത്തെയുംപറ്റി എന്തെങ്കിലുമറിയാമൊ എന്നു ചോദിച്ചപ്പോൾ, അവർ ക്രിസ്ത്യാനികളാണെന്നും, പോർട്ടുഗീസുഭാഷ അറിയാൻ പാടില്ലാത്തതുകൊണ്ടു് അവർക്കു നമ്മുടെ മതസിദ്ധാന്തങ്ങളെപ്പറ്റി യാതൊരു് അറിവുമില്ലെന്നും മറുപടിപറഞ്ഞു. ഞാൻ എന്റെ ഭാഷയും അവർ മലയാള(തമിഴ്)വും സംസാരിച്ചതുകൊണ്ടു് ഞങ്ങൾക്കു പരസ്പരം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അതുകൊണ്ടു് അവരിൽ ഏറ്റവും ബുദ്ധിശക്തിയും വിദ്യാഭ്യാസവുമുള്ളവരിൽനിന്നു രണ്ടു ഭാഷകളും അറിയാവുന്ന ഏതാനുംപേരെ ഞാൻ കണ്ടുപിടിച്ചു. ഞങ്ങൾ അനേകദിവസം ഒരുമിച്ചു സമ്മേളിക്കുകയും അത്യധികമായ ബുദ്ധിമുട്ടും പ്രയാസവും സഹിച്ചു വേദോപദേശം മലയാളത്തിൽ(തമിഴിൽ)ലേക്കു തർജ്ജിമചെയ്യുകയുംചെയ്തു. ഇതു ഞാൻ കാണാതെ പഠിച്ചു ഹൃദിസ്ഥമാക്കിയശേഷം തീരത്തുള്ള സകല ഗ്രാമങ്ങളെയും സന്ദർശിച്ചു; ഒരു മണി കിലുക്കി ആബാലവൃദ്ധം ജനങ്ങളെ ഞാൻ എന്റെ ചുറ്റും വിളിച്ചുകൂട്ടി. ഒരു ദിവസം രണ്ടു പ്രാവശ്യം ഞാൻ അവരെ അങ്ങനെ വിളിച്ചുകൂട്ടുകയും ക്രിസ്തീയ വേദോപദേശം പഠിപ്പിക്കുകയുംചെയ്തു. അങ്ങനെ ഒരു മാസംകൊണ്ടു കുട്ടികൾ അതു നല്ലവണ്ണം ഹൃദിസ്ഥമാക്കി. അവർ പഠിച്ചുകഴിഞ്ഞതു് അവരുടെ മാതാപിതാക്കന്മാരെയും മറ്റു കുടുംബാംഗങ്ങളെയും അയൽവാസികളെയും പഠിപ്പിക്കുന്നതിനു ഞാൻ അവരോടു നിഷ്ക്കർഷിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും ഞാൻ അവരെ എല്ലാവരെയും, സ്ത്രീകളെയും പുരുഷന്മാരെയും പെൺകുട്ടികളെയും ആൺകുട്ടികളെയും,പള്ളിയിൽ വി

ളിച്ചുകൂട്ടുന്നു. അവർ ഉൽക്കടമായ ഉത്സാഹത്തോട്ടം പഠിക്കുന്നതിനു വലുതായ ആഗ്രഹത്തോട്ടംകൂടി വരുന്നു. അനന്തരം എല്ലാവരും കേൾക്കത്തക്കവണ്ണം പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്ന പരിശുദ്ധത്രിത്വത്തിന്റെ നാമത്രയം ഉച്ചരിച്ചുകൊണ്ടു ഞാൻ വേദോപദേശം ആരംഭിക്കുകയും ഭഗവൽപ്രാർത്ഥനയും ദേവസ്തുതിവാദനവും വിശ്വാസപ്രമാണവും ഏതദ്ദേശീയഭാഷയിൽ ഉറക്കെ ഉച്ചരിക്കുകയും ചെയ്യുന്നു. എന്നെത്തുടർന്നു് അതേ വാക്കുകളും അവരും ഉച്ചരിക്കുകയും അവർ അതിൽ സന്തോഷഭരിതരാവുകയും ചെയ്യുന്നു. അനന്തരം ഞാൻ വിശ്വാസപ്രമാണം ആവർത്തിച്ചു് അതിലെ ഓരോ തത്ത്വത്തെയും വിശദീകരിക്കുന്നു. അതിനുശേഷം ഞാൻ ഓരോ തത്ത്വത്തെയുംപറ്റി അവർ അതിനെ നിസ്സംശയം വിശ്വസിക്കുന്നോയെന്നു ചോദിക്കുകയും എല്ലാവരും യഥാർത്ഥമായി അതിനെ വിശ്വസിക്കുന്നുവെന്നു കൈകൾ കൂപ്പിക്കൊണ്ടു ഉറക്കെ പറയുകയും ചെയ്യുന്നു. മറ്റു പ്രാർത്ഥനകളെക്കാൾ കൂടുതൽ പ്രാവശ്യം വിശ്വാസപ്രമാണം അവരെക്കൊണ്ടു ഞാൻ സനിഷ്കർഷം ആവർത്തിപ്പിക്കുന്നു. അതിൽ അടങ്ങിയിട്ടുള്ള സകലവും വിശ്വസിക്കുന്നവരാണു് ക്രിസ്ത്യാനികൾ എന്നു ഞാൻ അവരോടു പറയുന്നു. വിശ്വാസപ്രമാണം വിശദീകരിച്ചശേഷം ഞാൻ ഈശ്വരകല്പനകളിലേക്കു കടക്കുന്നു. ക്രിസ്തുമതസിദ്ധാന്തങ്ങളും ആചാരവിധികളിൽ അടങ്ങിയിരിക്കുന്നവയും അവയെ നിഷ്ഠയോടെ അനുസരിക്കുന്നവരുമാണു് ഒരു നല്ല, യഥാർത്ഥ, ക്രിസ്ത്യാനിയാണെന്നും അവനു നിത്യരക്ഷ തീർച്ചയാണെന്നും, നേരേമറിച്ചു് അവയിൽ ഒന്നിനെയെങ്കിലും ലംഘിക്കുന്നവൻ വാസ്തവത്തിൽ ഒരു ക്രിസ്ത്യാനിയല്ലെന്നും തന്റെ പാപത്തെപ്പറ്റി യഥാർത്ഥമായി പശ്ചാത്തപിക്കുന്നില്ലെങ്കിൽ അവൻ നരകത്തിലേക്കു നി

ഷ്കാനിതനാകുമെന്നും ഞാൻ അവരെ പഠിപ്പിക്കുന്നു... ...ഞാൻ അവരെ എല്ലാവരെയുംകൊണ്ടു, വിശേഷിച്ചു് ജ്ഞാനസ്നാനംചെയ്യാനുള്ളവരെക്കൊണ്ടു, 'ഞാൻ പിഴയാളി' എന്ന പ്രാർത്ഥന വീണ്ടുംവീണ്ടും ചൊല്ലിക്കുന്നു. ഈ ഒട്ടവിൽ പറഞ്ഞവരെക്കൊണ്ടു വിശ്വാസപ്രമാണം ഞാൻ പ്രത്യേകം ചൊല്ലിക്കുകയും.....വേദോപദേശം സംബന്ധിച്ചു് അവർക്കു ദൃഢത വന്നിട്ടുണ്ടോയെന്നു പരീക്ഷിക്കുകയും ചെയ്യുന്നു. അവസാനമായി അവരെ ഞാൻ ഒരുക്കിക്കഴിയുമ്പോൾ ജ്ഞാനസ്നാപനം ചെയ്യുന്നു.....

"തുടർച്ചയായി ജ്ഞാനസ്നാപനം ചെയ്തു എന്റെ കൈകൾ പലപ്പോഴും തളർന്നുപോയിട്ടുണ്ടെന്നുള്ളതിൽനിന്നു ക്രിസ്തുമതത്തിൽ ചേരുന്നവരുടെ സംഖ്യാധിക്യം അങ്ങേക്കു് അനുമാനിക്കാവുന്നതാണു്. പലപ്പോഴും ഒറ്റദിവസംകൊണ്ടു ചില ഗ്രാമങ്ങളിലെ ജനങ്ങളെ മുഴുവനും ഞാൻ ജ്ഞാനസ്നാപനം ചെയ്തിട്ടുണ്ടു്. ചിലപ്പോൾ വിശ്വാസപ്രമാണത്തിന്റെയും മറ്റു മന്ത്രങ്ങളുടെയും നിരന്തരമായ ആവർത്തനം മൂലം എന്റെ സ്വരം അടയുകയും ശക്തി ക്ഷയിക്കുകയും ചെയ്തിട്ടുണ്ടു്.

"ശിശുക്കളുടെ ജ്ഞാനസ്നാനത്തിന്റെയും കുട്ടികളുടെയും മറ്റുള്ളവരുടെയും വേദാദ്ധ്യാനത്തിന്റെയും ഫലപ്രദത്വം വിസ്മയജനകമാണു്. ഈ കുട്ടികൾ ഈശ്വരാനുഗ്രഹത്താൽ അവരുടെ പിതാക്കന്മാരെക്കാൾ വളരെ നല്ലവരായിത്തീരുമെന്നു ഞാൻ ഹൃദയപൂർവ്വം വിശ്വസിക്കുന്നു. അവർ ദിവ്യമായ ധർമ്മത്തോടു് ഉൗർജ്ജസ്വലമായ ഒരുപ്രതിപത്തിയും നമ്മുടെ വിശുദ്ധമതം പഠിക്കുന്നതിനും അതിനെ മറ്റുള്ളവരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും അസാധാരണമായ ഒരു ഉൽസാഹവും പ്രദർശിപ്പിക്കുന്നു. വിഗ്രഹാരാധനയോടു് അവർക്കുള്ള വിദ്വേഷം അത്ഭുതകരമായിരിക്കുന്നു.....

"വേദോപദേശം തർജ്ജിമചെയ്യുന്നതിൽ വ്യാപൃതനായി ഞാൻ ഏകദേശം നാലുമാസം ഒരു ക്രൈസ്തവഗ്രാമത്തിൽ താമസിച്ചിരുന്നു. ഒട്ടവളരെ ഏതദ്ദേശീയർ നാനാഭാഗങ്ങളിലുംനിന്നു വന്നു, ഞാൻ അവരുടെ വീടുകളിൽച്ചെന്നു രോഗികൾക്കുവേണ്ടി ഈശ്വരനോടു പ്രാർത്ഥിക്കണമെന്ന് അപേക്ഷിച്ചു. രോഗികൾതന്നെയും ക്രുദ്ധംക്രുദ്ധമായി എന്റെ അടുക്കൽ വന്നുകൊണ്ടിരുന്നു. അവരിൽ ഓരോരുത്തർക്കുംവേണ്ടി സുവിശേഷവാക്യങ്ങൾ വായിക്കുകയെന്നതുതന്നെ എനിക്കുമതിയായ ഒരു ജോലിയായിരുന്നു. അതേസമയം,കുട്ടികളെ പഠിപ്പിക്കുക, പുതുതായി ക്രിസ്തുമതത്തിൽ ചേരുന്നവരെ ജ്ഞാനസ്നാപനം ചെയ്യുക, വേദോപദേശം തർജ്ജിമചെയ്യുക, സംശയങ്ങൾ പരിഹരിക്കുക, മരിച്ചവരെ അടക്കുക എന്നീ അനുദിനകൃത്യങ്ങളെയും ഞങ്ങൾ നിർവ്വഹിച്ചു. ഞാൻ സകലരെയും, എന്റെ അടുക്കൽ നേരിട്ടു വന്ന രോഗികളെയും മറവുള്ളവർക്കുവേണ്ടി എന്നെ ക്ഷണിക്കാൻ വന്നവരെയും, തൃപ്തിപ്പെടുത്തുന്നതിന് ആഗ്രഹിച്ചു; ഞാൻ അപ്രകാരം ചെയ്തില്ലെങ്കിൽ അവർക്കു നമ്മുടെ പരിശുദ്ധമായ മതത്തിലുള്ള വിശ്വാസവും താൽപര്യവും ക്ഷയിക്കുമല്ലൊ; അവരുടെ അപേക്ഷകളനുസരിച്ചു് എന്നാൽ കഴിവുള്ളതു് ഞാൻ ചെയ്യാതിരിക്കുന്നതു് തെറ്റാണെന്നു ഞാൻ വിചാരിച്ചു. എന്നാൽ എല്ലാവരെയും തൃപ്തിപ്പെടുത്തുക അസാദ്ധ്യമായിത്തീരത്തക്കവണ്ണം ഈ സംരംഭം വർദ്ധിച്ചു. ഞാൻ തങ്ങളുടെ വീടുകളിൽ ചെല്ലണമെന്നു് അവർ തമ്മിലുണ്ടായ അഹമഹമികയെ ശമിപ്പിക്കുകപ്രയാസമായിത്തീർന്നു. അതുകൊണ്ടു് എല്ലാവരെയും ഒരുമിച്ചു തൃപ്തിപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗം ഞാൻ കണ്ടുപിടിച്ചു. എല്ലായിടത്തും ഞാൻതന്നെ പോവുകയെന്നതു് അസാദ്ധ്യമായിത്തീരുകയാൽ എന്റെ സ്ഥാനത്തു്

എനിക്കു വിശ്വാസമുള്ള കുട്ടികളെ ഞാൻ നിയോഗിച്ചു. അവർ രോഗികളുടെ വീട്ടിൽ പോയി അവിടെയുള്ളവരെയും അയൽവാസികളെയും വിളിച്ചുകൂട്ടി വിശ്വാസപൂർവ്വം ദൈവത്തോടു പ്രാർത്ഥിച്ചു.....ഈ കുട്ടികളുടെ വിശ്വാസവും ഭക്തിയും അനേകം രോഗികൾക്ക് ആത്മീയവും ശാരീരികവുമായ ആരോഗ്യത്തെ പ്രദാനം ചെയ്തു...

"കുടികളിലും തെരുവീഥികളിലും കവലകളിലും പോയി അജ്ഞരായുള്ളവരെ ക്രിസ്തുധർമ്മത്തിന്റെ പ്രാഥമികതത്ത്വങ്ങൾ പഠിപ്പിക്കണമെന്നു ഞാൻ ഈ കുട്ടികളോടു് ഏർപ്പാടുചെയ്തു. ഒരു ഗ്രാമത്തിൽ ഈ ഏർപ്പാടുകളെല്ലാം ശരിക്കു തുടങ്ങിക്കഴിഞ്ഞുവെന്നു കണ്ടാലുടനെ ഞാൻ മറെറാരു ഗ്രാമത്തിലേക്കു പോവുകയായി. അവിടെയും ഈ പ്രവർത്തനരീതികൾ തന്നെ തുടരുന്നു. ഇങ്ങനെ അവരുടെ ഗ്രാമങ്ങളെയെല്ലാം ഞാൻ ഓരോന്നായി സന്ദർശിക്കുന്നു. ഞാൻ ഒരു ഗ്രാമംവിട്ടു പോകുമ്പോൾ ക്രിസ്തീയവേദോപദേശത്തിന്റെ ഒരു പ്രതി അവിടെ ഏല്പിക്കുകയും എഴുത്തറിയാവുന്ന എല്ലാവരോടും അതു പകർത്തിയെടുക്കുന്നതിനും മറവുള്ളവരെല്ലാവരും അതു കാണാതെ പഠിക്കുന്നതിനും ദിവസവും ഓർമ്മയിൽനിന്നു ചൊല്ലുന്നതിനും ആജ്ഞാപിക്കുകയും ചെയ്യുന്നു. എല്ലാ പെരുനാളുകളിലും അവർ ഒരിടത്തു സമ്മേളിച്ചു് ഈ വിശ്വാസസത്യങ്ങളടങ്ങിയ ഗാനങ്ങൾ പാടുന്നതിനും ഞാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്. ഈ മുപ്പതു ക്രൈസ്തവഗ്രാമങ്ങളിൽ ഓരോന്നിലും ഏതാദ്യശസമ്മേളനങ്ങളിൽ അദ്ധ്യക്ഷത വഹിക്കുന്നതിനു ബുദ്ധിയും സൽസ്വഭാവവുമുള്ള ആളുകളെ നിയമിച്ചിട്ടുണ്ടു്. ഈ ഉപദേശികളുടെ ശമ്പളത്തിനായി പ്രതിവർഷം 4000 സ്വർണ്ണപ്പണം ഗവർണ്ണരായ മാർട്ടിൻ അൽഫൺസോ അനുവദിച്ചിട്ടുണ്ടു്.

"ഈ ഭാഗങ്ങളിൽ ഒട്ടുവളരെ ആളുകൾ ക്രിസ്തുമതം

സ്വീകരിക്കാതിരിക്കുന്നതിന് ഒരു കാരണംമാത്രമേ ഉള്ളൂ. —അതു് അവരെ ക്രിസ്ത്യാനികളാക്കുന്നതിനു് ആരുമില്ലെന്നുള്ളതത്രേ. യൂറോപ്പിലെ സർവ്വകലാശാലകളിലൊക്കെ ചുറ്റിനടന്നു, വിശേഷിച്ചു പാരിസുസർവ്വകലാശാലയിൽപോയി,ദിവ്യസ്നേഹത്തെക്കാൾ വിദ്വത്പത്തെ ആദരിക്കുന്ന അവയിലെ പണ്ഡിതന്മാരോടു് ഒരു ഭ്രാന്തനെപ്പോലെ ഇങ്ങനെ നിലവിളിച്ചാലെന്തെന്നു ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ടു്:-- 'ഹാ! നിങ്ങളുടെ ഉപേക്ഷകൊണ്ടു് എത്ര അസംഖ്യമായ ആത്മാക്കൾ സ്വർഗ്ഗത്തു പ്രവേശനമില്ലാതെ നരകത്തു വീണുപോവുന്നു.'.....
.....പാണ്ഡിത്യം സമ്പാദിക്കുന്നതിനു സർവ്വകലാശാലകളിൽ അനേകവർഷങ്ങൾ കഴിച്ചുകൂട്ടുന്ന ഈ ആളുകൾ വൈദികാധികാരത്തിന്റെ ബഹുമതികളെയും ഔന്നത്യത്തെയും, അതിന്റെ കർത്തവ്യങ്ങളെയും കടമകളെയുംകാൾ, ബാഹ്യമായ വേഷഭ്രഷണങ്ങളെ കാതലായ അന്തസ്സാരത്തെക്കാൾ,ഗണ്യമായി വിചാരിക്കുന്നു എന്നു ഞാൻ ശങ്കിക്കുന്നു....."
(കൊച്ചി, ഡിസംബർ 31, 1543.)

തൂത്തുക്കുടിയിൽ നാലുമാസം താമസിച്ചു വേദോപദേശതർജ്ജിമ പൂർത്തിയാക്കിയശേഷം ഫ്രാൻസിസ് വീണ്ടും മറവു ഗ്രാമങ്ങളിൽ ക്രൂടിയുള്ള പര്യടനം ആരംഭിച്ചു. ഈ ഘട്ടത്തിൽ അദ്ദേഹം അനുഷ്ഠിച്ച ധർമ്മസേവനത്തിന്റെ ഒരു ചിത്രം മൂകളിൽ ഉദ്ധൃതമായ എഴുത്തുകളിൽ നിന്നു നമുക്കു ലഭിക്കുന്നു. രണ്ടാമത്തെ എഴുത്തിൽ ബ്രാഹ്മണരെയും അവരിൽനിന്നു തന്റെ കൃത്യനിർവഹണത്തിനു നേരിട്ട വലുതായ പ്രതിബന്ധങ്ങളെയും പറഞ്ഞിട്ട് അദ്ദേഹം പ്രതിപാദിക്കുന്നു. അതിന്റെ ദൈർഘ്യംമൂലം അതു പൂർണ്ണമായി ഇവിടെ ഉദ്ധരിച്ചിട്ടില്ല. അദ്ദേഹം തുച്ചന്തൂർ ക്ഷേത്രത്തിൽവെച്ചു് ഒരിക്കൽ ഇരുന്നൂറു

ബ്രാഹ്മണരെ ഒരുമിച്ചു കണ്ടുവെന്നും, അവരുമായി മത സംബന്ധമായ ഒരു വാദപ്രതിവാദം നടത്തിയെന്നും, ക്രിസ്തുമതതത്ത്വങ്ങളുടെ മാഹാത്മ്യത്തെ അവർ സമ്മതിച്ചു പറഞ്ഞുവെന്നും, എങ്കിലും അവരുടെ അചാല്യമായ യാഥാസ്ഥിതികത്വം മൂലം ക്രിസ്തുമതത്തിൽ ചേരുന്നതിന് അവർ സന്നദ്ധരായില്ലെന്നും അദ്ദേഹം പ്രസ്താവിക്കുന്നു. അവരെയും അവരുടെ വിദ്വത്തത്തെയും മതത്തെയുംപറ്റി വളരെ മോശമായ ഒരഭിപ്രായമാണ് അദ്ദേഹത്തിനുണ്ടായത്. തന്റെ അനഭ്യസ്തവിദ്യരും തമിഴ്ഭാഷയും പോർട്ടുഗീസുഭാഷയും നല്ലവണ്ണം അറിയാൻപാടില്ലാതിരുന്നവരുമായ ദ്വിഭാഷികൾ മുഖേന ഭാരതീയരുടെ മതങ്ങളെയും തത്വശാസ്ത്രങ്ങളെയും പറ്റി ശരിയായ അറിവ് അദ്ദേഹത്തിനു സിദ്ധിക്കാതെപോയതിൽ അത്ഭുതപ്പെടാനില്ല. ഇൻഡ്യയെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന ജ്ഞാനം മുഴുവനും അദ്ദേഹം സംസർഗ്ഗംചെയ്ത സമുദ്രതീരവാസികളായ പരവരിൽനിന്നും മുക്കുവരിൽനിന്നും കിട്ടിയതാണ്. അവരാകട്ടെ ഭാരതീയനാഗരീകതയുടെ അനാകർഷകമായ ഒരു വശത്തിന്റെ മാത്രം പ്രാതിനിധ്യം വഹിച്ച സമുദായങ്ങളിൽപ്പെട്ടവരുമായിരുന്നു. ഇൻഡ്യയുടെ ഉള്ളിലേക്കു കടന്നു ഭാരതീയസംസ്കാരത്തിന്റെ വിശിഷ്ടങ്ങളും ബഹുമാനാർഹങ്ങളുമായ അംശങ്ങളെ ഗ്രഹിക്കുന്നതിന് അദ്ദേഹത്തിനു സന്ദർഭമുണ്ടായില്ല. വിശ്വവിശ്രുതമായ പാരിസുസർവ്വകലാശാലയിലെ എം. എ. ബിരുദധാരിയും പ്രൊഫസരുമായിരുന്ന ആ മഹാപണ്ഡിതനും മഹാപുണ്യവാനുമായ ക്രൈസ്തവധർമ്മദൂതാഗ്രേസരന് അതിനു സൌകര്യം ലഭിക്കാതെപോയതു കഷ്ടമായിപ്പോയി. അതുകൊണ്ടായിരിക്കണം അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ജപ്പാൻകാരുടെ സംസ്കാരത്തെയും തത്വചിന്താകുശലതയെയും പറ്റി അദ്ദേഹ

ത്തിനുണ്ടായതായി കാണപ്പെട്ടുന്ന മതിപ്പ് ഇൻഡ്യയെപ്പററി കാണപ്പെടാത്തതു്. അദ്ദേഹത്തിന്റെ ബഹുമാനത്തിനും പ്രശംസയ്ക്കും അർഹീഭവിച്ച ജപ്പാനുതന്നെയും സംസ്കാരപ്രദമായ മതത്തെയും തത്ത്വവിജ്ഞാനീയത്തെയും പ്രദാനംചെയ്ത ഭാരതത്തെപ്പററി പ്രസ്തുതലേഖനങ്ങളിൽ പ്രകടീകൃതമായിരിക്കുന്ന അജ്ഞതയും അവജ്ഞയും അനുകമ്പാർഹമാണു്. യഥാർത്ഥപണ്ഡിതനായ ഒരു ബ്രാഹ്മണനെ മാത്രമേ താൻ കണ്ടുള്ളുവെന്നും ഒരു വിഖ്യാതമായ പണ്ഡിതപരിഷത്തിന്റെ അംഗമായിരുന്ന അയാളിൽനിന്നും ഹൈന്ദവവേദാന്തത്തിലെ ഏകമേവാദ്വിതീയം (ബ്രഹ്മം ഏകവും അദ്വിതീയവുമാണു്) എന്ന മൌലികതത്ത്വത്തിന്റെ പ്രതിധ്വനി കേൾക്കാൻ കഴിഞ്ഞുവെന്നും അദ്ദേഹം സമ്മതിക്കുന്നു. ഒരു ബ്രാഹ്മണനെ മാത്രമേ അദ്ദേഹത്തിനു ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്യുന്നതിനു കഴിഞ്ഞുള്ളുവെന്നും സൽസ്വഭാവനും ബുദ്ധിമാനുമായ ആ യുവാവു് ഉത്തമനും സമർത്ഥനുമായ ഒരുപദേശിയായിത്തീർന്നുവെന്നും അദ്ദേഹം പറയുന്നു. ഉള്ളിലേക്കു കടന്നു് മധുര, ബനാറീസു് മുതലായ ഭാരതീയ സംസ്കാരനികേതങ്ങളെ സന്ദർശിക്കുന്നതിനും അവിടങ്ങളിലെ വിദ്വജ്ജനങ്ങളോടു് ഇടപെടുന്നതിനും അദ്ദേഹത്തിനു സന്ദർഭം സിദ്ധിച്ചിരുന്നുവെങ്കിൽ ക്രിസ്തുമതത്തിന്റെ വിശ്വോത്തരമാഹാത്മ്യത്തെ അവരുടെ മുൻപിൽ പ്രകാശിപ്പിക്കുന്നതിനും അതിന്റെ പ്രചാരണം ഭാരതത്തിൽ ക്രുതൽ വിജയകരമായി നിർവഹിക്കുന്നതിനും വിദ്വച്ഛിരോമണിയായ ആ ക്രൈസ്തവധർമ്മദൂതനു നിഷ്പ്രയാസം സാധിക്കുമായിരുന്നു.

ബ്രാഹ്മണരുടെ ശക്തിമത്തായ വിരോധം ഉണ്ടായെങ്കിലും ഫ്രാൻസിസ്സിന്റെ അന്യാദൃശമായ ജീവിതവിശുദ്ധിയും ത്യാഗവും ജനങ്ങളെ ഹഠാദാകർഷിച്ചു. അ

ദ്ദേഹം നഗ്നപാദനായി, അക്ഷീണനായി ഗ്രാമംതോറും സഞ്ചരിച്ചു. അദ്ദേഹം പാവങ്ങളുടെ കുടിലുകളിൽ വിശ്രമിക്കുകയും, അവരുടെ ദരിദ്രോചിതമായ ആഹാരം—ചോറും മീനും—ഭക്ഷിക്കുകയും, പരുക്കൻ കയറുകൊണ്ടുള്ള കട്ടിലിലോ വെറും തറയിലോ കിടക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അത്ഭുതസിദ്ധികളെപ്പറ്റിയുള്ള പ്രസിദ്ധി നാടെങ്ങും പരന്നിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയാലും കരസ്പർശത്താലും അത്ഭുതകരമായി രോഗികൾ ആരോഗ്യം പ്രാപിച്ചു. മരിച്ചുപോയവർ പുനർജ്ജീവിപ്പിക്കപ്പെട്ടു. മരണകരമായി സർപ്പവിഷമേറ്റവരുടെ ജീവൻ രക്ഷിക്കപ്പെട്ടു. പൊട്ടിക്കിഴിഞ്ഞ വ്രണങ്ങളോടുകൂടിയ ഒരു കുഷ്ഠരോഗി ഒരിക്കൽ ഭിക്ഷ യാചിക്കുന്നതിനായി അദ്ദേഹത്തെ സമീപിച്ചു. അദ്ദേഹം ഭിക്ഷകൊടുക്കുന്നതിനുമുൻപ് അവന്റെ വ്രണങ്ങൾ സ്വന്തം കരങ്ങളാൽ തന്നെ കഴുകി. ആ വ്രണം കഴുകിയ വെള്ളത്തിൽ കുറെ അദ്ദേഹം കുടിച്ചു. അവൻ ഉടൻ പരിപൂർണ്ണമായ ആരോഗ്യത്തെ പ്രാപിച്ചു. ഒരിക്കൽ അദ്ദേഹത്തെ അനുഗമിച്ച ഒരു ഉപദേശിയെ രാത്രി കടുത്തവിഷമുള്ള ഒരു പാമ്പുകടിക്കുകയും നേരം വെളുക്കുന്നതിനുമുൻപ് അയാൾ മരിച്ചുപോവുകയും ചെയ്തു. അദ്ദേഹം തന്റെ ഉമിനീരു കോൾവായിൽ പുരട്ടിയിട്ട് അവന്റെ പുനർജ്ജീവനത്തിനായി പ്രാർത്ഥിച്ചു. അവൻ ഉടനടി ഉറങ്ങിയുണർന്നതുപോലെ എഴുന്നേൽക്കുകയും അദ്ദേഹത്തോടുകൂടി യാത്രതുടരുകയും ചെയ്തു. കമ്പത്തൂരയിൽ കിണറ്റിൽ വീണു മരിച്ച ഒരുകുട്ടിയെ അവന്റെ മാതാവ് എടുത്തു ഫ്രാൻസിസ്സിന്റെ അടുക്കൽ കൊണ്ടുവന്നു. ദുഃഖപരവശയായ മാതാവിനെ സമാധാനപ്പെടുത്തിയിട്ട് അദ്ദേഹം മൃതശരീരത്തിന്റെ മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടു കുട്ടിയുടെ കൈയിൽപിടിച്ചു; കുട്ടി ഉടൻ കണ്ണുതുറന്ന് എ

ഴനീററിരുന്നു. ഈ സംഭവം കണ്ടുനിന്നവർ "പുണ്യവാനായ പാദ്രി മരിച്ചുപോയ കുട്ടിയെ വീണ്ടും ഉയിർപ്പിച്ചിരിക്കുന്നു!" എന്ന് ആശ്ചര്യപരതന്ത്രരായി ഉദ്ഘോഷിച്ചു. ഈ അത്ഭുതവാർത്ത ഉടൻ ആ പ്രദേശം മുഴുവനും കമ്പിയില്ലാക്കമ്പിവാർത്തപോലെ പ്രചരിച്ചു. അദ്ദേഹത്തിന്റെ അത്ഭുതങ്ങളെപ്പററി അനവധി കഥകൾ ഇന്നും ഏതദ്ദേശീയരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്നു. ക്രിസ്തുവും അപ്പോസ്തലന്മാരും പ്രവർത്തിച്ചതായി സുവിശേഷങ്ങളിൽ നാം വായിക്കുന്ന അത്ഭുതങ്ങളെല്ലാം ഫ്രാൻസിസ്സിന്റെ ധർമ്മസേവനരംഗത്തിലെവിടെയും ആവർത്തിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പ്രതിനിധികളായി അദ്ദേഹത്തിന്റെ കരിശോ ജപമാലയോ മറേറാ വഹിച്ചുകൊണ്ടുപോയ കുട്ടികൾപോലും ഒട്ടുവളരെ അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുള്ളതായി നാം വായിക്കുന്നു. അപ്പോസ്തലന്മാർക്കുണ്ടായിരുന്ന ഭാഷാവരവും അദ്ദേഹത്തിനുണ്ടായിരുന്നു. തീരെ അപരിചിതമായ ഒരു ഭാഷയിൽ അത്ഭുതകരമായി പ്രസംഗിക്കുന്നതിന് അദ്ദേഹത്തിനു ചിലപ്പോൾ സാധിച്ചിട്ടുണ്ട്. സ്വഭാഷയിൽ അദ്ദേഹം ചെയ്യുന്ന പ്രസംഗം വിവിധഭാഷക്കാരായ ശ്രോതാക്കൾ അവരവരുടെ ഭാഷകളിൽ മനസ്സിലാക്കുമായിരുന്നു. ഈ അത്ഭുതസിദ്ധി അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നില്ല. വലുതായ ജനസമൂഹങ്ങളോട് അഭിമുഖീഭവിച്ചുപ്രസംഗിക്കുമ്പോൾമാത്രമേ അതു പ്രകടിതമായിരുന്നുള്ളൂ. മറേറ സന്ദർഭങ്ങളിൽ അദ്ദേഹം ഭാഷ അറിയാൻപാടില്ലാതെ വിഷമിക്കുന്നതും ദ്വിഭാഷികളുടെ സാഹായ്യം അവലംബിക്കുന്നതും നാം ധാരാളം കാണുന്നുണ്ട്. അദ്ദേഹത്തിന്റെ അത്ഭുതങ്ങളെപ്പററിയുള്ള പാരമ്പര്യം തെക്കൻതിരുവിതാംകൂറിലെ കത്തോലിക്കരുടെ ഇടയിൽ എത്ര ശുദ്ധമൂലമാണെന്നു പ്രോട്ടസ്റ്റൻറു മിഷനറിമാർക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. "പുണ്യവാനാ

യ ഫ്രാൻസിസ്സ് പ്രവത്തിച്ചതുപോലുള്ള അത്ഭുതങ്ങൾ നിങ്ങളും പ്രവത്തിക്കുവിൻ,"എന്ന മറുപടിയായിരുന്നു അവരുടെ ഇടയിൽ പ്രോട്ടസ്റ്റന്റു മതം പ്രചരിപ്പിക്കാൻ ഉദ്യമിച്ച പ്രസ്തുതമിഷനറിമാക്ക് അവരിൽനിന്നു ലഭിച്ചതു്.

അദ്ധ്യായം ൧൦.

തിരുവിതാംകൂറിൽ.

1543 ഒക്ടോബർ മാസത്തിൽ, കന്യാകുമാരിക്കും തൂത്തുക്കുടിക്കും മദ്ധ്യേയുള്ള സമുദ്രതീരജനപദങ്ങളിൽ ഒരു വർഷം ധർമ്മപ്രചാരണം ചെയ്തശേഷം, ഫ്രാൻസിസ്സ് ഗോവായിലേക്കു മടങ്ങി. അവിടത്തെ വൈദിക വിദ്യാലയത്തിൽ ചേത്തു പഠിപ്പിക്കുന്നതിനായി ഏതാനും പറവ വിദ്യാത്ഥികളെക്കൂടി അദ്ദേഹം കൊണ്ടുപോയിരുന്നു. മുപ്പതിനായിരം ജനങ്ങളുള്ള ഈ പ്രദേശത്തു ധർമ്മപ്രചാരണംകാര്യക്ഷമമായി നിർവ്വഹിക്കുന്നതിനു കൂടുതൽ ധർമ്മദൂതന്മാർ ആവശ്യമാണല്ലൊ. യൂറോപ്പിൽ നിന്നു തന്റെ അനുചരന്മാരായി പുറപ്പെട്ട പോളും മാൻസ്സില്ലാസ്സും ഗോവായിൽ വന്നുചേർന്നാൽ ഉടൻ കന്യാകുമാരിയിലേക്ക് അയക്കപ്പെടുമെന്നു ഫ്രാൻസിസ്സ് പ്രതീക്ഷിച്ചുവെങ്കിലും അവരെപ്പറ്റി യാതൊരു വിവരവും അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല.അദ്ദേഹം ഗ്രാമംതോറും നിയമിച്ച ഉപദേശിമാക്ക് അഥവാ കണക്കപ്പിള്ളമാക്ക് ശമ്പളം കൊടുക്കുന്നതിനും മറ്റും കൂടുതൽ പണവും ആവശ്യമായിരുന്നു. ഏതാനും സഹപ്രവത്തകന്മാരെയും ധനാഗമത്തിനുള്ള മാർഗ്ഗത്തെയുംപറ്റി ഏർപ്പാടു ചെയ്യുന്നതിനായിരുന്നു അദ്ദേഹം ഗോവായിലേക്കു പോയതു്.

ഗോവായിലെ ഗവണ്ണരായ ഡോൺ മാർട്ടിൻ ആൽഫൺസോയും മെത്രാനും ഫ്രാൻസിസ്സിനെ സൌഹാർദ്ദപൂർവ്വം സ്വീകരിച്ചു. മിഷൻ രംഗത്തിലെ ഉപദേശിമാരുടെ ശമ്പളംവകയ്ക്കു പോർട്ടുഗലിലെ'രാജ്ഞിയുടെ പാട്ടകകം'ക്കായി മുത്തുപ്പരവരിൽനിന്ന് ആണ്ടുതോറും വസൂലാക്കപ്പെട്ടുന്ന 400 സ്വർണ്ണപ്പർദാ (ഒരു നാണയം) വിനിയോഗിക്കണമെന്ന് അദ്ദേഹം ഗവണ്ണരോട് അപേക്ഷിച്ചു. അതിനു രാജ്ഞിയുടെ അനുവാദം വാങ്ങിക്കൊടുക്കാമെന്നും അദ്ദേഹം പറഞ്ഞു. ഗവണ്ണർ സന്തോഷപൂർവ്വം അദ്ദേഹത്തിന്റെ നിർദ്ദേശത്തോട് അനുകൂലിക്കുകയും അതനുവദിച്ചുത്തരവിടുകയും ചെയ്തു.

സെൻറ് പോൾസ് സെമിനാരിക്കായുള്ള കെട്ടിടത്തിന്റെ പണി അപ്പോൾ പൂർത്തിയായിരുന്നു. അതിൽ അഞ്ഞൂറു വിദ്യാർത്ഥികൾ താമസിച്ചു പഠിക്കുന്നതിനു വേണ്ട സൌകര്യങ്ങളെല്ലാമുണ്ടായിരുന്നു. ഫാദർ പോൾ കമറീനൊ അതിലെ പ്രധാനാദ്ധ്യാപകനായി നിയമിക്കപ്പെട്ടിരുന്നതു് ഫ്രാൻസിസ്സിനെ വളരെ സന്തുഷ്ടനാക്കി.

അദ്ദേഹം ഗോവായിൽനിന്നു മടങ്ങുന്നതിനുമുൻപായി ഇഗ്നേഷ്യസ്സ് അദ്ദേഹത്തിന് ആദ്യമായി അയച്ച എഴുത്തു കിട്ടി. 1542 ജനുവരിമാസത്തിൽ എഴുതപ്പെട്ട ആ എഴുത്ത് 23 മാസം കൊണ്ടാണ് ഇൻഡ്യയിൽ വന്നുചേർന്നതു്. ഇഗ്നേഷ്യസ്സ് സംഘാധിപതിയായി തിരഞ്ഞെടുക്കപ്പെട്ടവെന്നും സംഘാംഗങ്ങൾ റോമയിൽവച്ചു 1541 ഏപ്രിൽ 21-നു- വ്രതപ്രതിജ്ഞചെയ്തുവെന്നുമുള്ളതായിരുന്നു അതിൽ അടങ്ങിയിരുന്ന പ്രധാന വർത്തമാനം. ഫ്രാൻസിസ്സും അവിളംബം ഗോവാമെത്രാന്റെ മുൻപാകെവച്ചു വ്രതപ്രതിജ്ഞചെയ്തു. പ്രതിജ്ഞാവാചകത്തിന്റെ അസൽ രേഖ റോമയിലേക്ക് അയക്കപ്പെട്ടു. അതിന്റെ ഒരു പകർപ്പു് എഴുത്തിൽനിന്നു

വെട്ടിയെടുത്ത ഇഗ്നേഷ്യസിന്റെ കൈയ്യൊപ്പോടുകൂടി അദ്ദേഹം ആമരണം കഴുത്തിൽ ധരിച്ചിരുന്നു.

ഡിസംബർമാസത്തിൽ മാൻസില്ലാസ്സിനോടും ഫ്രാൻസിസ്സ് കൊയല്ലൊ, ജോംഡിലിസാന എന്നീ രണ്ടു ഏതദ്ദേശീയരായ വൈദികരോടും, ജോംഡിഅത്ത്യാഗാ എന്ന ഒരു അവൈദികനോടുംകൂടി ഫ്രാൻസിസ്സ് ഗോവായിൽനിന്നു കൊച്ചിയിൽ എത്തി. കൊച്ചിയിൽനിന്ന് അദ്ദേഹം പോർട്ടുഗലിലെ രാജ്ഞിക്കും റോമയിലെ തന്റെ സതീർത്ഥ്യർക്കും എഴുത്തുകൾ എഴുതി. രാജ്ഞിക്കുള്ള എഴുത്തിൽ മുത്തുപ്പരവരിൽനിന്നു പ്രതിവർഷം അവർക്കു കിട്ടുന്ന 400 സ്വർണ്ണപ്പർദാ ക്രിസ്തുധർമ്മപ്രചാരണത്തിനായി വിനിയോഗിക്കുന്നതിന് അദ്ദേഹം അപേക്ഷിച്ചു. "ഈ പണത്തിന്റെ സഹായംകൊണ്ടു വേദോപദേശം ലഭിക്കുന്ന പരവത്തീരത്തിലെ കുട്ടികളേക്കാൾ ഉത്തമമായ പാഠകർ അവിടത്തേക്കു സഞ്ചാരോദ്യമം ചെയ്യുന്നതിനു ലഭ്യമല്ലെന്നും അവരെക്കൊണ്ടു സഭയിലേക്ക് ഒരു സോപാനം നിർമ്മിക്കണമെന്നും" മറ്റും ആ അപേക്ഷ ഫലിതസമ്മിശ്രമായിരുന്നു. ഫ്രാൻസിസ്സ് ഇപ്രാവശ്യം റോമയിലേക്കെഴുതിയ എഴുത്തിന്റെ ചില ഭാഗങ്ങളാണ് മുന്നദ്ധ്യായത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതു്. അതു് ഒരു പാവ്വതേയസരിൽപ്രവാഹംപോലെ അദ്ദേഹത്തിന്റെ സ്നേഹോജ്ജ്വലമായ ഹൃദയത്തിൽനിന്ന് അനർഗ്ഗളമായി പ്രവഹിച്ച ഒരു വാഗ്ധോരികതന്നെയായിരുന്നു. ആറു മാസംകഴിഞ്ഞു് അതു ലിസ്ബണിൽ എത്തിയപ്പോൾ അതിന്റെ അനേകം പകർപ്പുകൾ എടുക്കപ്പെടുകയും അവ രാജകൊട്ടാരങ്ങളിലും സർവ്വകലാശാലകളിലും പണ്ഡിതസദസ്സുകളിലും വായിക്കപ്പെടുകയുംചെയ്തു. അതു ഫ്രെഞ്ചു ഭാഷയിലേക്കു തർജ്ജിമചെയ്യപ്പെട്ട ഫ്രാൻസിസ്സ് തന്റെ പ്രസംഗംകൊണ്ടു പൗരസ്ത്യ ദേശങ്ങളിൽ ചെയ്യുന്നതു

നന്മ ഈ ലേഖനംകൊണ്ടു സ്പെയിനിലും പോർട്ടുഗലിലും ചെയ്യുന്നുവെന്നും അതു ജെസ്യൂട്ട സംഘത്തിന്റെ കീർത്തിയെ സ്പെയിനിൽ സർവ്വത്ര—കൊട്ടാരത്തിലും കാരാഗൃഹത്തിലും, പ്രഭുമന്ദിരങ്ങളിലും ദരിദ്രവസതികളിലും—പ്രസരിപ്പിക്കുന്നുവെന്നും പീറ്റർ ഫേബർ മുതലായ അദ്ദേഹത്തിന്റെ സതീർത്ഥ്യന്മാർ ഘോഷിച്ചു.

1544 ഫെബ്രുവരി ആരംഭത്തിൽ ഫ്രാൻസിസ്സ് കന്യാകുമാരിയിൽ മടങ്ങിയെത്തി. ഇപ്പോൾ അദ്ദേഹത്തിന് ഏതാനും സഹപ്രവർത്തകന്മാരും പോർട്ടുഗീസ് ഗവണ്മെൻറിൽനിന്നു കൂടുതൽ ധനസഹായവും ഉള്ളതുകൊണ്ടു മിഷൻ പ്രവർത്തനങ്ങൾക്കു സാമാന്യമായ ഒരു സംഘടന ഉണ്ടാക്കാൻ സാധിക്കുമായിരുന്നു. ഓരോ ക്രൈസ്തവ ഗ്രാമത്തിനും ഓരോ ഉപദേശി നിയമിക്കപ്പെട്ടു. ഈ കണക്കപ്പിള്ളമാർക്കു പ്രതിമാസം പ്രോത്സാഹകമായ ഒരു ശമ്പളവും നിശ്ചയിക്കപ്പെട്ടു. കുട്ടികളെ വേദോപദേശം പഠിപ്പിക്കുക, മിഷനറിയുടെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ പ്രാതിനിധ്യം വഹിക്കുക, തന്റെ കീഴുള്ള ഗ്രാമത്തിന്റെ സ്ഥിതിയെപ്പറ്റി ക്ലിപ്തഗദ്ധക്കളിൽ റിപ്പോർട്ടു സമർപ്പിക്കുക ഇവയായിരുന്നു കണക്കപ്പിള്ളയുടെ കൃത്യങ്ങൾ. ഫ്രാൻസിസ്സ് ഏതാനും ഗ്രാമങ്ങളെ ഒരു ഡിസ്ട്രിക്റ്റായി സംഘടിപ്പിക്കുകയും അങ്ങനെയുള്ള ഓരോ ഡിസ്ട്രിക്റ്റും തന്റെ സഹകാരികളായ മൂന്നു വൈദികരിൽ ഓരോരുത്തനെയും ഭരമേല്പിക്കുകയുംചെയ്തു. ഈ വൈദികൻ ഒരു ഗ്രാമത്തിൽ സ്ഥിരമായി താമസിക്കാതെ തന്റെ ഡിസ്ട്രിക്റ്റിലുള്ള എല്ലാ ഗ്രാമങ്ങളെയും മുറയ്ക്കു സന്ദർശിച്ചു് ഉപദേശികൾക്കും മറ്റു ജനങ്ങൾക്കും പ്രോത്സാഹനം നല്കുകയും അവരുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കുകയും ചെയ്യണം. ആരംഭത്തിൽ ഫ്രാൻസിസ്സ് കന്യാകുമാരിയിലും മണപ്പാട്ടും താമ

സിച്ചുകൊണ്ടു വടക്കുള്ള ഗ്രാമങ്ങളിലേക്കു മറ്റു വൈദികരെ നിയോഗിച്ചു. അടിക്കടിയുള്ള കത്തിടപാടുകൾ മൂലം അദ്ദേഹം അവർക്കു നിരന്തരമായ ഉപദേശങ്ങളും പ്രോത്സാഹനവും നല്കുകയും അവരുമായി സുദൃഢമായ ബന്ധം പാലിക്കുകയും ചെയ്തു. അവരിൽ ക്രൂരതൽ പ്രോത്സാഹനവും സഹായവുമാവശ്യമായിരുന്നതു് മാൻസില്ലാസിനായിരുന്നു. മന്ദബുദ്ധിയായിരുന്നതുകൊണ്ടു് ഇതുവരെ ഇദ്ദേഹത്തിനു് ഗുരുപ്പട്ടം കിട്ടിയിരുന്നില്ല. മാൻസില്ലാസ്സിനു ഫ്രാൻസിസ്സ് സേവ്യർ 1544 ഫെബ്രുവരി 22-നും ഡിസംബർ 18-നും മദ്ധ്യ അയച്ച ഇരുപത്തേഴ് എഴുത്തുകൾ സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്. അവ ഫ്രാൻസിസ്സിന്റെ പരവമിഷൻ സംബന്ധിച്ച ഡയറിയാണെന്നു പറയാവുന്നതാണു്. അദ്ദേഹത്തിന്റെ ഒരു വഷ്ത്തെ ധർമ്മസേവനത്തെപ്പറ്റി വിശദമായ വിവരങ്ങൾക്കപുറമെ അക്കാലത്തു് ആ പ്രദേശത്തു മിഷനറിമാർ സഹിക്കേണ്ടിവന്ന വൈഷമ്യങ്ങളുടെയും പീഡകളുടെയും ശരിയായ സ്വഭാവവും നമുക്കു് അവയിൽനിന്നു ഗ്രഹിക്കാൻ കഴിയും. അതുകൊണ്ടു് അവയിൽനിന്നു ചില പ്രധാന ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു.

ഒന്നാമത്തെ എഴുത്തു ഫ്രാൻസിസ്സ് പുനിക്കലിൽനിന്നു മണപ്പാട്ടേയ്ക്കു പുറപ്പെട്ടസമയം എഴുതിയതാണു്.

1. എന്റെ ഏറ്റവും പ്രിയപ്പെട്ട സഹോദര,

.....നാം തമ്മിൽ പിരിഞ്ഞ സമയത്തു് ഞാൻ നിങ്ങൾക്കു് എഴുതിത്തന്ന ഉപദേശങ്ങൾ മറന്നുകളയരുതു്. നിങ്ങൾക്കു വല്ലതായ ക്ഷമ തരുന്നതിനു ദൈവത്തോടു പ്രാർത്ഥിക്കുക; നിങ്ങളുടെ ജനങ്ങളോടു് ഇടപെടുന്നതിനു നിങ്ങൾക്കു് ഏറ്റവും ആവശ്യമായിരിക്കുന്നതു് ആ ഗുണമാണു്. അവരുടെ ഇടയിൽ നിങ്ങൾ അനുഭവിക്കേണ്ടിവരുന്ന കഷ്ടപ്പാടുകൾ ശുദ്ധീകരണസ്ഥ

ലത്തു നിങ്ങളുടെ ദണ്ഡനങ്ങളെ കുറയ്ക്കുമെന്നും നിങ്ങളുടെ കുറങ്ങൾക്കുള്ള പരിഹാരം നിങ്ങൾ ഇപ്പോൾ ഇഹത്തിൽവച്ചുതന്നെ ചെയ്കയാണെന്നും വിശ്വസിച്ചുകൊള്ളുക. അതു നിങ്ങൾക്കു ദൈവം തരുന്ന ഒരു മഹത്തായ അനുഗ്രഹമാകയാൽ അതിനായി അദ്ദേഹത്തോടു കൃതജ്ഞനായിരിക്കുക.....കമ്മാൻഡന്റ് എന്റെ കണക്കിൽ ജോം അർത്ത്യാഗായ്ക്കു കൊടുത്ത പത്തു സ്വർണ്ണപ്പർദാ ഉടൻ മടക്കിക്കൊടുക്കുന്നതിന് അയാളോടു പറയുക.....
പുനിക്കൽ, ഫെബ്രു. 22, 1544.

2. നിങ്ങളുടെ എഴുത്ത് എനിക്കു വളരെ ആശ്വാസപ്രദമായിട്ടുണ്ട്. അപകൃഷ്ടരായ സാധുജനങ്ങളോട് നിങ്ങൾ, ചീത്തക്കുട്ടികളോടു നല്ല പിതാക്കന്മാർ എങ്ങനെ പെരുമാറുമോ, അങ്ങനെ പെരുമാറണമെന്നു ഞാൻ വീണ്ടുംവീണ്ടും അപേക്ഷിക്കുന്നു. എന്തെല്ലാം നികൃഷ്ടങ്ങളായ ദുഷ്കൃത്യങ്ങൾ അവർ ചെയ്യുന്നതായിക്കണ്ടാലും നിങ്ങൾ നഷ്ടധൈര്യനാകരുത്. ദൈവം അവരോടു ക്ഷമിക്കുന്നതുപോലെ നിങ്ങളും ക്ഷമിക്കണം.....അതു സ്ഥലത്തു നിങ്ങളുടെ പ്രയത്നങ്ങൾ നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ ഫലപ്രദമാണ്. നിങ്ങൾ ആഗ്രഹിക്കുന്നതുപോലുള്ള അഭിവൃദ്ധിയുണ്ടാകുന്നില്ലെങ്കിലും, നിങ്ങൾ ശരിയായ വേല ചെയ്യുന്നുണ്ടെന്നും, നിങ്ങൾക്ക് ഇച്ഛാഭംഗത്തിനു ഒരിക്കലും വകയില്ലെന്നും ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു. ചില കാര്യങ്ങളിൽ പരാജയമുണ്ടാകുന്നുവെങ്കിൽ അതിന് ഉത്തരവാദി നിങ്ങളല്ലല്ലോ.....
.....ഇയ്യിടെ ഉണ്ടായിട്ടുള്ള വിളംബരത്തിനു വിരുദ്ധമായി മദ്യപാനംചെയ്യുന്നവരെ ശിക്ഷിക്കുന്നതിന് അധികൃതനായ ഒരു ഉദ്യോഗസ്ഥനെ ഞാൻ അങ്ങോട്ട് അയക്കുന്നു. കള്ളു കുടിക്കുന്നതായി കണ്ടുപിടിക്കപ്പെടുന്ന

ഏതു സ്ത്രീയിലുംനിന്നു ശിക്ഷയായി ഒരു പണം വസൂലാക്കണമെന്നും ഏതു പുരുഷനെയും മൂന്നു ദിവസത്തേക്കു തടവിൽ പാപ്പിക്കണമെന്നുമുള്ള ഗവണ്മെന്റുരുടെ ആജ്ഞയോടുകൂടിയാണ് അയാൾ വരുന്നതു്. ഈ സംഗതി നിങ്ങളുടെ കീഴിലുള്ള സകല ഗ്രാമങ്ങളിലും വീട്ടുകളിലും വിശദമായി പ്രസിദ്ധീകരിക്കുക. ഗ്രാമങ്ങളിൽ മേലാൽ കള്ളുകുടി തുടരുന്നുവെങ്കിൽ തലവന്മാർ കഠിനമായി ശിക്ഷിക്കപ്പെടുമെന്നു് അവരെ അറിയിക്കുക..... ഈ ഗ്രാമങ്ങളിലെ സകല അഴിമതികൾക്കും ദുരാചാരങ്ങൾക്കും ഉത്തരവാദികൾ ഈ തലവന്മാരാണെന്നുള്ളതു സ്പഷ്ടമാണു്.....നവജാതരായ ശിശുക്കളെ കഴിയുന്ന വേഗത്തിൽ ജ്ഞാനസ്നാപനംചെയ്യുന്നതിൽ വളരെ ശ്രദ്ധിക്കുക. ശൈശവം കഴിഞ്ഞു് അവർ എന്തെങ്കിലും പഠിക്കുന്നതിനു പ്രാപ്തരായ ഉടനെ അവരെ വേദോപദേശത്തിന്റെ പ്രാഥമികപാഠങ്ങളെ പഠിപ്പിക്കുക. എല്ലാ ഞായറാഴ്ചകളിലും സകലരെയും—സ്ത്രീകളെയും പുരുഷന്മാരെയും, പെൺകുട്ടികളെയും ആൺകുട്ടികളെയും—വിളിച്ചുകൂട്ടി വേദോപദേശം പഠിപ്പിക്കുക; അവരെ പ്രാർത്ഥനകളെയും ക്രിസ്തീയാചാരങ്ങളെയും പരിശീലിപ്പിക്കുക. ഒടുവിൽ അവരുടെ മുൻപാകെ വിജ്ഞാനപ്രദമായ ഒരു ചെറുപ്രസംഗം ചെയ്യുക. വിഗ്രഹങ്ങളുണ്ടാക്കുന്നതിനെ തടയുന്നതിൽ ജാഗരൂകനായിരിക്കുക. ശില്പികളുടെ വീട്ടുകളെയും പണിപ്പുരകളെയും മുറയ്ക്കു സന്ദർശിച്ചു പരിശോധിക്കുക.....

മണപ്പാട്ടു്, മാർച്ചു് 14, 1544.

3. .....എന്റെ നിർദ്ദേശങ്ങൾ അടങ്ങിയ കടലാസു നിങ്ങളുടെ കൈവശമുണ്ടല്ലോ. എനിക്കു് അവയിൽ കൂട്ടുതലായി ഒന്നും പറയാനില്ല..... തൂത്തുക്കുടിയിലെ ക്രിസ്ത്യാനികളുടെ സ്ഥിതിയെപ്പറ്റിയും

അവിടെയുള്ള പോർട്ടുഗീസുകാർ അവരെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുന്നുണ്ടോ എന്നും അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.....നിങ്ങളോട് ഇടപെടുന്ന സകല ജനങ്ങളെയും—അവർ അധികാരികളായാലും പ്രഭുക്കന്മാരായലും പാവങ്ങളായാലും — ഹൃദയപൂർവ്വം സ്നേഹിക്കുക; അപ്പോൾ അവർ നിങ്ങളെയും സ്നേഹിക്കും. അതിന്റെ ഫലമായി നിങ്ങളുടെ ധർമ്മസേവനം സുകരവും ഫലപ്രദവുമായിത്തീരും. അവരുടെ കുറവുകളെയും കുറവുകളെയും ക്ഷമയോടുകൂടി സഹിക്കുന്നതിനു ശീലിക്കുക; അവർ ഇപ്പോൾ നല്ലവരായിട്ടില്ലെങ്കിൽ ഭാവിയിലെങ്കിലും നല്ലവരാകുമെന്നു പ്രത്യാശിക്കുക.....

മണപ്പാട്ട്, മാർച്ച് 20, 1544.

4. .....തങ്ങളുടെ രാജാവായ ഇനിക്യുതിബിറിമിന്റെ ഒരു ഭൃത്യനെ ഒരു പോർട്ടുഗീസുകാരൻ പട്ടണത്തിൽവച്ചു പിടിച്ചു ബന്ധിച്ചു പുനിക്കലിലേക്കു കൊണ്ടുപോയിരിക്കുന്നുവെന്നു പരാതി പറഞ്ഞുകൊണ്ടു തിരുവിതാംകൂർ രാജാവിന്റെ അരമനയിൽനിന്നു മുന്നു പ്രഭുക്കന്മാർ ഇവിടെ വന്നിരിക്കുന്നു; അയാളെ തൂത്തുക്കുടിയിലേക്കു കൊണ്ടുപോകാൻ പോകുന്നുവെന്ന് അവർ അറിയുന്നു. അതിലെ സത്യമെന്താണെന്നു കണ്ടുപിടിച്ചു അതിനെപ്പറ്റി കമ്മാൻഡന്റിനു് ഉടൻ എഴുതണമെന്നു ഞാൻ അപേക്ഷിക്കുന്നു. പ്രസ്തുത പോർട്ടുഗീസുകാരൻ അവിടെ ഉണ്ടെങ്കിൽ സാധുവായ ബന്ദിയെ ഏതുവിധത്തിലെങ്കിലും മോചിപ്പിക്കുക. അയാൾ പോർട്ടുഗീസുകാരനു് എന്തെങ്കിലും കൊടുക്കാനുണ്ടെങ്കിൽ അതിനെപ്പറ്റി പോർട്ടുഗീസുകാരൻ തിരുവിതാംകൂർ രാജാവിന്റെ സന്നിധിയിൽ സങ്കടം ബോധിപ്പിക്കട്ടെ. രാജാവു നീതി പാലിക്കുമെന്നുള്ളതു തീർച്ചയാണു്. നമ്മോടു നീതി ചെയ്യുന്നതിനു് അദ്ദേഹം എപ്പോഴും ഉത്സുക

നാണ്. അദ്ദേഹം നമ്മുടെ മിത്രമാണ്. പോർട്ടുഗീസുകാരൻ അദ്ദേഹത്തിന്റെ ഒരു പ്രജയോടു പ്രവർത്തിച്ചതു് വലുതായ ഒരു് അനീതിയും അക്രമവുമാണ്. ഈ അക്രമം നിമിത്തം രാജാവിന്റെ സന്നിധിയിൽ എനിക്കു പ്രവേശനമില്ലാതാകുന്നു. ഈ അവിവേകിയായ സാഹസികന്റെ അപരാധം എന്റെ കാര്യപരിപാടികൾക്കെല്ലാം ബാധകമായിരിക്കുന്നു; ഇനി ഞാൻ എന്താണു ചെയ്യേണ്ടതെന്നു് അറിയുന്നില്ല. ഇവിടത്തെ ജോലി മതിയാക്കിയിട്ടു വേറെ വല്ലയിടത്തും പൊയ്ക്കളഞ്ഞാലെന്തെന്നു ഞാൻ വിചാരിക്കുന്നു. നീതിയെപ്പറ്റി യാതൊരു ബോധവുമില്ലാത്തവരും ധർമ്മത്തെ തൃണവൽഗണിക്കുന്നവരുമായ ഇവരുടെ ഇടയിൽ പ്രയത്നിച്ചു നമ്മുടെ സമയം പാഴാക്കിക്കളയുന്നതെന്തിനു്?—വിശേഷിച്ചു് ഈ അക്രമികളുടെ കട്ടംകൈകളെ അധികൃതന്മാർ ശിക്ഷിക്കാതെ പ്രോത്സാഹിപ്പിക്കുമ്പോൾ.—തിരുവിതാംകൂർ രാജാവു് ഈ ധിക്കാരത്തിനു തന്റെ ക്രിസ്ത്യാനികളായ പ്രജകളോടു് കഠിനമായ പ്രതിക്രിയ ചെയ്യുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടാനില്ല.....ഈ അനീതിക്കു യാതൊരു പരിഹാരമാർഗ്ഗവും സാദ്ധ്യമാകുന്നില്ലെങ്കിൽ, രാജാവിനെ കാണുന്നതിനുള്ള എന്റെ കാര്യപരിപാടി ഞാൻ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു; ക്രിസ്തുധർമ്മപ്രചാരണം സംബന്ധിച്ചു ചില കാര്യങ്ങൾ സാധിക്കുന്നതിനായിരുന്നു ഞാൻ അദ്ദേഹത്തെ കാണാൻ ഉദ്ദേശിച്ചതു്. ഇത്തരം അക്രമങ്ങൾ രാജാവിലും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥന്മാരിലും പോർട്ടുഗീസു വർഗ്ഗത്തെയും ക്രിസ്തുമതത്തെയുംപറ്റി പൊതുവെ അവജ്ഞയും വിദ്വേഷവും ഉളവാക്കുന്നതിനു പര്യാപ്തമാണെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ഇപ്പുതനത്തിൽ ഞാൻ രാജാവിനെക്കാണുന്നതു് അവിവേകമായിരിക്കും. മറെറ

വിടെയെങ്കിലും പോകുന്നതിനെപ്പററി ഞാൻ വിചാരിക്കേണ്ടിയിരിക്കുന്നു. ക്രിസ്തുമതപ്രചാരണത്തിന് ഒരിക്കലും പ്രതിബന്ധങ്ങളുണ്ടാകാൻ പാടില്ലാത്ത സ്ഥാനങ്ങളിൽനിന്നുതന്നെ ധാരാളം പ്രതിബന്ധങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു ഈ രാജ്യംവിട്ട് എത്യോപ്യായിൽ പോയാലെന്തെന്ന് ഞാൻ പലപ്പോഴും വിചാരിച്ചിട്ടുണ്ട്; അവിടെ നമുക്കെതിരായി പ്രവർത്തിക്കുന്നതിനും നമ്മുടെ പ്രയത്നങ്ങളെ വിഫലീഭവിപ്പിക്കുന്നതിനും യൂറോപ്യന്മാരുണ്ടായിരിക്കുകയില്ലല്ലോ.....”

മണപ്പാട്ട്, മാർച്ച് 24, 1544.

5. “.....മൂന്നു ദിവസങ്ങൾക്കു മുൻപ് ഞാൻ കേട്ട ഒരു വാർത്ത — പുനിക്കൽവച്ച് കുറെ പോർട്ടുഗീസുകാർ ഏതാനും പാവപ്പെട്ട പെൺകുട്ടികളെ ബലാല്ക്കാരമായി പിടിച്ചുകൊണ്ടുപോയി എന്നുള്ളതു് — എന്നെ അത്യധികം വ്യസനിപ്പിക്കുന്നു. ഈ മർമ്മഭേദകമായ വർത്തമാനം ഞാൻ അറിഞ്ഞമാത്രയിൽ, ആ നീചരായ അക്രമികൾ ആരെല്ലാമെന്നു കണ്ടുപിടിച്ച് അവരെ തിരുസഭയിൽനിന്നു ബഹിഷ്ക്കരിക്കുന്നതിനും, കഠിനമായി ശിക്ഷിക്കുന്നതിനും, ആ സാധു ബാലികകളെ ഉടൻ മോചിപ്പിക്കുന്നതിനും വേണ്ട നടപടികൾ ഊർജ്ജിതമായി അനുവർത്തിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടു കൊല്ലത്തെയും കൊച്ചിയിലെയും മെത്രാന്റെ പ്രതിപുരുഷന്മാരായ വൈദികാധികാരികൾക്കു ഞാൻ എഴുതിയിട്ടുണ്ട്. .....അവിടെ ഇപ്പോൾ ജനങ്ങളിലാരുംതന്നെ മദ്യപാനം ചെയ്യുന്നില്ലെന്നും വിഗ്രഹങ്ങൾ നിർമ്മിക്കുന്നില്ലെന്നും ഞായറാഴ്ച എല്ലാവരും പള്ളിയിൽ വരുന്നുവെന്നും അറിയാൻ സാധിക്കുന്നുവെങ്കിൽ അതു് എനിക്ക് ഏറ്റവും സന്തോഷപ്രദമായിരിക്കും. പക്ഷെ, ഈ സംഗതികൾ നാം ആഗ്രഹിക്കുന്നതുപോലെ ശരിപ്പെട്ട

ന്നില്ലെങ്കിൽ, അതുകൊണ്ടു നാം അധൈര്യപ്പെടരുതു്. ഈ സാധുക്കളായ ജനങ്ങളെ, അവരുടെ മതപരിവർത്തനത്തിന്റെ ആരംഭംമുതൽ, നിങ്ങൾ ഇപ്പോൾ പഠിപ്പിക്കുന്നതുപോലെ ഉത്സാഹപൂർവ്വം പഠിപ്പിക്കുന്നതിനു ഗുരുക്കന്മാരുണ്ടായിരുന്നുവെങ്കിൽ, അവർ തീർച്ചയായും ഇപ്പോഴത്തേക്കാൾ വളരെ നല്ല ക്രിസ്ത്യാനികളായിത്തീരുമായിരുന്നുവെന്നുള്ളതു നാം മറക്കരുതു്.

മണപ്പാട്ടു്, മാർച്ചു് 27, 1544.

6. .....നിങ്ങൾ ഗ്രാമങ്ങൾ സന്ദർശിക്കുന്ന അവസരത്തിൽ, ഒരു ദിവസം എല്ലാ പുരുഷന്മാരെയും, വേറൊരു ദിവസം എല്ലാ സ്ത്രീകളെയും വിളിച്ചുകൂട്ടി അവരെ ഓരോരുത്തരെയും പാപത്തിൽ വീഴാതിരിക്കുന്നതിനു് അറിഞ്ഞിരിക്കേണ്ട സംഗതികൾ പഠിപ്പിക്കുക. അവർ ഈ പൊതുയോഗങ്ങളിൽവച്ചു് പ്രാർത്ഥനകൾ കാണാതെ ചൊല്ലുന്നതുകൊണ്ടു തൃപ്തിപ്പെടരുതു്; കാലത്തും വയിട്ടും അവരുടെ വീടുകളിൽവച്ചു് ആ പ്രാർത്ഥനകളെ ഭക്തിപൂർവ്വം ചൊല്ലുന്നതിനു് അവരോടു നിഷ്കർഷം ഏർപ്പാടുചെയ്യുക.....

മണപ്പാട്ടു്, ഏപ്രിൽ 8, 1544.

7. "..... ഇവിടെ ഞാൻ ഒരാഴ്ചയായി തിരുവിതാംകൂറിൽനിന്നു് ഒരു പിള്ള വരുന്നതു കാക്കുകയാണു്. അയാൾ വരാതിരിക്കയില്ല; ഒരാഴ്ചയ്ക്കുള്ളിൽ വരുമെന്നു് അയാൾ എഴുതിയിട്ടുണ്ടു്. ഈ സമാഗമത്തിന്റെ ഫലമായി ഈശ്വരസേവനത്തിനും ധർമ്മസ്ഥാപനത്തിനും ഉപകരിക്കുന്ന എന്തെങ്കിലും ഉണ്ടാകാതിരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതിന്റെ ഫലമെന്തായാലും അതു ഞാൻ നിങ്ങളെ ഉടൻ അറിയിക്കുന്നതാണു്....."

ലിവാറെ, (Livare) ഏപ്രിൽ 23, 1545.

8. ".....കഴിഞ്ഞ നാലഞ്ചുദിവസം ഞാൻ തീപിടിച്ച ജ്വരമായിക്കിടക്കുകയായിരുന്നു. ഇപ്പോൾ, ദൈവകൃപയാൽ, എനിക്കു സുഖമുണ്ട്..... അടുത്തയാഴ്ച പുനിക്കൽ വന്നു നിങ്ങളെക്കാണാൻ കഴിയുമെന്നു ഞാൻ പ്രത്യാശിക്കുന്നു. തിരുവിതാംകൂറിൽനിന്നുള്ള പിള്ള ഇന്നല്ലെങ്കിൽ നാളെക്കാലത്തു് ഇവിടെ മടങ്ങിവരുമെന്നു ഞങ്ങൾ വിചാരിക്കുന്നു. നാം തമ്മിൽകാണുമ്പോൾ അതിനെപ്പറ്റിയുള്ള വിവരങ്ങൾ പറയാം....."

നാറെ (Nare.) മേയ്, 1, 1544.

".....ഏതാനുംദിവസങ്ങൾ ഞാൻ തൂത്തുക്കുടിയിൽതന്നെ കഴിച്ചുകൂട്ടേണ്ടതു് അത്യാവശ്യമായിരിക്കുന്നു. ഇവിടെ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കുന്ന ആപൽക്കരമായ ചില വഴക്കുകൾ അവസാനിപ്പിച്ചു സമാധാനം സ്ഥാപിക്കാനായി ഞാൻ ശ്രമിക്കുന്നു.....ഈ സാധുക്കളായ ജനങ്ങളോടു്, നിങ്ങൾക്കു കോപകരങ്ങളായിരിക്കുന്ന എന്തെല്ലാം കുറ്റങ്ങളും കുറവുകളും അവർക്കു് ഉണ്ടായിരുന്നാലും, നിങ്ങൾ ഒരിക്കലും കോപിക്കരുതെന്നു ഞാൻ വീണ്ടും വീണ്ടും അപേക്ഷിക്കുന്നു.....അവരെ, കുഞ്ഞുങ്ങളെ എന്നപോലെ, നിങ്ങളുടെ ചുമലിൽ വഹിക്കുക; അജയ്യമായ ക്ഷമയോടും അനന്തമായ സഹിഷ്ണുതയോടുംകൂടി അവരോടു പെരുമാറുക; അവർ തിന്മയിൽ വീഴാതെ സൂക്ഷിക്കുകയും, നന്മയിൽ അഭിവൃദ്ധിപ്രാപിക്കുന്നതിനു കഴിയുന്നതു സഹായിക്കുകയും ചെയ്യുക.....എന്തുതന്നെയായാലും, ദാക്ഷിണ്യവും ദയയുംകൊണ്ടു നന്നാക്കാൻ സാധിക്കാത്ത ചിലരുണ്ടെന്നു കാണുന്നപക്ഷം, അവരോടു നിർദ്ദാക്ഷിണ്യതയും കാഠിന്യവും പ്രദർശിപ്പിച്ചു് അവരെ ചിലപ്പോഴൊക്കെ ശി

ക്ഷിക്കേണ്ടിവരും; അതും സ്നേഹജന്യമായ ഒരു നടപടി യാണു്....."

തൂത്തുക്കുടി, മേയ് 14, 1544.

മാൻസില്ലാസുമായി അടിക്കടി തുടർന്ന ഈ എഴുത്തുകുത്തുകൾക്കു് ഇവിടെ ഒരു തടസ്സം നേരിട്ടിരിക്കുന്നു. മേയ് 14-നു-മുതൽ ജൂൺ 20-നു-വരെ, ഒരുമാസത്തിനുമേൽ, യാതൊരു എഴുത്തും കാണുന്നില്ല. പിന്നീടു് ഒരു ഘട്ടത്തിലും—സെപ്തംബർ 29 മുതൽ നവംബർ 8 വരെ—ഒരു അന്തരാളം എഴുത്തൊന്നുമില്ലാതെയുണ്ടു്. ഫ്രാൻസിസ്സിന്റെ എഴുത്തുകൾ മാൻസില്ലാസ്സു് ഭദ്രമായിസൂക്ഷിച്ചിരുന്ന സ്ഥിതിക്കു കുറെ എഴുത്തുകൾ കളഞ്ഞുപോയി എന്നുവരാനിടയില്ല.ഈ ഘട്ടങ്ങളിൽ എഴുത്തൊന്നുമില്ലാതെ പോയതു് എഴുത്തയക്കാൻ സൗകര്യമില്ലാത്ത സ്ഥാനങ്ങളിൽ അപ്പോൾ ഫ്രാൻസിസ്സു് സഞ്ചരിച്ചിരുന്നതുകൊണ്ടായിരിക്കണം. കന്യാകുമാരിക്കും തൂത്തുക്കുടിക്കും മദ്ധ്യേയുള്ള തീരപ്രദേശത്തു മിഷൻപ്രവർത്തനം തന്റെ സഹകാരികൾ തുടർന്നുകൊണ്ടുപോകുന്നതിനുവേണ്ട വ്യവസ്ഥകൾചെയ്തുകഴിഞ്ഞതിനാൽ അദ്ദേഹം ഇടയ്ക്കിടയ്ക്കു പുതിയ രംഗങ്ങളിൽ ധർമ്മപ്രചാരണം ചെയ്യുന്നതിനു പോയിരുന്നുവെന്നുള്ളതു തീർച്ചയാണു്. അദ്ദേഹം 1545 ആരംഭത്തിൽ കൊച്ചിയിൽനിന്നു യൂറോപ്പിലേക്കയച്ച എഴുത്തുകളിൽ 1544-ൽ അദ്ദേഹം തിരുവിതാംകൂറിൽ കൊല്ലംമുതൽ കന്യാകുമാരിവരെയുള്ള തീരപ്രദേശത്തു വിജയകരമായി ക്രിസ്തുധർമ്മം പ്രചരിപ്പിച്ചതായും സിലോൺ സന്ദർശിച്ചതായും പ്രസ്താവിക്കുന്നു. പ്രസ്തുത അന്തരാളഘട്ടങ്ങളിലായിരുന്നിരിക്കണം അദ്ദേഹം ഈ ദേശാന്തരങ്ങളിൽ സേവനം അനുഷ്ഠിച്ചതു്.

1544-ൽ ഫ്രാൻസിസ്സു് നിർവ്വഹിച്ച ഏറ്റവും പ്രധാനമായ കൃത്യം കൊല്ലത്തിനും കന്യാകുമാരിക്കും മദ്ധ്യേ

യുള്ള സമുദ്രതീരവാസികളെ ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യുവെന്നുള്ളതായിരുന്നു. ഒരു് എഴുത്തിൽ അദ്ദേഹം ഒരു മാസത്തിനുള്ളിൽ തിരുവിതാംകൂറിൽ പതിനായിരംപേരെ ജ്ഞാനസ്നാപനം ചെയ്യുവെന്നു കാണുന്നതിൽനിന്നു് ആ ഒരുമാസം അദ്ദേഹത്തിന്റെ യാതൊരു് എഴുത്തും മാൻസില്ലാസിനു കിട്ടാതിരുന്ന 1544 മേയ് 14-നു-ക്കും ജൂൺ 20-നു-ക്കും ഇടയ്ക്കുള്ളതായിരിക്കണമെന്നു് അനുമാനിക്കാവുന്നതാണു്.

ഇക്കാലത്തു തിരുവിതാംകൂറിലെ രാജാവു് ഭ്രതലവീര ഉദയമാർത്താണ്ഡവർമ്മ (1537—1550) ആയിരുന്നു. [ഫ്രാൻസിസ്സിന്റെ എഴുത്തുകളിൽ ഇനിക്യുറിബിറിം (Iniquitribirim) എന്ന കൗതുകാവഹമായ പേരു് അദ്ദേഹത്തിനു നല്കിക്കാണുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാക്കാൻ സാധിക്കാതെ ചരിത്രകാരന്മാർ വിഷമിക്കുന്നുണ്ടു്. ഇതു് 'ഇനിക്കുതമ്പുരാൻ' എന്ന ശൈലിയുടെ രൂപഭേദമാണെന്നൊരു യുക്തിയുക്തമായ വ്യാഖ്യാനമുണ്ടു്. ഫ്രാൻസിസു് തർജ്ജിമചെയ്ത പ്രാർത്ഥനകളുടെ ഭാഷയിൽനിന്നു അദ്ദേഹം ക്രിസ്ത്യാനികളായ മുക്കുവരുടെ പ്രാകൃതഭാഷയാണു് ഉപയോഗിച്ചിരുന്നതെന്നു സ്പഷ്ടമാണു്. അവർ രാജാവിനെ 'ഇനിക്കുതമ്പുരാൻ' എന്നുവിളിച്ചിരിക്കണം(G.T. Mackenzie's Christianity in Travancore).] ഈ ഭാഗങ്ങളിൽ ഫ്രാൻസിസു് പ്രവർത്തനം ആരംഭിച്ച ഘട്ടത്തിൽ (1545 വരെ) കന്യാകുമാരിക്കും മണപ്പാട്ടിനും മദ്ധ്യേയുള്ള സമുദ്രതീരംവരെ ഈ രാജാവിന്റെ രാജ്യാതിർത്തി വ്യാപിച്ചിരുന്നു. തന്റെ രാജ്യത്തു് ഇടപ്രഭുക്കന്മാർമൂലം മുറയ്ക്കു് ഉണ്ടായിക്കൊണ്ടിരുന്ന അഭ്യന്തരകലഹങ്ങളെ ശമിപ്പിക്കുന്നതിനും ബാഹ്യാക്രമണങ്ങളെ വിജയകരമായി എതിർക്കുന്നതിനും സഹായത്തിനായി പോർട്ടുഗീസുകാരുടെ സഖ്യം അദ്ദേഹം

സമ്പാദിച്ചിരുന്നു. ഫ്രാൻസിസ് സേവിയറിന്റെ മദ്ധ്യസ്ഥതവഴിയായിട്ടായിരുന്ന അദ്ദേഹത്തിന് ഈ മൈത്രി സാധിച്ചതു്. മുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ള ചില എഴുത്തുകളിൽ ഒരു പോർട്ടുഗീസുകാരൻ പ്രവർത്തിച്ച ഒരക്രമം മൂലം രാജാവിനെ സന്ദർശിക്കുന്നതിനെ സംബന്ധിച്ചു തനിക്കുണ്ടായിരുന്ന ഒരു കായ്പരിപാടിക്കു വിഘ്നം നേരിട്ടതായും ഏതോ പ്രധാനമായ ഒരു കായ്യത്തെപ്പറ്റി ഒരു രാജകീയപ്രതനെ താൻ പ്രതീക്ഷിച്ചിരുന്നതായും അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതായി നാം കണ്ടുവല്ലോ. രാജാവുമായുള്ള കൂടിക്കാഴ്ച തൽക്കാലം നടന്നിരിക്കുകയില്ലെങ്കിലും മറ്റുവിധത്തിൽ രാജകീയാനുകൂല്യം സമ്പാദിച്ചിട്ടു് അദ്ദേഹം തിരുവിതാംകൂറിൽ ധർമ്മപ്രചാരണം അചിരേണ ആരംഭിച്ചു. അതിനെപ്പറ്റി പ്രസ്താവിക്കുന്ന ഫ്രാൻസിസ്സിന്റെ ഒരു എഴുത്തിലെ (റോമയിലേക്കുള്ള) ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

".....ഇപ്പോൾ എന്റെ സേവനരംഗമായിരിക്കുന്ന തിരുവിതാംകൂറിൽ ഒട്ടുവളരെ ജനങ്ങൾ ഇപ്പോൾ ക്രിസ്തുമതം അവലംബിച്ചിരിക്കുന്നു. ഒരു മാസംകൊണ്ടു പതിനായിരംപേരെ ഞാൻ ക്രിസ്ത്യാനികളാക്കി..... ഒരു അക്രൈസ്തവ ഗ്രാമത്തിൽ ചെന്ന ഉടൻ അവിടത്തെ ജനങ്ങളെയെല്ലാം–ആണുങ്ങളെയും പെണ്ണുങ്ങളെയും കുട്ടികളെയും—ഒരുസ്ഥലത്തു ഞാൻ വിളിച്ചുകൂട്ടുന്നു... വേദോപദേശത്തിനുശേഷം, ജ്ഞാനസ്നാനോത്സുകരായ ഓരോരുത്തരോടും വിശ്വാസപ്രമാണങ്ങളിൽ ഓരോന്നിലും അവർ നിസ്സംശയം വിശ്വസിക്കുന്നോ എന്നു ചോദിക്കുന്നു. അവർ കൈകളും കുരിശ്രാകൃതിയിൽ വിടർത്തിപ്പിടിച്ചുകൊണ്ടു് സകലവും വിശ്വസിക്കുന്നുവെന്നു് ഏകകണ്ഠമായി പ്രതിവചിക്കുന്നു. അനന്തരം ഞാൻ അവരെ യഥാവിധി ജ്ഞാനസ്നാപനംചെയ്യുന്നു. അതിനുശേഷം ഓ

രോരുത്തനും അവനവന്റെ പേരു് ഓരോ കടലാസുതുണ്ടിൽ എഴുതിക്കൊടുക്കുന്നു. അനന്തരം ഈ ക്രിസ്ത്യാനികൾ അവരവരുടെ വീടുകളിൽപോയി സ്ത്രീകളെയും കുട്ടികളെയും ജ്ഞാനസ്നാനത്തിനായി കൊണ്ടുവരുന്നു. എല്ലാവരും ജ്ഞാനസ്നാപനംചെയ്യപ്പെട്ടുകഴിയുമ്പോൾ അവരുടെ ദേവന്മാരുടെ ക്ഷേത്രങ്ങളെയും വിഗ്രഹങ്ങളെയും എല്ലാം നശിപ്പിക്കുന്നതിനു ഞാൻ ആജ്ഞാപിക്കുന്നു. വിഗ്രഹങ്ങൾ അവയുടെ ആരാധകരായിരുന്ന ജനങ്ങളാൽതന്നെ നശിപ്പിക്കപ്പെടുന്ന കാഴ്ച എനിക്കു് എത്ര ആനന്ദപ്രദമാണെന്നു് പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. ഏതദ്ദേശീയ ഭാഷയിലുള്ള വേദോപദേശ*ത്തിന്റെ കൈയെഴുത്തുപ്രതികൾ ഞാൻ എല്ലാഗ്രാമങ്ങൾക്കും കൊടുക്കുകയും കാലത്തും വയ്ക്കിട്ടുള്ള വേദോപദേശക്ലാസുകളിൽ അതു് എങ്ങനെ പഠിപ്പിക്കപ്പെടണമെന്നു നിർദ്ദേശിക്കുകയും ചെയ്യുന്നു. ഈ വിധം ഞാൻ ഗ്രാമംതോറും സഞ്ചരിച്ചു് ജനങ്ങളെ ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യുന്നു....."

കൊച്ചി, ജനുവരി 27, 1545.

1544-ാമാണ്ടു് അവസാനിക്കുന്നതിനുമുൻപായി നാല്പത്തിയഞ്ചു പള്ളികൾ പ്രാൻസിസ്സു് സേവ്യർ തിരുവിതാംകൂറിൽ സ്ഥാപിച്ചു. അദ്ദേഹം ഒരു ഗ്രാമത്തിൽ പ്രവേശിച്ചാൽ ആദ്യമായിചെയ്യുന്നതു് അവിടെ ഒരു കുരിശു സ്ഥാപിക്കുക എന്നുള്ളതാണു്. അദ്ദേഹം സ്ഥാപിച്ച പള്ളികളെന്നു പറയപ്പെടുന്നതു് അധികവും ഓലകൊണ്ടു മേഞ്ഞ ഷെഡുകളാണു്. കീറിപ്പറിഞ്ഞ ഓ

---

* സെയിന്റ് ഫ്റാൻസിസ്സു് സേവിയറിന്റെ വേദോപദേശമാണു് ഇൻഡ്യയിൽ ആദ്യമായി അച്ചടിപ്പിക്കപ്പെട്ട പുസ്തകം. 1550-ാമാണ്ടടിച്ചു് ഗോവായിൽ അച്ചടിയന്ത്രം കൊണ്ടുവരപ്പെട്ടു. 1557-ൽ പ്രസ്തുത വേദോപദേശം മുദ്രണം ചെയ്യപ്പെട്ടു.

വയും ഒരു കറുത്ത തൊപ്പിയും ധരിച്ചു നഗ്നപാദനായി ട്ടായിരുന്ന അദ്ദേഹം സഞ്ചരിച്ചതു്. അദ്ദേഹം സ ർവ്വത്ര 'മഹാപിതാവു്' എന്ന വിളിക്കപ്പെട്ടകയും ബഹു മാനിക്കപ്പെട്ടകയുംചെയ്തു. ഈ 'മഹാപിതാവിനെ' എ ല്ലാവരും അനുസരിക്കണമെന്നും ക്രിസ്തുമതം സ്വീകരിക്കു ന്നതിനു തന്റെ പ്രജകൾക്കു സ്വാതന്ത്ര്യം അനുവദി ച്ചിരിക്കുന്നുവെന്നും കാണിച്ചു രാജാവു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയിരുന്നു. രാജാവു് അദ്ദേഹത്തിനു വ ലുതായ ഒരു തുക സംഭാവനചെയ്തു. ഈ പണം മുഴുവനും അദ്ദേഹം സാധുജനസേവനത്തിനായി വിനിയോഗിച്ചു. അദ്ദേഹം ഏതദ്ദേശീയഭാഷ യാതൊരു ക്ലേശവുംകൂടാതെ സംസാരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അനന്യസാ ധാരണമായ ജീവിതവിശുദ്ധിയാലും അത്ഭുതസിദ്ധികളാ ലും ആകൃഷ്ടരായി ജനങ്ങൾ ആയിരക്കണക്കിനു് അദ്ദേ ഹത്തിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിനു ഓടിക്കൂടി. പുരുഷാരത്തിന്റെ വിപുലതമൂലം അദ്ദേഹം പലപ്പോ ഴും വൃക്ഷശാഖകളിൽ കയറിയിരുന്നു പ്രസംഗിക്കേണ്ടി വന്നിട്ടുണ്ടു്. തുറന്ന സ്ഥലത്തു വള്ളങ്ങളുടെ ഓട്ടപായ് കൾകൊണ്ടു മേൽക്കട്ടിയുണ്ടാക്കി അദ്ദേഹം വലുതായ ജ നസഞ്ചയത്തിന്റെ മദ്ധ്യത്തിൽ ദിവ്യപൂജ അർപ്പിക്കുമാ യിരുന്നു.

ജൂൺമാസത്തിന്റെ ഉത്തരാർദ്ധത്തിൽ ഫ്രാൻസിസ് വീണ്ടും പൂർവ്വതീരത്തിൽ വന്നതായി നാം കാണുന്നു. ജൂൺ 16-നു തിങ്കളാഴ്ച അദ്ദേഹം മണപ്പാട്ടുനിന്നു മാൻസില്ലാസിനു് എഴുതിയ എഴുത്തിൽ വടുകപ്പുടയുടെ ആ ക്രമണത്തെപ്പറ്റി പ്രസ്താവിക്കുന്നു:—

"ശനിയാഴ്ച വയ്കിട്ടു ഞാൻ മണപ്പാട്ടു വന്നുചേർന്നു. വരുന്ന വഴിക്കു കൊമ്പത്തൂറയിൽവച്ചു് കന്യാകുമാരിയി ലെ ക്രിസ്ത്യാനികളെ സംബന്ധിച്ചു് ഏറ്റവും വ്യസനകര

മായ ഒരു വാത്ത അറിഞ്ഞു. വടുകർ അവരെ ആക്രമിക്കുകയും അവരുടെ വീടുകൾ കൊള്ളയിടുകയും അവരിൽ ഒട്ടധികംപേരെ തടവുകാരായിപ്പിടിക്കുകയും ചെയ്തിരിക്കുന്നു. ബാക്കിയുള്ളവർ കടലിലെ പാറകളിൽ അഭയംപ്രാപിച്ചു; അവർ വിശന്നും ദാഹിച്ചും മരിക്കാറായിരിക്കുന്നു. അവരെ സഹായിക്കുന്നതിനായി ഇരുപതു വള്ളങ്ങളോടുകൂടി മണപ്പാട്ടുനിന്നു ഞാൻ ഉടൻ പുറപ്പെടുന്നു.....

മണപ്പാട്ട്, ജൂൺ 16, 1544, തിങ്കളാഴ്ച.

അടുത്ത എഴുത്തിൽ കടൽവഴി കന്യാകുമാരിയിൽ എത്തുന്നതിനുള്ള തന്റെ ശ്രമം വിഫലീഭവിച്ചതിനെപ്പറ്റി പ്രസ്താവിക്കുന്നു:-

"കഴിഞ്ഞ ചൊവ്വാഴ്ച ഞാൻ മണപ്പാട്ടേക്കു മടങ്ങിവന്നു. ഞാൻ ആ കടൽയാത്രയിൽ എത്രമാത്രം കഷ്ടപ്പെട്ടുവെന്നു ദൈവത്തിനുമാത്രമെ അറിയാവൂ. വടുകരാൽ വിദ്രാവിതരായി കന്യാകുമാരിക്കോടിക്കുചുറ്റും കടലിലുള്ള പാറകളിൽ അഭയം പ്രാപിച്ച ക്രിസ്ത്യാനികളെ സഹായിക്കുന്നതിനായി ഞാൻ ഇരുപതു തോണികളോടുകൂടി പുറപ്പെട്ടു. എന്നാൽ എതിരായുള്ള കാറ്റ് അതിശക്തിയായിരുന്നതിനാൽ എങ്ങനെയൊക്കെ തുഴഞ്ഞിട്ടും ഒറ്റത്തോണിയെങ്കിലും കന്യാകുമാരിയിൽ എത്തിക്കുന്നതിനു ഞങ്ങൾക്കു സാധിച്ചില്ല. കാറ്റു ശമിക്കുന്നവെങ്കിൽ, ഏറ്റവും ദയനീയമായ സ്ഥിതിയിൽ എത്തിയിരിക്കുന്ന ഈ സാധുക്കളെ സഹായിക്കുന്നതിനായി ഞാൻ വീണ്ടും പുറപ്പെടും. ഒട്ടുവളരെ അഭയാർത്ഥികൾ, ഉടുവസ്ത്രമില്ലാതെയും പട്ടിണികിടന്നുംകഷ്ടപ്പെട്ട ദിവസം തോറും മണപ്പാട്ട വന്നുചേരുന്നു. കൊമ്പത്തുറയിലെയും പുനിക്കലെയും തുത്തൂക്കുടിയിലെയും തലവന്മാർക്ക് ഈ സാധുക്കൾക്കുവേണ്ടി സഹായം അഭ്യർത്ഥിച്ചു ഞാൻ എഴുതു

ന്നുണ്ട്. കപ്പലുകളിലെ കപ്പിത്താന്മാരിൽനിന്നും മറ്റു സൌകര്യമുള്ളവരിൽനിന്നും ഉദാരമായി കിട്ടുന്നതു മാത്രം വാങ്ങി അയക്കുന്നതല്ലാതെ പാവങ്ങളെ ഞെരുക്കി യാതൊന്നും വാങ്ങിക്കരുതെന്ന് അവരോടു പ്രത്യേകം ഞാൻ ആജ്ഞാപിക്കുന്നുണ്ട്. ഇപ്രകാരം ഞാൻ നിഷ്ക്കർഷിക്കുന്നുവെങ്കിലും, ഈ തലവന്മാർ എത്രമാതിരി ആളുകളാണെന്ന് എനിക്ക് അറിയാവുന്നതുകൊണ്ടു, സാധുക്കളെ പിഴിഞ്ഞു പണം സമ്പാദിക്കുന്നതിന് അവർ ഇതൊരു തക്ക സന്ദർഭമായിക്കരുതിയേക്കാമെന്ന് ഞാൻ ഭയപ്പെടുന്നു.....

"ഞങ്ങൾ ഒരാഴ്ച മുഴുവനും തോണിയിലായിരുന്നു; ഒരു തോണിയിൽ, വിശേഷിച്ചു കാറ്റു ശക്തിയായി അടിച്ചുകൊണ്ടിരിക്കുമ്പോൾ, ഇത്രയുംദിവസം കഴിച്ചുകൂട്ടുകയെന്നുവച്ചാൽ എന്താണെന്നു നിങ്ങൾക്കു അനുഭവവേദ്യമാണല്ലോ....."

മണപ്പാട്ട്, ജൂൺ 30, 1544.

ഈ എഴുത്തിനുശേഷം വീണ്ടും ഒരു മാസത്തേക്ക് സേവിയർ മാൻസില്ലാസിന് എഴുത്തയച്ചതായിക്കാണുന്നില്ല. ഈ ഘട്ടത്തിൽ അദ്ദേഹം പൂർവ്വതീരം വിട്ടു തിരുവിതാംകൂറിന്റെ പശ്ചിമതീരത്തേക്കു പോയി എന്നു വിചാരിക്കാൻ ന്യായമുണ്ട്. ഇപ്പോഴത്തെ ഈ രാജ്യത്തു ഫ്രാൻസിസ്സിന്റെ സേവനം സംബന്ധിച്ചു ഏറ്റവും വിഭ്രാതമായ ഒരു സംഭവം നടന്നതു്. മധുരനായ്ക്കരുടെ നേതൃത്വത്തിൽ വടുകപ്പട അനിരോധ്യമായ ശക്തിയോടുകൂടി തിരുവിതാംകൂറിനെ ആക്രമിച്ചു. ഈ ആപത്സന്ധിയിൽ ശത്രുക്കളോടു് എതിർക്കുന്നതിനായുള്ള തൻറെസൈന്യത്തെ ഉദയമാർത്താണ്ഡവർമ്മരാജാവുതന്നെ നയിച്ചു. അതിൽ ഒട്ടവളരെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. ആരുവാമൊഴിക്കു സമീപം വച്ചുണ്ടായ യുദ്ധത്തിൽ മധുരപ്പ

ടതിരുവിതാംക്കൂർ സൈന്യത്തെ നിഗ്രഹിച്ചു തോൽപ്പിക്കുമെന്നു ദിക്കായി. ഈ വിഷമഘട്ടത്തിൽ ഫ്രാൻസിസ്സ് ഏകനായി ഒരു കുരിശു ഉയർത്തിപ്പിടിച്ചുകൊണ്ട് പെട്ടെന്നു വടുകപ്പടയുടെ മുമ്പാകെ പ്രത്യക്ഷനായി, ഈശ്വരനാമത്തിൽ മടങ്ങിപ്പോകുന്നതിനു് അവരോടാജ്ഞാപിച്ചു. തോറ്റോടിത്തുടങ്ങിയിരുന്ന തിരുവിതാംക്കൂർസൈന്യത്തെ അനുധാവനംചെയ്ത ശത്രുസൈന്യത്തിന്റെ മുന്നണിയിലെ ഭടന്മാർ തങ്ങളുടെ മുൻപാകെ കാളവണ്ണമായ ആപ്രപദീനം ധരിച്ചു് തീപ്പൊരിപാറുന്ന പ്രോജ്ജ്വലനേത്രങ്ങളോടും വജ്രനിഷ്ഘോഷസമാനമായ സ്വരത്തോടുംക്രൂദ്ധരായി അത്ഭുതകരമായി ആവിർഭവിച്ച ആ അമാനുഷസത്വത്തെക്കണ്ടു് അന്ധാളിച്ചു നിശ്ചലരായി നിന്നുപോയി. ത്ക്ഷണത്തിൽ ഈ അന്ധാളിപ്പു് വടുകപ്പടയെ ആസകലം ബാധിക്കുകയും അതു വിരണ്ടു മടങ്ങിയോടുകയുംചെയ്തു.* കൃതകൃത്യനായി ഫ്രാൻസിസ്സു് ഉടൻതന്നെ പടക്കളത്തിൽനിന്നു തിരോഭവിച്ചു. ശത്രുബാധയിൽനിന്നു തന്റെ രാജ്യത്തെ ഇപ്രകാരം വിസ്മയാവഹമാംവണ്ണം രക്ഷിച്ച ആ പുണ്യപുരുഷനെ മഹാരാജാവു് കൊട്ടാരത്തിലേക്കു വിളിക്കയും അദ്ദേഹത്തോടു തന്റെ കൃതജ്ഞതയെ പ്രകാശിപ്പിക്കുകയുംചെയ്തു. ഈ സന്ദർഭത്തിൽ സപ്രജകം തന്നെ 'മഹാരാജാവു്' എന്നു വിളിക്കുന്നതുപോലെ, മേലാൽ ഫ്രാൻസിസ്സിനെ അവർ എല്ലാവരും 'മഹാപിതാവു്'—വലിയ പാദ്രി—എന്നുവിളിക്കണമെന്നു രാജാവു കല്പിച്ചു. അപ്പോൾമുതൽ ഈ മഹാരാജാവും 'മഹാപിതാവു്'തമ്മിലുള്ള മൈത്രി ദൃഢതരമാകുകയും അതു് ആജീവനാന്തം നിലനില്ക്കുകയുംചെയ്തു. ഫ്രാൻസിസ്സു് മധുരപ്പടയെ തിരിച്ചോടിച്ച സ്ഥാനത്തു്, കോട്ടാറുനിന്നു നാലഞ്ചു

*Vide 'The Travancore State Manual' by Nagam Aiya, B. A., F. R. Hist. S. Vol. I chap. VI. (page 298).

മൈൽ വടക്കു(വടക്കേ ശ്രീമേട്ടിൽ), അതിന്റെ സ്മാരകമായി ഒരു ചെറിയ പള്ളി ഇപ്പോഴും സ്ഥിതിചെയ്യുന്നു.

ജൂലൈമാസത്തിന്റെ അധികഭാഗവും ഫ്രാൻസിസ്സ് തിരുവിതാംകൂറിൽ ധർമ്മപ്രചാരണത്തിൽ വ്യാപൃതനായി കഴിഞ്ഞുകൂടിയിരിക്കണം. അദ്ദേഹത്തിന്റെ ഏറ്റവും വിശ്രുതങ്ങളായ അത്ഭുതങ്ങളിൽ ചിലതു് ഈ ഘട്ടത്തിൽ ഇവിടെവച്ചു നടന്നു. മരിച്ചുപോയ നാലുപേരെ അദ്ദേഹം പുനരുജ്ജീവിപ്പിച്ചതായി പറയപ്പെടുന്നു. ഈ പുനരുത്ഥാപനങ്ങളിൽ രണ്ടെണ്ണത്തെപ്പറ്റിമാത്രമെ ശരിയായ തെളിവുകളുള്ളൂ. അവയിൽ ഒന്നു മുട്ടത്തു (കന്യാകുമാരിക്കുസമീപം) വച്ചുനടന്നതാണു്. ക്രിസ്തു ഒരു വിധവയുടെ പുത്രനെ പുനരുജ്ജീവിപ്പിച്ചതായുള്ള സുവിശേഷപ്രഖ്യാതമായ അത്ഭുതത്തോടു് ഇതിനു സാമ്യമുണ്ടു്. അദ്ദേഹം ഒരു ദിവസം മുട്ടത്തു് ഒരു ഇടവഴിയിൽക്കൂടി പോയപ്പോൾ ഒരു യുവാവിന്റെ മൃതശരീരത്തെ സംസ്കരിക്കുന്നതിനായിക്കൊണ്ടുപോകുന്ന ഒരു ജനസമൂഹത്തോടു് അഭിമുഖീഭവിച്ചു. ദയനീയമായി നിലവിളിച്ചു കരഞ്ഞുകൊണ്ടു് അതിനെ അനുഗമിച്ച പരേതന്റെ മാതാപിതാക്കന്മാരെക്കണ്ടു് അനുകമ്പാകുലനായി, അദ്ദേഹം പ്രേതത്തെ താഴെ വയ്പിച്ചു് അതിന്റെ സമീപം മുട്ടുകുത്തി പ്രാർത്ഥിക്കുകയും അതിന്റെമേൽ വിശുദ്ധജലം കുടയുകയുംചെയ്തു. മൃതശരീരത്തിന്റെ കൈക്കുപിടിച്ചുകൊണ്ടു ക്രിസ്തുവിന്റെ നാമത്തിൽ എഴുന്നേല്ക്കുന്നതിനു് അദ്ദേഹം ആജ്ഞാപിച്ച ക്ഷണത്തിൽ യുവാവു് പുനരുജ്ജീവിതനായി എഴുന്നേറ്റു. ഈ സംഭവം ഏറ്റവും വിശ്വാസയോഗ്യമായ തെളിവുകളോടുകൂടി ഫ്രാൻസിസ്സിന്റെ പുണ്യപട്ടം സംബന്ധിച്ച വിചാരണയിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടു്. അതിന്റെ സ്മാരകമായി കൃത്യസ്ഥലത്തു് ഒരു കുരിശു സ്ഥാപിക്കപ്പെട്ടിട്ടുമുണ്ടു്. രണ്ടാ

മത്തെ അത്ഭുതം കൊല്ലത്തുവച്ചാണു സംഭവിച്ചതു്. കൊല്ലം വാണിജ്യപ്രധാനമായ ഒരു തുറമുഖപ്പട്ടണമായിരുന്നു. കച്ചവടത്തിനായി അവിടെ ലോകത്തിന്റെ നാനാഭാഗങ്ങളിലുംനിന്നു് വിവിധജാതിമതസ്ഥരായ ജനങ്ങൾ വന്നു താമസിച്ചിരുന്നു. ധനസമ്പാദനസംരംഭത്തിൽ അവർ ആദ്ധ്യാത്മികകാര്യങ്ങളിൽ ഉദാസീനത പ്രദർശിപ്പിക്കുകയും ദൈവത്തെ വിസ്മരിക്കുകയും ചെയ്തിരുന്നു. അവിടെ ഫ്രാൻസിസ്സു് ഏതാനും ദിവസം തുടർച്ചയായി ചെയ്ത ധർമ്മപ്രസംഗങ്ങൾ ഈ ലോകായതികരുടെ ഉദാസീനതയെയും ശാഠ്യത്തെയും ജയിക്കുന്നതിനു പര്യാപ്തമായിരുന്നില്ല. അദ്ദേഹം ഒരിക്കൽ പ്രസംഗിച്ചുകൊണ്ടു നിന്ന ഒരു പള്ളിയിലെ ശവക്കോട്ടയിൽ തലേദിവസം ഒരു പുരുഷന്റെ മൃതശരീരം സംസ്കരിക്കപ്പെട്ടിരുന്നു. അദ്ദേഹം അല്പനേരം പ്രസംഗം നിറുത്തി, കണ്ണുനീർ പൊഴിച്ചുകൊണ്ടു നിശ്ശബ്ദനായി പ്രാർത്ഥിച്ചു. അനന്തരം തന്റെ ശ്രോതാക്കളുടെ ഹൃദയപരിവർത്തനത്തിനായി ദൈവം മരിച്ചവനെ ഉയിർപ്പിക്കുക എന്ന അത്ഭുതം പ്രവർത്തിക്കാൻപോകുന്നുവെന്നു് അദ്ദേഹം അവരോടു സമുജ്ജ്വലമായ ഭാഷയിൽ പ്രസ്താവിച്ചു. ശവകുടീരം തുറന്നു, തലേദിവസം സംസ്കരിക്കപ്പെട്ട മൃതശരീരത്തെ വെളിക്കെടുക്കുന്നതിനു് ആ അവധൂതൻ പറഞ്ഞതനുസരിച്ചു് അവർ പ്രവർത്തിച്ചു. അദ്ദേഹം വീണ്ടും പ്രാർത്ഥിക്കുകയും പരേതൻ പുനരുജ്ജീവിതനായി ശവപ്പെട്ടിയിൽനിന്നു് എഴുന്നേൽക്കുകയുംചെയ്തു. ഇതിന്റെ ഫലമായി അനേകംപേരുടെ ഹൃദയപരിവർത്തനം നിർവ്വഹിക്കപ്പെട്ടു.

ജൂലൈ അവസാനത്തു് അദ്ദേഹം മണപ്പാട്ടേക്കു മടങ്ങി. അവിടെനിന്നു തന്റെ കഴിഞ്ഞ എഴുത്തിൽ പ്രതിപാദിച്ചിരുന്ന വിഷയത്തെപ്പറ്റി തുടർന്നു അദ്ദേഹം മാൻസില്ലാസിനു് എഴുതുന്നു:

"..... വടുകപ്പട്ടയാളികളുടെ പെട്ടെന്നുള്ള ആക്രമണത്തിൽനിന്നു രക്ഷപ്രാപിക്കുന്നതിനു ജനങ്ങളെ ഒരുക്കുന്നതിലും ധൈര്യപ്പെടുത്തുന്നതിലും നിങ്ങൾ പ്രദർശിപ്പിക്കുന്ന മഹനീയമായ ഉത്സാഹത്തിന്റെ ലക്ഷണങ്ങൾ തെളിഞ്ഞു കാണുന്ന നിങ്ങളുടെ കഴിഞ്ഞ എഴുത്ത് എനിക്ക് ഏറ്റവും സന്തോഷപ്രദമായിരിക്കുന്നു.

"വടുകരുടെ ആസുരമായ ആക്രമണത്തിനും കൊള്ളയ്ക്കും ശേഷം ആ മതഭാഗ്യരായ ക്രിസ്ത്യാനികളുടെ സ്ഥിതി കണ്ടറിയുന്നതിനായി, ഞാൻ, ഗത്യന്തരമില്ലാതെ, കരവഴി കന്യാകുമാരിയിലേക്കു പോയി. അവിടെ ഞാൻ കണ്ടതിനേക്കാൾ ദയനീയമായ ഒരു കാഴ്ച സാധ്യമല്ല. പട്ടിണികൊണ്ടും ക്ഷീണംകൊണ്ടും വിവശമായിക്ഷയിച്ച വിളറിയ മുഖങ്ങൾ; മൃതശരീരങ്ങളെയും ആസന്നമരണരെയുംകൊണ്ടു,സംസ്കരിക്കപ്പെടാതെ കിടന്ന വിരൂപങ്ങളായ പ്രേതങ്ങളെയും മുറിവേറ്റും രോഗബാധിതരായും യാതൊരു ശുശ്രൂഷയുമില്ലാതെ ഉൗർദ്ധശ്വാസം വലിക്കുന്ന പാവങ്ങളെയുംകൊണ്ടു, നിറഞ്ഞ ശാദ്വലങ്ങൾ; പ്രായാധിക്യംകൊണ്ടും വിശപ്പുകൊണ്ടും ഇഴയാൻപോലും നിവൃത്തിയില്ലാതെ ക്ഷീണിച്ചു തളർന്നപോയ വൃദ്ധജനങ്ങൾ;പൊതുനിരത്തുകളിൽ അസഹായരായിപ്രസവിച്ചുകിടക്കുന്ന സ്ത്രീകൾ; അവർക്കു യാതൊരു ശുശ്രൂഷയും ചെയ്വാൻ ശക്തിയില്ലാതെ ജീവച്ഛവങ്ങളായി അലഞ്ഞുതിരിയുന്ന അവരുടെ ഭർത്താക്കന്മാർ; ഇങ്ങനെ ഈ ഹൃദയാരുന്തുദമായ അശരണത സർവ്വജനീനമായിരുന്നു. ഈ കാഴ്ച ഞാൻ കണ്ടതുപോലെ നിങ്ങൾ കണ്ടിരുന്നുവെങ്കിൽ നിങ്ങൾ സഹിക്കുമായിരുന്നില്ല. അഗതികളെയെല്ലാം മണപ്പാട്ടേക്കു കൊണ്ടുപോകുന്നതിനു ഞാൻ ഏർപ്പാടു ചെയ്തു; നമ്മാൽ കഴിയുന്നതുപോലെ നാം അവരെ രക്ഷിക്കേണ്ടിയിരിക്കുന്നു. ഈ പാവങ്ങളെ സഹായിക്കുന്ന

തിനു കാരുണ്യമുണ്ടാകുമാറു ധനവാന്മാരുടെ ഹൃദയങ്ങളെ ആർദ്രമാക്കുന്നതിനു ദൈവത്തോടു് അപേക്ഷിക്കുക.

ഞാൻ ബുധനാഴ്ച പുനിക്കലേക്കു പോകണമെന്നു വിചാരിക്കുന്നു. വടുകർ മടങ്ങിപ്പോയി എന്നു് തീർച്ചയുണ്ടാകുന്നതുവരെ ജനങ്ങളെ സൂക്ഷിക്കുന്നതിനുള്ള നിങ്ങളുടെ ജാഗരൂകത ഒട്ടും കുറയ്ക്കരുതു്.....

മണപ്പാട്ടു്, ആഗസ്റ്റ് 1, 1544.

രണ്ടു ദിവസം കഴിഞ്ഞു ഫ്രാൻസിസ്സ് വീണ്ടും വടുകപ്പടയുടെ ആക്രമണത്തിൽനിന്നു ക്രിസ്ത്യാനികളെ സംരക്ഷിക്കുന്നതിനെപ്പററി മാൻസില്ലാസിനു് എഴുതുന്നു:—

".....വടുകർ സമുദ്രതീരഗ്രാമങ്ങളെ ആക്രമിക്കുന്നതിനായി വീണ്ടും ഒരുങ്ങുന്നതായി ഞാൻ അറിയുന്നു. ക്രിസ്ത്യാനികളുടെ മിത്രമായ ഒരു പ്രധാന കാണക്കാരനിൽനിന്നാണു് ആ അറിവു് എനിക്കു കിട്ടിയതു്. അയാൾ തിരുവിതാംകൂർ രാജാവിന്റെ ഒരു അടുത്ത സേവകനാണു്. അയാൾതന്നെ നേരിട്ടു കൊണ്ടുപോയിക്കൊടുക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു രാജാവിനുള്ള ഒരു് എഴുത്തു ഞാൻ ഒരാൾവശം അയാൾക്കു കൊടുത്തയച്ചിട്ടുണ്ടു്. വടുകർ ക്രിസ്ത്യാനികളെ ഉപദ്രവിക്കാതിരിക്കുന്നതിനു വേണ്ട നിഷ്കൃഷ്ടമായ ഏർപ്പാടു രാജാവു് ഉടനടി ചെയ്യണമെന്നാണു് എഴുത്തിൽ ഞാൻ അപേക്ഷിച്ചിട്ടുള്ളതു്. ഇക്കാര്യത്തിൽ കാണക്കാരനും തന്റെ സ്വാധീനശക്തി പ്രയോഗിക്കാതിരിക്കുകയില്ല. അയാൾക്കു ക്രിസ്ത്യാനികളിൽ പല സംബന്ധികളുമുണ്ടു്.....

".....വടുകരുടെ ആക്രമണത്തെ എപ്പോഴും ജാഗരൂകരായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നതിനും ഗ്രാമങ്ങളുടെ അതിർത്തികളിൽ വിശ്വാസയോഗ്യന്മാരും സമർത്ഥന്മാരുമായ കാവൽക്കാരെ നിയമിക്കുന്നതിനും

ആപൽസൂചന കിട്ടിയാലുടനെ കടലോരത്തു തയ്യാറാക്കപ്പെട്ടിട്ടുള്ള വള്ളങ്ങളിൽ കയറി രക്ഷപ്പെടുന്നതിനും ജനങ്ങളോടു വേണ്ട ഏർപ്പാടുചെയ്യുക. നിങ്ങൾ എത്ര പറഞ്ഞാലും അവർ ചെയ്യേണ്ടതു ചെയ്യുമെന്നു വിശ്വസിക്കരുതു്. അവരുടെ അലസതയും ബുദ്ധിഹീനതയും എനിക്കു നല്ലവണ്ണം അറിയാം. ഏറ്റവും ആവശ്യമായ കായ്ത്തിനുപോലും രണ്ടു പണം ചിലവാക്കുന്നതിനു മടിക്കുന്നവരാണു് അവർ. അതുകൊണ്ടു് നിങ്ങൾതന്നെ എല്ലാം ചെയ്യുകയും വിശ്വസ്ഥരായ ആളുകളെക്കൊണ്ടു ചെയ്യിക്കുകയും വേണം.....എനിക്കു് ഇവിടെ എഴുത്തുകടലാസു് ഒട്ടും ഇല്ല. നിങ്ങളുടെ സ്ഥലത്തു് ഒട്ടധികം കടലാസു ഞാൻ വച്ചിട്ടുണ്ടു്. തൽക്കാല ഉപയോഗത്തിനുമാത്രം കുറെ ഒരാൾവശം ഉടൻ കൊടുത്തയക്കണം....."

മണപ്പാടു്, ആഗസ്റ്റ് 3, 1544.

രണ്ടാഴ്ച കഴിഞ്ഞുള്ള ഒരെഴുത്തിന്റെയും പ്രധാന വിഷയം വടുകരുടെ ആക്രമണംതന്നെയാണു്. ഇപ്രാവശ്യം തൂത്തുക്കുടിയിലെ ക്രിസ്ത്യാനികൾക്കാണു് ഉപദ്രവം നേരിട്ടതു്.

".....തിരുവിതാംകൂർ രാജാവു് ഒരു ബ്രാഹ്മണനെ സമാധാനദൂതനായി അവരുടെ അടുക്കൽ അയക്കുന്നു. നമ്മുടെ കമ്മാൻഡന്റിന്റെ ദ്വിഭാഷിക്രൂടി അയാളെ അനുഗമിക്കുന്നു. ഈ സന്ദേശവാഹികൾ രണ്ടുപേരും ഇവിടെ മണപ്പാട്ടുണ്ടു്. അവർ ഇപ്പോൾതന്നെ യാത്ര തിരിക്കുന്നതാണു്.....തൂത്തുക്കുടിയിൽ വടുകർ ഏതാനും പോർട്ടുഗീസുകാരെയും നാട്ടുക്രിസ്ത്യാനികളെയും ഉപദ്രവിക്കുകയോ കൊല്ലുകയോ ചെയ്യുവെന്നു് അറിയുന്നു....."

മണപ്പാടു്, ആഗസ്റ്റ് 19, 1544.

അടുത്ത ദിവസം അദ്ദേഹം, തൂത്തുക്കുടിയിൽ വട്ട കർമൂലമുണ്ടായ നാശത്തിനു പോർട്ടുഗീസു കമ്മാൻഡ റിനുള്ള ഉത്തരവാദിത്വത്തെ സൂചിപ്പിച്ചെഴുതുന്നു:

"എനിക്ക് അനുകൂലിയല്ലാത്തവൻ എനിക്കു പ്രതി കൂലിയാണ്," എന്ന ഭഗവദ്വചനത്തിൽനിന്നു ക്രിസ്തുധ മ്മപ്രചാരണത്തിനു നമുക്ക് അനുകൂലികളായിട്ടുള്ളവർ വളരെ കുറവാണെന്നു നിങ്ങൾ മനസ്സിലാക്കണം. എ ന്നാൽ നാം നിരാശരാകരുതു; ഒടുവിൽ ദൈവം ഓരോ രുത്തന്റെയും യോഗ്യതയനുസരിച്ചു് ഓരോരുത്തനും കൊടുക്കേണ്ടതു കൊടുക്കും. ഒട്ടുവളരെ ആളുകൾ അ വശ്യമാണെന്നു തോന്നുന്ന ഒരു കാര്യം കുറച്ചുപേരെക്കൊ ണ്ടു സാധിപ്പിക്കുന്നതിന് അദ്ദേഹത്തിനു, ഇഷ്ടമുണ്ടെ ങ്കിൽ, പ്രയാസമില്ല. ദൈവത്തോടു പിണങ്ങുന്നവരോടു് എനിക്കു കോപത്തേക്കാൾ അനുകമ്പയാണു് ഉള്ളതു്; അപ്രകാരം പിണങ്ങുന്നുവെന്നുള്ളതുകൊണ്ടുതന്നെ അ വർ ഏറ്റവും ദയനീയമായ സ്ഥിതിയെ പ്രാപിച്ചിരിക്കുന്നു

.....

"എന്റെ ഇന്നാലത്തെ എഴുത്തിൽ പറഞ്ഞ ബ്രാ ഹ്മണൻ വടുകർക്കുള്ള രാജാവിന്റെ സന്ദേശവുംകൊണ്ടു നിങ്ങളുടെ അടുക്കൽ വരുന്നു. അയാളെ തൂത്തുക്കുടിയിൽ വേഗമെത്തിക്കുന്നതിനു് ഒരു കപ്പൽ ഏർപ്പാടുചെയ്തു കൊടുക്കുന്നതിനു നിങ്ങൾ വേണ്ടതൊക്കെ ചെയ്യുമാറാകണം. ..... കമ്മാൻഡർക്കു് അ യാളെ ബഹുമാനപൂർവ്വം സ്വീകരിക്കുന്നതിനും ഏർപ്പാടു ചെയ്യുക....."

മണപ്പാടു്, ആഗസ്റ്റു് 20, 1544.

അടുത്തദിവസം ഫ്രാൻസിസ്സു് പുനിക്കലേക്കു പോകു ന്നു. അവിടെനിന്നു് അദ്ദേഹം അന്നുതന്നെ എഴുതിയ എ ഴുത്തിൽ മാൻസില്ലാസ്സിനെ സിലോണിനടുത്തുള്ള മാന്നാർ

ദ്വീപിലേക്കു അയക്കാനുദ്ദേശിക്കുന്നുവെന്നു പ്രസ്താവിക്കുന്നു. ഈ സന്ദർഭത്തിലാണ് അദ്ദേഹം ആ ദ്വീപിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുള്ള സൌകര്യത്തെപ്പറ്റി ആദ്യമായി അറിയുന്നതു്. അന്നു രാത്രിതന്നെ അദ്ദേഹം വട്ടകരുടെ ആക്രമണംമൂലം കഷ്ടപ്പെടുന്ന ജനങ്ങളെ ആശ്വസിപ്പിക്കുന്നതിനായി താലാ(Tala)യിലേക്കു പോകുന്നുവെന്നും, തിരുവിതാംകൂർ രാജാവിന്റെ അധികാരപ്രയോഗത്താൽ വട്ടകരുടെ ശല്യം ശമിപ്പിക്കാൻ സാധിക്കുമെന്നു പ്രത്യാശിക്കുന്നുവെന്നും പ്രസ്തുതകത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു.

ഇതിനകം ഫ്രാൻസിസ്സിന്റെ വിശുദ്ധിയേയും അത്ഭുതസിദ്ധികളെയും പറ്റിയുള്ള കീർത്തി സിലോണിലും അതിനും ഇൻഡ്യക്കും മദ്ധ്യേയുള്ള ദ്വീപുകളിലും എത്തിയിരുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും സേവനവും അഭ്യർത്ഥിച്ചുകൊണ്ടു മാന്നാർനിന്നു് ഒരു പ്രതിനിധിസംഘം അദ്ദേഹത്തെ കാണാൻ വന്നു. അപ്പോൾ അദ്ദേഹം തിരുവിതാംകൂറിൽ ഏറ്റവും ഊർജ്ജിതമായും വിജയകരമായും ക്രിസ്തുമതം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. തന്റെ ക്രിസ്ത്യാനികളെസംബന്ധിച്ചു് അത്യാവശ്യമായ ചില കാര്യങ്ങൾക്കായി കഴിയുന്ന വേഗത്തിൽ രാജാവിനെ കാണുന്നതിനും അദ്ദേഹം വിചാരിച്ചിരുന്നു. അതുകൊണ്ടു താൻതന്നെ അപ്പോൾ മാന്നാറിലേക്കു പോയാൽ തിരുവിതാംകൂറിലെ ക്രിസ്ത്യാനികളെസംബന്ധിച്ച തന്റെ കാര്യപരിപാടിക്കു വിഘ്നം നേരിടുമെന്നുള്ളതുകൊണ്ടു് വേറൊരു മിഷനറിയെ അവിടത്തേക്കു് അയക്കുന്നതിനേ അദ്ദേഹം ഉദ്ദേശിച്ചുള്ളൂ. രാജാവിനു ക്രിസ്ത്യാനികളോടുള്ള ഭയവും ആനുകൂല്യവും ഫ്രാൻസിസ്സിന്റെ അടുത്ത എഴുത്തു വ്യക്തമാക്കുന്നു.

"..... അല്പമുൻപു് അദ്ദേഹം(രാജാവു്)

ഫാദർ ഫ്രാൻസിസ് കൊയെല്ലോയെ സ്നേഹപൂർവ്വം സ്വീകരിക്കുകയും ഫാദർ കൊയെല്ലൊ ക്രിസ്ത്യാനികൾക്കുവേണ്ടി അപേക്ഷിച്ച സകല ആനുകൂല്യങ്ങളും അനുവദിക്കുകയും ചെയ്തു. മണപ്പാട്ട നാലു ക്രിസ്ത്യാനികളെ അദ്ദേഹം അധികാരികളായി നിയമിച്ചു. മറ്റു സ്ഥലങ്ങളിലുള്ള മൂന്നു ക്രിസ്ത്യാനികളെ അദ്ദേഹം ആ ഉദ്യോഗത്തിൽ നിയമിച്ചു.....ഈ രാജാവിൻെറ പ്രജകൾക്ക്, അടുത്ത ഒരു മാസത്തേക്കെങ്കിലും, യാതൊരു ഉപദ്രവം ചെയ്യാതിരിക്കുന്നതിനും അദ്ദേഹത്തെ മറ്റു യാതൊരു വിധത്തിലും അപ്രീതിപ്പെടുത്താതിരിക്കുന്നതിനും നിങ്ങൾ എനിക്കുവേണ്ടി കമ്മാൻഡർറിനോട് അപേക്ഷിക്കുക.....നമ്മുടെ മിഷൻ സംബന്ധിച്ച ഏറ്റവും പ്രധാനമായ ചില കാര്യങ്ങൾക്കായി ഞാൻ ഈ ഒരു മാസത്തിനകം രാജാവിനെക്കാണാൻ വിചാരിക്കുന്നുവെന്നുള്ളതു് നിങ്ങൾക്കറിയാമല്ലൊ. അതുകൊണ്ടു നമ്മുടെ രാജ്യക്കാരെപ്പറ്റി നവമായ യാതൊരു പരാതിയും അദ്ദേഹത്തിൻെറ അടുക്കൽ എത്താതിരിക്കട്ടെ...
....."

മണപ്പാട്ട്, സെപ്തംബർ 2, 1544.

ഫ്രാൻസിസ്സിൻെറ ക്രിസ്തുധർമ്മപ്രചാരണശ്രമങ്ങൾക്കും ഏതദ്ദേശീയ ക്രിസ്ത്യാനികൾക്കും ബ്രാഹ്മണരെയും, മുഹമ്മദീയരെയും, വടുകരെയുംകാൾ കൂടുതൽ ശത്രുക്കളായിരുന്നിട്ടുള്ളതു് ഇൻഡ്യയിലെ പോർട്ടുഗീസുകാരായിരുന്നുവെന്ന് അദ്ദേഹത്തിനു പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്. മുകളിലുള്ള എഴുത്തിൽ കമാൻഡർറിനെപ്പറ്റിയുള്ള സൂചന ഈ വസ്തുതയെ പ്രകടമാക്കുന്നു. പോർട്ടുഗീസുകാരുടെ അഹിതീയമായ ഉദ്യോഗപ്രസക്തിയും അക്രമവും അഴിമതിയും അദ്ദേഹത്തിനു നൈരാശ്യജനകമായിരുന്നു. സ്രഷ്ടാവിനെയോ സമസൃഷ്ടികളെയൊപ

റി യാതൊരു ചിന്തയുമില്ലാതെ യഥേഷ്ടം സുഖിക്കുകയും പണമുണ്ടാക്കുകയും ചെയ്യുന്നതിനായി മാത്രമായിരുന്ന അവർ ഇൻഡ്യയിൽ വന്നതു്. അങ്ങളുടെ ധനതൃഷ്ണയെയും ഭോഗാസക്തിയെയും സന്തുഷ്ടം ചെയ്യുന്നതിനായി മനുഷ്യോചിതമായ യാതൊരു സ്വാതന്ത്ര്യവും അവകാശവുമില്ലാതെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നവരായിട്ടത്രെ അവർ ഇൻഡ്യാക്കാരെ പരിഗണിച്ചതു്. എഴുത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന കമ്മാൻഡന്റ്, കസ്സോഡിപൈവാ, ഇൻഡ്യയിൽ ധാരാളമായി ഉണ്ടായിരുന്ന വഷളന്മാരായ പോർട്ടുഗീസുദ്യോഗസ്ഥന്മാരിൽ ഏറ്റവും വഷളനായിരുന്നു. ഏതാദൃശന്മാരായ പോർട്ടുഗീസുകാർ ക്രിസ്ത്യാനികൾക്കു വടുകന്മാരെക്കാൾ ഭയങ്കരന്മാരായ ശത്രുക്കളായിരുന്നുവെന്നു പറയുന്നതിൽ അതിശയോക്തിയില്ല. പൈവാ ക്രിസ്ത്യാനികൾക്കു വിരുദ്ധമായി വടുകരുടെ സഖ്യം സമ്പാദിക്കാൻ ശ്രമിച്ചു. പക്ഷേ, അതു പൈവയ്ക്കുതന്നെ അപകടകരമായിത്തീർന്നു. വടുകർ തുത്തുക്കുടിയെ ആക്രമിച്ചപ്പോൾ നാട്ടുക്രിസ്ത്യാനികൾക്കൊപ്പം അയാളും മറ്റു പോർട്ടുഗീസുകാരും കഷ്ടനഷ്ടങ്ങൾ അനുഭവിക്കുകയും ഭയഭ്രാന്തരായി തോണികളിൽ കയറി പുറംകടലിലുള്ള പാറകളിൽ അഭയം പ്രാപിക്കേണ്ടിവരികയുംചെയ്തു. ഫ്രാൻസിസ്സിനോടു് ശത്രുതയോടായിരുന്ന അയാൾ വത്തിച്ചിരുന്നതെങ്കിലും മറ്റു ക്രിസ്ത്യാനികളെയെന്നപോലെ അയാളെയും സഹായിക്കുന്നതിനു് അദ്ദേഹം ഉൽക്കണ്ഠ പ്രദർശിപ്പിക്കുന്നു. ഈ ദുരവസ്ഥയാണു് 1544 സെപ്റ്റംബർ 5-നു- അലന്തേൽ (Alendale) നിന്നു ഫ്രാൻസിസ്സ് മാൻസില്ലാസ്സിനു് അയച്ച രണ്ടു എഴുത്തുകളിലെയും പ്രതിപാദ്യവിഷയം.

രണ്ടു ദിവസം കഴിഞ്ഞു കന്യാകുമാരിയിലെ ക്രിസ്ത്യാനികൾ വീണ്ടും വടുകരുടെ ആക്രമണത്തിനു പാത്രീഭ

വിക്കാൻ പോകുന്നുവെന്നും ക്രിസ്ത്യാനികളെ രക്ഷിക്കുന്നതിന് അദ്ദേഹം സ്വീകരിച്ചിരിക്കുന്ന നടപടികളെപ്പറ്റിയും മാൻസില്ലാസിനു ഫ്രാൻസിസ് തിച്ചനൂർനിന്ന് എഴുതുന്നു:—

"..... അലന്തേലി (Alendale) ലെയും പുതുക്കുറിമിലെയും (Pudicurim) തിച്ചനൂരിലെയും ക്രിസ്ത്യാനികളെ ഞാൻ സന്ദർശിച്ചു. ഞാൻ തിച്ചനൂർനിന്നു വിരന്തപട്ടണം(Virantapatanam)ത്തിലേക്കു പുറപ്പെടാൻ ഭാവിച്ചപ്പോൾ വടുകർ അത്യധികം ക്രുദ്ധരായിരിക്കുന്നുവെന്നും കന്യാകുമാരിയിലും അടുത്തും ഉള്ള ക്രിസ്തീയ ഗ്രാമങ്ങളെ വീണ്ടും ആക്രമിക്കുന്നതിനു ബദ്ധപരികരരായിരിക്കുന്നുവെന്നുമുള്ള സംഭ്രമജനകമായ വാർത്തയറിഞ്ഞു. അവരുടെ നേതാവായ ബീററർ ബീമാലിയുടെ അളിയനെ പോർട്ടുഗീസുകാർ പിടിക്രൂടി തടവിൽ പാപ്പിച്ചിരിക്കുന്നുവെന്നുള്ളതാണ് അവരുടെ ഇപ്പോഴത്തെ ക്ഷോഭത്തിനു കാരണം.....ഈ വാർത്ത അറിഞ്ഞ ഉടൻ ഫാദർ കൊയെല്ലോയെ എന്റെ പ്രതിനിധിയായി ഞാൻ കന്യാകുമാരിയിലേക്കു നിയോഗിച്ചു.....തിരുവിതാംക്കൂർ രാജാവും ഞാനുംതമ്മിലുള്ള മൈത്രി വടുകരുടെ ഇടയിൽ സംഭാഷണവിഷയമാണെന്നു ഞാൻ അറിഞ്ഞിട്ടുണ്ട്. അതുകൊണ്ട് എന്റെ പ്രതിനിധ്യം വഹിക്കുന്ന ഫാദർ കൊയെല്ലോയെ അവർ തീരെ ധിക്കരിക്കുമെന്നു വിചാരിക്കാൻ ന്യായമില്ല: അവരുടെ ആക്രമണത്തെ തടയുന്നതിനും ക്രിസ്ത്യാനികളെ രക്ഷിക്കുന്നതിനും അദ്ദേഹത്തിനു കഴിയുമെന്നു ഞാൻ പ്രത്യാശിക്കുന്നു. തിരുവിതാംക്കൂർ രാജാവിന്റെ അടുത്ത സംബന്ധിയായ ഒരു ഇടപ്രഭു വടുകരുടെ മിത്രമായിട്ടുണ്ടെന്ന് അറിയുന്നു. രാജാവ് എന്നെ ബഹുമാനിക്കുന്നുവെന്ന് അറിയാവുന്ന ഈ പ്രഭുവിനോടു ഞാൻ ശുപാർശചെയ്താൽ അയാളും ക്രി

സ്ത്യാനികളെ ഉപദ്രവിക്കാതിരിക്കുന്നതിനു വടുകരെ പ്രേരിപ്പിക്കാതിരിക്കുകയില്ല.....രാജാവു തന്റെ നാലു സേവകന്മാരെ ഒരു എഴുത്തുംകൊടുത്തു് എന്റെ അടുക്കൽ അയച്ചിരിക്കുന്നുവെന്നതു് ഈ വഴിക്കുള്ള എന്റെ പ്രത്യാശയെ ബലപ്പെടുത്തുന്നു. ആ എഴുത്തിൽ രാജാവു്, അതിപ്രധാനമായ ചില കാര്യങ്ങളെപ്പറ്റി സംസാരിക്കുന്നതിനായി, എന്നെ അങ്ങോട്ടു ക്ഷണിക്കുകയും ക്രിസ്ത്യാനികൾക്കു സകലവിധ സഹായങ്ങളും ചെയ്തുകൊടുക്കാമെന്നു പ്രതിജ്ഞചെയ്യുകയും ചെയ്യുന്നു. തുത്തുക്കുടിയിലെയും മറ്റും പീഡിതരായ ക്രിസ്ത്യാനികൾക്കു തന്റെ രാജ്യത്തു് അഭയം നല്കുന്നതിനും അദ്ദേഹം സന്നദ്ധത പ്രദർശിപ്പിക്കുന്നു. അതുകൊണ്ടു ഞാൻ കഴിയുന്ന വേഗത്തിൽ അദ്ദേഹത്തെ കാണുന്നതിനായി പുറപ്പെടും. തുത്തുക്കുടിയിൽനിന്നും ബംബാറെ (Bembare) യിൽനിന്നും വിദ്രാവിതരായിരിക്കുന്നനിർഭാഗ്യരായ ക്രിസ്ത്യാനികളുടെ രക്ഷയ്ക്കായി എന്തെങ്കിലും ചെയ്യണമെന്നും ഈ മഹാരാജാവിന്റെ സംസ്ഥാനത്തിനുള്ളിൽ അവർക്കു സ്ഥിരമായും നിർബ്ബാധമായും താമസിക്കത്തക്കവണ്ണം സൗകര്യമുണ്ടാക്കണമെന്നുമുള്ളതാണു് എന്റെ പ്രധാനമായ ലക്ഷ്യം....."

തിരുച്ചന്തൂർ, സെപ്തംബർ 7, 1544.

മൂന്നുദിവസം കഴിഞ്ഞു് എഴുതിയ അടുത്ത എഴുത്തിൽ ഈ വിഷയംതന്നെ അദ്ദേഹം തുടരുന്നു:

".....ചൊവ്വാഴ്ച അഞ്ചുനാഴിക വെളുപ്പിനു ഫാദർ ഫ്രാൻസിസ്സു് കൊയെല്ലോയെ മണപ്പാട്ടുനിന്നു് ഏകദേശം ആറുമൈൽ അകലെയുള്ള താലാ (Tala)യിൽ താമസിക്കുന്ന തിരുവിതാംകൂർ രാജാവിന്റെ സംബന്ധിയായ ഇടപ്രഭുവിന്റെ അടുക്കൽ എന്റെ ഒരു് എഴുത്തോടുകൂടി അയച്ചു. എഴുത്തിൽ പുനിക്കലേക്കു

ആഹാരസാധനങ്ങൾ അയക്കുന്ന കാര്യത്തിൽ തടസ്സം ചെയ്യാതിരിക്കുന്നതിനും ക്രിസ്ത്യാനികളെ യാതൊരുവിധത്തിലും വിഷമിപ്പിക്കാതെ അവരോടു ദയാപൂർവ്വം പെരുമാറുന്നതിനും അധികാരികളോടു ചട്ടംകെട്ടണമെന്ന് ഞാൻ പ്രഭുവിനോടു് അപേക്ഷിച്ചിട്ടുണ്ടു്. രാജാവിനെ കാണാൻ പോകുന്നതിനുമുൻപായി ഇവിടത്തെ അസ്വസ്ഥത കഴിയുന്നതു ശമിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഞാൻ മടങ്ങിവരുമ്പോൾ രാജാവിന്റെ അധികാരംതന്നെ ഈ അധികാരികളുടെ അനീതിയെ തടുക്കുന്നതിനും പ്രയോഗിക്കപ്പെടാമെന്നു ഞാൻ പ്രത്യാശിക്കുന്നു.....

മണപ്പാട്ടു്, സെപ്തംബർ 10, 1544.

അടുത്ത എഴുത്തിലും അദ്ദേഹം തിരുവിതാംകൂർ രാജാവിനെക്കാണുന്നതിനെക്കുറിച്ചു പ്രസ്താവിക്കുന്നു:—

.....ഞാൻ രാജാവിനെക്കണ്ടാലുടനെ ക്രിസ്ത്യാനികളോടു് ശരിയായംവണ്ണം പെരുമാറുന്നതിനു് അധികാരികളോടു് ആജ്ഞാപിക്കുന്നതായ ഉത്തരവുകൾ അദ്ദേഹത്തെക്കൊണ്ടു് എഴുതിക്കും. എനിക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കുക; എല്ലാ കുഞ്ഞുങ്ങളോടും അവരുടെ പ്രാർത്ഥനകളിൽ എന്നെ ഓർമ്മിക്കുന്നതിനു പറയുക.....

തൂത്തുക്കുടി, സെപ്തംബർ 20, 1544.

ഇപ്പോൾ ഇടയ്ക്കുതന്നെ ഫ്രാൻസിസ്സു് രാജാവിനെക്കാണുകയും താൻ ആഗ്രഹിച്ച സൌജന്യങ്ങൾ മിക്കവാറും രാജാവിനെക്കൊണ്ടു് അനുവദിപ്പിക്കുകയും ചെയ്തു. പള്ളികൾ പണിയുന്നതിനായി നല്ലൊരു സംഖ്യ, ഈ സന്ദർഭത്തിൽ, രാജാവു് അദ്ദേഹത്തിനു സംഭാവനചെയ്തുവെന്നു് അടുത്തവർഷം അദ്ദേഹം മാൻസില്ലാസ്സിനു് എഴുതിയ ഒരു എഴുത്തിൽ പറഞ്ഞിരിക്കുന്നു. തിരുവിതാംകൂറിൽ അദ്ദേ

ഹത്തിന്റെ ആസ്ഥാനം കോട്ടാറായിരുന്നു. അവിടെ അ
ദ്ദേഹം താമസിച്ചിരുന്ന ചെറിയ വീട്ടിന്റെ സ്ഥാനത്താ
ണ് ഇപ്പോൾ കോട്ടാറിലെ പ്രസിദ്ധമായ ദേവാലയം
സ്ഥിതിചെയ്യുന്നതു്. രാജാവു് അദ്ദേഹത്തോടു പ്രദർശിപ്പി
ച്ച സൌഹാർദ്ദവും അദ്ദേഹത്തിനു നല്കിയ ഉദാരമായ
സഹായങ്ങളും അദ്ദേഹത്തിന്റെ വിജയകരമായ ക്രിസ്തു
മതപ്രചാരണവും അദ്ദേഹത്തെ ബ്രാഹ്മണരുടെ അസൂയ
യ്ക്കും വിദ്വേഷത്തിനും പാത്രീഭവിപ്പിച്ചു. അദ്ദേഹത്തിനു
ജീവാപായംപോലും നേരിട്ടുമെന്നു ഭയപ്പെടത്തക്കവണ്ണം
അവരുടെ കിങ്കരന്മാർ പലപ്പോഴും അദ്ദേഹത്തെ ഉപദ്ര
വിച്ചിട്ടുണ്ടു്. ഒരിക്കൽ അവരുടെ ആസൂത്രപ്രയോഗത്തിനു്
അദ്ദേഹം ലക്ഷ്യമാകുകയും അതിനാൽ പരിക്ഷതനാകു
കയും ചെയ്തു. ഒരിക്കൽ അവരിൽനിന്നു രക്ഷപ്പെടുന്നതി
നായി അദ്ദേഹം ഒരു മരത്തിന്റെ മുകളിൽ കയറി അ
തിന്റെ ശാഖകളുടെ ഇടയിൽ ഒളിച്ചിരിക്കേണ്ടിവന്നു.
പിന്നീടൊരിക്കൽ അദ്ദേഹം രാത്രി കിടന്നുറങ്ങിയ ചെ
റിയ കുടിലിനു് അവർ തീവയ്ക്കുകയും അദ്ദേഹം അത്ഭുത
കരമായി ആ ആപത്തിൽനിന്നു രക്ഷപ്പെടുകയും ചെയ്തു.
കുടിലിനു തീപിടിച്ചപ്പോൾ ഉണർന്നു മുട്ടിന്മേൽ പ്രണി
ധാനനിമഗ്നനായി നിന്ന ആ യതീശ്വരനെ അഗ്നിജ്വാല
കൾ സംവരണംചെയ്യുകിലും സ്പൃശിച്ചില്ല. ഈ സ്ഥാ
നത്തു് ഒരു കപ്പേള സ്ഥാപിച്ചിട്ടുണ്ടു്.

തിരുവിതാംകൂറിൽ ക്രിസ്തുമതപ്രചാരണം ചെയ്യു
ന്നതിനും അടിക്കടിയുണ്ടായിക്കൊണ്ടിരുന്ന വടകരുടെ
ഉപദ്രവങ്ങളിൽനിന്നു ക്രിസ്ത്യാനികളെ സംരക്ഷിക്കുന്ന
തിനും ഫ്രാൻസിസ്സ് ബദ്ധശ്രദ്ധനായിരുന്ന ഘട്ടത്തിൽ
മാന്നാറിൽനിന്നു ക്രിസ്തുമതത്തിൽ ചേരാൻ ആഗ്രഹിക്കു
ന്നവരുടെ ക്ഷണംവന്നതും അതനുസരിച്ചു് ഒരു വൈദിക
നെ അവിടത്തേക്കു് അയച്ചതും മുൻപു പ്രസ്താവിച്ചിട്ടു

ണ്ടല്ലോ. ആ മിഷനറിയുടെ പ്രവർത്തനം നിഷ്പ്രയാസം വിജയപ്രദമാവുകയും മാന്നാറിൽ ഒട്ടുവളരെ ആളുകൾ ജ്ഞാനസ്നാപനംചെയ്യപ്പെടുകയുംചെയ്തു. ഈ സുവാർത്ത അറിഞ്ഞു് അധികം കഴിയുന്നതിനുമുൻപായി ഏറ്റവും പരിതാപകരമായ ഒരു സംഭവത്തെപ്പറ്റിയുള്ള റിപ്പോർട്ടും ഫ്രാൻസിസ്സിനു കിട്ടി. മാന്നാർദ്വീപു ജാഫ്നാരാജാവിന്റെ അധികാരസീമയിൽപ്പെട്ടതായിരുന്നു. ക്രിസ്തുമതവിരോധിയായിരുന്ന ഈ രാജാവിനു തന്റെ പ്രജകളായ മാന്നാറിലെ ജനങ്ങൾ ക്രിസ്ത്യാനികളായതു് ഒട്ടും ഇഷ്ടമായില്ല. അവരുടെ മതപരിവർത്തനം മൂലം പോർട്ടുഗീസുകാരുടെ പ്രാബല്യം വർദ്ധിക്കുമെന്നും മാന്നാർദ്വീപു മുഴുവനുംതന്നെ അവർ കൈവശപ്പെടുത്തിക്കളയുമെന്നും അയാൾ ഭയപ്പെട്ടു. തന്റെ ജ്യേഷ്ഠസഹോദരനെ സ്ഥാനഭ്രഷ്ടനാക്കിയിട്ടു ക്രമരഹിതമായി രാജാവായിത്തീർന്നിരുന്ന ആ ബലപ്രഭു പ്രജകൾക്കു തന്നോടുള്ള ഭക്തിയെപ്പറ്റി എപ്പോഴും സംശയാലുവുമായിരുന്നു. അയാൾ മാന്നാറിലേക്കു് ഒരു പട്ടാളത്തെ അയക്കുകയും ക്രിസ്ത്യാനികളായവരെ ഉടൻ ക്രിസ്തുമതം ഉപേക്ഷിക്കുന്നതിനു് ആജ്ഞാപിക്കുകയും ചെയ്തു. അവർ വിശ്വാസസ്ഥൈര്യം പ്രദർശിപ്പിക്കുകയാൽ ഭടന്മാർ ഒരു കൂട്ടക്കൊലതന്നെ നടത്തി. പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉൾപ്പെട്ട അനവധി ക്രിസ്ത്യാനികൾ നിഷ്ഠുരമായി വധിക്കപ്പെട്ടു. ഇതേസമയംതന്നെ ഫ്രാൻസിസ്സിന്റെ ശ്രദ്ധയെ സവിശേഷം ആകർഷിച്ചതായ വേറൊരു സംഭവവും സിലോണിലുണ്ടായി. ഈ ദ്വീപിൽ ഫ്രാൻസിസ്കൻ മിഷനറിമാർ വളരെമുൻപേതന്നെ ക്രിസ്തുമതപ്രചാരണം ആരംഭിച്ചുകഴിഞ്ഞിരുന്നു. കണ്ടിയിലെ രാജാവിന്റെ സീമന്തപുത്രൻ ക്രൈസ്തവധർമ്മോപദേശങ്ങളുടെ മാഹാത്മ്യത്താൽ ആകൃഷ്ടനായി ജ്ഞാനസ്നാനംചെയ്യുന്നതിനു സന്നദ്ധ

നായി. ആ വിവരം അറിഞ്ഞു കോപസംഭ്രാന്തനായ രാ
ജാവിന്റെ ആജ്ഞയനുസരിച്ചു രാജകുമാരൻ വധിക്ക
പ്പെട്ടു. ഇതിനെത്തുടർന്നു തന്റെ പ്രജകളിൽ ക്രിസ്ത്യാ
നികളായവരെയെല്ലാം വധിക്കുന്നതിനു രാജാവു് ഉത്തര
വിട്ടു. അവർ രാജശിക്ഷയിൽനിന്നു രക്ഷപ്പെടുന്നതിനാ
യി നാനാദിക്കുകളിലേക്കും പലായനംചെയ്തു. ഈ കാന്ദി
ശികളുടെ ക്രൂരത്തിൽ വധിക്കപ്പെട്ട രാജകുമാരന്റെ സ
ഹോദരനും കൊച്ചമ്മയുടെ മകനും ഉൾപ്പെട്ടിരുന്നു. അ
വർ പോർട്ടുഗീസുഗവമ്മെൻറിന്റെ സഹായം അപേ
ക്ഷിക്കുന്നതിനായി ഗോവായിൽ പോകുന്ന വഴിക്കു തിരു
വിതാംകൂറിൽ വന്ന ഫ്രാൻസിസ്സു് സേവിയറിനെക്കണ്ടു.
ജാഫ്നാരാജാവിന്റെ സ്ഥാനഭ്രഷ്ടനായ സഹോദരനും
ഈ സമയത്തു പോർട്ടുഗീസുകാരുടെ സഹായത്തിനായി
ഗോവായിൽ എത്തിയിരുന്നു. ഈ അഭയാർത്ഥികളെ സ
ഹായിക്കുന്നതിനു് ഉത്സുകനായി അവരുടെ കാര്യത്തെ
പ്പറ്റി ഗവണ്മെന്റെക്കണ്ടു് ആലോചിക്കാൻ ഗോവാവ
രെ ഒരു യാത്രചെയ്യുന്നതിനു ഫ്രാൻസിസ്സു് നിശ്ചയിച്ചു.
ഈ സ്ഥിതിഗതികൾ അദ്ദേഹത്തിന്റെ എഴുത്തുകളിൽ
വിവരിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞതും അടുത്തതുമായ എ
ഴുത്തുകളുടെ തീയതികൾതമ്മിൽ ഒന്നരമാസത്തിന്റെ ഇ
ടകാണുന്നു. ഈ അന്തരാളകാലത്തു് അദ്ദേഹം തിരുവി
താംകൂറിൽ ധർമ്മപ്രചാരണം തുടരുകയായിരുന്നിരിക്കാം.
പക്ഷെ, അദ്ദേഹം മാൻസില്ലാസ്സിനോടുകൂടി സിലോണി
ലേക്കു പോയിരുന്നിരിക്കാം. അദ്ദേഹം സിലോൺ സന്ദ
ർശിച്ചിട്ടുണ്ടെന്നു് അദ്ദേഹംതന്നെ ഒരു് എഴുത്തിൽ പ്രസ്താ
വിച്ചിട്ടുണ്ടു്. അടുത്തു മണപ്പാട്ടുനിന്നു് അദ്ദേഹം മാൻ
സില്ലാസ്സിനു് എഴുതിയ എഴുത്തിൽനിന്നു് ഒരു ഭാഗം ഉ
ദ്ധരിച്ചുകൊള്ളുന്നു:-

"ഞാൻ മണപ്പാട്ടു വന്നശേഷം അലെക്സി

സ്സ് ഡിസോസാ*യെ കാണുന്നതിനു പുറപ്പെടാൻ ഭാവിച്ചപ്പോൾ ഒരു പോർട്ടുഗീസുകാരന്റെ എഴുത്തുംകൊണ്ടു രണ്ടു നായന്മാർ എന്നെ അന്വേഷിച്ചുവന്നു. ആ എഴുത്തിലെ മുഖ്യം ഞാൻ തിരുവിതാംകൂർ രാജാവിനെ വീണ്ടും കാണേണ്ട അവശ്യമുണ്ടെന്നാണ്. അലെക്സിസ്സ് ഡിസോസാ കൊല്ലത്തേക്കു പോയിരിക്കുന്നു.....ഞാൻ കന്യാകുമാരിയിൽനിന്നു കരവഴിക്കു വടക്കോട്ടു പോകാൻ വിചാരിക്കുന്നു. പോകുന്ന വഴിക്കുള്ള ക്രൈസ്തവഗ്രാമങ്ങളെയെല്ലാം സന്ദർശിക്കും....കരവഴിയുള്ള യാത്ര ഏറ്റവും ആപൽക്കരമാണെന്നു പറയപ്പെടുന്നു; പക്ഷെ, ഞാൻ ഒട്ടും ഭയപ്പെടുന്നില്ല. ഈശ്വരസഹായത്തിനായി നിങ്ങളുടെയും കുഞ്ഞുങ്ങളുടെയും പ്രാർത്ഥനകളെ ഞാൻ ശരണീകരിക്കുന്നു....."

മണപ്പാട്ട്, നവംബർ 10, 1544.

ഫ്രാൻസിസ്സ് ഡിസംബർ മദ്ധ്യത്തിൽ കൊച്ചിയിലെത്തി. യാത്രയ്ക്കിടയ്ക്കും ധർമ്മപ്രചാരണം നിർവ്വഹിച്ചു് അദ്ദേഹം വഴിയിൽ പല സ്ഥലങ്ങളിലും താമസിച്ചിരുന്നു. കൊച്ചിയിൽ വച്ചു് അദ്ദേഹം വൈക്കർ ജനറൽ മിഗുവെൽവാസിനെക്കണ്ടു. പോർട്ടുഗീസ്സ് ഉദ്യോഗസ്ഥന്മാരുടെ അഴിമതികളും അക്രമങ്ങളുംമൂലം ക്രിസ്തുമതപ്രചാരണത്തിനു നേരിട്ടിരുന്ന പ്രതിബന്ധങ്ങളെ നീക്കുന്നതിനു വൈക്കർ ജനറൽ തന്നെ പോർട്ടുഗലിൽ പോയി രാജാവിനെക്കണ്ടു വേണ്ട പരിഹാരമാർഗ്ഗങ്ങൾ ഉണ്ടാക്കണമെന്നുള്ള ഫ്രാൻസിസ്സിന്റെ അഭിപ്രായത്തോടു് അദ്ദേഹം പൂർണ്ണമായി യോജിക്കുകയും അതിനു സന്നദ്ധനാകുകയും

* ഗവർണർ മാർട്ടിൻ ഡിസോസായുടെ സഹോദരൻ. ഗവർണരുടെ ഏതോ ദൌത്യം വഹിച്ചുകൊണ്ടു് ഇയ്യാൾ ഈ സന്ദർഭത്തിനു തിരുവിതാംകൂറിൽ വന്നിരുന്നു.

ചെയ്തു. ഇഗ്നേഷ്യസ്സിന്റെയും മറ്റും എഴുത്തുകൾ ഫ്രാൻസിസ്സിന് ഈ സന്ദർഭത്തിൽ കിട്ടി. അവയിൽ അദ്ദേഹത്തിനു സന്തോഷപ്രദങ്ങളായ പല വാർത്തകളുമുണ്ടായിരുന്നു. ജസ്യൂട്ട് സംഘത്തിന്റെ അംഗങ്ങളുടെ എണ്ണം അറുപതിൽ കൂടാൻ പാടില്ലെന്നുണ്ടായിരുന്ന നിയമം മാപ്പാപ്പാ റദ്ദുചെയ്തു. പ്രസിദ്ധന്മാരും പണ്ഡിതന്മാരുമായ ഒട്ടുവളരെ യുവാക്കന്മാർ സംഘാംഗങ്ങളായിച്ചേർന്നു; വിദേശങ്ങളിലേക്കുള്ള മിഷനറിമാരെ അഭ്യസിപ്പിക്കുന്നതിന് സംഘം വകയായി ഒരു കോളേജ് പോർട്ടുഗലിൽ കോയിംബ്രായിൽ രാജാവിന്റെ ചിലവിൽ സ്ഥാപിക്കപ്പെട്ടു. അതിൽ അപ്പോൾ അറുപതു വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടായിരുന്നു.

കൊച്ചിയിൽ വന്നുചേർന്ന ഉടൻ സേവ്യർ മാൻസില്ലാസ്സിന് ഒരു് എഴുത്തെഴുതി. അതിൽ മാൻസില്ലാസ്സ് വൈദികനായി അഭിഷേകം ചെയ്യപ്പെടാൻ പോകുന്നുവെന്നും തിരുവിതാംകൂർ മിഷന്റെ ചാർജ്ജ് അയാൾ വഹിക്കണമെന്നും താൻ അപ്പോൾ കാമ്പേയിലായിരുന്ന ഗവർണ്ണരെക്കാണുന്നതിനായി ഉടൻ അവിടത്തേക്കു പുറപ്പെടാനിരിക്കുകയാണെന്നും അദ്ദേഹം പ്രസ്താവിച്ചു. അതിൽനിന്നു ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു:—

"മിനയാന്നു, ഡിസംബർ 16-നു-, ഞാൻ കൊച്ചിയിൽ വന്നുചേർന്നു. ഇവിടെ എത്തുന്നതിനുമുൻപു തിരുവിതാംകൂറിലെ മുക്കുവരിൽ എനിക്കു സാധിക്കുന്നിടത്തോളം ആളുകളെ ഞാൻ ജ്ഞാനസ്നാപനംചെയ്തു. ഉടൻ തിരിച്ചുപോയി ബാക്കിയുള്ളവരെയും ജ്ഞാനസ്നാപനം ചെയ്യുന്നതിനു ഞാൻ ഉദ്യമിക്കുമായിരുന്നു. പക്ഷെ, ജാപ്പാക്കായ്യും സംബന്ധിച്ചു ഗവർണ്ണരെക്കാണാൻ പോകുന്നതിനു ഞാൻ നിർബന്ധനായിരിക്കുന്നു. രണ്ടുമൂന്നു ദിവസങ്ങൾക്കുള്ളിൽ വളരെ വേഗമുള്ള ഒരു കപ്പലിൽ ഞാൻ

കാമ്പേയിലേക്കു പുറപ്പെടുന്നതായിരിക്കും ..... വൈക്കർജനറൽ അടുത്ത കപ്പലിൽ പോർട്ടുഗലിലേക്കു യാത്രതിരിക്കും ..... എനിക്കു പോർട്ടുഗലിൽനിന്നു ഏതാനും എഴുത്തുകൾ കിട്ടി. അവയിൽ ഒന്നനുസരിച്ചു നിങ്ങൾക്കു വൈദികപട്ടം സ്വീകരിക്കുന്നതിന് അനുവാദം ലഭിച്ചിരിക്കുന്നു.....ഒരു മാസത്തിനുള്ളിൽ എനിക്കു മടങ്ങിവന്നു നിങ്ങളെ കാണാൻ സാധിക്കുമെന്നു വിചാരിക്കുന്നു. അപ്പോൾ നിങ്ങളെ എഴുത്തുകളെല്ലാം കാണിക്കാം.....ഈ എഴുത്തു കിട്ടിയാലുടനെ നിങ്ങൾ തിരുവിതാംകൂറിൽ ഞാൻ ജ്ഞാനസ്നാപനംചെയ്ത ക്രിസ്ത്യാനികളുടെ അടുക്കലേക്കു പോകണം.....അവിടെ ഓരോ ഗ്രാമത്തിലും ഓരോ സ്കൂൾ സ്ഥാപിക്കണം. അവരുടെ സകല ഗ്രാമങ്ങളെയും നിങ്ങൾ സന്ദർശിക്കണം .....മണപ്പാട്ടുനിന്നും കടിയപട്ടണത്തിലേക്കു വള്ളം കയറുക.....വഴിയിൽ മോഞ്ചൂർ(മണക്കുടി)(Monchur) —(കന്യാകുമാരിയിൽനിന്നു മൂന്നു മൈലിൽ കൂടുതൽ ദൂരം വരാത്ത ഒരു മുക്കുവഗ്രാമം)ൽ ഇറങ്ങുക. അവിടെ ജ്ഞാനസ്നാപനത്തിനു തയാറായി ഒട്ടുവളരെ ആളുകളുണ്ട്. അവരെയെല്ലാം ജ്ഞാനസ്നാപനംചെയ്യുക.....അധികം താമസിയാതെ ഒരു മലബാർ ക്രിസ്ത്യാനിയായ അന്തോണിയോഫർണാൻഡസ് നിങ്ങളെ അനുഗമിക്കും. അയാൾ വളരെ വിശ്വസ്തനും ഭക്തനുമാണ്. അയാളെ നിങ്ങളുടെ മാർഗ്ദർശിയായി എല്ലായിടത്തും കൂടെക്കൊണ്ടുപോവുക.....നിങ്ങളുടെ ഇപ്പോഴത്തെ ജോലി ഫാദർ ജോ ഡി ലിസാനായെ ഏല്പിക്കുക....."

കൊച്ചി, ഡിസംബർ 18, 1544.

ഡിസംബർ 20-ന- ഫ്രാൻസിസ് കാമ്പേ (ബസീൻ) യിലേക്കു പുറപ്പെട്ടു. മൂന്നാം ദിവസം കപ്പൽ ഗോവായിൽ എത്തി. അദ്ദേഹം അവിടെ ഇറങ്ങി മെത്രാ

നെയും സ്നേഹിതന്മാരെയും കണ്ടുവെങ്കിലും ഒട്ടും താമസിയാതെ യാത്ര തുടർന്നു ബസീനിലെത്തി. മന്നാറിലെയും കണ്ടിയിലെയും ക്രിസ്ത്യാനികളുടെ ദുരവസ്ഥയെപ്പറ്റി കേട്ട് വൈസ്രോയി ഡോൺ മാർട്ടിൻ അതിനു ഹേതുഭൂതരായ രാജാക്കന്മാരോട് ക്രുദ്ധനായി അവരെ ശിക്ഷിക്കുന്നതിനും അവരുടെ രാജ്യങ്ങൾ കീഴടക്കി അവിടെ ക്രിസ്തുമതപ്രചാരണത്തിനുള്ള പ്രതിബന്ധങ്ങൾ നീക്കുന്നതിനുമായി ഒരു നാവിക സംഘം ഉടൻ പുറപ്പെടുന്നതിന് ഉത്തരവിട്ടു. നാവികസേനാനിയും ഭടന്മാരും അതിരുകവിഞ്ഞു യാതൊന്നും പ്രവർത്തിച്ചുകളയാതെ അവരെ നിയന്ത്രിക്കുന്നതിനും പീഡിതരായ ക്രിസ്ത്യാനികളെ സമാശ്വസിപ്പിക്കുന്നതിനുമായി ഫ്രാൻസിസ് ഈ നാവിക സംഘത്തെ അനുഗമിക്കുന്നതിനു നിശ്ചയിച്ചു.

ധർമ്മസംസ്ഥാപനപരമായ തന്റെ ഉദ്ദേശ്യങ്ങളുടെ നിർവ്വഹണത്തെപ്പറ്റി പ്രത്യാശാഭരിതനായി ഫ്രാൻസിസ് കൊച്ചിയിലേക്കു മടങ്ങി. ഈ പ്രയാണത്തിൽ ഒരു സംഭവവിശേഷമുണ്ടായി. കരയിലായാലും കപ്പലിലായാലും അദ്ദേഹം മനുഷ്യരെ നന്നാക്കുക എന്നതന്റെ ധർമ്മകൃത്യത്തിൽ എപ്പോഴും നിരതനായിരുന്നുവല്ലോ. ഉർമ്മാസ്റ്റ് ചാരിയായ ഒരു ഭടൻ അദ്ദേഹം യാത്രചെയ്ത കപ്പലിലുണ്ടായിരുന്നു. കപ്പലിൽവച്ചു ചൂതുകളിച്ച് അവന്റെ പണമെല്ലാം നഷ്ടപ്പെട്ടു. അസഭ്യ ഭാഷാവിദഗ്ദ്ധനായ അവന്റെ സംഭാഷണത്തിൽ ദൈവദൂഷണവും അശ്ലീലതയും പൂർവാധികം വർദ്ധിക്കുകയും അവൻ സർവ്വത്രവഴക്കും ശണ്ഠയും ഉണ്ടാക്കുകയുംചെയ്തു. ഫ്രാൻസിസ് അവനോടു് അടുത്തു് ഇണങ്ങി, അവനു വീണ്ടും ചൂതുകളിക്കുന്നതിനു കുറെ പണം കൊടുത്തു് അവനെ ശാന്തനാക്കി. പിന്നീടുണ്ടായ ചൂതുകളിയിൽ അവനു സംപൂർണ്ണവിജയം സിദ്ധിക്കുകയും നഷ്ടപ്പെട്ട പണം മുഴുവനും വീ

ണ്ടെടുക്കയുംചെയ്തു. അപ്പോൾമുതൽ അയാൾ ഫ്രാൻസിസ്സിന്റെ സ്നേഹിതനായിത്തീർന്നു. കപ്പൽ കണ്ണൂർ അടുത്തപ്പോൾ വളരെക്കാലമായി കമ്പസാരിക്കാതിരുന്ന അയാൾ അദ്ദേഹത്തെ ഒരു പള്ളിയിലേക്ക് അനുഗമിക്കുകയും പശ്ചാത്താപപൂർവ്വം കമ്പസാരിക്കുകയും ചെയ്തു. അദ്ദേഹം പാപപരിഹാരമായി ഏറെറവും ലഘുവായൊരു പ്രായശ്ചിത്തമേ കല്പിച്ചുള്ളുവെന്നതിൽ അയാൾ അത്ഭുതപ്പെട്ടു. പ്രാർത്ഥനകഴിഞ്ഞു് അയാൾ പള്ളിയിൽനിന്നു പുറത്തിറങ്ങിയപ്പോൾ ഫ്രാൻസസ്സിനെ അവിടെയെങ്ങും കണ്ടില്ല. കുറെനേരം അന്വേഷിച്ചു നടന്നപ്പോൾ അടുത്തുള്ള ഒരു തെങ്ങിൻതോപ്പിൽ അദ്ദേഹം തന്നത്താൻ കശാപ്രഹരം ചെയ്യുന്നതായി അയാൾ കണ്ടു; തന്നോടു കമ്പസാരിച്ച അയാളുടെ പാപങ്ങൾക്കു പരിഹാരമായി അയാൾക്കുവേണ്ടി ഈവിധം അദ്ദേഹം ആത്മദണ്ഡനം ചെയ്യുകയായിരുന്നു. ഈ കാഴ്ച അയാളുടെ ഹൃദയത്തെ സ്പർശിച്ചു; സുദീർഘമായ ഒരു പ്രസംഗപരമ്പരയെക്കാളധികം അതു ധർമ്മോപദേശക്ഷമമായിരുന്നു. അയാൾ ഫ്രാൻസിസ്സിന്റെ കൈയിൽനിന്നു ചമ്മട്ടി പിടിച്ചുപറിച്ചു് രക്തം വരുന്നതുവരെ തന്നെത്താൻ അതുകൊണ്ടു് അടിച്ചു. അപ്പോൾമുതൽ അയാളുടെ ഹൃദയപരിവർത്തനം സംപൂർണ്ണമാവുകയും അയാൾ മാതൃകായോഗ്യനായ ഒരു ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു. ഫ്രാൻസിസ്സിന്റെ ഈ പരാർത്ഥമായ സഹായം കൃതകശാഭിഘാതത്തെപ്പറ്റിയുള്ള പരമ്പരാഗതമായ സ്മരണ ഇന്നും കണ്ണൂർ നിവാസികളുടെ ഇടയിൽ സജീവമായി നിലനിൽക്കുന്നു. അതിന്റെ സ്മാരകമായി ഒരു കപ്പേള അവിടെ സ്ഥാപിക്കപ്പെട്ടു; എന്നാൽ തീവണ്ടിപ്പാതയുടെ ആവശ്യത്തിനായി പിൽക്കാലത്തു് അതു നശിപ്പിക്കപ്പെട്ടു.

ഫ്രാൻസിസ് കൊച്ചിയിൽവച്ചു മാലാക്കായിൽനിന്നു വന്ന ആൻറണി പൈവാ എന്നൊരു പോർട്ടുഗീസ് വണിഗപ്രനെക്കണ്ടു. അയാളിൽനിന്നു മൊളൂക്കാസു തുടങ്ങിയ മലയേഷ്യൻ ദ്വീപസമൂഹങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുള്ള സൌകര്യങ്ങളെപ്പററി അദ്ദേഹം ഗ്രഹിച്ചു. ഈ അറിവായിരുന്നു ഒടുവിൽ അദ്ദേത്തെ ആ വിദൂരസ്ഥങ്ങളായ ദേശങ്ങളിലേക്കു് ആകഷ്ടിച്ചതു്.

അദ്ദേഹം കൊച്ചിയിൽ മടങ്ങിയെത്തിയതു 1545 ജനുവരി മദ്ധ്യത്തിലായിരുന്നു. അപ്പോഠം യൂറോപ്പിലേക്കുമെയിൽ പോകുന്ന ഗഡുവായിരുന്നതുകൊണ്ടു് അദ്ദേഹം പോർട്ടുഗൽരാജാവിനും, ഇഗ്നേഷ്യസ്സിനും,സൈമൻറൊഡ്രിഗ്സിനും മറും എഴുത്തുകഠം എഴുതി. അവയിൽ നിന്നു ചിലഭാഗങ്ങഠം ഇവിടെ ഉദ്ധരിക്കുന്നു:—

പോർട്ടുഗൽ രാജാവായ ജോൺ തൃതീയനു്.

".....ഏററവും ശുദ്ധമായ ഉദ്ദേശ്യത്തോടും ആത്മാർത്ഥതയോടുംകൂടിയാണു ഞാൻ താഴെക്കാണുന്നവിധം എഴുതിക്കൊള്ളുന്നതു്; തിരുമനസ്സുകൊണ്ടു് അതിനെ ദയയോടും ഔദാര്യത്തോടും സൌമനസ്യത്തോടുംകൂടി സ്വീകരിക്കണമെന്നു് ഈശ്വരനാമത്തിൽ ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഇവിടെയുള്ള തിരുമനസ്സിലെ ഉദ്യോഗസ്ഥന്മാർക്കു ധർമ്മപരമായ കാര്യങ്ങളെ സംബന്ധിച്ചു് അങ്ങു ശുപാർശക്കത്തുകഠം അയച്ചാൽ പോരെന്നും അവയെഅനുസരിച്ചു സ്വകൃത്യം നിർവ്വഹിക്കുന്നതിൽ അമാന്തിക്കുന്നവരെ അങ്ങയുടെ അധികാരം ഉപയോഗിച്ചു മാതൃകായോഗ്യമായി ശിക്ഷിക്കണമെന്നും ഞാൻ അങ്ങയോടു് അഭ്യർത്ഥിക്കുന്നതു ഈശ്വരമഹത്വത്തിനും അങ്ങയുടെ മനസ്സാക്ഷിയെ കൃത്യവിലോപഭാരത്തിൽനിന്നു വിമോചിപ്പിക്കുന്നതിനുമായിട്ടാണു്. ദൈവത്തിൻെറ ന്യായാസനത്തിൻെറ മുൻപാകെ ഹാജരാകുന്ന

തിന് അങ്ങ് ആജ്ഞാപിക്കപ്പെട്ടപ്പോൾ—ആ ആജ്ഞ അപ്രതീക്ഷിതമായ സമയത്തു പുറപ്പെട്ടതും ഉന്നിവാരവുമായിരിക്കും—ആ പരമവിധികർത്താവിൽനിന്നു പുറപ്പെട്ട ഈ കോപജ്വലമായ വാക്കുകൾക്കു അങ്ങു സമാധാനം പറയേണ്ടിവരുമെന്നു ഞാൻ ഭയപ്പെടുന്നു: 'നിന്റെ അധികാരത്തിനു വിധേയരും പ്രജകളുമായിരുന്നവർ ഇൻഡ്യയിൽ എന്നോടു ശത്രുതയോടു വർത്തിച്ചപ്പോൾ എന്തുകൊണ്ടു നീ അവരെ ശിക്ഷിച്ചില്ല? റെവന്യൂക്കാര്യങ്ങളിലും നിന്റെ ഖജനാവിൽ അടയ്ക്കേണ്ട പണം സംബന്ധിച്ചും അവർ അശ്രദ്ധ കാണിച്ചിരുന്നുവെങ്കിൽ നീ അവരെ കഠിനമായി ശിക്ഷിക്കാതെ വിട്ടുമായിരുന്നില്ലല്ലോ.' 'അവിടത്തെ ധർമ്മസേവനംപ്രമാണിച്ചു ഞാൻ ആണ്ടുതോറും അവർക്കു ശുപാർശക്കത്തുകൾ അയക്കുന്നുണ്ടായിരുന്നു'എന്നു് അപ്പോൾ അങ്ങു പറഞ്ഞേക്കാവുന്ന സമാധാനം എത്രത്തോളം സ്വീകാര്യമായിരിക്കുമെന്നു് എനിക്കു അറിഞ്ഞുകൂടാ. അതിന് ഉടനടി അങ്ങേക്കു ലഭിക്കുന്ന മറുപടി ഇതായിരിക്കും: 'ആ ഗൗരവമേറിയ ശുപാർശകളെ തൃണവൽഗണിച്ചവരെ നീ ശിക്ഷിക്കാതെ വിട്ടു; അതേസമയം നിന്റെ രാഷ്ട്രീയ താൽപര്യങ്ങളെ അവഗണിച്ചവരെ നീ യഥായോഗ്യം ശിക്ഷിച്ചുവല്ലോ.

".....ജാഫ്നായിലും കൊല്ലത്തെ സമുദ്രതീരത്തും ഒരുലക്ഷത്തിൽപരം ആളുകൾ, ഇയ്യാണ്ടു് അവസാനിക്കുന്നതിനുമുമ്പായി, ക്രിസ്തുമതം സ്വീകരിക്കും. .....ഇവിടെയും മലാക്കായിലും സമീപപ്രദേശങ്ങളിലും ധർമ്മം പ്രചരിപ്പിക്കുന്നതിനായി ഞങ്ങളുടെ സംഘത്തിൽപ്പെട്ട മിഷനറിമാരെ ധാരാളമായി അയച്ചുതരിക .....ഫ്രാൻസിസും മാൻസില്ലാസും ഞാനും ഇപ്പോൾ കന്യാകുമാരിയിൽ താമസിക്കുന്നു.....ഇപ്പോൾ എ

ന്നോട്ടക്കുടി ഏതദ്ദേശീയരായ മൂന്നു വൈദികരുണ്ട്. ഫാദർ വിൻസെന്റ് സ്ഥാപിച്ചു നടത്തിവരുന്ന കൊട്ടങ്ങലൂരെ വൈദികവിദ്യാലയം വളരെ അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. തിരുമനസ്സിലെ സഹായം അതിനു തുടർന്നു സിദ്ധിക്കുന്നുവെങ്കിൽ അതു ശീഘ്രതരം പുരോഗമനം ചെയ്യും. ഈ സ്ഥാപനത്തിൽനിന്നു ഫാദർ വിൻസെന്റിന്റെ ശിഷ്യന്മാരായ ക്രൈസ്തവധർമ്മദൂതന്മാർ ഇപ്പോഴും ദുർമ്മാർഗ്ഗത്തിലും പാഷണ്ഡതയിലും നിമഗ്നമായിരിക്കുന്ന മലബാർ ഒട്ടുക്കു ക്രിസ്തുവാകുന്ന ദിവാകരന്റെ പ്രകാശധോരണിയെ പ്രസരിപ്പിക്കുന്നതിനായി അചിരേണ പുറപ്പെട്ടുമെന്നു പ്രത്യാശിക്കാവുന്നതാണ്.....ഞാൻ ഈ പൗരസ്ത്യദേശങ്ങളിൽവച്ചു മരിക്കുമെന്നും അങ്ങയെ ഇഹലോകത്തുവച്ച് ഇനി കാണാൻ ഇടയാകുകയില്ലെന്നും വിചാരിക്കുകയാൽ,ശാന്തിപ്രദമായ പരലോകത്തുവച്ചു നാംതമ്മിൽ കാണാൻ ഇടയാകുമാറ് അങ്ങയുടെ പ്രാർത്ഥനകൊണ്ട് എന്നെ സഹായിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.
....."

കൊച്ചി, ജനുവരി 20, 1545.

റോമയിൽ ജസ്യൂട്ട് സംഘത്തിന്റെ അധിപനായ
റവ. ഫാദർ ഇഗ്നേഷ്യസ് ലയോളായ്ക്ക്.

"...യൂറോപ്പിൽ, കുമ്പസാരിപ്പിക്കുന്നതിനോ പ്രസംഗിക്കുന്നതിനോ സംഘം സംബന്ധിച്ചുള്ള മറ്റു കൃത്യങ്ങൾ നിർവഹിക്കുന്നതിനോ യോഗ്യതയില്ലാത്തവർ, അവക്കു ഭക്തിയും വിനയവും ശരീരശക്തിയും ഉണ്ടെങ്കിൽ, ഇവിടത്തേക്കു വളരെ യോജിച്ചവരായിരിക്കും. എന്തുകൊണ്ടെന്നാൽ, ഇവിടെ അജ്ഞാനികളുടെ ഇടയിൽ വലുതായ വിദ്വത്തം ആവശ്യമില്ല. വരുന്നവർ വെറും വിദ്യാവിഹീനരായിരിക്കരുതെന്നേയുള്ളൂ; അവർ കുട്ടികളെയും അറിവില്ലാത്തവരെയും തിരുസഭയുടെ സാധാരണ

പ്രാത്ഥനകളെ പഠിപ്പിക്കുകയും ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുറ്റിസ്സഞ്ചരിച്ചു നവജാതരായ ശിശുക്കളെ ജ്ഞാനസ്നാപനംചെയ്യുകയും ചെയ്താൽ മതിയാകും.....

"ഞങ്ങൾ പോർട്ടുഗൽനിന്നു പോന്നിട്ടു നാലുവഷ്മായി; ഇക്കാലത്തിനുള്ളിൽ അങ്ങയിൽനിന്ന് ഒരെഴുത്തുമാത്രമേ എനിക്കു കിട്ടിയിട്ടുള്ളൂ. ഫാദർ സൈമനിൽനിന്ന് എനിക്കു രണ്ടു കിട്ടി. അങ്ങയിൽനിന്നും നമ്മുടെ സഹോദരന്മാരിൽനിന്നും ഖഷ്ത്തിൽ ഒരെഴുത്തെങ്കിലും കിട്ടുന്നതിനു ഞാൻ വളരെ ആഗ്രഹിക്കുന്നു.ഞാൻ അങ്ങേക്ക് എഴുതുന്നതുപോലെ, അങ്ങും ആണ്ടിലൊരിക്കൽ എനിക്ക് എഴുതുന്നുണ്ടാവാം; പക്ഷേ എഴുത്തുകൾ ശരിക്കു ഇവിടെ കിട്ടുന്നില്ലായിരിക്കുമെന്നു ഞാൻ ശങ്കിക്കുന്നു.....

.....ഞാൻ ഇപ്പോൾ സ്വദ്ദീയസഹായം ഏറ്റവും കൂടുതലായി ആവശ്യമുള്ള വിദൂരതരമായ ദേശങ്ങളിലേക്കു പോകാൻ വിചാരിക്കുകയാൽ, അങ്ങയുടേയും മറ്റു സംഘാംഗങ്ങളുടേയും പ്രാത്ഥനയുടെ സംരക്ഷണം എനിക്കുണ്ടാകണമെന്ന് അപേക്ഷിക്കുന്നു....."

സൈമൺ റൊഡ്രിഗ്സ്സ് എസ്സ്. ജേയ്ക്ക്.

".....ഇൻഡ്യയിൽ ഗവർമ്മെൻറുദ്യോഗം വഹിക്കാനായി വരുന്നതിന് അങ്ങയുടെ സ്നേഹിതന്മാരെ ആരെയും അനുവദിക്കരുതെ. 'അവർ ജീവിച്ചിരിക്കുന്നവരുടെ പട്ടികയിൽനിന്നു പ്രമാർജ്ജനം ചെയ്യപ്പെടട്ടെ; അവരുടെ പേരു നീതിമാന്മാരുടെ കൂട്ടത്തിൽ എഴുതപ്പെടാതിരിക്കട്ടെ,' എന്ന സങ്കീത്തനവാക്യം ഇവിടത്തെ പോർട്ടുഗീസ് ഗവർമെൻറുദ്യോഗസ്ഥന്മാർക്കു ചേരുന്നതാണ്. അങ്ങ് അറിയുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരുവനിൽ അങ്ങയുടെ വിശ്വാസം എത്ര വലുതായാലും, എൻറെ അനുഭവത്തെ വിശ്വസിച്ച്, ഈ

ഏറ്റവും വലുതായ അപകടത്തിൽ ചാടാതിരിക്കുതിനു സർവ്വശക്തിയും ഉപയോഗിച്ച് അവനെ അങ്ങു തടയുക. .....മനുഷ്യനെ ആപദ്ഗത്തത്തിലേക്കു തലകീഴായി തള്ളിയിടുന്ന, അനിരോധ്യമായ, ഒരു ശക്തി ഇവിടെയുണ്ട്. യഥേഷ്ടം ധനത്തൃഷ്ണയെ സന്തുഷ്ടപ്പെടുത്തുന്നതിനും കൊള്ളയിടുന്നതിനുമുള്ള സൌകര്യങ്ങൾ നൽകിക്കൊണ്ട് അവരെ അസഹായരായി അടിച്ചൊഴുക്കിക്കൊണ്ടുപോകുന്ന ദുർമ്മാർഗ്ഗികളുടെയും ദുരാചാരങ്ങളുടെയും ഒരു മഹാപ്രവാഹംതന്നെയാണ് അത്. അപഹരണം ആകട്ടെ ഇവിടെ (പോർട്ടുഗീസുകാരുടെ ഇടയിൽ) അപമാനകരമല്ല; അത് അത്ര സർവ്വസാധാരണവും പരസ്യമായി ചെയ്യപ്പെടുന്നതുമാണ്. അത് ഒരു തെറ്റായിട്ടെ ഗണിക്കപ്പെട്ടിട്ടില്ല. യഥേഷ്ടം ചെയ്യാൻ അനുവദിക്കപ്പെട്ടിരിക്കുന്നതു ചീത്തയായി പരിഗണിക്കപ്പെടണമെന്നില്ലല്ലോ. എല്ലായിടത്തും എല്ലായ്പ്പോഴും കൊള്ളയും ധനസമ്പാദനസംരംഭവും മോഷണവുംതന്നെ. അപഹരിക്കപ്പെട്ട മുതൽ തിരിച്ചുകൊടുക്കണമെന്ന് ആരും വിചാരിക്കുന്നില്ല. മോഷ്ടിക്കുന്നതിനുള്ള വിവിധമാർഗ്ഗങ്ങളും അതിനു പ്രയോഗിക്കപ്പെടുന്ന തന്ത്രങ്ങളും അസംഖ്യമാണ്. 'മോഷ്ടിക്കുക' എന്ന ക്രിയയ്ക്കു എത്രയധികം രൂപാന്തരങ്ങൾ ഇവിടെ നടപ്പിലിരിക്കുന്നുവെന്നതിനെപ്പറ്റി ഞാൻ പലപ്പോഴും ആശ്ചര്യപ്പെട്ടിട്ടുണ്ട്....."

കൊച്ചി, ജനുവരി 22, 1545.

ഇഗ്നേഷ്യസ്സ് ലയോളയ്ക്കുള്ള എഴുത്തിൽ ഇൻഡ്യയിൽ വരുന്ന മിഷനറിമാർ ഏതു തരക്കാരായിരിക്കണമെന്നുള്ളതിനെപ്പറ്റി ഫ്രാൻസിസ്സ് പ്രകടിപ്പിച്ചിരിക്കുന്ന അഭിപ്രായം ശ്രദ്ധാർഹമാണ്. മറ്റുപല ലേഖനങ്ങളിലും അദ്ദേഹം ഈ അഭിപ്രായം ആവർത്തിച്ചിട്ടുണ്ട്. ആദ്ധ്യാത്മികവും തത്ത്വപരവുമായ ചിന്തയിൽ അതിപുരാ

തനമായ കാലംമുതൽക്കേ അന്യാദൃശമായ അഭിവൃദ്ധി യെ പ്രാപിച്ചിട്ടുണ്ടായിരുന്ന ഭാരതത്തിന്റെ സംസ്കാര വൈശിഷ്ട്യത്തെ ശരിക്കു ഗ്രഹിക്കാൻ സംഗതിയാകാതെ, അദ്ദേഹം ഇവിടെ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനാ യി വരുന്ന യൂറോപ്യന്മാർക്കുണ്ടായിരിക്കേണ്ട യോഗ്യതക ളെപ്പറ്റി നല്കിയിരിക്കുന്ന ഏതാദൃശങ്ങളായ നി ർദ്ദേശങ്ങൾ നിഷ്ഫലീകരങ്ങളായിരിക്കുന്നു. അവയെ ആ ധാരമാക്കി വിദഗ്ദ്ധത്തിന്റെയുംമറ്റും കുറവുനിമിത്തം യൂറോപ്പിൽ ക്രൈസ്തവധർമ്മൈരുദ്ധ്യം വഹിക്കുന്നതിനു യോഗ്യതയില്ലാത്തവർ ഇൻഡ്യയിലേക്ക് മിഷനറിമാരാ യി അനന്തരകാലങ്ങളിൽ തുടർച്ചയായി അയക്കപ്പെട്ട തുകൊണ്ടായിരിക്കുകയില്ലേ ആദ്ധ്യാത്മിക വിദ്യാസമ്പ ന്നരായ ഭാരതീയരുടെ ഇടയിൽ ക്രിസ്തുമതത്തിന് ഇനി യും ഗണ്യമായ പ്രചാരം സിദ്ധിച്ചിട്ടില്ലാത്തത്?

കൊച്ചിയിൽനിന്നു 1545 ജനുവരി 27-നു റോമ യിലെ ജസ്യൂട്ട് സംഘത്തിനു ഫ്രാൻസിസ് എഴുതിയ ഒരു എഴുത്തിൽ അയ്യിടയ്ക്ക് അദ്ദേഹം മാൻസില്ലാസ്സിനോട്ടക്രു ടി സിലോൺ സന്ദർശിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്. അ ദ്ദേഹത്തിന്റെ ഈ സിലോൺയാത്രയെപ്പറ്റി കൂടുതൽ വിവരങ്ങൾ നമുക്കു ലഭിച്ചിട്ടില്ല.

അദ്ദേഹം ഫെബ്രുവരിമാസത്തിൽ നാഗപട്ടണത്തി ലേക്കു പുറപ്പെട്ടു. ജാഫ്നാരാജാവിനെ ശിക്ഷിക്കുന്നതി നായി ഉദ്ദ്യുക്തമായ നാവികസംഘത്തിന്റെ താവളമായി നിശ്ചയിക്കപ്പെട്ടിരുന്നതു് ആ തുറമുഖമായിരുന്നു. ഫ്രാൻ സിസ് നാഗപട്ടണത്തു് എത്തിയപ്പോൾ പോർട്ടുഗീസു പടക്കപ്പലുകൾ ജാഫ്നായിലേക്കു പുറപ്പെടുന്നതിനു ത യ്യാറായി നില്ക്കുകയായിരുന്നു. പക്ഷെ, അപ്പോൾ ആ പ്രസ്ഥാനത്തിനു നിഷ്ഫലീകരമായ ഒരു പ്രതിബന്ധം നേ രിട്ടു. പെഗുവിൽനിന്നു വന്ന ഒരു പോർട്ടുഗീസു കച്ച

വടക്കപ്പുൽ കേട്ടപ്പോൾ ജാഫ്നായുടെ കടൽത്തീരത്തു് അടിച്ചേറുകയും ഉടൻതന്നെ അവിടത്തെ രാജാവു് ആ കപ്പലും അതിലുണ്ടായിരുന്ന വിലയേറിയ ചരക്കുകളും കൈവശപ്പെടുത്തുകയും ചെയ്തു. നാഗപട്ടണത്തുണ്ടായിരുന്ന പോർട്ടുഗീസുകാരുടെ ശ്രദ്ധ മുഴുവനും സാമോപായത്താൽ ജാഫ്നാരാജാവിൽനിന്നു് അവയെ തിരിച്ചുവാങ്ങുന്ന കാര്യത്തിലേക്കു തിരിഞ്ഞു. ഈ ഘട്ടത്തിൽ കേവലം ധർമ്മപരമായ ഉദ്ദേശ്യത്തോടുകൂടി അവർ അയാളുമായി യുദ്ധത്തിനു് ഒരുമ്പെട്ടാൽ അവർക്കു ഭീമമായ ധനനഷ്ടം നേരിടുമെന്നു് അവർ വാദിച്ചു. ധനം സർവ്വപ്രധാനമായി പരിഗണിച്ചിരുന്ന അവരുടെ ദൃഷ്ടിയിൽ ധർമ്മം താരതമ്യേന അപ്രധാനമായിത്തീർന്നു. അവർ ധർമ്മസ്ഥാപനത്തിനായുള്ള സമരം തൽക്കാലം വേണ്ടെന്നു തീർച്ചപ്പെടുത്തി. ഫ്രാൻസിസ്സു് ഭഗ്നാശനായി. ജാഫ്നായും കണ്ടിയും സംബന്ധിച്ചുണ്ടായിരുന്ന അദ്ദേഹത്തിന്റെ പ്രത്യാശകളെല്ലാം ഈവിധം ശിഥിലീകൃതമായി.

ഫ്രാൻസിസ്സു് നാഗപട്ടണത്തു് എത്തി കുറേക്കഴിഞ്ഞപ്പോൾ മാൻസില്ലാസ്സിനു് എഴുതിയ എഴുത്തിൽ നിന്നു് ചില ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു. മാൻസില്ലാസ്സു് അപ്പോൾ വൈദികപട്ടം പ്രാപിച്ചു് തിരുവിതാംകൂർ മിഷന്റെ അധിപനായിരിക്കുകയായിരുന്നു:—

"..... ആ പുതിയ മിഷൻരംഗത്തിൽ നിങ്ങളുടെ കൃത്യങ്ങളെ സംബന്ധിച്ചു് നേരിട്ടു കണ്ടു സംസാരിച്ചു വേണ്ട ഉപദേശങ്ങൾ തരുന്നതിനു ഞാൻ വളരെ ആഗ്രഹിക്കുന്നു. എന്നാൽ എന്റെ ഭാവി അനിശ്ചിതമായിരിക്കുകയാൽ അവയെപ്പറ്റി ചില സൂചനകൾ മാത്രം ഈ ലേഖനംവഴി തന്നുകൊള്ളുന്നു. .....

"..... മലാക്കായ്ക്കു സമീപം ക്രിസ്തുമതം

സ്വീകരിക്കുന്നതിനായി അസംഖ്യം ആളുകൾ സന്നദ്ധരായിരിക്കുന്നുവെന്ന് എനിക്കു അറിവുകിട്ടിയിരിക്കുന്നു. ..... ക്രിസ്തുവിന്റെ സാമ്രാജ്യ സീമകളെ വികസിപ്പിക്കുന്നതിനു ലഭിക്കുന്ന ഏതു സന്ദർഭവും എന്റെ ഹൃദയത്തെ ഹഠാദാകർഷിക്കുന്നതാണ്..... ജാഫ്നാക്കായും തീരുമാനിക്കപ്പെടാത്ത താമസമേ ഉള്ളൂ മലാക്കായിലേക്കു പോകുന്നതിനെപ്പറ്റി എന്റെ മനസ്സിൽ ഒരു തീർച്ചയുണ്ടാകുന്നതിനു; മേയ് മാസംകൊണ്ട് അതിനെപ്പറ്റി ഒരു തീർച്ചയുണ്ടാക്കാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു. തീർച്ചയുണ്ടായിക്കഴിഞ്ഞാൽ ഞാൻ ഉടൻ മലാക്കായിലേക്കു പുറപ്പെട്ടും. .....

"ഞാൻ മണപ്പാട്ടായിരുന്നപ്പോൾ അവിടത്തെ പള്ളിക്കു കേട്ടവന്നിരുന്നു. ആ കേട്ടു തീർത്തു അതു പുതുക്കിപ്പണിയുന്നതിന് എന്തുമാത്രം പണം വേണമെന്നു സൂക്ഷ്മമായ ഒരു കണക്കു ഞാൻ ക്രട്ടിവച്ചിട്ടുണ്ട്. ഈ പണം ഡിയോഗോ റിബെല്ലോയോടു ആവശ്യപ്പെടണം. തിരുവിതാംകൂർ രാജാവു് തന്റെ രാജ്യത്തു പള്ളികൾ പണിയിക്കുന്നതിനായി എനിക്കു തന്ന 2000 പണം ഞാൻ അയാളെ ഏല്പിച്ചിരിക്കയാണ്. അതിൽ ഒരു ഭാഗം ഫാദർ കൊയെല്ലോ ചിലവാക്കിക്കഴിഞ്ഞിട്ടുണ്ട്. ജോംഡിക്രൂസിന്റെ കൈവശമുള്ള 2000 പണം വേദാദ്ധ്യാപനത്തിനായും ഉപദേശികൾക്കായും മാത്രം വിനിയോഗിക്കേണ്ടതാണ്. .....നിങ്ങൾ ഒരിടത്തു സ്ഥിരമായി താമസിക്കാതെ എപ്പോഴും ഗ്രാമങ്ങൾതോറും ചുറ്റി സഞ്ചരിച്ചുകൊണ്ടിരിക്കണം. ജനങ്ങളുടെ ആവശ്യങ്ങളെ നേരിട്ടറിഞ്ഞു നിർവഹിക്കണം.....ലൗകികരുടെ കാര്യം മാത്രമല്ല ഏതദ്ദേശീയ വൈദികരുടെ മേൽനോട്ടംകൂടി .നിങ്ങളെ ഞാൻ ഭരമേല്പിക്കുന്നു. അവർ ബ്രഹ്മചര്യം ശരിക്ക് അനുഷ്ഠിച്ചു ജനങ്ങൾക്ക് ആ

ദശയോഗ്യരായി ഭക്തിപൂർവ്വം ജീവിക്കുന്ന കാര്യത്തിൽ പ്രത്യേകം നിഷ്കർഷ ഉണ്ടായിരിക്കണം.....രണ്ടു സംഗതികളിലുള്ള എന്റെ ഉൽക്കണ്ഠാതിരേകംനിമിത്തം അവയുടെ പ്രാധാന്യത്തെപ്പറ്റി വീണ്ടും വീണ്ടും നിങ്ങളോട് ഉപന്യസിക്കുന്നതിനെ നിങ്ങൾ ക്ഷമിക്കണം. ഒന്നാമത്തേതു, ഗ്രാമങ്ങൾ സന്ദർശിച്ചു, നവജാതരായ ശിശുക്കളെ ജ്ഞാനസ്നാപനം ചെയ്യുകയും, കുട്ടികളുടെ വേദോപദേശം ശരിക്കു നടക്കുന്നുണ്ടോയെന്നു പരിശോധിക്കുകയുംമറ്റും ചെയ്യുന്നതിനായി നിങ്ങൾ എപ്പോഴും, അവിശ്രമം, സഞ്ചരിച്ചുകൊണ്ടിരിക്കണമെന്നുള്ളതാണ്. രണ്ടാമത്തേതു, മലബാർ ദേശീയരായ വൈദികരുടെ നടത്തയെയും ജീവിതരീതിയെയും സൂക്ഷിക്കുന്നതിൽ നിങ്ങൾ വലുതായ ശ്രദ്ധയും ജാഗ്രതയും പ്രദർശിപ്പിക്കണമെന്നതു്; അവർ ജനങ്ങൾക്കു ദുഷ്ടാന്തയോഗ്യരായി ജീവിക്കുന്നില്ലെങ്കിൽ, അവർ നിത്യനാശത്തിനു പാത്രീഭവിക്കുമെന്നുമാത്രമല്ല,മറ്റുള്ളവരെക്കൂടി നരകത്തേക്കു വലിച്ചുകൊണ്ടുപോകും. അവരിൽ എന്തെങ്കിലും തെറ്റു കണ്ടാൽ, ദൈവത്തെ ഓർത്തു്, അതിനെ ഉടൻ ഇല്ലാതാക്കുക; അവരെ കഠിനമായി ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുക. ഇതിനു നമുക്കുള്ള പൂർണ്ണമായ അധികാരം, ഗൌരവാവഹമായ, അനേകം പേർക്കു വിനാശത്തിനു കാരണമായ, അപരാധത്തിനു ശിക്ഷനല്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ, വേണ്ടവിധത്തിൽ നാം പ്രയോഗിക്കുന്നില്ലെങ്കിൽ, വാൾ എപ്പൊഴും ഉറയിൽത്തന്നെ ഇട്ടുകയാണെങ്കിൽ, അതു നമ്മെ സംബന്ധിച്ചിടത്തോളം അക്ഷന്തവ്യമായ ഒരു മഹാപരാധമായിരിക്കും. ....."

നാഗപട്ടണം, ഏപ്രിൽ 7, 1545.

ഈ എഴുത്തു സേവിയർ മാൻസില്ലാസ്സിനു നേരി

ട്ട് അയച്ച ഒടുവിലത്തെ എഴുത്തായിരുന്നു. ഒരുമാസം കഴിഞ്ഞു, മേയ് 8-നു-, അദ്ദേഹം മൈലാപ്പൂരിൽനിന്നു ഗോവായിലേക്ക് അയച്ച എഴുത്തിൽ തിരുവിതാംകൂറിലേക്കു മടങ്ങിപ്പോകുന്നതിനു കാറിന്റെ പ്രാതികൂല്യം നിമിത്തം തനിക്കു സാധിക്കാതെ വന്നുവെന്നും, ആ പ്രതിബന്ധം ഈശ്വരഹിതത്തെ ദ്യോതിപ്പിക്കുന്നതായി താൻ പരിഗണിച്ചുവെന്നും, സെയിന്റ് തോമസിന്റെ നഗരമായ മൈലാപ്പൂരിലേക്കു പോയി ഇൻഡ്യയിലെ ആ പ്രഥമ ക്രൈസ്തവ ധർമ്മദൂതന്റെ ദേവാലയത്തിൽ പ്രാർത്ഥിച്ചു ഭാവിപരിപാടിയെപ്പറ്റി സ്വർഗ്ഗീയപ്രകാശം ആരായുന്നതിനു വിചാരിക്കുന്നുവെന്നും പ്രസ്താവിച്ചിരിക്കുന്നു.

അദ്ധ്യായം ൧൧.

മൈലാപ്പൂർ.

1545 മാർച്ച് 29-നു- ഓശാന ഞായറാഴ്ച, ഫ്രാൻസിസ് നാഗപട്ടണത്തിൽനിന്നു മൈലാപ്പൂരിലേക്കു കപ്പൽ കയറി. കുറെ ദൂരം പോയപ്പോൾ അതു ഒരു കൊടുങ്കാറ്റിലകപ്പെടുകയും കരയിലടിച്ചേറുകയും ചെയ്തു. ഈസ്റ്റർദിവസം കപ്പൽ വീണ്ടും പുറപ്പെട്ടുവെങ്കിലും പ്രതികൂലമായ കാറ്റിന്റെ ശക്തിമൂലം പഴയപടി മുന്നോട്ടു പോകാൻ നിവൃത്തിയില്ലാതെ നാഗപട്ടണത്തുതന്നെ തിരിച്ചുവരേണ്ടിവന്നു. പിന്നീടു് അദ്ദേഹം കരവഴിക്കായിരുന്ന മൈലാപ്പൂരിലേക്കു പോയതു്. ഈ ക്ലേശഭൂയിഷ്ഠമായ യാത്രയിൽ ഒരു മലയാളിട്ടർക്കുമാത്രമേ അദ്ദേഹത്തിനു സഹചരനായി ഉണ്ടായിരുന്നുള്ളൂ.

ഏപ്രിൽമാസം അവസാനിക്കുന്നതിനുമുൻപു ഫ്രാൻസിസ് മൈലാപ്പൂരിൽ ചെന്നു ചേർന്നു. അദ്ദേഹത്തെപ്പറ്റി ധാരാളമായി കേട്ടിട്ടുണ്ടായിരുന്ന അവിടത്തെ പോർട്ടുഗീസ് വികാരിയായ ഫാദർ ഗാസ്പർ കൊയെല്ലൊ അദ്ദേഹത്തെ സന്തോഷപൂർവ്വം സ്വീകരിച്ചു, സെയിൻറ് തോമസ്പള്ളിയുടെ തൊട്ടടുത്തുള്ള തൻറെ മേടയിൽക്കൂടെ താമസിപ്പിച്ചു.

പാരമ്പര്യവിശ്വാസപ്രകാരം സെയിൻറ് തോമസ് രക്തസാക്ഷിയായി മരിച്ചതു മൈലാപ്പൂരിൽ വച്ചായിരുന്നു. അക്കാലത്തു സമുദ്രതീരത്തിൽനിന്നു മുപ്പതുമൈൽ അകലെ സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തു് അദ്ദേഹം ഒരു കല്ലുകുരിശു സ്ഥാപിച്ചിരുന്നു. ആ കുരിശിൻറെ സ്ഥാനത്തു കടലെത്തുമ്പോൾ താൻ ഇൻഡ്യയിൽ പ്രസംഗിച്ച മതത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിദൂരദേശങ്ങളിൽനിന്നു വെള്ളക്കാർ വരുമെന്നു് അദ്ദേഹം പ്രവചിച്ചിട്ടുണ്ടായിരുന്നുവെന്നു് ഒരു ചരിത്രകാരൻ പറയുന്നു. അനേകശതാബ്ദങ്ങൾകൊണ്ടു കടൽ ക്രമേണ കയറി ഒടുവിൽ പോർട്ടുഗീസുകാർ വന്നകാലത്തുപ്രസ്തുതകൽക്കുരിശുവരെ എത്തിയിരുന്നു. അക്കാലത്തു മൈലാപ്പൂർ പൂർവ്വതീരത്തെ ഏറ്റവും പ്രധാനമായ തുറമുഖവും വാണിജ്യകേന്ദ്രവുമായിരുന്നു. ജോൺ തൃതീയൻ പോർട്ടുഗൽ രാജാവായി അഭിഷിക്തനായ ഉടൻ, 1521-ൽ, അദ്ദേഹം തോമ്മാശ്ലീഹായുടെ ശരീരാവശിഷ്ടങ്ങളെ കണ്ടുപിടിച്ചു് അവയെ സകലരുടെയും ബഹുമാനത്തിനു പാത്രീഭവിപ്പിക്കണമെന്നു് ഇൻഡ്യയിലെ പോർട്ടുഗീസു വൈസ്റോയിയോടു് ആജ്ഞാപിച്ചു. അതനുസരിച്ചു് ആ പുണ്യവാൻറെ ശരീരാവശിഷ്ടങ്ങൾ, അദ്ദേഹത്തെ വധിക്കുന്നതിനുപയോഗിക്കപ്പെട്ട കുന്തത്തിൻറെ ഒരു ഭാഗത്തോടും ഒരു വടിയോടും ഒരു ചെറിയ പാത്രം രക്തത്തോടുംകൂടി, കണ്ടെ

ട്ടക്കപ്പെട്ട. ഈ വിശുദ്ധാവശിഷ്ടങ്ങൾ പിന്നീട് ഗോവയിലേക്കു കൊണ്ടുപോകപ്പെട്ടുവെങ്കിലും ഫ്രാൻസിസ്സിന്റെ സന്ദർശനകാലത്തു മൈലാപ്പൂർ ദേവാലയത്തിൽത്തന്നെ ഉണ്ടായിരുന്നു. തോമ്മാശ്ലീഹാതന്നെ നിർമ്മിച്ചതെന്നു വിശ്വസിക്കപ്പെട്ടിരുന്ന തടികൊണ്ടുള്ള ഒരു കപ്പേളയുടെ മുകളിൽ മനോഹരമായ ഒരു ദേവാലയം പോർട്ടുഗീസുകാർ പണികഴിപ്പിച്ചിരുന്നു. ഇതിനോടു ചേർന്നുള്ള ഒരു ചെറിയ കപ്പേളയിലായിരുന്നു വിശുദ്ധാവശിഷ്ടങ്ങൾ സൂക്ഷിക്കപ്പെട്ടിരുന്നതു്. ഭാവിയിൽ ക്രിസ്തുധർമ്മപ്രചാരണത്തിനായി താൻ അനുഗമിക്കേണ്ട സരണിയെ നിർദ്ദേശിക്കുന്ന ദിവ്യപ്രകാശത്തിനായി ഫ്രാൻസിസ്സ് അനേക രാത്രികളിൽ ജാഗരണം അനുഷ്ഠിച്ചു പ്രാർത്ഥിച്ചതു് ഈ കപ്പേളയിലായിരുന്നു. രാത്രിതോറും തന്റെ ആരാധ്യനായ വൈദികൻ ഗാന്ധനിദ്രയെ പ്രാപിച്ചുവെന്നു ബോദ്ധ്യമാകുമ്പോൾ അദ്ദേഹം കിടക്കയിൽനിന്നു് എഴുന്നേറ്റു കപ്പേളയിൽപോയി നേരം വെളുക്കുന്നതുവരെ ഭക്തിപരവശനായി പ്രാർത്ഥിക്കുമായിരുന്നു. ഇത്ര അചാല്യമായ വിശ്വാസത്തോടുകൂടി അദ്ദേഹം അഭ്യർത്ഥിച്ച ആ ദിവ്യപ്രകാശം ഒടുവിൽ അദ്ദേഹത്തിനു ലഭിച്ചു. ഇതിനെപ്പറ്റിയും അദ്ദേഹത്തിന്റെ മലാക്കായിലേക്കുള്ള യാത്രയുടെ പരിപാടിയെ വിവരിച്ചും അദ്ദേഹം മൈലാപ്പൂരിൽനിന്നു ഗോവയിലേക്കു് എഴുതിയ ഒരു എഴുത്തിലെ ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊള്ളുന്നു:

ഗോവായിൽ ഫാദർ ദിയെഗോ ഡി ബോർബായ്ക്കും
ഫാദർ പോൾ കാമറിനോയ്ക്കും.

"ഈശ്വരഹിതപ്രകാശനത്തിനായി തോമ്മാശ്ലീഹായുടെ പള്ളിയിലിരുന്നു ഞാൻ നിരന്തരം പ്രാർത്ഥിച്ചു. കാരുണ്യമൂർത്തിയായ ദൈവം എന്റെ പ്രാർത്ഥന കേട്ടു. മലാക്കായിലേക്കും അവിടെനിന്നു മക്കസാരിലേക്കും

ഞാൻ പോകണമെന്നു ദൈവം ആഗ്രഹിക്കുന്നതായി എനിക്കു ബോദ്ധ്യമായി.....ക്രിസ്തുമതോപദേശങ്ങളെയും പ്രാർത്ഥനകളെയും അവിടത്തെ ഭാഷയിൽ ഞാൻ തർജ്ജിമ ചെയ്തിച്ചിട്ടുണ്ട്.....

"ഫാദർ മാൻസില്ലാസും ഏതാനും മലയാളിവൈദികരും കന്യാകുമാരിയിലെ ക്രിസ്ത്യാനികളോടുകൂടിയുണ്ട്. അവരുള്ള സ്ഥലത്ത് എന്റെ സേവനം ആവശ്യമില്ല.....എന്നെ സംബന്ധിച്ചുള്ള ദൈവഹിതം നിറവേറുന്നതിനു ഞാൻ ദൃഢനിശ്ചയനായിരിക്കുകയാണ്. ഈ വർഷം ഒരു പോർട്ടുഗീസുകപ്പലിൽ പോകുന്നതിന് എനിക്കു സൗകര്യം ലഭിക്കാത്തപക്ഷം, മലാക്കായിലേക്കു പോകുന്ന ഒരു മുഹമ്മദീയക്കപ്പൽ കിട്ടുന്നതായാൽ അതിലെങ്കിലും ഞാൻ നിർബ്ബന്ധം യാത്രചെയ്യും.....ആഗസ്റ്റ് അവസാനത്തോടുകൂടി മലാക്കായിലേക്കു പുറപ്പെടാൻ സാധിക്കുമെന്നു വിചാരിക്കുന്നു. അപ്പോഴ്മുതൽ മാത്രമേ കാറ്റ് അനുകൂലമാവുകയുള്ളൂ.....

സെയിന്റ് തോമസ്സിന്റെ നഗരം, മേയ് 8, 1545.

ഫ്രാൻസിസ് മൈലാപ്പൂരിൽ നാലുമാസം താമസിച്ചു. അവിടെ അന്നു പോർട്ടുഗീസുകാരുടെ നൂറു വീടുണ്ടായിരുന്നു. അദ്ദേഹം ഗോവയിൽ കണ്ട ധർമ്മാർത്ഥപ്രസക്തിയും അഴിമതികളും അവിടെയും ഇല്ലാതിരുന്നില്ല. തന്റെ ഭാവിയെപ്പറ്റി അനിശ്ചിതമായ മാർഗ്ഗനിർദ്ദേശം ദിവ്യപ്രകാശനത്താൽ ലഭിച്ചശേഷം അദ്ദേഹം ജനങ്ങളുടെ ഇടയിൽ ധർമ്മം പ്രചരിപ്പിക്കുന്നതിനും ആദ്ധ്യാത്മികമായ സംസ്കാരം വർദ്ധിപ്പിക്കുന്നതിനുമായി പരിശ്രമിച്ചു. അദ്ദേഹത്തിന്റെ അനുദ്ദാത്തമായ ജീവിതവിശുദ്ധിയേയും അത്ഭുതസിദ്ധികളെയുംപറ്റി അവർ മുമ്പേതന്നെ ഒട്ടുവളരെ കേട്ടിട്ടുണ്ടായിരുന്നു. ധർമ്മാചാരികൾപോലും അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും

ചെയ്തുകൊണ്ട് അവരുടെമേൽ തന്റെ അമോഘമായ സ്വാധീനശക്തി പ്രയോഗിക്കുന്നതിനും അവരെ പാപ ക്രപത്തിൽനിന്നു പുനരുദ്ധരിക്കുന്നതിനും അദ്ദേഹത്തിനു സാധിച്ചു. പതിനഞ്ചും ഇരുപതുംകൊല്ലം കുമ്പസാരിക്കാ തെ പാപജീവിതത്തിൽ ഉറച്ചുപോയ ലോകായതികർ അദ്ദേഹത്തിന്റെ വിശുദ്ധിപ്രദമായ സംസർഗ്ഗംകൊണ്ടും ഹൃദയംഗമമായ ധർമ്മോപദേശങ്ങൾകൊണ്ടും പ്രബുദ്ധ രായി, പശ്ചാത്താപാധീനരാവുകയും ഭാവിയിൽ ഉത്തമ ജീവിതം നയിക്കാമെന്നു കൃതപ്രതിജ്ഞരായി അദ്ദേഹ ത്തോടു കുമ്പസാരിക്കുകയും ചെയ്തു. വിവാഹം ചെയ്യാ തെ ക്രമരഹിതമായി ജീവിച്ച അനേകം പുരുഷന്മാ രെയും സ്ത്രീകളെയും, ഗോവയിൽ എന്നപോലെ ഇവി ടെയും, അദ്ദേഹം നേർവഴിയിൽ കൊണ്ടുവന്നു. ഒരിക്കൽ അദ്ദേഹം ഒരു ധനികനായ സേനാനിയോട് തന്നെ ഒരു ഊണിനു ക്ഷണിക്കണമെന്ന് അപേക്ഷിച്ചു. അതിൻപ്ര കാരം അദ്ദേഹം ക്ഷണിക്കപ്പെട്ടു. ആരു പറഞ്ഞാലും വേർപിരിയാത്ത ഒരു വെപ്പാട്ടിയോടുകൂടി പരസ്യമായി ജീ വിച്ച നിർല്ലജ്ജനായ ഒരു ദുർവൃത്തനായിരുന്നു ആ സേ നാനി. വിഭവസമൃദ്ധമായ ആ വിരുന്നിൽ പങ്കുകൊള്ളു ന്നതിനു അവളുംകൂടെ ഉണ്ടായിരുന്നു. ഫ്രാൻസിസ് ത ന്റെ ആതിഥേയന്റെ നിയമപ്രകാരമുള്ള ഭാര്യയോടെ ന്നവണ്ണം അവളോടു പെരുമാറുകയും അവരോടു വളരെ സരസമായും മധുരമായും സംഭാഷണം ചെയ്യുകയും ചെ യ്തു. പക്ഷെ, അദ്ദേഹം ഊണുകഴിഞ്ഞു നന്ദിപറഞ്ഞു പോയശേഷം അയാൾ തന്റെ ക്രമവിരുദ്ധമായ ജീവി തത്തെപ്പറ്റി ലജ്ജിക്കുകയും പുണ്യവാനായ തന്റെ അതിഥിക്ക് അതു് എത്ര ഹൃദയാനുദമായിരുന്നിരി ക്കണമെന്ന് ഓർത്തു പശ്ചാത്തപിക്കുകയും ചെയ്തു. അ പ്പോൾതന്നെ അയാൾ പോയി ഫ്രാൻസിസ്സിനെക്കണ്ടു

അദ്ദേഹത്തോട് ഹൃദയം തുറന്ന കമ്പസാരിക്കുകയും തന്റെ അതുവരെയുള്ള ജീവിതരീതിയെ സമൂലം പരിഷ്ക്കരിക്കുകയും ചെയ്തു.

ഈ ഘട്ടത്തിൽ ഫ്രാൻസിസ്സ് നിർവഹിച്ച പരഹൃദയപരിവർത്തനത്തിന് ഏറ്റവും പ്രസിദ്ധമായ ഉദാഹരണം ജോം ഡി എയിറോയുടേതായിരുന്നു. വാണിജ്യവൃത്തിയിൽ ഒട്ടുവളരെ ധനം സമ്പാദിച്ചിരുന്ന, അപ്പോൾ മുപ്പത്തിയഞ്ചു വയസ്സു പ്രായമായിരുന്ന, ഇയാൾ ഫ്രാൻസിസ്സിനോട് കമ്പസാരിച്ചതിന്റെ ഫലമായി താൻ അതുവരെ സംപാദിച്ച ധനവും തജ്ജന്യമായ സുഖങ്ങളും ക്ഷണഭംഗുരങ്ങളാണെന്നും തന്റെ പ്രായത്തിനു യോഗ്യമായി അനശ്വരമായിരിക്കുന്ന ധനം വേറെയുണ്ടെന്നും ഗ്രഹിക്കുകയും അപ്പോൾമുതൽ അയാൾക്കു ലോകത്തോട് വൈരാഗ്യമുളവാകുകയും ചെയ്തു. അയാൾ ഫ്രാൻസിസ്സിനെ അനുഗമിക്കുന്നതിനും ജസ്യൂട്ട് സംഘത്തിൽ ചേരുന്നതിനും ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹത്തെ അറിയിച്ചു. നല്ലവണ്ണം പരീക്ഷിച്ചശേഷം അദ്ദേഹം അയാളുടെ അപേക്ഷയെ സ്വീകരിച്ചു. തന്റെ കപ്പലുകളും മറ്റുസ്വത്തുക്കളും വിറ്റുകിട്ടിയ പണം മുഴുവനും പാവങ്ങൾക്കു ദാനംചെയ്തശേഷം അയാൾ ഫ്രാൻസിസ്സിന്റെ വിശ്വസ്തനായ ഒരു അന്തേവാസിയായിത്തീരുകയും മലാക്കായിലേക്ക് അദ്ദേഹത്തെ അനുഗമിക്കുകയും ചെയ്തു.

ആഗസ്റ്റ്മാസം അവസാനത്തിൽ ഫ്രാൻസിസ്സ് തന്റെ ആതിഥേയനായിരുന്ന ഫാദർ ഗാസ്പർ കൊയെല്ലോയോടും മറ്റു സ്നേഹിതന്മാരോടും യാത്രപറഞ്ഞു ജോം ഡി എയിറോയോടൊന്നിച്ചു മലാക്കായിലേക്കു കപ്പൽ കയറി. അദ്ദേഹത്തെ പുണ്യവാനായി ബഹുമാനിച്ചിരുന്ന മൈലാപ്പൂരിലെ ജനങ്ങൾക്ക് അദ്ദേഹത്തിന്റെ വേർപാട് അത്യന്തം വ്യസനകരമായിരുന്നുവെന്നു പറ

യേണ്ടതില്ല. ഫാദർ കൊയെല്ലൊ സമ്മാനിച്ച തോമ്മാ ശ്ലീഹായുടെ ഒരു വിശുദ്ധാവശിഷ്ടം അപ്പോൾ മുതൽ ഇ ഗ്നേഷ്യസ്സിന്റെ കൈയൊപ്പോടും തന്റെ വ്രതപ്രതിജ്ഞാവാചകത്തോടുംകൂടി അദ്ദേഹം കഴുത്തിൽ ധരിച്ചിരുന്നു.

അദ്ധ്യായം ൧൨

മലാക്കായിൽ.

മലാക്കായിലും മൊളുക്കാസ്സ് തുടങ്ങിയ പൗരസ്ത്യദ്വീപുകളിലും ക്രിസ്തുധർമ്മപ്രചാരണത്തിനുള്ള സൗകര്യത്തെപ്പറ്റി ഫ്രാൻസിസ്സ് സേവ്യർ ആദ്യമായികേൾക്കാനിടയായതു് 1544 ഡിസംബർമാസത്തിൽ കന്യാകുമാരിയിൽനിന്ന് അദ്ദേഹം വൈസ്രോയിയെസന്ദർശിക്കാൻ ചെയ്ത യാത്രയിൽ കൊച്ചിയിൽ താമസിച്ചപ്പോഴായിരുന്നുവല്ലൊ. അവിടെവച്ചു ഗോവായിലെ സെമിനാരിയിൽ പഠിക്കാൻ ആഗ്രഹിച്ച നാലു മലായിക്കാരായ ബാലന്മാരാൽ അനുഗതനായി മലാക്കായിൽനിന്നു വന്ന അന്റോണ്യൊ പൈവാ എന്ന പോർട്ടുഗീസു കച്ചവടക്കാരനെ അദ്ദേഹം കണ്ടു. 1544 ആരംഭത്തിൽ ഈ പൈവാ മലാക്കായിൽനിന്നു മക്കാസർ (സെലബിസ്) ദ്വീപിലേക്കു വ്യാപാരസംബന്ധമായി യാത്രചെയ്തിരുന്നു. അവിടവുമായി വാണിജ്യബന്ധമുണ്ടായിരുന്ന മുഹമ്മദീയർ അവിടത്തെ ജനങ്ങളെ മുഹമ്മദുമതത്തിൽ ചേർക്കുന്നതിനു ശ്രമിച്ചിരുന്നുവെങ്കിലും അവർ അതുവരെ ആ മതം സ്വീകരിച്ചിരുന്നില്ല. പൈവാ അവിടെ സൊയെട്ടാ എന്ന ദേശത്തിലെ രാജാവിനോടു ക്രിസ്തുമതത്തിന്റെ മാഹാ

ത്തെപ്പററി ഉപന്യസിച്ചു; അദ്ദേഹം വളരെ ആനുകൂല്യം പ്രകടിപ്പിച്ചുവെങ്കിലും അപ്പോൾ മതപരിവർത്തനത്തിനു സന്നദ്ധനായില്ല. അനന്തരം പൈവാ അവിടെനിന്ന് അൻപതു മൈൽഅകലെയുള്ള സീയാവൂഎന്ന ദ്വീപിലെ രാജാവിനെ സന്ദർശിച്ചു. ഒരു ക്രൈസ്തവധർമ്മസന്ദേശഹരൻക്രൂടിയായ ഈ പോർട്ടുഗീസുവണിഗ്വരന്റെ വാഗ്വിലാസത്തിന്റെ ഫലമായി അദ്ദേഹം തദ്ദേശീയരുടെ പുരാതനമതത്തെയും ക്രിസ്തുമതത്തെയും മുഹമ്മദുമതത്തെയും വാദപ്രതിവാദമുഖേന താരതമ്യവിവേചനംചെയ്യുന്നതിനായി ഒരു പണ്ഡിത സദസ്സു വിളിച്ചുകൂട്ടി. ഈ സമ്മേളനം അവസാനിക്കുന്നതിനു മുമ്പായി സൊയേപ്പായിലെ രാജാവു കുടുംബപരിവാരസമേതം ക്രിസ്തുമതം സ്വീകരിക്കുന്നതിന് ഉൽകണ്ഠിതനായി അവിടെഎത്തി. ആ രാജാവും അനുജനും മറു കുടുംബാംഗങ്ങളും ഭൃത്യജനങ്ങളും അവർ വന്ന കപ്പലിൽ വച്ചുതന്നെ ജ്ഞാനസ്നാപനം ചെയ്യപ്പെട്ടു. അവരെത്തുടർന്നു സിയാവിലെ രാജാവും മുപ്പതു പ്രഭുക്കന്മാരും ക്രിസ്തുമതം സ്വീകരിച്ചു. ഈ രാജദ്വന്ദ്വം യഥാക്രമം ലൂയിസ്സ് എന്നും ജോൺ എന്നും നാമകരണം ചെയ്യപ്പെട്ടു. പൈവാ മലാക്കായിലേക്കു മടങ്ങിയപ്പോൾ അവർ ക്രൈസ്തവ വൈദികരെ ക്ഷണിക്കുന്നതിനായി ഒരു പ്രതിനിധിയെക്കൂടി അയച്ചിരുന്നു. കൊച്ചിയിൽവച്ച് പൈവായിൽനിന്ന് അറിഞ്ഞ ഈ വാർത്ത ഫ്രാൻസിസ്സിന്റെ ഹൃദയത്തിൽ അവഗാഢമായിപ്പതിഞ്ഞിരുന്നു. നാഗപട്ടണത്തിൽവച്ചു ജാഫ്നായിലേക്കുള്ള യാത്രയെസംബന്ധിച്ചുണ്ടായ പ്രതിബന്ധവും നൈരാശ്യവും അദ്ദേഹത്തിന്റെ ശ്രദ്ധയെ മൊളുക്കാദ്വീപുകളിലേക്കു തിരിച്ചുവെന്നുള്ളതും താൻ ഉടനെ അവിടെപ്പോയി ധർമ്മപ്രചാരണം ചെയ്യണമെന്നുള്ളതാണ് ദൈവനിശ്ചയമെന്നു മൈലാപ്പൂരിൽവച്ച് അദ്ദേഹ

ത്തിനു ബോദ്ധ്യമായി എന്നുള്ളതും നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടുവല്ലൊ.

1545 സെപ്റ്റംബർ ഒടുവിൽ 'കൊറോമൻഡൽ' എന്ന കപ്പലിൽ ജോൺ ഡി എയിറോവിനോട്ടുകൂടി ഫ്രാൻസിസ്സ് മലാക്കായിൽ എത്തി. ഈ പട്ടണം അപ്പോഴും അതിന്റെ അഭിവൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും പരമകാഷ്ഠയെ പ്രാപിച്ചിരുന്നു. ആദിമകാലത്തു് ഒരു ദാശഗ്രാമംമാത്രമായിരുന്ന അതു് പതിനാലാം നൂറ്റാണ്ടിൽ മുഹമ്മദീയർക്കു് അധീനമാവുകയും, ക്രമേണ വളർന്നു, പൌരസ്ത്യലോകത്തിന്റെ പൂർവ്വാർദ്ധത്തിന്റെയും പശ്ചിമാർദ്ധത്തിന്റെയും നടുവിലുള്ള അതിന്റെ സ്ഥാനവിശേഷംകൊണ്ടു, വിപുലമായ ഒരു വാണിജ്യകേന്ദ്രമായിപ്പരിണമിക്കുകയും ചെയ്തു. 1511-ൽ അൽഫൺസോ അല്ബുകർക്കു് അതിനെ കീഴടക്കിയപ്പോൾ, അതു് ഇപ്പോഴത്തേക്കാൾ വളരെ വലുതായ ഒരു പട്ടണമായിരുന്നുവെന്നു പറയപ്പെടുന്നു. പൌരസ്ത്യദേശങ്ങളിൽ, ഗോവാ കഴിഞ്ഞാൽ, പോർട്ടുഗീസുകാരുടെ പ്രധാനനഗരം ആയിരുന്നു അതു്; ഇംഗ്ലീഷ്കാർക്കു് ഇപ്പോൾ സിംഗപ്പൂർ എത്ര പ്രധാനമാണോ അത്ര പ്രധാനമായിരുന്നു പോർട്ടുഗീസുകാർക്കു് അപ്പോൾ മലാക്കാ. അന്നു മലാക്കായ്ക്കു വാണിജ്യപരമായും മറ്റുമുണ്ടായിരുന്ന സ്ഥാനത്തെ സിംഗപ്പൂർ ഇന്നു് അപഹരിച്ചിരിക്കുന്നു.

അന്നു പൌരസ്ത്യരാജ്യങ്ങളിൽ പോർട്ടുഗീസുകാർ ഉപനിവേശിക്കുകയോ സഞ്ചരിക്കുകയോ ചെയ്ത ദേശങ്ങളിലെല്ലാം ഫ്രാൻസിസ്സിന്റെ കീർത്തി വ്യാപിച്ചിരുന്നു. അദ്ദേഹം 'കൊറോമൻഡൽ' കപ്പലിൽ വരുന്നുവെന്നുള്ള വാർത്ത എങ്ങനെയോ മുൻകൂട്ടി മലാക്കായിൽ അറിയുകയും പോർട്ടുഗീസുകാർ, ജാവാക്കാർ, മലയാക്കാർ, ഹിന്ദുക്കൾ, അറബികൾ, ചീനന്മാർ തുടങ്ങി അവിടത്തെ നി

വാസികളായ സകലജാതിമതസ്ഥരും അദ്ദേഹത്തെ സ്വീകരിക്കുന്നതിനു തുറമുഖത്തു സന്നിഹിതരാകുകയും ചെയ്തു. അദ്ദേഹം കരയ്ക്കിറങ്ങിയപ്പോൾ, "പുണ്യവാനായ പാദ്രി ഇതാ," എന്ന ആർപ്പുവിളി സർവ്വത്ര മുഴങ്ങി. അദ്ദേഹത്തിന്റെ ആശിസ്സും ദർശനവും സ്പർശനവും ലഭിക്കുന്നതിന് ഉൽക്കണ്ഠിതരായി അഹമഹമികയാ തിക്കിക്കയറിയ ബാലികാബാലന്മാരാലും, ശിശുക്കളെ വഹിച്ചിരുന്ന മാതാക്കളാലും ധാത്രികളാലും അദ്ദേഹം ഉപരോധിക്കപ്പെട്ടു. അദ്ദേഹം കുഞ്ഞുങ്ങളെ കരങ്ങളിലെടുക്കുകയും തലയുഴിഞ്ഞു ചുംബിച്ചാശീർവ്വദിക്കുകയും ചെയ്തപ്പോൾ അവരുടെ ശരിയായ പേരുകൾ പറഞ്ഞു വിളിക്കുകയും, അവിടെ കൂടിയിരുന്ന സ്ത്രീപുരുഷന്മാരോടു സ്വാഭാവികമായി യാതൊരു പ്രകാരത്തിലും അദ്ദേഹത്തിന് അറിയാൻ നിവൃത്തിയില്ലാതിരുന്ന പല സംഗതികളെയുംപറ്റി സംസാരിക്കുകയുംചെയ്തതു കേട്ട് എല്ലാവരും അത്ഭുതപരതന്ത്രരായി എന്നു പറയപ്പെടുന്നു. മലാക്കായിൽ അദ്ദേഹം കരയ്ക്കിറങ്ങിയ സ്ഥാനത്താണ് ഇപ്പോൾ ദീപസ്തംഭം നില്ക്കുന്നതു്.

ഫ്രാൻസിസ്സ് മലാക്കായിൽ വന്നുചേരുന്നതിനു മുൻപു് അവിടത്തെ അധികാരിയുടെ ഉത്തരവനുസരിച്ച് ഒരു ഫ്രാൻസിസ്കൻവൈദികനും അവൈദികരായ ഏതാനും പോർട്ടുഗീസുകാരും മക്കാസർദ്വീപിലേക്ക് അഭിനവക്രിസ്ത്യാനികളെ വേദം പഠിപ്പിക്കാൻ പോയിരുന്നു. അവരെക്കൊണ്ടുപോയ കപ്പൽ മടങ്ങിവരുന്നതുവരെ മലാക്കായിൽതന്നെ താമസിക്കുന്നതിന് അദ്ദേഹം നിശ്ചയിച്ചു. ഉദ്ദിഷ്ടമായ ആ പ്രവർത്തനരംഗത്തിലേക്ക് ഉടനെ പുറപ്പെടുന്നതിനു കാലാവസ്ഥ അനുകൂലിച്ചതുമില്ല. നഗരാധികാരിയായ ഗാർസ്യായും ഇടവക വൈദികനായ ഫാദർ മാർട്ടിനെസും ഒരു ധനാഢ്യനായ ഡിയോഗോ പെരേരയും താന്താങ്ങളുടെ അതിഥിയായി താമസിക്കു

ന്നതിന് അദ്ദേഹത്തോട് അപേക്ഷിച്ചുവെങ്കിലും, അദ്ദേഹം പതിവനുസരിച്ച ജോൺ ഡി എയിറോവിനോടൊന്നിച്ച്, ആശുപത്രിയോട് ചേർന്നുള്ള ഒരു കുടിലിലത്രെ താമസമാക്കിയത്.

അക്കാലത്ത് ഏഷ്യായിലെ സമ്പത്തു മുഴുവനും മലാക്കായിലേക്ക് അനസ്യൂതമായി പ്രവഹിച്ചുകൊണ്ടിരുന്നു. നഗരത്തിന്റെ സമ്പൽസമൃദ്ധിയോടൊപ്പം അവിടെ ദുർമ്മാർഗ്ഗപ്രസക്തിയും ധനതൃഷ്ണയും വർദ്ധിച്ചുവന്നു. പോർട്ടുഗീസുകാരുടെ മതപരമായ അജ്ഞത അപരിമിതമായിരുന്നു; വോദോപദേശം എന്തെന്ന് അവർ അറിഞ്ഞിരുന്നില്ല. ആ സ്ഥിതിക്ക് അവർ വയ്യാട്ടികളായിതാമസിപ്പിച്ചിരുന്ന സ്ത്രീകൾ ജ്ഞാനസ്നാനം സ്വീകരിച്ച നാമമാത്ര ക്രിസ്ത്യാനികളായിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. വ്യഭിചാരജീവിതം ഉത്സർഗ്ഗവും മുറപ്രകാരം വിവാഹം ചെയ്യുള്ള ജീവിതം അപവാദവുമായിരുന്നു. ഫ്രാൻസിസ്കോ ഗോവായിൽ കണ്ട സകല അഴിമതികളും മ്ലേച്ഛതകളും മലാക്കായിൽ കൂടെക്കൂടി ഉച്ചാരണംചെയ്തിതമായും ജുഗുപ്സാവഹമായും പടർന്നിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ അവിശ്രമമായ ധർമ്മശുശ്രൂഷയുടെ ആവശ്യകത അവിടെ ധാരാളമായി ഉണ്ടായിരുന്നു. അദ്ദേഹം 1545 നവംബർ 10-നു പോർട്ടുഗലിലേക്ക് എഴുതിയ ഒരു കത്തിൽ തന്റെ അനുദിനകൃത്യങ്ങളെപ്പറ്റി ഇപ്രകാരം പ്രസ്താവിക്കുന്നു: "എല്ലാ ഞായറാഴ്ചകളിലും ഞാൻ ഇവിടത്തെ പ്രധാന ദേവാലയത്തിൽ പ്രസംഗിക്കുന്നു..... ദിവസംതോറും ഒരു മണിക്കൂറൊ കൂടുതലൊ സമയം ഞാൻ കുട്ടികളെ പ്രാർത്ഥനകൾ പഠിപ്പിക്കുന്നു. ഞാൻ ആശുപത്രിയിൽ താമസിച്ച രോഗികൾക്കു കമ്പുസാരം കൊടുക്കുകയും അവക്കായി ദിവ്യപൂജ അർപ്പിക്കുകയും ദിവ്യകാരുണ്യം വിതരണം ചെയ്യുകയും ചെയ്യുന്നു. കമ്പു

സാരിക്കാൻ വരുന്ന ആളുകളുടെ ആധിക്യത്താൽ ഞാൻ പലപ്പോഴും ക്ഷീണപരവശനായിത്തീരുന്നു. എന്റെ ഇപ്പോഴത്തെ പ്രാധാനമായ ഉദ്യമം മക്കാസറിലെ ജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷയിലേക്കു പ്രാർത്ഥനകളെയും മറ്റും തർജ്ജിമചെയ്യുക എന്നതാണ്. ഭാഷ അറിയാൻ പാടില്ലാതിരിക്കുക വിഷമമായ ഒരു അവസ്ഥയത്രെ."

ഫ്രാൻസിസ്സ് ഗോവായിലെന്നപോലെ ഇവിടെയും ജനങ്ങളുടെ ഇടയിൽ സദ്ധർമ്മം പ്രചരിപ്പിക്കുന്നതിനും സന്മാർഗ്ഗനിഷ്ഠ വർദ്ധിപ്പിക്കുന്നതിനും അക്ഷീണനായി പരിശ്രമിച്ചു. ധർമ്മാർഗ്ഗചാരികളുടെ അതിഥിയായി അവരുടെ സൽക്കാരം സ്വീകരിച്ച് സ്നേഹത്തോടും വിനയത്തോടുംകൂടി അവരോട് ഇടപെട്ട് അവരിൽ പലരുടേയും സ്വഭാവസംസ്കരണവും ജീവിതപരിവർത്തനവും അദ്ദേഹം നിർവഹിച്ചു; അവർ സദാചാരവിരുദ്ധമായി താമസിപ്പിച്ചിരുന്ന സ്ത്രീകളെ യഥായോഗ്യം അവരെക്കൊണ്ടു വിവാഹം ചെയ്യിക്കുകയോ ഉചിതമായ പ്രതിഫലത്തോടുകൂടി അവരിൽനിന്നു പിരിച്ചുവിടുകയോ ചെയ്തു. പൗരസ്ത്യദേശങ്ങളിൽ താമസിക്കുന്നിടത്തോളം കാലം അജയ്യമായ പ്രലോഭനങ്ങൾമൂലം ആത്മാവിന്റെ നാശം തീർച്ചയാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യമായ അനേകം പോർട്ടുഗീസുകാരെ അദ്ദേഹം ഉപദേശിച്ചു യൂറോപ്പിലേക്കു മടക്കി അയച്ചു. അദ്ദേഹത്താൽ അത്ഭുതകരമായി മതപരിവർത്തനം ചെയ്യപ്പെട്ടവരിൽ ഒരാൾ ഒരു യഹൂദാചാര്യനായിരുന്നു. പരിഹസിക്കാനായിമാത്രം അയാൾ ഫ്രാൻസിസ്സിന്റെ ധർമ്മപ്രസംഗങ്ങൾ കേൾക്കുന്നതിനു പലപ്പോഴും ചെന്നിരുന്നു. ഈ വിവരം അറിഞ്ഞു് അദ്ദേഹം അയാളുടെ പരിചയം സമ്പാദിക്കുകയും അവർതമ്മിൽ അടിക്കടി ഉണ്ടായ സൗഹാർദ്ദപൂർവ്വകമായ വാദപ്രതിവാദങ്ങളുടെ ഫലമായി അയാൾ ക്രിസ്തുമതം സ്വീ

കരിക്കുകയും ചെയ്യു. ഇങ്ങനെ പകൽമുഴുവനും അദ്ദേഹം രോഗികളെയും പാപികളെയും പരിചരിക്കുന്നതിലും മണി കിലുക്കിക്കൊണ്ടു തെരുവീഥികൾതോറും നടന്നു കുട്ടികളെ വിളിച്ചുകൂട്ടി വേദോപദേശം പഠിപ്പിക്കുന്നതിലും അശ്രാന്തം വ്യാപൃതനായിരുന്നശേഷം രാത്രികാലങ്ങൾ കഴിച്ചുകൂട്ടിയ വിധം ദുക്സാക്ഷികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. സഹചാരികളെല്ലാം ഉറങ്ങിയശേഷം അദ്ദേഹം സചവസതിക്കടുത്തുണ്ടായിരുന്ന ഒരു് ഏകാന്തമായ ചെറുകുടിലിൽ പോയി ഏറെനേരം ഒരു കുരിശുരൂപത്തിന്റെ മുമ്പാകെ മുട്ടുകുത്തി ഉത്ക്ഷിപ്തബാഹുവായിനിന്നു പ്രാർത്ഥിക്കുമായിരുന്നു. അതിനുശേഷം നിദ്രാധീനനാകുമ്പോൾ അവിടെ വിരിച്ചിരുന്ന കയറുപായിൽ ഒരു ശിലാഖണ്ഡം തലയണിയായി ഉപയോഗിച്ചു് അല്പനേരം മാത്രം അദ്ദേഹം വിശ്രമിക്കും. നേരം വെളുക്കുന്നതിനുമുൻപു് എഴുന്നേറ്റു പള്ളിയിൽ പോയി ദിവ്യപൂജ ചെയ്യുകയും ഉഷഃകാലജപങ്ങൾ ചൊല്ലുകയും ചെയ്യും. ഭക്തശ്രേഷ്ഠനായ ഈ ധർമ്മദൂതൻ അചിരേണ മലാക്കാനിവാസികളായ സകലജാതിമതസ്ഥരുടെയും സ്നേഹാദരങ്ങൾക്കു പാത്രീഭവിച്ചതിൽ അത്ഭുതത്തിനു വകയില്ല. ധനാഢ്യനായ ഡിയോഗോ പെരേര തൊപ്പികൈയിലെടുത്തു നമ്രശിരസ്കനായിമാത്രമേ അദ്ദേഹത്തോടു സംസാരിക്കുമായിരുന്നുള്ളൂ. മുഹമ്മദീയരും ഹിന്ദുക്കളും പോലും അദ്ദേഹത്തെ തെരുവീഥികളിൽവച്ചു കാണുമ്പോൾ 'പരിശുദ്ധപിതാവു്' എന്നു് അഭിസംബോധനം ചെയ്യുകയും അദ്ദേഹത്തിന്റെ കരങ്ങളെ ചുംബിക്കുകയും ചെയ്തു; അവർ അദ്ദേഹം ദൈവസന്നിധിയിൽ വഹിക്കുന്ന മാദ്ധ്യസ്ഥ്യത്തിന്റെ അമോഘതയിൽ വിശ്വസിക്കുകയും അവരുടെ രോഗികളായ ബന്ധുമിത്രങ്ങൾക്കുവേണ്ടി അദ്ദേഹത്തിന്റെ പ്രാർത്ഥനയെ അപേക്ഷിക്കുകയുംചെയ്തു

മലാക്കായിലെ ഏതദ്ദേശീയരുടെ ഇടയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിന് ഫ്രാൻസിസ്സ് അധികമായി ശ്രമിച്ചില്ല. പോർട്ടുഗീസുകാരുടെ മതവും സന്മാർഗ്ഗവും ശരിപ്പെടുത്തുന്നതിനുതന്നെ അദ്ദേഹത്തിന്റെ ശക്തിയും സമയവും പൂർണ്ണമായി വിനിയോഗിക്കേണ്ടിവന്നു. ഗോവായിലെന്നപോലെ ഇവിടെയും ഈ യൂറോപ്യൻക്രിസ്ത്യാനികളുടെ ക്രൈസ്തവോചിതമല്ലാത്ത മ്ലേച്ഛജീവിതവും ദുർമ്മാതൃകയും അദ്ദേഹത്തിന്റെ ധർമ്മോദ്യോഗത്തിന്റെ വിജയത്തിനു ദുസ്തരമായ പ്രതിബന്ധമായിത്തീർന്നു. പൌരസ്ത്യദേശങ്ങളിലുള്ള മറേറതു നഗരത്തിലും ചെയ്തതിൽക്കൂടുതൽ ധർമ്മസേവനം അദ്ദേഹം മലാക്കായിൽ ചെയ്യുവെങ്കിലും, അതു് അദ്ദേഹത്തിന്റെ ഏറേറവും പ്രത്യാശങ്ങളും പ്രധാനങ്ങളുമായ ചില അനുഭവങ്ങളുടെ പ്രവർത്തനരംഗമായിരുന്നുവെങ്കിലും, അവിടത്തെ പോർട്ടുഗീസുകാരെ നിർദ്ദോഷം നന്നാക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. പ്രാമാണികന്മാരായ ലൗകികന്മാർമാത്രമല്ല ചില വൈദികശ്രേഷ്ഠന്മാർപോലും അദ്ദേഹത്തിന്റെ ധർമ്മോപദേശങ്ങളെ തിരസ്കരിച്ചു തങ്ങളുടെ സന്മാർഗ്ഗവിരുദ്ധമായ ജീവിതത്തെ സച്ഛന്ദം തുടർന്നു. സാധാരണജനങ്ങൾ അദ്ദേഹത്തെ ബഹുമാനിച്ചുവെങ്കിലും ഈ വലിയ ആളുകളുടെ ദുഷ്ടാന്തത്തിന്റെ ദുഷ്പ്രേരണയിൽനിന്ന് അവരെ മോചിപ്പിക്കുക അദ്ദേഹത്തിനു സുസാധമായിരുന്നില്ല. അദ്ദേഹം സ്വസ്വാമിയായ ക്രിസ്തുവിനെപ്പോലെ, വിമതസ്ഥനായ പീലാത്തോസിനോടു സംഭാഷണം ചെയ്യുന്നതിന് ആഭിമുഖ്യം പ്രദർശിപ്പിച്ചുവെങ്കിലും തന്റെ അപദാനങ്ങൾ കണ്ടു രസിക്കുന്നതിനുമാത്രം ഉത്സുകരായിരുന്ന ദുർമ്മാർഗ്ഗാചാരികളും ഭോഗലോലുപരുമായ ഹെറോദോസ്, കൈഫാസ് പ്രഭൃതികളുടെ മുൻപാകെ മൂകത്വം അവലംബിക്കേണ്ടിവന്നു.

അപ്പോസ്തലന്മാർക്ക് അവരുടെ ഉപദേശങ്ങളെ ചെവി ക്കൊള്ളാത്ത ജനങ്ങളോട് യാത്രപറയേണ്ട വിധത്തെപ്പ റ്റി ക്രിസ്തു നല്കിയ നിർദ്ദേശമനുസരിച്ചു തന്റെ പാ ദങ്ങളിലെ പൊടി തട്ടിക്കളഞ്ഞുകൊണ്ട് നിർവ്വേദപൂർ വം അദ്ദേഹം മലാക്കാ അവസാനമായി വിട്ടതു നമു ക്കു കാണാം.

മലാക്കായിലെ പോർട്ടുഗീസുകാരുടെ ശാഠ്യ ഒട്ടും ക്ഷമവ്യമല്ലാതായിത്തീരുകയാൽ ഒട്ടുവളരെ അത്ഭു തങ്ങൾ ഫ്രാൻസിസ്സ് അവിടെ പ്രവർത്തിച്ചു. അദ്ദേഹ ത്തിന്റെ കരാഗ്രങ്ങൾവഴി ആരോഗ്യപ്രദായകശക്തി നാലുപാടും പ്രസരിച്ചു. മലാക്കായിൽ അദ്ദേഹത്തിന്റെ കരസ്പർശം സിദ്ധിച്ച സകല രോഗികളും അത്ഭുതകരമാ യി സുഖം പ്രാപിച്ചുവെന്നു പറയപ്പെടുന്നു. അദ്ദേഹം അവിടെ പ്രവർത്തിച്ച ഒരു പ്രധാനമായ അത്ഭുതം മരി ച്ചടക്കി മൂന്നു ദിവസം കഴിഞ്ഞ ഒരു പെൺകുട്ടിയെ പു നരുജ്ജീവിപ്പിച്ചതാണ്. അവൾ സുഖക്കേടായിക്കിട ന്നപ്പോൾ അദ്ദേഹം പട്ടണത്തിലില്ലായിരുന്നു. അവൾ മരിച്ചു മൂന്നു ദിവസം കഴിഞ്ഞപ്പോൾ മടങ്ങിവന്ന അ ദ്ദേഹത്തെ അവളുടെ അമ്മ, മാർത്താ ക്രിസ്തുവിനെ എന്ന പോലെ, സമീപിച്ചു, അദ്ദേഹം അവിടെ ഉണ്ടായിരു ന്നുവെങ്കിൽ തന്റെ കുട്ടി മരിക്കുകയില്ലായിരുന്നുവെന്നും അപ്പോഴും അദ്ദേഹം വിചാരിച്ചാൽ കുട്ടിയെ ജീവിപ്പി ക്കാൻ കഴിയുമെന്നും വിശ്വാസപൂർവ്വം പറഞ്ഞു. അമ്മ ടെമാത്രം ക്രിസ്തുമതം സ്വീകരിച്ച ആ സാധുസ്ത്രീയുടെ വി ശ്വാസദാർഢ്യം കണ്ട സന്തോഷഭരിതനായി അദ്ദേഹം അവളുടെ അപേക്ഷ സാധിച്ചുകൊടുക്കുന്നതിന് ദൈവ ത്തോട് അല്പനേരം ഏകാഗ്രമായി പ്രാർത്ഥിച്ചു. അന ന്തരം കുട്ടി പുനരുജ്ജീവിച്ചിട്ടുണ്ടെന്ന് ഉറപ്പായി. അവ ളോട് പറഞ്ഞിട്ട് അദ്ദേഹം അവളെ പോകാൻ അ

ജ്ഞാപിച്ചു. "പോയി ശവകുടീരം തുറന്നു നോക്കുക; അവൾ ജീവനോടുകൂടിയിരിക്കുന്നതു നീ കാണും." ഒരു സംഘം ആളുകളാൽ അനുഗതയായി അവൾ പോയി ശവകുടീരം തുറക്കുകയും അവളുടെ മകൾ പുനരുത്ഥാനം ചെയ്കയും ചെയ്തു. തന്റെ ഉദ്യോഗത്തിന്റെ ദിവ്യത്വത്തിനു സാക്ഷ്യം വഹിക്കുന്ന ഏതാദൃശങ്ങളായ ഒട്ടുവളരെ അത്ഭുതങ്ങൾ തന്റെ ഇതര സേവനരംഗങ്ങളിലെന്നപോലെയോ കൂടുതലായോ മലാക്കായിലും അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ അത്ഭുതസിദ്ധികളിൽ ഏറ്റവും ഗണനീയമായിരുന്നതു പഠിക്കുന്നതിനുള്ള യാതൊരു ശ്രമവും കൂടാതെ അന്യഭാഷകൾ സംസാരിക്കുകയും സ്വഭാഷയിലുള്ള തന്റെ പ്രസംഗം ശ്രോതാക്കളെ അവരവരുടെ ഭാഷയിൽ ഗ്രഹിപ്പിക്കുകയും ചെയ്യുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന ദിവ്യശക്തിയായിരുന്നു. ഈ സിദ്ധി അദ്ദേഹത്തിന് എപ്പോഴും ഉണ്ടായിരുന്നില്ലെന്ന് അദ്ദേഹം പലപ്പോഴും ദ്വിഭാഷികളുടെ സാഹായ്യം അവലംബിക്കുകയും പുതിയ ഭാഷകൾ പഠിക്കുന്നതിനു ക്ലേശിക്കുകയും ചെയ്തുകാണുന്നതിൽനിന്നു സ്പഷ്ടമാണ്. എങ്കിലും തെക്കെഇൻഡ്യയിലും ജപ്പാനിലും വച്ചെന്നപോലെ മലാക്കായിൽവച്ചും ചില സന്ദർഭങ്ങളിൽ ഈ അനുഗ്രഹവിശേഷം അദ്ദേഹം പ്രകടിപ്പിച്ചുവെന്നു ചരിത്രപ്രസിദ്ധമാണ്. "നവജാതമായ തിരുസഭയിൽ അപ്പോസ്തലന്മാരുടെ ഉദ്യോഗത്തെ സ്ഥിരീകരിക്കുന്നതിനായി ഈശ്വരൻ അനവധിച്ച അടയാളങ്ങളും അത്ഭുതങ്ങളും അദ്ദേഹം തന്റെ ഉപാസകനായ ഫ്രാൻസിസ്സിലും സസന്തോഷം ആവർത്തിച്ചു.....അജ്ഞാതങ്ങളായ ഭാഷകൾ പഠിക്കാതെ പെട്ടന്ന് സംസാരിക്കുന്നതിനുള്ള അനുഗ്രഹവിശേഷം അദ്ദേഹത്തിനുണ്ടായിരുന്നു" എന്ന് അദ്ദേഹത്തെ പുണ്യവാനെന്നു പ്രഖ്യാപ

നംചെയ്ത മാപ്പ്പ്പായുടെ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ഗോവായിൽനിന്ന് ഒക്ടോബർമാസത്തിൽ വന്ന കപ്പലിൽ ഫ്രാൻസിസ്സിനു യൂറോപ്പിൽനിന്നും ഇൻഡ്യയിൽനിന്നും അയക്കപ്പെട്ട അനേകം എഴുത്തുകളുണ്ടായിരുന്നു. ഇഗ്നേഷ്യസ് 27 മാസങ്ങൾക്കുമുൻപു 1543 ജൂലൈയിൽ സംഘത്തിന്റെ അഭിവൃദ്ധിയെ വിവരിച്ചെഴുതിയ കത്തു് ഇപ്പോഴായിരുന്നു ഫ്രാൻസിസ്സിനു കിട്ടിയതു്. പീറ്റർ ഫേബർ ജർമ്മനിയിൽ പ്രോട്ടസ്റ്റന്റു മതനവീകരണപ്രസ്ഥാനത്തിനു് എതിരായി താൻ ചെയ്തുവന്ന ധർമ്മസേവനങ്ങളെ വിവരിച്ചു് 1544 ആരംഭത്തിൽ എഴുതിയ രണ്ടു എഴുത്തുകളും ബ്രോയെറു് എഴുതിയ ഒരു എഴുത്തും ഈ മെയിലിലുണ്ടായിരുന്നു. ആനന്ദാശ്രുക്കൾ പൊഴിച്ചുക്കൊണ്ടായിരുന്നു സേവ്യർ ഈ എഴുത്തുകൾ വീണ്ടും വീണ്ടും വായിച്ചതു്. അവയിലെ ഒപ്പുകൾ വെട്ടിയെടുത്തു് ഒരു നിധിയെന്നവണ്ണം അദ്ദേഹം സൂക്ഷിച്ചു. ജോൺകസ്സ്രോ എന്ന പുതിയ വൈസ്രോയിയോടുകൂടി മൂന്നു ജസ്യൂട്ടവൈദികർ പുതുതായി ഗോവയിൽ വന്നുചേർന്നുവെന്നു് അവിടെനിന്നു വന്ന എഴുത്തുകൾമുഖേന അദ്ദേഹം അറിഞ്ഞു. നിക്കോലാസു ലാൻസിലോട്ടി (ഇറ്റാലിയൻ) അൻറോണ്യോ ക്രിമിനലെ (ഇറ്റാലിയൻ) ജോൺ ബെയിറാ (സ്പെയിൻകാരൻ) എന്നീ മൂന്നുപേരായിരുന്നു ഫ്രാൻസിസ്സിനുശേഷം ആദ്യമായി ഇൻഡ്യയിൽ വന്ന ജസ്യൂട്ടസംഘാംഗങ്ങൾ. ഈ സന്ദർഭത്തിൽ ഫ്രാൻസിസ്സു് പൌരസ്ത്യദേശങ്ങളിലെ ജസ്യൂട്ടസന്യാസികളുടെ മേലാവായി നിയമിക്കപ്പെട്ടു. അതനുസരിച്ചു് അൻറോണ്യോ ക്രിമിനലെയെയും ജോൺ ബെയിറായെയും കന്യാകുമാരിയിൽ മൻസില്ലാസിന്റെ സഹപ്രവർത്തകന്മാരായും ലാൻസിലോട്ടിയെ ഗോവാസെ

മിനാരിയിലെ അദ്ധ്യാപകനായും നിയമിച്ചു് അദ്ദേഹം അവക്കു് എഴുതിയയച്ചു.

ഫ്രാൻസിസ്സു് മലാക്കായിൽ താമസിച്ച ഈ നാലു മാസത്തിനിടയ്ക്കു മലയാദേശത്തിലെയും മൊളുക്കാസു തുടങ്ങിയ ദ്വീപുകളിലെയും സ്ഥിതിഗതികളെപ്പറ്റി പല അറിവുകളും സമ്പാദിച്ചു. വിശാലമായ മലയാ ഉപദ്വീപു മുഴുവനും ദുഷ്പ്രവേശമായ ഒരു ഘോരവനത്താൽ ആവൃതമായിരുന്നു. അതിന്റെ പൂർവ്വതീരത്തു് ഏതാനും തുറമുഖങ്ങളുണ്ടായിരുന്നതു് മഹമ്മദീയക്കു് അധീനമായിരുന്നു. സുമാത്രാ, ജാവാ, ബോർണ്ണിയോ, എന്നീ മഹാദ്വീപുകളും മുഹമ്മദീയരാജാക്കന്മാരാൽ ഭരിക്കപ്പെട്ടിരുന്നു. ഈ പ്രദേശങ്ങളിലെയെല്ലാം ജനങ്ങളും മുഹമ്മദമതാവലംബികളുമായിരുന്നു. ബോർണ്ണിയോയ്ക്കു കിഴക്കുള്ള അമ്പോയിനാ, ബന്ദാ തുടങ്ങിയ മൊളുക്കാദ്വീപുകളിലും സെലിബിസിലും (മക്കാസർ) മുഹമ്മദമതം പ്രചരിച്ചിരുന്നില്ല. അവിടത്തെ ജനങ്ങളും പുരോഹിതനേതൃത്വമില്ലാത്ത സൂര്യാരാധകരായിരുന്നു. 1511-ൽ അല്ബുകർക്കു് മലാക്കാ കീഴടക്കിയശേഷം ഈ ദ്വീപുകളും കണ്ടുപിടിക്കുന്നതിനായി മൂന്നു കപ്പലയച്ചു. അവയിൽ രണ്ടു വിലയേറിയ സുഗന്ധദ്രവ്യങ്ങളും നിറയെക്കയറ്റിക്കൊണ്ടു മടങ്ങിവന്നു; ഒന്നു നശിച്ചു് അമ്പോയിനായുടെ തീരത്തു് അടിച്ചേറി. അതിലെ സാംയാത്രികർക്കു റെറർ നേറിലെ രാജാവു് സ്വാഗതം നല്കുകയും അപ്പോൾമുതൽ ആ രാജാവും പോർട്ടുഗീസുകാരും തമ്മിൽ വാണിജ്യബന്ധം ഉത്ഭവിക്കുകയും ചെയ്തു. അതിനെത്തുടർന്നു് ആണ്ടുതോറും പോർട്ടുഗീസുകാർ കച്ചവടസംബന്ധമായി ആ ദ്വീപുകളിൽ പോയിക്കൊണ്ടിരുന്നു. 1521-ൽ സ്പെയിൻകാർ ഈ ദ്വീപുകളുമായുള്ള കച്ചവടം കൈവശപ്പെടുത്തുന്നതിനായി പോർട്ടുഗീസുകാരോടു മത്സരിച്ചു.

ആ മത്സരത്തിൽ പോർട്ടുഗീസുകാർ ജയിക്കുകയും പ്രസ്തുത ദ്വീപുകളിൽ വാണിജ്യപരമായി അവരുടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. 1536-ൽ അൽറാബ്യോഗല്വായോ ഗവർണറായതോടുകൂടി പോർട്ടുഗീസുകാരുടെ പ്രാബല്യം ഈ ദേശങ്ങളിൽ വളരെ വർദ്ധിച്ചു. അദ്ദേഹത്തിന്റെ കാലത്തായിരുന്ന അവിടെ ക്രിസ്തുധർമ്മപ്രചാരണം സംഘടിതമായി ആരംഭിച്ചതു്. ഈ ദ്വീപുകളിൽ ഒട്ടുവളരെ ജനങ്ങളും അനേകം പ്രഭുക്കന്മാരും രാജാക്കന്മാരും ക്രിസ്തുമതം സ്വീകരിച്ചു. പക്ഷേ അവരെ ക്രിസ്തുമതതത്ത്വങ്ങൾ പഠിപ്പിക്കുന്നതിനും അവരുടെ ആത്മീയനേതൃത്വം വഹിക്കുന്നതിനും വൈദികർ ഉർല്ലഭമായിരുന്നു. മക്കാസറിൽ ആഗസ്റ്റ്മാസത്തിൽ പോയിരുന്ന ഫ്രാൻസിസ്കൻവൈദികനും സഹകാരികളും അവിടത്തെ പുതു ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ തൃപ്തികരമായി നിർവ്വഹിക്കുന്നുണ്ടായിരുന്നുവെന്നു ഫ്രാൻസിസ്സ് അറിഞ്ഞു. എന്നാൽ അമ്പോയിനായിലെയും റെർനേറയിലെയും ക്രിസ്ത്യാനികൾ അനാഥരായിരുന്നു. അതുകൊണ്ടു സേവിയർ മക്കാസറിൽ പോകുകയെന്ന പരിപാടി ഭേദപ്പെടുത്തി അമ്പോയിനായിലേക്കു പോകാൻ തീർച്ചപ്പെടുത്തി. 1546 ജനുവരി 1-നു- പുറപ്പെടണമെന്നും അദ്ദേഹം തീരുമാനിച്ചു. അതിനു മുൻപു പുതിയ ഒരു മഹാസാമ്രാജ്യം അദ്ദേഹത്തിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചു. 1520-ൽ അക്രമിയായ ഒരു പോർട്ടുഗീസു നാവികൻ കാൻറൺനഗരത്തെ ആക്രമിച്ചു കൊള്ളയിടുകയും ഒരു ചൈനീസുപ്രഭുവിനെ ഉപദ്രവിക്കുകയും ചെയ്തതുമുതൽ ചൈനായിൽ യൂറോപ്യന്മാക്കു പ്രവേശനം നിരോധിക്കപ്പെട്ടിരുന്നു. എങ്കിലും ചീനന്മാരും പോർട്ടുഗീസുകാരും കാൻറൺനദിയുടെ മുഖത്തു സ്ഥിതിചെയ്യുന്ന സഞ്ചിയാൻദ്വീപിൽ സമാഗ

മിക്കുകയും അവർതമ്മിൽ കച്ചവടം നടന്നുവരികയുംചെയ്തു. അവിടെനിന്നു മടങ്ങിവന്ന ഒരു സാംയാത്രികനെ സേവിയർ മലാക്കായിൽവച്ചു കണ്ടു. ചൈനായുടെ മദ്ധ്യഭാഗത്തു മറ്റുള്ളവരോടു സംസർഗ്ഗമില്ലാതെ ഒഴിഞ്ഞുമാറിത്താമസിക്കുന്നവരും പന്നിയിറച്ചി ഉപയോഗിക്കാത്തവരും മറ്റു പല ആചാരവിശേഷങ്ങളോടുംകൂടിയവരുമായ ഒരുകൂട്ടം ജനങ്ങളെപ്പറ്റി അയാൾ അദ്ദേഹത്തോടു പറഞ്ഞു. എന്നാൽ അവർ മുഹമ്മദീയരല്ലായിരുന്നു; പക്ഷേ യഹൂദന്മാരോ ക്രിസ്ത്യാനികളോ ആയിരുന്നിരിക്കണം. തോമ്മസ്സ് അപ്പോസ്തലൻ ചൈനയിലും ക്രിസ്തുമതം പ്രസംഗിച്ചിരുന്നുവെന്നു കേരളീയ ക്രിസ്ത്യാനികളുടെ ഇടയിൽ ഒരു പാരമ്പര്യമായ വിശ്വാസമുണ്ടല്ലോ. ഫ്രാൻസിസ്സ് ജിജ്ഞാസാഭരിതനായി ചൈനായെപ്പറ്റി കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു് അറിഞ്ഞുകൊണ്ടുവരുന്നതിനു പോർട്ടുഗീസു കച്ചവടക്കാരോടു പ്രത്യേകം ഏർപ്പാടുചെയ്തു.

1546 ജനുവരി 1-നു- ജോൺ ഡി എയിറോവിനോടുകൂടി ഫ്രാൻസിസ്സ് മലാക്കായിൽനിന്നു ബന്ദാദ്വീപുകളിലേക്കു പോകുന്ന കപ്പലിൽ കയറി.

അദ്ധ്യായം പന്ത്രണ്ട്

മൊളൂക്കാ ദ്വീപുകളിൽ.

ഫ്രാൻസിസ്സ് സേവിയർ കയറിയ കപ്പൽ ബന്ദാ ദ്വീപിലേക്കു പോകുന്നതായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ തൽക്കാലലക്ഷ്യം അതിനിപ്പുറമുള്ള അമ്പോയിനാ ആയിരുന്നു. കടൽക്കള്ളന്മാരുടെ ശല്യവും ജലാശയത്തിന്റെ ഉത്താനതയും പാറക്കെട്ടുകളും മണൽത്തിട്ടകളും നിമിത്തം വളരെ ആപൽക്കരമായിരുന്ന ഈ യാത്രയിൽ അദ്ദേഹം പതിവനുസരിച്ചു യാത്രക്കാരെ ധൈര്യപ്പെടുത്തുന്നതിലും അവരുടെ ഇടയിൽ ധർമ്മപ്രചാരണം ചെയ്യുന്നതിലും രോഗികളെ ശുശ്രൂഷിക്കുന്നതിലും ഏർപ്പെട്ടു. അവരിൽ വളരെപ്പേരെ അദ്ദേഹം ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്തു ജ്ഞാനസ്നാപനംചെയ്തു. അഭ്യസിക്കാതെ അന്യ ഭാഷകൾ സംസാരിക്കുന്നതിനും സ്വഭാഷയിൽ പറയുന്നതു് ശ്രോതാക്കളെ അവരവരുടെ ഭാഷകളിൽ ഗ്രഹിപ്പിക്കുന്നതിനുമുള്ള അത്ഭുതസിദ്ധി അദ്ദേഹം ഈ ഘട്ടത്തിലും പ്രകടിപ്പിച്ചിരുന്നുവെന്നു ദൃക്സാക്ഷികൾ രേഖപ്പെടുത്തിയിട്ടുണ്ടു്. കപ്പൽ മലാക്കായിൽനിന്നു പുറപ്പെട്ടിട്ടു് ഒന്നര മാസം കഴിഞ്ഞിട്ടും യാതൊരു കരയും ദൃശ്യമായിരുന്നില്ല. കാറ്റിന്റെ ശക്തിയുതിരേകത്താൽ കപ്പൽ അമ്പോയിനാ കടന്നുപോയിരിക്കണമെന്നും അവിടേക്കു മടങ്ങിവരിക ദുസ്സാധമാണെന്നും കപ്പിത്താൻ ഭയപ്പെട്ടു. അടുത്ത ദിവസം അവർ അമ്പോയിനായുടെ കര കാണുമാറാകുമെന്നു പ്രവചിച്ചു് ഫ്രാൻസിസ്സു് അയാളെ ധൈര്യപ്പെടുത്തി. അടുത്ത പ്രഭാതത്തിൽ ആ ദ്വീപിലെ മലകൾ കാണപ്പെട്ടു. ഫ്രാൻസിസ്സും ഡി

എയിറോയും അറൌജ് എന്ന ഒരു പോർട്ടുഗീസു കച്ച വടക്കാരനും ഒരു ചെറിയ വള്ളത്തിൽ കയറി കരയ്ക്കിറ ങ്ങുകയും കപ്പൽ യാത്ര തുടരുകയും ചെയ്തു. (1546 ഫെ ബ്രുവരി 14-ന-).

ഉദ്ദേശം 90 മൈൽ ചുറ്റളവുള്ള ഒരു ദ്വീപായിരു ന്ന അമ്പോയിനാ. മുഹമ്മദീയരുടെ ആക്രമണത്തിൽ നിന്നു രക്ഷപ്രാപിക്കുന്നതിനായി 1538-ൽ അവിടത്തെ ജനങ്ങൾ റെർണേറയിലെ പോർട്ടുഗീസുകാരുടെ സാ ഹായ്യം അഭ്യർത്ഥിച്ചതനുസരിച്ച് പോർട്ടുഗീസുകാർ അവ രെ സഹായിക്കുകയും അവരുടെ ഏഴു ഗ്രാമങ്ങൾ ക്രിസ്തു മതം സ്വീകരിക്കുകയും ചെയ്തിരുന്നു. ശത്രുക്കളെ ഭയന്ന് ഈ ഗ്രാമവാസികളിൽ അധികപേരും ഉൾനാട്ടിലുള്ള മ ലംഭാഗങ്ങളിൽ പോയിത്താമസിച്ചു. അവിടെ ഉണ്ടാ യിരുന്ന ഏക വൈദികൻ കുറേക്കാലംമുൻപു മരിച്ചുപോ യിരുന്നു. ഫ്രാൻസിസ്സ് ഉയർന്നമലകളായ മലയിടുക്കുകളും വൻകാടുകളും കടന്ന് ഈ ക്രൈസ്തവഗ്രാമങ്ങളെ സന്ദർശി ച്ചു കൂടികാണുകയും ജ്ഞാനസ്നാനം നല്കുകയും പ്രായമായ സ്ത്രീപുരുഷന്മാരെ ക്രിസ്തുമതതത്ത്വങ്ങൾ പഠിപ്പിക്കുകയും ചെയ്തു. ഏതദ്ദേശീയരായ ഒട്ടുവളരെപ്പേരെ അദ്ദേഹം ക്രിസ്തുമതത്തിൽ ചേർത്തു. അനേകം ദേവാലയങ്ങൾ അ വിടെ അദ്ദേഹം സ്ഥാപിച്ചു.

ഫ്രാൻസിസ്സ് അമ്പോയിനായിൽനിന്ന് അടുത്തുള്ള സേറം എന്ന ദ്വീപിലേക്കു കടന്നു. ഈ യാത്രയിലായി രുന്ന കുരിശുരൂപം സംബന്ധിച്ച രസകരമായ അത്ഭുതം നടന്നതു്. അന്ന് അദ്ദേഹത്തിന്റെ സഹചരനും ഒരു യുവഭടനുമായിരുന്ന ഫാസ്റ്റോ റൊഡ്രിഗ്സ് 62 സംവ ത്സരങ്ങൾക്കു ശേഷം, 1608-ൽ, വാൽക്കൃകാലത്തു കെബു വിലെ ജസ്യൂട്ടവൈദികരുടെ മുൻപാകെ സത്യംചെയ്തു സമർപ്പിച്ച സാക്ഷിമൊഴിയാണ് അതിന്റെ ചരിത്രീയ

തയ്ക്ക് ആസ്പദമായിട്ടുള്ളതു്. അവർ യാത്രചെയ്ത ചെറുകപ്പൽ വലുതായ ഒരു കൊടുങ്കാറ്റിലകപ്പെട്ടു്; അതു മുങ്ങിപ്പോകുമെന്നു യാത്രക്കാരെല്ലാവരും ഭയപ്പെട്ടു. "അപ്പോൾ ഫാദർ ഫ്രാൻസിസ്സ് ഒരു വിരലോളം നീളമുള്ള ഒരു കുരിശുരൂപം തന്റെ മാർവിടത്തിൽനിന്ന് വലിച്ചെടുത്തു വള്ളത്തിന്റെ ഒരു വക്കിൽ കുനിഞ്ഞു് അതിനെ വെള്ളത്തിൽ താഴ്ത്തിപ്പിടിച്ചു, തന്നെയും കൂട്ടയാത്രക്കാരെയും അപകടത്തിൽനിന്നു രക്ഷിക്കുന്നതിനായിദൈവത്തോടു പ്രാർത്ഥിച്ചു. എന്നാൽ കുരിശുരൂപം എങ്ങനെയോ കൈയിൽനിന്നുതെറ്റി വെള്ളത്തിൽ വീണുപോയി. ഈ നഷ്ടത്തെപ്പറ്റി അദ്ദേഹം വളരെ വ്യസനിക്കുകയും മറ്റുള്ളവരോടു പ്രസ്താവിക്കുകയുംചെയ്തു.....അടുത്ത ദിവസം കരയ്ക്കിറങ്ങിയശേഷം ഫാദർ ഫ്രാൻസിസ്സും ഞാനും കടൽത്തീരത്തുകൂടി തമാനോവിലേക്കു നടന്നു. ഞങ്ങൾ ഉദ്ദേശം അഞ്ഞൂറു വാര നടന്നപ്പോൾ, ഒരു ഞണ്ടു് ആ കുരിശുരൂപവും വഹിച്ചുകൊണ്ടു കടലിൽനിന്നു കയറിവരുന്നതു കണ്ടു. അതു നേരേ ഫാദർ ഫ്രാൻസിസ്സിന്റെ അടുക്കൽ ചെന്നു നിന്നു. ഫ്രാൻസിസ്സ് ഉടൻ മുട്ടുകുത്തി. അദ്ദേഹം കുരിശുരൂപം എടുത്തുകഴിഞ്ഞപ്പോൾ അതു കടലിലേക്കു മടങ്ങിപ്പോയി. ഫ്രാൻസിസ്സ് കുരിശുരൂപത്തെ ചുംബിച്ചിട്ടു നെഞ്ചോടു ചേർത്തുപിടിച്ചു് അര മണിക്കൂർ പ്രാർത്ഥനയിൽ നിമഗ്നനായി നിന്നു." ഈ കുരിശുരൂപം ഇപ്പോഴും മാഡ്റിഡിൽ രാജകീയനിക്ഷേപങ്ങളുടെ കൂട്ടത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുണ്ടു്.

അദ്ദേഹം സേറമിൽ തമിലോ എന്ന ഗ്രാമത്തിൽ എട്ടു ദിവസം താമസിച്ചു ധർമ്മപ്രചാരണം ചെയ്തശേഷം ഒരു ചെറുവള്ളത്തിൽ കയറി അടുത്തുള്ള ദ്വീപുകളിൽ സഞ്ചരിച്ചു. ഈ ദ്വീപുകളെ അധിവസിച്ച ആല്ഫ്രൂ എന്ന കിരാതവർഗ്ഗക്കാർ വിഗ്രഹാരാധകരും മനുഷ്യമാം

സഭക്കുകളുമായിരുന്നു. അവർ ഫ്രാൻസിസ്സിന്റെ ധർമ്മോപദേശത്തോടു് ആഭിമുഖ്യം പ്രദർശിപ്പിച്ചില്ല. ഒരു യുവാവുമാത്രമേ ജ്ഞാനസ്നാനം സ്വീകരിച്ചു അദ്ദേഹത്തെ അനുഗമിച്ചുള്ളൂ.

ഫ്രാൻസിസ്സു് അമ്പോയിനായ്ക്കു മടങ്ങിവന്നപ്പോൾ ഒൻപതു വലിയ കപ്പലുകൾ തുറമുഖത്തു കിടക്കുന്നുണ്ടായിരുന്നു. പോർട്ടുഗീസ് നാവിക സേനാധിപനായ സോസാ റവറോറായാൽ നീതമായ ഈ നൌകാസംഘം 1546 മാർച്ചു് 9-നു- റെർണേറയിൽനിന്നു് അവിടെ എത്തിയിരുന്നു. ന്യൂ സ്പെയിനിൽ (അമേരിക്കയിൽ) നിന്നു നാലുവർഷംമുൻപു ഫിലിപ്പൈൻ ദ്വീപുകളെ കീഴടക്കുന്നതിനായി പുറപ്പെട്ട സ്പാനിഷ് നാവിക സൈന്യം ഭക്ഷണദൌർല്ലഭ്യത്താലും രോഗബാധയാലും പരാജിതമായി മൊളുക്കാസ്സിലെ പോർട്ടുഗീസുകാരെ അഭയം പ്രാപിച്ചു. തനിക്കു അധീനമായ ഈ സ്പാനിഷ് കപ്പലുകളോടുകൂടിയായിരുന്നു റവറോറാ അമ്പോയിനായിൽ വന്നതു്. അവയിലുണ്ടായിരുന്ന മുന്നൂറു് ആളുകളിൽ നൂറിരുപ്പതു പേർ സ്പെയിൻകാരായിരുന്നു. അവരുടെ കൂടെ നാലു് അഗസ്റ്റീനിയൻ സന്ന്യാസിമാരും നാലു കാമ്മികവൈദികരുമുണ്ടായിരുന്നു. വർഷകാലത്തു വിശ്രമിക്കുന്നതിനായിരുന്ന ഈ കപ്പലുകൾ അമ്പോയിനാത്തുറമുഖത്തു് അടുത്തതു്. ഭയങ്കരമായ ഒരു സാംക്രമികരോഗം ഈ നാവികസൈന്യത്തെ ബാധിച്ചു. തുറമുഖത്തിന്റെ തീരം ഒരു ആശുപത്രിയായിപ്പരിണമിച്ചു. സ്പാനിഷ് സേനാധിപൻ ഉൾപ്പെടെ വളരെ ആളുകൾ മരിച്ചു. ഈ രോഗികളെ പരിചരിക്കുന്നതിൽ ഫ്രാൻസിസ് അവിശ്രമം വ്യാപൃതനായി. "ഈ ആളുകൾ എല്ലാവരും അമ്പോയിനായിൽ മൂന്നു മാസം താമസിച്ചു. ഇക്കാലത്തു് എനിക്കു ധാരാളം ജോലിയുണ്ടായിരുന്നു; ഞാൻ ഞായറാ

ഴ്ചകളിലും പെരുനാളുകളിലും ധർമ്മോപദേശം ചെയ്യുകയും, ഇടവിടാതെ കുമ്പസാരം കേൾക്കുകയും, കലഹങ്ങൾ ശമിപ്പിച്ചു സമാധാനം സ്ഥാപിക്കുകയും രോഗികളെ ശുശ്രൂഷിക്കുകയും ചെയ്തു. ഈ കൃത്യങ്ങൾ അത്ര സമാധാനപരമായ വരങ്ങളെ ഉളവാക്കുമെന്നു പ്രതീക്ഷിക്കത്തക്കവയായിരുന്നില്ല; എന്തുകൊണ്ടെന്നാൽ ഞാൻ ഇടപെട്ട ആളുകൾ സമരപ്രിയന്മാരും മതകാര്യവിമുഖന്മാരുമായിരുന്നു. ദൈവത്തോടും അയൽപക്കക്കാരോടും സമാധാനപൂർവം വർത്തിക്കുന്നതിൽ ഒന്നുപോലെ വൈമുഖ്യം പ്രദർശിപ്പിച്ച ഇവർക്ക് അത്ര ഔദാര്യപൂർവ്വം ശാന്തിയെ പ്രദാനംചെയ്യ ദൈവം വാഗ്ദത്തപ്പെടട്ടെ." (കൊച്ചി, ജനുവരി 20, 1548) എന്നു ഫ്രാൻസിസ്സുതന്നെ അമ്പോയിനാ തുറമുഖത്തുവച്ചു താൻ നിർവഹിച്ച ധർമ്മശുശ്രൂഷയെപ്പറ്റി ഒരു എഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു.

ഈ പ്പെയിൻകാരുടെ കൂട്ടത്തിൽ ഫാദർ കോസ്മി ഡി റേറാറെസ്സ് എന്ന ഒരു വൈദികനുണ്ടായിരുന്നു. ലൌകികസുഖാനുഭോഗനിരതനായി അമേരിക്കായിലും ഫിലിപ്പൈനിലുംമറ്റും അപഥസഞ്ചാരംചെയ്ത സാഹസികനായ അയാൾക്ക് അമ്പോയിനായിൽവച്ചു ഫ്രാൻസിസ്സിനോടുണ്ടായ സംസർഗ്ഗം ജീവിതപരിവർത്തനത്തിനു ഹേതുഭൂതമായി. ഫ്രാൻസിസ്സിനെ അനുകരിച്ചു ജസ്യൂട്ടസംഘത്തിൽ ചേരണമെന്ന് അയാൾ നിശ്ചയിച്ചു. അയാൾ അടുത്ത കപ്പലിൽ ഗോവായിൽ പോയി ആ സംഘത്തിലെ ഒരു അംഗമായിത്തീരുകയും ഒടുവിൽ ഫ്രാൻസിസ്സിനെ ജപ്പാനിലേക്ക് അനുഗമിക്കുകയുംചെയ്തു.

അമ്പോയിനാ തുറമുഖത്തുവച്ചു നാവികഭടന്മാരുടെ ഇടയിൽ ഫ്രാൻസിസ്സ് അനുഷ്ഠിച്ച ധർമ്മസേവനം വളരെ ഫലപ്രദമായിരുന്നുവെന്നു നാം കണ്ടുവല്ലൊ. പോർട്ടുഗീസുകാരും പ്പെയിൻകാരുമായ നാവികന്മാർതമ്മിൽ

നിരന്തരം ഉണ്ടായിക്കൊണ്ടിരുന്ന ശണ്ഠകൾ ശമിപ്പിക്കുന്നതിന് അദ്ദേഹം വളരെ പണിപ്പെട്ടു; ഇമ്മാതിരി ചാരികളെ ഉപദേശിച്ചു സന്മാർഗ്ഗത്തിലേക്ക് ആനയിക്കുകയും അവർ താമസിപ്പിച്ചിരുന്ന വെപ്പാട്ടികളെ പിരിച്ചുവിടുവിക്കുകയുംചെയ്തു. രോഗികളുടെ ശുശ്രൂഷയായിരുന്നു അദ്ദേഹത്തിന്റെ മുഖ്യമായ കൃത്യമെന്നു പറയേണ്ടതില്ല. അവരിൽ അഗതികളായവർക്കുവേണ്ടി അദ്ദേഹം ആഹാരസാധനങ്ങളും, വീഞ്ഞും, മരുന്നും, പണവും മറ്റുള്ളവരോടു യാചിച്ചു. അദ്ദേഹത്തിന്റെകൂടെ അമ്പോയിനായിൽ വന്നിരുന്ന അരെയ്ജോ എന്ന വണിഗ്വരൻ ഇക്കാര്യത്തിൽ അദ്ദേഹത്തെ ഉദാരമായി സഹായിച്ചിരുന്നു. ഒടുവിൽ അയാൾക്ക് ഈ യാചന ഒരു ശല്യമായിത്തീരുകയും, തന്റെ കൈവശമുള്ള വീഞ്ഞു തനതാവശ്യത്തിനു മാത്രമേ ഉള്ളുവെന്നും മേലാൽ താൻ ദാനംചെയ്യാൻ വിചാരിക്കുന്നില്ലെന്നും അക്ഷമനായി അയാൾ ഫ്രാൻസിസ്സിന്റെ പ്രതിനിധിയോടു പറയുകയുംചെയ്തു. ഇതറിഞ്ഞപ്പോൾ, "എന്ത്? തന്റെ വീഞ്ഞു കുടിച്ചുതീർക്കുന്നതുവരെ ജീവിച്ചിരിക്കുമെന്ന് അരെയ്ജോ വ്യാമോഹിക്കുന്നുവോ? അയാളുടെ സ്വത്തുക്കൾ മുഴുവനും ദാനം ചെയ്യുന്നതിന് അയാൾ എന്നെ അനുവദിക്കുന്നതു നല്ലതു്; എന്തെന്നാൽ അയാൾക്ക് ഇനി ദീർഘജീവിതമില്ല." എന്നു ഫ്രാൻസിസ്സ് പ്രവചിച്ചു.

മേയ്മാസം ഒടുവിലായിരുന്നു പ്രസ്തുത നൌകാസംഘം മലാക്കായിലേക്കു പുറപ്പെടേണ്ടിയിരുന്നതു്. അപ്പോൾ യൂറോപ്പിലും ഇൻഡ്യയിലും അയക്കുന്നതിനായി അദ്ദേഹം ഏതാനും കത്തുകൾ എഴുതി. മലാക്കായിലെയും അമ്പോയിനായിലെയും അദ്ദേഹത്തിന്റെ താമസത്തെയും ധർമ്മസേവനത്തെയുംപറ്റി സംക്ഷിപ്തമായ ഒരു വിവരണവും മൊളുക്കാദ്വീപുകളിൽ ക്രിസ്തുധർമ്മം പ്രചരിപ്പി

ക്കുന്നതിനെസംബന്ധിച്ച ചില നിർദ്ദേശങ്ങളും യൂറോപ്പിലേക്കുള്ള എഴുത്തിൽ അടങ്ങിയിരുന്നു:"ഇവിടെ അസംഖ്യം ദ്വീപുകളുണ്ട്. മിക്കവാറും എല്ലാം ജനങ്ങളാൽ അധ്യുഷിതമാണ്. അവരെ മതപരിവർത്തനം ചെയ്യുന്നതിന് ആരും ഉദ്യമിക്കാത്തതുകൊണ്ടത്രെ അവർ ക്രിസ്തുമതം സ്വീകരിക്കാത്തത്. നമ്മുടെ സംഘംവക ഒരു ആശ്രമം മൊളുക്കായിൽ ഉണ്ടെങ്കിൽ ഒട്ടുവളരെ ജനങ്ങൾ ക്രിസ്ത്യാനികളായിത്തീരും. ഇവിടെ അങ്ങനെ ഒരു ആശ്രമം സ്ഥാപിക്കുന്നതിനെപ്പറ്റിയും ഈശ്വരസേവനത്തിന് അതുമൂലം സിദ്ധിക്കാവുന്ന മഹത്തായ സൗകര്യത്തെപ്പറ്റിയും ഞാൻ എപ്പോഴും ചിന്തിക്കാറുണ്ട്. എഴുപതു കൊല്ലങ്ങൾക്കുമുൻപു മുഹമ്മദുമതത്തിന്റെ പ്രചാരണം ഇവിടെ ആരംഭിച്ചുവെങ്കിലും ഇവിടത്തെ ജനങ്ങളിൽ ഭ്രൂരിപക്ഷവും ആ മതം സ്വീകരിച്ചിട്ടില്ല. മുഹമ്മദീയരും അല്ലാത്തവരുംതമ്മിൽ ഒരിക്കലും രമ്യതയില്ല. മുഹമ്മദീയർ മറ്റുള്ളവരെ സ്വമതത്തിൽ ചേർക്കുകയോ അടിമകളാക്കുകയോ ചെയ്യുന്നതിന് ആഗ്രഹിക്കുന്നു; എന്നാൽ അവർക്ക് രണ്ടിനും സമ്മതമില്ല.....ഈ ദ്വീപുകളിലുള്ള ജനങ്ങളിൽ ഭ്രൂരിപക്ഷവും കിരാതന്മാരും മനുഷ്യമാംസം—വിശേഷിച്ചു യുദ്ധത്തിൽ വധിക്കപ്പെട്ട ശത്രുക്കളുടെ മാംസം—ഭുജിക്കുന്നവരുമാണ്. മൃതരായ സ്വജനങ്ങളുടെ കരങ്ങളും പാദങ്ങളും അതിവിശിഷ്ടമായ ഒരു ഭോജ്യമായി അവർ കരുതുന്നു.....ഇവിടത്തെ ശീതോഷ്ണാവസ്ഥ അത്ഭുതകരമാണ്. ഘോരവനങ്ങളാൽ ഈ ദ്വീപുകൾ ആവൃതമായിരിക്കുന്നു. മഴ ധാരാളമുണ്ട്. ഈ വനങ്ങളും പർവതങ്ങളും ശത്രുക്കളുടെ ആക്രമണമുണ്ടാകുമ്പോൾ ഏതദ്ദേശീയരുടെ അഭയസ്ഥാനങ്ങളാണ്. ഭ്രൂകമ്പം അടിക്കടി ഉണ്ടാകുന്നു..... ഓരോ ദ്വീപിനും പ്രത്യേകമായ ഭാഷയുണ്ട്; എങ്കിലും മലായിഭാഷ

പൊതുവായി എല്ലാവക്കും അറിയാം. ഈ ഭാഷകളിൽ ഒന്നിലും സാഹിത്യമില്ല. ജനങ്ങളിൽ എഴുതാനും വായിക്കാനും അറിയാവുന്നവർ വളരെ ചുരുക്കമാണ്. അപൂർവം ചിലർ മലായിഭാഷ അറബി ലിപികളിൽ എഴുതുന്നുണ്ട്. അറബികളായ മുഹമ്മദീയവൈദികരാണ് ഈ ലേഖനവിദ്യ അവരെ പഠിപ്പിക്കുന്നതു്..... അമ്പോയിനായിൽ ആരും വിശ്വസിക്കാത്തതും ഇതുവരെ കേട്ടിട്ടില്ലാത്തതുമായ ഒരു വിശേഷം ഞാൻ കണ്ടതു് ഇവിടെ പ്രസ്താവയോഗ്യമാണ്. ഒരു മുട്ടാട് ആട്ടിൻകുട്ടികൾക്കു പാലു കൊടുക്കുന്നതു ഞാൻ കണ്ടു. അതിനുള്ള ഒറ മുലയിൽനിന്ന് ഒരു വലിയ പാത്രംനിറച്ചു പാലു ദിവസവും കറന്നെടുക്കുന്നു. ഇതു ഞാൻ എന്റെ സ്വന്തം കണ്ണുകൊണ്ടു കണ്ടതാണ്. ഞാൻതന്നെ കണ്ടതല്ലെങ്കിൽ ഞാൻ അതു വിശ്വസിക്കുമായിരുന്നില്ല. ആ മുട്ടാട് ഇപ്പോൾ ഒരു മാന്യനായ പോർട്ടുഗീസുകാരന്റെ വകയാണ്; അയാൾ അതിനെ പോർട്ടുഗലിലേക്കു കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നു." തന്റെ ഏകാന്തതയേയും മിത്രവിയോഗത്തെയും സംബന്ധിച്ച ഏറ്റവും ഹൃദയംഗമമായ അനുസ്മരണകളോടുകൂടിയാണ് അദ്ദേഹം ഈ ലേഖനത്തെ ഉപസംഹരിക്കുന്നതു്: "എന്റെ സ്നേഹഭാജനങ്ങളായ സഹോദരന്മാരെ, നിങ്ങൾ എനിക്കു എഴുതിയിട്ടുള്ള എഴുത്തുകളിൽനിന്നു നിങ്ങളുടെ കൈയൊപ്പുകൾ വെട്ടിയെടുത്തു, നിങ്ങളെ ഞാൻ ഒരിക്കലും മറന്നുപോകാതെ, എപ്പോഴും സവിശേഷം ഓർമ്മിക്കുന്നതിനായി, എന്റെ സന്ന്യാസവ്രതപ്രതിജ്ഞാലിഖിതങ്ങളോടുകൂടി സൂക്ഷിക്കുന്നുവെന്ന് അറിഞ്ഞാലും. അവയെ എപ്പോഴും ഞാൻ ധരിക്കുന്നു; അതു് എനിക്ക് ആനന്ദപ്രദമാണ്. നിങ്ങളുടെ പേരുകൾ ഞാൻ ധരിക്കുമ്പോൾ എനിക്കു ലഭിക്കുന്ന സമാശ്വാസത്തിനായി ഞാൻ ദൈ

വത്തോടും നിങ്ങളോടും കൃതജ്ഞനായിരിക്കുന്നു. ഞാൻ ഇപ്പോൾ കൂടുതലായി ഒന്നും പറയുന്നില്ല: ഇവിടെയുള്ളതിൽ കൂടുതൽ സ്വാസ്ഥ്യം നമുക്കു ലഭ്യമായിരിക്കുന്ന പരലോകത്തുവച്ചു നമുക്കു അചിരേണ തമ്മിൽ കാണാം." (അമ്പോയിനാ, മേയ് 10, 1546). ഗോവായിലേക്ക് എഴുതിയ എഴുത്തിൽ അദ്ദേഹം മാൻസില്ലാസിനെയും ഡിബയിറായെയും മൊളുക്കാസിലേക്കു വരുന്നതിന് ആജ്ഞാപിക്കുന്നു (അമ്പോയിനാ, മേയ് 2, 1546).

മേയ്മാസം ഒടുവിൽ തവോറായുടെ കപ്പലുകൾ അമ്പോയിനാ വിട്ടുപോയശേഷം ഫ്രാൻസിസ്സ് മൊളുക്കാസ്സ് ദ്വീപസമൂഹത്തിന്റെ കേന്ദ്രസ്ഥാനമായ റെർനേറായിലേക്കു പോകണമെന്നു നിശ്ചയിച്ചിരുന്നു. എന്നാൽ കഴിഞ്ഞ രണ്ടുമൂന്നു മാസക്കാലത്തെ അവിശ്രമമായ അദ്ധ്വാനത്തിന്റെ ഫലമായി ഉഗ്രമായ ഒരു ജ്വരം അദ്ദേഹത്തെ ബാധിച്ചു; മിക്കവാറും മരണകരമായേക്കുമെന്നു ഭയപ്പെടത്തക്കവണ്ണം അതു വർദ്ധിച്ചുവെങ്കിലും ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ രോഗം ശമിക്കുകയും റെർനേറായിലേക്കു യാത്രചെയ്യത്തക്കവണ്ണം അദ്ദേഹം വീണ്ടും ആരോഗ്യം പ്രാപിക്കുകയും ചെയ്തു. അമ്പോയിനായിലെ ക്രിസ്ത്യാനികളെ ശുശ്രൂഷിക്കുന്നതിനായി ഡി എയിറോയെ അവിടെ താമസിപ്പിച്ചുകൊണ്ട് അദ്ദേഹം ജൂലൈആരംഭത്തിൽ ഒരു സമ്പാനിൽ (തുഴയുന്ന തോണിയിൽ) റെർനേറായിലേക്കു പോയി. അരൗജോ അചിരേണ അമ്പോയിനായിൽവച്ചു മരിക്കുമെന്നുള്ള ഫ്രാൻസിസ്സിന്റെ പ്രവചനം വിഫലീഭവിപ്പിക്കുന്നതിനായി അദ്ദേഹത്തോടുകൂടി ആ വാഹനത്തിൽതന്നെ യാത്രചെയ്യുന്നതിനു ഉദ്യമിച്ചുവെങ്കിലും അതിൽ സ്ഥലസൌകര്യമില്ലാതിരുന്നതിനാൽ അയാൾ അമ്പോയിനായിൽതന്നെ താമസിക്കേണ്ടിവന്നു.

റെർണേറവ് എന്ന ചെറിയദ്വീപ് പോർട്ടുഗീസു സാമ്രാജ്യത്തിന്റെ ഏറ്റവും കിഴക്കേ അറ്റത്തെ ആ സ്ഥാനമായിരുന്നു. അവിടെ തുറമുഖത്തിനടുത്തു പോർട്ടുഗീസുകാരുടെ ഒരു കോട്ടയും പള്ളിയും കോട്ടയ്ക്കുള്ളിൽ അൻപതു ഭടന്മാരുള്ള ഒരു സൈന്യവിഭാഗവും അതിനു ചുറ്റും അറുപതു പോർട്ടുഗീസു കച്ചവടക്കാരുടെ വസതികളും ഉണ്ടായിരുന്നു. വടക്കുകിഴക്കുമാറി ഏതദ്ദേശീയരായമുഹമ്മദീയരുടെ വീടുകളും ദേവാലയവും സുൽത്താന്റെ അരമനയും സ്ഥിതിചെയ്യു. പോർട്ടുഗീസുകാരെ ക്രൂരാതെ അവിടെ ക്രിസ്ത്യാനികളായി നാല്പതോളം സ്പെയിൻകാരും ഏതാനും ഏതദ്ദേശീയരും ക്രൂടിഉണ്ടായിരുന്നു. അവരുടെ ആത്മീയകാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി ഒരു വൈദികനും നിയമിക്കപ്പെട്ടിരുന്നു. മുപ്പതു വർഷങ്ങൾക്കുമുൻപ് ഇദംപ്രഥമമായി പോർട്ടുഗീസുകാക്ക് അവിടെ സ്വാഗതം നല്കിയ സുൽത്താന്റെ വിധവയായിരുന്നു അപ്പോൾ ആ ദ്വീപിലെ രാജ്ഞി. റെർണേറിലെ സന്മാർഗ്ഗത്തിന്റെയും മതത്തിന്റെയും സ്ഥിതി ഗോവായിലെയും മലാക്കയിലെയും സ്ഥിതിയെക്കാൾ ശോചനീയമായിരുന്നു. യൂറോപ്യന്മാരും ഏതദ്ദേശീയരും നിരങ്കുശമായ ദൈവ്മാർഗ്ഗിക ജീവിതത്തിലും സുഖഭോഗങ്ങളിലും മുഴുകിയിരുന്നു.

അമ്പോയിനായിൽനിന്നു പുറപ്പെട്ട രണ്ടു് ആഴ്ച കഴിഞ്ഞപ്പോൾ ഫ്രാൻസിസ്സ് റെർണേറിൽ എത്തി. പ്രസംഗങ്ങളുടെയും ഉപദേശങ്ങളുടെയും, സർവ്വോപരി, തന്റെ സാംക്രമികമായ ജീവിതവിശുദ്ധിയുടേയും ഫലമായി അദ്ദേഹം അവിടെഅത്ഭുതകരമായ ഒരു പരിവർത്തനം അവിളംബം നിർവ്വഹിച്ചു. ക്രിസ്തുമതതത്ത്വങ്ങൾ ഗാനരൂപത്തിലായിരുന്ന അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചതു്. മലായിഭാഷയിൽ രചിക്കപ്പെട്ട ആ ഗീതങ്ങൾ പട്ടണങ്ങ

ളിലും ഗ്രാമങ്ങളിലും വീടുകളിലും മീൻവള്ളങ്ങളിലും സുവിശേഷം പ്രസംഗിക്കപ്പെട്ടു. ടെർണേറ്റിൽ അദ്ദേഹം ധർമ്മസേവനം ആരംഭിച്ചു് അധികം താമസിക്കുന്നതിനുമുൻപുതന്നെ അദ്ദേഹത്തിന്റെ അത്ഭുതസിദ്ധിയിൽ ജനങ്ങൾക്കുള്ള വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു സംഭവമുണ്ടായി. ഒരു ഞായറാഴ്ച അദ്ദേഹം ദിവ്യപൂജ ചെയ്തുകൊണ്ടുനിന്നപ്പോൾ, ജനങ്ങളുടെ നേരെ തിരിഞ്ഞു് ഇപ്രകാരം പറഞ്ഞു: "അമ്പോയിനായിൽ ജോൺ അരെയ്ജോ മരിച്ചുപോയിരിക്കുന്നു; അയാളുടെ ആത്മാവിന്റെ സദ്ഗതിക്കായി ഞാൻ ഒരു കുർബാന അർപ്പിച്ചുകഴിഞ്ഞു; ഈ കുർബാനയും അയാൾക്കുവേണ്ടിയാണു്. നിങ്ങളും അയാൾക്കുവേണ്ടി പ്രാർത്ഥിക്കുവിൻ." വളരെ ദൂരെ നടന്ന സംഭവം ഉടനെ അദ്ദേഹത്തിന് എങ്ങനെ അറിയാൻ സാധിച്ചുവെന്നു ജനങ്ങൾ വിസ്മയിച്ചു. പത്തു പന്ത്രണ്ടു ദിവസങ്ങൾ കഴിഞ്ഞശേഷം മാത്രമായിരുന്നു അരെയ്ജോ അമ്പോയിനായിൽവച്ചു മരിച്ചുവെന്നു് അറിയിക്കുന്ന ഡി എയിറോയുടെ എഴുത്തു റാഫേൽ കർവാലോ കൊണ്ടുവന്നു ഫ്രാൻസിസ്സിനു കൊടുത്തതു്. അവിടെയുണ്ടായിരുന്ന യൂറോപ്യൻ ക്രിസ്ത്യാനികളുടെ ഇടയിൽ ആദ്ധ്യാത്മികമായ പ്രബുദ്ധത ഉളവാക്കുകയും സദ്ധർമ്മം പ്രചരിപ്പിക്കുകയും ചെയ്തതിനു പുറമെ ഫ്രാൻസിസ്സു് ഒട്ടധികം ഏതദ്ദേശീയരെ ക്രിസ്തുമതത്തിലേക്കു ചേർക്കുകയും ചെയ്തു. അദ്ദേഹം അവിടെ നിർവ്വഹിച്ച ഏറ്റവും ഗണനീയമായ മതപരിവർത്തനം റെർണേറ്റിലെ രാജ്ഞിയായ നീയാശിലെയുടെതായിരുന്നു. മുഹമ്മദുമതതത്ത്വങ്ങളിൽ അഗാധമായ പാണ്ഡിത്യവും ദൃഢമായ വിശ്വാസവുമുണ്ടായിരുന്ന സുശീലയായ ഈ രാജ്ഞിയുടെ പരിചയം ഫ്രാൻസിസ്സു് ഗോവായിൽവച്ചു സമ്പാദിച്ചിരുന്നു. അവരെ ക്രിസ്തുമതത്തിലേക്കു്

ആകർഷിക്കുക എന്നതു് അത്ര സുകരമായ ഒരു കാര്യമായിരുന്നില്ല. അവരുമായി സുദീർഘങ്ങളായ വാദപ്രതിവാദങ്ങൾ നടത്തിയശേഷം മാത്രമേ ക്രിസ്തുമതത്തിന്റെ അന്യാദൃശമായ മാഹാത്മ്യത്തെപ്പറ്റി അവരെ ബോധ്യപ്പെടുത്തുന്നതിന് അദ്ദേഹത്തിനു സാധിച്ചുള്ളൂ. അവർ ജ്ഞാനസ്നാനത്തിനു വശംവദരായതു സകലർക്കും ആശ്ചര്യജനകമായിരുന്നു. ജ്ഞാനസ്നാനത്തിൽ ഇസബെല്ലാ എന്ന ക്രൈസ്തവനാമധേയം അവർ സ്വീകരിക്കുകയും അപ്പോൾമുതൽ ദൃഷ്ടാന്തയോഗ്യമായ ഒരു ക്രൈസ്തവജീവിതം നയിക്കുകയും ചെയ്തു.

ഈവിധം ഫ്രാൻസിസ്സ് റെറ്റ്ണ്ടറിൽ മൂന്നുമാസം വിജയകരമായി ധർമ്മസേവനം അനുഷ്ഠിച്ചുകഴിഞ്ഞപ്പോൾ സമീപസ്ഥമായ മോറോ എന്ന ദ്വീപിലെ ക്രിസ്ത്യാനികളുടെ ദയനീയമായ സ്ഥിതി അദ്ദേഹത്തിന്റെ ശ്രദ്ധയെ ആകർഷിച്ചു. പന്ത്രണ്ടുകൊല്ലം മുൻപ് ആ ദ്വീപിലെ ജനങ്ങൾ അതിന്റെ ഭരണകർത്താവായ ഗിലോലോവിലെ സുൽത്താന്റെ പീഡനത്തിൽനിന്നു രക്ഷപ്രാപിക്കുന്നതിനായി പോർട്ടുഗീസുകാരുടെ സാഹായ്യം അഭ്യർത്ഥിച്ചതനുസരിച്ചു പോർട്ടുഗീസുകാർ അവരെ സഹായിക്കുകയും ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യുകയും ചെയ്തിരുന്നു. അവർ ജ്ഞാനസ്നാനം സ്വീകരിച്ചുവെങ്കിലും ക്രിസ്തുമതതത്ത്വങ്ങൾ അവർക്കു ശരിയായി ഉപദേശിക്കപ്പെട്ടിരുന്നില്ല. കുറെക്കഴിഞ്ഞു പോർട്ടുഗീസുകാരുടെ സഹായം പിൻവലിക്കപ്പെട്ടതോടുകൂടി സുൽത്താന്റെ പീഡനം വീണ്ടുമുണ്ടാകുകയും ജനങ്ങളിൽ ഭൂരിപക്ഷവും ക്രിസ്തുമതം ഉപേക്ഷിക്കുകയുംചെയ്തു; അവർതന്നെ അവരുടെ വൈദികരെ വധിക്കുകയും ദേവാലയങ്ങളെ നശിപ്പിക്കുകയുംചെയ്തു. 1536-ലും 1538-ലും ഒരു ഫ്രാൻസിസ്കൻമിഷനറിയുടെ പ്രയത്നത്തിന്റെ ഫലമായി അവർ

കുറേപ്പേർ വീണ്ടും ക്രിസ്തുമതം സ്വീകരിച്ചുവെങ്കിലും ശത്രുബാധമൂലം അദ്ദേഹത്തിന് അവിടെ സേവനം തുടരുന്നതിന സാധിച്ചില്ല ഫ്രാൻസിസ്സ് ഈ അനാഥരായ ക്രിസ്ത്യാനികളെ, ഇടയനില്ലാത്ത ആടുകളെ, സന്ദർശിക്കുന്നതിന നിശ്ചയിച്ചു. അവർ ആടുകളല്ല, ദൈഷ്ട്യവും ക്രൌര്യവും നിറഞ്ഞ ചെന്നായ്ക്കളാണെന്നും, ക്രിസ്ത്യാനികളും അല്ലാത്തവരുമായ ആ നാട്ടിലെ സകല ജനങ്ങളും ഒന്നുപോലെ വിശ്വാസവഞ്ചകരായ ആസുരപ്രകൃതികളാണെന്നും വിഷലിപ്തങ്ങളായ ആയുധങ്ങളോടുകൂടിയ അവർ അതിഥികൾക്കു നല്കുന്ന ആഹാരത്തിൽപോലും വിഷംകലർത്തുന്നവരാണെന്നുംമറ്റും പറഞ്ഞു സ്നേഹിതന്മാർ അദ്ദേഹത്തിന്റെ ആ ദ്വീപിലേക്കുള്ള യാത്രയെനിരോധിക്കുന്നതിന ശ്രമിച്ചു. അവരുടെ ഉപദേശത്തിന് അദ്ദേഹം വിധേയനാകുന്നില്ലെന്നു കണ്ടപ്പോൾ, അദ്ദേഹത്തെ അവിടത്തേക്കുള്ള കപ്പലിൽ കയറാതിരിക്കുന്നതിന് അവർ കപ്പിത്താനോട് ഏർപ്പാടുചെയ്തു. ഇതിന് "ഈശ്വരഹിതം നിറ്വഹിക്കുന്നതിന നിങ്ങൾ എനിക്ക് ഒരു യാനപാത്രം അനുവദിക്കുന്നില്ലെങ്കിൽ, ഞാൻ കടൽ നീന്തിക്കടന്ന മോറോവിലേക്കു പോകും" എന്നായിരുന്ന അചാല്യനിശ്ചയനായ അദ്ദേഹം സ്നേഹിതന്മാരോട് ഒരു പ്രസംഗമദ്ധ്യേ മറുപടിപറഞ്ഞത്. ഇതിനെപ്പറ്റി അദ്ദേഹം എഴുതിയ ഒരു എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "മരണകരമായ സകല ആപത്തുകളോടും അഭിമുഖീഭവിക്കുന്നതിനായി ഈശ്വരനെമാത്രം ശരണീകരിച്ചുകൊണ്ടു ഞാൻ മുഹമ്മദീയരുടെ ഈ ദ്വീപുകളിലേക്കു പോകുന്നതിന തീർച്ചപ്പെടുത്തിയിരിക്കുകയാണ്. തന്റെ ജീവനെ രക്ഷിക്കാൻ ആഗ്രഹിക്കുന്നവന് അതു നഷ്ടപ്പെടും: പ്രത്യുത, എനിക്കുവേണ്ടി അതിനെ നഷ്ടപ്പെടുത്താൻ വിചാരിക്കുന്നവന് അതു ലഭിക്കും" എ

ന്നുള്ള നമ്മുടെ രക്ഷാനാഥനായ ക്രിസ്തുഭഗവാന്റെ വചനത്തെ, എന്റെ എളുതായ കഴിവിനൊത്തവണ്ണം അനുവത്തിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.....എന്നോടു സ്നേഹവും ഭക്തിയുമുള്ള ഒട്ടുവളരെ ആളുകൾ അതു അപ്പൂരമായ ഒരു നാട്ടിൽ ഞാൻ പോകരുതെന്ന് അപേക്ഷിച്ചു. എന്റെ നിശ്ചയത്തെ ഇളക്കുന്നതിന് അവർക്കു സാധിക്കാതെ വന്നപ്പോൾ വിഷങ്ങൾക്കുള്ള മരുമരുന്നുകൾ അവർ തരാമെന്നും ഞാൻ യാത്രയിൽ കൂടെ കൊണ്ടുപോകണമെന്നും പറഞ്ഞു. അവരുടെ സ്നേഹത്തിനും നന്മയ്ക്കുംവേണ്ടി അവരോടു ഞാൻ നന്ദിപറഞ്ഞു; പക്ഷെ എനിക്ക് അശേഷം ഭയമില്ലാതിരുന്നതിനാലും എന്റെ വിശ്വാസം മുഴുവനും ഈശ്വരനിൽ നിക്ഷേപിച്ചിരുന്നതിനാലും അവർ അതു സ്നേഹത്തോടുകൂടി തരാൻ വിചാരിച്ച മരുമരുന്നുകൾ ഞാൻ സ്വീകരിച്ചില്ല. അവരുടെ പ്രാർത്ഥനയിൽ എന്നെ ഓർമ്മിക്കുന്നതിന് ഞാൻ അവരോട് അപേക്ഷിച്ചു: വിഷത്തെ പരിഹരിക്കുന്നതിനു നമുക്കുള്ള ഏറ്റവും പറ്റിയ മരുമരുന്ന് പ്രാർത്ഥനയാണല്ലോ."

ഇങ്ങനെ പ്രതിബന്ധങ്ങളെയെല്ലാം ജയിച്ചിട്ട് ഫ്രാൻസിസ്സ് മോറോദ്വീപിലേക്കു പോയി. വെള്ളക്കാരനായ അദ്ദേഹത്തെക്കണ്ട് അവിടത്തെ ജനങ്ങൾ ആദ്യം ഭയന്ന് ഓടിയകന്നുവെങ്കിലും, അദ്ദേഹം മലായിഭാഷ സംസാരിക്കുകയും മലായിപ്പാട്ടുകൾ പാടുകയും ചെയ്യുന്നതു കേട്ടപ്പോൾ അവർ സകൌതുകം അടുത്തു വരികയും അദ്ദേഹത്തിന്റെ സംഭാഷണവും ഉപദേശങ്ങളും ശ്രദ്ധിച്ചു കേൾക്കുകയുംചെയ്തു. അദ്ദേഹം മൂന്നു മാസം ആ ദ്വീപിൽ താമസിച്ച് ക്രിസ്ത്യാനികളുടെ ഗ്രാമങ്ങളെയെല്ലാം സന്ദർശിക്കുകയും, മതബോധനത്താൽ അവരുടെ വിശ്വാസത്തെ സ്ഥിരീകരിക്കുകയും, കുട്ടികളെ ജ്ഞാനസ്നാപ

നം ചെയ്യുകയുംചെയ്തു. അതിനുംപുറമെ ഒട്ടുവളരെ ആളുകളെ അദ്ദേഹം പുതുതായി ക്രിസ്തുമതത്തിൽ ചേർത്തു. "ഞാൻ ഒട്ടധികം കുട്ടികളെ ജ്ഞാനസ്നാപനംചെയ്തു. ക്രിസ്ത്യാനികളുണ്ടായിരുന്ന എല്ലാ സ്ഥലങ്ങളെയും ഞാൻ സന്ദർശിച്ചു. അവക്കുവേണ്ടി ഞാൻ ചെയ്ത ധർമ്മശുശ്രൂഷ എനിക്കു വളരെ ആശ്വാസപ്രദമായിരുന്നു" എന്നു് അദ്ദേഹം ഈ ദ്വീപിൽ ചെയ്ത സേവനത്തെ സംബന്ധിച്ചു് ഒരു് എഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ക്രൈസ്തവ മിഷനറിമാർക്കു് അവിടെ നേരിടേണ്ടിയിരുന്ന ആപത്തുകളെയും വൈഷമ്യങ്ങളെയുംപറ്റി അദ്ദേഹം റോമിലേക്കു് എഴുതിയ വേറൊരു കത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്. "തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന യുദ്ധങ്ങൾമൂലം ഈ ദ്വീപുകൾ വളരെ ആപൽക്കരങ്ങളാണു്. ജനങ്ങൾ ഒരുതരം കിരാതന്മാരാണു്. അവർക്കു പുസ്തകങ്ങളില്ല, എഴുതാനും വായിക്കാനും അറിഞ്ഞുകൂടാ. ശത്രുക്കളെ അവർ വിഷം കൊടുത്തു കൊല്ലുന്നു. മിക്കവാറും ആരോഹണക്ഷമമല്ലാത്ത പർവതങ്ങളുടെ പംക്തികളല്ലാതെ ഇവിടെ യാതൊന്നുമില്ല. ആഹാരസാധനങ്ങൾ ഇവിടെ ഉണ്ടാകുന്നില്ല. കോതമ്പും മുന്തിരിങ്ങായും എന്തെന്നു് അവർക്കു് അറിയാനേ പാടില്ല. ഇവിടെ കന്നുകാലികൾ ഇല്ല. മാംസം കിട്ടുകയില്ല. പല ഗ്രാമങ്ങളിലും നല്ല വെള്ളം കുടിക്കാൻ കിട്ടുകയില്ല. രോഗങ്ങൾക്കു് ഇവിടെ മരുന്നുകൾ ദുർല്ലഭമാണു്. ജീവസന്ധാരണത്തിനു് ആവശ്യമുള്ള യാതൊന്നും ഇവിടെ ഇല്ലതന്നെ. എന്റെ ചുറ്റുമുള്ളതു ശത്രുക്കളോ വിശ്വസിക്കാൻ കൊള്ളരുതാത്ത സ്നേഹിതന്മാരോ ആണു്.....ആത്മീയമായ സമാശ്വാസത്തിനുള്ള വക ഇവിടെ എത്ര സമൃദ്ധമാണെന്നു നിങ്ങൾ ഗ്രഹിക്കുന്നതിനായിട്ടാണു് ഈ വിവരങ്ങളെല്ലാം ഞാൻ നിങ്ങളെ അറിയിക്കുന്നതു്; എന്തെ

ന്നാൽ, ഈ ആപത്തുകളും കഷ്ടപ്പാടുകളും ഈശ്വരനോടുള്ള സ്നേഹം നിമിത്തവും അദ്ദേഹത്തെ സേവിക്കുന്നതിനായും മാത്രം സഹിക്കപ്പെടുന്നവെങ്കിൽ അവ ആത്മീയ സമാശ്വാസങ്ങളെ പ്രദാനംചെയ്യുന്നതിനു പര്യാപ്തമാണു്.''

പരിഷ്കൃതലോകത്തുനിന്നു് അതിവിദൂരസ്ഥനായി, അസഹായനായി, ംലേച്ഛന്മാരും മൃഗതുല്യരുമായ കിരാതന്മാരുടെ ഇടയിൽ ഏകനായി, ജീവസന്ധാരണത്തിനു് ഉപയുക്തങ്ങളായ സാധനങ്ങൾപോലുമില്ലാതെ, മനുഷ്യരിൽനിന്നും ഭൂകമ്പം മുതലായ പ്രകൃതിക്ഷോഭങ്ങളിൽനിന്നും ഉള്ള ആപത്തുകളുടെ നടുവിൽ,ഫ്രാൻസിസ്സ് ശാരീരപീഡാബോധത്തെ നിശ്ശേഷം അധഃകരിച്ചിട്ടു് ഉത്തരോത്തരം ദൃഢതരമായിത്തീർന്ന ഈശ്വരസംയോഗത്തെ പ്രാപിക്കുകയും തജ്ജന്യമായ പരമാനന്ദം അനുഭവിക്കുകയുംചെയ്തു. ''ഇപ്പോൾ ഞാനല്ല, പിന്നെയോ, ക്രിസ്തുവാണു് എന്നിൽ ഉള്ളതു്'' എന്ന പരമമായ തത്ത്വത്തെ സർവ്വത്ര അദ്ദേഹം സാക്ഷാൽക്കരിച്ചു. ഈശ്വരനോടുള്ള ഈ സംയോഗം അദ്ദേഹത്തിന്റെ അവിശ്രമമായ പര്യടനങ്ങളാലും സംഭവബഹുലങ്ങളായ കാര്യപരിപാടികളാലും അവിച്ഛിന്നമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതമഹാകാവ്യത്തിലെ അംഗിയായ രസം അതായിരുന്നുവെന്നുള്ളതു നാം വിസ്മരിക്കരുതു്.

1547 ജനുവരി ആരംഭത്തിൽ ഫ്രാൻസിസ്സ് റെർണേറിലേക്കു മടങ്ങി. അപ്പോഴേക്കു അപ്രതീക്ഷിതമായ ചില പരിവർത്തനങ്ങൾ രാഷ്ട്രീയമായി അവിടെ സംഭവിച്ചിരുന്നു. റെർണേറിലെ കപ്പിത്താനായ ഫ്രെയിറാസ്സ് സ്ഥാനഭ്രഷ്ടനായി, ആ ദ്വീപിലെ രാജാവായിരുന്ന ഹയിറോനോട്ടു് അയാൾ പ്രവർത്തിച്ച അക്രമത്തിനു ന്യായവിസ്താരത്തിനു് വിധേയനായി ഗോവാ

യിലേക്കു പുറപ്പെടാൻ ഒരുങ്ങുകയായിരുന്നു. അയാൾക്കുപകരം നിയമിതനായ പുതിയ കപ്പിത്താൻ, ബർണാർദിൻ ഡിസോസാ വന്നു ചാർജെടുത്തു കഴിഞ്ഞിരുന്നു. ഡോണാ ഇസബെല്ലാ രാജ്ഞി സ്ഥാനഭ്രഷ്ടയാവുകയും ഹയിറോൻരാജാവ് സിംഹാസനാരൂഢനാവുകയും ചെയ്തു. 1546 ഒക്ടോബർ 18-നു റെർണേറിൽ വന്നുചേർന്ന 'ബഫാറാ' എന്ന കപ്പലിലായിരുന്ന ഗോവാ വൈസ്രോയിയുടെ ഏതൽസംബന്ധമായ ഉത്തരവുകളോടുകൂടി ഡിസോസാ മുതൽപേർ വന്നതു്. രാജ്ഞിയുടെ മതപരിവർത്തനം ക്രിസ്തുമതത്തിന്റെ പ്രചാരത്തെ വളരെ സഹായിക്കുമെന്നു പ്രത്യാശിച്ചിരുന്ന ഫ്രാൻസിസ്സിനു് ഈ ഭേദഗതികൾ അത്ര അഭിലഷണീയമായിത്തോന്നിയില്ല. സ്ഥാനഭ്രഷ്ടയായ രാജ്ഞിക്കു് അവരുടെ സ്വകാര്യസ്വത്തുക്കളുംകൂടി നഷ്ടീഭവിച്ചു. അവൾക്കു മതിയായ ഒരു പെൻഷൻ കൊടുത്തു സഹായിക്കണമെന്നു പോർട്ടുഗൽ രാജാവിനോടു ഫ്രാൻസിസ്സു് അപേക്ഷിക്കേണ്ടിവന്നു.

പുതിയ സുൽത്താനായ ഹയിറോൻ പോർട്ടുഗൽ രാജാവിനോടു് അത്യധികമായ ഭക്തിയും ഫ്രാൻസിസ്സിനോടു വലുതായ മൈത്രിയും നടിച്ചു. അയാളെ ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യുന്നതിനു ഫ്രാൻസിസ്സു് ചെയ്ത ശ്രമം ഫലപ്രദമായിരുന്നില്ല. സുൽത്താന്റെ ദാംഭികത്വം അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. "രാജാവു ക്രിസ്തുമതം സ്വീകരിക്കാതിരിക്കുന്നതു് അയാൾക്കു മുഹമ്മദീനോടുള്ള ഭക്തിനിമിത്തമല്ല, വൈഷയികമായ പാപങ്ങളെ ഉപേക്ഷിക്കുന്നതിനുള്ള വൈമനസ്യംനിമിത്തമത്രെ. അയാൾ ശൈശവത്തിൽ ചേരദനാചാരത്തിനു വിധേയനായി എന്നും നൂറിൽപരം ഭാര്യമാർ അയാൾക്കുണ്ടെന്നുമുള്ള തൊഴിച്ചു, മുഹമ്മദീയോചിതമായ

യാതൊന്നും അയാളിൽ കാണപ്പെട്ടന്നില്ല" എന്നു ഫ്രാൻസിസ്സ് അയാളെപ്പറ്റി എഴുതിയിട്ടുണ്ട്. തന്റെ പുത്രന്മാരിൽ ഒരുവനെ മോറോദ്വീപിലെ രാജാവായി പോർട്ടുഗീസുകാർ വാഴിക്കുമെന്നുണ്ടെങ്കിൽ അവനെ ക്രിസ്തുമതം സ്വീകരിക്കുന്നതിന് അനുവദിക്കാമെന്ന് അയാൾ ഫ്രാൻസിസ്സിനോടു പറഞ്ഞു. ആ ദ്വീപിലും അടുത്തുള്ള മറ്റു ദ്വീപുകളിലും ഒരു ക്രിസ്ത്യാനി രാജാവാകുന്നതു ക്രിസ്തുമതത്തിന്റെ പ്രചാരത്തെ വളരെ സഹായിക്കുമെന്നുള്ളതുകൊണ്ടു ഫ്രാൻസിസ്സ് അതിനു ശ്രമിക്കാമെന്നു സമ്മതിച്ചു.

ഇപ്രാവശ്യം റെർണേറയിൽ ഏതാനുംദിവസംമാത്രമേ താമസിക്കുന്നതിനു ഫ്രാൻസിസ്സ് വിചാരിച്ചുള്ളുവെങ്കിലും അദ്ദേഹത്തിന്റെ താമസം അവിടെ മൂന്നു മാസത്തിലധികം ദീർഘിപ്പിക്കേണ്ടിവന്നു. ഫെബ്രുവരി മദ്ധ്യത്തിൽ അവിടെനിന്നു പുറപ്പെട്ട 'ബഹാറാ'യിൽ കയറുന്നതിന് അദ്ദേഹം ഉദ്യമിച്ചുവെങ്കിലും, പുതിയ കപ്പിത്താനും മറ്റു പോർട്ടുഗീസുകാരും അദ്ദേഹം നോമ്പുകാലം മുഴുവനും അവിടെത്തന്നെ താമസിക്കണമെന്നു നിർബന്ധപൂർവ്വം അപേക്ഷിച്ചു. വഷ്കാലം അവസാനിക്കുന്നതുവരെ അമ്പോയിനാത്തുറമുഖത്തു കിടക്കുമായിരുന്ന ബഹാറാ അവിടെനിന്നു മലാക്കായിലേക്കു യാത്രതിരിക്കുന്നതിനുമുൻപായി അവർ അദ്ദേഹത്തെ ഒരു സമ്മാനിൽ അവിടെ എത്തിക്കാമെന്ന് ഏറ്റു. അതനുസരിച്ച് അദ്ദേഹം നോമ്പുകാലം മുഴുവനും റെർണേറയിൽ താമസിച്ചു വളരെ ഫലപ്രദമായ സേവനം അനുഷ്ഠിച്ചു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ റെർണേറയിലെ ക്രിസ്ത്യാനികൾ അവരുടെ നോമ്പുകാലകൃത്യങ്ങളെ ഏറ്റം ഭക്തിപൂർവ്വം നിർവ്വഹിച്ചു. അവരിൽ അധികംപേരും ആഴ്ചതോറും കുമ്പസാരിക്കുകയും 'ദിവ്യകാരുണ്യം' സ്വീകരി

ക്കുകയും ചെയ്തു. ഈസ്റ്റർദിവസം മിക്കവാറും എല്ലാവരും 'ദിവ്യകാരുണ്യം' സ്വീകരിച്ചു. അതിനുശേഷം യാത്രയയപ്പു ബഹളങ്ങളില്ലാതെകഴിഞ്ഞുക്രൂട്ടന്നതിനായി ഒരു പാതിരാത്രി അവിടെനിന്നു രഹസ്യമായി പുറപ്പെട്ടന്നതിന് അദ്ദേഹം ഒരുങ്ങി. പക്ഷെ, ആ ശ്രമം ഫലിച്ചില്ല. അദ്ദേഹം റെർണേറാ വിട്ടു പോകാൻപോകുന്നുവെന്ന വാർത്ത എങ്ങനെയോ പരസ്യമാവുകയും ഒരു വലിയ പുരുഷാരം ആ പാതിരാത്രി തുറമുഖത്തു വന്നുക്രൂടുകയും ചെയ്തു. ജനങ്ങൾ ആബാലവൃദ്ധം അദ്ദേഹത്തിന്റെ വേർപാടിൽ അപാരമായ വ്യസനം പ്രകടിപ്പിച്ചു. ഭക്തരായ സ്ത്രീകളും കുഞ്ഞുങ്ങളും അടിമകളും ദുഃഖപരവശരായിക്കരഞ്ഞു. ഈ രംഗം അദ്ദേഹത്തിനു ഹൃദയാർദ്രമായിരുന്നു. "എന്റെ ആത്മീയപുത്രന്മാരിലും പുത്രിമാരിലുംനിന്നു രാത്രിയിലുള്ള ഈ വിയോഗം അവരുടെ ആത്മരക്ഷയ്ക്കു ഹാനികരമായിപ്പരിണമിച്ചേക്കാമെന്ന ഭയത്താൽ ഞാൻ വ്യാകുലീഭവിച്ചു" എന്ന് അദ്ദേഹം ഒരു് എഴുത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

ഫ്രാൻസിസ്സ് റെർണേറാ വിട്ടുപോന്നപ്പോൾ രണ്ടുപേർ മാത്രമേ അദ്ദേഹത്തിന്റെ ഉപദേശത്തിനു വശംവദരാകാതെ പരസ്യമായ പാപജീവിതം തുടന്നിരുന്നുള്ളു. അദ്ദേഹം അമ്പോയിനായിൽ എത്തിയശേഷം അവർക്കു് ഒരു സന്ദേശം അയച്ചു; അവരുടെ ഹൃദയപരിവർത്തനം സാധിക്കുമെന്ന പ്രത്യാശയ്ക്കു വകയുണ്ടെങ്കിൽ അദ്ദേഹം അവരുടെ അടുക്കൽ മടങ്ങിച്ചെല്ലുന്നതിനു സന്നദ്ധനാണെന്നും അവർക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കുന്നുണ്ടെന്നും അതിൽ പ്രസ്താവിച്ചു. പത്തു മാസത്തെ വിയോഗത്തിനുശേഷം അദ്ദേഹം അമ്പോയിനായിൽ തന്റെ സഹചരനായ ഡി എയിറോയെക്കണ്ടു. അദ്ദേഹം അവിടെത്താമസിച്ച മൂന്നാഴ്ച തുറമുഖത്തുണ്ടാ

യിരുന്ന നാലു കപ്പലുകളിലെ ജോലിക്കാരുടെയും യാത്രക്കാരുടെയും ആത്മീയശുശ്രൂഷ നിർവ്വഹിക്കുകയും രോഗികളെ പരിചരിക്കുകയും ക്രിസ്തീയഗ്രാമങ്ങളെ സന്ദർശിക്കുകയുംചെയ്തു. അദ്ദേഹം ദേവാലയങ്ങളും കുരിശുകളും സ്ഥാപിച്ചിട്ടുണ്ടായിരുന്ന ഏഴു ഗ്രാമങ്ങളിൽ ചിലതു വിശ്വാസത്യാഗം ചെയ്യുമെന്ന് അദ്ദേഹം ഈ സന്ദർഭത്തിൽ ദീർഘദർശനം ചെയ്തു. ഒരു ഗ്രാമം വിട്ടുപോന്നപ്പോൾ, "ഈ സ്ഥലത്തെ പൊടിപോലും ഞാൻ കൊണ്ടുപോകുന്നില്ല," എന്ന് അനുക്രോശിച്ചുകൊണ്ട് അദ്ദേഹം പാദരേണുകളെ തട്ടിക്കളഞ്ഞു അദ്ദേഹത്തിന്റെ ദീർഘദർശനം അചിരേണ നിർവ്വഹിക്കപ്പെട്ടു.

1547 മേയ്മാസം മദ്ധ്യത്തിൽ ഫ്രാൻസിസ്സ് ഡിഎയിറോവിനാൽ അനുഗതനായി മലാക്കായിലേക്കു പുറപ്പെട്ടു. ഗോവായിലെ സെയിൻറ്പോൾസ് കോളേജിൽ ചേർത്തു പഠിപ്പിക്കുന്നതിനു പത്തു് ഏതദ്ദേശീയരായ ബാലന്മാരെക്കൂടി അദ്ദേഹം കൊണ്ടുപോയി. അവർ വിദ്യാഭ്യാസശേഷം യഥായോഗ്യം വൈദികരോ ഉപദേശികളോ ആയി സ്വദേശത്തു മടങ്ങിപ്പോയി ധർമ്മസേവനം ചെയ്യേണ്ടവരായിരുന്നു.

അദ്ധ്യായം ൧൪

മലാക്കാ; കൊച്ചി; ഗോവാ.

I

മലാക്കാ.

ജൂലൈമാസം ഒടുവിൽ ഫ്രാൻസിസ്സ് സേവ്യർ മലാക്കായിൽ എത്തി. അവിടെ നാലു ക്രൈസ്തവ ധർമ്മഭ്രതന്മാർ അദ്ദേഹത്തിന്റെ വരവിനെ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. ഏഴു വർഷങ്ങൾക്കു മുൻപ് യൂറോപ്പു വിട്ടു പോന്നശേഷം അദ്ദേഹം ഇടംപ്രഥമായിക്കണ്ട ജസ്യൂട്ട് സംഘാംഗങ്ങളായിരുന്നു അവർ. അവരെല്ലാവരും അദ്ദേഹത്തിനു് അപരിചിതരായിരുന്നു. മൊല്ലക്കാ ദ്വീപുകളിൽ രക്തസാക്ഷിയായി മരിക്കേണ്ടിവരുമെന്നുള്ള ധർമ്മഭീരുതനിമിത്തം മൻസില്ലാസ്സ് അദ്ദേഹത്തിന്റെ ആജ്ഞയെ അവഗണിച്ചു്, അവരെ അനുഗമിക്കാതെ കന്യാകുമാരിയിൽതന്നെ താമസിച്ചു. അവരിൽ സ്പെയിൻകാരനായ ഫാദർ ബെയിറായും പോർട്ടുഗീസുകാരനായ ഫാദർ റിബെയിരോയും ബ്രദർ നിക്കോളാസു ന്യൂനസ്സും കഴിഞ്ഞ രണ്ടു കൊല്ലത്തിനിടയ്ക്കു യൂറോപ്പിൽനിന്നു വന്നവരും ബല്ത്താസർ ന്യൂനസ്സ് ഇൻഡ്യയിൽവച്ചു സംഘത്തിൽ ചേർന്നയാളുമായിരുന്നു. അവർ അദ്ദേഹത്തിനു യൂറോപ്പിൽനിന്നും ഗോവായിൽനിന്നും കന്യാകുമാരിയിൽനിന്നും എഴുത്തുകളും വാർത്തകളും കൊണ്ടുവന്നിരുന്നു. "ഞങ്ങൾ ഒരുമിച്ചു താമസിച്ച ഒരു മാസം എനിക്കു് ഏറ്റവും ആനന്ദപ്രദമായിരുന്നു. അവർ ഈശ്വരന്റെ യഥാർത്ഥോപാസകരും ഈ മൊല്ലക്കാദേശത്തു

ഈശ്വരസേവനപരമായി ഒട്ടുവളരെ പ്രവർത്തിക്കുന്നതിനു പ്രാപ്തിയുള്ളവരുമാണെന്ന് എനിക്കു ബോദ്ധ്യമായി."

പുതുതായിവന്ന ഈ ധർമ്മദൂതന്മാരുടെ സംഭാഷണത്തിൽനിന്നും അവർ കൊണ്ടുവന്ന എഴുത്തുകളിൽനിന്നും ജസ്യൂട്ട് സംഘം യൂറോപ്പിൽ സത്വരം അഭിവൃദ്ധി പ്രാപിച്ചുവരുന്നുവെന്ന് ഫ്രാൻസിസ്സ് ഗ്രഹിച്ചു. മാർപ്പാപ്പാ സംഘാംഗങ്ങളുടെ എണ്ണം അറുപതിൽ കവിയാൻ പാടില്ലെന്നുള്ള നിയമം താൽക്കാലികമായി ഭേദപ്പെടുത്തുകയും അവർക്കു കൂടുതൽ ആദ്ധ്യാത്മികമായ വരങ്ങളും അധികാരങ്ങളും നല്കുകയുംചെയ്തു. പാദുവാ, കൊളോഞ്ഞ, ലോവയിൻ, പാരീസ്, വലൻസിയാ, അല്ക്കാലാ, ഗാൻഡ്യാ, ബാർസിലോണിയാ, ലിസ്ബൺ, കോയിമ്പ്രാ മുതലായി സർവ്വകലാശാലകളുള്ള പ്രധാന നഗരങ്ങളിലെല്ലാം സംഘംവക ആശ്രമങ്ങളും വിദ്യാലയങ്ങളും സ്ഥാപിക്കപ്പെട്ടു. കൊയിമ്പ്രായിലെ കോളേജിൽ നൂറു മിഷനറി വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കുന്നതിനു വേണ്ട ധനസഹായം പോർട്ടുഗൽ രാജാവായ ജോൺ ചെയ്യുന്നുണ്ടായിരുന്നു. 1545-ൽ മൂന്നാം അതിനടുത്ത വർഷം ഒൻപതും ജസ്യൂട്ട് മിഷനറിമാർ ലിസ്ബണിൽനിന്ന് ഇൻഡ്യയിലേക്കു പുറപ്പെട്ടു. ഈ സത്വരമായ പുരോഗതിയുടെ ഫലമായി ഇഗ്നേഷ്യസ് പോർട്ടുഗലിനെയും അതിന്റെ ഉപനിവേശ രാജ്യങ്ങളെയും ഒരു പ്രത്യേക ജസ്യൂട്ട് വൈദിക സംസ്ഥാനമായി സംഘടിപ്പിക്കുകയും സൈമൺ റൊഡ്രിഗസ്സിനെ അതിന്റെ അധിപതി (Provincial) ആയി നിയമിക്കുകയും ചെയ്തു. ഈ വ്യവസ്ഥയനുസരിച്ചു സൈമൺ റൊഡ്രിഗസ്സ് ഫ്രാൻസിസ്സ് സേവിയറിന്റെയും സഹപ്രവർത്തകന്മാരുടെയും നേരിട്ടുള്ള മേലവായിത്തീർന്നു. ക്രിസ്തുമതത്തെ

ബാധിച്ചിരുന്ന അഴിമതികളെ പരിഹരിച്ചു യഥാ
ർത്ഥമായ ധർമ്മസംസ്ക്കരണം നിർവ്വഹിച്ചു പ്രോട്ടസ്റ്റൻറു
പാഷണ്ഡതയുടെ പ്രചരണത്തെ നിരോധിക്കുന്നതിനാ
യ 1546 ഏപ്രിൽമാസത്തിൽ ഉദ്ഘാടനം ചെയ്യപ്പെ
ട്ട ട്രെൻറിലെ സുനഹദോസിൽ ജസ്യൂട്ട സംഘാംഗങ്ങളാ
യി ലെയിനസ്സും സാൽമറണും അനന്യസാധാരണമായ
വേദശാസ്ത്രവൈശാരദ്യം പ്രദർശിപ്പിച്ചു വിശ്വവിഖ്യാതി
സമ്പാദിക്കുന്നുണ്ടായിരുന്നു.

ഫ്രാൻസിസ്സിനു് ആനന്ദപ്രദമായിരുന്ന ഈ വാർ
ത്തകളോടുകൂടി ഗോവായിൽനിന്നു് ഏറ്റവും ദുഃഖകര
മായ ഒരു വർത്തമാനവും ലഭിച്ചു. മിഗ്വെൽ വാസ് ഇൻ
ഡ്യയിൽ ക്രിസ്തുമതപ്രചാരണത്തിനു് ഏറ്റവും ശക്തിമ
ത്തായ ഒരു പ്രതിബന്ധമായിരുന്ന പോർട്ടുഗീസ് ഉദ്യോ
ഗസ്ഥവൃന്ദത്തിൻെറ അഴിമതികളെ ഉന്മൂലനംചെയ്യുന്ന
തിനുള്ള സകല രാജകീയാധികാരങ്ങളോടുംകൂടി 1546-ൽ
പോർട്ടുഗലിൽനിന്നു ഗോവായിൽ മടങ്ങി വന്നിരുന്നു.
പക്ഷെ, ഗോവായിൽ എത്തിയ ഉടൻ അദ്ദേഹം മരിച്ചു
പോയി. ശത്രുക്കൾ വിഷംകൊടുത്തു് അദ്ദേഹത്തെ കൊ
ന്നതായിരുന്നുവെന്നു വിശ്വസിക്കപ്പെട്ടു. ഗോവായിലെ
വൈദികവിദ്യാലയത്തിൻെറ സ്ഥാപകനും അധിപനുമാ
യ ഡിയോഗോ ബോർബാ ക്ഷോഭജനകമായ ഈ വാർത്ത
കേട്ടമാത്രയിൽ മോഹാലസ്യബാധിതനാവുകയും ഏതാ
നും ദിവസങ്ങൾക്കുള്ളിൽ സ്വസ്നേഹിതനെ അനുഗമിച്ചു
നിര്യാതനാവുകയും ചെയ്തു. പോർട്ടുഗീസു ക്രിസ്ത്യാനിക
ളുടെ ദുർമ്മാർഗ്ഗികമൂലം പൌരസ്ത്യദേശങ്ങളിൽ ക്രൈ
സ്തവധർമ്മപ്രചാരണത്തിനു നേരിട്ടിരുന്ന വൈഷമ്യം
ഒരു വിധം പരിഹരിക്കാമെന്നുണ്ടായിരുന്ന ഫ്രാൻസിസ്സി
ൻെറ പ്രത്യാശ മുഴുവനും മിഗ്വെൽവാസിൻെറ ഈ അ
പമൃത്യുവോടുകൂടി നശിച്ചു.

പുതുതായി വന്ന ധർമ്മഭൃതന്മാർ ഒന്നരമാസം ഫ്രാൻസിസ്സിനോടുകൂടി മലാക്കായിൽ താമസിച്ചു. അതിനിടയ്ക്ക് അവരുടെ മിഷൻരംഗങ്ങളെപ്പറ്റി അവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികളെ അദ്ദേഹം അവരെ ഗ്രഹിപ്പിച്ചു. ആഗസ്റ്റ് മദ്ധ്യത്തിൽ അവർ റെർണേറ്റിലേക്കു കപ്പൽ കയറി. ഫ്രാൻസിസ്സ് ഇൻഡ്യയിലേക്കു മടങ്ങുന്നതിന് ഉൽക്കണ്ഠിതനായിരുന്നുവെങ്കിലും നവംബർ മാസത്തിൽ മൺസൂൺ അനുകൂലമാകുന്നതുവരെ മലാക്കായിൽതന്നെ താമസിക്കുന്നതിന് നിർബ്ബന്ധനായി.

സഹകാരിയായി ഡി എയിറോ മാത്രമെ ഇപ്പോൾ അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്നുള്ളൂ. അദ്ദേഹം തന്റെ ധർമ്മസേവനകൃത്യം ഉത്സാഹപൂർവ്വം തുടർന്നു. അദ്ദേഹത്തിന്റെ കമ്പസാരമണ്ഡപം പാപപരിഹാരേച്ഛുക്കളാൽ നിരന്തരം ഉപരുദ്ധമായിരുന്നു. അദ്ദേഹത്തിന്റെ ധർമ്മപ്രസംഗങ്ങൾ അനവധി ശ്രോതാക്കളെ ആകർഷിച്ചു. ഹൃദയംഗമമായ ഗാനരൂപത്തിലുള്ള വേദോപദേശപാഠങ്ങൾ ജനങ്ങൾ ആബാലവൃദ്ധം ഹൃദിസ്ഥമാക്കി. നവമായൊരു ആദ്ധ്യാത്മികപ്രബുദ്ധത സർവ്വത്ര പ്രത്യക്ഷപ്പെട്ടു. മരിച്ചുപോയ ഒരു ബാലിക പുനരുജ്ജീവിപ്പിക്കപ്പെട്ടു. രോഗികളും പിശാചബാധിതരും അത്ഭുതകരമായി സ്വസ്ഥത പ്രാപിച്ചു. പരസ്പരം ആജന്മശത്രുതയോടു വർത്തിച്ചിരുന്നവർ തമ്മിൽ നിരത്തപ്പെട്ടു. അദ്ദേഹം ദിവ്യദൃഷ്ടികൊണ്ടു ഭാവിഭാവിസംഭവങ്ങളെ ദീർഘദർശനം ചെയ്തു. ഈ അഞ്ചുമാസക്കാലം, എപ്പോഴത്തെയുംകാൾ ക്രൂരതലായി, അദ്ദേഹത്തിന്റെ "ജീവിതം ദൈവത്തിൽ നിർല്ലീനമായിരുന്നു." പ്രഭാതത്തിൽ ബലിപീഠം സജ്ജീകരിക്കുന്നതിനായി ദേവാലയത്തിൽ പ്രവേശിക്കുന്ന ശുശ്രൂഷകൻ പലപ്പോഴും ഫ്രാൻസിസ്സ് ബലിപീഠത്തിന്റെ മുമ്പാകെ മുട്ടിന്മേൽ പ്ര

ണിധാനനിമഗ്നനായി നില്ക്കുന്നതു കണ്ടിരുന്നു; അദ്ദേഹം രാത്രിമുഴുവനും 'ദിവ്യകാരുണ്യ' സ്ഥിതനായി ഉപകാരികയിൽ അന്തർഹിതനായിരിക്കുന്ന ക്രിസ്തുദേവനെ ഏകാന്തനായി സമാരാധിക്കുകയായിരുന്നു.

ഈ സന്ദർഭത്തിൽ ഫ്രാൻസിസ്സിന്റെ അത്ഭുത സിദ്ധികളെ പ്രകാശിപ്പിക്കുന്നതിനു പര്യാപ്തമായ ഒരു സംഭവവിശേഷമുണ്ടായി. ഒക്ടോബർമാസാരംഭത്തിൽ ഒരു രാത്രി മലാക്കാനിവാസികൾ ആപൽസൂചകമായ മണിനാദത്താലും പീരങ്കിവെടികളുടെ ഘോരശബ്ദത്താലും ഉണർത്തപ്പെട്ടു. സംഭ്രാന്തരായ പുരവാസികളുടെ "അച്ചീനന്മാർ അച്ചീനന്മാർ!" എന്ന ആക്രന്ദനത്താൽ നഗരാന്തരീക്ഷം മുഖരീഭവിച്ചു. സുമാടാക്കാരും ഭയങ്കരന്മാരുമായ ഈ കടൽക്കള്ളന്മാർ മൊല്ലുക്കാദ്വീപുകളിൽനിന്നു വന്ന കച്ചവടകപ്പലുകളെ ആക്രമിച്ചു കൊള്ളയിടുന്നതിനായി ഉദ്യമിച്ചു. കോട്ടയിൽനിന്നും തുറമുഖത്തിൽ കിടന്ന കപ്പലുകളിൽനിന്നുമുണ്ടായ അനിരോധ്യമായ പീരങ്കിപ്രയോഗത്താൽ ശത്രുക്കൾ വിദ്രാവണം ചെയ്യപ്പെട്ടു. പ്രഭാതത്തിൽ അവരുടെ കപ്പലുകൾ വടക്കോട്ടു തിരിച്ചു പോകുന്നതായി കാണപ്പെട്ടു. അവയെ അനുധാവനം ചെയ്യുന്നതിനു മലാക്കാപുരവാസികൾ ധൈര്യപ്പെട്ടില്ല. എന്നാൽ അവരുടെ ശല്യം വീണ്ടുമുണ്ടാകാതിരിക്കണമെങ്കിൽ അവരെ ഇപ്രാവശ്യം നല്ലൊരു പാഠം പഠിപ്പിച്ചു വിടേണ്ടതു് അത്യാവശ്യമാണെന്നു് ഫ്രാൻസിസ്സിനു തോന്നുകയും അദ്ദേഹം പോർട്ടുഗീസു നാവികസേനാധിപനെയും ജനങ്ങളെയും അതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. അതനുസരിച്ചു് നൂററിയെൺപതു നാവികഭടന്മാരോടുകൂടിയ ഒരു ചെറിയ കപ്പൽസമൂഹം സത്വരം ശത്രുക്കളെ പിൻതുടർന്നു. അവർ ഒരാഴ്ചയ്ക്കുള്ളിൽ കൃതകൃത്യരായി മടങ്ങിവരുമെ

ന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടത്. എന്നാൽ ആഴ്ച ഒന്നെ
ല്ല അനേകമായിട്ടും അവരെപ്പറ്റി യാതൊരു വിവരവും
അറിയാൻ സാധിച്ചില്ല. അവരുടെ സ്ഥിതിയെപ്പറ്റി ജ
നങ്ങൾ അത്യൽക്കണ്ഠിതരായി. അവരും അവരുടെ കപ്പ
ലുകളും നിശ്ശേഷം നശിപ്പിക്കപ്പെട്ടിരിക്കണമെന്നു വിശ്വ
സിക്കപ്പെട്ടു. ഈ തക്കംനോക്കി ബിന്താംഗിലെ സുൽ
ത്താൻ അരക്ഷിതമായ മലാക്കായെ ആക്രമിക്കുന്നതിനു
സന്നദ്ധനായി മൂവാർനദിയുടെ മുഖത്തു പ്രത്യക്ഷീഭവിച്ച
പ്പോൾ പൌരജനങ്ങളുടെ സംഭ്രമവും വ്യാകുലയും ദ്വിഗു
ണീഭവിച്ചു. അവർ ക്രുദ്ധരായി, ഇതിനെല്ലാം ഹേതുഭൂ
തനായ ഫ്രാൻസിസ്സിനെ ശാസിച്ചുതുടങ്ങി. നാല്പതാമ
ത്തെ ദിവസം, ഡിസംബർ 4-നു ഞായറാഴ്ച കാലത്തു
അദ്ദേഹം പള്ളിയിൽ പ്രസംഗിച്ചുകൊണ്ടുനിന്നപ്പോൾ
അഭൌമമായ ഒരു പരിവേഷത്താൽ അദ്ദേഹത്തിന്റെ മു
ഖം സമുജ്ജ്വലീഭവിക്കുകയും അദ്ദേഹം ആകസ്മികമായി
ഇങ്ങനെ ഉദീരണംചെയ്കയും ചെയ്തു: "ദൈവജ്ഞന്മാ
രോട് ആലോചിക്കുകയും ഗണകന്മാരെക്കൊണ്ടു പ്രശ്
നംവയ്പിക്കുകയും ചെയ്യുന്ന സ്ത്രീകളും പുരുഷന്മാരും ഇക്കൂ
ട്ടത്തിലുണ്ട്. നമ്മുടെ നാവികസംഘം തോല്പിക്കപ്പെട്ട
വെന്നു ചിലർ പറയുന്നു; മറ്റു ചിലർ തങ്ങളുടെ പുരുഷ
ന്മാർ മരിച്ചുപോയി എന്നു തീർച്ചപ്പെടുത്തി വിലപിക്കു
ന്നു. എത്ര മോശക്കാരായ ക്രിസ്ത്യാനികളാണു നിങ്ങൾ!
നമ്മുടെ രക്ഷാനാഥനിലുള്ള നിങ്ങളുടെ വിശ്വാസം ഇത്ര
അല്പമാണോ? സഹോദരരെ, മിത്രങ്ങളെ, നിങ്ങൾ സ
മാശ്വസിക്കുവിൻ, നിങ്ങൾ സന്തോഷിക്കുവിൻ; നിങ്ങൾ
സർവ്വേശ്വരനോടു കൃതജ്ഞത പ്രകാശിപ്പിക്കുവിൻ! എ
ന്തുകൊണ്ടെന്നാൽ, നമ്മുടെ സഹോദരന്മാർ ശത്രുക്കളെ
യുദ്ധംചെയ്തു തോല്പിച്ചിരിക്കുന്നു. വിജയശ്രീലാളിതരാ
യി മടങ്ങിവരുന്ന അവർക്കു നിങ്ങൾ താമസിയാതെ സ്വാ

ഗതമരുളും.'' ശ്രോതാക്കൾ അത്ഭുതപരതന്ത്രരായി, ദിവ്യാനന്ദഭരിതരായി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ, മലാക്കായിൽനിന്നു നൂറു മൈലകലെയുള്ള പെർലിസ്ന ദിയിൽവച്ചു ശത്രുസൈന്യം നിശ്ശേഷം തോല്പിക്കപ്പെട്ട വെന്നുള്ള സുവാർത്ത വഹിച്ചുകൊണ്ടു ഒരു കപ്പൽ വന്നു ചേർന്നു. അതിനെത്തുടർന്നു ജേതാക്കളെല്ലാവരും പ്രത്യാഗമിച്ചു. ഫ്രാൻസിസ്സ് കൈയിൽ കുരിശോടുകൂടി തൂറമുഖത്തെത്തി അവരെ അനുമോദനപൂർവ്വം സ്വീകരിച്ചു. പ്രസംഗസമയത്തു് അദ്ദേഹത്തിനു ദിവ്യദർശനമുണ്ടായപ്പോൾതന്നെയായിരുന്നു യുദ്ധം നടന്നതും ശത്രുക്കൾ പരാജിതരായതുമെന്നു സകലർക്കും ബോദ്ധ്യമായി.

ഇതിനിടയ്ക്കു് ഇൻഡ്യയിൽനിന്നും യൂറോപ്പിൽനിന്നുമുള്ള മെയിൽ വഹിച്ചുകൊണ്ടു് ഗോവായിൽനിന്നു ഒരു കപ്പൽ വന്നു. അതിൽ ഫ്രാൻസിസ്സിനു സൈമൺ റൊഡ്രിഗസ്സിന്റെ ഒരെഴുത്തുണ്ടായിരുന്നു. ഫ്രാൻസിസ്സിന്റെ സതീർത്ഥ്യനായ പീറർ ഫേബറിന്റെ മരണവൃത്താന്തവും യൂറോപ്പിൽ ജസ്യൂട്ട സംഘം സത്വരം പ്രാപിച്ചുകൊണ്ടിരുന്ന അഭിവൃദ്ധിയെപ്പറ്റിയുള്ള റിപ്പോർട്ടുമായിരുന്നു അതിൽ പ്രധാനമായി അടങ്ങിയിരുന്നതു്.

നവംബർമാസത്തിന്റെ അവസാനത്തോടുകൂടി ഇൻഡ്യയിലേക്കുള്ള യാത്രയ്ക്കു അനുകൂലമായ മൺസൂൺ കാറ്റു് ആരംഭിച്ചിരുന്നു. ആദ്യം പോയ കപ്പലിൽ ഫ്രാൻസിസ്സ് തന്റെ സഹചാരിയായിരുന്ന ഡി എയിറോയെയും സെയിന്റ് പോൾസ് കോളേജിൽ പഠിക്കുന്നതിനുദ്ദേശിക്കപ്പെട്ടിരുന്ന പത്തു മലയാ വിദ്യാർത്ഥികളെയും അയച്ചു. ഡി എയിറോ ജസ്യൂട്ട സംഘത്തിനെന്നതിനേക്കാൾ ഫ്രാൻസിസ്കൻ സംഘത്തിനു യോജിച്ച ഒരു സന്യാസാർത്ഥിയാണെന്ന് അദ്ദേഹം മനസ്സിലാക്കുകയും ആ വിവരം അയാളോടു പറയുകയും ചെയ്തിരുന്നു. ഒരു ഫ്രാൻ

സിസ്റ്റൻ ധർമ്മസഹോദരനായിട്ടായിരുന്നു ഡി എയിറോ 1556-ൽ ഫ്രാൻസിസ്സ് സേവ്യറിന്റെ പുണ്യപട്ടം സംബന്ധിച്ച നടപടികൾക്കു വൈദികാധികാരികളുടെ മുൻപാകെ സപ്രമാക്ഷ്യം നല്കിയതു്.

ഫ്രാൻസിസ്സിനു ഗോവായിൽ പോകുന്നതിനു മുൻപായി കൊച്ചിയിൽ ഇറങ്ങി കന്യാകുമാരി സന്ദർശിക്കണമെന്നുണ്ടായിരുന്നതുമൂലമായിരുന്നു ഡി എയിറോയെയും വിദ്യാർത്ഥികളെയും നേരെ ഗോവായിലേക്കു പോകുന്ന കപ്പലിൽ അയച്ചതു്. രണ്ടു വർഷങ്ങൾക്കു മുൻപു് അദ്ദേഹം മലാക്കായിൽ നിന്നു മൊളുക്കായിലേക്കു യാത്ര തിരിച്ച സന്ദർഭത്തിൽ ചൈനായുടെ ഒരു ഭാഗത്തെ അധിവസിച്ചിരുന്ന, വിശിഷ്ടങ്ങളായ ചില ആചാരങ്ങളോടുകൂടിയ ഒരു ജനസമുദായത്തെപ്പറ്റി കേൾക്കുകയും അവരെ സംബന്ധിച്ചും ചൈനായെ സംബന്ധിച്ചും സാധിക്കുന്നിടത്തോളമുള്ള സകല വിവരങ്ങളും ശേഖരിക്കണമെന്നു തന്റെ സ്നേഹിതന്മാരായ സാംയാത്രികരോടു് അപേക്ഷിക്കുകയും ചെയ്തിരുന്നുവല്ലൊ. ചൈനായിൽ നിന്നു കപ്പലുകൾ മടങ്ങിവരുന്നതു ഡിസംബർ അവസാനത്തിലായതുകൊണ്ടു് അദ്ദേഹം ഇൻഡ്യയിലേക്കുള്ള യാത്ര അതുവരെ താമസിപ്പിച്ചു.

ഡിസംബർമാസമദ്ധ്യത്തിൽ ഒരു ദിവസം ഫ്രാൻസിസ്സ് പള്ളിയിൽ ഒരു വിവാഹകർമ്മം ആശീർവ്വദിക്കുന്നതിൽ ഏർപ്പെട്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായ ജോർജ് ആല്വാരസ്സ് എന്ന കപ്പിത്താൻ അദ്ദേഹത്തെ കാണുന്നതിനു സൗകര്യമപേക്ഷിച്ചു. അയാളോടുകൂടി ഒരു ചീനനെപ്പോലെ മഞ്ഞനിറവും നികന്ന കണ്ണുകളുമുള്ള, മുപ്പത്തഞ്ചു വയസ്സു പ്രായം തോന്നിക്കുന്ന, ഒരു കൃശഗാത്രനുമുണ്ടായിരുന്നു. പള്ളിയിലെ കർമ്മത്തിനുശേഷം ആല്വാരെസ്സ് തന്റെ കൂട്ടുകാരനെ

ഫ്രാൻസിസ്സുമായി പരിചയപ്പെട്ടത്തി. അയാൾ ഒരു ജപ്പാൻകാരനും അയാളുടെ പേര് ആഞ്ജറോ എന്നുമായിരുന്നു. ജപ്പാൻ ദ്വീപുകൾ അഞ്ചുവർഷങ്ങൾക്കു മുൻപു മാത്രമായിരുന്നു പോർട്ടുഗീസുകാർ കണ്ടുപിടിച്ചതു്.

"ആല്വാരെസ്സ് എന്നെ അദ്ദേഹത്തിന്റെ കരങ്ങളിൽ ഏല്പ്പിക്കുകയും എന്റെ കഥ സവിസ്തരം അദ്ദേഹത്തെ പറഞ്ഞുകേൾപ്പിക്കുകയും ചെയ്തു..... എത്ര വലിയ ആനന്ദത്തോടുകൂടിയായിരുന്നു ആ വന്ദ്യഗുരുനാഥൻ എന്നെ നോക്കിയതും ആശ്ലേഷിച്ചതും..... പോർട്ടുഗീസു ഭാഷ അല്പമറിയാമായിരുന്നതുകൊണ്ടു് എനിക്കു് അദ്ദേഹത്തോടു നേരിട്ടു സംസാരിക്കുന്നതിനു കഴിഞ്ഞു" എന്നു് ആ ജപ്പാൻകാരൻതന്നെ സുസ്മരണാർഹമായ ഈ സമാഗമത്തെപ്പറ്റി രേഖപ്പെടുത്തിയിട്ടുണ്ടു്. ആല്വാരെസ്സു പറഞ്ഞ ആഞ്ജറോയുടെ പൂർവ്വകഥ വളരെ രസാവഹമായിരുന്നു. അയാൾ ഒരു കൊലപാതകംചെയ്തശേഷം സ്വദേശത്തു നിന്നു് ഒളിച്ചോടി ആദ്യം ഒരു ബൗദ്ധ സന്ന്യാസാശ്രമത്തിൽ ചെല്ലുകയും അവിടെ രക്ഷയില്ലെന്നു കണ്ടു് പിന്നീടു് അവിടെനിന്നു കാഗോഷിമാ എന്ന ദക്ഷിണ ജപ്പാനിലെ തുറമുഖത്തു കിടന്നിരുന്ന ആല്വാരെസ്സിന്റെ കപ്പലിൽ അഭയം പ്രാപിക്കുകയും ചെയ്തു. ആ കപ്പൽ അവിടെനിന്നു പുറപ്പെട്ടു ചൈനയിൽ വന്നു. ഇതിനിടയ്ക്കു് ആഞ്ജറോ തന്റെ അതീതകാലത്തെ പാപങ്ങളെപ്പറ്റി പശ്ചാത്താപപൂർവ്വം ആല്വാരെസ്സിനോടു സംസാരിച്ചു. പാപികൾക്കു സവിശേഷം ആശ്വാസകരവും മുക്തിപ്രദവുമായ ക്രിസ്തുമതത്തെയും പൌരസ്ത്യദേശങ്ങളിൽ ക്രൈസ്തവധർമ്മദൂതനായി വന്നിട്ടുള്ള പുണ്യവാനായ ഫ്രാൻസിസ്സ് സേവിയറിനെയുംപറ്റി ഈ പോർട്ടുഗീസു കപ്പിത്താൻ ജപ്പാൻകാരനെ ഗ്രഹിപ്പിച്ചു. ഈ സംഭാഷണ

ത്തിൽനിന്നു ക്രിസ്തുമതം സ്വീകരിക്കുന്നതിനും ഫ്രാൻസിസ്സിനെ കാണുന്നതിനുമുള്ള ശക്തിമത്തായ ഒരഭിനിവേശം ആഞ്ജറോയുടെ മനസ്സിൽ അങ്കുരിച്ചു. അങ്ങനെ മലാക്കാവരെ യാത്രതുടരുന്നതിന് അയാൾ പ്രേരിപ്പിക്കപ്പെട്ടു. പക്ഷെ അവർ മലാക്കായിൽ വന്നപ്പോൾ ഫ്രാൻസിസ്സ് അവിടെ ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു വർഷത്തിനുമുൻപു മൊളുക്കാ ദ്വീപുകളിലേക്കു പോയിരുന്നു. മലാക്കായിലെ വൈദികാധികാരി ജപ്പാൻകാരനെ ജ്ഞാനസ്നാപനം ചെയ്യുന്ന കാര്യത്തിൽ, അയാളുടെ ഭാര്യയും മക്കളും അപ്പോൾ വിമതസ്ഥരായിരുന്നതുകൊണ്ടും അയാളുടെ വിശ്വാസത്തിന്റെ സ്ഥിരതയെപ്പറ്റി നല്ല ബോദ്ധ്യമില്ലായിരുന്നതുകൊണ്ടും, അനുകൂലിച്ചില്ല. ഈ നിരസനം ദൈവഗത്യാ സംഭവിച്ചതാണു്: അപ്പോൾ ജ്ഞാനസ്നാനം നടന്നിരുന്നുവെങ്കിൽ പന്നീട്ട് ആഞ്ജറോ ഫ്രാൻസിസ്സിനെ കാണുകയോ അദ്ദേഹം ജപ്പാനിലേക്കു, പക്ഷെ, പോകുവാനിടയാവുകയോ ചെയ്യുമായിരുന്നില്ല.

ആഞ്ജറോ ഭഗ്നാശനായി മടങ്ങിപ്പോയി. ചൈനായിൽനിന്നു ജപ്പാനിലേക്കു പോകുന്നതിനായി അയാൾ കയറിയ കപ്പൽ ഒരു ഭയങ്കരമായ കൊടുങ്കാറ്റിൽ അകപ്പെടുകയും തിരിച്ചു പുറപ്പെട്ട സ്ഥാനത്തുതന്നെ വന്നു ചേരുകയും ചെയ്തു. ഇങ്ങനെ ജീവാപായകരമായ ഒരാപത്തിൽനിന്നു രക്ഷപ്രാപിച്ച അയാൾക്കു ക്രിസ്ത്യാനിയാകുന്നതിനുള്ള ആഗ്രഹം വർദ്ധിക്കുകയും വീണ്ടും മലാക്കായിലേക്കു പോകുന്നതിനായി അയാൾ ഒരു പോർട്ടുഗീസു കപ്പലിൽ കയറുകയും ചെയ്തു. മലാക്കായിൽ ഇറങ്ങി അയാൾ നേരേ അല്വാരെസ്സിന്റെ അടുക്കൽ ചെന്നു. അപ്പോൾ മൊളുക്കായിൽനിന്നു മടങ്ങിവന്നിരുന്ന ഫ്രാൻസിസ്സിന്റെ സന്നിധിയിൽ അയാൾ ഉടൻ ആനയിക്കപ്പെട്ടു.

ജപ്പാൻകാരനായുണ്ടായ ഈ സമാഗമത്തെ തന്റെ ഉദ്യോഗം സംബന്ധിച്ച ഈശ്വരഹിതത്തിന്റെ ഒരു സുസ്പഷ്ടമായ ആവിഷ്കരണമായി ഫ്രാൻസിസ്സു പരിഗണിച്ചു. ക്രിസ്തുധർമ്മപ്രചാരണത്തിനായി നവ്യമായ ഒരു രംഗം അദ്ദേഹത്തിന്റെ മുൻപാകെ ആവിർഭവിച്ചു. രണ്ടുവർഷത്തിനകം ഒരു ക്രൈസ്തവധർമ്മദൂതനെ ആഞ്ജറോയോടുകൂടെ ജപ്പാനിലേക്ക് അയയ്ക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു; മറ്റാരെയും കിട്ടിയില്ലെങ്കിൽ താൻതന്നെ അവിടത്തേക്കു പോകുമെന്നും തീർച്ചപ്പെടുത്തി. ജപ്പാൻ പലപ്രാവശ്യവും സന്ദർശിച്ച് അവിടത്തെ സ്ഥിതികളെപ്പറ്റി സാമാന്യമായ അറിവു സമ്പാദിച്ചിരുന്ന ആല്വാരെസ്സിനോട് ആ രാജ്യത്തെയും അതിലെ ജനങ്ങളെയുംപറ്റി ഒരു വിവരണം എഴുതുന്നതിന് അദ്ദേഹം ആവശ്യപ്പെട്ടു. അങ്ങനെ തയാറാക്കപ്പെട്ട വിവരണം അദ്ദേഹം ഹൃദിസ്ഥമാക്കുകയും പിന്നീട് യൂറോപ്പിലേക്ക് അയച്ച തന്റെ ലേഖനത്തിൽ പരാവർത്തനം ചെയ്യുകയും ചെയ്തു.

ഫ്രാൻസിസ്സ് ആഞ്ജറോയെ മലാക്കായിൽവച്ച് ജ്ഞാനസ്നാപനം ചെയ്തില്ല. അയാളെയും അയാളുടെ രണ്ടു് അനുചരന്മാരെയും ഗോവായിൽ കൊണ്ടുപോയി അവിടെവച്ച് ആ വിശുദ്ധ കർമ്മം നിർവ്വഹിക്കുന്നതു് ഉചിതമായിരിക്കുമെന്ന് അദ്ദേഹം വിചാരിച്ചു. ജപ്പാനിൽ പോകുമ്പോൾ അവർ തനിക്കു നല്ല ദ്വിഭാഷികളായിത്തീരത്തക്കവണ്ണം അവരെ ഗോവായിലെ സെയിന്റ് പോൾസ് കോളേജിൽ ചേർത്തു രണ്ടു വർഷം പോർട്ടുഗീസു ഭാഷയും ക്രിസ്തുമതതത്ത്വങ്ങളും പഠിപ്പിക്കണമെന്നും അദ്ദേഹം തീർച്ചപ്പെടുത്തി.

II

മണപ്പാട്ട്

ആഞ്ജറോ മലാക്കായിൽ വന്ന് എട്ട ദിവസം കഴിഞ്ഞപ്പോൾ ഫ്രാൻസിസ്സ് സേവിയർ അവിടെനിന്ന് ഇൻഡ്യയിലേക്ക കപ്പൽകയറി. 1548 ജനവരി 13-ന അദ്ദേഹം കൊച്ചിയിലെത്തി. അവിടത്തെ ഫ്രാൻസിസ്കൻ ആശ്രമത്തിൽ ഗോവാ മെത്രാനെയും, സിലോണിലെ ഫ്രാൻസിസ്കൻ മിഷന്റെ അധിപനായ ജോൺ ഡി വില്ല ഡി കോണ്ഡിയെയും, ബസീനിലെ ഫ്രാൻസിസ്കൻ മിഷനിൽപ്പെട്ട മൂന്ന മിഷനറിമാരെയും, വികാരിയായ പീറർ ഗൊൺസാല്വെസ്സിന്റെ മേടയിൽ ഫാദർ മൻസില്ലാസ്സിനെയും അദ്ദേഹം കണ്ടു. മൊള്ളക്കാ ദ്വീപുകളിലേക്ക പോകണമെന്നുള്ള തന്റെ ആജ്ഞയെ അനുസരിക്കാതിരുന്ന കുറ്റത്തിന മൻസില്ലാസ്സിനെ അദ്ദേഹം സംഘത്തിൽനിന്ന പിരിച്ചുവിടുകയും അയാൾ ഒരു കാമ്മിക വൈദികനായിത്തീരുകയും ചെയ്തു. ജസ്യൂട്ടസംഘം അതിന്റെ അംഗങ്ങളിൽനിന്ന സംപൂർണ്ണമായ അനുസരണമാണല്ലോ പ്രതീക്ഷിക്കുന്നത്. തന്റെ ശ്രുതയുടെ സ്ഥിതിയെപ്പറ്റി മെത്രാൻ പറഞ്ഞ കഥ ഫ്രാൻസിസ്സിനു നൈരാശ്യജനകമായിരുന്നു. ഫ്രാൻസിസ്സിന്റെ എഴുത്തിലെ നിർദ്ദേശങ്ങളുടെയും മിഗുവെൽവാസ്സിന്റെ നേരിട്ടുള്ള നിവേദനത്തിന്റെയും ഫലമായി ഇൻഡ്യൻമിഷനെ സഹായിക്കുന്നതിനെ സംബന്ധിച്ച ജോൺ തൃതീയൻ ഇൻഡ്യയിലെ പോർട്ടുഗീസു ഗവർമെന്റിന് അയച്ച ഉത്തരവുകൾ, ഉദ്യോഗസ്ഥന്മാരുടെ എതിർപ്പുമൂലം, നടപ്പിൽ വന്നില്ല. ഫ്രയർ ജോണിൽനിന്ന ഫ്രാൻസിസ്സ് കേട്ട സിലോൺ മിഷന്റെ

കഥയും പരിതാപകരമായിരുന്നു. എവിടെയും ധർമ്മ പ്രചാരണപ്രസ്ഥാനത്തിനു പ്രാതികൂല്യമല്ലാതെ ആനുകൂല്യം പോർട്ടുഗീസുദ്യോഗസ്ഥന്മാരിൽനിന്നുലഭിക്കുന്നില്ല. രാജാജ്ഞയനുസരിച്ചുള്ള ധർമ്മപരമായ പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തുന്നതിനു വൈസ്രോയിക്കു തന്റെ ഉപദേശക സമിത്യംഗങ്ങളുടെ ശക്തിമത്തായ എതിർപ്പു മൂലം സാധിക്കാതെ വന്നിരിക്കുന്നു.

ജനുവരി 20-ാം- ഫ്രാൻസിസ്സ് കൊച്ചിയിൽനിന്നു മൂന്ന് എഴുത്തു യൂറോപ്പിലേക്കു എഴുതി—ജോൺ തൃതീയനും, ഇഗ്നേഷ്യസ്സ് ലയോളായ്ക്കും, സൈമൺ റോഡ്രിഗസ്സിനും. രാജാവിനുള്ള എഴുത്തിൽ പോർട്ടുഗീസുദ്യോഗസ്ഥന്മാർ മതസംബന്ധമായ കാര്യങ്ങളിൽ അനുവർത്തിക്കുന്ന നയത്തിന്റെ ഉദാസീനതയെയും ദോഷദൃഷ്ടിയുതയെയും രാജാവു് തന്റെ അധികാരത്തെ പൂർവ്വാധികം ഊർജ്ജിതമായി പ്രയോഗിച്ചു് അവരിൽ കൃത്യബോധമുളവാക്കേണ്ട ആവശ്യകതയെയുംപറ്റി അദ്ദേഹം ശക്തിയുക്തം പ്രതിപാദിച്ചിരിക്കുന്നു. മൂന്ന് എഴുത്തുകളിലും പൌരസ്ത്യദേശങ്ങളിലേക്കു കൂടുതൽ മിഷനറിമാർ നിയോഗിക്കപ്പെടണമെന്ന് അദ്ദേഹം അപേക്ഷിക്കുന്നു. "ഒന്നരവർഷം കഴിഞ്ഞു് ഒന്നോ രണ്ടോ മറ്റു ജസ്യൂട്ട വൈദികരോടുകൂടി ഞാൻ തന്നെ ജപ്പാനിലേക്കു പോകണമോ, അതോ, അവരിൽ രണ്ടുപേരെ മാത്രം അയച്ചാൽ മതിയോ എന്നതിനെപ്പറ്റി ഞാൻ തീർച്ചപ്പെടുത്തിയിട്ടില്ല. ഞാൻ പോവുകയോ മറ്റുള്ളവരെ അയക്കുകയോ ചെയ്യുകയെന്നതു് തീർച്ചയാണു്: ഇപ്പോഴത്തെ സ്ഥിതിക്കു ഞാൻതന്നെ പോയേക്കാനാണു് എളുപ്പം... ..." എന്ന് അദ്ദേഹം ഇഗ്നേഷ്യസ്സിനു് എഴുതുന്നു.

ജനുവരി അവസാനത്തോടുകൂടി ഫ്രാൻസിസ്സ് കന്യാകുമാരിയിലേക്കു പോയി. അനേറാണിയോ ക്രിമി

നാലെ, സിപ്രിയാനോ, ഫ്രാൻസിസ്കോ എന്റിക്കസ്, എന്റിക്കസ് എന്റിക്കസ് എന്നീ നാലു ജസ്യൂട്ട വൈദികരും, കൊയെല്ലോ, മാനുവൽ, ഗാൾവർ എന്നീ മൂന്നു ഏതദ്ദേശീയ കാമ്മികവൈദികരും മൂന്നു ധമ്മസഹോദരന്മാരും അവിടെ അപ്പോൾ ധമ്മസേവനം അനുഷ്ഠിച്ചിരുന്നു. ഫ്രാൻസിസ്സ് ഈ മിഷനറിമാരെയെല്ലാം മണപ്പാട്ട വിളിച്ചുകൂട്ടി. അവരുമായി ഏതാനും ദിവസത്തെ ധ്യാനം നടത്തി. പത്തു ദിവസം അദ്ദേഹം അവിടെ അവരോടുകൂടി കഴിച്ചുകൂട്ടി. അവരെ വിട്ടുപിരിയുന്നതിനു മുൻപു് അദ്ദേഹം അവരുടെ കർത്തവ്യങ്ങളെപ്പറ്റി ഒരു സന്ദേശം അവർക്കു നല്കി. അതിൽ അടങ്ങിയിരുന്നതു് ഏതു മിഷനറിയും അറിഞ്ഞിരിക്കേണ്ട പ്രാഥമിക പാഠങ്ങളാണു്. സുസ്മരണീയമായ ആ സന്ദേശത്തെ ഇവിടെ സംക്ഷേപിച്ചുകൊള്ളുന്നു:-

മിഷനറിമാരുടെ ഒന്നാമത്തെ കൃത്യം ശിശ്രൂക്കളെ ജ്ഞാനസ്നാപനം ചെയ്യുക എന്നതാണു്. ഈ കൃത്യം മറവുള്ളവർക്കായി വിട്ടുകൊടുക്കാവുന്നതല്ല; മിഷനറിതന്നെ നേരിട്ടു് അതു നിർവ്വഹിക്കണം. ക്ഷണിക്കപ്പെടുന്നതുവരെ കാത്തിരിക്കരുതു്. നിങ്ങൾ ചുറ്റിനടന്നു ജ്ഞാനസ്നാനം ചെയ്യുന്നതിനായി കുഞ്ഞുങ്ങളുണ്ടോ എന്നു് അന്വേഷിക്കണം; അല്ലെങ്കിൽ അവർ ജ്ഞാനസ്നാനത്തിനു മുൻപു മരിച്ചുപോകാൻ ഇടയാകും.

കുട്ടികളെ വേദോപദേശം പഠിപ്പിക്കുക. നിങ്ങൾക്കു് എല്ലായിടത്തും പോയി ആ കൃത്യം നിർവ്വഹിക്കാൻ സാധിക്കുകയില്ലെന്നുള്ളതുകൊണ്ടു്, ഉപദേശികളെ നല്ലവണ്ണം അഭ്യസിപ്പിക്കുകയും അവരെക്കൊണ്ടു് അവരുടെ കൃത്യം നിർവ്വഹിപ്പിക്കുകയും ചെയ്യുക. നിങ്ങൾ ഒരു ഗ്രാമം സന്ദർശിക്കുമ്പോൾ കുട്ടികളെ ഓരോരുത്തരായി പരിശോധിക്കുക.

എല്ലാ ഞായറാഴ്ചകളിലും പ്രാപ്തിയായവരെയെല്ലാം പള്ളിയിൽ വിളിച്ചുകൂട്ടി വേദോപദേശം പഠിപ്പിക്കുക. അവരുടെ ദുർഗ്ഗുണങ്ങളെയും ദുരാചാരങ്ങളെയും ഉന്മൂലനം ചെയ്യുന്നതിനു ശ്രമിക്കുക.

നിങ്ങൾ ഒരു സ്ഥലത്തു ചെല്ലുമ്പോൾ നിങ്ങളോടു വിദ്വേഷത്തോടു വർത്തിക്കുന്നവരെ കണ്ടുപിടിച്ചു് അവരെ നിരസ്സുന്നതിനു ശ്രമിക്കുക.

ഫാദർ ഫ്രാൻസിസ്സു് കൊയെല്ലൊ വേദോപദേശം തമിഴിലേക്കു തർജ്ജിമചെയ്തതിരുമ്പോൾ അതു പുരുഷന്മാരെ എല്ലാ ഞായറാഴ്ചയും സ്ത്രീകളെ എല്ലാ ശനിയാഴ്ചയും വായിച്ചു കേൾപ്പിക്കുക. പള്ളിക്കു നല്കപ്പെട്ട നേർച്ചകളിൽ യാതൊന്നും നിങ്ങൾ എടുക്കരുതു്. അവ നിർദ്ദോഷം പാവങ്ങൾക്കു കൊടുക്കുക.

രോഗികളെപ്പററി അന്വേഷിച്ചു് അവരെ സന്ദർശിക്കുക; അവരുടെ സംബന്ധികൾ നിങ്ങളെ അന്തിമക്രിയാശയ്ക്കായി വിളിക്കുന്നില്ലെങ്കിൽ, അവർ മരിച്ചാൽ അവരെ ക്രൈസ്തവോചിതമായി അടക്കാതിരിക്കുക.

നിങ്ങൾ രോഗികളെ സന്ദർശിക്കുമ്പോൾ, വിശ്വാസപ്രമാണം ചൊല്ലി അവയിലെ വിശ്വാസ്യ സത്യങ്ങൾ ഓരോന്നും അവർ വിശ്വസിക്കുന്നോ എന്നു ചോദിക്കുക. അനന്തരം 'ഞാൻപിഴയാളി'യും മറ്റു മന്ത്രങ്ങളും ചൊല്ലുക. ഒടുവിൽ അവരുടെ മുമ്പാകെവച്ചു സുവിശേഷം വായിക്കുക. ശവസംസ്കാരകർമ്മം ഇപ്രകാരം നടത്തുക:- കുരിശു വഹിച്ചുകൊണ്ടു ഒരാൾ മുൻപു നടക്കട്ടെ. അതിന്റെ പിന്നാലെ വേദോപദേശഗാനങ്ങൾ പാടിക്കൊണ്ടു നടക്കുന്ന കുട്ടികളോടുകൂടി നിങ്ങൾ പുറപ്പെടുക. മരിച്ചയാളിന്റെ വീട്ടിലെത്തുമ്പോൾ ഒരു സംകീർത്തനം ചൊല്ലുക. അവിടെനിന്നു മടങ്ങുന്നതിനുമുൻപും ഒരു സംകീർത്തനം ചൊല്ലുക. മരണത്തിന്റെ ഉന്നിവാരത്തെ

പ്പറ്റിയും ഒരു നല്ല ക്രിസ്തീയജീവിതം നയിക്കേണ്ട ആവശ്യകതയെപ്പറ്റിയും ഉപദേശരൂപത്തിൽ ഒരു ചെറിയ പ്രസംഗം ചെയ്യുക.

കുഞ്ഞുങ്ങൾക്കു സുഖക്കേടുണ്ടാകുമ്പോൾ അവരെ പള്ളിയിൽ എടുത്തുകൊണ്ടുവരുന്നതിനു പുരുഷന്മാരോടും സ്ത്രീകളോടും ഉപദേശിക്കുക; അവരെ പള്ളിയിൽ കൊണ്ടുവരുമ്പോൾ സുവിശേഷം വായിച്ച് അവരെ ആശീർവ്വദിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.

വഴക്കുകളും വ്യവഹാരങ്ങളും ഇല്ലാതാക്കാൻ ശ്രമിക്കുക.

ജനങ്ങളുടെ സ്നേഹം സമ്പാദിക്കുന്നതിനു യത്നിക്കുക.

ഏതദ്ദേശീയ വൈദികരെ ആദ്ധ്യാത്മികകാര്യങ്ങളിൽ സഹായിക്കുക. അവർ കുമ്പസാരിക്കുകയും കുർബാനചൊല്ലുകയും ചെയ്യുന്ന സംഗതിയിൽ ശ്രദ്ധിക്കുക.

വളരെ ഭക്തിയോടുകൂടിവേണം മെത്രാന് എഴുതേണ്ടതു്. അദ്ദേഹം നിങ്ങളുടെ വൈദികാധികാരിയാണു്.

അൽനേറാണിയോ ക്രിമിനാലെ ഈ മിഷനറിമാരുടെ അധിപനായി നിയമിക്കപ്പെട്ടു. തിരുവിതാംകൂറിലെ മുക്കുവഗ്രാമങ്ങളുടെ മേൽനോട്ടം അദ്ദേഹം വഹിച്ചു. കന്യാകുമാരിക്കും മണപ്പാടിനുംമദ്ധ്യേയുള്ള ഒൻപതുഗ്രാമങ്ങളുടെ ഭരണം മാനുവൽ മൊറാലീസും, മണപ്പാടിന വടക്കുള്ള അഞ്ചു ഗ്രാമങ്ങളുടേതു സിപ്രിയാനോയും പുനിക്കലിനും തൂത്തുക്കുടിക്കും മദ്ധ്യേയുള്ള ഗ്രാമങ്ങളുടെതു് എന്റിക്കു് എന്റിക്കസും ഏറ്റു. ഏതദ്ദേശീയ വൈദികർ ഇവരുടെ സഹകാരികളായി വർത്തിച്ചു. തന്റെ വേദോപദേശം തമിഴിലേക്കു തർജ്ജിമ ചെയ്യുന്നതിനു ഫാദർ കൊയെല്ലോയോടും തമിഴ്ഭാഷയുടെ ഒരു നിഘണ്ടുവും വ്യാകരണവും എഴുതുന്നതിനു ഫാദർ എന്റിക്കസ്സിനോടും ഫ്രാൻസിസ്സു് ആജ്ഞാപിച്ചു. ഫാദർ എ

ന്റിക്കസ്സ് തമിഴ്ഭാഷയിൽ അത്ഭുതകരമാംവണ്ണം വേഗത്തിൽ അസാമാന്യമായ പാണ്ഡിത്യം സമ്പാദിക്കുകയും താൻ ഏറ്റ കൃത്യം ഭംഗിയായി നിർവഹിക്കുകയും ചെയ്തു.

ഫെബ്രുവരിമാസം ഒടുവിൽ ഫ്രാൻസിസ്സ് തന്റെ പ്രേഷുജനങ്ങളോടും സഹപ്രവർത്തകന്മാരോടും യാത്ര പറഞ്ഞു മണപ്പാട്ടനിന്നു സിലോണിലേക്കു പോയി. ത്വരിതഗതിയായി അദ്ദേഹം കൊളമ്പു, ഗാലി, കണ്ടി മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. കണ്ടിയിലെ രാജാവു് അദ്ദേഹത്തെ ബഹുമാനപൂർവ്വം സ്വീകരിക്കുകയും പോർട്ടുഗീസുകാരുടെ സഖ്യം സമ്പാദിക്കുന്നതിനു് അദ്ദേഹത്തിന്റെ സഹായം അപേക്ഷിക്കുകയും ചെയ്തു. മാർച്ചുമാസത്തിൽ അദ്ദേഹം പ്രസ്തുത രാജാവിന്റെ ഒരു പ്രതിനിധിയോടുകൂടി ഗോവായിലേക്കു പുറപ്പെട്ടു.

1548 മാർച്ചു് 20-നു് അദ്ദേഹം ഗോവായിൽ സെയിന്റു് പോൾസു കോളേജിൽ ചെന്നുചേർന്നു. ആ ഞ്ജറോയും കുട്ടികാരും അതിനു മുൻപേതന്നെ അവിടെ എത്തിയിരുന്നു.

III

ഗോവാ.

ഫ്രാൻസിസ്സ് ഗോവായിൽ സെയിന്റു് പോൾസു് കോളേജിൽ താമസിച്ചു. അതിന്റെ സ്ഥാപകനായ ഡിയോഗോ ബോർബായുടെ മരണത്തിനുശേഷം കോസ്മി ആനസു് തൽക്കാലം അതിന്റെ ആധിപത്യം വഹിച്ചു. യൂറോപ്പിൽനിന്നുള്ള യാത്രയിൽ ഫ്രാൻസിസ്സിന്റെ സഹചാരിയായിരുന്ന പോൾ കമറീനോ അപ്പോഴും അതി

ലെ അദ്ധ്യാപകനായിരുന്നു. വേറെ രണ്ടു ജസ്യൂട്ട വൈദികർ -ഇറ്റാലിയനായ ലാൻസിലോട്ടിയും പ്യൂയിൻകാരനായ പീരിസും- ക്രൂടി കോളേജിലെ അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ലാറോക്കസ് ലിവെയിറാ, അല്ഫോ സ് കാസ്ട്രോ, ഗാ ർ റൊഡ്രിഗ്സ് എന്നീ മൂന്നു പോർട്ടുഗീസു് യുവാക്കന്മാരെയും ഫ്രാൻസിസ് സെയിൻറു പോൾസിൽ കണ്ടു. സംഘത്തിൽ ചേരണമെന്നുള്ള അവരുടെ അപേക്ഷയെ അദ്ദേഹം സ്വീകരിച്ചു. ഒരു ഡാനിഷു് കാമ്മികവൈദികനായ കോസ്മെ ഡിടോറെസ്സും സംഘത്തിൽ ചേരുന്നതിനുള്ള അപേക്ഷകനായി അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. ഇയാൾ ഫ്രാൻസിസ്സിനെ അമ്പോയിനായിൽവച്ചു കണ്ട സമയം മുതൽ അദ്ദേഹത്തിൻെറ അനുയായി ആകണമെന്ന് ആഗ്രഹിച്ചിരുന്നു. ഇപ്പോൾ അയാൾ അതിനായി അദ്ദേഹത്തോടു് അപേക്ഷിക്കുകയും അദ്ദേഹം സന്തോഷപൂർവ്വം അയാളെ സംഘാംഗമായി സ്വീകരിക്കുകയും ചെയ്തു.

ഫ്രാൻസിസ്സ് ഒൻപതു ദിവസം ഗോവായിൽ താമസിച്ചശേഷം വൈസ്രോയിയെ കാണുന്നതിനായി ബസീനിലേക്കു പോയി. വൈസ്രോയി മറവു കാര്യങ്ങൾ സംസാരിക്കുന്നതിനു മുമ്പായി പള്ളിയിൽ ഒരു പ്രസംഗം ചെയ്യുന്നതിനു് അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. അതനുസരിച്ചു് അദ്ദേഹം ചെയ്ത പ്രസംഗം ഏറ്റവും ഫലപ്രദമായിരുന്നു. വൈസ്രോയിയുടെ ഹൃദയത്തെ അതു് ഇളക്കി. ഫ്രാൻസിസ്സിൻെറ നിർദ്ദേശങ്ങളെ അയാൾ അനുകമ്പാപൂർവ്വം കേട്ടു. കണ്ടിയിലെ രാജാവിനെയും ടെർണേറിലെ സുൽത്താനെയും സഹായിക്കാമെന്നു് അയാൾ സമ്മതിച്ചു. ഫ്രാൻസിസ്സിൻെറ ജപ്പാൻയാത്രയുടെ പരിപാടിയും അംഗീകരിക്കപ്പെട്ടു. അപ്പോൾ ഒരു രോ

ഗിയായിരിക്കുകയും ആസന്നമരണനെന്നു തന്നെത്താൻ വിചാരിക്കുകയും ചെയ്ത വൈസ്രോയി ആ വർഷം ഫ്രാൻസിസ്സ് ജപ്പാനിലേക്കു പുറപ്പെടരുതെന്നും തന്റെ മരണസമയത്തു തനിക്ക് ആദ്ധ്യാത്മികമായ അന്തിമശു ശ്രൂഷ ചെയ്യുന്നതിന് അദ്ദേഹം ഉണ്ടായിരിക്കണമെന്നും അപേക്ഷിക്കുകയും അദ്ദേഹം സമ്മതിക്കുകയും ചെയ്തു.

ഏപ്രിൽ 2-നു- ഫ്രാൻസിസ്സ് മടങ്ങിവന്നു. പീരിസിനെയും ഒലിവെരിയായെയും അദ്ദേഹം ഏപ്രിൽ 8-നു- മലാക്കായിലേക്കയച്ചു. അവർ യാത്ര ചെയ്ത കപ്പലിൽ അദ്ദേഹം തന്റെ സ്നേഹിതനായ ഡിയോഗോ പെരെയിരയ്ക്ക് ഒരു എഴുത്ത് അയച്ചതിൽ അടുത്തവർഷം താൻ ജപ്പാനിലേക്കു പോകുന്നുവെന്നുള്ള നിശ്ചയത്തെ പ്രകാശിപ്പിച്ചിരുന്നു.

പെന്തക്കോസ്റ്റുഞായറാഴ്ച ആഞ്ജെറോയുടെയും അയാളുടെ രണ്ടു സഹചരന്മാരുടെയും ജ്ഞാനസ്നാപനം ഭദ്രാസനപ്പള്ളിയിൽവച്ചു മെത്രാൻതന്നെ ആഘോഷപൂർവ്വം നിർവഹിച്ചു. ആഞ്ജെറോവിനു പോൾ എന്നും മറ്റു രണ്ടുപേർക്ക് ജോൺ എന്നും ആൻറണി എന്നും പേരുകൾ നല്കപ്പെട്ടു. അവർ ഈശോസഭയിലെ ധർമ്മസഹോദരന്മാരുടെ വസ്ത്രം ധരിച്ചു കോളേജിൽത്തന്നെ താമസിച്ചു. ആഞ്ജെറോ അത്യുത്സാഹപൂർവ്വം പോർട്ടുഗീസു ഭാഷ പഠിക്കുന്നുണ്ടായിരുന്നു.

ഇതിനിടയ്ക്കു നാശഗർത്തത്തിൽ പതിച്ചുപോയ പാപികളെ സമുദ്ധരിക്കുന്നതിൽ ഫ്രാൻസിസ്സിനു സഹജമായുള്ള ഔത്സുക്യാതിരേകത്തെ പ്രകാശിപ്പിക്കുന്ന ഒരു സംഭവവിശേഷമുണ്ടായി. വൈസ്രോയിയുടെ ആജ്ഞയനുസരിച്ച് ഏഡനിൽനിന്നു ശത്രുക്കളായ മുഹമ്മദീയരെ വിദ്രാവണം ചെയ്യുന്നതിനായി ഒരു നൌകാസംഘം ഗോവായിൽനിന്നു പുറപ്പെടാൻ പോകുന്നു.

ഫ്രാൻസിസ് പെട്ടെന്ന കടൽത്തീരത്തു പ്രത്യക്ഷനായി ഒരു നാവിക ഭടനെ സമീപിക്കുന്നു. "നിങ്ങൾ യാത്ര ചെയ്യുന്ന കപ്പലേതാണ്?" എന്ന് അദ്ദേഹം ചോദിക്കുന്നു. കപ്പൽ ഇന്നതെന്നു മനസ്സിലാക്കിയശേഷം, "ശരി ഞാനും നിങ്ങളുടെകൂടെ വരുന്നു." ഈ നാവികഭടൻ ദുശ്ചരിതനെന്ന കുപ്രസിദ്ധി നേടിയ ഒരുവനായിരുന്നു. കുറച്ചുമുമ്പിലെതന്നെ ഫ്രാൻസിസ് അയാളുടെ സ്നേഹിതനായിത്തീർന്നിരുന്നു. കപ്പൽ പുറപ്പെട്ടുകഴിഞ്ഞപ്പോൾ അദ്ദേഹം പെട്ടെന്ന് അയാളോട് കുമ്പസാരിച്ചിട്ട് എത്ര നാളായി എന്നു ചോദിച്ചു. പതിനെട്ടു വർഷമെന്നുത്തരം. അന്നു കുമ്പസാരിച്ചപ്പോൾ ഗോവായിലെ വൈക്കർ അയാളുടെ പാപങ്ങളുടെ ഗൌരവം നിമിത്തം പാപവിമോചനം നല്കിയില്ല. ഏതായാലും നശിക്കാൻ പോകുന്നു, ആ സ്ഥിതിക്കു ലോകത്ത് ആവുന്നിടത്തോളം സുഖിക്കുകതന്നെ എന്നായിരുന്ന നിരാശനായ ആ മനുഷ്യന്റെ പിന്നീട്ടുള്ള മനഃസ്ഥിതിയും ജീവിതഗതിയും. ശരിയായ പശ്ചാത്താപമുണ്ടെങ്കിൽ കാരുണ്യമൂർത്തിയായ ദൈവം സകല പാപങ്ങളെയും ക്ഷമിക്കുമെന്ന് ഫ്രാൻസിസ്സ് അയാൾക്ക് ഇപ്പോൾ ഉറപ്പു കൊടുക്കുകയും ഈശ്വരപ്രതിനിധിയായി അയാളുടെ കുമ്പസാരം കേൾക്കുന്നതിനും പാപവിമോചനം നല്കുന്നതിനും താൻ സന്നദ്ധനാണെന്നു പറയുകയും ചെയ്തു. ഇതിനകം ഫ്രാൻസിസ്സിനോടുള്ള സഹവാസം അയാളുടെ ഹൃദയത്തെ പരിവർത്തനം ചെയ്യുകയും പശ്ചാത്താപോൻമുഖമാക്കുകയും ചെയ്തിരുന്നു. കപ്പൽ ഇൻഡ്യയുടെ തീരം വിടുന്നതിനുമുൻപ് ഗോവായിൽനിന്ന് അറുപതു മൈൽ ദൂരെയുള്ള ഒരു തുറമുഖത്തു വെള്ളത്തിനായി അടുത്തു. ഫ്രാൻസിസ്സും സേനാനിയും കരയ്ക്കിറങ്ങി ഒഴിഞ്ഞ ഒരു സ്ഥലത്തേക്കു നടന്നു. അവിടെ ഒരു വൃക്ഷ

ത്തിന്റെ തണലിൽ സേനാനി ഫ്രാൻസിസ്സിന്റെ അട്ടക്കൽ മുട്ടുകുത്തി പശ്ചാത്താപവിവശനായി കുമ്പസാരിച്ചു. വളരെ ലഘുവായ ഒരു പ്രായശ്ചിത്തമേ അദ്ദേഹം അയാൾക്കു കല്പിച്ചുള്ളൂ. കുമ്പസാരത്തിനുശേഷം, മുൻപൊരു സന്ദർഭത്തിലെന്നപോലെ, അദ്ദേഹം കൈവശമുണ്ടായിരുന്ന ഒരു ചമ്മട്ടികൊണ്ടു നിർദ്ദയം തന്നെത്താൻ പ്രഹരിച്ചുതുടങ്ങി. സേനാനിക്ക് അതിന്റെ അർത്ഥം മനസ്സിലായി. തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം താൻതന്നെ ചെയ്യണമെന്നു പറഞ്ഞുകൊണ്ട് അയാൾ അദ്ദേഹത്തിന്റെ കൈയിൽനിന്നു ചമ്മട്ടി പിടിച്ചു പറിച്ചു തന്നെത്താൻ അടിച്ചു. ഫ്രാൻസിസ് അടി മതിയാക്കിച്ചിട്ട് ഭാവിജീവിതത്തെപ്പറ്റിവേണ്ട ഉപദേശംനല്കി അയാളെ കപ്പൽ കയറ്റി വിട്ടു. അവിടെനിന്ന് അറുപതു മൈൽ നടന്ന് അദ്ദേഹം ഗോവായിൽ മടങ്ങിയെത്തി. ആ സേനാനി അപ്പോൾമുതൽ ഒരു ഉത്തമ ക്രിസ്ത്യാനിയായിത്തീരുകയും ചെയ്തു.

വൈസ്രോയി, കാസ്ട്രോ, ജൂൺ 6-നു- മരിച്ചു. ഫ്രാൻസിസ്സ് തന്റെ പ്രതിജ്ഞയനുസരിച്ചു മരണസമയത്തു് അയാളുടെ അടുക്കലുണ്ടായിരുന്നു.

സെപ്റ്റംബർ 6-നു- 'സാൻപെദ്രോ' എന്ന കപ്പൽ ആറു മിഷനറിമാരെ വഹിച്ചുകൊണ്ടു ലിസ്ബണിൽനിന്നു വന്നുചേർന്നു. അവരിൽ രണ്ടുപേർ—ഗാസ്പർ ബാർസിയും മെൽഷ്യോർ ഗൊൺസാൽവെസ്സും—വൈദികരും നാലു പേർ ധർമ്മസഹോദരന്മാരുമായിരുന്നു. വേറെ അഞ്ചു ജസ്യൂട്ടുമിഷനറിമാർ യാത്രചെയ്ത 'ഗല്ലെഗാ' എന്ന കപ്പൽ വന്നുചേർന്നിട്ടില്ലായിരുന്നു. അതിലായിരുന്ന സെയിന്റ് പോൾസിലെ റെക്ടറായി നിയമിക്കപ്പെട്ട ആൻറണി ഗോമസ്സ്. യൂറോപ്പിൽനിന്ന് ഈ മെയിലിൽ മറ്റു പലർക്കും എഴുത്തുകൾ വന്നിരുന്നു എങ്കി

ലും ഫ്രാൻസിസ്സിനു് എഴുത്തൊന്നുമില്ലായിരുന്നുവെന്നുള്ളതു് അദ്ദേഹത്തിനു വളരെ വ്യസനകരമായിരുന്നു. ആൻറണി ഗോമസ്സു് വന്നുചേർന്നാലുടൻ കോളേജിലെ റെക്ടർ സ്ഥാനത്തിൻെറ ചാർജ്ജേറ്റുക്കുന്നതിനു് ഏർപ്പാടു ചെയ്തുകൊണ്ടു് ഒക്ടോബർ ആരംഭത്തിൽ ഫ്രാൻസിസ്സു് കന്യാകുമാരിയിലേക്കു പുറപ്പെട്ടു. ജപ്പാനിലേക്കു യാത്രതിരിക്കുന്നതിനുമുമ്പു് ആ സ്ഥലം ഒരു പ്രാവശ്യംകൂടി സന്ദർശിച്ചു തൻെറ സ്നേഹഭാജനങ്ങളായ അവിടത്തെ ജനങ്ങളോടും മിഷനറിമാരോടും യാത്ര പറയാൻ അദ്ദേഹം ആഗ്രഹിച്ചു.

അദ്ദേഹത്തിനു കന്യാകുമാരിയിലെ ക്രിസ്ത്യാനികൾ നല്കിയ സ്വീകരണം 'ഓശാന' ഞായറാഴ്ച (Palm Sunday) ക്രിസ്തുദേവനു യെരുസലേം പുരവാസികൾ നല്കിയതിനു സദൃശമായിരുന്നു. അവർ അദ്ദേഹത്തിൻെറ വഴിയിൽ തുണിവിരിച്ചും കരുത്തോലകളും പുഷ്പങ്ങളും വിതറിയും അദ്ദേഹത്തെ ചുമലുകളിൽ വഹിച്ചും തങ്ങളുടെ പള്ളികളിലേക്കു അത്യാഡംബരപൂർവ്വം സ്വീകരിച്ചു. ഫാദർ ക്രിമിനേലിൻെറ നേതൃത്വത്തിൽ മിഷനറിമാർ അവിശ്രാന്തമായും വിജയകരമായും ധർമ്മസേവനം അനുഷ്ഠിക്കുന്നതായി അദ്ദേഹം കണ്ടു. മിഷനറിമാരുടെ ആവശ്യത്തിനായി ഫ്രാൻസിസ്സിൻെറ ആജ്ഞയനുസരിച്ചു് ഫാദർ എന്റിക്കസ്സു് ആരംഭിച്ചിരുന്ന തമിഴ് നിഘണ്ടുവിൻെറയും വ്യാകരണത്തിൻെറയും നിർമ്മാണം ആശ്ചര്യകരമാംവണ്ണം പുരോഗമനം ചെയ്യുന്നുണ്ടായിരുന്നു. ഏതദ്ദേശീയാധികാരികളിൽനിന്നും വടുകരിൽനിന്നും അടിക്കടി മർദ്ദനവും പീഡനവും ഉണ്ടായിക്കൊണ്ടിരുന്നുവെങ്കിലും ക്രിസ്ത്യാനികൾ അവയെ എല്ലാം വീരോചിതമായി സഹിക്കുകയും പ്രശംസനീയമായ വിശ്വാസസ്ഥൈര്യം പ്രദർശിപ്പിക്കുകയും ചെയ്തു. മതവി

രോധികളുടെ അക്രമത്തിൽനിന്നു മിഷനറിമാരെ സഹായിക്കുന്നതിന് എന്തു ത്യാഗം അനുഷ്ഠിക്കുന്നതിനും ജനങ്ങൾ സന്നദ്ധരായിരുന്നു. ക്രിസ്തുമതവിശ്വാസം അവരുടെ ഇടയിൽ ശ്രദ്ധമൂലമായി എന്നു ഫ്രാൻസിസ്സിനു ബോദ്ധ്യമായി. മറ്റു ചില സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ ധർമ്മപ്രചാരണയത്നങ്ങൾ സ്ഥായിയായ ഫലങ്ങളെ ഉല്പാദിപ്പിക്കുന്നതിൽ പ്രത്യക്ഷത്തിൽ പരാജയമടഞ്ഞുവെങ്കിലും തിരുവിതാംകൂറിലും തുത്തുക്കുടിയിലും അദ്ദേഹം വിതച്ചു വിത്തു നല്ല നിലത്തിൽതന്നെ വീഴുകയും മുളച്ചു തഴച്ചു വളരുകയും ചെയ്തു. ഈ നാലു നൂറ്റാണ്ടുകൾക്കുള്ളിൽ വിവിധങ്ങളായ വൈഷമ്യങ്ങളോടും പ്രതിബന്ധങ്ങളോടും അതു അഭിമുഖീഭവിച്ചിട്ടുണ്ട്. ജസ്യൂട്ട് മിഷനറിമാർ അവിടെനിന്നു പോവുകയും അവരുടെ സ്ഥാനത്തു ഗോവാക്കാരായ വൈദികർ ഈ ക്രിസ്ത്യാനികളെ ഭരിക്കാൻ വരികയും ചെയ്തു. അയോഗ്യരായ ഈ വൈദികരുടെ കാലത്തു വിത്തുവിതച്ച പുണ്യവാന്റെ യോഗ്യതകൊണ്ടു മാത്രമായിരിക്കണം അതു നാമാവശേഷീഭവിക്കാതിരുന്നതു്. കത്തോലിക്കു ക്രിസ്തുമതവിരോധികളായ ലന്തക്കാരുടെ പ്രാബല്യകാലത്തു് അവരുടെ മർദ്ദനസംരംഭങ്ങളെയും ഈ ജനങ്ങളുടെ മതവിശ്വാസം നിശ്ലേഷം ജയിച്ചു. ബാൽദേവൂസ് മുതലായ ഡച്ചു പ്രോട്ടസ്റ്റന്റു മിഷനറിമാർ ഇവരെ പ്രോട്ടസ്റ്റന്റുകാരാക്കാൻ ചെയ്ത ശ്രമം വിഫലീഭവിച്ചു. "ഈ ജനങ്ങൾക്കു വിശ്വാസപ്രമാണവും, ഭഗവത് പ്രാർത്ഥനയും, നന്മനിറഞ്ഞമറിയവും, പത്തുകല്പനകളുമല്ലാതെ യാതൊന്നുമറിയാൻ പാടില്ല." എന്നു് അവരുടെ വിശ്വാസസ്ഥൈര്യം കണ്ടു പരിഭ്രതനായി ബാൽദേവൂസ് ഉദ്ഘോഷിച്ചു. ഇത്ര പരിമിതമായ ജ്ഞാനം കൊണ്ടു് അവർ സംതൃപ്തരായിരിക്കുന്നതാണു് അദ്ദേഹത്തെപ്പോലുള്ളവർക്കു് ആശ്ചര്യജനകമായിരിക്കുന്നതു്. ലോകത്തു് ഇന്നുള്ള ക്രി

സ്ഥാനികൾക്കെല്ലാവർക്കും ഇത്രയെങ്കിലും ജ്ഞാനമുണ്ടായിരിക്കുകയും അതനുസരിച്ച് അവർ ജീവിക്കുകയും ചെയ്യുവെങ്കിൽ ലോകം മുഴുവനും അചിരേണ ക്രിസ്തുമതം സ്വീകരിക്കുകയും സ്വർഗ്ഗതുല്യമായിത്തീരുകയും ചെയ്യുമായിരുന്നു.

തിരുവിതാംകൂറിലെയും തൂത്തുക്കുടിയിലെയും ക്രിസ്ത്യാനികളോട് അവസാനമായി യാത്ര പറഞ്ഞു് അദ്ദേഹം ഒക്ടോബർ 22-നു- കൊച്ചിയിലേക്കു മടങ്ങി. അവിടെ ലാൻസിലോട്ട്, ആൻറണി ഗോമസ്സ് റെക്ടറായി ചാർജ്ജേടുത്ത വിവരം അറിയിക്കുന്നതിനായി, അദ്ദേഹത്തെ കാത്തു നില്ക്കുന്നുണ്ടായിരുന്നു. ഏറ്റവും പരിഭ്രമജനകമായ ഒരു റിപ്പോർട്ടായിരുന്നു പുതിയ റെക്ടറിനെപ്പറ്റി അദ്ദേഹത്തിനു കിട്ടിയതു്. പാരിസിലെയും കൊയിമ്പ്രായിലെയും രീതികൾ അനുസരിച്ചു സെയിൻറ് പോൾസ് കോളേജിലെ സകലവും—അഭ്യസനവും, ഭക്ഷണവും കളികളും ഉറക്കവും ഉടുപ്പും പ്രാർത്ഥനയും—അമൂലാഗ്രം പരിഷ്ക്കരിക്കുന്നതിന് ഇൻഡ്യയിലെ സ്ഥിതിഗതികളെപ്പറ്റി വേറും അജ്ഞനായിരുന്ന ആൻറണി ഗോമസ്സ് കൃതനിശ്ചയനായിരുന്നു. ജന്മനാട്ടു രീതിയിലുള്ള വ്യവസ്ഥിതിയും ശിക്ഷണവും പാലിക്കുന്നതിനായി കർക്കശങ്ങളായ നിയമങ്ങൾ ഏർപ്പെടുത്തപ്പെട്ടു. അവയെ അനുസരിക്കാത്തവർക്കു ഉദ്ബോധങ്ങളായ പ്രായശ്ചിത്തങ്ങളും ദണ്ഡനങ്ങളും നല്കപ്പെട്ടു. ഈ സ്ഥിതി ദുസ്സഹമായിത്തീർന്ന വിദ്യാർത്ഥികൾ രാത്രി ഭിത്തിയുടെ മുകളിൽക്കൂടി പുറത്തു ചാടി ഓടി രക്ഷപ്പെട്ടു.

ഫ്രാൻസിസ് നവംബർ മദ്ധ്യത്തിൽ ഗോവായിലെത്തി. ആൻറണി ഗോമസ്സിൻെറ പാണ്ഡിത്യവും വാഗ്മിതയും അയാളെ ഗോവായിലെ പോർട്ടുഗീസുകാരുടെ ബഹുമാനത്തിനും പ്രശംസയ്ക്കും പാത്രീഭവിപ്പിച്ചിരുന്നു. മെത്രാനും കോസ്മി ആനെസ്സും അയാളെ മുക്തക

ണ്ടും സ്തുതിച്ചു. പക്ഷെ, ലാൻസിലോട്ടിയുടെ റിപ്പോർട്ട് അക്ഷരംപ്രതി ശരിയായിരുന്നുവെന്ന് മനസ്സിലാക്കുന്നതിന് ഫ്രാൻസിസ്സിന് അധിക സമയം വേണ്ടിവന്നില്ല. ഇൻഡ്യയിലെ സാഹചര്യങ്ങൾക്കും ആവശ്യങ്ങൾക്കും യോജിച്ച ഒരു വിദ്യാഭ്യാസപ്രവർത്തകനായിരുന്നില്ല ഗോമസ്സ്. ഇവിടെ അത്യന്താപേക്ഷിതമായിരുന്ന രണ്ടു ഗുണങ്ങൾ, വിനയവും ഔദാര്യവും, അയാൾക്കില്ലായിരുന്നു. ഫ്രാൻസിസ്സുപ്പെടെയുള്ള തന്റെ സഹോദരന്മാരെ പഠിപ്പിക്കാനത്രെ അയാൾ വന്നിരിക്കുന്നത്. അയാൾക്ക് ആരിൽനിന്നും യാതൊന്നും പഠിക്കാനില്ല. മുൻകൂട്ടി ഒരു പദ്ധതി തയാറാക്കിക്കൊണ്ടാണ് അയാൾ ഗോവായിൽ വന്നിട്ടുള്ളത്. സെയിന്റ് പോൾസ് കോളേജിനെ കൊയിമ്പ്രാ സെമിനരിയുടെ മാതൃകയിൽ ഒരു ജസ്യൂട്ട് സെമിനരിയായി പരിവർത്തനം ചെയ്യണം. അതിലെ വിദ്യാർത്ഥികളെയെല്ലാം യൂറോപ്യൻരീതിയിൽ അഭ്യസിപ്പിക്കണം. കാമ്മിക വൈദികരാകാനുള്ള ഏതദ്ദേശീയ വിദ്യാർത്ഥികളെ പഠിപ്പിക്കാനുള്ള ഒരു സ്ഥാപനമാണ് സെയിന്റ് പോൾസ് എന്നും അതിന്റെ നിയമപ്രകാരം യൂറോപ്യന്മാർക്ക് അതിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലെന്നും ഫ്രാൻസിസ്സ് അനുസ്മരിപ്പിച്ചതു് ഗോമസ്സിന് അത്ര രസിച്ചില്ല. ഈ സ്ഥിതി തുടർന്നു പോകുന്നതിന് അനുവദിക്കാൻ പാടില്ലെന്നും അതിന് ഒരു പരിഹാരമാർഗ്ഗം ഉണ്ടാക്കണമെന്നും തീർച്ചപ്പെടുത്തിക്കൊണ്ട് ഫ്രാൻസിസ്സ് ഡിസംബർ ആരംഭത്തിൽ കൊച്ചിയിലേക്കു യാത്രയായി.

അദ്ദേഹം രണ്ടു മാസം കൊച്ചിയിൽ താമസിച്ചു. അവിടെനിന്ന് അദ്ദേഹം ലാൻസിലോട്ടിയെയും ഒരു ധർമ്മസഹോദരനെയും കൊല്ലത്തേക്ക്, അവിടെ ഒരുവിദ്യാലയം സ്ഥാപിച്ചും മറ്റും ക്രിസ്തുധർമ്മം പ്രചരിപ്പിക്കുന്നതി

നായി, അയച്ചു. കൊച്ചിയിൽ താമസിച്ചിരുന്ന ഈ രണ്ടു മാസം അദ്ദേഹം തന്റെ സാധാരണമായ ധർമ്മസേവനം, വിശേഷിച്ചു്, ആതുരശുശ്രൂഷ, നിർവഹിക്കുന്നതിൽ ദത്തശ്രദ്ധനായിരുന്നു. അഗതികളായ രോഗികളെ അദ്ദേഹം തന്നെ ആശുപത്രിയിലേക്കു് എടുത്തുകൊണ്ടുപോവുകയും അവരെ സംരക്ഷിക്കുന്നതിനായി ഭിക്ഷ യാചിക്കുകയും ചെയ്യുമായിരുന്നു. 1549 ജനുവരിമാസത്തിൽ അദ്ദേഹം യൂറോപ്പിലേക്കു് ആറു് എഴുത്തു് എഴുതി. രാജാവിനുള്ള എഴുത്തു് അഴിമതിക്കാരായ പോർട്ടുഗീസുദ്യോഗസ്ഥന്മാരോടുള്ള അമർഷത്താൽ ഉജ്ജ്വലത്തായിരിക്കുന്നു: "അത്യാചാരം ചെയ്യുന്ന ഒരുവൻ നേടിയതു മുഴുവനും ഈ വിധം നശിപ്പിക്കപ്പെടുന്നതിനു് അവൻതന്നെ സാക്ഷിയായിരിക്കുകയെന്നതു് രക്തസാക്ഷിയായി മരിക്കുന്നതിനു തുല്യമാകുന്നു.....ക്രിസ്തുധർമ്മം ഇൻഡ്യയിൽ പ്രചരിപ്പിക്കുന്നതിനു അങ്ങു അശക്തനാണെന്നും, പക്ഷെ, ഇൻഡ്യയിലെ ഭൌതികമായ ധനം മുഴുവനും കൈവശപ്പെടുത്തുന്നതിനും സമ്പാദിക്കുന്നതിനും ശക്തനാണെന്നും അനുഭവംകൊണ്ടു ഞാൻ മനസ്സിലാക്കിയിരിക്കുന്നു." ഇഗ്നേഷ്യസിനുള്ള എഴുത്തിൽ (ജനുവരി 12, 1549) ഇൻഡ്യയിലേക്കു അയക്കപ്പെടുന്ന മിഷനറിമാർക്കു് ഉണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പറ്റി അദ്ദേഹം വീണ്ടും പ്രസ്താവിച്ചിരിക്കുന്നു: "എനിക്കു കാണാവുന്നിടത്തോളം ഇൻഡ്യയിലെ ജനങ്ങൾ ഒരു അപരിഷ്കൃത—കിരാത—വർഗ്ഗക്കാരാണു്..... അവർ, ഞാൻ ഇതുവരെ കണ്ടിട്ടുള്ളവരെല്ലാവരുമെങ്കിലും, ഒട്ടും അറിവില്ലാത്തവരുമാണു്.....അവരെ മതപരിവർത്തനം ചെയ്യുന്നതിനായി വരുന്നവർക്കു് അനുസരണശീലം, വിനയം, സ്ഥിരോത്സാഹം, ക്ഷമ, സഹോദരസ്നേഹം, ചാരിത്രശുദ്ധി മുതലായ ഒട്ടുവളരെ ഗുണങ്ങൾ ആവശ്യമാണു്." അദ്ദേഹം ഇൻ

ഡ്യാക്കാരെപ്പറ്റി തനിക്കുള്ള അഭിപ്രായം എഴുതിയിരിക്കുന്നതിൽ' 'എനിക്കു കാണാവുന്നിടത്തോളം' 'ഞാൻ ഇതുവരെ കണ്ടിട്ടുള്ളവർ' എന്നീ വിശേഷണങ്ങൾകൂടിച്ചേർത്തിരിക്കുന്നതു വളരെ ഉചിതവും അർത്ഥവത്തുമായിട്ടുണ്ട്. മഹാനുഭാവനും മഹാപണ്ഡിതനുമായ ആ പുണ്യപുരുഷന്റെ ഈ സരളമായ അഭിപ്രായപ്രകടനത്തോടു ബാക്കിയുള്ള ഭാരതീയർ കലഹിക്കേണ്ടതില്ല. പ്രസ്തുത ലേഖനത്തിൽ ജപ്പാനെപ്പറ്റി ഒരു ദീർഘമായ വിവരണവും അടങ്ങിയിട്ടുണ്ട്.

ഫെബ്രുവരി മാസത്തിൽ ഫാദർ ഗാസ്പർ കൊച്ചിയിൽ വന്നു. ചാളിൽ (Chaul—Chale) ഒരു ജസ്യൂട്ട് വൈദികവിദ്യാലയം സ്ഥാപിക്കുന്നതിന് അയാൾ ഗോമസ്സിനാൽ നിയോഗിക്കപ്പെട്ടതാണ്. പക്ഷെ ഗാസ്പറിന് ഫ്രാൻസിസ്സ് നിശ്ചയിച്ചിരുന്ന ഉദ്യോഗം വേറെയായിരുന്നു. അതുകൊണ്ട് അദ്ദേഹം അയാളോടുകൂടി ഗോവായിലേക്കു മടങ്ങി. അവിടെനിന്ന് അദ്ദേഹം ഉടനെതന്നെ മൊളുക്കാസ്സിലേക്കു മിഷനറിമാരെ അയക്കുന്നതിനെപ്പറ്റിയും തന്റെ ജപ്പാൻയാത്രയെപ്പറ്റിയും വൈസ്രോയിയെക്കണ്ട് ആലോചിക്കുന്നതിനായി ബസീനിലേക്കു പോയി. വൈസ്രോയിയായ ഗാർസിയാ ഡി സാ അദ്ദേഹത്തിന്റെ കാര്യപരിപാടിയെ സന്തോഷപൂർവ്വം അംഗീകരിച്ചു. മാർച്ചുമാസത്തിൽ അദ്ദേഹം ഗോവായിൽ മടങ്ങിയെത്തി. ഗാസ്പറിനെപ്പറ്റി തനിക്കുണ്ടായിരുന്ന നിശ്ചയം അദ്ദേഹം ഭേദപ്പെടുത്തി. ആൻറണി ഗോമസ്സ് ക്രിസ്തുമതപ്രചാരണത്തിനായി ഓർമസ്സിൽ (പേർഷ്യയിൽ) പോകുന്നതിനും അയാൾക്കുപകരം സെയിൻറ് പോൾസിന്റെ റെക്ടർസ്ഥാനവും ഗോവായിലെ ജസ്യൂട്ട സന്ന്യാസികളുടെ അധിപത്യവും ഗാസ്പർ വഹിക്കുന്നതിനും അദ്ദേഹം ഉത്തരവിട്ടു. പരാഭ്രതനായ ഗോമസ്സ്

ഈ ഉത്തരവനുസരിക്കാൻ സന്നദ്ധനാകാതെ മെത്രാന്റെ യും കോസ്മി ആനെസ്സിന്റെയും മറ്റും മാദ്ധ്യസ്ഥ്യം അ പേക്ഷിച്ചു. അയാൾക്ക് അനുകൂലമായി ഗോവായിലെ പോർട്ടുഗീസുകാർ പ്രക്ഷോഭണമുണ്ടാക്കി. വിനീതനായ ഗാസ്പറും തന്നെ ആ ഭാരമേറിയ ഉദ്യോഗത്തിൽനിന്ന് ഒ ഴിക്കണമെന്നും മുൻനിശ്ചയമനുസരിച്ച് തന്നെ ഓമ്മസ്സി ലേക്ക് അയക്കണമെന്നും ഫ്രാൻസിസ്സിനോട് അപേക്ഷി ച്ചു. ഒടുവിൽ, പോർട്ടുഗീസ് കാരനായ ഗോമസാണ് ബെൽജിയംകാരനായ ഗാസ്പറിനെക്കാൾ ഗോവായിലേക്കു യോജിച്ചതെന്നുള്ള മെത്രാന്റെയും കോസ്മി ആനസ്സി ന്റെയും ശുപാർശ അനുസരിച്ചു തന്റെ ഉത്തരവു റദ്ദ് ചെയ്യുന്നതിനു ഫ്രാൻസിസു നിർബ്ബന്ധനായി. ഗാസ്പർ ഏപ്രിൽ ആരംഭത്തിൽ ഓർമസിലേക്ക് അയക്കപ്പെട്ടു. ഗോമസ്സ് സെയിന്റു പോൾസിന്റെ റെക്ടറായിത്തന്നെ ഉദ്യോഗം തുടർന്നു. പക്ഷെ, സ്ഥലത്തെ ജെസ്യൂട്ട സന്ന്യാസികളുടെ അധിപനായി അനുദ്ധതനായ പോൾ കാമറിനോ നിയമിക്കപ്പെട്ടു. ഗോമസ്സിനു മേലാൽ കോളേജിൽ മാത്രമെ അധികാരമുണ്ടായിരുന്നുള്ളൂ.

ഫ്രാൻസിസ്സിനു ജപ്പാനിലേക്കു യാത്ര പുറപ്പെട്ടു ന്നതിനുള്ള സമയം സമാസന്നമായി. ഫാദർ കാസ്ട്രോ മറ്റു രണ്ടു മിഷനറിമാരോടുകൂടി മൊളുക്കാസ്സിലേക്കു നി യോഗിക്കപ്പെട്ടു. ഫാദർ ടോറിസും ധർമ്മസഹോദരനായ ജോൺ ഫർണാൻഡസും ഫ്രാൻസിസ്സിനെ ജപ്പാനിലേ ക്ക് അനുഗമിക്കുന്നതിനു സന്നദ്ധരായി. ഇവരും പോളും (ആഞ്ജറോയും) മറ്റു രണ്ടു ജപ്പാൻകാരുംകൂടാതെ മാനു വൽ എന്നുപേരുള്ള ഒരു ചീനനും ആമദോർ എന്ന ഒരു മ ലയാളിയും അദ്ദേഹത്തെ ജപ്പാനിലേക്ക് അനുഗമിക്കുന്നു ണ്ടായിരുന്നു.

അദ്ധ്യായം പതിനഞ്ച്

ജപ്പാനിൽ

1949—ലെ ഓശാന ഞായറാഴ്ച ഫ്രാൻസിസും അനുചരന്മാരും ഗോവായിൽനിന്നു പുറപ്പെട്ടു. ഈസ്റ്റർ ദിവസം അവർ കൊച്ചിയിൽ എത്തി. നാലു ദിവസം അവിടെ താമസിച്ചശേഷം അവർ മലാക്കായിലേക്കു കപ്പൽ കയറി. മുപ്പത്തിയാറാമത്തെ ദിവസം, മേയ് 30-നു, അവർ മലാക്കായിൽ സസുഖം ചെന്നു ചേർന്നു. അവിടത്തെ പൌരാവലി ആഹ്ലാദപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം കരയ്ക്കിറങ്ങിയപ്പോൾ കടപ്പുറം പുരുഷാരത്താൽ നിബിഡീകൃതമായിരുന്നു. മലാക്കായിലെ വികാരിയായ ഫാദർ മാർട്ടിനെസ്സ് മാത്രമേ അവിടെ വരാതിരുന്നുള്ളൂ. അദ്ദേഹം വാർദ്ധക്യസഹജമായ രോഗത്താൽ ആസന്നമരണനായി കിടക്കുകയായിരുന്നു. മുപ്പതുകൊല്ലം മലാക്കായിൽ ജീവിച്ച അദ്ദേഹം ഉത്തമനായ ഒരു വൈദികനായിരുന്നില്ല. ഇപ്പോൾ മരണത്തോട് അഭിമുഖീഭവിച്ചപ്പോൾ അദ്ദേഹം ഈശ്വരകാരുണ്യത്തെപ്പറ്റി മിക്കവാറും നിരാശനായിരുന്നു. ഫ്രാൻസിസ് അദ്ദേഹത്തെ സന്ദർശിച്ചു. തന്റെ ധർമ്മോപദേശം ആ ദീനനിൽ പ്രത്യാശ ഉളവാക്കുന്നതിന് അപര്യാപ്തമായിരുന്നുവെന്നു ഫ്രാൻസിസ് ആദ്യം ഭയപ്പെട്ടു. ഒടുവിൽ രോഗിയുടെ മനസ്സ് ഒരുവിധം സ്വസ്ഥതയെ പ്രാപിക്കുകയും ഈശ്വരാഭിമുഖമാവുകയും ചെയ്തു. സുബോധത്തോടും പശ്ചാത്താപത്തോടുംകൂടി ആ വൈദികൻ ഫ്രാൻസിസ്സിനോടു കുമ്പസാരിക്കുകയും ദിവ്യകാരുണ്യത്തെ പൂർണ്ണമായി ശരണീകരിച്ചുകൊണ്ടു മരിക്കുകയും ചെയ്തു.

മലാക്കായിലെ കപ്പിത്താനായ ഡോൺ പെദ്രോ ഡി സില്വാ—വാസ്ക്കോഡിഗാമായുടെ മകൻ—ഏറ്റവും ഉദാരമായി ഫ്രാൻസിസ്സിനെ സഹായിച്ചു. ഫ്രാൻസിസ്സിനും അനുചരന്മാക്കും ജപ്പാനിലേക്കു യാത്ര ചെയ്യുന്നതിന് ഒരു ചീനന്റെ കപ്പൽ പ്രെദ്രോ ഏർപ്പാടു ചെയ്തു. ആവാൽ എന്നു പേരായ ആ ചീനൻ മലാക്കായിൽ താമസക്കാരനായിരുന്നു. അയാൾക്കു 'കടക്കൽക്കള്ളൻ' എന്ന ഒരു ഉപനാമം ജനങ്ങൾ നല്കിയിരുന്നു. അയാൾ ഫ്രാൻസിസ്സിനെ ആപത്തൊന്നും കൂടാതെ നേരേ ജപ്പാനിൽ കൊണ്ടുചെന്നെത്തിക്കുമെന്നുള്ളതിന് ഉറപ്പിനായി പെദ്രോ അയാളെക്കൊണ്ട് ഒരു ജാമ്യം എഴുതി വപ്പിക്കുകയും തന്റെ കരാർ നിറവേറുന്നതുവരെ അതിന്റെ ഭദ്രതക്കായി തന്റെ ഭാര്യയെ സ്വത്തുക്കളോടുകൂടി മലാക്കായിൽത്തന്നെ താമസിപ്പിച്ചുകൊള്ളാമെന്ന് അയാൾ ഏല്ക്കുകയും ചെയ്തു. ഫ്രാൻസിസ്സിന്റെയും അനുചരന്മാരുടെയും യാത്രച്ചിലവു മുഴുവനും പെദ്രോ വഹിച്ചതിനു പുറമെ, ജപ്പാനിൽ ഒരു കപ്പേള പണിയുന്നതിനും മറ്റു ധർമ്മച്ചിലവുകൾക്കായും നല്ലൊരു തുക സംഭാവന ചെയ്യുകയും അവിടെ ചക്രവർത്തിക്കും മറ്റും കൊടുക്കുന്നതിനായി വിശിഷ്ടങ്ങളും ബഹുമൂല്യങ്ങളുമായ സമ്മാനങ്ങൾ വാങ്ങിക്കൊടുക്കുകയും ചെയ്തു. ഫ്രാൻസിസ്സിനു ചീനന്മാരിൽനിന്നു യാതൊരു ഉപദ്രവവും നേരിടാതെ സൂക്ഷിക്കുന്നതിനായി ഡോമിംഗോസ് ഡയസ്സ് എന്ന ഒരു പോർട്ടുഗീസുകാരനെ അദ്ദേഹത്തോടു് അനുയാത്ര ചെയ്യുന്നതിനും ആ ഉദാരമതി ഏർപ്പാടു ചെയ്തു.

മലാക്കായിൽനിന്നു യാത്ര തിരിക്കുന്നതിനുമുൻപു്, ജൂൺ 20, 21, 22, 23 എന്നീ തിയ്യതികളിലായി, പന്ത്രണ്ടു് എഴുത്തുകൾ ടെർണേറ്റിലേക്കും, ഗോവായിലേ

ക്കും റോമയിലേക്കും ഫ്രാൻസിസ്സ് എഴുതി. ഇൻഡ്യയിലേയും മൊള്ളക്കാദ്വീപുകളിലെയും മിഷനറിമാക്ക് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും ആ ലേഖനങ്ങൾമുഖേന നല്കപ്പെട്ടു. ലാൻസിലോട്ടിയെ കൊല്ലത്തും കന്യാകുമാരിയിലും മൈലാപ്പൂരിലുമുള്ള ജസ്യൂട്ട് മിഷനറിമാരുടെ മേലാവായി അദ്ദേഹം നിയമിച്ചു. ഇപ്രകാരം തനിക്കധീനമായ മിഷൻരംഗങ്ങളിലെ ധർമ്മപ്രവർത്തനങ്ങളുടെ നിർവ്വിഘ്നമായ പുരോഗമനത്തിനു ചെയ്യാവുന്നതൊക്കെ ചെയ്തശേഷം, സ്ഥാപകയോഹന്നാന്റെ പെരുനാളായ ജൂൺ 24-നു വൈകുന്നേരം അദ്ദേഹം ഡോൺ പെദ്രോ മുതലായ സ്നേഹിതന്മാരോടെല്ലാം യാത്രപറഞ്ഞു ജപ്പാനിലേക്ക് കപ്പൽ കയറി.

കൊട്ടംകാറും നാവികന്മാരായ ചീനന്മാരുടെ അന്ധവിശ്വാസങ്ങളുംമൂലം യാത്രയിൽ പല വൈഷമ്യങ്ങളും നേരിട്ടുവെങ്കിലും, താമസത്തിനിടയാകാതെ 1549 ആഗസ്റ്റ് 15-നു കപ്പൽ ജപ്പാന്റെ ഏറ്റവും തെക്കേ അറ്റത്തെ ദ്വീപിന്റെ തലസ്ഥാനവും തുറമുഖവുമായ കാഗോഷിമായിലെത്തി. അതു് ആഞ്ജറോയുടെ സ്വദേശമായിരുന്നു. അവിടത്തെ അധികാരികളും ഫ്രാൻസിസ്സിനെയും അനുയായികളെയും സൌഹാർദ്ദപൂർവ്വം സ്വീകരിച്ചു. ആഞ്ജറോയുടെ—ഇപ്പോൾ, പോളിന്റെ—വീട്ടിൽ അയാളുടെ അമ്മയും ഭാര്യയും മകളും അവർക്ക് സസന്തോഷം സ്വാഗതമരുളി.

ഫ്രാൻസിസ്സ് അവിടെക്കണ്ട നാഗരികതയും സംസ്കാരവും യൂറോപ്യൻ നാഗരികതയിലും സംസ്ക്കാരത്തിലുംനിന്ന് ഏറ്റവും ഭിന്നമായ രീതിയിലുള്ളതായിരുന്നു. വീടുകളുടെ മുറികളും മേശ, കസേര, കട്ടിൽ മുതലായ ഉപകരണങ്ങളില്ലാതെ ഒഴിഞ്ഞു കിടക്കുന്നു, അവയിൽ മഞ്ഞനിറത്തിലുള്ള പായ് നിരത്തി വിരിച്ചിരിക്കുന്നു.

കടലാസുകൊണ്ടുള്ള ഭിത്തികൾ മുറികളെ തമ്മിൽ വേർതിരിക്കുന്നു. വീടുകൾക്കു ചുറ്റും വിശാലമായ വരാന്തകളും അവയ്ക്കു ചുറ്റും സുന്ദരങ്ങളായ ഉദ്യാനങ്ങളും സാധാരണമായുണ്ട്. ആതിഥേയർ മുട്ടിൻമേൽ നിന്നു വളരെ ചടങ്ങുകളോടുകൂടിയത്രെ അതിഥികളെ സ്വീകരിക്കുന്നതു്. ആഹാരം കഴിക്കുന്നതിനു യൂറോപ്യന്മാരുടെ കരണ്ടിയുടെയും മുള്ളിന്റെയും സ്ഥാനത്തു നേർത്ത രണ്ടു കമ്പുകളാണു് ഉപയോഗിക്കപ്പെടുന്നതു്. ജനങ്ങൾ സംഭാഷണപ്രിയരാണു്. മുട്ടുകുത്തിയിരുന്നുകൊണ്ടത്രെ അവർ സംഭാഷണം ചെയ്യുന്നതു്. അവരുടെ വസ്ത്രങ്ങളും അതിവിചിത്രങ്ങളാണു്. പുരുഷന്മാരും സ്ത്രീകളും വിവിധ വർണ്ണങ്ങളായ ആപ്രപദിനങ്ങൾ ധരിക്കുകയും കടലാസുകൊണ്ടുള്ള കുടകൾ ഉപയോഗിക്കുകയും ചെയ്യുന്നു. പുരുഷന്മാർ വാളുകളും കുന്തങ്ങളും കൊണ്ടു നടക്കുന്നു. ശിരോമുണ്ഡനവും ശ്വേതാംബരവും സന്ന്യാസികളുടെ ഉപലക്ഷണമാണു്. വെള്ളവസ്ത്രം ദുഃഖസൂചകവും കറുത്തപല്ലു് സൌന്ദര്യദ്യോതകവുമത്രെ. അവരുടെ ഭക്ഷണപാനീയങ്ങളും സംഗീതവും യൂറോപ്യന്റെ രസനയ്ക്കും ശ്രവണത്തിനും തീരെ അരുചിയമാണു്.

ഉദയംമുതൽ അസ്തമയംവരെ ആഞ്ജറോയുടെ വസതി അയാളെയും, അയാളുടെ വെള്ളക്കാരായ അതിഥികളെയും, അവരുടെ കറുത്ത മലയാളി പരിചാരകനെയും കാണാൻ വന്ന കുതൂഹലഭരിതരായ സന്ദർശകരാൽ നിറഞ്ഞിരുന്നു. തനിക്കു മുൻപു് ജപ്പാൻകാരാരും സന്ദർശിച്ചിട്ടില്ലാതിരുന്ന ഇൻഡ്യയെപ്പറ്റിയും തന്റെ യൂറോപ്യന്മാരായ സന്ന്യാസിമിത്രങ്ങളെപ്പറ്റിയും പല വിസ്മയാവഹങ്ങളായ കഥകളും പറഞ്ഞു കേൾപ്പിച്ചു് അയാൾ ആ ജിജ്ഞാസുക്കളെയെല്ലാം രസിപ്പിച്ചു. ഭ്രൂതകാലത്തെ അവന്റെ പാതകകഥ അവർ വിസ്മരിച്ചു.

വൈദേശികമായ ഒരുമതത്തിലേക്കുള്ള അവന്റെപരിവ
ർത്തനത്തിലും അവർ അതൃപ്തിപ്രദർശിപ്പിച്ചില്ല. താൻ അവ
ലംബിച്ച പുതിയ മതത്തിന്റെ മാഹാത്മ്യത്തെപ്പറ്റി അ
തീവശ്രദ്ധാന്തിയോടുകൂടിഅവൻ അവരോടുപ്രസംഗിച്ചു.

ആ പ്രദേശത്തിന്റെ ഭരണാധിപനായ ഷിമാസു
താകഹിസായുടെ ആസ്ഥാനം കാഗോഷിമായിൽനിന്ന്
അഞ്ചു മൈൽ തെക്കായിരുന്നു. ആഞ്ജറോ അദ്ദേഹ
ത്തെ സന്ദർശിച്ചു ഫ്രാൻസിസ്സിനെപ്പറ്റിയും അദ്ദേഹ
ത്തിന്റെ ആഗമനോദ്ദേശ്യത്തെപ്പറ്റിയും പറഞ്ഞുകേൾ
പ്പിച്ചപ്പോൾ ആ ഭരണാധികാരി വളരെ അനുഭാവവും
താൽപര്യവും പ്രദർശിപ്പിച്ചു. ഫ്രാൻസിസ്സ് സെപ്റ്റെം
ബർ 29-നു-, ദൈവദൂതപ്രധാനനായ സെയിൻറ് മൈ
ക്കളിന്റെ—സെയിൻറ് മൈക്കളിനെയായിരുന്നു ജപ്പാ
ന്റെ സ്വർഗ്ഗീയ സംരക്ഷകനായി അദ്ദേഹം നിർദ്ദേശി
ച്ചതു്-പെരുനാളായ സുദിനത്തിൽ, ആണ് ഈ അധികാ
രിയെസന്ദർശിച്ചതു്. അദ്ദേഹംസന്തോഷപൂർവ്വം ഫ്രാൻസി
സ്സിനു ക്രിസ്തുമതം പ്രസംഗിക്കുന്നതിന് അനുവാദം കൊ
ടുക്കുകയും, ആ മതം സ്വീകരിക്കുന്നതിനു തന്റെ പ്രജ
കൾക്കു സ്വാതന്ത്ര്യമുണ്ടെന്നു പ്രഖ്യാപനം ചെയ്യുകയും,
മിഷനറിമാരുടെ താമസത്തിനായി നല്ലൊരു കെട്ടിടം ഏ
ർപ്പാടുചെയ്യുകയും ചെയ്തു. ജപ്പാനിലെ ചക്രവർത്തിയെ കാ
ണുന്നതിനു സൗകര്യമുണ്ടാക്കിക്കൊടുക്കണമെന്നു ഫ്രാൻ
സിസ്സ് അപേക്ഷിച്ചപ്പോൾ, ആറു മാസം കഴിഞ്ഞു കപ്പ
ൽയാത്രയ്ക്കു കാറ്റു അനുകൂലമാകുമ്പോൾ വേണ്ടതു ചെ
യ്യാമെന്ന് അദ്ദേഹം അനുകമ്പാപൂർവ്വം മറുപടി പറഞ്ഞു.

ഇതിനിടയ്ക്കു ഫ്രാൻസിസ്സിനും അനുചരന്മാർക്കും
ആ രാജ്യത്തെയും ജനങ്ങളെയുംപറ്റി പഠിക്കുന്നതിനും
അവിടത്തെ സ്ഥിതിഗതികളുമായി പരിചയപ്പെടുന്നതി
നും ക്രിസ്തുധർമ്മം പ്രസംഗിക്കുന്നതിനും സൗകര്യം ല

ഭിച്ചു. ബുദ്ധമതം ജപ്പാൻകാരുടെ ജാതീയമതമായിത്തീർന്നിരുന്നുവെങ്കിലും ജനസമാന്യം പൂർവ്വീകന്മാരെയും സൂര്യചന്ദ്രാദികളെയും ആരാധിച്ചിരുന്നു. ജനങ്ങൾ മതസംബന്ധമായി യുക്തിയുക്തങ്ങളായ വാദപ്രതിവാദങ്ങളിൽ താൽപര്യം പ്രദർശിപ്പിച്ചു. ആഞ്ജെറോയുടെ മാതാവും ഭാര്യയും പുത്രിയും ബന്ധുജനങ്ങളായ ഒട്ടുവളരെ സ്ത്രീപുരുഷന്മാരും അവിളംബം ക്രിസ്തുമതം സ്വീകരിച്ചു. പക്ഷെ, ആശ്രമവാസികളായ ബുദ്ധമതസന്യാസികളുടെ സ്ഥിതി വളരെ ഭിന്നമായിരുന്നു. അവർ എണ്ണത്തിൽ വളരെ ഉണ്ടായിരുന്നുവെന്നുമാത്രമല്ല ജനങ്ങളാൽ ആദൃതന്മാരുമായിരുന്നു. എങ്കിലും പ്രകൃതിവിരുദ്ധമായ ദുശ്ശീലങ്ങളിലുള്ള അവരുടെ ആസക്തി പ്രസിദ്ധമായിരുന്നു. അവ സന്മാർഗ്ഗവിരുദ്ധമോ പാപകരമോ ആണെന്ന് അവർ വിശ്വസിച്ചിരുന്നില്ല. സേവിയർ അവരുടെ ആശ്രമങ്ങളെ സന്ദർശിച്ചു ക്രിസ്തുമതസിദ്ധാന്തങ്ങളെപ്പറ്റി സംഭാഷണം ചെയ്യുന്നതു് അവർക്കു രസകരമായിരുന്നു. അവരുടെ ദുശ്ശീലങ്ങളുടെ ജഘന്യഭാവഹേതുത്തെപ്പറ്റി അദ്ദേഹം പ്രസ്താവിക്കുമ്പോൾ, അദ്ദേഹത്തിന്റെ സന്മാർഗ്ഗമാനദണ്ഡത്തിന്റെ വൈജാത്യത്തെയും പരിഹാസ്യതയെയും ഓർത്തു് അവർ ചിരിക്കുമായിരുന്നു. തങ്ങളുടെ ആചാരങ്ങളിലും നടപടികളിലും ധർമ്മവിരുദ്ധമായോ ലജ്ജാകരമായോ യാതൊന്നും അവർ കണ്ടില്ല. അദ്ദേഹത്തിന്റെ തത്ത്വങ്ങളും ഉപദേശങ്ങളും അവർക്കു രസകരങ്ങളായിരുന്നുവെങ്കിലും അവർ ക്രിസ്തുമതം സ്വീകരിക്കുമെന്ന് അദ്ദേഹം സ്വപ്നത്തിൽപോലും വിചാരിക്കേണ്ടാ എന്നായിരുന്നു അവരുടെ മനോഭാവമെന്ന് അദ്ദേഹത്തിനു വ്യക്തമായിക്കഴിഞ്ഞിരിക്കണം. എങ്കിലും ആ ദ്വീപിന്റെ ഭരണാധികാരിയുടെ സംരക്ഷണത്തിലുള്ള ഒരു വലിയ വിഹാരത്തിലെ മേലാവായ സന്യാസിശ്രേഷ്ഠന്റെ സൌഹാർദ്ദപൂർവ്വമായ

മൈത്രീ സേവിയർ സമ്പാദിച്ചു. - മലാക്കായിൽനിന്നു വന്ന രണ്ടു സന്ന്യാസികളിൽനിന്ന് ആ നഗരത്തിലും ബാൻഡുവിലുമുള്ള വിഖ്യാതങ്ങളായ സർവ്വകലാശാലകളെപ്പറ്റി അദ്ദേഹം കേൾക്കാനിടയായി. രാജധാനിയായ മിയാക്കോ കാഗോഷിമായിൽനിന്നു മുന്നൂറ് മൈൽ വടക്കു സ്ഥിതിചെയ്യുന്നു. തൊണ്ണൂറായിരം കുടുംബങ്ങളുള്ള ആ പട്ടണത്തിലെ സർവ്വകലാശാലയിൽ അഞ്ചു പ്രധാന കോളേജുകളും അവിടെ ഇരുന്നൂറിൽപരം സന്ന്യാസാശ്രമങ്ങളും ഉണ്ട്. പട്ടണത്തിന്റെ പരിസരങ്ങളിലായി വേറെ നാലു കോളേജുകൾകൂടിയുണ്ട്. ഓരോ കോളേജിലും മൂവായിരത്തിയഞ്ഞൂറിൽപരം വിദ്യാർത്ഥികൾ പഠിക്കുന്നു. മിയാക്കോവിനു വടക്കുമാറിയാണ് ജപ്പാനിലെ ഏറ്റവും വലുതും പ്രസിദ്ധവുമായ ബാൻഡു സർവ്വകലാശാല സ്ഥിതി ചെയ്യുന്നത്. ജപ്പാൻകാരുടെ സംസ്കാരത്തെയും വിദ്യാഭിവൃദ്ധിയെയുംപറ്റി ലഭിച്ച ഈ അറിവുകൾ ഫ്രാൻസിസ്സിനു് ഉത്സാഹപ്രദമായിരുന്നു.

ജപ്പാനിൽ വന്നു രണ്ടു മാസംകഴിഞ്ഞിട്ടും മലാക്കായിലേക്കുംമറ്റും എഴുത്തയക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം വന്ന കപ്പലിന്റെ ഉടമസ്ഥനും കപ്പിത്താനുമായ ചീനൻ ജപ്പാനിൽവച്ചു മരിച്ചുപോകയാൽ അതു മലാക്കായിലേക്കു മടങ്ങിപ്പോയില്ല. എഴുത്തയക്കുന്നതിനു യാതൊരു മാർഗ്ഗവുമില്ലാതെ അദ്ദേഹം വിഷമിച്ചിരുന്നപ്പോൾ, കാഗോഷിമായിൽനിന്നു 150 മൈൽ അകലെയുള്ള ഹിറാഡോ എന്ന തുറമുഖത്തു് ഒരു പോർട്ടുഗീസ് കപ്പൽ വന്നിട്ടുണ്ടെന്നും അതു നവംബർ മാസം ഒടുവിൽ മലാക്കായിലേക്കു പുറപ്പെടുമെന്നും അറിയാൻ ഇടയായി. നവംബർ 5-നു-യിലും 11-നു-യിലുമായി അദ്ദേഹം നാലു എഴുത്തുകൾ.—ഗോവായിലെ ജസ്യൂട്ട സംഘത്തിനു രണ്ടു, ഗോവയിൽ ആൻറണി ഗോമ

സ്സിനു് ഒന്നു, ഓർമസ്സിൽ ഗാസ്പർബാർസിക്കു ഒന്നു, മലാക്കായിൽ ഡോൺ പെദ്രോ ഡി സില്വയ്ക്കു ഒന്നു— എഴുതി.ഇവയിൽ ജസ്യൂട്ട സംഘത്തിലേക്കുള്ള രണ്ടാമത്തെ എഴുത്തു (നവംബർ 11) വളരെ ദീർഘമാണു്— അതിൽ പന്തീരായിരത്തിനുമേൽ വാക്കുകളുണ്ടു്. ജപ്പാനിലേക്കുള്ള തന്റെ യാത്രയെയും ജപ്പാൻ രാജ്യത്തെയും ജനങ്ങളെയുംപറ്റിയുള്ള വിവരണങ്ങളും അതിലടങ്ങിയിട്ടുണ്ടു്. ഓർമ്മസ്സിലേക്കുള്ള എഴുത്തിൽ ഗാസ്പർ ബാർസിമറ്റു രണ്ടു വൈദികരോടുക്രൂടി ഉടൻ ജപ്പാനിലേക്കു ചെല്ലണമെന്നു ഫ്രാൻസിസ്സു് ആജ്ഞാപിക്കുന്നു. ഹിറാഡോവിൽനിന്നുള്ള കപ്പലിൽ, ഫ്രാൻസിസ്സിനെ ജപ്പാനിലേക്കു അംഗരക്ഷകനായി അനുഗമിച്ച ഡോമിംഗോസു ഡയസ്സിനെക്രൂടാതെ നാലു ജപ്പാൻകാരും യാത്രയ്ക്കാരുണ്ടായിട്ടുണ്ടായിരുന്നു. ജപ്പാൻകാരിൽ രണ്ടുപേർ സന്യാസികളായിരുന്നു. ഇവർ നാലുപേരും ക്രിസ്തുമതം സ്വീകരിക്കുന്നതിനു സന്നദ്ധരായി ഗോവായിൽ മതസംബന്ധമായ ഉപരിവിദ്യാഭ്യാസത്തിനു പോവുകയാണു്. എഴുത്തുകളെല്ലാം തയാറായിക്കഴിഞ്ഞപ്പോൾ അദ്ദേഹം ഇവരുമായി ഹിറാഡോയിലേക്കു പുറപ്പെട്ടു. നവംബർ ഒടുവിൽ അവിടെ എത്തി. പോർട്ടുഗീസു കപ്പലിലെ കപ്പിത്താനും മറ്റും അവരെ വളരെ സൗഹാർദ്ദപൂർവ്വം സ്വീകരിച്ചു. ഈ സന്ദർഭത്തിൽ അദ്ദേഹം ആ പട്ടണത്തിലെ അധികാരിയെ സന്ദർശിച്ചു്, അവിടെയും ക്രിസ്തുധർമ്മം പ്രസംഗിക്കുവാനുള്ള അനുവാദം സമ്പാദിച്ചു. പ്രസ്തുത കപ്പൽ യഥാകാലം പുറപ്പെട്ടു് 1550 ഏപ്രിൽ മാസത്തിൽ മലാക്കായിലെത്തി. ഫ്രാൻസിസ്സു് സേവിയറിന്റെ എഴുത്തു മലാക്കാ നിവാസികൾക്കു പൊതുവെ ആഹ്ലാദപ്രദമായിരുന്നു. എഴുത്തു് അവിടെ കിട്ടിയ ദിവസം ഒരു മഹോത്സവമായി അവർ കൊണ്ടാടി. ജപ്പാൻകാർ നാലുപേരും

വളരെ ബഹുമാനപൂർവ്വം സ്വീകരിക്കപ്പെടുകയും ജ്ഞാന സ്നാപനം ചെയ്യപ്പെടുകയും ചെയ്തു.

1549 ഡിസംബർ അവസാനിക്കുന്നതിനുമുൻപ് ഫ്രാൻസിസ്സ് കാഗോഷിമായിൽ മടങ്ങിയെത്തി. ജപ്പാനിൽ വന്ന സമയംമുതൽ അദ്ദേഹത്തിന്റെയും അനുചരന്മാരുടെയും പ്രധാന ശ്രമം ജപ്പാൻഭാഷ പഠിക്കുന്നതിനായിരുന്നു. ആദ്യം അതു വളരെ എളുപ്പമാണെന്നു വിചാരിച്ചുവെങ്കിലും പിന്നീട് അതു് അത്യന്തം ക്ലേശകരമായ ഒരു കൃത്യമായി അവർക്കു തോന്നി. ആഞ്ജറോയുടെ സഹായത്തോടുകൂടി വേദോപദേശത്തിന്റെ പ്രാഥമിക പാഠങ്ങളും അവർ ജാപ്പനീസു ഭാഷയിലേക്കു വിവർത്തനം ചെയ്തു. ലോകസൃഷ്ടിമുതൽ അവസാനവിധിവരെ വ്യാപകവും സുദീർഘവുമായ ഒരു ക്രിസ്തുമതതത്വപ്രകാശികയും അദ്ദേഹം രചിച്ചു. അതിൽ ജപ്പാൻകാരുടെ അബദ്ധവിശ്വാസങ്ങൾക്ക് ഒരു പ്രത്യാഖ്യാനവും അടങ്ങിയിട്ടുണ്ട്. അതു ജപ്പാൻഭാഷയിലാണെങ്കിലും ലത്തീൻ ലിപികളിലാണ് എഴുതപ്പെട്ടിരിക്കുന്നതു്. ക്രിസ്തുമതം സ്വീകരിച്ചുകഴിഞ്ഞവരെ അവരുടെ വീടുകളിൽവച്ചും മറുള്ളവരെ പൊതുയോഗങ്ങളിൽവച്ചും ദിനംപ്രതി രണ്ടുപ്രാവശ്യം അദ്ദേഹം അതു വായിച്ചുകേൾപ്പിച്ചു. പലരും അതിനെ അവഹേളിച്ചുവെങ്കിലും ചിലർ ആദരിക്കാതിരുന്നില്ല. ഇതിനകം നൂറോളം ജപ്പാൻകാർ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. കാഗോഷിമായിൽനിന്നു വടക്കുപടിഞ്ഞാറായി പതിനഞ്ചുമൈൽ അകലെ താമസിച്ചിരുന്ന ഇച്ചിക്കു എന്ന പ്രഭുകുടുംബത്തിലെ അംഗങ്ങളെ—ആകെ പതിനഞ്ചു പേരെ—ഫ്രാൻസിസ്സ് നിഷ്പ്രയാസം ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തു. ഇങ്ങനെ അങ്ങുമിങ്ങും അദ്ദേഹത്തിന്റെ ധർമ്മപ്രചാരണയത്നങ്ങൾ ഏതാണ്ടു ഫലപ്രദമായെങ്കിലും പൊതുവെ അദ്ദേഹത്തിന്റെ അനുഭ

വം പ്രോത്സാഹജനകമായിരുന്നില്ല. ആഞ്ജിറോയുടെ സംഭാഷണത്തിൽനിന്ന ജപ്പാനിൽ ജനങ്ങൾ ക്രമേണ ക്രിസ്തുമതം അവലംബിക്കുമെന്ന പ്രതീക്ഷിച്ചിരുന്ന അദ്ദേഹത്തിന് അപ്പോൾ അഞ്ചാറുമാസമായിട്ടും കഷ്ടിച്ച നൂറുപേർമാത്രമെ ജ്ഞാനസ്നാപനം ചെയ്യപ്പെട്ടുവെന്നുള്ളതു നൈരാശ്യജനകമായിരുന്നിരിക്കണമെന്ന പറയേണ്ടതില്ല. അദ്ദേഹത്തെപ്പറ്റി എഴുതിയിട്ടുള്ള ഒരു ജസ്യൂട്ട് വൈദികൻ പറയുന്നതുപോലെ,അദ്ദേഹം ഇൻഡ്യയിൽ ക്രിസ്തുമതത്തിലേക്ക് ആളുകളെ സ്വീകരിച്ചതു് ഒരു വലകൊണ്ടായിരുന്നുവെങ്കിൽ, ജപ്പാനിൽ അദ്ദേഹത്തിന് ഒരു ചൂണ്ടമാത്രമെ ഉപയുക്തമായിരുന്നുള്ളൂ. ബുദ്ധമതസന്ന്യാസികൾ അദ്ദേഹത്തോട് സൌഹാർദ്ദം പ്രദർശിപ്പിച്ചുവെങ്കിലും അവർ തന്റെ ഉദ്യോഗനിർവ്വഹണത്തിൽ പരമശത്രുക്കളായിരിക്കുമെന്ന് അദ്ദേഹം ആദ്യമേതന്നെ മനസ്സിലാക്കിയിരുന്നു. അവർമൂലം വലുതായ പീഡനങ്ങളോടതന്നെയും അഭിമുഖീഭവിക്കേണ്ടിവരുമെന്ന് അദ്ദേഹം ശങ്കിക്കാതിരുന്നില്ല. അവരുടെയും അദ്ദേഹത്തിന്റെയും മതതത്ത്വങ്ങൾക്കും വിശ്വാസങ്ങൾക്കും തമ്മിൽ അത്രമാത്രം വൈരുദ്ധ്യമുണ്ടായിരുന്നു. എങ്കിലും രക്തസാക്ഷിയായി മരിക്കേണ്ടിവന്നാൽ അത്രയും ആനന്ദപ്രദമായിക്കരുതി ധർമ്മസമരം തുടരുന്നതിന് അദ്ദേഹം കൃതനിശ്ചയനായിരുന്നു.

മാസങ്ങൾ അനേകം കഴിഞ്ഞിട്ടും ഫ്രാൻസിസ്സിനു രാജധാനിയിലേക്കു പോകുന്നതിനു ഒരു കപ്പൽ ഏർപ്പാടുചെയ്യുകൊടുക്കാമെന്നുള്ള കാഗോഷിമായിലെ ഭരണാധിപപ്രഭുവിന്റെ പ്രതിജ്ഞ നിർവ്വഹിക്കപ്പെട്ടില്ല. ജപ്പാന്റെ ഉത്തരഭാഗങ്ങളിൽ ഒരു ആഭ്യന്തരയുദ്ധം നടക്കുന്നുവെന്ന റിപ്പോർട്ട് അദ്ദേഹത്തിന്റെ യാത്രയ്ക്കു പ്രതിബന്ധമായിത്തീർന്നു. അവിടെ സമാധാനം ഉണ്ടാകുന്നതുവരെ കാ

ത്തിരുന്നാൽ യാത്ര അനവസ്ഥാനമായി നീട്ടിവയ്ക്കേണ്ടിവരും. അതിനും സാധിക്കാത്തവിധത്തിൽ കൂറേക്കൂടികഴിഞ്ഞപ്പോൾ കാഗോഷിമായിൽത്തന്നെ ക്രിസ്തുമതമർദ്ദനത്തിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. ജപ്പാൻകാരായ സന്ന്യാസികൾ ക്രിസ്തുമതപ്രചാരണത്തിനായി സ്വാതന്ത്ര്യം അനുവദിക്കുന്നതു് അവരുടെ സ്വന്തക്കു ഹാനികരമാണെന്നു മനസ്സിലാക്കി. ക്രിസ്ത്യാനികളായിത്തീർന്ന ജനങ്ങൾ അവർക്കു ധർമ്മം കൊടുത്തില്ലെന്നു മാത്രമല്ല അവരുടെ മതത്തെയും ആചാരങ്ങളെയും അവഹേളിച്ചു തുടങ്ങി. അതുകൊണ്ടു ജനങ്ങളുടെ ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം അവർ ശക്തിപൂർവ്വം തടഞ്ഞു. ക്രിസ്തുമതപ്രചാരണത്തെ നിയമംകൊണ്ടു നിരോധിക്കുന്നതിന് അവർ ഭരണാധികാരിയെ പ്രേരിപ്പിച്ചു. അവരുടെ നിർബ്ബന്ധത്തിനു വശംവദനായി അയാൾ നിരോധനാജ്ഞ പുറപ്പെടുവിച്ചു: ക്രിസ്തുമതം സ്വീകരിക്കുന്നവൻ വധശിക്ഷയ്ക്ക് അർഹരാകുമെന്ന് അയാൾ പ്രഖ്യാപനം ചെയ്തു.

കാഗോഷിമായിലെ താമസം തുടരുകയെന്നുള്ളതു് ഫ്രാൻസിസ്സിന് അസാദ്ധ്യമായിത്തീർന്നു. ഹിറാദോ തുറമുഖത്തു് ഒരു പോർട്ടുഗീസു കപ്പൽ വന്നതായി അദ്ദേഹം അറിഞ്ഞു. അനുചരന്മാരോടുകൂടി അവിടത്തേക്കു പോകുന്നതിന് അദ്ദേഹം നിശ്ചയിച്ചു. അവിടെനിന്നു പോർട്ടുഗീസുകാരുടെ സഹായത്തോടുകൂടി മിയാക്കോവിലെത്തിച്ചേരാമെന്ന് അദ്ദേഹം പ്രത്യാശിച്ചു. ജപ്പാനിലെ രാജാവിനെക്കണ്ടു് അദ്ദേഹത്തെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുകയും രാജ്യത്തെവിടെയും ക്രിസ്തുമതം പ്രസംഗിക്കുന്നതിനുള്ള രാജകീയാനുവാദം വാങ്ങുകയുംചെയ്യുകയെന്നതായിരുന്നു അദ്ദേഹത്തിന്റെ അനന്തരകരണീയം. 1550 സെപ്റ്റംബർ ഒടുവിൽ ആഞ്ജറോയോടും മറ്റും യാത്ര പറഞ്ഞു് അദ്ദേഹവും സഹപ്രവർത്തകന്മാരും കാ

ഗോഷിമായിൽനിന്നു പുറപ്പെട്ടു. ആഞ്ജറോയുടെ സഹചാരികളായിരുന്ന ജോണും ആൻറണിയും ബർണർഡ്ഡ് എന്ന വേറൊരു ജാപ്പനീസ് ക്രിസ്ത്യാനിയുംകൂടി അദ്ദേഹത്തെ അനുഗമിച്ചു.

ഫ്രാൻസിസ്സിനും അനുചരന്മാർക്കും ഹിറാഡോവിൽ അത്യന്തം ഹാർദ്ദമായ സ്വീകരണം പോർട്ടുഗീസുകച്ചവടക്കാരിൽനിന്നു ലഭിച്ചു. ഇതിനകം ജാപ്പനീസ് ഭാഷ നല്ലവണ്ണം സംസാരിക്കുന്നതിനു ശീലിച്ചിരുന്ന ബ്രദർ ജോൺ ഫെർണാഡസ്സിന്റെ പരിശ്രമത്തിന്റെ ഫലമായി അവിടെ ഏകദേശം നൂറു ജപ്പാൻകാർ ക്രിസ്തുമതം സ്വീകരിച്ചു. ഫ്രാൻസിസ്സ് ഹിറാഡോവിൽ അധികം താമസിക്കാതെ യാമഗുച്ചിയിലേക്കു പോകുന്നതിനും അവിടെനിന്ന് മിയാക്കോവിലേക്കു യാത്രതുടരുന്നതിനും ആഗ്രഹിച്ചു. ഫാദർ ടോറിസ്സ്, ജോൺ, ആൻറണി, അമാദോർ എന്നിവരെ ഹിറാഡോവിൽ താമസിപ്പിച്ചുകൊണ്ട് അദ്ദേഹം ബ്രദർ ഫെർണാൻറസ്സിനാലും ബെർണാർദിനാലും അനുഗതനായി ഒക്ടോബർ അവസാനത്തു യാമഗുച്ചിയിലേക്കു പുറപ്പെട്ടു. അവർ ഒരു കപ്പലിൽ ഒരു വലുതായ ദ്വീപിലുള്ള ഏററവും അടുത്ത തുറമുഖത്ത് ഇറങ്ങി. അവിടെനിന്ന് ആ ദ്വീപിൻറെ വളരെ ഉള്ളിലായി സ്ഥിതിചെയ്യുന്ന യാമഗുച്ചിയിലേക്ക് അവർ കാല്നടയായി യാത്രചെയ്തു. അവരുടെ സാമാനങ്ങൾ—ഒരു ളോവയും, മൂന്നോ നാലൊ ഷർട്ടുകളും, ഒരു പുതപ്പും, കുറെ വറുത്ത അരിയും—രണ്ടു ചാക്കുകളിലായിക്കെട്ടി അവർ മാറിമാറി ചുമലിൽ വഹിച്ചു. അതു ശിശിരകാലമായിരുന്നു. കലശലായ മഞ്ഞും തണുത്ത കാററും റോഡുകളുടെ ഉഗ്രമതയും അവരുടെ യാത്രയുടെ ക്ലേശത്തെ വളരെ വർദ്ധിപ്പിച്ചു. ഗ്രാമീണരായ കൂട്ടികൾ പരദേശികളായ ഈ പഥികരെ പരിഹസിച്ചു കുകിവി

ളിക്കുകയും കല്ലെറിയുകയും ചെയ്തു. സത്രങ്ങളിൽ ഏറ്റവും അവജ്ഞാപൂർവ്വകമായ സ്വീകരണങ്ങളത്രെ അവർക്കു ലഭിച്ചതു്. ഇതെല്ലാം അവർ സൌമനസ്യത്തോടും സന്തോഷത്തോടുംകൂടി സഹിച്ചു.

ഈ വിധം പത്തു പന്ത്രണ്ടു ദിവസത്തെ ക്ലേശപൂർണ്ണമായ യാത്രയുടെ ശേഷം അവർ യാമഗുച്ചിയിൽ എത്തി. അവിടെ ഏതാനും ദിവസങ്ങൾ താമസിക്കുന്നതിനു ഫ്രാൻസിസ്സ് നിശ്ചയിച്ചു. അവിടെ ആദ്യമായി അവർ തെരുവുകളിൽ പ്രസംഗിച്ചു. ദിവസം രണ്ടു പ്രാവശ്യം ആൾക്കൂട്ടം അധികമുള്ള തെരുവീഥികളുടെ മൂലകളിൽ നിന്നുകൊണ്ടു ഫ്രാൻസിസ്സ് പ്രസംഗിക്കുകയും ഫെർണാൻഡസ്സ് പ്രസംഗത്തെ തർജ്ജിമ ചെയ്കയും ചെയ്തു. കാഗോഷിമായിൽവച്ചു രചിക്കപ്പെട്ട ക്രിസ്തുമതതത്വപ്രകാശികയിൽനിന്നു പ്രധാനമായ ഭാഗങ്ങൾ ഫെർണാൻഡസ്സ് ശ്രോതാക്കളെ വായിച്ചു കേൾപ്പിച്ചു. സൃഷ്ടിയെപ്പറ്റിയുള്ള ക്രൈസ്തവതത്ത്വത്തിന്റെ വിശദീകരണത്തോടുകൂടി ഫ്രാൻസിസ്സ് ജപ്പാൻകാരുടെ മൂന്നു പ്രധാന പാപങ്ങളെ പരാമർശിച്ചു—വിഗ്രഹാരാധന, പ്രകൃതിവിരുദ്ധമായ വിഷയസുഖാനുഭോഗം, ഭ്രൂണനത്തിനു മുൻപും പിൻപുമുള്ള ശിശുഹത്യ-. ഈ മൂന്നു പാപങ്ങൾ ജപ്പാൻകാരുടെ ഇടയിൽ സാർവ്വത്രികമായിരുന്നു. ഓരോ ദിവസവും മാറിമാറി അവർ ആ വിപുലവും ജനബാഹുല്യവുമായ പട്ടണത്തിന്റെ ഓരോ ഭാഗത്തു പോയി പ്രസംഗിച്ചു. ഈ പരദേശികളുടെ ശ്ലിഷ്ടമായ ഭാഷാരീതിയും വിചിത്രമായ വേഷവും അവരെ ജനസാമാന്യത്തിന്റെ അവഹേളത്തിനു പാത്രീഭവിപ്പിച്ചു. എങ്കിലും അവർ പലരുടെയും പരിചയവും സൌഹാർദ്ദവും സമ്പാദിച്ചു. ചില പൌരപ്രധാനന്മാർ അവരെ സ്വഭവനങ്ങളിലേക്കു ക്ഷണിച്ചു സല്ക്കരിക്കുകയും അവരുടെ ധർമ്മോപദേശ

ങ്ങൾ കേൾക്കുന്നതിൽ താൽപര്യം പ്രദർശിപ്പിക്കുകയും ചെയ്തു.

സ്വാധീനശക്തിയുള്ള ഒരു പൌരന്റെ സഹായത്തോടുകൂടി ഫ്രാൻസിസ്സിനു യാമഗുച്ചിയിലെ ഭരണാധിപപ്രഭുവായ ഔച്ചിയോഷിത്തകയെ സന്ദർശിക്കാൻ സാധിച്ചു. സന്ദർശനശാലയിൽ പ്രഭുവും പ്രഭുവിന്റെ പ്രധാന പുരോഹിതനുമാത്രമേ ഉണ്ടായിരുന്നുള്ളൂ. കാണികളായി ഒട്ടുവളരെ ആളുകൾ അടുത്തുള്ള മുറികളിലും വരാന്തകളിലും നിന്നിരുന്നു. പ്രസ്തുത പൗരപ്രമാണിയാൽ ആനീതരായി ഫ്രാൻസിസ്സും ഫെർണാൻഡസും സന്ദർശനശാലയിൽ പ്രവേശിച്ചു. ജപ്പാനിലെ ജാത്യാചാരമനുസരിച്ച് അവർ പ്രഭുവിന്റെ മുൻപാകെ സാഷ്ടാംഗപ്രണാമം ചെയ്തു. പ്രഭു ദർശിതദാക്ഷിണ്യനായി അവരെ സ്വീകരിച്ചു. അവർ ജപ്പാനിൽ വന്നതിന്റെ ഉദ്ദേശ്യമെന്താണെന്ന് അയാൾ അവരോടു ചോദിച്ചു. "ദൈവവചനം പ്രസംഗിക്കുന്നതിനായി ഞങ്ങൾ ജപ്പാനിൽ പ്രേഷിതരായിരിക്കുകയാണു്; എന്തുകൊണ്ടെന്നാൽ, ദൈവത്തെ ആരാധിക്കുകയും മനുഷ്യവർഗ്ഗോദ്ധാരകനായ ശ്രീയേശുദേവനിൽ വിശ്വസിക്കുകയുംചെയ്യാത്ത ഒരുവനും മുക്തിപ്രാപിക്കുകയില്ല." എന്നായിരുന്നു ഫ്രാൻസിസ്സിന്റെ മറുവടി. ക്രിസ്തുമതത്തെപ്പറ്റി കൂടുതലായി അറിയുന്നതിനു പ്രഭു കൌതുകം പ്രദർശിപ്പിക്കുകയാൽ ജപ്പാൻ ഭാഷയിലുള്ള തത്തപ്രകാശികയിൽ നിന്നു ചില ഭാഗങ്ങൾ വായിച്ചുകേൾപ്പിക്കുന്നതിനു ഫ്രാൻസിസ്സ് ഫെർണാൻഡസിനോടു് ആജ്ഞാപിച്ചു. ഒരു മണിക്കൂറിലധികം ആ വായന പ്രഭു ശ്രദ്ധിച്ചുകേട്ടു. ജാപ്പനീസു ജാതിയുടെ സർവ്വപ്രധാനപാപമായ പ്രകൃതിവിരുദ്ധസംഭോഗത്തെപ്പറ്റി നിർദ്ദാക്ഷിണ്യമായ വിമർശനവും ആ പ്രബന്ധത്തിൽ അടങ്ങിയിരുന്നു; "ഈ

പാപം ചെയ്യുന്നവൻ ഒരു പന്നിയെക്കാൾ വൃത്തിഹീനനും ഒരു പട്ടിയെക്കാൾ നികൃഷ്ടനുമാണ്.'" ഈ വാക്യം വായിച്ചപ്പോൾ പ്രഭുവിന്റെ മുഖം വിളറി; അയാൾ ഒരുവിധം കോപമടക്കി. മാഗ്ദശി സമാഗമം അവസാനിപ്പിച്ച് ആ ധിക്കാരികളായ ധർമ്മദൂതന്മാരെ, യാതൊരു അനിഷ്ടസംഭവങ്ങളും ഉണ്ടാകുന്നതിനുമുൻപ്, അവിടെനിന്നു മടക്കി അയച്ചു.

പ്രഭുവുമായുള്ള കൂടിക്കാഴ്ച നിഷ്ഫലമായെങ്കിലും സേവ്യറും ഫെർണാൻഡസും തെരുവീഥികളിൽ പ്രസംഗിച്ചും വീടുകൾ സന്ദർശിച്ചുമുള്ള ധർമ്മപ്രചാരണം തുടർന്നു. പക്ഷെ, വളരെ കുറച്ചാളുകളെമാത്രമെ അവർക്ക് ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യുന്നതിനു സാധിച്ചുള്ളുവെന്നതുകൊണ്ട് അവർ ഭഗ്നോത്സാഹരായി. ഫ്രാൻസിസ്സ് അവിടെനിന്നു മിയാക്കോവിലേക്കുള്ള യാത്ര തുടരുന്നതിനു തീർച്ചപ്പെടുത്തി. യാമഗുച്ചിയിൽനിന്ന് ഈ തലസ്ഥാനനഗരത്തിലേക്ക് ഇരുന്നൂററിയൻപതിൽപരം മൈൽ ദൂരമുണ്ട്. 1550-ലെ ക്രിസ്മസ്സിനു് എട്ടു ദിവസത്തിനുമുൻപ് അദ്ദേഹം അനുചരന്മാരോടുകൂടി യാമഗുച്ചിയിൽനിന്നു യാത്രതിരിച്ചു.

ദേശസ്ഥിതിയെയും ജനങ്ങളെയുംപറ്റി കൂടുതൽ അറിവു സമ്പാദിക്കുന്നതിനായി അവർ കരമാർഗ്ഗം അവലംബിച്ചു. ജപ്പാനിൽ അക്കാലത്തു പെരുവഴികളിൽ തസ്കരസംഘങ്ങളുടെ ശല്യം സർവത്ര ഉണ്ടായിരുന്നു. മഞ്ഞുകട്ടകൾ നിറഞ്ഞു കിടന്നിരുന്ന റോഡുകളിൽക്കൂടി ഫ്രാൻസിസ്സ് നഗ്നപാദനായി നടന്നു. അദ്ദേഹത്തിന്റെ പാദങ്ങൾ മുറിഞ്ഞു, മുറിവുകളിൽനിന്നു രക്തമൊലിച്ചു. ഈശ്വരചിന്തയിൽ നിർല്ലീനനായിരുന്ന അദ്ദേഹം ശാരീരമായ ഈ ക്ലേശങ്ങളും വൈഷമ്യങ്ങളും അറിഞ്ഞില്ല. ഒന്നിലധികം പ്രാവശ്യം ഈ പാദചാരികൾക്ക്

ഹിമശിശിരങ്ങളായ അരുവികളും ആറുകളും ഇറങ്ങി കയറേണ്ടിവന്നു. നനഞ്ഞു കുളിന്നു വിറച്ചു രാത്രികാലത്തു് അവർ അഭയംപ്രാപിച്ച വഴിയമ്പലങ്ങളും യാതൊരു സുഖസൌകര്യങ്ങളുമുള്ളതായിരുന്നില്ല. അനേക ദിവസങ്ങളും ഇങ്ങനെ നടന്നു കഷ്ടപ്പെട്ടു് അവർ ഒരു പട്ടണത്തിലെത്തി. അവിടെനിന്നു സക്കായി എന്ന തുറമുഖത്തിലേക്കു് അവർ കപ്പൽകയറി. രണ്ടാഴ്ച ദീർഘിച്ച ആ കപ്പൽയാത്രയിൽ അവർ വളരെ കഷ്ടപ്പെട്ടു. കപ്പലിൽ ഏറ്റവും അസുഖകരമായ സ്ഥാനമായിരുന്നു അവർക്കു നല്കപ്പെട്ടതു്. ക്രൂരയാത്രക്കാരായ ജപ്പാൻകാർക്കു് അവർ പരിഹാസപാത്രമായിരുന്നു. ഇടയ്ക്കിടെ ഒരു തുറുമുഖത്തുവച്ചു് പ്രധാനനായ ഒരു ജപ്പാൻകാരൻ സക്കായിലുള്ള തന്റെ ഒരു സ്നേഹിതനു കൊടുക്കാനായി ഒരു ശുപാർശക്കത്തു് ഫ്രാൻസിസ്സിനു കൊടുത്തു. മിയാക്കോയിലേക്കു പോകുന്ന തക്കതായ ഒരാളിന്റെ കൂട്ടു് ഈ പരദേശികൾക്കു് ഏർപ്പാടു ചെയ്തുകൊടുക്കണമെന്നായിരുന്നു് അതിൽ ശുപാർശചെയ്യപ്പെട്ടിരുന്നതു്. അവർ സക്കായിലെത്തിയപ്പോൾ ഒരു വണിഗ്വരനായ ആ എഴുത്തിലെ മേൽവിലാസക്കാരൻ, അവരെ ആയുധപാണികളായ അംഗരക്ഷകരാൽ പരിസേവിതനായി മിയാക്കോയിലേക്കു പുറപ്പെടുന്ന ഒരു മാടമ്പിയുമായി പരിചയപ്പെടുത്തി. അതിനും പുറമെ, മിയാക്കോയിലെ ഒരു പൌരപ്രധാനനു് ഒരു ശുപാർശക്കത്തുകൂടി അയാൾ ഫ്രാൻസിസ്സിനു കൊടുത്തു. ഈ ബലവത്തായ കൂട്ടോടുകൂടി ഫ്രാൻസിസ്സും അനുചരന്മാരും സാക്കിയായിൽനിന്നു രണ്ടുദിവസംകൊണ്ടു മിയാക്കോയിലെത്തി.

സേവിയറും അനുയായികളും ശുപാർശക്കത്തിന്റെ മേൽവിലാസക്കാരനാൽ സൌഹാർദ്ദപൂർവ്വം സ്വീകരിക്കപ്പെട്ടു. സേവിയർ മെയിസാൻ സർവകലാശാല കാണ

ണമെന്നാഗ്രഹിച്ചതനുസരിച്ച് അയാൾ അദ്ദേഹത്തെയും ക്രൂട്ടകാരെയും സകമോട്ടോ എന്ന നഗരത്തിൽ തന്റെ ജാമാതാവിന്റെ അടുക്കൽ അയച്ചു. പ്രസ്തുത സർവ്വകലാശാലയോടു തൊട്ടടുത്തുള്ള ഒരു പട്ടണമാണത്. പക്ഷെ, അവിടെ ചെന്നപ്പോൾ ആ സർവകലാശാലയ്ക്കുള്ളിൽ വിദേശീയർക്കു പ്രവേശനമില്ലെന്നറിഞ്ഞു് അവർ ഉടൻ മിയാക്കോയിലേക്കു മടങ്ങിപ്പോരേണ്ടിവന്നു. അവിടെ പിന്നീടുള്ള ഫ്രാൻസിസ്സിന്റെ ശ്രമം രാജാവിനെക്കാണുന്നതിനായിരുന്നു. രാജാവു നഗരത്തിന്റെ ഒഴിഞ്ഞ ഒരു ഭാഗത്തു ഭിത്തികളാൽ സംവരണംചെയ്യപ്പെട്ട പഴയ ഒരു കൊട്ടാരത്തിലായിരുന്നു താമസിച്ചതു്. അദ്ദേഹത്തിന്റെ സ്ഥിതി അപ്പോൾ വളരെ ദരിദ്രമായിരുന്നു. സേവിയറും ഫെർണാൻഡസ്സും പ്രാകാരദ്വാരത്തിൽച്ചെന്നു രാജാവിനെക്കാണുന്നതിനു് അനുവാദം അപേക്ഷിച്ചു. ദ്വാരപാലൻ അവർ ഉപഹാരമായി എന്തെല്ലാം കൊണ്ടുവന്നിട്ടുണ്ടെന്നു് അവജ്ഞാപൂർവ്വം ചോദിച്ചു. യാത്രയിലുള്ള അസൌകര്യംകൊണ്ടു കാഴ്ച്ചദ്രവ്യങ്ങൾ ഫ്രാൻസിസ്സ് ഹിറാദോയിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു; രാജാവുമായി ഒരു ക്രൂടികാഴ്ച്ചയ്ക്കു സൌകര്യപ്പെടുത്താമെങ്കിൽ അവയെ വരുത്തിക്കൊടുക്കാമെന്നു് അദ്ദേഹം ദ്വാരപാലനോടു പറഞ്ഞു. അയാളുടെ മറുപടിയിൽനിന്നു രാജാവിനെ കാണാൻ കഴിയുമെന്നുള്ള പ്രത്യാശ അദ്ദേഹം ഉപേക്ഷിക്കേണ്ടിവന്നു. രാജാവിന്റെ ശക്തിഹീനവും ദയനീയവുമായ സ്ഥിതി ഇതിനകം അദ്ദേഹം ഗ്രഹിച്ചുകഴിഞ്ഞിരുന്നു. സൈന്യത്തെ സ്വാധീനപ്പെടുത്തി പ്രബലന്മാരായ രാജശത്രുക്കളായിരുന്ന രാജധാനിയെ അപ്പോൾ ഭരിച്ചിരുന്നതു്. തുടർച്ചയായി ഉണ്ടായിക്കൊണ്ടിരുന്ന ആഭ്യന്തര യുദ്ധങ്ങളാൽ അരാജകത്വവും അസ്വസ്ഥതയും

സർവത്ര വ്യാപിച്ചിരുന്നു. ഈ പരിസ്ഥിതികളിൽ ഒരു ധർമ്മപ്രചാരണകേന്ദ്രം തലസ്ഥാന നഗരത്തിൽ സ്ഥാപിക്കുകയെന്നുള്ളതു് സുകരമല്ലെന്നു് ഫ്രാൻസിസ്സിനു ബോദ്ധ്യമായി.

പതിനൊന്നു ദിവസം മിയാക്കോയിൽ താമസിച്ചശേഷം അദ്ദേഹവും അനുചരന്മാരും അവിടം വിട്ടു. അവർ തോബാ എന്ന സ്ഥലത്തുനിന്നു് ഒരു വള്ളത്തിൽ കയറി ആറുദിവസംകൊണ്ടു സക്കായിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ അനന്തരകാര്യപരിപാടി യാമഗുച്ചിയിലെ പ്രഭുവിനെ വീണ്ടും കണ്ടു് അയാളുടെ മൈത്രി സമ്പാദിക്കുക എന്നതായിരുന്നു. അയാളായിരുന്നു ജപ്പാനിലെ ഏറ്റവും പ്രബലനായ പ്രഭുവെന്നു് അദ്ദേഹം ഗ്രഹിച്ചു. അതിനു തന്റെ ദരിദ്രവേഷം ഉപേക്ഷിച്ചിട്ടു് ആഡംബരപൂർവ്വകമായ വേഷഭ്രഷാദികൾ ധരിക്കണമെന്നു് അദ്ദേഹം നിശ്ചയിച്ചു. ലൌകികമഹിമയെ ദ്യോതിപ്പിക്കുന്ന ആർഭാടങ്ങളെയല്ലാതെ, ധർമ്മദൂതോചിതമായ ദാരിദ്ര്യത്തിന്റെയും വിനയത്തിന്റെയും മാഹാത്മ്യത്തെ അറിയുന്നവരല്ല ജപ്പാൻകാർ എന്നു് അദ്ദേഹത്തിനു മനസ്സിലായി. 'പഴന്തുണിയിലും മഹത്വം കാണാൻ കഴിയുന്ന' ഭാരതീയരുടെ സംസ്കാരത്തിന്റെ ലോകോത്തരമായ വൈശിഷ്ട്യം അദ്ദേഹത്തെപ്പോലുള്ള ത്യാഗിവര്യന്മാർക്കു് എത്ര ഹൃദയംഗമമായിരിക്കണം! പക്ഷെ ആ മഹാത്യാഗിയുടെ മഹത്വം ശരിക്കുമതിക്കാൻ കഴിയുമായിരുന്ന ഭാരതീയരുടെ സംസ്കാരത്തിന്റെ യഥാർത്ഥരൂപം കാണുന്നതിനു് അദ്ദേഹത്തിനു സന്ദർഭമുണ്ടായിട്ടില്ലെന്നു് അദ്ദേഹത്തിന്റെ ലേഖനങ്ങളിൽനിന്നു് മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഫ്രാൻസിസ്സും അനുചരന്മാരും സാക്കായിൽനിന്നു കപ്പൽ കയറി 1551 മാർച്ചു് ആരംഭത്തിൽ ഹിറാഡോ

യിൽ എത്തി. അപ്പോൾ പോർട്ടുഗീസുകാർ അവിടെ നിന്നു പോയിരുന്നു. അദ്ദേഹം അവിടെ ഇല്ലാതിരുന്ന ഈ നാലരമാസം ഫാദർ ടോറിസും സഹപ്രവർത്തകന്മാരും വളരെ വിജയകരമായി ക്രിസ്തുധർമ്മം പ്രചരിപ്പിക്കുന്നുണ്ടായിരുന്നു. അദ്ദേഹം അവിടെ എത്തി അധികം താമസിക്കാതെതന്നെ യാമഹൂച്ചിയിലേയ്ക്ക് യാത്രയ്ക്ക് ഒരുങ്ങി. രാജാവിനായി ഉദ്ദേശിക്കപ്പെട്ടിരുന്ന സമ്മാനങ്ങളോടും യാത്രയ്ക്കാവശ്യമുള്ള മറ്റു സാമാനങ്ങളോടും കൂടി, ഒരു രാജപുരുഷന് ഉചിതമാംവണ്ണം അനുസ്സൂം മോടിയുമുള്ള വസ്ത്രങ്ങൾധരിച്ച് അദ്ദേഹം പെർണാൻഡസ്സിനാലും ബെർണാഡിനാലും വേറൊരു ജപ്പൻകാരനാലും അനുഗതനായി യാമഹൂച്ചിയിലേയ്ക്കു പുറപ്പെട്ടു. അവിടത്തെ പ്രഭുവായ ഔച്ചിയോഷിത്തക അദ്ദേഹത്തെ ഏറ്റവും ബഹുമാനപുരസ്സരം സ്വീകരിച്ചു. ഇൻഡ്യയിലെ പോർട്ടുഗീസു വൈസ്രോയിയുടേയും ഗോവാ മെത്രാന്റെയും അതിവിചിത്രമായി എഴുതപ്പെട്ട ശുപാർശക്കത്തുകളും വിലകൂടിയ കാഴ്ചദ്രവ്യങ്ങളും അദ്ദേഹം പ്രഭുവിനു കൊടുത്തു. കാഴ്ചദ്രവ്യങ്ങൾ ആകെ പതിമൂന്നുണ്ടായിരുന്നു—ഒരു വിചിത്രമായ നാഴികമണി, ഒരു ജോടി കണ്ണട, ഒരു കളിപ്പാട്ടനാഴികമണി, ഒരു സ്ഫടിക ദർപ്പണം, ധാരാളം പോർട്ടുഗീസുവീഞ്ഞു, പടങ്ങൾ, പുസ്തകങ്ങൾ, ഈ സാധനങ്ങളെല്ലാം യാമഹൂച്ചിയിൽ അദ്ഭുതപൂർവ്വങ്ങളായിരുന്നു. യോഷിത്തകാ സന്തുഷ്ടനായി, സ്വർണ്ണവും വെള്ളിയും ഉൾപ്പെടെ ഒട്ടുവളരെ സമ്മാനങ്ങൾ പകരം കൊടുക്കാനായി എടുത്തു. പക്ഷേ, ഫ്രാൻസിസ്കു കൃതജ്ഞതയോടെ അവയെ തിരസ്കരിച്ചു. ഒരു സൗജന്യം മാത്രമേ അദ്ദേഹം അഭ്യർത്ഥിച്ചുള്ളു—തന്റെ പ്രജകളെ ക്രിസ്തുമതം സ്വീകരിക്കുന്നതിനു പ്രഭു അനുവദിക്കണമെന്നുള്ളതു്. ഈ അപേക്ഷ പ്രഭു സന്തോഷപൂർവം അനുവദിച്ചു. ക്രൈസ്തവ മിഷനറിമാരെ ക്രിസ്തുമതം

പ്രസംഗിക്കുന്നതിനും സഭപ്രജകളെ ആ മതം സ്വീകരിക്കുന്നതിനും താൻ അനുവദിച്ചിരിക്കുന്നുവെന്നുള്ള ഒരു വിളംബരം പ്രഭു ഉടൻ പുറപ്പെടുവിച്ചു. ഈ വിദേശീയരായ ധർമ്മോപദേശകന്മാരെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുന്നവർ ശിക്ഷിക്കപ്പെടുമെന്നും യോഷിത്തക പ്രഖ്യാപനം ചെയ്തു. അതിനും പുറമെ ഒഴിഞ്ഞു കിടന്നിരുന്ന ഒരു ബുദ്ധസന്ന്യാസാശ്രമം അവരുടെ താമസത്തിനായി അയാൾ സൌകര്യപ്പെടുത്തുകയും പോർട്ടുഗീസു വൈസ്രോയിയുടെ അടുക്കലേക്ക തന്റെ ഒരു പ്രതിപുരുഷനെ, സൌകര്യം പോലെ, അയക്കാൻ വിചാരിക്കുന്നുവെന്നു പറയുകയും ചെയ്തു.

ഇങ്ങനെ, ഫ്രാൻസിസ്സു് അവലംബിച്ച പുതിയ നയം ശരിക്കു പററി. അതുവരെ അവജ്ഞാതരായിരുന്ന ഈ പരദേശികൾ ഇപ്പോൾ സ്വാദൃതന്മാരായിത്തീർന്നു. അവരുടെ ധർമ്മോപദേശങ്ങൾ കേൾക്കുന്നതിനു് ഉൽക്കണ്ഠിതരായ പ്രഭുക്കന്മാരാലും സന്ന്യാസികളാലും സന്ന്യാസിനികളാലും മററു ജനങ്ങളാലും അവരുടെ വസതി നിറഞ്ഞു. ഫ്രാൻസിസ്സിന്റെ വിദ്വത്വം സകലരാലും അഭിനന്ദിക്കപ്പെട്ടു. സൂര്യൻ, ചന്ദ്രൻ, സൂര്യഗ്രഹണം, ചന്ദ്രഗ്രഹണം, മഴ, മഞ്ഞു്, ഇടി, മിന്നൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചു് അദ്ദേഹം ഏററവും ശാസ്ത്രീയമായി പ്രതിപാദിക്കുകയും അവയെപ്പററി ശ്രോതാക്കൾക്കുണ്ടായിരുന്ന അബദ്ധധാരണകളെ നീക്കുകയും ചെയ്തു. പ്രകൃതിയെപ്പററിയുള്ള പ്രസംഗങ്ങളുടെ ഇടയിൽ പ്രകൃത്യതീതങ്ങളായ വിഷയങ്ങളെപ്പററിയും അദ്ദേഹം ഉപന്യസിച്ചു. സർവവ്യാപിയും സർവാന്തര്യാമിയുമെങ്കിലും സൃഷ്ടികളിൽനിന്നു വ്യതിരിക്തനായിരിക്കുന്ന സ്രഷ്ടാവായ ഏകദൈവത്തെയും സൃഷ്ടിയും അമർത്യവുമായ മനുഷ്യാത്മാവിനെയുംപററി അദ്ദേഹം പ്രസ്താവിച്ചപ്പോൾ ശ്രോതാക്കൾ വിസ്മയിച്ചു.

സൃഷ്ടിസ്ഥിതിസംഹാരകർത്താവായി, സൃഷ്ടികളിൽനിന്നു ഭിന്നനായി അഖണ്ഡശക്തിയും അനാദ്യന്തനുമായിരിക്കുന്ന ഒരു പരമപുരുഷനുണ്ടെന്നും മർത്ത്യന് അമർത്ത്യമായ ഒരാത്മാവുണ്ടെന്നുമുള്ള തത്ത്വങ്ങൾ അവരുടെ ഇടയിൽ അശ്രുതപൂർവ്വമായിരുന്നു. ദൈവത്തെയും ആത്മാവിനെയുംപറ്റിനവനവങ്ങളായ പ്രശ്നങ്ങളുടെയും സംശയങ്ങളുടെയും ഒരു ദീർഘപരമ്പര അവരിൽനിന്നു പുറപ്പെട്ടു. അവയ്ക്കെല്ലാം തൃപ്തികരങ്ങളായ പ്രത്യുത്തരങ്ങൾ ഫ്രാൻസിസ് നല്കി. ഈ വാദപ്രതിവാദങ്ങൾ കാലത്തുമുതൽ രാത്രി വളരെ ഇരുട്ടുന്നതുവരെ നടന്നു. ഇങ്ങനെ അനേകം ആഴ്ചക്കാലം അവതുടർന്നു. ഒടുവിൽ അദ്ദേഹത്തിന്റെ ശ്രോതാക്കളിൽ പലരും ക്രിസ്തുമതതത്ത്വങ്ങളുടെ സത്യവത്ത്വം സമ്മതിക്കുകയും ജ്ഞാനസ്നാപനം ചെയ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തോടു് ഏറ്റവും ശക്തിമത്തായി എതിർത്തവരായിരുന്ന ആദ്യം മതപരിവർത്തനം ചെയ്യപ്പെട്ടതു്.

രണ്ടു മാസംകൊണ്ടു് അഞ്ഞൂറിൽപരം ആളുകൾ ക്രിസ്തുമതം സ്വീകരിച്ചു. അവരിൽ വളരെപ്പേർ അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥന്മാരും പൌരപ്രധാനന്മാരുമായിരുന്നു. ഈ നവക്രിസ്ത്യാനികളുടെ മതപ്രതിപത്തിയും ഭക്തിയും ജ്ഞാനാഭിലാഷവും ധർമ്മപ്രചാരണപ്രസക്തിയും ഫ്രാൻസിസ്സിന്, അദ്ദേഹം അതുവരെ ജപ്പാനിൽ അനുഭവിച്ച കഷ്ടപ്പാടുകളും ക്ലേശങ്ങളും വിസ്മരിക്കത്തക്കവണ്ണം, ആനന്ദപ്രദമായിരുന്നു. ഇവരുടെ കൂട്ടത്തിൽ ഒരുവൻ ഒറ്റക്കണ്ണനായ ഒരു സരസഗായകകവിയായിരുന്നു. അസാമാന്യധീമാനും ജാപ്പനീസ്സ് മതബോധനങ്ങളിലും ഇതിഹാസങ്ങളിലും പാരംഗതനുമായ അയാളുടെ ക്രൈസ്തവനാമം ലാറൻസ്സ് എന്നായിരുന്നു. കുറെക്കഴിഞ്ഞു് അയാളെ ഫാദർ ടോറിസ്സ് ജെസ്യൂട്ട് സംഘത്തിൽചേർത്തു. ലാറൻസ്സ് ആയിരുന്നു ഒന്നാമത്തെ ജാപ്പനീസ് ജസ്യൂട്ടസന്യാസി.

1551-ആഗസ്റ്റു മാസമായി. ഫ്രാൻസിസ്സ് യാമഗുച്ചീയിൽ ധർമ്മസേവനം ആരംഭിച്ചിട്ട് അഞ്ചു മാസവും ജപ്പാനിൽവന്നിട്ട രണ്ടു വർഷവും തികഞ്ഞു. ആഗസ്റ്റ് ഒടുവിൽ യാമഗുച്ചിയിൽനിന്ന് ഇരുപതു മൈൽ അകലെയുള്ള ഒരു തുറമുഖത്തു് ഒരു പോർട്ടുഗീസുകപ്പൽ വന്നതായി ഫ്രാൻസിസ്സിനു് അറിവു കിട്ടി. അതിനെപ്പറ്റി ശരിയായി അന്വേഷിക്കുന്നതിനു് അദ്ദേഹം മാത്യുവിനെ അയച്ചു. മാത്യു മടങ്ങി വന്നതു് ആ തുറമുഖത്തിനടുത്തുള്ള ബങ്കോയിലെ പ്രഭുവിന്റെ ഒരു ക്ഷണക്കത്തോടുകൂടിയായിരുന്നു. പോർട്ടുഗീസു കപ്പലിലെ കപ്പിത്താനും ഫ്രാൻസിസ്സിന്റെ ഒരു പഴയ സ്നേഹിതനുമായ ഡുവാർത്തി ഗാമാ അദ്ദേഹത്തെപ്പറ്റി പ്രഭുവിനോടു സംസാരിച്ചതിന്റെ ഫലമായി പ്രഭു അദ്ദേഹത്തെ കാണുന്നതിനു് ആഗ്രഹിക്കുകയും അങ്ങോട്ടു ചെല്ലുന്നതിനു ക്ഷണിക്കുകയും ചെയ്തു. ഉടൻ ഫാദർ ടോറിസ്സിനെയും ബ്രദർ ഫെർണാൻഡസ്സിനെയും ഹിറാദോയിൽനിന്നു വരുത്തി യാമഗുച്ചിയിലെ മിഷൻ അവരെ ഭരമേല്പിച്ചിട്ട് അദ്ദേഹം മൂന്നു ക്രിസ്ത്യാനികളായ ജപ്പാൻകാരാൽ അനുഗതനായി ബംഗോവിലേക്കു പുറപ്പെട്ടു. കുറെദൂരം, സമുദ്രതീരംവരെ, നടന്നിട്ട് അവർ ഒരു യാനപാത്രത്തിൽ കയറി പ്രസ്തുത തുറമുഖത്തിലെത്തി. കപ്പിത്താനും മറ്റു പോർട്ടുഗീസ്സ് നാവികരും അദ്ദേഹത്തെ ആഹ്ലാദപൂർവ്വം സ്വീകരിച്ചു. കപ്പിത്താനെക്കൂടാതെ ഫെർണാൻ മെന്തസ്സ് പിന്റേറാ തുടങ്ങിയ മറ്റു പല സ്നേഹിതന്മാരെയും അദ്ദേഹം അവിടെക്കണ്ടു. ഡുവാർത്തി ഗാമായെ ഗോവായിൽവച്ചും, കൊല്ലത്തുവച്ചും, കന്യാകുമാരിയിൽവച്ചും, ഒടുവിൽ ജപ്പാനിലേക്കു യാത്രതിരിച്ചപ്പോൾ മലാക്കായിൽവച്ചും അദ്ദേഹം കണ്ടുപരിചയിച്ചിട്ടുണ്ടായിരുന്നു. ഈ നാവികസേനാനി ഒരു മതാഭിമാനിയും ധർമ്മപ്രചാരണതൽപരനും

ഫ്രാൻസിസ്സിനോട് വളരെ ഭക്ത്യാദരങ്ങൾ ഉള്ളവനുമായിരുന്നു. ഒരു ക്രൈസ്തവ ധർമ്മദൂതന്റെ മഹത്വത്തെ ബംഗോവിലെ പ്രഭുവിന്റെയും ജനങ്ങളുടെയും മുമ്പാകെ പ്രകാശിപ്പിക്കുന്നതിന് ഉത്സുകനായിരുന്ന അയാൾ അദ്ദേഹത്തിനു യാത്രചെയ്യുന്നതിനായി ഒരു നൌകയെ മനോഹരമായി അലങ്കരിച്ചു തയ്യാറാക്കി. അഞ്ചു മൈൽ ദൂരെയുള്ള ബംഗോസംസ്ഥാനത്തിന്റെ തലസ്ഥാനമായ ഫൂണായിലേക്കു കപ്പിത്താനും മറ്റു പോർട്ടുഗീസുകാരും അവരുടെ ഭൃത്യന്മാരും ബഹുമൂല്യങ്ങളായ വസ്ത്രാഭരണങ്ങളാൽ വിഭ്രഷിതരായി അത്യാഡംബരപൂർവ്വകമായ ഒരു ഘോഷയാത്രയായി ഫ്രാൻസിസ്സിനെ അനുഗമിച്ചു. കപ്പൽ കരയടുത്തശേഷം നഗരവീഥികളിൽക്കൂടി പ്രഭുമന്ദിരത്തിലേക്കു തുടർന്ന് ആ ഘോഷയാത്ര നഗരവാസികളെ ആശ്ചര്യപരതന്ത്രരാക്കി. ഫ്രാൻസിസ്സിനു ചവുട്ടിനടക്കുന്നതിനായി വഴിയിൽ വിലയേറിയ പൂക്കുലാംബരങ്ങൾ വിരിക്കപ്പെട്ടതു കണ്ടപ്പോൾ അവരുടെ ദൃഷ്ടിയിൽ ആ പുണ്യപുരുഷന്റെ പൂജനീയത ബഹുഗുണീഭവിച്ചു. ബംഗോവിലെ പ്രഭു ഏറ്റവും ബഹുമാനപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ചു. യുവാവായ ആ പ്രഭു പോർട്ടുഗീസുകാരുടെ ഒരു മിത്രമായിരുന്നു. അയാൾ തന്റെ സംസ്ഥാനത്തിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനു ഫ്രാൻസിസ്സിനു പൂർണ്ണമായ സ്വാതന്ത്ര്യം അനുവദിക്കുകയും അദ്ദേഹത്തിന്റെ മൈത്രിയോടും പാവനമായ സഹവാസത്തോടും വലുതായ അഭിമുഖ്യം പ്രദർശിപ്പിക്കുകയും ചെയ്തു.

യൂറോപ്പിൽനിന്നും ഗോവായിൽനിന്നും മലാക്കായിൽനിന്നും ഫ്രാൻസിസ്സിനുള്ള ഏതാനും എഴുത്തുകൾ ഒവാർത്തി ഡി ഗാമാ കൊണ്ടുവന്നിരുന്നു. ജപ്പാനിൽവന്നശേഷം അദ്ദേഹത്തിന് ആദ്യമായിക്കിട്ടിയ എഴുത്തുകളാ

യിരുന്ന അവ. ആൻറണി ക്രിമിനാലെ മണപ്പാട്ടിനെ സമീപം വെടലെയിൽവച്ചു രക്തസാക്ഷി—ജസ്യൂട്ടസംഘത്തിലെ ഒന്നാമത്തെ രക്തസാക്ഷി—യായി മരിച്ചുവെന്നുള്ള വിവരം അവയിലൊന്നിൽ റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. ഫാദർ എന്റിക്കസ് തെക്കൻ തിരുവിതാംകൂർ മിഷന്റെ അധിപനായി നിയമിക്കപ്പെട്ടു. കൊല്ലത്തെ സെമിനാരി—ഫ്രാൻസിസ്സിന്റെ നിർദ്ദേശമനുസരിച്ച് ഫാദർ ലാൻസിലോട്ടി സ്ഥാപിച്ചു നടത്തിവന്നതു—യിൽ അൻപതിൽപരം വിദ്യാർത്ഥികളുണ്ടെന്നും അതു സതപരം അഭിവൃദ്ധി പ്രാപിക്കുന്നുവെന്നും, അതുപോലുള്ള സെമിനാരികൾ കൊച്ചിയിലും ബസീനിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ടെന്നും, വൈസ്രോയിയായ ഗാർസ്യാ ഡി സാമരിക്കുകയും പകരം ജോർജ്ജ് കബ്രാൾ നിയമിക്കപ്പെടുകയും ചെയ്യുവെന്നും ഈ എഴുത്തുകളിൽനിന്ന് അദ്ദേഹം അറിഞ്ഞു. ആൻറണിഗോമസ്സിനെപ്പറ്റി അദ്ദേഹത്തിനു ലഭിച്ച റിപ്പോർട്ട് അസ്വാസ്ഥ്യകരമായിരുന്നു. അയാൾ സെൻറ് പോൾസ് സെമിനാരിയുടെ സ്ഥാപനോദ്ദേശ്യത്തെ അവഗണിച്ചിട്ട്, ഒട്ടുവളരെ ഏതദ്ദേശീയരായ വിദ്യാർത്ഥികളെ അതിൽനിന്നു ബഹിഷ്ക്കരിക്കുകയും അവരുടെ സ്ഥാനത്തു യൂറോപ്യൻ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും ചെയ്തതായും മറ്റു പല കുഴപ്പങ്ങളും അയാളുടെ ഉന്നയംമൂലം ഉണ്ടായിട്ടുള്ളതായും ഒരെഴുത്തിൽ പ്രസ്താവിക്കപ്പെട്ടിരുന്നു.

രണ്ടു മാസം ഫ്രാൻസിസ്സ് ബംഗോവിൽ ക്രിസ്തുധർമ്മം പ്രചരിപ്പിച്ചുവെങ്കിലും വളരെ കുറച്ച് ആളുകൾ മാത്രമേ മതപരിവർത്തനം ചെയ്യപ്പെട്ടുള്ളൂ. ഇതിനിടയ്ക്ക് ഇൻഡ്യയിലേക്കു മടങ്ങിപ്പോകുന്നതിന് അദ്ദേഹം തീർച്ചപ്പെടുത്തി. ആൻറണി ഗോമസ്സിന്റെ ഉർഭരണംമൂലമുണ്ടായ കുഴപ്പങ്ങൾ ശരിപ്പെടുത്തുന്നതിന് അവിടെ

അദ്ദേഹത്തിന്റെ സാന്നിദ്ധ്യം അത്യാവശ്യമായിത്തീർന്നിരുന്നു. ജപ്പാനിലേയ്ക്ക് ആവശ്യമുള്ള മിഷനറിമാരെയും മറ്റും ഏർപ്പാടു ചെയ്യുന്നതിന് അദ്ദേഹം ഇൻഡ്യയിൽ പോകുന്നതു പ്രയോജനകരമായിരുന്നു. അപ്പോഴും ചൈനായിൽ ക്രിസ്തുമതം പ്രസംഗിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ആഗ്രഹം ശക്തിമത്തായിത്തന്നെ വർത്തിച്ചിരുന്നു. ആ മഹാരാജ്യത്തെ ക്രിസ്തുമതത്തിനു വശീഭവിപ്പിക്കുവാൻ സാധിച്ചാൽ ജപ്പാനിൽ ധർമ്മപ്രചാരണം വളരെ എളുപ്പമാണെന്ന് അദ്ദേഹം വിശ്വസിച്ചു. ചൈനായിലേക്കു ധർമ്മദൌത്യം വഹിക്കുന്നതിന് ഒരുങ്ങുന്നതിനായും ഇൻഡ്യയിൽ മടങ്ങിപ്പോകേണ്ടതു് ആവശ്യമായിരുന്നു. തന്റെ ഈ നിശ്ചയത്തെ ടോറിസ്സിനെയും ഫെർണാൻഡസ്സിനെയും അറിയിക്കുന്നതിനായി അദ്ദേഹം ഒരു ദൂതനെ യാമഗുച്ചിയിലേക്ക് അയച്ചു. അവിടെ ഒരു ദേവാലയവും വൈദികമന്ദിരവും പണിയിക്കുന്നതിനായി തന്റെ സ്നേഹിതൻ മെൻഡസ് പിന്റോ സംഭാവനചെയ്ത കുറെ പണവും അദ്ദേഹം ആ ദൂതന്റെ കൈയിൽ കൊടുത്തയച്ചു. അതിനുള്ള സ്ഥലം യാമഗുച്ചിയിലെ പ്രഭു അദ്ദേഹം അവിടെ ഉണ്ടായിരുന്നപ്പോൾ ദാനംചെയ്തിട്ടുണ്ടായിരുന്നു. കുറേ കഴിഞ്ഞപ്പോൾ അവിടെനിന്ന് ഏറ്റവും അസുഖകരമായ വാർത്തകൾ അദ്ദേഹത്തിനു ലഭിച്ചു. അവിടെ രാഷ്ട്രിയമായ ഒരു വിപ്ലവമുണ്ടാകുകയും ഭരണാധിപനായ പ്രഭുവും പുത്രന്മാരും വധിക്കപ്പെടുകയും ചെയ്തു. മിഷനറിമാർക്കു വളരെ വൈഷമ്യങ്ങൾ നേരിട്ടുവെങ്കിലും അവർ അവയിൽനിന്നെല്ലാം വളരെ അത്ഭുതകരമായി രക്ഷപ്പെട്ടു. അവിടെനിന്ന് ഒരു നിവേദകസംഘം ബംഗോവിലെ പ്രഭുവിനെ അഭിഗമിച്ച് അയാളുടെ സഹോദരനെ അവിടത്തെ ഭരണാധിപനായി സ്വീകരിക്കാൻ ജനങ്ങൾ സന്നദ്ധരാണെന്ന് അറിയിച്ചു. പ്രഭു

ആ അഭ്യർത്ഥനയെ സന്തോഷപൂർവ്വം അനുവദിച്ചു. സ്വ
സഹോദരന്റെ ഭരണത്തിൽ ക്രൈസ്തവ മിഷനറിമാരുടെ
സ്ഥിതി സുരക്ഷിതമായിരിക്കുമെന്ന് അയാൾ ഫ്രാൻസി
സ്സിന് ഉറപ്പു കൊടുത്തു.

നവംബർ മദ്ധ്യത്തിൽ ഉവാത്തി ഡിഗാമായുടെ കപ്പ
ലിൽ ഫ്രാൻസിസ്സ് യാത്ര പുറപ്പെട്ടു. ബെർണാർഡ്,
മാത്യു, ജോൺ, ആൻറണി, എന്നീ നല്ല ജപ്പാൻകാർ
അദ്ദേഹത്തെ ഇൻഡ്യയിലേക്ക് അനുഗമിച്ചു. ബെർണാ
ർഡിന്റെയും മാത്യുവിന്റെയും ആഗ്രഹം ഇൻഡ്യാ സ
ന്ദർശിച്ചശേഷം അവിടെനിന്നു പോർട്ടുഗലിൽ പോക
ണമെന്നായിരുന്നു. മറ്റു രണ്ടുപേരും ജപ്പാനിലേക്കു വ
രുന്ന മിഷനറിമാരുടെകൂടെ ദ്വിഭാഷികളായി മടങ്ങി വ
രാൻ ഉദ്ദേശിക്കപ്പെട്ടിരുന്നു.

ജപ്പാനിൽ രണ്ടു വർഷവും മൂന്നു മാസവും ഫ്രാൻസി
സ് ചെയ്ത ധർമ്മപ്രചാരണത്തിന്റെ ഫലം അദ്ദേഹത്തി
ന്റെ പ്രതീക്ഷയ്ക്ക് അനുരൂപമായിരുന്നില്ല. അദ്ദേഹം
അവിടെനിന്നു യാത്രയായപ്പോൾ അവിടത്തെ ക്രിസ്ത്യാ
നികളുടെ എണ്ണം ആയിരത്തിയഞ്ഞൂറിനും രണ്ടായിര
ത്തിനും മദ്ധ്യേ—യാമഗുച്ചിയിൽ ഏകദേശം ആയിരം,
കാഗോഷിമായിൽ ഏകദേശം ഇരുന്നൂർ, ബംഗോവിലും
ഹിറാദോവിലും ഏതാണ്ടും ശതങ്ങൾ, ഇഞ്ചിക്കുവിൽ ഒരു
ചെറിയ സംഘം—ആയിരുന്നു. അദ്ദേഹം ശ്രമപൂർവ്വം
രിച്ചിരുന്ന കാര്യപരിപാടി മുഴുവനും അവിടെ നിറവേറ്റ
പ്പെട്ടില്ല. ചക്രവർത്തിയെ കാണുന്നതിനോ രാജധാനി
യിൽ ഒരൊറ്റയാളിനെയെങ്കിലും ക്രിസ്തുമതത്തിൽ ചേർക്കു
ന്നതിനോ, സർവ്വകലാശാലകൾ സന്ദർശിക്കുന്നതിനോ അ
ദ്ദേഹത്തിനു സാധിച്ചില്ല. എങ്കിലും ജാപ്പനീസ് ക്രിസ്
ത്യാനികൾ ഭാവിയിൽ നേരിടേണ്ടിവന്ന മർദ്ദനങ്ങളിലും
പീഡനങ്ങളിലും പ്രദർശിപ്പിച്ച അനതിശയനീയമായ തി

തിക്ഷയും സ്ഥൈര്യവും അദ്ദേഹത്തിന് അവരിലുണ്ടായിരുന്ന വിശ്വാസത്തെയും പ്രത്യാശകളെയും സാധൂകരിക്കത്തക്കതായിരുന്നു. ഏറ്റവും ഭയങ്കരമായ ആപദ്ഘട്ടങ്ങളിലും ആസുരമായ അവമർദ്ദനങ്ങളിലും അവിടത്തെ വൈദികരും അവൈദികരുമായ ക്രിസ്ത്യാനികളുടെ വിശ്വാസം അചാല്യമായും അഭംഗമായും വർത്തിച്ചു. 1643-ൽ അവിടെ എത്തിയ അവസാനത്തെ ജസ്യൂട്ട് മിഷനറി ജീവനോടെ ദഹിപ്പിക്കപ്പെട്ടു. അതിനുശേഷം, രണ്ടു ശതാബ്ദങ്ങൾക്കുമേൽ പരസ്യമായ മതാനുഷ്ഠാനങ്ങൾക്കും വേദാദ്ധ്യയനത്തിനും സൌകര്യമില്ലാതെയും വൈദികസേവനവും ബാഹ്യലോകവുമായി യാതൊരു സംസർഗ്ഗവും ഇല്ലാതെയും അവർ കഴിഞ്ഞുകൂടിയെങ്കിലും അവർ നഷ്ടവിശ്വാസരായില്ല. അവരുടെ പുണ്യവാനായ അപ്പോസ്തലൻ കത്തിച്ച ധർമ്മദീപം നിർദ്ദോഷം അണഞ്ഞുപോകാതെ അവർ സൂക്ഷിച്ചു. അവരുടെ ചരിത്രം ക്രിസ്തുമത ചരിത്രത്തിലെ ഏറ്റവും അത്ഭുതകരമായ അദ്ധ്യായങ്ങളിലൊന്നായി പരിലസിക്കുന്നു.

അദ്ധ്യായം ഏഴ്

മലാക്കാ, കൊച്ചി, ഗോവാ, വീണ്ടും.

ഉവാർത്തി ഡി ഗാമായുടെ കപ്പൽ വലുതായ ഒരു കൊടുംകാറ്റിൽ അകപ്പെട്ടുവെങ്കിലും ആപത്തും താമസവും കൂടാതെ ചൈനായുടെ തീരത്തു കാൻറണിന് അടുത്തുള്ള സാൻച്യാൻ എന്ന ദ്വീപിൽ എത്തി. അപ്പോൾ അവിടെ മലാക്കായിലേക്കു പുറപ്പെടുന്നതിന് അനുകൂലമായ കാറ്റു പ്രതീക്ഷിച്ചുകൊണ്ട് "സന്തക്രൂസ്" എന്ന കപ്പൽ കിടക്കുന്നുണ്ടായിരുന്നു. അതിൻെറ കപ്പിത്താനായ ഡിയോഗോ പെരെയിരാ ഫ്രാൻസിസ്സിനെ ഏറ്റവും സൌഹാർദ്ദപൂർവ്വം സ്വീകരിക്കുകയും അദ്ദേഹത്തെ തൻെറ കപ്പലിൽ മലാക്കായിലേക്കു കൊണ്ടുപോകുന്നതിനു സസന്തോഷം തയാറാവുകയും ചെയ്തു. ഫ്രാൻസിസ്സ് ചൈനായെപ്പറ്റി വളരെ പ്രധാനമായ ഒരു സംഗതി പെരെയിരയിൽനിന്ന് അറിഞ്ഞു. കുറെ മുൻപ് ഒരു പോർട്ടുഗീസു നാവികൻെറ കുസൃതിയുടെയും അക്രമത്തിൻെറയും ഫലമായി ചൈനായിൽ യൂറോപ്യന്മാർക്കു പ്രവേശനം നിരോധിക്കപ്പെട്ടിരുന്നതായി നാം കണ്ടുവല്ലോ. ആ നിരോധനം വകവെയ്ക്കാതെ അവിടെ പ്രവേശിച്ച ഏതാനും പോർട്ടുഗീസുകാർ ബന്ധനസ്ഥരാക്കപ്പെട്ടു. മൂന്നു വർഷമായി കാൻറണിലെ കാരാഗൃഹത്തിൽ കിടന്നു കഷ്ടപ്പെടുന്ന അവരുടെ രണ്ടു് എഴുത്തുകൾ പെരെയിരയ്ക്കു ലഭിച്ചിട്ടുണ്ടു്. അവരുടെ മോചനത്തിനും ചൈനയിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനുമിഷ്ടനറിമാർക്കു് സ്വാതന്ത്ര്യം ലഭിക്കുന്നതിനും അവർ കാര്യക്ഷമമായ ഒരു മാർഗ്ഗം നിർദ്ദേശിച്ചിരിക്കുന്നു–അ

തായത്ത്, പോർട്ടുഗൽ രാജാവ് ഒരു പ്രതിപുരുഷനെ കാൻറണിലേക്ക് അയച്ച് ചൈനയും പോർട്ടുഗലും തമ്മിൽ ഒരു സമാധാനഉടമ്പടി ഉണ്ടാക്കണമെന്ന്—. ഈ നിർദ്ദേശം ഒരു ദിവ്യ വെളിപാടെന്നപോലെ ഫ്രാൻസിസ്സിനു പ്രധ്യമായിരുന്നു. ജപ്പാനിലെ മതത്തിൻെറയും സംസ്കാരത്തിൻെറയും മാതൃഭൂമിയായ ചൈനാ ഏറെക്കാലമായിഅദ്ദേഹത്തിൻെറ അവധാനത്തെ ആകർഷിക്കുന്നുണ്ടായിരുന്നല്ലോ. പെരെയിരായുടെ സഹകരണത്തോടുകൂടി ബന്ദികളായ പോർട്ടുഗീസുകാരുടെ നിർദ്ദേശങ്ങളെ സഫലീഭവിപ്പിക്കുന്നതിന് ഒരു പദ്ധതി ഫ്രാൻസിസ്സ് രൂപവൽക്കരിച്ചു. അദ്ദേഹം വൈസ്രോയിയെക്കൊണ്ടു പെരെയിരയെത്തന്നെ ചൈനയിലേക്കുള്ള രാജപ്രതിനിധിയായി നിയമിപ്പിക്കും. അദ്ദേഹം ക്രൈസ്തവധർമ്മദൂതനായി ആ രാജപുരുഷനെ അനുഗമിക്കും. ഏപ്രിൽ മാസത്തിൽ അദ്ദേഹം ഗോവായിൽനിന്നു വേണ്ട അധികാരപത്രങ്ങളോടുകൂടി മലാക്കായിലേക്കു പുറപ്പെട്ടു. അദ്ദേഹം മലാക്കായിൽ വരുമ്പോൾ പെരെയിരാ അവിടെ ഉണ്ടായിരിക്കണം. രണ്ടുപേരുംകൂടി അവിടെ നിന്നു ചൈനയിലേക്കു പുറപ്പെടണം. പെരെയിരാ ഈ അഭിപ്രായത്തോട് അനുകൂലിക്കുകയും ആ യാത്രയുടെ ചെലവുമുഴുവനും വഹിക്കാമെന്ന് ഏല്ക്കുകയും ചെയ്തു.

"സന്തക്രൂസ്സ്" ഫ്രാൻസിസ്സിനെ വഹിച്ചുകൊണ്ടു സാൻച്യാനിൽനിന്നു പുറപ്പെട്ടു. 1551 ഒടുവിൽ ജപ്പാനിൽനിന്നു യാത്രതിരിച്ച മുപ്പത്തിയൊൻപതാമത്തെ ദിവസം,അദ്ദേഹം മലാക്കായിലെത്തി. ഇൻഡ്യായിലേക്കു പുറപ്പെടാൻ തയ്യാറായി "ഗലീഗ" എന്ന കപ്പൽ അപ്പോൾ തുറമുഖത്തു കിടക്കുന്നുണ്ടായിരുന്നു. അവിടെ ഫാദർ പീരിസും അദ്ദേഹത്തിൻെറ രണ്ടു സഹകാരികളും ഫലപ്രദമായി ധർമ്മസേവനം അനുഷ്ഠിക്കുന്നുണ്ടായിരുന്നു. അവർ ന

ടത്തിവന്ന വിദ്യാലയത്തിൽ നാന്തൂർ വിദ്യാത്ഥികൾ പ ഠിച്ചിരുന്നു. കപ്പിത്താനായ ഡോൺ പെദ്രോ അവരെ ഉദാരമായി സഹായിച്ചുവന്നു. കപ്പിത്താന്റെ സഹോദ രനായ ഡോൺ ആല്വരൊ മലാക്കായിലെ നാവിക സേനാധിപനായി അയാളുടെകൂടെ താമസിക്കുകയായിരു ന്നു. ഒരു കൊല്ലത്തിനകം ആല്വരൊ ജ്യേഷ്ഠന്റെ അ നന്തരനായി കപ്പിത്താൻ ഉദ്യോഗം വഹിക്കുന്നതിന് ഉ ദ്ദേശിക്കപ്പെട്ടിരുന്നു. അവർ രണ്ടുപേരും സൌഹൃദപൂ ർവ്വം ഫ്രാൻസിസ്സിനെ സ്വീകരിക്കുകയും അദ്ദേഹത്തി ന്റെ ചൈനാപദ്ധതിയെപ്പറ്റി കേട്ടപ്പോൾ അതിനു സകല സഹായസഹകരണങ്ങളും പ്രതിജ്ഞചെയ്കയും ചെയ്തു. മലാക്കായിലെത്തി രണ്ടുദിവസം കഴിഞ്ഞ പ്പോൾ, ഫ്രാൻസിസ്സ് 'ഗലീഗാ'യിൽ ഇൻഡ്യയിലേക്കു യാത്രതുടർന്നു.

അദ്ദേഹത്തിന് ഇൻഡ്യയിൽനിന്നും യൂറോപ്പിൽ നിന്നും വന്ന ഒരുകെട്ട് എഴുത്തുകൾ ഫാദർ പീരിസിൽ നിന്നു കിട്ടിയിരുന്നു. ജസ്യൂട്ട് സംഘത്തിന്റെ മഹോപ കർത്താവായിരുന്ന പോൾ തൃതീയൻ മരിക്കുകയും ജൂലിയ സ് തൃതീയൻ തൽസ്ഥാനത്തു മാർപ്പാപ്പായായിത്തീരുക യും ചെയ്തു. ആല്ഫൺസോ നൊറോഞ്ഞാ വൈസ്രോ യിയായി 1550 ഒടുവിൽ ഇൻഡ്യയിൽ വന്നുചേർന്നു. ഫ്രാൻസിസ്സിനു നാലുവർഷംകൂടിക്കിട്ടിയ ഇഗ്നേഷ്യസ്സി ന്റെ ഒരെഴുത്തിൽ പോർട്ടുഗീസ് ഈസ്റ്റിൻഡ്യായും മറ്റു പൌരസ്ത്യദേശങ്ങളും ഒരു പ്രത്യേക ജസ്യൂട്ട് സംസ്ഥാന മായി സംഘടിപ്പിക്കപ്പെട്ടതായും ഫ്രാൻസിസ്സ് അതി ന്റെ പ്രൊവിൻഷ്യലായി നിയമിക്കപ്പെട്ടതായും പ്രസ്താ വിക്കപ്പെട്ടിരുന്നു. നിയമനം സംബന്ധിച്ച അധികാരപ ത്രം എഴുത്തിനോടുകൂടി ഉണ്ടായിരുന്നു. വിനീതസ്വഭാവ നായ ഫ്രാൻസിസ്സിന് ഭാരമേറിയ ഈ പുതിയ ഉദ്യോഗം

ഉർവ്വഹമായിത്തോന്നിയതിൽ അത്ഭുതപ്പെടാനില്ല. അദ്ദേ
ഹംഹിനീതനാകുന്നതിനല്ലാതെ നേതാവാകുന്നതിന് ഒരി
ക്കലും ആഗ്രഹിച്ചിരുന്നില്ല. എഴുത്തുകളിൽനിന്നു മി
ഷൻരംഗങ്ങളിലെ സ്ഥിതിഗതികളെപ്പറ്റി അറിയുന്ന
തിന് അദ്ദേഹത്തിനു സാധിച്ചു. ടെർണേറിൽ ഫാദർ
കാസ്ട്രോയുടെ വിദ്യാലയം അഭിവൃദ്ധിയുടെമുഖമായിരുന്നു.
മതപീഡനങ്ങൾ മുറയ്ക്കുണ്ടായിക്കൊണ്ടിരുന്നുവെങ്കിലും
മോറോദ്വീപിൽ ബെയിറായും സൂനസ്സും ധൈര്യപൂർവ്വം
ധർമ്മപ്രചാരണം തുടർന്നു. മൊറാലീസും ഗൊൺസാ
വെസ്സും ആപത്തുകളോടു നേരിടാൻ ധൈര്യമില്ലാതെ
മേലാവിന്റെ ആജ്ഞയെ ലംഘിക്കുകയും സംഘത്തിൽ
നിന്നു ബഹിഷ്കൃതരായി ഇൻഡ്യയിലേക്കു തിരിച്ചയക്ക
പ്പെടുകയും ചെയ്തു. അമ്പോയിനായിൽ ഫാദർ റിബെ
യിരൊ മരിക്കുകയാൽ ക്രിസ്ത്യാനികൾ അനാഥരായി
ത്തീർന്നു. അവിടെ അദ്ദേഹം രണ്ടായിരം ജനങ്ങളെ ജ്ഞാ
നസ്നാപനം ചെയ്തിരുന്നു. തെക്കൻതിരുവിതാംകൂറിലെ
മിഷനറിമാർ സാധാരണമായി പരസ്പരം തമിഴ സംസാ
രിക്കത്തക്കവണ്ണം ആ ഭാഷ വശമാക്കിക്കഴിഞ്ഞു. ഫാ
ദർ എന്റിക്കസ്സ് ഒരു പ്രസിദ്ധ തമിഴഭാഷാപണ്ഡിത
നായിത്തീർന്നു. അവിടെ പല പുതിയ പള്ളികളും സ്ഥാ
പിക്കപ്പെട്ടു. മൈലാപ്പൂരിലും കൊല്ലത്തും മിഷൻ പ്രവ
ർത്തനങ്ങൾ വിജയകരമായിരുന്നു. ഓർമസ്സിൽ ഫാദർ
ഗാസ്പറിന്റെ ധർമ്മസേവനം ഫലപ്രദമായിൽ അന
തിശയിതമായിരുന്നു. അദ്ദേഹത്തിന്റെ കീർത്തി പെർ
ഷ്യായിലും അറേബ്യായിലും സർവ്വത്ര വ്യാപിച്ചു. ആൻറ
ണി ഗോമസ്സിനെപ്പറ്റിയുള്ള റിപ്പോർട്ടുകൾ ഇപ്പോഴും
അസഹ്യസ്ഥകരമായിരുന്നു. അയാൾ പോൾ കാമറി
നോയുടെ അധികാരം കവർന്നെടുത്തു പല തോന്ന്യാസ
ങ്ങളും പ്രവർത്തിച്ചു. തെക്കൻ തിരുവിതാംകൂറിലെ ക്രി

സ്ത്യാനികളുടെ ഇടയിൽ അനുവദിക്കപ്പെട്ടിരുന്ന മൂന്നും നാലും ഡിഗ്രിയിൽ രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം അയാൾ വിവേകരഹിതമായി നിരോധിച്ചു. കൊച്ചിയിലെ ജീവകാരുണ്യ സഹോദരസംഘംവക ദേവാലയം ജസ്യൂട്ട് മിഷനറിമാരുടെ ഉപയോഗത്തിനായി വിട്ടുകൊടുക്കപ്പെട്ടിരുന്നു. ആൻറണി ഗോമസ് ആ പള്ളിയുടെയും പള്ളിവക വസ്തുക്കളുടെയും ഉടമസ്ഥാവകാശം ക്രൂരി ബലാൽക്കാരമായി അപഹരിച്ചു. ഗോവായിൽ സെയിൻറ് പോൾസ് കോളേജിൽനിന്നു സകല ഏതദ്ദേശീയ വിദ്യാർത്ഥികളെയും അയാൾ ബഹിഷ്കരിക്കുകയും പകരം പോർട്ടുഗീസ് യുവാക്കന്മാരെ ചേർക്കുകയും ചെയ്തു. ഈ രണ്ടു നാട്ടുകാരുടെ ഇടയിൽ വലുതായ പ്രക്ഷോഭണത്തിനു കാരണമായിത്തീർന്നു. ഒടുവിൽ വൈസ്രോയിയുടെയും മെത്രാൻറെയും ഉത്തരവനുസരിച്ച് ഏതദ്ദേശീയ വിദ്യാർത്ഥികൾ വീണ്ടും പ്രവേശിപ്പിക്കപ്പെട്ടു. ഈ കഴപ്പങ്ങളെ പരിഹരിക്കുന്നതിനു ഫ്രാൻസിസ്സിൻറെ പ്രത്യാഗമനത്തിന് എല്ലാവരും ഉൽകണ്ഠ പ്രദർശിപ്പിച്ചു.

1552 ജനുവരി 24-നു അദ്ദേഹം കൊച്ചിയിൽ എത്തി. അപ്പോൾ അവിടെനിന്നു പോർട്ടുഗലിലേക്കുള്ള കപ്പലുകൾ പുറപ്പെടുന്നതിന് ഏതാനും ദിവസങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അയ്യിടെ ക്രിസ്തുമതം അവലംബിച്ച മാലദ്വീപിലെ രാജാവിനെയും വൈസ്രോയിയായ നൊറോഞ്ഞയെയും ഫ്രാൻസിസ് കൊച്ചിയിൽ വച്ചു കണ്ടു. ജസ്യൂട്ടസംഘത്തിൻറെ ഒരുറ്റ മിത്രമായിരുന്ന വൈസ്രോയി അദ്ദേഹത്തെയും അദ്ദേഹത്തെ അനുഗമിച്ച ബംഗോയിലെ രാജപുരുഷനെയും ബഹുമാനപൂർവ്വം സ്വീകരിച്ചു. ഫ്രാൻസിസ് ചൈനയെപ്പറ്റിയുള്ള തൻറെ പരിപാടി പറഞ്ഞുകേൾപ്പിച്ചപ്പോൾ

വൈസ്രോയി സന്തോഷപൂർവ്വം അതിനെ അംഗീകരിക്കുകയും ഡിയോഗോ പെരെയിരയെ രാജപ്രതിനിധിയായി നിയമിക്കാമെന്നും ആ പദ്ധതിക്കു കഴിവുള്ള സകല സഹായങ്ങളും ചെയ്യാമെന്നും പ്രതിജ്ഞചെയ്യുകയും ചെയ്തു.

ഈ സന്ദർഭത്തിൽ ലാൻസിലോട്ടിയും എന്റിക്കസ്സും കൊച്ചിയിലുണ്ടായിരുന്നു. അവരിൽനിന്നു കൊല്ലത്തെയും തെക്കൻ തിരുവിതാംകൂറിലെയും ക്രിസ്ത്യാനികളുടെ സ്ഥിതിയെപ്പറ്റി വിശദതരമായ വിവരങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. കൊല്ലത്തെ ദേവാലയത്തിന്റെയും വിദ്യാലയത്തിന്റെയും പണി അപ്പോൾ പൂർത്തിയായിരുന്നു. നാല്പതു വിദ്യാർത്ഥികൾ സ്കൂളിൽ പഠിച്ചിരുന്നു. കന്യാകുമാരി മിഷനിൽ അപ്പോൾ നാല്പതിനായിരത്തിനുമേൽ ക്രിസ്ത്യാനികളുണ്ടായിരുന്നു. കൊച്ചിയിൽ തൽക്കാലം ഒരു ഷെഡിൽ കഴിഞ്ഞുകൂടിയ ന്യൂറിയൻ പതു് അദ്ധ്യാപകർക്കായി ഒരു വലിയ സ്കൂൾകെട്ടിടത്തിന്റെ പണി ഉൗർജ്ജിതമായി നടക്കുന്നുണ്ടായിരുന്നു.

മിഷൻ പ്രവർത്തനങ്ങളെ സംബന്ധിച്ച കാര്യങ്ങളിൽ ഏർപ്പെട്ടതിനു മുൻപായി, ഫെബ്രുവരി 3-നു- യൂറോപ്പിലേക്കു പുറപ്പെടുന്ന കപ്പലിൽ അയക്കത്തക്കവണ്ണം ഫ്രാൻസിസ്സ് ഇഗ്നേഷ്യസ്സിനും, സൈമൺ റൊഡ്രിഗസ്സിനും, യൂറോപ്പിലെ ജെസ്യൂട്ടസംഘത്തിനു പൊതുവെയും ഓരോ എഴുത്തെഴുതി. അവയിൽ ജപ്പാൻരാജ്യത്തെയും അവിടത്തെ ജനങ്ങളെയും അവിടെ താൻ നിർവ്വഹിച്ച ധർമ്മപ്രചാരണത്തെയും, ചൈനായെയും അവിടത്തേക്കു നിശ്ചയിച്ചിരിക്കുന്ന യാത്രയെയുംപറ്റി അദ്ദേഹം പ്രതിപാദിക്കുകയും, ജപ്പാനിലേക്കു യോജിച്ച മിഷനറിമാരെ ഇഗ്നേഷ്യസ്സുതന്നെ നേരിട്ടു തിരഞ്ഞെടുത്തയക്കണമെന്ന് അപേക്ഷിക്കുകയുംചെയ്തു. സംഘത്തിനു പൊ

തുവായുള്ള സുദീർഘമായ എഴുത്ത് അദ്ദേഹം ഈവിധം ഹൃദയംഗമമായി ഉപസംഹരിക്കുന്നു:

"എന്റെ മുടി മഴവന്നും നരച്ചുകഴിഞ്ഞിട്ടുണ്ട്; എങ്കിലും എന്റെ ശരീരത്തിന്റെ ആരോഗ്യവും ശക്തിയും ഇപ്പോൾ എപ്പോഴത്തെയുംകാൾ ക്രൂടുതലാണെന്നു ഞാൻ വിചാരിക്കുന്നു.....കപ്പൽ പുറപ്പെടാനുള്ള കാലമായപ്പോഴായിരുന്നു ഞാൻ കൊച്ചിയിൽ വന്നുചേർന്നത്; സ്നേഹിതന്മാർ ഇടവിടാതെ വന്ന് എന്നെ കണ്ടുകൊണ്ടിരിക്കുന്നു; അതുകൊണ്ട് അവധാനപൂർവ്വം എഴുതുന്നതിന് എനിക്കു സാധിച്ചിട്ടില്ല; സംഗതികൾ മുറയ്ക്ക് അടുക്കിയിട്ടില്ല; എഴുത്തു പകൈ, രസകരമായിരിക്കുകയില്ല. എന്റെ ഉദ്ദേശ്യം രസപ്രദമാക്കണമെന്നായിരുന്നു. ജപ്പാനെപ്പറ്റി എഴുതിയാൽ തീരാത്തവണ്ണം അത്ര ധാരാളം എഴുതാനുണ്ട്. എന്റെ എഴുത്തു നിങ്ങളെ മുഷിപ്പിക്കുമെന്നു ഞാൻ ഭയപ്പെടുന്നു; അതു് അത്ര ദീർഘമാണു്. അതു മുഷിപ്പിക്കുമെന്നുള്ളവക്കു് വായന നിറുത്തിയാൽ അതിൽനിന്നു രക്ഷപ്പെടാൻ കഴിയുമല്ലോ എന്നുള്ള ചിന്ത എനിക്കു് ആശ്വാസപ്രദമായിരിക്കുന്നു!"

ആൻറണി ഗോമസ്സിന്റെ നടപടിപ്പിശകുകൾ ഫ്രാൻസിസ്സിനു് എത്രമാത്രം അസ്വാസ്ഥ്യകരമായിരുന്നുവെന്നു് അദ്ദേഹം ഫെബ്രുവരി 4-നു- പോൾ കമറീനോവിനു് എഴുതിയ എഴുത്തിൽനിന്നു തെളിയുന്നു: "എന്റെ അത്യദ്ധ്വാനങ്ങൾക്കുശേഷം ഇവിടെ അല്പം വിശ്രമം ലഭിക്കുമെന്നു ഞാൻ പ്രത്യാശിച്ചിരുന്നു; എന്നാൽ നവനവങ്ങളും വേദനകരങ്ങളുമായ അദ്ധ്വാനങ്ങളും, വ്യവഹാരങ്ങളും, ജനങ്ങളുമായുള്ള വഴക്കുകളും സംസ്കാരപ്രദമല്ലാത്ത കാര്യങ്ങളുമല്ലാതെ മറെറാന്നും ഞാൻ ഇവിടെ കാണുന്നില്ല. വിനയവും അനുസരണശീലവും ഇവിടെ

വളരെ അപൂർവ്വമായിരിക്കുന്നു. ഈശ്വരൻ സകലതിലും വാഴ്ത്തപ്പെട്ടവനാകട്ടെ."

ഇപ്പോൾ പ്രൊവിൻഷ്യൽ (വൈദിക സംസ്ഥാനാധിപൻ) ആയിത്തീർന്നിരുന്ന ഫ്രാൻസിസ് കൊച്ചിയിൽ ആദ്യമായി നിർവ്വഹിച്ച കൃത്യം ആൻറണി ഗോമസ്സ് ജീവകാരുണ്യ സഹോദരസംഘത്തോട് പ്രവർത്തിച്ച അനീതിയെ പരിഹരിക്കുക എന്നതായിരുന്നു. ഇടവക പള്ളിയിൽ, വികാരിയുടെയും മറ്റു വൈദികന്മാരുടെയും പ്രസ്തുത സഹോദരസംഘാംഗങ്ങളുടെയും നഗരപ്രതിനിധികളുടെയും മുൻപാകെവച്ച് അദ്ദേഹം ആൻറണി ഗോമസ്സിൻെറ അപരാധത്തിനു ക്ഷമാപണം ചെയ്യുകയും പള്ളിയും പള്ളിവസ്തുക്കളും ഉടമസ്ഥർക്കു മടക്കിക്കൊടുക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ മഹാമനസ്കതയാലും വിനയത്താലും അതീവ സന്തുഷ്ടരായി അവർ അവയെ ജസ്യൂട്ടസംഘത്തിനുതന്നെ തിരിച്ചു കൊടുത്തു.

ഇതിനുശേഷം ഫ്രാൻസിസ്സ് കൊച്ചിയിൽ അധികം താമസിക്കാതെ ഗോവയ്ക്കു പുറപ്പെട്ടു. 1552 ഫെബ്രുവരി മദ്ധ്യത്തിൽ അദ്ദേഹവും ജപ്പാൻകാരായ അനുയായികളും ഗോവയിൽ എത്തി. പതിവനുസരിച്ച് അദ്ദേഹം ആദ്യമായി വൃദ്ധനായ മെത്രാനെയും മറ്റു ഫ്രാൻസിസ്കൻ സന്യാസിമാരെയും സന്ദർശിച്ചു. അനന്തരം അദ്ദേഹം 1548-ൽ ഗോവായിൽ വന്നുചേർന്നിരുന്ന ഡോമിനിക്കൻ സന്യാസികളുടെ ആശ്രമത്തിൽ പോയി അവരെ കണ്ടു. അവിടെനിന്ന് അദ്ദേഹം സെയിൻറ് പോൾസ് കോളേജിലേക്കു പോയി. അതിൻെറ വാതുക്കൽ അൻപതിൽപരം ജസ്യൂട്ടവൈദികരും ധർമ്മസഹോദരന്മാരും സന്യാസാർത്ഥികളും അദ്ദേഹത്തെ എതിരേൽക്കുന്നതിനായി കാത്തു നിന്നിരുന്നു. അവരിൽ അധികംപേരും അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽ യൂ

റോപ്പിൽനിന്നു വന്നവരും അദ്ദേഹത്തെ ആത്മായി കാണുന്നവരുമായിരുന്നു. ആൻറണി ഗോമസ്സ് മാത്രം അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. അവിടെ അപ്പോൾ ഒരു യുവാവായ ധർമ്മസഹോദരൻ രോഗശയ്യയിൽ അസന്നമരണനായി കിടക്കുന്നുണ്ടായിരുന്നു. ഫ്രാൻസിസ്സ് വന്നു കാണാൻ തനിക്കു ഭാഗ്യമുണ്ടായാൽ രോഗത്തിനു ശമനമുണ്ടാകുമെന്ന് അയാൾ പൂർണ്ണമായി വിശ്വസിച്ചിരുന്നു. അദ്ദേഹം ആ വിവരം അറിഞ്ഞ ഉടനെ രോഗിയുടെ മുറിയിൽ ചെന്ന് അയാളുടെ തലയ്ക്കു കൈവച്ചുകൊണ്ടു പ്രാർത്ഥിക്കുകയും വിശ്വാസമനസരിച്ച് അയാൾ പൂർണ്ണസുഖം പ്രാപിക്കുകയുംചെയ്തു.

അദ്ദേഹം ജപ്പാനിലേക്കു ക്ഷണിച്ചിരുന്ന ഗാസ്പർ, ഗാഗോ, കർവാലോ എന്നീ മൂന്നു വൈദികർ അപ്പോൾ ഗോവായിലുണ്ടായിരുന്നു. കാഗോഷിമായിൽനിന്ന് അദ്ദേഹം അയച്ച എഴുത്തു കിട്ടാൻ താമസിച്ചതുകൊണ്ട് അവർക്കു കഴിഞ്ഞ വർഷംതന്നെ അങ്ങോട്ടേക്കു പുറപ്പെടുന്നതിനു സാധിച്ചില്ല. ഗോമസ്സിന്റെ സ്ഥാനത്തു റെക്ടരായി റൊഡ്രിഗസ്സിനാൽ നിയമിക്കപ്പെട്ടിരുന്ന മെല്ഷ്യോർ നൂനസ്സും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. സെയിൻറ് പോൾസ് കോളേജിന്റെ കാര്യമായിരുന്നു ഫ്രാൻസിസ്സിന്റെ ശ്രദ്ധയെ ആദ്യമായി ആകർഷിച്ചതു്. ഗോമസ്സ് പുതുതായി ചേർത്ത യൂറോപ്യൻ വിദ്യാർത്ഥികളെ അദ്ദേഹം പിരിച്ചുവിട്ടു; ബഹിഷ്ക്കരിക്കപ്പെട്ടിരുന്ന ഏതദ്ദേശീയരായ അദ്ധ്യേതാക്കളെ വീണ്ടും പ്രവേശിപ്പിച്ചു. നാട്ടുകാരായ വൈദികവിദ്യാർത്ഥികൾക്കായിട്ടായിരുന്നല്ലോ ആ സെമിനാരി ഉദ്ദേശിക്കപ്പെട്ടിരുന്നതു്. ഈ ഉദ്ദേശ്യം എന്നും ശരിക്കു പാലിക്കണമെന്ന് അദ്ദേഹം നിഷ്ക്കർഷിച്ചു. മെൽഷ്യർ നൂനസ്സ് അനുഭവജ്ഞാനം സിദ്ധിച്ചിട്ടില്ലാത്ത ഒരു യുവവൈദികനായിരുന്നതു

കൊണ്ട് അയാളുടെ റെക്ടർസ്ഥാനത്തേക്കുള്ള നിയമനം അദ്ദേഹം അംഗീകരിച്ചില്ല. അയാളെ അദ്ദേഹം ബസീനിൽ ധർമ്മപ്രചാരണത്തിനായി നിയോഗിച്ചു. ആൻറണി ഗോമസ്സിനെ അദ്ദേഹം റെക്ടറുദ്യോഗത്തിൽനിന്നു മാറ്റിയിട്ട ഡ്യൂയിൽ മിഷനറിയായി നിയമിച്ചു. തൻറെ സ്വാധീനബലം പ്രയോഗിച്ച് ഈ നിയമനത്തെ റദ്ദ് ചെയ്യിക്കുന്നതിന് അയാൾ ശ്രമിച്ചുവെങ്കിലും, സ്ഥിരനിശ്ചയനായിരുന്ന ഫ്രാൻസിസ്സ് അതിനു വഴിപ്പെട്ടില്ല. ഗാസ്പർ ബാർസി റെക്ടരായി നിയമിക്കപ്പെട്ടു. അടുത്ത വർഷം യൂറോപ്പിലേക്കു കപ്പലുകൾ പോകുന്ന ഗന്ധവിനു് അവിനീതനും അനുസരണശീലമില്ലാത്തവനുമായ ഗോമസ്സ് ജസ്യൂട്ടസംഘത്തിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടിരിക്കുന്നതായ ഉത്തരവ് ഫ്രാൻസിസ്സ് ഗാസ്പറിനെ രഹസ്യമായി ഏല്പിച്ചു. അങ്ങനെ ബഹിഷ്ക്കരിക്കപ്പെട്ടശേഷം ഗോമസ്സ് ഇഗ്നേഷ്യസ്സിൻറെ അടുക്കൽ അപ്പീൽബോധിപ്പിക്കാനായി യൂറോപ്പിലേക്കു കപ്പൽകയറുകയും യാത്രയിൽവച്ചു കപ്പൽ മുങ്ങി മരിക്കുകയുംചെയ്തു. ജപ്പാനിൽ പോകുന്നതിന് ഉത്സാഹഭരിതനായി ഒരുങ്ങിവന്നിരുന്ന ഗാസ്പറിന് ഈ നിയമനത്താൽ ആശാഭംഗമുണ്ടായി എങ്കിലും ആ വിനീതവൈദികൻ മേലാവിൻറെ ആജ്ഞയെ സന്തോഷപൂർവ്വം അനുസരിച്ചു.

സെയിൻറ് പോൾസ് കോളേജിലെ കഴ്പ്പും ഈ വിധം പരിഹരിച്ചശേഷം അദ്ദേഹം വിവിധമിഷൻരംഗങ്ങളിലുള്ള മിഷനറിമാരുടെ സംഘടനയിൽ ഉത്സാഹിയായി. ഗൊൺസാൽവെസ്സ് റൊഡ്രിഗസ്സ് ഓർമസ്സിലും, ഗോമസ്സ് ഡ്യൂവിലും, ന്യൂണസ്സ് ബസീനിലും, എറേഡിയാ കൊച്ചിയിലും, എന്റിക്കസ്സ് കന്യാകുമാരിയിലും, ലാൻസിലോട്ടി കൊല്ലത്തും, സിപ്രിയാനോ മൈലാപ്പൂരിലും, പീരിസ്സ് മലാക്കായിലും, ബെയിറാ മൊളുക്കാ

ദ്വീപുകളിലും, ടോറിസ് യാമഗ്രച്ചിയിലും ധർമ്മപ്രചാരണനേതാക്കന്മാരായി നിയമിക്കപ്പെട്ടു. കഷ്ടിച്ചു പത്തുവർഷങ്ങൾക്കുമുൻപു ഫ്രാൻസിസ് ഗോവായിൽ ഇറങ്ങിയപ്പോൾ അദ്ദേഹം പൌരസ്ത്യഭൂവിഭാഗത്തിലെ ഏകജസ്യൂട്ട് വൈദികനായിരുന്നു. ഇപ്പോഴാകട്ടെ അദ്ദേഹത്തിന്റെ അനുഗാമികളായ ജസ്യൂട്ട് മിഷനറിമാർ, അദ്ദേഹത്തിന്റെ പരിശ്രമഫലമായി, പെർഷ്യമുതൽ ജപ്പാൻ വരെ വ്യാപിച്ചുകഴിഞ്ഞു.

മറ്റു മിഷൻരംഗങ്ങളിലേക്കു മിഷനറിമാർ നിയുക്തരായശേഷം ജപ്പാനിലേക്കു അയക്കപ്പെട്ടതിനു രണ്ടു ധർമ്മസഹോദരന്മാർ മാത്രമെ ശേഷിച്ചുള്ളൂ. അവർ അവിടത്തേക്കു മടങ്ങിപ്പോകുന്ന ബംഗോവിലെ പ്രഭുവിന്റെ പ്രതിനിധിയെയും ഫ്രാൻസിസ്സിനോടുകൂടി വന്ന മറ്റു ജപ്പാൻകാരിൽ രണ്ടുപേരെയും അനുഗമിക്കുന്നതിനു് ആജ്ഞാപിക്കപ്പെട്ടു. ശേഷിച്ച രണ്ടു ജപ്പാൻകാർ, മാത്യുവും ബെർണാർഡും, യൂറോപ്പിലേക്കു പോകാൻ ആഗ്രഹിച്ചവരായിരുന്നു. പക്ഷെ, മാത്യു ഏപ്രിൽമാസത്തിൽ ഗോവായിൽവച്ചു മരിച്ചുപോയി. ബെർണാർഡ് യൂറോപ്പിലേക്കു പോയി. കുറച്ചു കാലം കൊയിമ്പ്രായിൽ താമസിച്ചശേഷം അയാൾ റോമയിൽ പോവുകയും ജപ്പാനിൽ ഫ്രാൻസിസ് ചെയ്ത ധർമ്മപ്രചാരണത്തെയും അത്ഭുതങ്ങളെയുംപറ്റിയുള്ള വിവരണങ്ങൾ ഇഗ്നേഷ്യസ്സിനുംമറ്റും നല്കുകയും ചെയ്തു.

രണ്ടു മാസം ഫ്രാൻസിസ് ഗോവായിൽ സെയിൻറ് പോൾസ് കോളേജിൽ താമസിച്ചു. ഈ രണ്ടു മാസവും അദ്ദേഹത്തിനും അദ്ദേഹത്തോടു സഹവാസംചെയ്ത ധർമ്മസഹോദരന്മാർക്കും പരസ്പരം ഏറ്റവും ആശ്വാസപ്രദവും ആനന്ദപ്രദവുമായ ഒരു കാലഘട്ടമായിരുന്നു. അചികിത്സ്യരായ അഹങ്കാരികളോട് അദ്ദേഹം നിർദ്ദാക്ഷിണ്യ

മായി പെരുമാറിയെങ്കിലും വിനീതക്ക് അദ്ദേഹം സ്നേഹ മുത്തിതന്നെയായിരുന്നു. ഈ സന്ദർഭത്തിൽ ഇൻഡ്യയിലെ ജസ്യൂട്ടവൈദികർ യൂറോപ്പിലേക്ക് എഴുതിയ എഴുത്തുകൾ അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും സംഭാഷണവും അവക്ക് എത്ര ആനന്ദസന്ദായകവും ഭക്തിസംവർദ്ധകവുമായിരുന്നുവെന്ന പ്രതിപാദിക്കുന്നു. അപ്പോൾ വൈദികവിദ്യാർത്ഥിയായ ഒരു യുവാവായിരിക്കയും പിന്നീട് ഫ്രാൻസിസ് സേവിയറിന്റെ ഒന്നാമത്തെ ജീവചരിത്രകാരനായിത്തീരുകയും ചെയ്ത തെയിക്സയിരാ അദ്ദേഹത്തെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു: "അദ്ദേഹത്തിനു സാമാന്യത്തിലധികമായ കിളരമുണ്ട്. അദ്ദേഹത്തിന്റെ മുഖം സുന്ദരവും രക്തവർണ്ണവും ഹൃദയത്തെ ഹഠാദാകർഷിക്കുന്നതുമാണ്. അദ്ദേഹത്തിന്റെ നേത്രങ്ങൾ ഉജ്ജ്വലവും, നെറ്റി വിശാലവും ഉന്നതവും, മുടിയും താടിയും കറുത്തതുമാണ്. അദ്ദേഹം ഒരു ളോവ മാത്രമേ ധരിച്ചിട്ടുള്ളൂ. അതിന് അരക്കെട്ടില്ല; അതു പരുക്കനെങ്കിലും വളരെ വൃത്തിയുള്ളതാണ്. സ്വർഗ്ഗീയമായ ഒരു പുഞ്ചിരിയാൽ അദ്ദേഹത്തിന്റെ മുഖം എപ്പോഴും പ്രകാശിതമായിരിക്കുന്നു. അദ്ദേഹം എപ്പോഴും പുഞ്ചിരി തൂകുന്നവെങ്കിലും ഒരിക്കലും പൊട്ടിച്ചിരിക്കുന്നില്ല. അദ്ദേഹം എപ്പോഴും ഏകാഗ്രചിത്തനാണ്; ക്ഷണപ്രഭാചഞ്ചലങ്ങളായ ലൗകികവസ്തുക്കൾക്ക് അദ്ദേഹം ഒരിക്കലും വശംവദനല്ല. അദ്ദേഹം എപ്പോഴും സ്വർഗ്ഗത്തേക്കു ദത്തവീക്ഷണനാണ്; അവിടെയുള്ള തന്റെ ഗേഹത്തെ പ്രാപിക്കുന്നതിനത്രെ അദ്ദേഹം ഉൽക്കണ്ഠിതനായിരിക്കുന്നത്; അതിന്റെ ദർശനം എപ്പോഴും അദ്ദേഹത്തെ സവിശേഷം ആനന്ദിപ്പിക്കുന്നു. അദ്ദേഹത്തിന്റെ മുഖം ദൈവസ്നേഹാഗ്നിയാൽ ഉദ്ദീപ്തമാണ്; അതു മറ്റുള്ളവരിലും സ്നേഹാഗ്നിയെ ഉജ്ജ്വലിപ്പിക്കുന്നു. സെയിന്റ് പോൾസ് കോളേജിലെ

ധർമ്മസഹോദരന്മാർ ആശ്വാസരഹിതരായിരിക്കുമ്പോൾ അവർ അദ്ദേഹത്തെ അഭിഗമിക്കുകയും ഉടൻ ആശ്വസ്തരാവുകയും ചെയ്യുന്നു. വിദേശീയരോട് അദ്ദേഹം അത്യുദാരനാണ്; ക്രൂരത്താമസിക്കുന്നവരോട്, വിശേഷിച്ചു, വിനീതരോടും എളിയവരോടും, അദ്ദേഹം സന്തോഷത്തോടും വിശ്വാസത്തോടും വർത്തിക്കുന്നു. അദ്ദേഹത്തിന്റെ ആഹാരം വളരെ കുറച്ചുമാത്രമാണ്; എന്നാൽ മറ്റുള്ളവരുടെ സാന്നിദ്ധ്യത്തിൽ, അസാധാരണത്വം പ്രകടിപ്പിക്കാതിരിക്കുന്നതിനായി, അദ്ദേഹം അവരോടൊപ്പം ഭക്ഷണത്തിൽ പങ്കുകൊള്ളുന്നു. രോഗാതുരർ അദ്ദേഹത്തിന്റെ ഏറ്റവും വാത്സല്യമസൃണമായ പരിചരണത്തിനു സവിശേഷം പാത്രീഭവിക്കുന്നു. അദ്ദേഹത്തോടുള്ള ബഹുമാനംനിമിത്തം ഒട്ടധികം ആളുകൾ അദ്ദേഹം ഗോവായിൽ വന്നപ്പോൾ അദ്ദേഹത്തെ കാണാൻ വന്നു. ഏപ്പോഴായാലും അദ്ദേഹത്തെ കാണാൻ ആരെങ്കിലും ആവശ്യപ്പെട്ടാൽ അദ്ദേഹം ഒട്ടും താമസംക്രൂടാതെ അവരെ ഏറ്റവും സൌഹാർദ്ദപൂർവ്വം സ്വീകരിക്കുന്നു; അതുകൊണ്ട് അദ്ദേഹത്തിന്റെ അനുദിന ജപാനുഷ്ഠാനം (Breviary) പലപ്പോഴും ആറും ഏഴും പ്രാവശ്യം വിച്ഛിന്നമാകുന്നു; എന്നാൽ അതിഥികൾ പോയിക്കഴിയുമ്പോൾ, ഇടയ്ക്കു യാതൊരു വിഘ്നവുമുണ്ടായിട്ടില്ലാത്തപോലെ, അദ്ദേഹം ഏകാഗ്രമായ ഭക്തിയോടെ ജപാനുഷ്ഠാനം തുടരുന്നു." അദ്ദേഹം, പതിവനുസരിച്ച്, ഗോവായിൽ ഈശ്വരസേവനപരമായ ഒട്ടവളരെ കൃത്യങ്ങൾ അനുഷ്ഠിച്ചു. അദ്ദേഹം ജസ്യൂട്ടസംഘാംഗങ്ങൾക്ക് ആദ്ധ്യാത്മികോപദേശങ്ങൾ നല്കുന്നതിൽ നിരതനായിരുന്നു. അവർ സ്വയംവരിച്ച ആശ്രമത്തിന് ഉചിതമായ ബ്രഹ്മചര്യം, ആത്മദമനം, വിനയം, അനുസരണം ഇത്യാദി ഗുണങ്ങളെപ്പറ്റി സാരമേറിയതും പ്രായോഗികവുമായ തത്വങ്ങൾ ഏ

റം ഹൃദയംഗമമായ രീതിയിൽ അദ്ദേഹം അവരെ പ
ഠിപ്പിച്ചു. മിഷ്യൻരംഗങ്ങളിലേക്കു നിയുക്തരായ തന്റെ
അനുയായികൾക്ക് അവരുടെ കൃത്യനിർവ്വഹണത്തിന് ഉ
പകരിക്കുന്നവയും അവശ്യജ്ഞേയങ്ങളുമായ ഉപദേശര
ത്നങ്ങളടങ്ങിയ അനേകം ലേഖനങ്ങൾ അദ്ദേഹം
ഈ സന്ദർഭത്തിൽ എഴുതി. എല്ലാ ദേശങ്ങളിലും എല്ലാ
ക്കാലങ്ങളിലും ക്രൈസ്തവ ധർമ്മദൂതന്മാരും അവരുടെ നേ
താക്കന്മാരും അക്ഷരംപ്രതി അനുസരിക്കേണ്ട ഒരു നിയ
മസംഹിത അവയിൽനിന്നു രൂപവൽക്കരിക്കപ്പെടാവു
ന്നതാണ്. അദ്ദേഹത്തിന്റെ സ്നേഹവും വാത്സല്യവും
നിറഞ്ഞ ഹൃദയത്തിൽനിന്ന്, ആ സ്വർഗ്ഗീയജ്ഞാനഭ
ണ്ഡാഗാരത്തിൽനിന്ന്, ആ മനുഷ്യഹൃദയജ്ഞാനപ്രസ്ര
വണത്തിൽനിന്ന്, ക്ലേശകഷ്ടമായി പൊട്ടിപ്പുറപ്പെട്ട നി
ർമ്മലസ്നേഹപ്രവാഹങ്ങളത്രെ ഈ ലേഖനപരമ്പര. അ
ദ്ദേഹം ഫാദർ ഗാസ്പർ ബാർസിക്ക് എഴുതിയ സുദീർ
ഘങ്ങളായ ലേഖനങ്ങളിൽനിന്ന് അദ്ദേഹത്തിന്റെ അ
ഗാധമായ മനുഷ്യഹൃദയജ്ഞാനത്തെ പ്രകാശിപ്പിക്കുന്ന
ഒരു ഭാഗംമാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

"യാതൊരു വിഘ്നവും പരാതിക്കും ഇടകൊടുക്കാ
ത്ത വിധത്തിൽ മനുഷ്യരോടുള്ള ഇടപാടുകളെ നിയന്ത്രി
ക്കുന്നതിനായി നിങ്ങൾക്ക് ഈ ഉപദേശങ്ങൾ തരുന്നതു
ഉചിതമാണെന്നു ഞാൻ വിചാരിക്കുന്നു; നിങ്ങളും നിങ്ങ
ളുടെ കീഴുള്ള സകല സന്യാസിമാരും അവയെ അനുഷ്ഠി
ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നമ്മളിൽപ്പെട്ട ആരും
സ്ത്രീകളോട്, അവരുടെ പ്രായവും സ്ഥിതിയും എന്തുത
ന്നെയായാലും, പള്ളിയെപ്പോലെ പരസ്യമായ ഒരു
സ്ഥലത്തു വച്ചല്ലാതെ, സംസാരിക്കാൻപാടില്ല. അ
വർ ആപത്തിൽ അകപ്പെട്ടുകയോ രോഗബാധിത
രായി ആസന്നമരണരായിരിക്കുകയോ ചെയ്യുമ്പോൾ

അവരെ കമ്പസാരിപ്പിച്ചു മരണത്തിനായി ഒരുക്കുവാനല്ലാതെ അവരുടെ വീട്ടിൽ പോയി അവരെ നിങ്ങൾ സന്ദർശിക്കരുതു്. അങ്ങനെ അത്യാവശ്യം നേരിടുമ്പോൾ തന്നെയും അവരുടെ ഭർത്താക്കന്മാരുടെയോ ബന്ധുജനങ്ങളുടെയോ സാന്നിധ്യത്തിലല്ലാതെ അവരെ സന്ദർശിക്കരുതു്; ബന്ധുക്കളില്ലെങ്കിൽ അയൽവാസികളായ മാന്യജനങ്ങളുടെ സാന്നിധ്യമെങ്കിലും ഉണ്ടായിരിക്കണം. ഈ കരുതലുകളോടുകൂടിത്തന്നെയും മുൻപറഞ്ഞ അത്യാവശ്യമായ സന്ദർഭങ്ങളിലല്ലാതെ അവരെ സന്ദർശിക്കരുതു്. ഒരു നിവൃത്തിയുണ്ടെങ്കിൽ പള്ളിയിൽ വരുത്തി ജനങ്ങളുടെ മദ്ധ്യത്തിൽവച്ചായിരിക്കണം അവരെ കാണേണ്ടതു്. രോഗം വിഷമസ്ഥിതിയിലായിരിക്കുന്നവരെത്തന്നെയും അത്യാവശ്യമുള്ളപ്പോളല്ലാതെ അടിക്കടി സന്ദർശിക്കരുതു്. സ്ത്രീവർഗ്ഗത്തോടു് നമ്മുടെ സഹോദരന്മാർക്കു കഴിയുന്നത്ര ഇടപാടുകൾ ഇല്ലാതാക്കുകയോ കുറയ്ക്കുകയോ ചെയ്യുന്നതിൽ നിങ്ങൾ നിർദ്ദാക്ഷിണ്യനായിരിക്കണം. അവരുമായുള്ള സമാഗമങ്ങൾകൊണ്ടു വലുതായ പ്രയോജനമുണ്ടാകാനില്ല; പ്രത്യുത, അവ വളരെ വളരെ ആപൽക്കരങ്ങളാണു്. സൽക്കീർത്തിയെയും സ്വഭാവനൈർമ്മല്യത്തെയും, പക്ഷേ, അപകടത്തിലാക്കിയിട്ടായിരിക്കും സമാന്യമായി സന്ദിഗ്ദ്ധഫലമായ ഇത്തരം ധർമ്മസേവനം അനുഷ്ഠിക്കപ്പെടുന്നതു്. നമ്മുടെ പള്ളികളിൽ മുറയ്ക്കു വരുന്ന കുടുംബിനിമാർക്കു്, അവർ എത്ര ധർമ്മാസക്തി ഉള്ളവരായി കാണപ്പെട്ടാലും, ഉപദേശം നല്കുന്നതിൽ നമ്മുടെ വൈദികർ ക്രമത്തിലധികമായ സമയം വിനിയോഗിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. സ്ത്രീകൾ പൊതുവെ അസ്ഥിരനിശ്ചയകളും അമിതഭാഷിണികളുമാണെന്നും അതുമൂലം അവരോടുള്ള ഇടപാടു് വലുതായ സമയനഷ്ടത്തിനു ഇടയാകുന്ന

തല്ലാതെ കാര്യമായ വിധത്തിൽ പ്രയോജനകരമായിരിക്കുകയില്ലെന്നുമുള്ളതാണ് എന്റെ ഈ തീരുമാനത്തിനുള്ള കാരണം. അവരുടെ ഭർത്താക്കന്മാർക്കായി ക്രൂരതൽ സമയം വിനിയോഗിക്കുന്നതും അവരെ ഉപദേശിക്കുകയും സൽകൃത്യങ്ങൾക്കായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനു ശ്രമിക്കുന്നതും എത്രയധികം ഉണകരമാണ്! പുരുഷന്മാർ നല്ല ഉപദേശം നല്കപ്പെട്ടാൽ സ്വീകരിക്കുന്നതിനു സ്വഭാവേന ക്രൂരതൽ പ്രാപ്തരും അതിനെ അനുസരിക്കണമെന്നുള്ള അവരുടെ നിശ്ചയത്തിൽ ക്രൂരതൽ സ്ഥിരചിത്തരുമാണെന്നുള്ളതു് തീർച്ചയാണ്. നിങ്ങൾ അവർമൂലം സാധിക്കുന്നതു് ഘനമേറിയതും ശാശ്വതവുമായിരിക്കും. അവർ ഒരു കാര്യം പ്രതിജ്ഞ ചെയ്തിട്ടുണ്ടെങ്കിൽ അതു നിറവേറും. ഈശ്വരപക്ഷത്തേക്ക് അവർ വശീകൃതരായിക്കഴിഞ്ഞാൽ അവരുടെ ഭാര്യമാരെയും കുടുംബങ്ങളെയും അവർ ശരിപ്പെടുത്തിക്കൊള്ളും. നിങ്ങളുടെ അവധാനത്തിനു പ്രധാനമായി വിഷയീഭവിക്കേണ്ടവർ അവരത്രെ.....ഈ വിവേകബുദ്ധി അപവാദങ്ങളെയും കെട്ടുകഥകളെയും വിധ്വംസനം ചെയ്യുന്നതിനു പര്യാപ്തമാണെന്നു ഞാൻ പറയുന്നതു വിശ്വസിക്കുക.....ഭാര്യയും ഭർത്താവും തമ്മിൽ എന്തെങ്കിലും വഴക്കുണ്ടാവുകയും അവരെ തമ്മിൽ സമാധാനപ്പെടുത്തുന്നതിനു നിങ്ങളുടെ മദ്ധ്യസ്ഥത ആവശ്യമായിത്തീരുകയും ചെയ്യുന്നുവെങ്കിൽ, ഭർത്താവു പറയുന്നതിനെ, ഭാര്യ പറയുന്നതിനെക്കാൾ, ക്രൂരതൽ ക്ഷമയോടെ കേൾക്കുന്നതും ഭർത്താവിനെ ഉപദേശിക്കുന്നതിൽ ക്രൂരതൽ ഉത്സാഹം പ്രദർശിപ്പിക്കുന്നതും മദ്ധ്യസ്ഥത്തിന്റെ വിജയത്തിനു ക്രൂരതൽ ഉപകരിക്കുമെന്നുള്ളതിനു സംശയമില്ലെന്നു ധരിക്കുക....." (ഗോവാ, ഏപ്രിൽ 15, 1552).

മിഷനറിമാക്കുള്ള എഴുത്തുകൾക്കു പുറമെ, ഫ്രാൻസിസ്സ് ഗോവായിൽനിന്ന് ഏപ്രിൽ 7, 9, 10, ഈ തീയതികളിലായി ഇഗ്നേഷ്യസിനും, റൊഡ്രിഗസ്സിനും, പോർട്ടുഗൽ രാജാവിനും ചൈനായിലേക്കുള്ള തന്റെ യാത്രയുടെ പരിപാടിയെ വിവരിച്ചും ക്ഷുത്തൽ മിഷനറിമാരുടെ ആവശ്യകതയെ കാണിച്ചും നാലു എഴുത്തു്—റൊഡ്രിഗസ്സിനു രണ്ടും മറ്റുള്ളവക്കു ഓരോന്നും—എഴുതി.

എഴുത്തുകളും സംഭാഷണങ്ങളുംവഴി ഫ്രാൻസിസ്സ് തന്റെ ധർമ്മസഹോദരന്മാക്കു നല്കിയ ഉപദേശങ്ങളെക്കാൾ അവക്കു സംസ്കാരപ്രദമായിരുന്നതു് അദ്ദേഹത്തിന്റെ മഹനീയമായ ദൃഷ്ടാന്തമായിരുന്നു. "അവക്കു് അനുകരണീയങ്ങളായ സകല സദ്ഗുണങ്ങളും അദ്ദേഹത്തിൽ പരിലസിച്ചിരുന്നു. അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ദൈവത്തോടും മനുഷ്യനോടുമുള്ള സ്നേഹത്തിന്റെ അനുസ്യൂതമായ ഒരു ആവിഷ്കരണമായിരുന്നു. അദ്ദേഹം സത്യത്തിലത്രെ ചരിക്കുന്നതു്" എന്നു മെൽഷ്യോർ സ്യൂനസ്സ് യൂറോപ്പിലേക്കു് എഴുതിയ ഒരു എഴുത്തിൽ എഴുതിയിരിക്കുന്നു. ഈശ്വരപ്രാർത്ഥന അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏകാവലംബമായിരുന്നു. രാത്രിയിൽ ക്ഷുത്തൽസമയവും അദ്ദേഹം പ്രാർത്ഥനയ്ക്കായി വിനിയോഗിച്ചിരുന്നു: ദിവസം നാലുമണിക്കൂറിൽ ക്ഷുത്തൽ അദ്ദേഹം ഉറങ്ങുമായിരുന്നില്ല. ക്രിസ്തുദേവന്റെ പീഡാനുഭവവും കുരിശുമരണവും അദ്ദേഹത്തിന്റെ നിരന്തരമായ ധ്യാനത്തിനു വിഷയമായിരുന്നു. ക്രൂശിതനായ രക്ഷകന്റെ രൂപം അദ്ദേഹത്തിന്റെ ഹൃദയത്തിൽ അവഗാഢമായിപ്പതിഞ്ഞിരുന്നു. രാത്രികാലങ്ങളിൽ പ്രകൃതിമുഴുവനും സുഷുപ്തിയിൽ ലയിച്ചിരിക്കുമ്പോൾ തന്റെ ജീവിതോദ്യോഗനിർവ്വഹണത്തിനായി പ്രകാശവും ധൈര്യവും പ്രദാനംചെയ്യുന്നതിനു് അദ്ദേഹം ക്രിസ്തുവിന്റെ ക്രൂശിതരൂപത്തിന്റെ മുൻപാകെ ജാ

ഗരണം അനുഷ്ഠിച്ചു പ്രാർത്ഥിക്കുകയും ആ നരദേവൻ നര കലോദ്ധാരണാർത്ഥം അനുഭവിച്ച പീഡകളെപ്പറ്റി ഭക്തി പരവശനായി മനനംചെയ്തു ധ്യാനനിമഗ്നനായിരിക്കുകയും ചെയ്യുമായിരുന്നു. ക്രിസ്തുവിന്റെ കുരിശു് അദ്ദേഹത്തിനു ബലഹീനതയിൽ ബലവും കഷ്ടപ്പാടിൽ സമാശ്വാസവും പ്രദാനംചെയ്തു. ദൈവത്തിന്റെ അനന്തമായ സ്നേഹത്തെ പ്രദ്യോതിപ്പിക്കുന്ന ക്രിസ്തുവിന്റെ കുരിശുമരണത്തെപ്പറ്റി ധ്യാനിക്കുമ്പോൾ അദ്ദേഹത്തിന്റെ ഭക്തിപാരവശ്യം പരമകാഷ്ഠയെ പ്രാപിക്കും. അതിനെ അധികരിച്ചു് അദ്ദേഹം രചിച്ചിട്ടുള്ള ഈ സ്നേഹഗീതം സുപ്രസിദ്ധമാണു്:—

സ്നേഹിച്ചിടുന്നു ഞാനങ്ങയെത്തൈവമേ,
സ്നേഹിച്ചിടുന്നു ഞാനങ്ങയെത്താൻ
മോക്ഷംലഭിക്കുമെന്നുള്ളിലുയരുന്ന
കാങ്ക്ഷകൊണ്ടങ്ങനെചെയ്കയല്ല;
നിത്യനരകാഗ്നിതന്നിലകപ്പെട്ട-
ങ്ങത്യന്തപീഡകളേറുമേന്മേൽ
കുത്തിട്ടഹിക്കേണമല്ലെങ്കിലെന്നഭീ-
ഷ്ടത്തിലെഴുന്നതുകൊണ്ടുമല്ല.
ജീവൻപിരിഞ്ഞൊരാനേരത്തുമെൻക്രിസ്തു-
ദേവ,യെന്നെസ്സമാശ്ലേഷിപ്പാനായ്
അങ്ങേതൃക്കൈരണ്ടുംഹാ!വിശ്വരൂപനാ-
മങ്ങെന്റെനേർക്കുതാൻനീട്ടിയില്ലേ?
ആണികളാലങ്ങാവിദ്ധനായ്ത്തീർന്നില്ലേ?
ശോണിതസ്വേദമൊഴുക്കിയില്ലേ?
ഘോരതരമായമർദ്ദനമേറ്റില്ലേ?
ഭാരംചുമന്നുകുഴങ്ങിയില്ലേ?
ഹന്ത!വിദാരിതമായില്ലേനീട്ടറ
കുന്തത്താലങ്ങേത്തിരുവിലാവും?

ഈവനമാനനംതന്നിലണഞ്ഞില്ലേ?
ജീവൻപോലുമങ്ങുപേക്ഷിച്ചില്ലേ?
ഇങ്ങനെയെണ്ണിയാൽത്തീരാത്തപീഡക-
ളങ്ങനിക്കായി സഹിക്കവേ,ഞാൻ
പാപക്കുപങ്ങളിലാപതിച്ചെങ്ങെയ്ക്കൂ-
ത്താപംവളർത്തുകയായിരുന്നു!
അങ്ങേത്തൃക്കൺമുമ്പിലെൻറവിഡ്ഢിത്തങ്ങ-
ളങ്ങനെതന്നെയണഞ്ഞിരുന്നു.
എന്നിട്ടുമതുമേൽദ്രോഹിയായ്വത്തിച്ചോ-
രെന്നിലുൾത്താരലിഞ്ഞതുമാത്രം
സ്നേഹിച്ചവാത്സല്യതാതാ!ഞാനങ്ങയെ
സ്നേഹിക്കാതെങ്ങനെമേവുംമേലിൽ?
മോക്ഷലാഭാഗ്രഹമല്ല,നാരകീയ-
ശിക്ഷയിലുള്ളഭീരുത്വമല്ല,
ഐഹികസൌഭാഗ്യവാഞ്ഛയുമല്ലെങ്കെ
സ്നേഹിക്കുവാനുള്ള മുഖ്യഹേതു.
എന്നെയങ്ങേതുവിധത്തിലതേട്ടിൽ
ത്തന്നെസ്നേഹിപ്പൻഞാനങ്ങയേയും.
ഹാ!ജഗദീശ!ഞാനേതുകൊണ്ടെൻസ്നേഹ-
ഭാജനമായങ്ങെക്കെക്കൊള്ളുണ്ടു?
അങ്ങാണെൻകർത്താവുമങ്ങാണെൻരാജാവു-
മങ്ങാണെൻജീവിതസർവ്വസ്വവും;
ആയതുകൊണ്ടുതാൻസ്നേഹിച്ചിടുന്നതെൻ
ശ്രീയേശുദേവ,ഭഗവാനെ ഞാൻ.

ഭക്തിരസനിഷ്യന്ദിയായ ഈ ഗീതാമൃതം രചിച്ച ഫ്രാൻസിസ് ഒരു യഥാർത്ഥകവിയുംകൂടിയാണെന്നു സഹൃദയന്മാർ സശിരഃകമ്പം സമ്മതിക്കാതിരിക്കുകയില്ല.

'തലചായ്ക്കാനിടമില്ലാതിരുന്ന' ജഗദ്ഗുരുവായ ക്രിസ്തുവിനെ അനുകരിച്ച് അദ്ദേഹം സ്വീകരിച്ച ദാരി

ദ്ധവ്രതം അക്ഷരംപ്രതി അനുഷ്ഠിക്കപ്പെട്ടു. അദ്ദേഹം പ
ലപ്പോഴും ഭിക്ഷാന്നംകൊണ്ടു സംതൃപ്തനായിട്ടുണ്ട്. ഒരു
പഴഞ്ചൻതോവയും ഒരു ജോടി ചെരുപ്പും ഒരു തൊപ്പി
യും ഏതാനും പ്രാർത്ഥനപ്പുസ്തകങ്ങളും മാത്രമേ ലോകത്തു്
അദ്ദേഹത്തിനു സ്വന്തമായി ഉണ്ടായിരുന്നുള്ളൂ. യാത്രയിൽ
ഉള്ളുകിയൊ ചെരുപ്പോ ആവശ്യപ്പെട്ടാൽ അദ്ദേഹത്തി
നു് ആരെങ്കിലും ഉദാരമായി അതു ദാനംചെയ്തിരുന്നു. ക
ന്യാകുമാരിയിലെ ചോറും മീനും, മലാക്കായിലെ ചവ്വരിയും
മീയും ജപ്പാനിലെ ചെറുസസ്യങ്ങളും അദ്ദേഹത്തിനു തൃ
പ്തികരമായ ആഹാരമായിരുന്നു. ഒരു പലകയൊ, പുല്
പായോ, വെറും തറയോ അദ്ദേഹത്തിനു സുഖകരമായ
ശയ്യയും ഒരു തടിക്കഷണമോ, കല്ലോ, നഞ്ഞുരവടച്ചരു
ളോ മതിയായ തലയിണയുമായിരുന്നു. അദ്ദേഹത്തിനു്
ഉദാരമതികൾ നല്കുമായിരുന്ന നല്ല മെത്തകളും ഉപ
ധാനങ്ങളും അദ്ദേഹം രോഗികൾക്കു ദാനം ചെയ്തിരുന്നു. ദ
രിദ്രോചിതമായ വിനയം അദ്ദേഹത്തിന്റെ ഒരു പ്രധാ
ന ഗുണമായിരുന്നു. വിനയാതിരേകംനിമിത്തം താൻ മാ
പ്പിപ്പായുടെ പ്രതിനിധിയായിരുന്നുവെന്നുള്ള വസ്തുത
തന്നെയും അദ്ദേഹം മറവുള്ളവരെ സാധാരണമായി ഗ്രഹി
പ്പിച്ചിരുന്നില്ല; തന്റെ ദരിദ്രവേഷത്താൽ അതു് ആ
ച്ഛാദിതവുമായിരുന്നു. അഹംകാരത്തെയും ഔദ്ധത്യത്തെ
യും അദ്ദേഹം സർവാത്മനാ വെറുത്തിരുന്നു. അദ്ദേഹത്തി
ന്റെ വിശേഷാത്തരമായ ബ്രഹ്മചര്യനിഷ്ഠയും ഹൃദയവി
ശുദ്ധിയും അധമ്മവും പാപവുംനിറഞ്ഞ ഈ ലോകത്തി
ലെ അദ്ദേഹത്തിന്റെ ജീവിതത്തെ ഒരു മാലാഖായുടേ
തിനു സദൃശമാക്കുമാറു് സർവ്വോപരി പ്രശോഭിച്ചു. അതി
പാവനചരിതനായിരുന്നുവെങ്കിലും അദ്ദേഹത്തിനു പാ
പികളോടുള്ള സ്നേഹവും കാരുണ്യവും അസാധാരണവും
അവരോടുള്ള സഹവാസം വളരെ പ്രിയംകരവുമായിരു

ന്നു. തന്റെ സഹവാസംകൊണ്ട് അവരെ നന്നാക്കാൻ കഴിയുമെന്നുള്ളതിനെപ്പറ്റി അദ്ദേഹം സംശയിച്ചില്ല. ദരിദ്രർ, കുഷ്ഠരോഗികൾ, ഇതരരോഗികൾ, കാരാഗൃഹ വാസികൾ മുതലായവർക്ക് അദ്ദേഹം ആപത്മിത്രവും സഹായനുമായിരുന്നു. സൌകര്യമുള്ളപ്പോഴൊക്കെ അദ്ദേഹത്തിന്റെ താമസം ആശുപത്രികളിലായിരുന്നു. പാവങ്ങളായ രോഗികൾക്കുവേണ്ടി അദ്ദേഹം വീടുതോറും ഭിക്ഷയാചിക്കുന്നതിൽ സന്തോഷിച്ചു. തന്റെ 'അജഗണ'ത്തിന് അദ്ദേഹം ഉത്തമനായ ഒരു ഇടയനായിരുന്നു. അതിന്റെ രക്ഷയ്ക്കായി എന്തു ത്യാഗവും അനുഷ്ഠിക്കുന്നതിന് അദ്ദേഹം സന്നദ്ധനായിരുന്നു. ഏതദ്ദേശീയരുടെ ആചാരങ്ങളേയും പാരംപര്യങ്ങളേയും ഭാഷകളേയും പഠിക്കുന്നതിലും നിർദ്ദോഷങ്ങളായ ആചാരങ്ങളെ പുലർത്തുന്നതിലും അദ്ദേഹം എപ്പോഴും വലുതായ ഔത്സുക്യം പ്രദർശിപ്പിച്ചു. അവരുടെ ലൌകികവും വൈദികവുമായ വിദ്യാഭ്യാസത്തിനു വേണ്ട സൌകര്യങ്ങൾ അദ്ദേഹം ഉണ്ടാക്കിക്കൊടുത്തു. ഇങ്ങനെ ഒരു ക്രൈസ്തവധർമ്മദൂതനെന്നുള്ള നിലയിൽ സർവ്വഥാ ആദർശയോഗ്യമായ അദ്ദേഹത്തിന്റെ ദൃഷ്ടാന്തം സ്വാനുയായികളുടെ ഹൃദയങ്ങളിൽ അവഗാഢമായിപ്പതിഞ്ഞിരുന്നു.

1552-ലെ വിശുദ്ധവാരമായി; ഫ്രാൻസിസ്സിന്റെ ചൈനായാത്രയ്ക്കുള്ള ദിവസം സമീപിച്ചു. ഫാദർ ഗാഗോ, ബ്രദർ അല്വാറൊ പെരെയിര, ചൈനാക്കാരനായ ആൻറണി, മലയാളിയായ ക്രിസ്റ്റോഫർ എന്നിവർ അദ്ദേഹത്തെ അനുഗമിക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടു. സെയിൻറ് പോൾസ് കോളേജിൽ എട്ടു വർഷം പഠിച്ച ആൻറണി ചൈനായിലെ അദ്ദേഹത്തിന്റെ ദ്വിഭാഷിയായി ഉദ്ദേശിക്കപ്പെട്ടു. ക്രിസ്റ്റഫർ ഒരു പരിചാരകനായിരുന്നു. ജപ്പാനിലേക്കു ടോറിസ്സിന്റെയും

ഫെർണാൻറസ്സിൻെറയും സഹകാരികളായി ധർമ്മസ
ഹോദരന്മാരായ അല്ക്കാകപായും ദുവാർത്തി ഡി സില്
വായും നിയോഗിക്കപ്പെട്ട. അവർ ജാപ്പനീസ് രാജപു
രുഷനെ ജപ്പാനിലേക്ക് അനുയാനംചെയ്യുകയും ബംഗോ
വിലെ പ്രഭുവിനുള്ള വൈസ്രോയിയുടെ മറുപടിയും സ
മ്മാനങ്ങളും വഹിക്കുകയും ചെയ്യണമായിരുന്നു. ബ്രദർ
ആൻഡ്രൂ ഫെർണാഡസ്സ് ഫ്രാൻസിസ്സിൻെറ എഴുത്തു
കൾ കൊണ്ടുപോകുന്നതിനും റൊഡ്രിഗസ്സിനെയും ഇ
ഗ്നേഷ്യസ്സിനെയും കണ്ടു നേരിട്ട സംഗതികൾ ഗ്രഹിപ്പി
ക്കുന്നതിനുമായി യൂറോപ്പിലേക്കു പോകുന്നതിന് ഉദ്യോ
ഗിക്കപ്പെട്ട. അയാൾ ജപ്പാൻകാരായ ബെർണാർഡിനെ
യും മാത്യുവിനെയും കൂട്ടിക്കൊണ്ടു പോകണമായിരുന്നു.

വലിയ വ്യാഴാഴ്ച ഫ്രാൻസിസ്സും അനുചരന്മാരും ക
പ്പൽ കയറി. അദ്ദേഹം തൻെറ സ്നേഹിതനായ കോസ്മി
ആനിസ്സിനോടു യാത്രപറഞ്ഞപ്പോൾ, ആയാൾ, "നാം
തമ്മിൽ ഇനി എന്നു കാണും?" എന്നു ചോദിച്ചു; "ജോ
സഫാത്തു താഴ്വരയിൽ," എന്നായിരുന്നു അദ്ദേഹത്തി
ൻെറ ഉത്തരം. തനിക്കു സ്വസ്ഥ്യയനംചെയ്ത കാഥ
റൈൻ ഡി ചാവിസ് എന്ന ഒരു സ്ത്രീയോടും അദ്ദേഹം
ഈവിധം ദീർഘദർശനദ്യോതകമായി സംസാരിച്ചു: "ഇ
നി നാംതമ്മിൽ ഒരിക്കലും കാണുകയില്ല"; അതുകേട്ട
പ്പോൾ അവൾക്കുണ്ടായ സങ്കടം കണ്ടിട്ട് അവളെ ആ
ശ്വസിപ്പിക്കുന്നതിനായി അദ്ദേഹം തുടർന്നു പറഞ്ഞു:
"ആശ്വസിക്കുക, നിങ്ങൾ മരിക്കുന്നതിനുമുൻപായി എ
ന്നെ വീണ്ടും കാണും." 1554 മാർച്ചിൽ അദ്ദേഹത്തി
ൻെറ അജീർണ്ണമായ മൃതശരീരം ആഘോഷപൂർവ്വം ഗോ
വായിൽ കൊണ്ടുവരപ്പെട്ടപ്പോഴായിരുന്നു അവൾ അദ്ദേ
ഹത്തെ വീണ്ടും കണ്ടതു്.

1552 ഏപ്രിൽ 17-ന-, ഈസ്റ്റർ ദിവസം, കാറ്റ് അനുകൂലമായി വീശിത്തുടങ്ങിയപ്പോൾ, കപ്പൽ ഗോവായിൽനിന്നു പുറപ്പെട്ടു.

അദ്ധ്യായം ൧൭

ചൈനായിലേക്കുള്ള യാത്രയും മരണവും.

കൊച്ചിയിൽ വന്നപ്പോൾ ഫ്രാൻസിസ്സിനു കന്യാകുമാരിയിൽനിന്നു ഫാദർ എന്റിക്കെസ്സിന്റെ ഒരെഴുത്തു കിട്ടി. അതിൽ തന്റെ സഹപ്രവർത്തകനായിരുന്ന ഒരു മിഷനറി മരിച്ചുപോയെന്നും അപ്പോൾ ഒരു ധർമ്മസഹോദരൻ മാത്രമേ തനിക്കു സഹായിയായി ഉണ്ടായിരുന്നുള്ളുവെന്നും അതുകൊണ്ടു് ഏതാനും മിഷനറിമാരെക്കൂടി അവിടെ അത്യാവശ്യമായിരുന്നുവെന്നും എന്റിക്കസ് എഴുതിയിരുന്നു. ഫ്രാൻസിസ് അപ്പോൾതന്നെ ഒരു ധർമ്മസഹോദരനെ കന്യാകുമാരിയിലേക്ക് അയക്കുകയും രണ്ടുപേരെക്കൂടെ അയച്ചുകൊടുക്കുന്നതിനു ഗോവായിൽ ഗാർ ബാർസിക്ക് എഴുതുകയും ചെയ്തു. കൊച്ചിയിൽ അദ്ദേഹം ഒട്ടും താമസിച്ചില്ല. കപ്പൽ സുമാട്രായുടെ സമീപംവച്ചു് ഒരു വലിയ കൊടുങ്കാറ്റിൽ അകപ്പെട്ടുവെങ്കിലും ആപത്തുകൂടാതെ മേയ് മാസം ഒടുവിൽ മലാക്കായിലെത്തി. അവിടെ ഫ്രാൻസിസ്സും അനുചരന്മാരും ആഘോഷപൂർവ്വം സ്വീകരിക്കപ്പെട്ടു. അവർ ഫാദർ പീരിസ്സിന്റെകൂടെ അവിടത്തെ ജസ്യൂട്ടുമന്ദിരത്തിൽ താമസമാക്കി. ഡിയോഗോ പെരെയിരാ ചൈനായിൽ കച്ചവടത്തിനു കൊണ്ടുപോകുന്നതിനു കുറുമുളകു മുതലായ ച

രക്ഷകം ശേഖരിക്കുന്നതിനായി അടുത്തുള്ള ദ്വീപുകളിൽ പോയിരിക്കുകയായിരുന്നു. അയാൾ അപ്പോൾ സിംഗപ്പൂരിൽ ഉണ്ടെന്ന് അറിഞ്ഞു ഫ്രാൻസിസ് അവിടത്തേക്ക് ഒരു എഴുത്തയച്ച് അയാൾ ചൈനായിലേക്കുള്ള രാജപുരുഷനായി നിയമിക്കപ്പെട്ടുകഴിഞ്ഞുവെന്ന വിവരം അറിയിച്ചു. ആ എഴുത്തു കൊണ്ടുപോയ കപ്പൽ ചൈനായിലേക്കു പോകുന്നതായിരുന്നു. അല്ക്കാകപാമുതലായി ജപ്പാനിലേക്കുള്ള മിഷനറിമാർ അതിൽ യാത്രചെയ്തു. തൻറെകൂടെ ചൈനായിലേക്കു കൊണ്ടുപോകുന്നതിന് ഉദ്ദേശിച്ചിരുന്ന ഫാദർ ഗാഗോയെക്കൂടി ഫ്രാൻസിസ് ഫാദർ ടോറിസ്സിനെ സഹായിക്കുന്നതിനായി ജപ്പാനിലേക്ക് അയച്ചു.

സേവിയർ മലാക്കായിലെത്തിയ സമയം ആ പട്ടണം ആസകലം പ്ലേഗ് കലശലായി ബാധിച്ചിരുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതു പുതുതായിവന്നിറങ്ങിയ നാവികരിലും സംക്രമിച്ചു. സേവിയർ നിർഭയനായും അക്ഷീണനായും രോഗാതുരരെ ശുശ്രൂഷിച്ചു. ആശുപത്രിയും അതിനടുത്തുള്ള കെട്ടിടങ്ങളും രോഗികളെക്കൊണ്ടു നിറഞ്ഞു. അവിടെയെങ്ങും സ്ഥലം പോരാതെ വന്നപ്പോൾ തുറമുഖത്തിൽ കിടന്നിരുന്ന കപ്പലുകളും ക്രമേണയും തൽക്കാലം ആശുപത്രികളായി ഉപയോഗിക്കപ്പെട്ടു. കപ്പിത്താനായ ഡോൺ അല്വരോയും രോഗബാധിതനായി. സേവിയർ മുറയ്ക്ക് അയാളെ സന്ദർശിക്കുകയും അയാളുടെ വീട്ടിൽവച്ചു കുർബാന ചൊല്ലുകയും ചെയ്തു. മലാക്കാതുറമുഖത്തിൽ വരുന്ന കപ്പലുകൾ ഈ കപ്പിത്താൻറെ ആജ്ഞയ്ക്ക് അധീനങ്ങളായിരുന്നു. ചൈനയിലേക്കുള്ള രാജകീയ ദൌത്യത്തോട് അയാൾക്കു പ്രാതികൂല്യമുണ്ടെന്ന് സേവിയർ ശങ്കിച്ചിരുന്നു. അദ്ദേഹം മലാക്കായിൽ വന്നു രണ്ടാഴ്ച കഴിഞ്ഞപ്പോൾ

ഡിയോഗോ പെരെയിരായും 'സന്തക്രൂസും' മടങ്ങിയെത്തി. അയാളും അയാളുടെ സഹസാംയാത്രികരും വലിയ തുകകൾ മുടക്കി ചൈനയിലേക്കു കൊണ്ടുപോകുന്നതിനായി കച്ചവടച്ചരക്കുകൾ ശേഖരിക്കുകയും ഒരു ലക്ഷത്തോളം രൂപ വിലപിടിക്കുന്ന കാഴ്ചവസ്തുക്കൾ ചൈനീസ് ചക്രവർത്തിക്കായി സജ്ജീകരിക്കുകയും ചെയ്തിരുന്നു.

ഫ്രാൻസിസ്സും ഡിയോഗോയും യാത്രയ്ക്കുള്ള സകല ഒരുക്കങ്ങളും ചെയ്തുകഴിഞ്ഞു. 'സന്തക്രൂസ്' പുറപ്പെടുന്നതിന് ഏതാനും ദിവസങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. അപ്പോൾ സേവിയർ ശങ്കിച്ചിരുന്ന ദുരദൃഷ്ടം സംഭവിച്ചു. ഡോൺ ആല്വറോ സന്തക്രൂസ്സിന്റെ യാത്രയെ നിരോധിച്ചു. അതിന് അയാൾ പറഞ്ഞ കാരണം ജാവാക്കാരുടെ ഒരു നൌകാസംഘം മലാക്കായെ ആക്രമിക്കാനായി വരുന്നുവെന്നും അതുകൊണ്ടു തുറമുഖസംരക്ഷണത്തിനു ഡിയോഗോയുടെ കപ്പൽക്കൂടി ആവശ്യമാണെന്നുമായിരുന്നു. കപ്പിത്താന്റെ ഉത്തരവനുസരിച്ച് അയാളുടെ കിങ്കരന്മാർ അതിന്റെ ചുക്കാൻ എടുത്തു അയാളുടെ വീട്ടിൽ കൊണ്ടുപോയി ഭദ്രമായി സൂക്ഷിക്കുകയും ചെയ്തു. ജാവനീസ് കപ്പലുകൾ വന്നു ചേർന്നശേഷം അവയ്ക്കു ആക്രമണോദ്ദേശ്യമില്ലെന്നു സ്പഷ്ടമായപ്പോൾ കപ്പിത്താന്റെ യഥാർത്ഥ മനഃസ്ഥിതി പ്രത്യക്ഷമായി. യാതൊരു കാരണവശാലും ഡിയോഗോയെ രാജപ്രതിനിധിയായി ചൈനായിലേക്കു പോകുന്നതിന് അയാൾ അനുവദിക്കുകയില്ല. കേവലം ഒരു വണിക് മാത്രമായ ഡിയോഗോ ഒരു മഹാരാജ്യമായ ചൈനായിലേക്കു പോർട്ടുഗീസ് സാമ്രാജ്യത്തിന്റെ രാജപുരുഷനായി നിയോഗിക്കപ്പെട്ടതിൽ—അതും തന്നോടു് ആലോചിക്കാതെ—വാസ്കോഡിഗാമായുടെ പുത്രനായ ഡോൺ ആല്വറോ അസൂയാഭരിതനായതായിരിക്കണം. ഈ

ദൗർഭാഗ്യകരമായ സംഭവവികാസത്തിനു കാരണം. അയാളുടെ ജ്യേഷ്ഠനായ ഡോൺ പെദ്രോവും മലാക്കായിലെ മറ്റു പ്രധാനന്മാരും അവരുടെ പ്രേരണാശക്തി മുഴുവനും പ്രയോഗിച്ചിട്ടും അയാളുടെ മർക്കടമുഷ്ടിക്ക് ഒട്ടുമയവുണ്ടായില്ല. അയാളുടെ എതിരുകക്ഷിക്കാർ ചുക്കാൻ ബലമായി എടുക്കാൻ ശ്രമിക്കുകയും അതുമൂലം ഒരു ആഭ്യന്തരകലഹമുണ്ടാവുമെന്നു ലക്ഷണങ്ങൾ കാണുകയും ചെയ്തപ്പോൾ ഫ്രാൻസിസ്സുതന്നെ ബലം പ്രയോഗിക്കാനുദ്ദേശിച്ചവരെ നിരോധിക്കുകയും സമാധാനമുണ്ടാക്കുകയും ചെയ്തു.

അനന്തരം അദ്ദേഹം സമാധാനപരമായ വേറൊരു മാർഗ്ഗം അവലംബിച്ചു. അദ്ദേഹം മാർപ്പാപ്പായുടെ പ്രതിനിധിയായിരുന്നുവല്ലോ. മാർപ്പാപ്പായുടെ പ്രതിനിധിയുടെ കൃത്യനിർവ്വഹണത്തിനു പ്രതിബന്ധമുണ്ടാക്കുന്നതായാൽ ക്രൈസ്തവ തിരുസഭയിൽനിന്നു സ്വയം ബഹിഷ്കൃതനാകുന്നതുപോലെ ഗൗരവാവഹമായ ഒരു പാപമാണ് ചെയ്യുന്നതു്. അതുകൊണ്ടു ഡോൺ ആല്വരോ രാജപ്രതിനിധിയെ തടയുകമൂലം രാജശിക്ഷയ്ക്ക് അർഹനാകുന്നതിനുംപുറമേ മാർപ്പാപ്പായുടെ പ്രതിനിധിയെ ധിക്കരിച്ചാൽ ഭയംകരമായ ഈശപ്രശിക്ഷയ്ക്കു പാത്രീഭവിക്കും. താൻ മാർപ്പാപ്പായുടെ പ്രതിനിധിയാണെന്നുള്ള വസ്തുത വിനയാതിരേകംകൊണ്ടു് ഇതുവരെ ഫ്രാൻസിസ്സു് പ്രസിദ്ധീകരിച്ചിട്ടില്ലായിരുന്നു. ഗോവാ മെത്രാനുമാത്രമെ ആ വിവരം അറിയാമായിരുന്നുള്ളൂ. ഇപ്പോൾ തന്റെ അധികാരം പ്രദർശിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്യേണ്ട ആവശ്യം നേരിട്ടുകയാൽ അദ്ദേഹം സ്ഥലത്തെ വൈദികാധികാരിയെ അഭിഗമിച്ചു് ഈ സംഗതിയിൽ ആല്വരോയ്ക്കു വേണ്ട ഉപദേശം നല്കുന്നതിനു് അപേക്ഷിച്ചു. മാർപ്പാപ്പാ നല്കിയ അധികാരപത്രം

ഗോവായിൽ സൂക്ഷിക്കപ്പെട്ടിരിക്കുകയായിരുന്നു. അതിനു പകരം ഒരു സത്യവാങ്മൂലവും, മെത്രാൻ ചൈനീസ് ചക്രവർത്തിക്കു കൊടുക്കാനായി നല്കിയ ശുപാർശക്കത്തും, ഡിയോഗോയെ രാജപ്രതിനിധിയായി നിയമിക്കുന്ന വൈസ്രോയിയുടെ ഉത്തരവും ഫ്രാൻസിസ്സ് പ്രസ്തുത വൈദികാധികാരിയെ ഏല്പിച്ചു. ഈ രേഖകളോടുകൂടി ആ വൈദികൻ ഫാദർ പീരിസിനാലും ഒരു ഉയർന്ന ഉദ്യോഗസ്ഥനാലും അനുഗതനായി ആല്വാരോയെ സമീപിച്ചു. അവരുടെ നിവേദനങ്ങൾകൊണ്ടു യാതൊരു ഫലവുമുണ്ടായില്ല. ഫ്രാൻസിസ്സിനെ പേപ്പൽ പ്രതിനിധിയായി നിയമിക്കുന്ന അസൽ ഉത്തരവുതന്നെ കാണണമെന്ന് അയാൾ ശഠിച്ചു. അവർ രാജപ്രതിനിധിയേ സംബന്ധിച്ച വൈസ്രോയിയുടെ അസലുത്തരവു് കാണിച്ചു് അതിനെ അവഗണിച്ചാലുണ്ടാകാവുന്ന ദോഷഫലങ്ങളെപ്പറ്റി അയാളെ അനുസ്മരിപ്പിച്ചപ്പോൾ, അയാൾ കോപസംഭ്രാന്തനായി കസേരയിൽ നിന്നു ചാടിയെഴുന്നേറ്റു നിലത്തു തുപ്പി തുപ്പൽ ചവുട്ടിത്തേച്ചുകൊണ്ടു്, "രാജാവിന്റെ ഉത്തരവുകളെ ഞാൻ ഇതുപോലെ വിചാരിച്ചിരിക്കുന്നു." എന്നു ഗർജ്ജിച്ചു. അതിനെത്തുടർന്നു തനിക്കു വശമുള്ള അശ്ലീലഭാഷ മുഴുവനും ഉപയോഗിച്ചു് അയാൾ ഫ്രാൻസിസ്സിനെ അധിക്ഷേപിച്ചു. അദ്ദേഹം മനുഷ്യരിൽ ഏറ്റവും നികൃഷ്ടനാണെന്നും, ദാംഭികനാണെന്നും, കൃത്രിമ രേഖകൾ നിർമ്മിക്കുന്നവനാണെന്നും മറ്റും അയാൾ പട്ടണമൊട്ടുക്കു കേൾക്കത്തക്കവണ്ണം അലറി.

ഇങ്ങനെ ഫ്രാൻസിസ്സിന്റെ അവസാനശ്രമവും വിഫലീഭവിച്ചു. മലാക്കായിലെ താമസംതന്നെ അദ്ദേഹത്തിനു ദുസ്സഹമായിത്തീർന്നു. കപ്പിത്താന്റെ സേവകന്മാരും അയാളെ അനുകരിച്ചു് അദ്ദേഹത്തെ ആക്ഷേപി

ച്ചുതുടങ്ങി. അവർ അദ്ദേഹത്തെ മദ്യപാനിയെന്നും, വ്യഭിചാരിയെന്നും, വഞ്ചകനെന്നും, കള്ളസ്സന്യാസിയെന്നും മറ്റും വിളിച്ചു പരിഹസിച്ചു. ഇക്കൂട്ടരുടെ ശല്യംനിമിത്തം അദ്ദേഹത്തിനു പുറത്തിറങ്ങാൻ നിവൃത്തിയില്ലാതെയായി. "എന്റെ ജീവിതകാലത്തു ഞാൻ ഒരിക്കലും ഇതുപോലെ പീഡിതനായിട്ടില്ല; മുഹമ്മദീയർ തുടങ്ങിയ അക്രൈസ്തവരുടെ ഇടയിൽപോലും ഇത്തരം ഒരു് അനുഭവം എനിക്കുണ്ടായിട്ടില്ല" എന്നു് അദ്ദേഹം നിർവ്വിണ്ണനായി സ്നേഹിതന്മാരോടു പറഞ്ഞു. എങ്കിലും അദ്ദേഹം അക്ഷമനായില്ല. ഡോൺ ആല്വരോയുടെ ഹൃദയപരിവർത്തനത്തിനായി അദ്ദേഹം നിരന്തരം പ്രാർത്ഥിച്ചു. ആ മഹാപാപിയോടു് അദ്ദേഹത്തിനു കോപമല്ല അനുകമ്പയാണു് ഉണ്ടായതു്. അയാൾക്കു് ആസന്നമായിരുന്ന ഈശ്വരകോപഫലമായ ഭയങ്കര ശിക്ഷയെ ഓർത്തു് അദ്ദേഹം സഹതപിച്ചു. അദ്ദേഹത്തിനു് ഏറ്റവും വ്യസനകരമായിരുന്നതു് ഡിയോഗോ പെരെയിരയുടെയും സഹസാംയാത്രികന്മാരുടെയും സ്ഥിതിയാണു്. ചൈനായാത്ര മുടങ്ങിയതുകൊണ്ടു് അവർക്കു ഭീമമായ നഷ്ടം നേരിട്ടു. ആ നഷ്ടത്തിനു് ഒരുവിധത്തിൽ ഉത്തരവാദി അദ്ദേഹം ആയിരുന്നുവല്ലോ. ഇതുസംബന്ധിച്ചു് അദ്ദേഹത്തിന്റെ മനസ്സിനുണ്ടായ അസ്വാസ്ഥ്യമെത്ര ദുസ്സഹമായിരുന്നുവെന്നു ജൂൺ 25-നു- അദ്ദേഹം ഡിയോഗോയ്ക്കു കൊടുത്തയച്ച ഒരെഴുത്തിൽനിന്നു നമുക്കു ഗ്രഹിക്കാവുന്നതാണു്. "ശ്രീമൻ, നിങ്ങൾക്കു് എന്നെപ്പറ്റി പരാതി പറയാൻ തക്കതായ കാരണമുണ്ടു്. ഞാൻ നിങ്ങളെയും നിങ്ങളുടെ കുട്ടികച്ചവടക്കാരെയും മിക്കവാറും നശിപ്പിച്ചിരിക്കുന്നു.....നിങ്ങൾ എന്നെ കാണാൻ വരരുതെന്നു ഞാൻ അപേക്ഷിക്കുന്നു; നിങ്ങളെക്കാണുമ്പോൾ എന്റെ ദുഃഖം ദുസ്സഹമായിത്തീരു

ന്നു. നിങ്ങൾക്ക് ഇത്ര വലുതായ നഷ്ടത്തിനു ഹേതുഭൂതൻ ഞാനാണെന്നുള്ള വിചാരം എന്നെ വളരെ ശല്യപ്പെടുത്തുന്നു.....നിങ്ങളെ ചൈനയിലേക്കു രാജപ്രതിനിധിയായി നിയമിക്കുന്നതിനു വൈസ്രോയിയെ പ്രേരിപ്പിച്ചതും നിങ്ങളെ ആ ഉദ്യോഗം സ്വീകരിക്കുന്നതിനും അതിനായി ഒരുങ്ങുന്നതിനുമൊക്കെ ഉത്സാഹിപ്പിച്ചതും ഞാനാണെന്നു രാജാവിന് എഴുതുകയല്ലാതെ എനിക്ക് നിങ്ങൾക്കുവേണ്ടി മറ്റു യാതൊന്നും ചെയ്യുന്നതിനു കഴിവില്ല. ഇതിലെല്ലാം ഈശ്വരനെയും രാജാവിനെയും സേവിക്കുകയെന്നതു മാത്രമായിരുന്നു എന്റെ ഉദ്ദേശ്യമെന്ന ബോധമൊന്നു മാത്രമാണ് എനിക്ക് ആശ്വാസപ്രദമായിട്ടുള്ളതു്. അതില്ലായിരുന്നുവെങ്കിൽ എന്റെ ആധി മരണകരമായ ഒരു വ്യാധിയായിപ്പരിണമിക്കുമായിരുന്നു.....എന്ന് അങ്ങേയുടെ വ്യസനാക്രാന്തനും അനന്യഗതിയുമായ ഫ്രാൻസിസ്സ്.''

ജൂൺമാസം ഒടുവിൽ മൊളുക്കാദ്വീപുകളിൽനിന്നു മൂന്നു കപ്പൽ മലാക്കായിൽ വന്നു. അവയിലെ യാത്രക്കാരുടെ കൂട്ടത്തിൽ ടെർണേറ്റിൽ കപ്പിത്താനായിരുന്ന ഡിസോസായും ഫാദർ ജോൺ ബെയിറായുമുണ്ടായിരുന്നു. അഞ്ചു വർഷങ്ങൾക്കു മുൻപു് മലാക്കായിൽവച്ചു ബെയിറാ ഫ്രാൻസിസ്സിനോടു യാത്രപറഞ്ഞു മൊളുക്കായിലേക്കു പോയശേഷം ഇപ്പോൾമാത്രമായിരുന്നു അവർ തമ്മിൽ കാണുന്നതു്. ടെർണേറ്റിലും മറ്റുമുണ്ടായ ക്രിസ്തുമതമർദ്ദനങ്ങളെയും അവയുടെ ശുഭകരമായ പര്യവസാനത്തെയുംമറ്റുംപറ്റി സുദീർഘമായ ഒരു കഥ ആ മിഷനറിക്ക് അദ്ദേഹത്തോടു പറയാനുണ്ടായിരുന്നു. അദ്ദേഹം അപ്പോൾ കൂടുതൽ മിഷനറിമാരെ കൊണ്ടുവരുന്നതിനായി ഇൻഡ്യയിലേക്കു പോവുകയായിരുന്നു.

ഡിസോസാ ഡോൺ ആൽവരോയുടെ നടപടിയെപ്പറ്റി അറിഞ്ഞു, ആയാളെക്കൊണ്ടു ന്യായം പ്രവർത്തിപ്പിക്കുന്നതിന് അവസാനമായി ഒന്നു ശ്രമിച്ചു. അയാൾ വളരെ സാഹസം ചെയ്തതിന്റെ ഫലമായി ഒരു സംഗതിയിൽ കപ്പിത്താൻ അനുകൂലിച്ചു; സന്തക്രൂസ് അതിലുള്ള ചരക്കോടുകൂടി ചൈനയിലേക്കു പോകുന്നതിനും ഫ്രാൻസിസ് അതിൽ യാത്രചെയ്യുന്നതിനും അയാൾക്കു വിരോധമില്ല; പക്ഷെ, കപ്പലിനെ നയിക്കുന്ന കപ്പിത്താൻ അയാൾ തിരഞ്ഞെടുക്കുന്ന ഒരാൾ ആയിരിക്കണം; ആ കപ്പിത്താനോടുകൂടി തന്റെ ആളുകളായി ഇരുപത്തിയഞ്ചുപേരെക്കൂടി അയാൾ അയക്കും. പെരെയിരാ മലാക്കായിൽ താമസിക്കണം; പെരെയിരയ്ക്കു പകരം ഒരു ഏജൻറിനെ വേണമെങ്കിൽ അയക്കാം.

ഈ വ്യവസ്ഥകളനുസരിച്ച് 'സന്തക്രൂസ്' വിടുന്നതിനു ഡിയോഗോ പെരെയിരാ സന്നദ്ധനായി. ഗത്യന്തരമില്ലാതെ ഫ്രാൻസിസും അതിൽ പോകുന്നതിനു സമ്മതിച്ചു. പെരെയിര അദ്ദേഹത്തിന്റെ സുഖസൌകര്യങ്ങൾക്കു വേണ്ടതെല്ലാം ഏർപ്പാടുചെയ്തു.

ഫ്രാൻസിസ് സ്നേഹിതന്മാരോടു യാത്രപറഞ്ഞു. ഡിയോഗോ പെരെയിരയുടെ താൻമൂലം വലുതായ നഷ്ടം നേരിട്ടുവെങ്കിലും ദൈവം അയാളെ സവിശേഷം അനുഗ്രഹിക്കുമെന്നും അയാളും അയാളുടെ സന്തതികളും ഒരിക്കലും യാതൊരു ബുദ്ധിമുട്ടും ദാരിദ്ര്യദുഃഖവും അനുഭവിക്കുകയില്ലെന്നും അദ്ദേഹം ആശീർവദിച്ചു. ഈ ആശീർവാദം അക്ഷരംപ്രതി നിറവേറിയിട്ടുണ്ട്. ഫാദർ പീരിസ് അപ്പോൾ ജ്വരബാധിതനായിക്കിടക്കുകയായിരുന്നു. ആസന്നമരണനാണെന്നു ഭയപ്പെട്ട് ആ വൈദികൻ ഫ്രാൻസിസ്സിന്റെ സാന്നിദ്ധ്യത്തിൽ മരിക്കണമെന്ന് അപേക്ഷിച്ചു. അയാൾ ആ രോഗ

ത്താൽ മരിക്കുകയില്ലെന്നും ഇനിയും അനേകവർഷക്കാലം ജീവിച്ചിരിക്കുമെന്നും അദ്ദേഹം ഉറപ്പുപറഞ്ഞു. അതിനു ശേഷം അദ്ദേഹം കപ്പൽ കയറുന്നതിനു പോകുന്നവഴിക്കു സ്ഥലത്തെ വൈദികാധികാരി ഓടിവന്ന് അദ്ദേഹം കപ്പിത്താനോടു യാത്രപറയണമെന്നപേക്ഷിച്ചു. "ഈ ലോകത്തുവച്ചു ഡോൺ ആല്വരൊ എന്നെ ഇനി ഒരിക്കലും കാണുകയില്ല. ദൈവത്തിന്റെ ന്യായാസനസന്നിധിയിൽവച്ചു് അയാളെ ഞാൻ കാണും; അയാൾ ഇപ്പോൾ എന്നോടു ചെയ്തിരിക്കുന്നതിനെപ്പറ്റി ഒരു സമാധാനം അവിടെവച്ചു് അയാൾ തരേണ്ടിവരും," എന്നായിരുന്ന അദ്ദേഹത്തിന്റെ മറുപടി. തുറമുഖത്തിനടുത്തുള്ള ദേവാലയത്തിന്റെ മുൻവശത്തുചെന്നപ്പോൾ അദ്ദേഹം ബലിപീഠത്തോടു് അഭിമുഖമായി ഉക്കിപ്പിച്ച ബാഹുവായിനിന്ന തന്റെ പീഡകനുവേണ്ടി ഉച്ചത്തിൽ പ്രാർത്ഥിച്ചു. ഈ പ്രാർത്ഥനയ്ക്കുശേഷം അദ്ദേഹം അല്പനേരം നിശ്ശബ്ദനായി തറയിൽ സാഷ്ടാംഗപ്രണാമം ചെയ്തു. അനന്തരം അദ്ദേഹം എഴുന്നേറ്റു തന്റെ ചെരുപ്പുകളൂരി മലാക്കായിലെ പൊടി അവയിൽനിന്നു തട്ടിക്കളഞ്ഞു. ഈ വിധം മലാക്കായോടു് അവസാനയാത്രപറഞ്ഞുകൊണ്ടു് അദ്ദേഹം കപ്പൽകയറി. ജൂലൈ മദ്ധ്യത്തിൽ സന്തക്രൂസ് മലാക്കായിൽനിന്നു പുറപ്പെട്ടു.

സിംഗപ്പൂരിൽനിന്നു ഫ്രാൻസിസ്സ് എട്ടു എഴുത്തുകൾ (ജൂലൈ 21, 22)—ഡിയോഗോ പെരെയിരയ്ക്കും, പീരിസിനും, ബെയിറായ്ക്കും, ജപ്പാൻകാരനായ ജോണിനും, പോർട്ടുഗൽ രാജാവിനും, ഗോവാമെത്രാനും, ഗാസ്പർ ബാർസിക്കും—എഴുതി. രാജാവിനുള്ള എഴുത്തിൽ ഡിയോഗോയെ അദ്ദേഹം വളരെ സ്തുതിക്കുകയും അയാളുടെ ധർമ്മസേവനതൽപരതയെ അഭിനന്ദിക്കുകയും ചെയ്തു. മെത്രാനുള്ള എഴുത്തിൽ താൻ മാർപ്പാപ്പായുടെ പ്രതി

നിധിയാണെന്നുള്ളതിന് ഒരു സാക്ഷ്യപത്രം മലാക്കായിലേക്കു അയക്കുന്നതിനും ഡോൺ ആല്വരോ തിരുസഭയിൽ നിന്നു ബഹിഷ്കൃതനാണെന്നുള്ള വസ്തുത പരസ്യമായി പ്രഖ്യാപനം ചെയ്യുന്നതിന് അവിടത്തെ വൈദികാധികാരിയോടു് ആജ്ഞാപിക്കുന്നതിനും അദ്ദേഹം അപേക്ഷിച്ചു. "ഫാദർ ഗാസ്പർ, മലാക്കായിൽ ഞാൻ എത്രമാത്രം പീഡിപ്പിക്കപ്പെട്ടുവെന്നു നിങ്ങൾക്കു് ഊഹിക്കാൻ സാധിക്കുകയില്ല. ഞാൻ ഇപ്പോൾ കാൻറണിനടുത്തുള്ള ഒരു ദ്വീപിലേക്കു പോവുകയാണു്; മനുഷ്യസഹായം എനിക്കു നിശ്ശേഷം നഷ്ടമായിരിക്കുന്നു: വല്ല മുഹമ്മദീയനുമോ ചീനനുമോ എന്നെ ചൈനായിൽ എത്തുന്നതിനു സഹായിക്കുമായിരിക്കുമെന്നുള്ള പ്രത്യാശ മാത്രമെ എനിക്കുള്ളൂ; അതിനു് എനിക്കുണ്ടായിരുന്ന സൌകര്യം ഡോൺ ആല്വരോ ഇല്ലാതാക്കിയിരിക്കുന്നു" എന്നു് അദ്ദേഹം നിർവ്വേദപൂർവ്വം ഗാസ്പർ ബാർസിക്കു് എഴുതി.

ആഗസ്റ്റ് ഒടുവിൽ 'സന്താക്രൂസു്' സാഞ്ചിയാൻ ദ്വീപിലെത്തി. ഇതു് ചൈനയുടെ തീരത്തിനടുത്തുതന്നെ കാൻറൺ പട്ടണത്തിൽനിന്നു മുപ്പതു മൈൽ ദൂരെ സ്ഥിതി ചെയ്യുന്നു; ചൈനായിലെ തുറമുഖങ്ങളിൽ പോർട്ടുഗീസുകപ്പലുകൾക്കു പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാതിരുന്നതുനിമിത്തം പോർട്ടുഗീസുകാരും ചീനന്മാരുമായ കച്ചവടക്കാർ ഇവിടെ രഹസ്യമായി സമാഗമിച്ചു വ്യാപാരം നടത്തിയിരുന്നു. അവിടെ സ്ഥിരമായി താമസിക്കാൻ പാടില്ലാതിരുന്ന പോർട്ടുഗീസുകാർ കടലോരത്തു തന്നെ തല്ക്കാല ഷെഡുകൾ കെട്ടി, അവിടെനിന്നു മടങ്ങിപ്പോകുന്നതുവരെ, ഏതാനുംമാസങ്ങൾ കഴിച്ചുകൂട്ടിയിരുന്നു. സ്ഥിരതാമസക്കാരായ കുറെ പാവപ്പെട്ട ചീനന്മാരുടെ കുടിലുകളും ആ ദ്വീപിൻറെ ഒരു ഭാഗത്തു് ഉണ്ടായിരുന്നു.

അവിടെ ഉണ്ടായിരുന്ന പോർട്ടുഗീസുകാർ ഫ്രാൻസിസ്സിനെ ആദരപൂർവ്വം സ്വീകരിച്ചു. അദ്ദേഹത്തിന്റെ ഒരു പൂർവ്വസ്നേഹിതനായിരുന്ന ജോർജ്ജ് ആല്വരെസ്സ് തന്റെ വസതിയിൽ അദ്ദേഹത്തിന് ആതിഥ്യം നല്കി. ഫ്രാൻസിസ്സിന്റെ അപേക്ഷയനുസരിച്ച് ദേവാലയമായി ഉപയോഗിക്കുന്നതിനായി ഒരു പന്തൽ രണ്ടു ദിവസംകൊണ്ട് ഉണ്ടാക്കപ്പെട്ടു. അതിൽ ആദ്യമായി അദ്ദേഹം സെപ്തംബർ നാലാംതീയതി ഞായറാഴ്ച കുർബാന ചൊല്ലി. ചൈനായിലേക്കു കടക്കാൻ സൌകര്യമുണ്ടാകുന്നതുവരെ സാഞ്ചിയാനിൽ അദ്ദേഹം അലസനായിരുന്നില്ല. കുമ്പസാരം, വേദോപദേശം തുടങ്ങിയ പോർട്ടുഗീസുകാരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിച്ചതിനു പുറമെ അദ്ദേഹം അവരുടെ ആശ്രിക്കാക്കാരായ അടിമകളെയും ഏതാനും മുഹമ്മദീയനാവികരെയും ക്രിസ്തുമതതത്ത്വങ്ങൾ പഠിപ്പിക്കുകയും അവരെ ജ്ഞാനസ്നാപനം ചെയ്യുകയും ചെയ്തു.

ഈ ദ്വീപിലെ പോർട്ടുഗീസുകാരുടെ ജീവിതം ഗോവായിലെയും മലാക്കായിലെയുംകാൾ സന്മാർഗ്ഗവിരുദ്ധവും നിരങ്കുശവുമായിരുന്നു. അവരിൽ പലരും വെപ്പാട്ടികളെ താമസിപ്പിച്ചിരുന്നു. മുറപ്രകാരം വിവാഹംചെയ്തു ജീവിക്കുന്നതിന് അവരെ അദ്ദേഹം വിജയകരമായി പ്രേരിപ്പിച്ചു. ഒരു പെൺകുട്ടിയെ സംബന്ധിച്ചു സ്ത്രീധനത്തിന്റെ ആവശ്യം നേരിട്ട. അതു് എങ്ങനെയും ഉണ്ടാക്കിക്കൊടുക്കണമെന്നു വിചാരിച്ചു് വെല്ലോ എന്ന തന്റെ സ്നേഹിതനും ധനികനുമായ പോർട്ടുഗീസുകാരനെ അദ്ദേഹം അഭിഗമിച്ചു. അപ്പോൾ അയാൾ ചതുരംഗംകളിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. കളി മുടക്കുന്നതിനുള്ള മടികൊണ്ടും ഫ്രാൻസിസ്സിലുള്ള വിശ്വാസംകൊണ്ടും പണപ്പെട്ടിയുടെ താക്കോൽ അയാൾ

അദ്ദേഹത്തെ ഏല്പിച്ചിട്ട് ആവശ്യമുള്ള പണം എടുത്തുകൊള്ളാൻ പറഞ്ഞു. കളിതീർന്ന് അയാൾ താമസസ്ഥലത്തു മടങ്ങിച്ചെന്ന പെട്ടി തുറന്നപ്പോൾ അതിൽ പണം മുഴുവനുമുണ്ടായിരുന്ന. അയാൾ ഫ്രാൻസിസ്സിനെക്കണ്ട് അദ്ദേഹത്തിന് ആവശ്യംപോലെ പണം എടുത്തുകൊള്ളുന്നതിനായി താക്കോൽ കൊടുത്തിട്ട് എടുക്കാഞ്ഞതു് എന്തുകൊണ്ടാണെന്ന ചോദിച്ചു. അദ്ദേഹം മുന്തിര ശ്രൂപാ പെട്ടിയിൽനിന്ന് എടുത്തുവെന്ന മറുപടി പറഞ്ഞു. വെല്ലോ ആശ്ചര്യപരതന്ത്രനായി, "എന്നിട്ട് അതിൽ ഒറക്കാശുപോലും കുറഞ്ഞില്ലല്ലോ" എന്ന് ഉദ്ഘോഷിച്ചു. "വെല്ലോ, നിങ്ങൾക്ക് ഒരിക്കലും ഈ ലോകത്തു യാതൊന്നിനും കുറവുണ്ടാവുകയില്ലെന്ന ഞാൻ ഉറപ്പുപറയുന്നു," എന്ന് അദ്ദേഹം ആശീർവദിച്ചു. അങ്ങനെ അഗതിയായ ഒരു പെൺകുട്ടിക്കു നല്ലൊരു സ്ത്രീധനം കിട്ടി; അതേസമയത്തു് അതിനെ ദാനംചെയ്ത ഉദാരമതിയുടെ പണത്തിനു യാതൊരു കുറവു വന്നതുമില്ല! ഈ സംഭവം വെല്ലോതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണു്.

ഫ്രാൻസിസ്സ് ചൈനാക്കാരായ കച്ചവടക്കാരോടും ഇടപെട്ട. അവരോടുള്ള സംഭാഷണത്തിൽനിന്ന് ചൈനായെപ്പറ്റി പല പുതിയ അറിവുകളും അദ്ദേഹത്തിനു ലഭിച്ചു. ആ മഹാരാജ്യത്തു് ക്രൈസ്തവധർമ്മസന്ദേശം വഹിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ അഭിനിവേശം ബഹുഗുണീഭവിച്ചു. പക്ഷെ അവിടെ എത്തുന്നതിന് അദ്ദേഹത്തെ സഹായിക്കുന്നതിനു സന്നദ്ധതയുള്ള ചീനന്മാർ ചുരുക്കമായിരുന്ന. അവരുടെ രാജനിയമം അനുസരിച്ച് ഒരു യൂറോപ്യൻ ആ രാജ്യത്തു് പ്രവേശിക്കുന്നതുപോലെതന്നെ അതിനു സഹായിക്കുന്നതും കഠിനമായ ശിക്ഷയ്ക്ക് അർഹമായ ഒരു കുറ്റമായിരുന്ന. സഞ്ചി

യാനിലെ പോർട്ടുഗീസുകാർ അവരുടെ സർവശക്തിയു മുപയോഗിച്ച് അവരുടെ ദൃഷ്ടിയിൽ അതിസാഹസിക മായ ഈ ഉദ്യമത്തിൽനിന്ന് അദ്ദേഹത്തെ പ്രതിനിവർത്തി പ്പിക്കുന്നതിനായി ശ്രമിച്ചു. അവരുടെ ക്രൂരത്തിൽ ചൈ നായിലെ കാരാഗൃഹത്തിൽനിന്ന് അയ്യിടെ രക്ഷപ്പെട്ടവ ന്ന മാന്വെൽ എന്ന പേരായ ഒരുവനുണ്ടായിരുന്നു. അ വന്റെ അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ ചൈനാ യാത്ര വെറും ഭ്രാന്തായിരുന്നു. അതിനെസ്സംബന്ധിച്ചു പോർട്ടുഗീസുകാർ പ്രദർശിപ്പിച്ച ഈ വ്യഗ്രതയിൽ സ്വാ ർത്ഥതക്രൂടി കലർന്നിരുന്നു. ചൈനായിൽവച്ച് ആ ഘട്ട ത്തിൽ ഒരു യൂറോപ്യനെ അവിടത്തെ അധികാരികൾ പിടിക്രൂടുന്നതു് അവർക്കും ആപൽക്കരമായിപ്പരിണമിക്കു മായിരുന്നു. പക്ഷെ ഇതൊന്നും ഫ്രാൻസിസ്സിനെ തട യുന്നതിനു പര്യാപ്തമായിരുന്നില്ല.

ഇങ്ങനെ അനേകം ആഴ്ചകൾ കഴിഞ്ഞു. ഒടുവിൽ ഒരു ചീനനായ വ്യാപാരി ഫ്രാൻസിസ്സിനെ ചൈനായി ലേക്കു കൊണ്ടുപോകുന്നതിനു തയാറായി. മുന്നൂറു ക്രൂ പാ വിലപിടിക്കുന്ന കുരുമുളകു പ്രതിഫലമായി സമ്മതി ച്ച് അവർതമ്മിൽ കരാർചെയ്തു, യാത്രയ്ക്കുള്ള ദിവസവും നിശ്ചയിച്ചു.

പോർട്ടുഗീസുകാർ സാഞ്ചിയാനിൽനിന്നു പോകു ന്നതിനുള്ള കാലമടുത്തു. രണ്ടാഴ്ച ഫ്രാൻസിസ്സിനെ ഒരു കഠിനമായ ജ്വരം ബാധിച്ചിരുന്നു. ഒരുവിധം സുഖമാ യപ്പോൾ അദ്ദേഹം ആദ്യം പുറപ്പെടുന്ന കപ്പലിൽ അ യക്കത്തക്കവണ്ണം ഫാദർ പീരിസ്സിനും ഡിയോഗോ പെ രെയിരയ്ക്കും (ഒക്ടോബർ 22, 1552) ഗാസ്പർ ബാർസീ ക്കും (ഒക്ടോബർ 25, 1552) എഴുത്തുകൾ എഴുതി. പീ രിസ്സിനുള്ള എഴുത്തിൽ തന്റെ ചൈനായാത്രയിൽ നേ രിടാവുന്ന ആപത്തുകളെപ്പറ്റി അദ്ദേഹം പ്രതിപാദി

ക്കുന്നു. അവ എത്ര ഭയങ്കരമായിരുന്നാലും അദ്ദേഹത്തിന്റെ നിശ്ചയം അചാല്യമായിത്തന്നെ സ്ഥിതിചെയ്യുന്നുവെന്ന് അദ്ദേഹം എഴുതുന്നു: "ഈ ലോകത്തു തന്റെ ജീവനെ സ്നേഹിക്കുന്നവന് അതു നഷ്ടപ്പെടും; അതിനെ ദൈവത്തിനുവേണ്ടി നഷ്ടപ്പെടുത്തുന്നവന് അതു ലഭിക്കും. കലപ്പയിൽ കൈവച്ചുകൊണ്ടു പുറകോട്ടു തിരിഞ്ഞുനോക്കുന്നവൻ ദൈവരാജ്യത്തിനു യോഗ്യനല്ല" എന്നീ ഭഗവചനങ്ങളെ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം ലേഖനത്തെ ഇങ്ങനെ ഉപസംഹരിക്കുന്നു: "ഇത്തരം ആദ്ധ്യാത്മികങ്ങളായ, ശാരിരങ്ങളായവയെക്കാൾ വളരെ ദോഷകരങ്ങളായ, വിപത്തുകളെപ്പറ്റി ആലോചിക്കുമ്പോൾ, ആദ്ധ്യാത്മികങ്ങളായ ആപത്തുകളാൽ പരാജിതരാകുന്നതിനെക്കാൾ നമുക്ക് നല്ലതും ക്ഷേമകരവുമായിട്ടുള്ളതു ശാരീരമായ ആപത്തുകളെ സഹിക്കുകയെന്നുള്ളതാണ് എന്നു നാം വിചാരിക്കണം; അതുകൊണ്ട്, ഏതുവിധത്തിലായാലും ഞാൻ ചൈനായിൽ പോകുന്നതിനു കൃതനിശ്ചയനായിരിക്കുന്നു." പ്രസ്തുത ലേഖനത്തിൽ ആല്വരോയുടെ കാലത്തു മലാക്കായിൽ ധർമ്മസേവനം ഉത്സാഹമായതുകൊണ്ട് പീരിസ്സും മറ്റു ജസ്യൂട്ടമിഷനറിമാരും കഴിയുന്നവേഗം അവിടംവിട്ടു പോകണമെന്നു ഫ്രാൻസിസ് ആജ്ഞാപിക്കുന്നു. ഡിയോഗോയുള്ള എഴുത്തിൽ അദ്ദേഹം, തന്നെ ചൈനയിൽ എത്തിക്കാമെന്ന് ഏറ്റിട്ടുള്ള ചീനൻ കരാർ നിറവേറ്റുന്നില്ലെങ്കിൽ, ഒന്നുകിൽ ഇൻഡ്യയിലേക്കു മടങ്ങുകയോ അല്ലെങ്കിൽ സയാമിൽ പോയി അവിടത്തെ രാജാവിന്റെ സഹായത്തോടുകൂടി ചൈനായിലേക്കു കടക്കാൻ ശ്രമിക്കുകയോ ചെയ്യുമെന്നു പ്രസ്താവിക്കുന്നു.

ചൈനയിലേക്കു തന്റെ പ്രധാന സഹചാരിയായി ഫ്രാൻസിസ് ഗണിച്ചിരുന്ന ബ്രദർ ഫെരയിരാ അതിനു

പറഞ്ഞ ആളല്ലെന്നും ഒരു ജസ്യൂട്ടായിരിക്കുന്നതിനുള്ള യോഗ്യതകളെല്ലാം അയാൾക്ക് ഇല്ലെന്നും അദ്ദേഹത്തിന് ഇതിനകം ബോധ്യമാവുകയാൽ അയാളെ മലാക്കായിലേക്ക് മടക്കിയയക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹത്തിന്റെ ദ്വിഭാഷിയായി പരിഗണിക്കപ്പെട്ടിരുന്ന അന്റോണിയോ സ്വദേശം വിട്ടിട്ട് ദീർഘകാലമായിരുന്നതിനാൽ ചീനഭാഷ മിക്കവാറും മറന്നു പോയിരുന്നു. ഇടയ്ക്കു ലോപ്പസ് എന്നൊരാൾ ദ്വിഭാഷിയായിക്കൊള്ളാമെന്നു സമ്മതിച്ചിരുന്നുവെങ്കിലും ഒടുവിൽ അയാളും നഷ്ടധൈര്യനായി പിൻമാറി. എന്നുവരികിലും ദ്വിഭാഷിയുടെ സഹായം കൂടാതെ അന്റോണിയോ, ക്രിസ്റ്റഫർ എന്നീ രണ്ടു പരിചാരകന്മാരാൽമാത്രം അനുഗതനായി ചൈനായിലേക്കു പോകുന്നതിന് അദ്ദേഹം ഉൽക്കണ്ഠിതനായിത്തന്നെ വർത്തിച്ചു.

നിശ്ചിത ദിവസം ചീനൻ അവരെ കാൻറണിലേക്കു കൊണ്ടുപോകുന്നതിനായി വന്നു. പക്ഷേ, അധികാരിയായ കപ്പിത്താൻ പോർട്ടുഗീസുകാരുടെ കച്ചവടസംബന്ധമായ ഏർപ്പാടുകൾ എല്ലാം തീർന്ന് അവരുടെ കപ്പലുകളെല്ലാം സജ്ജീകരിച്ചു തുടങ്ങുവരെ അദ്ദേഹം ചൈനായിലേക്കുള്ള യാത്ര മാറ്റിവയ്ക്കണമെന്ന് ആജ്ഞാപിച്ചു; ഫ്രാൻസിസ്സിനെ ചൈനീസ് അധികാരികൾ പിടിക്രൂടുകയാണെങ്കിൽ അവർ പ്രതികാരമായി പോർട്ടുഗീസുകാരുടെ കപ്പലുകളെ ആക്രമിച്ചേക്കുമെന്ന് അയാൾ ഭയപ്പെട്ടു! അങ്ങനെ വളരെ നൈരാശ്യത്തോടെ ഫ്രാൻസിസ്സ് യാത്ര നീട്ടിവെയ്ക്കേണ്ടിവന്നു. നവംബർ മദ്ധ്യത്തോടുകൂടിയായിരിക്കും പോർട്ടുഗീസു കപ്പലുകൾ സ്ഥലം വിട്ടുന്നത് എന്നുള്ളതുകൊണ്ട്, ആ മാസം 19-നു ചീനനെ വരുന്നതിന് അദ്ദേഹം ഏർപ്പാടുചെയ്തു; അവ

ന്റെ പ്രതിഫലം 500 രൂപയുടെ കൂരുമുളകായി വർദ്ധിപ്പിക്കുകയും ചെയ്തു.

നവംബർ 13-ന- പോർട്ടുഗീസു കപ്പലുകൾ യാത്രയായി. അവയിൽ ഒന്നിൽ ഫ്രാൻസിസ്സ് ഫെരെയിരയെ മലാക്കായിലേക്കയച്ചു. അയാളുടെ കൈയിൽ കൊടുത്തയക്കുന്നതിനായി അദ്ദേഹം പീരിസിനും ഡിയോഗോയ്ക്കും ഗാസ്പർ ബാർസീയ്ക്കും എഴുത്തുകൾ എഴുതി. പീരിസിനുള്ള എഴുത്തിൽ (നവംബർ 12) തന്നെ ചൈനയിലേക്ക് കൊണ്ടുപോകുന്നതിനായി ചീനൻ എട്ടു ദിവസത്തിനുള്ളിൽ വരുമെന്ന് അദ്ദേഹം പ്രതീക്ഷിക്കുന്നതായി എഴുതി. "ഞങ്ങളെ ചൈനീസ്സ് അധികാരികൾ പിടിക്രൂടി തടവുകാരാക്കുമെന്നുള്ളതു വളരെ സംഭാവ്യമാണ്. ഈശ്വരനോടുള്ള സ്നേഹം നിമിത്തം തടവുകാരനാക്കപ്പെടുന്നതു കുരിശിലെ പീഡകളിൽനിന്ന് ഓടിയൊളിച്ചു സ്വതന്ത്രനായിത്തീരുന്നതിനെക്കാൾ വളരെ നല്ലതാണെന്നുള്ള വിചാരം ഞങ്ങൾക്ക് ആശ്വാസപ്രദമായിരിക്കുന്നു." ഡിയോഗോയുടെ എഴുത്തിൽ (നവംബർ 12) അദ്ദേഹം അയാൾക്ക് വീണ്ടും വീണ്ടും നന്ദി പറയുകയും ചൈനായിൽ ക്രിസ്തുധർമ്മം പ്രചരിപ്പിക്കപ്പെടുന്നുവെങ്കിൽ അതിനായുള്ള അഭിനന്ദനത്തിനും പ്രശംസയ്ക്കും ഒന്നാമത്തെ അവകാശി അയാളാണെന്നു പ്രസ്താവിക്കുകയും ചെയ്യുന്നു. "ഞാൻ ചൈനായിൽ പ്രവേശിക്കുന്നുവെങ്കിൽ നിങ്ങൾ എന്നെക്കാണുന്നതു് ഈ രണ്ടു സ്ഥലങ്ങളിലൊന്നിൽവച്ചായിരിക്കുമെന്നു ഞാൻ സങ്കല്പിക്കുന്നു—ഒന്നുകിൽ, ഒരു ബന്ദിയായി കാൻറണിലെ കാരാഗൃഹത്തിൽ, അല്ലെങ്കിൽ, പെക്കിനിലെ രാജാവിന്റെ അരമനയിൽ." 13-ന-ഗാസ്പർ ബാർസിക്കു അദ്ദേഹം എഴുതിയ എഴുത്തു് കഴിഞ്ഞ 12 കൊല്ലമായി അദ്ദേഹത്തിന്റെ നിസ്തന്ദ്രമായ തൂലികയിൽനിന്ന് ഒരു

പാർവതേയ ജലനിപാതംപോലെ അനുസ്യൂതമായി, അ നഗ്ഗളമായി, പ്രവഹിച്ചുകൊണ്ടിരുന്ന ആ ലേഖനപ രംപരയിൽ അവസാനത്തേതായിരുന്നു. അതിൻെറ ഒരു ഭാഗത്തു് അദ്ദേഹം ഇപ്രകാരം എഴുതുന്നു: "ഞാൻ നിങ്ങളോടു നേരിട്ടു പറഞ്ഞിട്ടുള്ളതോ എഴുതി അയ ച്ചിട്ടുള്ളതോ ആയ ഏതും നിങ്ങൾ കൃത്യമായും പൂർണ്ണ മായും നിറ്വഹിക്കണമെന്നു് ഞാൻ ഏറെറം താൽപര്യപൂ റ്വം അപേക്ഷിക്കുന്നു. ഒന്നും മറന്നു പോകരുതു്; ഏതും ശരിയായ സമയത്തു ചെയ്യണം. ഞാൻ പക്ഷെ മരിച്ചു പോയിരിക്കുമെന്നു സങ്കല്പിച്ചു് നിങ്ങൾ സ്വതന്ത്രനാ ണെന്നും എന്നെ അനുസരിക്കാൻ ബാധ്യസ്ഥനല്ലെന്നും വിചാരിച്ചുകളയരുതു്. ഈശ്വരൻ നിശ്ചയിച്ചിട്ടുള്ള സമയത്തിനു മുൻപു് ഞാൻ തീർച്ചയായും മരിക്കുകയില്ല. ജീവിതം എനിക്കു് ഒരു ഭാരമായിത്തീരുകയും മരിക്കുന്നതിനു ഞാൻ പ്രാർത്ഥിച്ചുതുടങ്ങുകയും ചെയ്തിട്ടു വളരെക്കാ ലമായി. എൻെറ മരണസമയത്തെപ്പററി മനുഷ്യർ അവരവരുടെ മനോധർമ്മംപോലെ പലവിധത്തിൽ അ നുമാനിക്കുന്നതുകൊണ്ടു, പ്രയോജനമൊന്നുമില്ല. അതു് ആത്മനിവിഹീനമായ പരാശക്തിയാൽ മുൻക്രൂട്ടി നിർ ണ്ണയിക്കപ്പെട്ടിട്ടുണ്ടു്; മനുഷ്യരുടെ മൂഢമായ അഭിപ്രായ ങ്ങൾക്കു് അതിനെ തടസ്സപ്പിക്കുന്നതിനോ താമസിപ്പിക്കു ന്നതിനോ സാധിക്കുകയില്ല.....ആല്വരൊ പെരയിരാ നമ്മുടെ സംഘത്തിനു് ഒരു വിധത്തി ലും യോജിച്ചവനല്ല; നിങ്ങൾ അയാൾക്കു് ഒരിക്കലും ന മ്മുടെ ആശ്രമത്തിൽ പ്രവേശനം നല്കരുതു്..... .....ഈ എഴുത്തു ഗോവായിലെത്തുമ്പോൾ റെക്ടർ ഗാ സ്പർ ബാർസിയല്ല, വേറൊരാളാണു് എങ്കിൽ, അയാൾ ആരായിരുന്നാലും, ഞാൻ ഗാസ്പരിനു നല്കിയിട്ടുള്ള നി ർദ്ദേശങ്ങൾ സകലവും അയാളെയും ബാധിക്കുന്നതാണെ

ന്നു് അയാൾ ധരിക്കണം." ഇതായിരുന്നു ഫ്രാൻസിസു് എഴുതിയ അവസാന വാക്യം.

ഫ്രാൻസിസ്സിന്റെ ആതിഥേയനായിരുന്ന ആല്വാരെസ്സു് അദ്ദേഹത്തോടു യാത്രപോലും പറയാതെ സ്ഥലം വിട്ടു; അദ്ദേഹം ആപത്തു വരിക്കുന്നതിൽ പ്രദർശിപ്പിച്ച നിർബ്ബന്ധബുദ്ധി അയാളെ ദുഃഖഭരിതനാക്കിയിരിക്കണം. 'സന്തക്രൂസു്'ം സയാമിലേക്കു പോകാനുള്ള വാസ് ഡി അരാഗോവിന്റെ കപ്പലും മാത്രമേ സഞ്ചിയാൻ തുറമുഖത്തു ശേഖരിച്ചിട്ടുണ്ടായിരുന്നുള്ളു. സേവിയരും അന്റോണിയോയും ക്രിസ്റ്റഫറും അവിടെ തനിച്ചായി. കരാറനുസരിച്ചു നവംബർ 19-നു- ചീനൻ വന്നില്ല. 21-നു- ആയിട്ടും അവനെക്കാണുന്നില്ല. അദ്ദേഹം ഭഗ്നാശനായി. 21-നു- തിങ്കളാഴ്ച കാലത്തെ കുർബാനയ്ക്കുശേഷം ഒരു കഠിനമായ ജ്വരം അദ്ദേഹത്തെ ബാധിച്ചു. കരയിൽ അദ്ദേഹം അസഹായനായിരുന്നതുകൊണ്ടു് ചൊവ്വാഴ്ച വയ്യിട്ട പരിചാരകന്മാർ അദ്ദേഹത്തെ ശുശ്രൂഷയ്ക്കായി സന്തക്രൂസിലേക്കു കൊണ്ടുപോയി. കടലിന്റെ ക്ഷോഭംമൂലം കപ്പൽ എപ്പോഴും ഇളകിക്കൊണ്ടിരുന്നതിനാൽ അദ്ദേഹത്തിനു സുഖക്കേടു വർദ്ധിച്ചു. അതുകൊണ്ടു് അടുത്ത ദിവസംതന്നെ അദ്ദേഹം കരയിലേക്കു മടങ്ങി. വാസ് ഡി അരാഗോ അദ്ദേഹത്തെ സ്വവസതിയിൽ കൊണ്ടുപോയി ശുശ്രൂഷിച്ചു. ജ്വരം നിമിഷംപ്രതി വർദ്ധിച്ചു. രോഗം തുടങ്ങി എട്ടാമത്തെ ദിവസം ഞായറാഴ്ച അദ്ദേഹത്തിന്റെ പ്രജ്ഞ നശിച്ചു. അപ്പോഴും ക്രിസ്തുവിന്റെയും മേരിയുടെയും നാമങ്ങൾ അദ്ദേഹത്തിന്റെ അധരങ്ങൾ നിരന്തരം ഉച്ചരിച്ചുകൊണ്ടുതന്നെയിരുന്നു. രണ്ടു ദിവസം ഈ സ്ഥിതിയിൽ കഴിഞ്ഞശേഷം അദ്ദേഹത്തിനു വീണ്ടും ബോധം വീണു. അപ്പോൾ അദ്ദേഹം തന്റെ മലയാളിഭൃത്യനായ ക്രിസ്റ്റ

ഫറിനെ ദു:ഖാക്രാന്തനായി കുറേനേരം നോക്കിക്കൊണ്ട് "ഓ നിർഭാഗ്യനായ മനുഷ്യാ! നിർഭാഗ്യനായ മനുഷ്യാ!" എന്ന് ആത്മഗതംചെയ്തു. അതിന്റെ അർത്ഥം അപ്പോൾ ആൾക്കും മനസ്സിലായിരുന്നില്ല. തന്റെ മരണശേഷം ആ യുവാവ് അപഥസഞ്ചാരംചെയ്യുന്നതും ഭൌമ്മാഗ്നികജീവിതത്തിന്റെ ഫലമായി അപമൃത്യുവിനിരയായി നിസ്സഹായമായി നശിക്കുന്നതും അദ്ദേഹം ദീർഘദർശനംചെയ്തു അവനെപ്പറ്റി വിലപിക്കുകയായിരുന്നു.

അടുത്ത വെള്ളിയാഴ്ച രാത്രി ജ്വരം പരമാവധിയിലെത്തി. ശനിയാഴ്ച വെളുക്കുന്നതിനുമുൻപ് രോഗി മിക്കവാറും മരിക്കുമെന്ന് അന്റോണിയോ തീർച്ചപ്പെടുത്തി; രാത്രി മുഴുവനും ഉണർന്നിരുന്ന സ്വാമിയെ ശുശ്രൂഷിക്കുവാൻ അയാൾ സന്നദ്ധനായി. "തണുപ്പും കാറ്റും ഏല്ക്കാത്തക്കവണ്ണം തുറന്നുകിടന്ന ഒരു കുടിലിൽ അസഹായനായി, സ്വാഭീയാശ്വാസമല്ലാതെ മറ്റു യാതൊരു ആശ്വാസവുമില്ലാതെ അദ്ദേഹം കിടന്നു" എന്നു ഈ അന്റോണി അദ്ദേഹത്തിന്റെ അപ്പോഴത്തെ സ്ഥിതിയെപ്പറ്റി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ അവസാന ദിവസങ്ങളെപ്പറ്റി നമുക്കു വിശദമായ അറിവു ലഭിക്കുന്നതു് അന്റോണിയിൽനിന്നാണു്. അദ്ദേഹത്തിന്റെ മരണത്തിനുശേഷം രണ്ടു വർഷം കഴിഞ്ഞു് അവൻ ആ ചരമകാലസംഭവങ്ങളെ അദ്ദേഹത്തിന്റെ ജീവചരിത്രകാരനായ ടെക്സയിരായെ പറഞ്ഞുകേൾപ്പിച്ചു.

അന്റോണിയോ കൈയിൽ വച്ചുകൊടുത്ത കുരിശുരൂപത്തിൽ ദൃഷ്ടിയായി, നിശ്ചലനായി, പ്രശാന്തനായി അദ്ദേഹം മരണത്തിനു സ്വാഗതമരുളുന്നതുപോലെ കിടന്നു. പാതിരാത്രി കഴിഞ്ഞു. ആസന്നമരണക്കായുള്ള വിശുദ്ധമായ മെഴുകുതിരി കത്തിച്ചു് അന്റോ

ണി അദ്ദേഹത്തിന്റെ മിക്കവാറും നിർജ്ജീവമായിരുന്ന കൈയിൽ പിടിപ്പിച്ചു. രാത്രി രണ്ടുമണിയോട്ടുക്കുടി—1552 ഡിസംബർ 3-ാംതീയതി ശനിയാഴ്ച—അദ്ദേഹത്തിന്റെ ആത്മാവു ദേഹവിയോഗം ചെയ്തു. അദ്ദേഹം യാതൊരു മരണവേദനയും അനുഭവിച്ചില്ല. അവസാന നിമിഷംവരെ ക്രിസ്തുനാമോച്ചാരണം അദ്ദേഹത്തിന്റെ അധരങ്ങളിൽ സുശ്രുവമായിരുന്നു. ഈശ്വരസന്നിധിയിലേക്കുള്ള ചരമാഹ്വാനത്തെ അദ്ദേഹം അതീവസന്തുഷ്ടനായി അനുസരിച്ചു. സ്വദേശത്തുനിന്ന് അനേകായിരം മൈൽ ദൂരെയുള്ള ഒരു കടപ്പുറത്തു ദരിദ്രോചിതമായ ഒരു കുടത്തിൽ സ്വജനങ്ങളാൽ പരിത്യക്തനായി മിക്കവാറും അസഹായനായിക്കിടന്ന് ഒരേസമയത്തു പരിക്ലിഷ്ടവും പരമാനന്ദമയവും, പരാഭവബഹുലവും വിജയശ്രീലാളിതവും ആയ ഒരു ജീവിതത്തെ, ലോകചരിത്രത്തിൽ അനുപമമായ ഒരു വിശിഷ്ടജീവിതത്തെ, അദ്ദേഹം ഈവിധം അനുപമമാംവണ്ണം ഉപസംഹരിച്ചു.

അടുത്തദിവസം കാലത്തെ മരണവിവരം അറിഞ്ഞു സഞ്ചിയാനിലുണ്ടായിരുന്ന പോർട്ടുഗീസുകാർ പ്രേതം കാണുന്നതിനു വന്നു. ഫ്രാൻസിസ്കു തറയിൽ വിരിച്ചിരുന്ന പായിൽ നിദ്രചെയ്യുന്നതുപോലെ കിടന്നു. പ്രസന്നവും ആരകുതവുമായ ആ മുഖത്തു മരണത്തിന്റെ യാതൊരു ലക്ഷണവും കാണപ്പെട്ടില്ല. ശവപ്പെട്ടി പണിയുന്നതിന് ഒരു ദിവസത്തെ താമസം നേരിട്ടു. ഞായറാഴ്ച മൃതശരീരത്തെ വൈദികവസ്ത്രങ്ങൾ ധരിപ്പിച്ചു പെട്ടിയിലാക്കി അന്നേറാണിയോ രണ്ടു് അടിമകളുടെ സഹായത്തോട്ടുക്കുടി ഒരു വള്ളത്തിൽ കയറ്റി ആ ഉപദ്വീപിന്റെ മറുകരയിലേക്കു കൊണ്ടുപോയി. അവിടെയായിരുന്ന ശവസംസ്കാരത്തിനു കൂടുതൽ സൌകര്യമുണ്ടാ

യിരുന്നതു്. ഒരു ചെറുകുന്നിന്റെ ചരുവിൽ അവർ ഒരു കുഴി വെട്ടി. യൂറോപ്യനായി ഒരാളുടെ—വാസ്കോ ഡി അരാഗോയുടെ—സഹകരണം മാത്രമെ ഈ സംസ്കാരകർമ്മത്തിൽ അന്തോണിയോയ്ക്കു ലഭിച്ചുള്ളു. ശരീരം കുഴിയിൽ വെയ്ക്കുന്നതിനുമുൻപായി അതിനെ അവർ കുമ്മായംകൊണ്ടു പൊതിഞ്ഞു. പരേതന്റെ അസ്ഥികൾ കുഴിയിൽനിന്നു് എടുത്തു കുഴിയുന്ന വേഗം ഇൻഡ്യയിലെത്തിക്കാൻ സാധിക്കത്തക്കവണ്ണം മാംസം ശീഘ്രം ജീർണ്ണിക്കുന്നതിനായിരുന്നു അവർ ഇപ്രകാരം ചെയ്തതു്. അങ്ങനെ മൃതശരീരം സംസ്കരിക്കപ്പെട്ടു. അന്തോണിയോ കുഴിയുടെ മുകളിൽ ഒരു വലിയ കല്ലും തലയ്ക്കൽ ഒരു കുരിശും, പിന്നീടു് അതിന്റെ സ്ഥാനം കണ്ടുപിടിക്കാൻ വിഷമമുണ്ടാകാതിരിക്കുന്നതിനായി, പ്രതിഷ്ഠിച്ചു. ഈ ശവസംസ്കാരകർമ്മത്തിൽ അന്തോണിയോയും രണ്ടു് അടിമകളും ഒരു പോർട്ടുഗീസുകാരനും മാത്രമെ സംബന്ധിച്ചിരുന്നുള്ളു. മറ്റു പോർട്ടുഗീസുകാർ കലശലായ തണുപ്പുകാരണം അവരുടെ കുടിലുകളിൽനിന്നു പുറത്തിറങ്ങിയില്ല!

സേവിയറിന്റെ മരണത്തിനുശേഷം രണ്ടരമാസം 'സന്തക്രൂസ്സു്' സഞ്ചിയാൻ തുറമുഖത്തുതന്നെ കിടന്നിരുന്നു. കപ്പൽ അവിടം വിട്ടുപോകുന്നതിനുള്ള ദിവസമടുത്തപ്പോൾ സ്വാമിഭക്തനായ അന്തോണിയോ കുപ്പിത്താനെ കണ്ടു, "സർ, പുണ്യവാനായ ഫാദർ ഫ്രാൻസിസ്സിന്റെ ശരീരം ഇവിടെത്തന്നെ എന്നേക്കും സ്ഥിതിചെയ്യണമെന്നാണോ വിചാരിക്കുന്നതു്?" എന്നു ചോദിച്ചു. കുപ്പിത്താൻ കുഴി തുറന്നു ശരീരം കപ്പലിൽക്കയറ്റിക്കൊണ്ടുപോകത്തക്ക സ്ഥിതിയിലിരിക്കുകയാണോ എന്നു പരിശോധിക്കുന്നതിനായി ഒരു പോർട്ടുഗീസുകാ

രനെ നിയോഗിച്ചു. കുഴി തുറന്നപ്പോൾ മരണം അപ്പോൾ സംഭവിച്ചാലെന്നപോലെ മൃതശരീരം ഒട്ടും ജീർണ്ണിക്കാതെയിരിക്കുന്നതു കണ്ടു് അയാൾ അത്ഭുതപ്പെട്ടു. കപ്പിത്താനെ ബോധ്യപ്പെടുത്തുന്നതിനായി കാലിന്റെ മുട്ടിൽ നിന്നു് ഒരു കൈവിരൽ നീളത്തിൽ മാംസം വെട്ടിയെടുത്തു. അപ്പോൾ സജീവശരീരത്തിൽനിന്നെന്നവണ്ണം രക്തം പൊട്ടിപ്പുറപ്പെട്ടു! കപ്പിത്താൻ ശരീരത്തെ കപ്പലിലേക്കു് എടുപ്പിച്ചു. അതിൽനിന്നു കസ്തൂരിയുടേതുപോലെ ഒരു സൌരഭ്യം നിസ്സരിച്ചു. ഫെബ്രുവരി 17-നു- 'സന്തക്രൂസ്സ്' ആ അമൂല്യനിക്ഷേപത്തെ വഹിച്ചുകൊണ്ടു യാത്രയായി.

മാർച്ചു് 22-നു- സന്തക്രൂസ്സ് മലാക്കായിലെത്തി. ഡിയാഗോ പെരെയിരയുടെ നേതൃത്വത്തിൽ വളരെ ആഘോഷപൂർവ്വം പുണ്യവാന്റെ മൃതശരീരം സ്വീകരിക്കപ്പെട്ടു. അടുത്ത ദിവസം അതിനെ പെട്ടിയിൽനിന്നു് എടുത്തു വെള്ളപ്പട്ടിൽ പൊതിഞ്ഞു ഒരു മഞ്ചലിൽവച്ചു ജനങ്ങൾ ഒരു ഘോഷയാത്രയായി ദേവമാതാവിന്റെ പള്ളിയിലേക്കു കൊണ്ടുപോയി. വൈദികർ, കാരുണ്യസഹോദരസംഘാംഗങ്ങൾ, ഗവർമെന്റുദ്യോഗസ്ഥന്മാർ, വണിക്ശ്രേഷ്ഠന്മാർതുടങ്ങി മലാക്കായിലെ പൌരന്മാർ ആസകലം ആ മഹാഘോഷയാത്രയിൽ സംബന്ധിച്ചു. ഗണ്യനായ ഒരു മനുഷ്യൻ—കപ്പിത്താനായ ഡോൺ ആല്വരോ—മാത്രമേ അതിൽ സംബന്ധിക്കാതിരുന്നുള്ളൂ. ഘോഷയാത്ര അയാളുടെ വസതി കടന്നുപോയപ്പോൾ അയാൾ ചീട്ടുകളിച്ചുകൊണ്ടിരിക്കുകയായിരുന്നു വളരെ അവജ്ഞയോടുകൂടിയതെ അയാൾ അതിനെ വീക്ഷിച്ചതു്. മലാക്കായിലെ ആചാരമനുസരിച്ചു് മൃതശരീരം പെട്ടിക്കുടാതെ പ്രസ്തുതദേവാലയത്തിൽ ബലിപീഠത്തിന്റെ പുരോഭാഗത്തു് സംസ്കരിക്കപ്പെട്ടു.

രണ്ടു മാസം കഴിഞ്ഞപ്പോൾ ഫാദർ ബെയിറാ മൂന്നു യുവധർമ്മഭൃതന്മാരോടുകൂടി ഇൻഡ്യയിൽനിന്നു മടങ്ങിവന്നു. കൊച്ചിയിൽവച്ച് അദ്ദേഹം ഫ്രാൻസിസ്സിന്റെ മരണവിവരം അറിഞ്ഞിരുന്നു. മൃതശരീരത്തിന്റെ അത്ഭുതാവഹമായ അജീർണ്ണാവസ്ഥയെപ്പറ്റി മലാക്കായിലെ ജനങ്ങൾ സംസാരിക്കുന്നതു് അദ്ദേഹം കേട്ടു. മൊളൂക്കായിലേക്കു പോകുന്നതിനുമുൻപായി ശവകുടീരം തുറന്നു പ്രേതം കാണുന്നതിന് അദ്ദേഹം ആഗ്രഹിച്ചു. ആഗസ്റ്റ് 15-നു്, അദ്ദേഹം പുറപ്പെടുന്നതിന്റെ തലേരാത്രി രഹസ്യമായി കല്ലറ തുറപ്പിച്ചു. അപ്പോഴും ശരീരം സജീവമെന്നപോലെ കാണപ്പെട്ടു. അദ്ദേഹം അതിനെ പുറത്തു് എടുപ്പിച്ചു് ഒരു പേടകത്തിലാക്കി ഒരു കെട്ടിടത്തിൽവച്ചു പ്രദർശിപ്പിക്കുന്നതിനും, ഇൻഡ്യയിലേക്കു പോകുന്ന ആദ്യത്തെ കപ്പലിൽ ഗോവയിലേക്കു കൊണ്ടുപോകുന്നതിനും ഏർപ്പാടുചെയ്തു. അതിനായി തന്റെ സഹചാരികളിൽ ഒരുവനായ ബ്രദർ മാനുവെൽ തവോറായെ അദ്ദേഹം നിയോഗിച്ചു.

1553 ഡിസംബർമാസത്തിൽ ആദ്യം പുറപ്പെട്ട കപ്പലിൽ തവോറാ ആ വിശുദ്ധന്റെ മൃതശരീരവുമായി യാത്രതിരിച്ചു. കൊച്ചീത്തുറമുഖത്തു കപ്പലടുത്തപ്പോൾ, ഫ്രാൻസിസ്സിന്റെ ഉത്തരവനുസരിച്ചു മലാക്കായിൽനിന്നു പോന്നിരുന്ന ഫാദർ പീരിസ്സ് മറ്റു വൈദികരോടും ഒരു വലിയ പുരുഷാരത്തോടുംകൂടി മൃതശരീരദർശനത്തിനു സന്നദ്ധനായി നിന്നിരുന്നു. കൊച്ചിയിൽനിന്നു ഗോവായിലേക്കുള്ള യാത്രയിൽ മദ്ധ്യേമാർഗ്ഗം ഫാദർ ന്യൂനസ്സ് മറ്റു് ഏതാനും വൈദികരോടും തെക്സയിരാ മുതലായ വൈദികവിദ്യാർത്ഥികളോടുംകൂടി മൃതശരീരത്തെ വഹിച്ച കപ്പലിനെ എതിരേറ്റു. ഗോവായിൽനിന്നു് ഒരു

മൈൽ ദൂരമുള്ള റിബന്തരിലെ പള്ളിയിൽ കപ്പൽ അവിടെ ചെന്നുചേർന്ന രാത്രി അവർ മൃതശരീരം വച്ചു സൂക്ഷിച്ചു. ശവപ്പെട്ടി തുറന്നുനോക്കിയപ്പോൾ അവർ കണ്ടതു രണ്ടു വർഷത്തിനുമുൻപ് അവരോടു യാത്രപറഞ്ഞുപോയ ഫാദർ ഫ്രാൻസിസ്സിന്റെ സജീവമായ ശരീരമാണെന്ന് അവർക്കു തോന്നിപ്പോയി; കുമ്മായംമൂലം തൊലി അല്പം ഇരുണ്ടിരുന്നുവെന്നും മലാക്കായിലെ സംസ്കാരകർമ്മത്താൽ മൂക്ക് അല്പം ചതഞ്ഞിരുന്നുവെന്നും ഉള്ള വ്യത്യാസം മാത്രമേ ഉണ്ടായിരുന്നുള്ളൂ.

അടുത്ത ദിവസം, മാർച്ച് 15-ന്-, രാവിലെ അവിടെനിന്നു ഘോഷയാത്രയായി മൃതശരീരം കൊണ്ടുപോകപ്പെട്ടു. ഘോഷയാത്രയിൽ വൈസ്രോയിയും മറ്റു ഗവണ്മെൻറുദ്യോഗസ്ഥന്മാരും ഗോവായിലുള്ള സകല വൈദികരും, വൈദികവിദ്യാർത്ഥികളും, സന്ന്യാസികളും സംബന്ധിച്ചു. (ഗാസ്പർ ബാർസി ഫ്രാൻസിസ് മരിച്ചു കുറച്ചു കഴിഞ്ഞപ്പോൾ, അദ്ദേഹത്തിന്റെ അവസാനത്തെ ഏഴുത്തു കിട്ടുന്നതിനുമുൻപായി മരിച്ചുപോയിരുന്നു. അതിനു കുറേമുൻപ് മെത്രാനും മരിച്ചിരുന്നു.) നഗരവാസികൾ ആബാലവൃദ്ധം ജാതിമതഭേദമെന്യേ ഭക്ത്യാദരപൂർവ്വം ഘോഷയാത്രയെ പിൻതുടർന്നു. സെയിൻറുപോൾസ് കോളേജിലെ പള്ളിയിൽ മൂന്നു ദിവസം മൃതശരീരം പ്രദർശിപ്പിക്കപ്പെട്ടു. ഭാരവാഹികൾ പ്രത്യേകം സൂക്ഷിച്ചില്ലായിരുന്നുവെങ്കിൽ ഭക്തജനങ്ങൾ മൃതശരീരം തുണ്ടു തുണ്ടായി വെട്ടിയെടുത്തുകൊണ്ടു പോകുമായിരുന്നുവെന്നു ഭയപ്പെടത്തക്കവണ്ണം അത്ര ഭക്തിപാരവശ്യം അവർ പ്രകടിപ്പിച്ചു. 17-ന് ഞായറാഴ്ച രാത്രി, ബലിപീഠത്തിന്റെ മുൻഭാഗത്തു വലത്തുവശത്തായി പ്രേതം സംസ്കരിക്കപ്പെട്ടു. കുറേക്കഴിഞ്ഞു് അവിടെനിന്ന് അത്ര ബോം

ജീസസ് ദേവാലയത്തിലേക്കു മാറ്റി പ്രതിഷ്ഠിക്കപ്പെട്ടു. അവിടെ അതു മനോഹരമായ ഒരു രാജതപേടകത്തിൽ ഇപ്പോഴും വിശ്രമിക്കുന്നു. ആണ്ടുതോറും, വിശേഷിച്ചു മൃതശരീരം പ്രദർശിപ്പിക്കപ്പെടുന്ന സന്ദർഭങ്ങളിൽ, ലോകത്തിന്റെ നാനാഭാഗങ്ങളിലുംനിന്നു ലക്ഷക്കണക്കിനു തീർത്ഥയാത്രക്കാർ അനേകായിരം മൈൽ സഞ്ചരിച്ചു ഗോവായിലെത്തി, ധർമ്മപ്രചാരണത്തിനായി അനേകായിരം മൈൽ സഞ്ചരിച്ച ആ പരിപാവന പാദപത്മങ്ങളെ ചുംബിച്ച് ആത്മനിർവൃതിയടയുന്നു.

'ഗദ്യകാവ്യപരംപര'

(മയ്യനാട്ട് എ. ജോൺ, ബി. എ.)

1. ശ്രീയേശുക്രിസ്തു. Rs. 2. 8 as.

മഹാകവി ഉള്ളൂർ:—".....Valuable literary production which is sure to be appreciated by the reading public of Kerala, to whom it is bound to be a perennial source of inspiration."

റാവു സാഹിബ് ഒ. എം. ചെറിയാൻ :— ".....സാഹിത്യഗുണമുള്ള ക്രൈസ്തവഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ കുറവാണെന്നുള്ള ന്യൂനതയെ പരിഹരിക്കുന്നതിനു സാരമായി ഉപയോഗപ്പെടുന്ന ഈ പുസ്തകം എല്ലാവരും വായിക്കേണ്ടതാണ്....."

സി. വി. കുഞ്ഞുരാമൻ:— ".....സരളമധുരമായ ഭാഷാശൈലിയിൽ നിബന്ധിക്കപ്പെട്ടിരിക്കുന്ന ശ്രീയേശുക്രിസ്തുവിന്റെ ഈ മനോജ്ഞമായ ജീവചരിത്രം കൈരളിയുടെ ഒരു അമൂല്യ സമ്പാദ്യം....."

മോൺസിഞ്ഞോർ നടുവത്തുശേരി:— ".....മശിഹായുടെ ജീവചരിത്രത്തിന്റെ നിവൃത്തിയുള്ളിടത്തോളം പൂർണ്ണമായ ഒരു ചിത്രം ഈ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ട്. ചമൽക്കാരസംപൂർണ്ണവും ജിജ്ഞാസാസംവർധകവും ഭക്തിപരിപോഷകവുമായ ഒരു ഒന്നാംതരം നോവൽ എന്നതുപോലെ ആരും അതു വായിക്കുന്നതാണ്....."

കെ. നാരായണക്കുറുക്കൾ, ബി. എ.:—".....ഇങ്ങനെയുള്ള ജീവിതചരിതങ്ങൾ മലയാളസാഹിത്യത്തിൽ ദുർല്ലഭമാണ്.....എല്ലാ മലയാളികളും മലയാളഭാഷ അറിയാവുന്ന ഇതരന്മാരും ഈ പുസ്തകം വായിച്ചുനോക്കേണ്ടതാണ്."

മലയാള മനോരമ:—".....ഈ ഗ്രന്ഥത്തിന്റെ ഒരു വലിയ മെച്ചം ഭാഷാരീതിയുടെ അക്ലിഷ്ടതയാകുന്നു.....ഇതിൽ അവ്യാകൃതങ്ങളായ പദങ്ങളും യാതൊന്നും കാണുന്നില്ല. പ്രൌഢിക്കും വിഷയഗാംഭീര്യത്തിനും യോജിക്കുന്ന പദപ്രയോഗം ചെയ്യുന്ന കാര്യത്തിൽ വളരെ ശ്രദ്ധിച്ചിട്ടുണ്ട്.....പ്രതിപാദ്യവിഷയത്തെപ്പറ്റി മലയാളഭാഷയിലുണ്ടായിട്ടുള്ള ഏറ്റവും നല്ല പുസ്തകം....."

പ്രതിദിനം:— ".....ക്രിസ്തുദേവന്റെ അവതാരംമുതൽ സ്വർഗ്ഗാരോഹണംവരെയുള്ള ജീവചരിത്രം സരസകോമളവും ഹൃദയസ്പർശകവുമായ രീതിയിൽ വിവരിക്കുന്ന ഒരു ഉൽകൃഷ്ടഗ്രന്ഥം ഇതുപോലെ മറ്റൊന്നില്ല....."

കേരളകൌമുദി:—".....മി. ജോൺ വളരെ നല്ല ഭാഷയിൽ രസകരമായ വായനയ്ക്ക് ഉപയോഗപ്പെടത്തക്കവണ്ണം ക്രിസ്തുവിന്റെ വിശദവും പൂർണ്ണവുമായ ഒരു ജീവചരിത്രമാണ് മലയാളികളായ ക്രൈസ്തവർക്കും അല്ലാത്തവർക്കും ഇപ്പോൾ സമ്മാനിച്ചിരിക്കുന്നത്....."

2. അന്തോനി പാദുവാ. As. 9.

മഹാകവി ഉള്ളൂർ:— ".....Written in beautiful Malayalam.....a valuable addition to the biographical literature of Kerala....."

മലയാളരാജ്യം:—"അത്യുത്കൃഷ്ടമനോഹരമായ ഒരു ഗദ്യരീതി വശമായിരിക്കുന്ന ഈ സുവാവായ ഗ്രന്ഥകാരൻ.....20 അദ്ധ്യായങ്ങളായി അന്തോനി പാദുവായുടെ ജീവിതകഥ അതിമനോഹരമായ രീതിയിലും ഭാഷയിലും ഇതിൽ വിവരിച്ചിട്ടുണ്ട്.....ഈ സിദ്ധന്റെ ജീവിതം മലയാളത്തിലെ ക്രൈസ്തവസന്ന്യാസിമാരും ഹിന്ദുസന്ന്യാസിമാരും മാതൃകയാക്കിയിരുന്നുവെങ്കിൽ മലയാളം ഇതിനുമുൻപേതന്നെ മനോഹരമായിത്തീരുമായിരുന്നു. ഈ സിദ്ധന്റെ ജീവചരിത്രം എഴുതിയിരിക്കുന്ന ഗദ്യരീതി ക്രൈസ്തവഗ്രന്ഥങ്ങളും മാതൃകയാക്കിയിരുന്നുവെങ്കിൽ അവയിലെ മലയാളവും മനോഹരമായിത്തീരുമായിരുന്നു. മതവിഷയകമായ ഒരു ഗ്രന്ഥമാണെങ്കിലും ഇതിലെ കഥ ഒരു റൊമാൻസ്പോലെ മതഭക്തരല്ലാത്തവർക്കും വായിക്കാൻ രസമുള്ളതാണ്....."

കോട്ടയം പത്രിക:—".....ക്രൈസ്തവർക്കു സാഹിത്യഗുണം നിറഞ്ഞ കൃതികളും രചിക്കുന്നതിന് അറിയാമോ എന്ന് ആക്ഷേപിക്കുന്നവർ സംശയമുണ്ടെങ്കിൽ അവർ ഞങ്ങളുടെ ഇന്നത്തെ വിമർശനവിഷയമായ 'അന്തോനി പാദുവാ' എന്ന കൃതിയോ ഇതിന്റെ കർത്താവായ മി. ഏ. ജോൺ, ബി ഏ. ഏതാനും കൊല്ലങ്ങൾക്കുമുൻപു പ്രസിദ്ധപ്പെടുത്തിയ 'ശ്രീ യേശുക്രിസ്തു' എന്ന വിശിഷ്ട ഗ്രന്ഥതല്ലജമോ ഒരാവർത്തി വായിക്കുന്നതു കൊള്ളാം....."

സത്യനാദം:—".....ഈ ഗ്രന്ഥം ക്രൈസ്തവകൈരളിക്ക് ഒരു കനകാഭരണമായിത്തന്നെ കരുതേണ്ടിയിരിക്കുന്നു....."

3. കന്യകാമറിയം. As. 12.

നസ്രാണിദീപിക:—".....പ്രശാന്തഗംഭീരവും എന്നാൽ പ്രൗഢസുന്ദരവുമായ ഗദ്യത്തിൽ വിരചിതമായ ഈ പവിത്രചരിത്രത്തിന്റെ പ്രഥമപക്ഷത്തിൽ അക്ഷി പതിക്കാൻ ഭാഗ്യമുണ്ടാകുന്ന വാചയിതാക്കൾ നിശ്ചയമായും അതിന്റെ അവസാനം കാണാതെ വിരമിക്കുകയില്ല.....

സരസകരമായ ഒരു നോവലിന്റെ ചേന്ന കഥാകഥനരീതി. സഹിതിരസം കവിഞ്ഞൊഴുകുന്ന ഭാഷ.....ക്രിസ്തീയേതരർക്ക് ക്രിസ്തീയസാഹിത്യത്തോടുള്ള അവജ്ഞയുടെ കാരണം അതിന്റെ ഭാഷാവൈകല്യമാണെങ്കിൽ ആ കാരണവും കന്യകാമറിയത്തിന്റെ ആവിർഭാവത്തോടുകൂടി അസ്തമിച്ചിരിക്കുമെന്നും പറയാം. ഇതു ലാളിത്യമേറിയ ഭാഷയിൽ നിർമ്മിതമായ കൃതികളും മലയാളത്തിൽ അധികമില്ല....."

മലയാള മനോരമ:—".....ഭാഷാശുദ്ധിയേ സംബന്ധിച്ചിടത്തോളം മാത്രമല്ല ആ പുസ്തകങ്ങളെ (കന്യകാമറിയത്തെപ്പറ്റിയുണ്ടായിട്ടുള്ള മലയാള ഇതരജീവചരിത്രങ്ങളെ) ഈ പുതിയ പുസ്തകം അതിശയിക്കുന്നത്. ഹൃദയസ്പർശകമായ പല വർണ്ണനകളും വളരെത്തന്മയത്വത്തോടുകൂടി ഇതിൽ ചെയ്തിരിക്കുന്നു.....കന്യകാമറിയത്തെപ്പറ്റി പല പുതിയ അറിവുകളും ഈ പുസ്തകത്തിൽനിന്നും ലഭിക്കുന്നുണ്ട്....."

4. ഫ്രാൻസിസ് അസീസി. Re. 1. as. 4.

Prescribed for B. A. (detailed prose) Travancore University

വി. കൃഷ്ണൻതമ്പി, ബി. ഏ.:—".....സാമുദായികസ്ഥൈര്യത്തിനും ലോകസംസ്കാരത്തിനും അത്യന്തോപയുക്തങ്ങളായ തത്വങ്ങളെ—മദ്ധ്യകാലയൂറോപ്പിലെ അജ്ഞാനതിമിരം തിങ്ങിയ അന്തരീക്ഷത്തിൽ മങ്ങി ദുർദ്ദർശങ്ങളായിത്തീർന്നിരുന്ന ക്രിസ്തീയാദർശങ്ങളെ—വീണ്ടും ഉജ്ജ്വലമാംവണ്ണം പൊതുജനങ്ങളുടെ ദൃഷ്ടിക്കു വ്യക്തമാക്കി അവയുടെ സൌന്ദര്യം അവക്ക് മനസ്സിലാക്കിക്കൊടുക്കുകയായിരുന്നു സെൻറ് ഫ്രാൻസിസ്സ് സാധിച്ച മഹാകാര്യം.....ഇന്നത്തെ ലോകത്തിന് ഇത്തരം വിശിഷ്ടജീവിതങ്ങളുടെ, വിശേഷിച്ചും, സെയിൻറ് ഫ്രാൻസിസ്സിന്റെ ജീവിതത്തിന്റെ, പ്രസിദ്ധീകരണം അത്യന്താപേക്ഷിതമായിട്ടുള്ളതാണ്.....നിർദ്ധനതപം സഹിച്ചവരാണ് അമൂല്യങ്ങളായ ശാശ്വതസമ്പത്തുകൾ വിതരണംചെയ്യാൻ ശക്തരാകുന്നതെന്നും ലോകത്തെ ഉദ്ബോധിപ്പിക്കുന്ന ഇത്തരം ജീവിതാദർശങ്ങളെ ജനങ്ങൾക്കു പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുകയെന്ന മഹാകാര്യമാണ് ഈ പുണ്യപുരുഷന്റെ ചരിത്രം സാധിക്കുന്നത്."

"കിട്ടാവുന്ന ആകരഗ്രന്ഥങ്ങളെല്ലാം വായിച്ച് മഹാത്മാക്കളായ പുണ്യപുരുഷന്മാരുടെ ജീവിതചരിത്രങ്ങളിലെ ആന്തരങ്ങളായ തത്വങ്ങൾ തിരഞ്ഞു പഠിച്ച്, ഉഭയലോകോപകാരകങ്ങളായ ആദർശങ്ങളെ മലയാളികൾക്കു പ്രത്യക്ഷമാക്കിക്കൊടുക്കാൻ നിരന്തരപരിശ്രമംചെയ്യുന്ന ഒരു പണ്ഡിതനാണ് മയ്യനാട്ടു മി. ഏ. ജോൺ. അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ളതും ശുദ്ധമായ പ്രചാരം സിദ്ധിച്ചിട്ടുള്ളതുമായ പല കൃതികളും ഇതിനു സാക്ഷ്യംവഹിക്കുന്നുണ്ട്. ഉൽകൃഷ്ടങ്ങളായ വിഷയങ്ങളെ അവയ്ക്ക് ഏറ്റവും യോജിച്ച സുന്ദരവും സുഗമവുമായ ഭാഷയിലാണ് പ്രകാശിപ്പിച്ചിരിക്കുന്നത് എന്നുള്ളതും അദ്ദേഹത്തിന്റെ പുസ്തകങ്ങൾക്കുള്ള ഒരു

വലിയ മെച്ചമാണ്. ഏവക്കും അത്യന്തം ഉപകാരപ്രദവും രസപ്രദവുമായ ക്രിസ്ത്യൻസാഹിത്യം മലയാളത്തിൽ ഇപ്പോൾ മേൽക്കുമേൽ അഭിവൃദ്ധിയെ പ്രാപിക്കുന്നുണ്ടെങ്കിൽ, അക്കായ്ത്തിൽ ഏറ്റവും ഗണനീയമായ ഒരു ഭാഗം വഹിക്കുന്നുവെന്നു സവ്യം.ചാരിതാത്ഥ്യത്തിനും മറ്റുള്ളവരുടെ അഭിനന്ദനത്തിനും അത്യധികം അർഹതയുള്ള ഒരു ഗ്രന്ഥകാരനാണ് മി. ജോൺ....."

Very Rev. Fr. M. Urban, O.F.M.Cap.:—St. Francis has baffled many a writer in our days when such an abundance of Franciscan literature has sprung up. His mind is too variedly rich for description, his life too vividly human for allowing itself to be contained within words. Commentaries about him are doomed to failure; because dry analysis will not suit his lively figure more than a strait jacket a prisoner; whereas redundant writing jars with his utmost simplicity. His life should be taken, as he wants us to understand the Gospel, sine glossa.

I have gone through your book with the help of a cicerone—your highly classical prose exceeds my grasp—, and I am glad you have carefully kept clear of the subtle temptation of commenting. Too many, of late, has substituted their own views to the facts when writing about St. Francis. As every historian should, you allow the facts to speak for themselves; and how eloquent they are when produced without any ornament, such as we find them recorded in the documents clothed with the simple garb of Medieval Latin.

I have noticed with great pleasure the rare clarity with which you treat your subject, leaving out unnecessary quotations and idle controversies that make reading so tedious to the average man. I much appreciate your probity in selecting documents crediting those alone which have safely passed through the scrutiny of modern critics.

I am also glad that your narrative clearly brings out the feature which can best give us an insight into the mind of your hero: his striking attitude towards poverty. The words of Christ, concerning detachment determined his vocation and they kept ringing in his ears throughout his life. Other saints may have been equally heroic in patience and charity; others may have given away more riches than did the son of Peter Bernardone; but never

was poverty so cherished as a symbolic reality, never was she loved with such fascinating eagerness and poetry. This, I feel sure, will appeal to India, the land of the Yogis and the Gita, with her age-long traditions of religious monasticism.

May your beautiful work cast upon this country a ray of that light which alone can save it from the ever increasing threat of Materialism. And, in this connection, I wish I could see it reproduced one day in English, so that, through it the inspiring influence of the Poor Man of Assisi may spread throughout India....."

5. ക്രിസ്തുദേവാനുകരണം. As. 14.

ഡോക്ടർ ജറോം എം. ഫെർണാൻറസ് തിരുമനസ്സുകൊണ്ട് (Bishop of Quilon):— ".....യൂറോപ്യൻ സാഹിത്യത്തിലെ ഈ ശ്രേഷ്ഠകൃതിയെ അതു വിശ്വവിശ്രുതമായ ഒരു ഗ്രന്ഥത്തിനു് അനുരൂപമായ സാഹിത്യകുശലതയോടുകൂടി വിവർത്തനംചെയ്ത മി. ജോൺ മലയാള വായനക്കാർക്ക് ഗണനീയമായ ഒരു ഉപകാരം ചെയ്തിരിക്കുന്നു. ഈ ഭാഷാന്തരീകരണത്തെ നിരൂപണബുദ്ധിയോടുകൂടി സശ്രദ്ധം വായിച്ചുനോക്കുന്ന ആർക്കും അതു കേവലം ഒരു പദാനുപദതർജ്ജിമാത്രമല്ലെന്നും മൂലഗ്രന്ഥത്തിൻറെ ആശയങ്ങളും ചൈതന്യവും മലയാളഭാഷയിൽ അവുന്നിടത്തോളം പൂർണ്ണമായും മനോഹരമായും അതിൽ പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ടെന്നും സുസ്പഷ്ടദൃശ്യമാണ്. പരിഭാഷയ്ക്കു മൂലഗ്രന്ഥകാരൻറെ ശബ്ദത്തോടും അർത്ഥപുഷ്ടിയോടുമുള്ള ഈ സ്തുത്യർഹമായ ആനുഗുണ്യം മുൻപേതന്നെ പ്രകൃതഗ്രന്ഥത്തിനു് ഭാഷയിൽ രണ്ടുമൂന്നു തർജ്ജിമകളുണ്ടായിട്ടുണ്ടെങ്കിലും, ഒരു പുതിയ തർജ്ജിമയ്ക്കായുള്ള മി. ജോണിൻറെ പ്രശംസനീയമായ ഉദ്യമത്തെ വേണ്ടുവോളം സാധുകരിക്കുന്നു....."

വെരി റവ. ഫാദർ ജോൺ ബർക്കുമാൻസ്, T.O.C.D.:— ".....ലോകൈകഗുരുവായ ക്രിസ്തുദേവൻറെ ആദർശങ്ങളും ജീവിതപരിപാടികളും അനുസരിച്ച് ഏതൊരുവനും—ധനികനും ദരിദ്രനും, വിദ്വാനും വിദ്യാവിഹീനനും, യജമാനനും ഭൃത്യനും—ലോകരംഗത്തു സാക്ഷാത്തായ സൌഭാഗ്യം കൈവളർത്തി ജീവിക്കുവാനും തദനന്തരം സനാതനാനന്ദാനുഭൂതിയിൽ എത്തിച്ചേരാനും അത്യന്തം ആകർഷകവും സുഗമമവുമായ രീതിയിൽ മാർഗ്ഗനിർദ്ദേശം നല്കുന്നു എന്നുള്ളതാണ് പ്രസ്തുത ഗ്രന്ഥത്തിൻറെ അന്യാദൃശമായ വൈശിഷ്ട്യം.....

"ഈശപരപ്രേഷണനൈരന്തര്യമായ പ്രസ്തുത മഹാഗ്രന്ഥത്തിൻറെ അത്യന്തം ഹൃദ്യമായ ഒരു വിവർത്തനം കൈരളിക്കു പ്രദാനംചെയ്തതിൽ ശ്രീമാൻ മയ്യനാട്ടു ഏ. ജോൺ, ബി. ഏ., അവർകളെ ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു.....ഭാഷാരീതി അത്യന്തം ലളിതവും സുന്ദരവും

അശയപ്രദ്യോതകവും..... ക്രിസ്തുദേവാനുകരണത്തിലെ പ്രതിപാദ്യ വിഷയങ്ങളും എത്ര ഉൽകൃഷ്ടങ്ങളും മഹനീയങ്ങളുമാണോ അത്രയും അക്ലിഷ്ടവും സമഞ്ജസവുമായ ഒരു തജ്ജിമ മാതൃഭാഷയിൽ ഉണ്ടായിക്കാണാൻ ഞാൻ അതിയായി ആഗ്രഹിച്ചിരുന്നു. ഇതു പരിഭാഷകൻ സഫലീഭൂതമായി നിവ്വഹിച്ചിരിക്കുന്നു എന്നു കാണുകയാൽ എനിക്ക് ഉളവായ സന്തോഷം അപാരമത്രെ....."

മോൺസിഞ്ഞോർ നട്ടവത്തുശേരി:— ".....ക്രിസ്തുദേവാനുകരണത്തിലെ ഭാഷ കഴിയുന്നത്ര ലളിതവും സുഗമവുമാക്കുന്നതിനു ഞാൻ ശ്രമിച്ചിട്ടുണ്ട്. സാമാന്യമായി വിദ്യാഭ്യാസവും ഭാഷാജ്ഞാനവുമുള്ള ഒരാൾ അവധാനപൂർവ്വം വായിച്ചാൽ ക്ലേശംകൂടാതെ അർത്ഥം ശരിയായി ഗ്രഹിക്കത്തക്കവണ്ണം അതിന്റെ രചനയ്ക്കു സാരള്യമുണ്ടായിരിക്കണമെന്ന് എനിക്കു നിഷ്കൃഷ്ടമുണ്ടായിരുന്നു. മൂലഗ്രന്ഥകാരൻ ഒരു മലയാളിയായിരുന്നാൽ തന്റെ ആശയങ്ങളെ മലയാളത്തിൽ എങ്ങനെ പ്രകാശിപ്പിക്കുമോ അങ്ങനെ പരിഭാഷകനും അവയെ പ്രകാശിപ്പിക്കണമെന്ന ആദർശം ഞാൻ സന്നിഷ്ക്കർഷം പൂരിപ്പിച്ചിട്ടുണ്ട്" എന്നു മുഖവുരയിൽ പറഞ്ഞിട്ടുണ്ടല്ലോ. ഈ ലക്ഷ്യവും ആദർശവും തജ്ജിമയിൽ സവിശേഷം സംപ്രാപ്തമായിട്ടുണ്ടെന്നു സംശയമെന്യെ പ്രസ്താവിച്ചുകൊള്ളുന്നു....."

ഫാദർ ഡെന്നിസ്സ്, O. F. M. Cap.:— ".....Besides its being an exact translation it admirably expresses in excellent Malayalam, the deep sense of the original....."

6. ഫബിയോളാ Re. 1. As. 8.

} വിദ്വാൻ എ. ഡി. ഹരിശർമ്മാ എം. ആർ. എ. എസ്സ്.

.....ഈ പുസ്തകം ഒരു സ്വതന്ത്രകൃതിയെപ്പോലെയായിട്ടുണ്ടെന്നുകൂടി പ്പറയാം.....ജാതിമതഭേദമെന്യെ കേരളീയരായ എല്ലാ സാഹിത്യപ്രേമികളും അഭിനന്ദനാർഹമായ ഈ സാഹിത്യ പരിശ്രമത്തിൽ മി. ജോണിനു ധന്യവാദം ചെയ്യാതിരിക്കുകയില്ല.

കേ. ജെ. അഗസ്റ്റിൻ എം. എ., എൽ. റ്റി. ".....എന്തിനേറെ, അദ്ദേഹം, മാന്ത്രികശക്തികൊണ്ടെന്നവണ്ണം, കാലപ്പഴക്കത്താൽ മങ്ങിത്തുടങ്ങിയ ആംഗ്ലേയ ഫബിളിയോളായെ കേരളീയർക്കു സമുജ്ജ്വലമായി പ്രകാശിക്കുന്ന ഒരു നവാഭീപമാക്കിയിരിക്കുന്നു....."

(അനുമോദനിപ്പാട്ടുവാ—once approved and prescribed, VI form in Travancore.

കന്യകാമറിയം—approved for V form in Travancore.)


Apply to
അസ്സീസി പ്രസ്സ്,
കൊല്ലം.



DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
12 DEC1998		
30 JUL 1999		
21/6/2003		
26 AUG 2003		
7/10/04		
04/08/08		
14/9/12		
22/2/19.		


DC Library
00001354
LM X19